**KOTTAYAM PUBLIC LIBRARY**

Call No M330 Acc. No 11795

Author ജേ. എസ്. കെ

Title സാമൂഹ്യവികസനം

978


## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# സാമൂഹ്യവികസനം

THE KOTTAYAM PUBLIC LIBRARY
KOTTAYAM

NATIONAL BOOK STALL
SPCS LTD.
KOTTAYAM

M 350

(Malayalam)

Samoohiavikasanam

A Treatise on Community Development

By S. K. DEY

Minister for Community Development & Co-operation
Government of India

Translated by

K. N. GOPALAN NAIR

First Published March 1963

Printed at

INDIA PRESS, KOTTAYAM

Price Rs. 5.00

Copyright

S. K. Dey

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL
Kottayam Kerala State India

No. 11795

# സാമൂഹ്യവികസനം

എസ്. കെ. ഡേ
കേന്ദ്രസാമൂഹ്യവികസന–സഹകരണവകുപ്പുമന്ത്രി

വിവർത്തനം
കെ. എൻ. ഗോപാലൻ നായർ

KOTTAYAM PUBLIC LIBRARY KOTTAYAM

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 5.00

The original English edition of this book was published in two parts

1 COMMUNITY DEVELOPMENT: *The Quest*

2 COMMUNITY DEVELOPMENT: *A Movement is born*

S1434 B917 83/62–63 1–1000

# ഉള്ളടക്കം

## ഒന്നാംഭാഗം: അന്വേഷണം


| | | |
|---|---|---|
| | മുഖവുര | 11 |
| | സമർപ്പണം | 14 |
| | പ്രാരംഭം: അവ്യാഖ്യേയമായ സത്യം | 15 |
| | നവഭാരതത്തിലേക്കുള്ള രാജപാത | 16 |
| | മജ്ദൂർ മാൻസിൽ | 18 |
| | പ്രളയവും പ്രളയശേഷവും | 19 |
| I | കാട്ടിലെ പ്രജാധിപത്യം | 21 |
| | തോട്ടവും കാട്ടം | 22 |
| | പ്രസംഗിക്കാതെ പ്രവർത്തിച്ചുകാണിക്കുക | 25 |
| | കണ്ണാടി | 26 |
| II | ഉച്ചക്കിറുക്കന്മാരുടെ കേന്ദ്രം | 30 |
| | ശില്പികൾ പണിപ്പുരയിൽ | 34 |
| | കുററമററ കാമുകൻ | 38 |
| | എൻെറ മനസ്സിലുള്ള മാതൃക | 41 |
| III | ഒന്നും മുടക്കാതെ വല്ലതും നേടുക | 45 |
| | തൊണ്ണൂററിഒമ്പതു് | 48 |
| | മാന്യന്മാരുടെ ലോകം | 51 |
| | നമ്മുടെ യജമാനന്മാർ | 53 |
| | ദൈവത്തിൻെറ യാതനകൾ | 57 |
| IV | വിഭ്രാന്തികൾക്കുമപ്പുറം | 61 |
| | ഭൂമി ഉരുണ്ടതാണു് | 63 |
| | ജനാധിപത്യവും ഏകാധിപത്യവും | 64 |
| | ഭിത്തിയിലെ ലിഖിതം | 67 |

| | | |
|---|---|---|
| | സ്വാതന്ത്ര്യത്തിലേക്ക് | 70 |
| | കണ്ണീരോ മന്ത്രമോ? | 73 |
| V | തുറന്നപാത | 75 |
| | എന്റെ കാഴ്ചപ്പാടിൽ | 78 |
| | പുതിയ ധാർമ്മികമൂല്യങ്ങൾ | 80 |
| | പുതിയ ലോകം | 84 |
| | തുല്യത | 85 |
| | ജന്മനാ സോഷ്യലിസ്റ്റ് | 90 |
| VI | വലിയ വിശപ്പ് | 95 |
| | ഏകാന്തത | 97 |
| | ഗൗരവബുദ്ധിയോടെയോ? | 99 |
| | "പ്രവർത്തിക്കുക; അല്ലെങ്കിൽ മരിക്കുക" | 102 |
| | സ്നേഹിക്കുന്നവരെ ആവശ്യമുണ്ട് | 105 |
| VII | പ്രപഞ്ചത്തിന്റെ വിളി | 107 |
| | ചലിക്കുന്ന ചക്രം | 109 |
| | അകത്തും പുറത്തും അഗ്നി | 110 |
| | എവറസ്റ്റിലേക്ക് | 113 |
| VIII | രാജാവായി ജനിച്ചവൻ | 115 |
| | അനശ്വരമായ ജീവിതം സ്വാധീനമാക്കുക | 119 |
| | കുരിശ് | 120 |
| | വരാഹം—എന്റെ സഹോദരൻ | 122 |
| | കട്ടുവയുടെ മകൻ | 125 |
| IX | ഒരു ഗാനം | 127 |
| | പ്രേമം | 129 |
| | വന്നുപോകുന്ന പക്ഷി | 130 |
| | തീർത്ഥാടകൻ | 133 |
| | ഗുരോ അങ്ങു തനിച്ചല്ല | 137 |
| X | കുരുക്ഷേത്രം | 138 |

### രണ്ടാംഭാഗം: ഒരു പ്രസ്ഥാനം ജനിക്കുന്നു


| | | |
|---|---|---|
| | മുഖവുര | 143 |
| I | ഉത്ഭവം: സാമൂഹ്യവികസനപദ്ധതികൾ —ഒരു വീക്ഷണം | 145 |
| | സി. പി. ഏ.; കുണ്ടുവളഭരണം | 148 |
| | 'മനുഷ്യൻ ലക്ഷ്യം'—അന്തർഭവിക്കുന്ന കാര്യങ്ങൾ | 152 |
| | ഒരു രാഷ്ട്രം വിശ്വാസത്തിന്മേൽ നിലനില്ക്കുന്നു | 157 |
| | പ്രസ്ഥാനം—ശരിയായ കാഴ്ചപ്പാട്ട് | 160 |
| | വിയപ്ലോ മന്ത്രമോ? | 165 |
| | ഗ്രാമത്തിലെ എന്റെ സ്വജനങ്ങളോട്ട് | 174 |
| II | യാത്രയാരംഭിക്കുന്നു | 181 |
| | എല്ലോറയും അജാന്തയും | 182 |
| | ഒരു തുറന്ന കത്ത് | 188 |
| | ഒരു ക്ഷണം | 194 |
| III | ചലിക്കുന്ന അംഗുലി ആലേഖനം തുടരുന്നു —ഇന്ത്യയിലെ സാമൂഹ്യവികസന പദ്ധതികൾ | 197 |
| | ഇന്നലെയും ഇന്നും നാളെയും | 208 |
| | ആസൂത്രണത്തിന്റെ ചുമതല ജനങ്ങൾക്കു തന്നെ | 223 |
| | ചലിക്കുന്ന അംഗുലികൾ ആലേഖനം തുടരുന്നു | 227 |
| IV | പരിപാടിയിലെ പ്രവർത്തകരെപ്പററി ചില ചിന്തകൾ—ഗ്രാമസേവക് | 241 |
| | ഗ്രാമസേവകരോട്ട് | 244 |

| | | |
|---|---|---|
| | വികസനോദ്യോഗസ്ഥനോട്ട് | 247 |
| | പദ്ധതിയിലെ ജോലിക്കാരും പരിശീലനവും | 252 |
| V | വഴിത്തിരിവിൽ—പ്രസ്ഥാനം ആരുടേതു്? | 262 |
| | ആരുടെ സ്വാതന്ത്ര്യം? | 266 |
| | ഒരു പുതിയ ജോലി | 276 |
| VI | ജനാധിപത്യം പ്രയോഗത്തിൽ—നമ്മുടെ സാമ്യവാദിമാതൃക | 281 |
| | ഒരു രണ്ടാം സമരമുഖത്തെപ്പററിയുള്ള ചിന്തകൾ | 289 |
| | ജനാധിപത്യം പ്രവർത്തനത്തിൽ | 302 |
| VII | വിശാലചക്രവാളം—കോട്ടയോ കൊത്തളമോ? | 319 |
| | വിശാലചക്രവാളം | 324 |
| VIII | ഉപസംഹാരം | 326 |

# ഒന്നാം ഭാഗം

# അന്വേഷണം

# മുഖവുര

ഉരുണ്ടുകൊണ്ടിരിക്കുന്ന കല്ലിൽ പായൽ പിടിക്കില്ല. കല്ല് ഉരുണ്ടുകൊണ്ടിരിക്കണമെങ്കിൽ അതിനെ നിരന്തരമായി മുമ്പോട്ടു തള്ളിക്കൊണ്ടിരിക്കുന്ന ഒരു ശക്തി അതിൻെറ പിമ്പിലുണ്ടാകണം. വമ്പിച്ച നദിയിലെ നിലയ്ക്കാത്ത ഒഴുക്കിൻെറ കാര്യത്തിലും ഇതേ തത്വം ബാധകമാണ്. ഗംഗാനദി വേനല്ക്കാലത്തു വററിപ്പോകാറില്ല. ഹിമാലയപർവ്വതശൃംഗത്തിൽ സമാഹൃതമാകുന്ന മഞ്ഞ് ഉരുകിയൊഴുകിക്കൊണ്ടിരിക്കയാൽ ഒരിക്കലും വററിപ്പോകാത്ത ഒരു നീരൊഴുക്ക് ഗംഗയെ പോഷിപ്പിച്ചുകൊണ്ടിരിക്കും.

ഗംഗയുടെ ഒഴുക്കിനോട് ഏതാണ്ടു വളരെ സാദൃശ്യമുള്ളതാണ് ഒരു ജനതയുടെ സംസ്കാരവും. അതു നിശ്ചലമായി നില്ക്കുന്നില്ല. അനവസാനമായ ഒഴുക്കാണ് അത്. സംസ്കാരം ഊർജ്ജസ്വലതയും ആഴവുമുള്ളതായിരിക്കണം. അത് ഉച്ഛൃംഖലമായിരിക്കണം. ആത്മീയവും വൈജ്ഞാനികവുമായ ഒരു ഉറവിടം അതിൻെറ പിന്നിലുണ്ടാവണം. ആ ഉത്ഭവസ്ഥാനം എത്ര ഉന്നതമായിരിക്കുന്നുവൊ, ഹിമശേഖരം എത്ര ആഴത്തിലായിരിക്കുന്നുവൊ, അത്രയ്ക്കു വിശിഷ്ടവും ജീവദായകവുമായിരിക്കും അതിൽനിന്നൊഴുകി സമതലങ്ങളിൽ പരക്കുന്ന സംസ്കാരസരിത്ത്.

ഉറങ്ങിക്കിടന്ന രാഷ്ട്രത്തെ ഒന്നു തള്ളി മുന്നോട്ടു നീക്കുവാൻ, അതിന് ഒരു പുതിയ ആവേശവും പരിപാടിയും നല്കുവാൻ, വേണ്ടി ഏഴു വർഷക്കാലംമുമ്പ് ഇന്ത്യയിൽ സമാരംഭിക്കപ്പെട്ടതാണ് സാമൂഹ്യവികസനപദ്ധതി. കാലാന്തരത്തിൽ ഒരു ജനകീയപ്രസ്ഥാനമായി വളർന്നു വികസിച്ചു്, രാജ്യത്തിൻെറ പുനർനിർമ്മാണത്തിനുപയുക്തമാകത്തക്കവിധമാണ് പദ്ധതി ആവിഷ്കരിക്കപ്പെട്ടതു്. അങ്ങനെ രാജ്യം ഒരു പുതിയ സാംസ്കാരികൗന്നത്യം നേടി, അന്താരാഷ്ട്രീയമണ്ഡലത്തിൽ അർഹമായ സ്ഥാനത്തെത്തി വീണ്ടും ലോകകാര്യങ്ങളിൽ സ്വന്തം സ്വാധീനത ചെലുത്താറാവണമെന്നതാണു

ലക്ഷ്യം. സാമൂഹ്യവികസനപദ്ധതി ജനങ്ങളുടെ ഒരു പ്രസ്ഥാനമായിത്തീരണമെന്നുണ്ടെങ്കിൽ, താളാത്മകമായ ഒരു സാംസ്കാരികപ്രവണതയായി മാറണമെന്നുണ്ടെങ്കിൽ, അതിന്റെ പിമ്പിൽ ഒരു തത്വശാസ്ത്രം—രാഷ്ട്രത്തിൻെറ ആത്മീയവും വൈജ്ഞാനികവുമായ ഒരു വററാത്ത സ്രോതസ്സുണ്ടാവണം.

ജനങ്ങളുടെ സഹകരണത്തോടെ ഏതോ ഭൗതിക ലക്ഷ്യം നേടാൻവേണ്ടി ഗവണ്മെന്റ് നടത്തുന്ന ഒരു നിശ്ചിത പരിപാടിയാണ് ഇന്ത്യയിലെ സാമൂഹ്യവികസനപദ്ധതിയെന്നാണ് ബഹുഭൂരിപക്ഷം ജനങ്ങളും കരുതുന്നത്. പിന്നെ കുറെപ്പേർ വിചാരിച്ചിരിക്കുന്നത് പുറംരാജ്യങ്ങളിൽനിന്നു കടംകൊണ്ടതും ഇന്നാട്ടുകാരുടെമേൽ വച്ചുകെട്ടാനൊരുങ്ങുന്നതുമായ ഒരു പരിപാടിയാണിതെന്നാണ്. വേറേ ചിലർ ധരിക്കുന്നത് ബറോഡാ, മാർത്താണ്ഡം, ശ്രീനികേതൻ, എററാവാ, നീലോഖേരി മുതലായ സ്ഥലങ്ങളിൽനിന്നു നേടിയ അനുഭവപാഠങ്ങളിൽനിന്നുയിർക്കൊണ്ടതാണ് ഇതെന്നാണ്. ആ അനുഭവപാഠങ്ങൾ പ്രയോജനപ്പെട്ടിട്ടുണ്ടെന്നതു വാസ്തവം. പക്ഷേ, ഇതൊന്നും ഒരു പ്രസ്ഥാനമാരംഭിക്കാൻ—പ്രത്യേകിച്ചും ഒരു മഹാരാജ്യം ചലനാത്മകമായി പ്രവർത്തിച്ചുകൊണ്ടിരിക്കെ ഒരു പ്രസ്ഥാനത്തെ നിലനിർത്തിക്കൊണ്ടുപോകാൻ—പര്യാപ്തമല്ല. ജനങ്ങളുടെ ഒരു പ്രസ്ഥാനത്തെ—ഒരു പുതിയ താളാത്മകസംസ്കാരപ്രവാഹത്തെ നിലനിർത്തിക്കൊണ്ടുപോകാനുള്ള ആവേശം ഒരു ദേശീയതത്വശാസ്ത്രപൈതൃകത്തിൽ നിന്നേ ലഭ്യമാകയുള്ളു.

സാമൂഹ്യവികസനപ്രസ്ഥാനത്തിൻെറ ജനനത്തിനു കാരണമായ ഇന്ത്യയിലെ അനർഗ്ഗളമായ ചിന്താധാരയിലേക്ക് എത്തിനോക്കാനുള്ള പരിശ്രമത്തിൻെറ ഫലമാണ് ഈ ഗ്രന്ഥം. 1947 ആഗസ്റ്റ് 15 മുതൽ സാമൂഹ്യവികസനപദ്ധതി പ്രാരംഭിച്ച 1952 വരെയുള്ള കാലത്തെപ്പററിയാണ് ഈ വിചിന്തനം. ചിന്തകളെ കൂട്ടിപ്പിടിച്ച് ഒരു ഗ്രന്ഥരൂപം നല്കിയിരിക്കയാണ്. തുടന്നു വരാനുള്ള ഗ്രന്ഥങ്ങളുടെ പ്രാരംഭമാണിതു്. പശ്ചാത്തലത്തിൻെറ ചിത്രവും കൺമുമ്പിൽ നടക്കുന്ന പ്രവർത്തനത്തിൻെറ വിവരണവും വിദൂരചക്രവാള

ത്തിൽ കാത്തുനിൽക്കുന്ന ഭാസുരഭാവിയുടെ രൂപവും നല്കാനാണു ശ്രമം.

വായനക്കാരിൽ പലക്കും സുഗ്രഹമല്ലെന്നു വരാം ഇതിലെ പ്രതിപാദനസമ്പ്രദായം. പക്ഷേ, അതങ്ങനെയേ പറയാൻ കഴിയൂ. എങ്കിലും ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ ബുദ്ധിയെ ഏകാഗ്രമാക്കി നിത്താൻ കഴിയുന്ന വായനക്കാക്ക് ചിന്തിക്കാനും ആസ്വാദിക്കാനുമുള്ള വക ഇതിൽ ധാരാളമുണ്ടാകുമെന്നാണ് ഗ്രന്ഥകത്താവ് ദൃഢമായി വിശ്വസിക്കുന്നതു്. അലസമായി വായിച്ചുപോകുന്നവക്കുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല ഈ ഗ്രന്ഥമെന്ന് വിനീതമായി ഓമ്മിപ്പിച്ചുകൊള്ളട്ടെ.

നവംബർ 14, 1959. എസ്. കെ. ഡേ

# സമർപ്പണം

ശൂന്യതയുടെ ഗർഭപാത്രത്തിൽനിന്നു്—എങ്കിലും വെറും ശൂന്യതയല്ല—ജീവിതം ഇളകിമറിഞ്ഞു് ചീറിക്കൊണ്ടു് രംഗപ്രവേശം ചെയ്യുന്നു. വായുവിനും വെളിച്ചത്തിനുംവേണ്ടി ശിശു വേദനപ്പെടുകയാണു്. പുണ്യവാനും ഖലനും, കുരങ്ങും അണ്ണാനും, അംബരചുംബികളായ ഉന്നതമന്ദിരങ്ങളും പൊളിഞ്ഞുവീഴാറായ പൊട്ടക്കുടിലുകളും. ഭൂമി കറങ്ങുന്നു, പ്രപഞ്ചം ജനിക്കുന്നു.

ഭൂതവും ഭാവിയും കൂടിക്കുഴയുന്നു. വർത്തമാനകാലം ശൂന്യതയായി നിലനില്ക്കുന്നു. അർത്ഥം അർത്ഥശൂന്യമായിത്തീരുന്നു. പ്രശ്നം ചുററിത്തിരിയുന്നു. കണ്ടുപിടുത്തങ്ങളുടെയും നവദർശനങ്ങളുടെയും—അത്ഭുതങ്ങളുടെയും അരൂപികളുടെയും കേളികൊട്ടു്. നേരേ മുമ്പോട്ടോ, ചുറ്റിച്ചുറ്റിയോ ജീവിതം നീങ്ങിക്കൊണ്ടിരിക്കുന്നു. മുടിയനായ പുത്രൻ വീണ്ടും ഉല്പത്തിതീർത്ഥത്തിലേക്കുള്ള വഴിയേ മടക്കയാത്രയാരംഭിക്കുന്നു.

അതികായൻ ഉറക്കത്തിൽനിന്നു മുക്തനാകുന്നു; ഇളകിമറിയുന്ന ലോകം, ഉരുകിത്തിളയ്ക്കുന്ന പ്രപഞ്ചം. സൂക്ഷിപ്പുകാരൻ ജാഗ്രതയിലാണു്. മാതാവിൻെറ വേദനയുടെ തടാകത്തെയാണു് നിശ്ചലനയനങ്ങൾ പ്രതിഫലിപ്പിക്കുന്നതു്. കാഴ്ചക്കുറവുള്ളവർ കാണുന്നില്ല. അഗാധതമാത്രമാണു് അഗാധതയെ പ്രതിധ്വനിപ്പിക്കുന്നതു്.

ഗുരോ, ഉത്തരം ഉണ്ടാവുകതന്നെവേണം. മേഘഗർജ്ജനത്തിൻെറ ശക്തിയോടെ അർത്ഥം സഞ്ചരിക്കുന്നു. ഭവനമുണ്ടായിട്ടില്ല. ഭവനം സൃഷ്ടിക്കപ്പെടുകയാണു്. ഉത്തുംഗമായ ആത്മീയത—മനുഷ്യൻ, സന്ന്യാസിമാരും മറയന്മാരും വഞ്ചകരും നിറഞ്ഞ ലോകത്തിൽപ്പെട്ടിരിക്കയാണു്. ഗുരോ, ഗുരോ, ഭവനത്തിലേക്കു സ്വാഗതം!

## പ്രാരംഭം

# അവ്യാഖ്യേയമായ സത്യം

സൂര്യനിൽനിന്നു് ഒരു കഷണം തെറിച്ചുമാറി; അങ്ങനെ ഭൂമി രൂപംകൊണ്ടു. തിളച്ചുമറിഞ്ഞുകൊണ്ടിരുന്ന അതു ക്രമേണ തണുത്തു. അതിൻെറ ഉപരിതലത്തിൽ ജീവൻെറ അങ്കുരങ്ങളുണ്ടായി. ജീവപിണ്ഡം പഞ്ചഭൂതനിർമ്മിതമാണു്. ഭൂമി, ജലം, സൂര്യൻ, വായു, ആകാശം എന്നിവയിൽനിന്നാണു് പോഷണം ലഭിക്കുന്നതു്. ജീവൻ എന്ന സ്ഫുലിംഗം പഞ്ചഭൂതങ്ങളെ ഒരുമിച്ചു ചേർത്തു പുലർത്തുന്നു. ആ സ്ഫുലിംഗം പ്രവർത്തനരഹിതമാകുമ്പോൾ പഞ്ചഭൂതങ്ങൾ വേർപെടുകയും, അവ എവിടെനിന്നുത്ഭവിച്ചുവോ, ആമൂലസ്രോതസ്സിൽ വിലയം പ്രാപിക്കുകയും ചെയ്യുന്നു. പിണ്ഡം കഥാവശേഷമായി. പ്രത്യക്ഷത്തിൽ ജീവൻ അവസാനിച്ചു. ജീവൻ എന്ന പ്രതിഭാസം അനന്തമായ അന്വേഷണങ്ങൾക്കുള്ള വിഷയമായിക്കഴിഞ്ഞു. ആ അന്വേഷണം തുടരുകയാണു്.

ഭൗതികപരിഗണനയിൽ, മനുഷ്യചേതന, പ്രകൃതിശക്തികളുടെമേൽ—തൻെറ പ്രതിയോഗിയെന്നു സങ്കല്പിക്കുന്ന ശക്തികളുടെമേൽ—വിജയം നേടുന്നതിനുവേണ്ടിയുള്ള നിരന്തരപ്രയാണത്തിൽ ഏർപ്പെട്ടിരിക്കയാണു്. ഗുഹാന്തർഭാഗങ്ങളിൽനിന്നു ഗ്രാമഭവനങ്ങളിലേക്കും ഹരിതാഭമായ സമതലങ്ങളിൽനിന്നും രമ്യഹർമ്മ്യങ്ങളിലേക്കും പ്രയാണംചെയ്തു് ഇപ്പോഴിതാ അവൻ ശൂന്യാകാശമണ്ഡലത്തിലേക്കു കുതിച്ചു കഴിഞ്ഞു. മണ്ണിലെ ഉഴവുചാൽ; ആവിയുടെ സീൽക്കാരം; ഇപ്പോഴിതാ അണുവിസ്ഫോടനം. ഇനി അടുത്തതെന്തായിരിക്കും? പക്ഷേ, ശാന്തിയും വിശ്രമവുമില്ലെന്നായി. ലോകത്തിലെ വിസ്തൃതമായ അവികസിതമേഖല കഷ്ടിപിഷ്ടിയായി കഴിഞ്ഞുകൂടുകയാണു്. സുഭിക്ഷതയും കഠിനമായ ദാരിദ്ര്യവും

സമാന്തരമായി വത്തിക്കുന്നു. ഇതു് എല്ലാവരും സമ്മതിക്കുന്നു; ഒഴിച്ചുകൂടാത്ത ഒന്നെന്നു് അംഗീകരിക്കയും ചെയ്യുന്നു. ഒരു ബട്ടണമത്തിയാൽ മനുഷ്യന്റെ ഭൗതികാവശ്യങ്ങൾ സാധിക്കുന്നതിനു വേണ്ട എന്തും കിട്ടുമെന്നായിരിക്കുന്ന ഇന്നത്തെ ഐശ്വര്യപരകോടിയിലും കാര്യത്തിൻെറ നില ഇതുതന്നെയാണു്. ഈ വൈരുദ്ധ്യത്തിൻെറ രഹസ്യമെന്താണു്?

## നവഭാരതത്തിലേക്കുള്ള രാജപാത

എത്രയൊക്കെ പ്രയത്നിച്ചാലും ദക്ഷിണേന്ത്യൻ കടലോരപ്രദേശത്തു് പൈൻമരം വളരുകയില്ല; ഹിമാലയത്തിന്റെ അത്യുന്നതങ്ങളിൽ പൈൻആപ്പിളും. ഇന്ത്യയ്ക്കു് സ്വന്ത പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടു് പുനർനിമ്മാണം നടത്തേണ്ടിയിരിക്കുന്നു. ഒരു അന്യരാഷ്ട്രത്തിൻെറ രീതികളെ അപ്പാടെ പകത്താനൊരുമ്പെടുന്നതു് നിഷ്ഫലമാണു്; ഒരുവേള വിനാശകരവും. ഭൂതകാലത്തിലെ മഹൽഭാരതത്തിനു്, എങ്ങനെയെന്നറിഞ്ഞില്ല, എല്ലാററിലും വാസനാവൈഭവമുണ്ടായിരുന്നു. എല്ലാററിനെയും സമഞ്ജസമായി സമ്മേളിപ്പിച്ചു് ഉൾക്കൊള്ളാൻ അവൾക്കു കഴിഞ്ഞു. പിശാചു മുതൽ പുണ്യവാളൻവരെ, സുഖഭോഗലാലസൻ മുതൽ സവ്വസംഗപരിത്യാഗിവരെ, എല്ലാവക്കും അവളിൽനിന്നു് വല്ലതും ലഭിക്കാനുണ്ടായിരുന്നു; എല്ലാവക്കും അവൾ അഭയം നൽകി. തൻെറ ജനങ്ങൾക്കുവേണ്ടി നേടിയെടുത്ത ഈ ലയസാന്ദ്രതാകോടിയിൽനിന്നു് അവൾ അധഃപതിച്ചുവെങ്കിൽ എവിടെനിന്നാണു് ആ വഴിത്തിരിവു് ആരംഭിച്ചതെന്നു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഭൂതകാലത്തെ അതേപടി പുനരുദ്ധരിക്കുകയെന്നതു് അതിനൊരു ശരിയായ പരിഹാരമാകയില്ല.

മനുഷ്യൻെറ പൂവ്വികൻ കുരങ്ങുവംശത്തിൽപ്പെട്ട ജന്തുവായിരുന്നെന്നു വിശ്വസിക്കപ്പെടുന്നു. ശീതോഷ്ണങ്ങളിൽനിന്നു രക്ഷപ്പെടാൻ കുരങ്ങിനു് ദേഹംനിറയെ വളന്നുനില്ക്കുന്ന രോമമുണ്ടു്. മനുഷ്യൻ എത്രയൊക്കെ ശ്രമപ്പെട്ടാലും അങ്ങനെ രോമം വളന്നുകിട്ടുകില്ല. അപ്പോൾ രോമത്തുണികൊണ്ടുള്ള

കുപ്പായം തുന്നിക്കയാണ് ഉത്തമമാർഗ്ഗമെന്നു ബുദ്ധി ഉപദേശിക്കുന്നു. കാളവണ്ടിക്ക് ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിൽ ഒരു സ്ഥാനമുണ്ട്. മോട്ടോർവാഹനവും ഉപേക്ഷിച്ചുകൂടാ. എന്നാൽ കാളവണ്ടിയും മോട്ടോർവാഹനവും ഒരുമിച്ച് പ്രധാന നിരത്തിൽ ഓടാൻ വ്യവസ്ഥചെയ്യുന്നത് രണ്ടുകൂട്ടർക്കും ബുദ്ധിമുട്ടാവും. അപ്പോൾ ബുദ്ധി ഉപദേശിക്കുന്നു, സമാന്തരമായും പരസ്പരം സഹായകമായും രണ്ടു റോഡുകൾ ഈ രണ്ടുതരം വാഹനങ്ങൾക്കുംവേണ്ടി നിർമ്മിക്കുന്നതാണ് പ്രായോഗികമെന്ന്. ഇന്നത്തെ ലോകത്തിൽ ഇന്ത്യയ്ക്കു ജീവൻ പുലർത്തണമെന്നുണ്ടെങ്കിൽ, അവൾ മററു രാജ്യങ്ങളോടൊപ്പം നീങ്ങണം; അവളുടെ അടിസ്ഥാനപരമായ ബന്ധങ്ങൾ അററുപോകാതെ നോക്കണമെന്നുമാത്രം.

എല്ലാ ഭാഗത്തുനിന്നും വർഷിക്കപ്പെട്ട കുററബോധത്തിൻെറ ആഘാതമേററ് ദേശത്തിൻെറ ആത്മാവിനു കേടുതട്ടിയിട്ടു കാലം ഏറെയായി. നൂററാണ്ടുകളായി തടങ്കൽപാളയത്തിൽ കഴിയുന്ന ഈ തടവുകാരന് കുറെ ശുദ്ധവായു—പാപം ചെയ്യാനാണെങ്കിൽ പോലും അതിനുള്ള സ്വാതന്ത്ര്യം—നൽകാൻ കാലം വൈകിയിരിക്കുന്നു. എവിടെവച്ചാണ് രാഷ്ട്രം വഴിതെററി സഞ്ചാരമാരംഭിച്ചതെന്നു മനുഷ്യനിലെ തൊഴിലാളി കണ്ടുപിടിച്ചുകഴിഞ്ഞു. അങ്ങനെ ഊർജ്ജസ്വലമായ പുരുഷത്വത്തിലേക്ക്, ഉന്മേഷംനിറഞ്ഞ സ്ത്രീത്വത്തിലേക്ക്, നിറഞ്ഞുതുളുമ്പുന്ന ആരോഗ്യത്തോടെ, പ്രകൃതിജന്യമായ ആഹാരവും പ്രകൃതിജന്യമായ ലൈംഗികകർമ്മവുംകൊണ്ടു സമൃദ്ധമായ ജീവിതത്തിനുള്ള തൃഷ്ണയോടെ, സർഗ്ഗാത്മകമായ പ്രവർത്തനത്തിനുള്ള സഹജമായ ആവേശത്തോടെ, മുന്നോട്ട്; എന്നിട്ട് ശിശുവിനെപ്പോലെയുള്ള സുഷുപ്തിയുടെ സുഖത്തിലേക്കും.

പുരുഷന്മാർക്കും സ്ത്രീകൾക്കും അവരുടെ നൈസർഗ്ഗികവാസനകൾക്കനുസൃതമായ പ്രവൃത്തിയെടുക്കാനും നിദ്രാണസഞ്ചാര(Somnambulism—പ്രവർത്തനക്ഷമമല്ലാത്ത ശരീരത്തിലെ പ്രവർത്തനക്ഷമമായ തലച്ചോറിൻെറ രോഗം)ത്തിൽനിന്നു മോചനം നേടാനും തക്ക ജോലികൾ കണ്ടുപിടിക്കയാണ് തൊഴിൽസഭകളുടെ (Mazdoor Manzils) ലക്ഷ്യം.

# മജ്ദൂർ മാൻസിൽ

മജ്ദൂർ മാൻസിൽ, അതിൻെറ പേരു സൂചിപ്പിക്കുന്നതു പോലെ, സ്ഥലകാലപരിമിതികളില്ലാത്ത നിർമ്മാണപ്രവർത്തനത്തിനായിക്കൊണ്ടു സ്വയം സമർപ്പിതമായ ഒരു സ്ഥാപനമാണ്. ചുവടെ വിവരിക്കുന്ന സരളമായ അടിസ്ഥാനനിയമങ്ങൾക്കു വിധേയമാണ്, അതു്.

(എ) ഉപജീവനത്തിനുവേണ്ടി പണിയെടുക്കുന്നവരും അന്യരുടെ പ്രയത്നത്തിൽനിന്നു് ആദായമുണ്ടാക്കാത്തവരും സ്വന്തം പ്രയത്നത്തിൻെറ ഫലമായി നേരിട്ടു നേടുന്ന ആദായമല്ലാതെ മററു സമ്പാദ്യമില്ലാത്തവരും ആയിട്ടുള്ളവർക്കുമാത്രമേ അതിൽ അംഗമായിക്കൂടൂ.

(ബി) തൊഴിൽമേഖലയ്ക്കു വെളിയിൽ എല്ലാ മനുഷ്യർക്കും തുല്യതയുണ്ടായിരിക്കണം.

(സി) ജീവിതത്തിൽ സ്വയം വികാസപൂർത്തി നേടാൻ എല്ലാ മനുഷ്യർക്കും തുല്യാവസരമുണ്ടായിരിക്കണം.

(ഡി) ഏതെങ്കിലും പൗരനു് അവൻെറ ആവശ്യത്തിൽ കവിഞ്ഞു് ആഹാരസാധനമോ അതു നേടാൻ സൗകര്യമോ ഉണ്ടായിരിക്കുന്നിടത്തോളംകാലം വേലയെടുക്കാൻ തയ്യാറുള്ള മറെറാരു പൗരൻ പട്ടിണികിടക്കാൻ അനുവദിച്ചുകൂടാ.

(ഇ) എല്ലാ കുഞ്ഞുങ്ങൾക്കും തുല്യമായ വിദ്യാഭ്യാസസൗകര്യം ലഭിക്കണം.

(എഫ്) രോഗികൾക്കു് തുല്യമായ വൈദ്യസഹായം ലഭിക്കണം.

(ജി) മതം, വ്യക്തിയുടെ സ്വന്തം കാര്യമായിരിക്കണം. സമൂഹത്തിൻെറ കൂട്ടായ ജീവിതത്തിൽ അതിനു വിഭാഗീയ പ്രവണതയുണ്ടായിക്കൂടാ.

(എച്ച്) യാതൊരു പുരുഷനും സ്ത്രീയും, ഏതെങ്കിലും വ്യക്തിയിൽനിന്നോ സമൂഹത്തിൽനിന്നോ, സമൂഹത്തിനുവേണ്ടി ചെയ്തിട്ടുള്ള വ്യക്തിപരമായ സേവനങ്ങളെ വിലയിരുത്തിക്കൊണ്ടു് ആളുകൾ സ്വമേധയാ നൽകുന്ന ബഹുമതിയല്ലാതെ സ്നേഹമോ വാത്സല്യമോ ബഹുമാനമോ നിർബ്ബന്ധമുപയോഗിച്ചു നേടിക്കൂടാ.

# പ്രളയവും പ്രളയശേഷവും

ആകാശം ഇരുണ്ടുകൂടി; അന്തരീക്ഷം ചലനരഹിതമായി. മേഘങ്ങൾ വിണ്ടുകീറി പല ദിവസം നിലനില്ക്കുന്ന പെരുമഴയാരംഭിക്കുന്നതുവരെ ജീവിതം ദുസ്സഹമായിരുന്നു. നദി നിറഞ്ഞൊഴുകി, പുഴവക്കിലെ ചിറ ഒരു അണക്കെട്ടുപോലെ നിലകൊണ്ടു. വിദൂരചക്രവാളത്തിലെ മലകളുടെ രൂപരേഖ അവ്യക്തമായി കാണാം. മഴ തോരാതെ പെയ്തു. തള്ളിപ്പൊങ്ങിവരുന്ന വെള്ളമൊഴുക്കിനെ തടഞ്ഞുനിർത്താൻ അണക്കെട്ടിനു കഴിയുന്നില്ല. അതു വഴിമാറിക്കൊടുത്തു. അതാ, നദി ഭ്രാന്തമായി പാഞ്ഞു പരക്കുകയാണു്; മഞ്ഞുമലയിടിഞ്ഞു വരുന്നമാതിരി. നദീതീരവും, പാടങ്ങളും, തോട്ടകളും, ഗ്രാമവും, വീട്ടുമുറ്റങ്ങളും എല്ലാം ഒന്നായി—ജലപ്പരപ്പിനു് ഒരു കടലിന്റെ പ്രതീതി. മനുഷ്യരും മൃഗങ്ങളുമെല്ലാം ഉയർന്ന പ്രദേശങ്ങളിൽ അഭയം തേടി. ചങ്ങാടങ്ങൾ കെട്ടിയുണ്ടാക്കി വെള്ളപ്പാച്ചിലിനെ മുറിച്ചുകടക്കാൻ കഴിവുള്ളവരൊഴികെ സ്വതന്ത്രമായ സഞ്ചാരം അസാദ്ധ്യമായിത്തീർന്നു. ജലപ്രവാഹത്തിൽ കലർന്നുവന്ന അഴുക്കുവസ്തുക്കളുടെ ദുർഗ്ഗന്ധം നിമിത്തം അന്തരീക്ഷം മലീമസമായി. കുടിക്കാനുള്ള വെള്ളത്തിൽ ഓടവെള്ളം ഒഴുകിക്കയറി; സാംക്രമികരോഗങ്ങൾ പടർന്നുപിടിച്ചു. കൊയ്ത്താറായ വിളകൾ ഒററ രാത്രികൊണ്ടു് ഒഴുക്കെടുത്തുപോയി. ലോകം അവസാനിക്കാൻ പോകയാണെന്നു തോന്നി.

സാവകാശത്തിലും ക്രമമായും വെള്ളം ഇറങ്ങിത്തുടങ്ങി. ഉപരിതലത്തിലേക്കുയർന്നു വന്ന ചപ്പുചവറുകൾ ഭൂമിയിൽ അടിഞ്ഞു. കടൽ കഥാവശേഷയായി. ഭൂമി വീണ്ടും തുവർന്നു. നദിയിലെ എക്കലും ഗ്രാമത്തിലെ മലങ്ങളും എല്ലാം കൂടിക്കലർന്നു് സ്വയം രൂപംകൊണ്ട ഒരു കൂട്ടവളമെന്നപോലെ തവിട്ടുനിറംപൂണ്ട ഒരു കട്ടിയുള്ള പുറംതോട്ടു് ഭൂമിക്കു് ഉണ്ടായിരിക്കുന്നു. അടുത്ത വിളവെടുപ്പു് വമ്പിച്ച വിജയമായിരുന്നു. അതിനെത്തുടർന്നും നല്ല വിള പല പ്രാവശ്യം ലഭിച്ചു. ഇടക്കാലത്തെ ക്ലേശങ്ങൾ വേഗം വിസ്മരിക്കപ്പെട്ടു. സർവ്വത്ര സന്തോഷവും ചിരിയും തെളിഞ്ഞു. ഇത്തരമൊരു പ്രളയം

1947 ആഗസ്റ്റ് 15-ാംതീയതി ഇന്ത്യയുടെ രാഷ്ട്രീയചക്രവാളത്തെ മുക്കിക്കളകയുണ്ടായി. ആ ഭ്രാന്തൻവെള്ളപ്പൊക്കത്തെത്തുടൎന്നുണ്ടായ വിളയുടെ സ്വഭാവവും വ്യത്യസ്തമായിരുന്നില്ല. ആ ജലപ്രളയത്തിന്റെ കോപാവേശം ഏതായാലും അടങ്ങി. ഭൂമി ഉണങ്ങിത്തുടങ്ങി. റിപ്പബ്ലിക്ക് പ്രഖ്യാപിച്ച 1950 ജനുവരി 26-ാംതീയതി, രണ്ടായിരം വർഷം നീണ്ടുനിന്ന അടിമത്തത്തിനും അലസതയ്ക്കും ശേഷമുള്ള ജ്ഞാനസ്നാനത്തിന്റെ ദിവസമായിരുന്നു.

ക്ലേശങ്ങൾ ഇനിയും നിലനില്ക്കുന്നുവെങ്കിലും നവയുഗം സ്വാഗതം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഈ കാലഘട്ടത്തിന്റെ മുദ്രാവാക്യമായി അംഗീകരിക്കാൻ, രാജാജി ഏറെനാൾ മുമ്പ് ഉപയോഗിച്ച കേട്ടതിനേക്കാൾ അനുയോജ്യമായ വാക്കുകളില്ല. അദ്ദേഹം പറഞ്ഞു: "ഇവിടെ രണ്ടാമതൊരു കുരുക്ഷേത്രയുദ്ധമാണ്. ഇന്നു നടന്നുകൊണ്ടിരിക്കുന്ന കുരുക്ഷേത്രയുദ്ധം അലസതയും പ്രയത്നവും തമ്മിലാണ്. അലസത പരാജയപ്പെടുകയും പ്രയത്നം വിജയിക്കയും വേണം." പ്രയത്നം വിജയിച്ചേ മതിയാകൂ. രാഷ്ട്രത്തിന്റെ പുനരുദ്ധാരണത്തിനു പ്രതിബന്ധമായിത്തീരുന്ന അലസതയും വിവാദകൗതുകവുംപോലുള്ള കാര്യങ്ങൾ, അവ എവിടെനിന്നുത്ഭവിക്കുന്നതായിരുന്നാൽത്തന്നെയും, പരാജയപ്പെടുകതന്നെ വേണം. വെള്ളപ്പൊക്കം പിൻവാങ്ങുകയാണ്. നല്ല വിളയുടെ കാലമാണ് ഇനി വരുന്നത്.

I

# കാട്ടിലെ പ്രജാധിപത്യം

സമൃദ്ധിയും ദാരിദ്ര്യവും ഏകകാലത്തു നാട്ടവാണിരുന്നു; അതോടൊപ്പം ജീവിവർഗ്ഗങ്ങൾ തമ്മിൽ സമരവും. അപ്പോൾ ചരിത്രാതീതകാലത്തെ വനഭൂനിവാസികളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടാൻ സെക്രട്ടറിജനറൽ കുറുക്കൻ തീർച്ചപ്പെടുത്തി. ഭൂമിയിലെ വിഭവങ്ങൾ ഓരോരുത്തന്റേയും ആവശ്യമനുസരിച്ചും, തൊഴിൽ ഓരോരുത്തൻേറയും കഴിവനുസരിച്ചും, ന്യായമായ അളവിൽ വീതിക്കുന്ന ഒരു വ്യവസ്ഥിതി പരസ്പരമുള്ള കൂടിയാലോചനകൊണ്ടു് ഉണ്ടാക്കുകയെന്നുള്ളതായിരുന്നു ഇതിൻെറ ലക്ഷ്യം. കാർത്തികാപൗർണ്ണമാസിയുടെ രാത്രിയിലായിരുന്നു സമ്മേളനം ചേർന്നതു്. ഒന്നു കാണേണ്ട കാഴ്ചതന്നെയായിരുന്നു അതു്. മൈതാനത്തിൻെറ അങ്ങേ അററംവരെ സദസ്യർ തിങ്ങിക്കൂടിയിരുന്നു. പ്രസംഗവേദികൂടെയായിട്ടുപയോഗിക്കാവുന്ന ഒരു ഉയർന്ന സ്ഥാനത്തായിരുന്നു പ്രസിഡന്റിൻെറ പീഠം. പ്രസിഡൻറായി തിരഞ്ഞെടുത്തതു് സിംഹരാജനെത്തന്നെയാണു്. പ്രസിഡന്റിന്റെ സമീപംതന്നെയിരുന്നിരുന്നു സെക്രട്ടറിജനറലായ കുറുക്കനും. അതിന്റെ എതിർവശത്തായി ഒരു പ്രധാനമന്ത്രിയുടെ ഗൗരവത്തോടെ കടുവായും ഇരിപ്പുറപ്പിച്ചു. ചർച്ചകൾ സുദീർഘവും യുക്ത്യധിഷ്ഠിതവുമായിരുന്നു. തുടർന്നു് എല്ലാക്കാലത്തും രാമരാജ്യം നിലനില്ക്കേണ്ടതാണെന്നും, മത്സരങ്ങൾക്കുള്ള പടയാളികളെ തിരഞ്ഞെടുക്കേണ്ടതു് പ്രസിഡൻറാണെന്നും, വിതരണച്ചുമതല പ്രധാനമന്ത്രിക്കും സെക്രട്ടറിജനറലിനുമായിരിക്കുമെന്നും, അദ്ധ്യക്ഷനു വീറേറാഅധികാരമുണ്ടായിരിക്കുമെന്നും ഏകാഭിപ്രായമായി തീരുമാനമെടുത്തു.

സന്തോഷകരമായ അന്തരീക്ഷത്തിൽ യോഗം പിരിയാൻ ഭാവിക്കയായിരുന്നു. സഭാനടപടികൾ സമാപിപ്പിക്കാൻ പ്രസിഡൻറ് എഴുന്നേററുനിന്നു. സെക്രട്ടറിജനറലും പ്രധാനമന്ത്രിയും ഒപ്പം എഴുന്നേററു. പെട്ടെന്നു മാസ്റ്റർ കുറുക്കൻെറ

കൊതിപൂണ്ട കണ്ണുകൾ വിദൂരവനഭൂമിയിലേക്കു നീണ്ടു കാണപ്പെട്ടു. അതാ, ഒരു മാൻ അവിടെ ഏകാകിയായി നിന്നു മേയുകയാണ്. കണ്ണടച്ചു തുറക്കുംമുമ്പ് പ്രധാനമന്ത്രി സ്വസ്ഥാനത്തുനിന്നു ചാടിയിറങ്ങി മാനിനെ ലക്ഷ്യമാക്കി പാഞ്ഞുകഴിഞ്ഞു. പ്രസിഡൻറും പുറകെ പാഞ്ഞു. ഞൊടിയിടയിൽ ധർമ്മക്ഷേത്രം കുരുക്ഷേത്രമായി മാറി. പ്രഭാതമായപ്പോൾ പ്രസിഡൻേറാ പ്രധാനമന്ത്രിയോ സെക്രട്ടറിജനറലോ സഭാവാസികളിൽ ആരെങ്കിലുമോ അവിടെ ശേഷിച്ചിരുന്നില്ല. അതൊരു വമ്പിച്ച സദ്യതന്നെയായിരുന്നു. ഇത്ര വിപുലവും വൈവിധ്യമിയന്നതുമായവിധം ഇരയെ കിട്ടുക അതിനുമുമ്പുണ്ടായിട്ടില്ല. ഇന്നും കഴുകന്മാർ 'ഇങ്ക്ലാബ്മൈതാന'ത്തിൽ ആഹ്ലാദപൂർവ്വം സദ്യ ആഘോഷിക്കാറുണ്ടുപോൽ.

## തോട്ടവും കാട്ടും

നല്ല നേന്ത്രപ്പഴം എങ്ങും കിട്ടാനില്ല. അപൂർവ്വമായി കിട്ടുന്നവതന്നെ ഉപയോഗിക്കാൻ കൊള്ളരുതാത്തവിധം അത്ര മോശപ്പെട്ട ഇനവുമാണ്. ഒരു കൊല്ലം മുമ്പു പശ്ചിമതീരത്തുണ്ടായ ചുഴലിക്കാററു് വാഴവർഗ്ഗത്തെ മുഴുവൻ നശിപ്പിച്ചുകളഞ്ഞതാണ് ഈ ക്ഷാമത്തിൻെറ കാരണം. ഉയരം കുറഞ്ഞവയോടൊപ്പം ഇടയ്ക്കിടെ ഉയരം കൂടിയ വൃക്ഷങ്ങൾക്കൂടെ ഉണ്ടായിരുന്നുവെങ്കിൽ കാററിൻെറ രാക്ഷസീയാക്രമണങ്ങളെ വൻവൃക്ഷങ്ങൾ സ്വശരീരംകൊണ്ടു ചെറുക്കുകയും അങ്ങനെ ചെറുവൃക്ഷങ്ങൾ രക്ഷപ്പെട്ടുകയും ചെയ്യുകൊള്ളുമായിരുന്നു.

യാതൊരു പദ്ധതിയും പരിമിതിയുമില്ലാതെ ചെടികളും മരങ്ങളും തോന്നിയപോലെ വളൎന്നുകയറുന്നതാണ് കാട്ട്. നേരെമറിച്ച് ഒരു തോട്ടമാകട്ടെ എല്ലാ അംശത്തിലും ശ്രദ്ധാപൂർവ്വമായ സംവിധാനത്തിനു വിധേയമായി സസ്യങ്ങൾ ക്രമമായി കൃഷിചെയ്യപ്പെട്ടുന്നതാണ്. കുററിക്കാട്ടുകളും പൊക്കം കുറഞ്ഞ വൃക്ഷങ്ങളും നീരന്ധ്രമായി ഇടതിങ്ങി വളരുന്നേടത്തു ഭീമാകാരമായ വൻവൃക്ഷങ്ങൾക്കു വളരാൻ സാദ്ധ്യമല്ല. അതിൻെറ ഫലമായി വൃക്ഷവാമനന്മാരുടെ വളർച്ച പിന്നെയും

പിന്നെയും മുരടിച്ചുപോകയും അവ നിബിഡതകൊണ്ടു് പരസ്പരം തിക്കിത്തിരക്കി ഞെരുക്കുകയും ചെയ്യുന്നു. നേരെമറിച്ച് വൃക്ഷഭീമന്മാർ ധാരാളമായി വളർന്നുനില്ക്കുന്ന വനഭൂമിയിൽ കുററിക്കാട്ടുകളുൾപ്പടെയുള്ള ചെറിയ വർഗ്ഗത്തിനു സ്ഥാനമില്ല. 'വാമന'ക്കുമാത്രം നൽകാൻ കഴിയുന്ന പോഷണവിഭവങ്ങളും ബന്ധദാർഢ്യവും ലഭിക്കാതെ 'ഭീമ'ന്മാർ കാലാന്തരത്തിൽ വല്ല കൊടുങ്കാററിന്റെ ആഘാതമേറ്റോ മണ്ണൊലിപ്പുമൂലമോ നിലംപൊത്തിപ്പോകയും ചെയ്യുന്നു.

വിവേകശാലിയായ കർഷകൻ എല്ലാത്തരം വൃക്ഷങ്ങളും സസ്യലതാദികളും അതാതിനനുരൂപമായ പ്രത്യേകസ്ഥലത്തു്, ഒന്നു മറെറാന്നിനു സഹായകമാകത്തക്കവിധം, ഒരു പരിപാടിയനുസരിച്ചു്, നട്ടുവളർത്തുകയും, തൽഫലമായി എല്ലാം ചേർന്നുണ്ടാകുന്ന സമഞ്ജസമായ സമ്മേളനം സമ്യക്കായ ഒരു തോട്ടമായി പരിണമിക്കയും ചെയ്യുന്നു. അത്തരമൊരു തോട്ടത്തിൽ രാജസപ്രഭാവനായ ഓക്ക്മരമെന്നപോലെ മൃദുലമനോഹരമായ തൃണരാജിയും കണ്ടാനന്ദിക്കാം, നമുക്കു്. പുൽപ്പടപ്പു് അട്ടത്തുള്ള വൃക്ഷച്ഛായവരെ നീണ്ടുപോകാതിരിക്കാനും വൃക്ഷങ്ങൾ ക്രമം വിട്ടു പടന്നു പന്തലിക്കാതെ മുകളിലോട്ടു വളരാനും വേണ്ട കരുതലുകൾ തോട്ടമുടമ ചെയ്യുന്നു. ഓരോ സസ്യത്തിനും അതാതിന്റെ ആവശ്യത്തിനനുരൂപമായ വളം നൽകി ഓരോന്നിന്റെയും പ്രകൃത്യനുസരണമായ വളർച്ചയുടെ പരിധി പാലിക്കുന്നു. ഊതിവീർത്ത വയറും വളച്ച് മുരടിച്ച വാമനത്വവും അത്തരമൊരു തോട്ടത്തിൽ കാണുകയില്ല.

മനുഷ്യന്റെ വീക്ഷണത്തിൽ ലോകത്തിന്റെ ചരിത്രം ഒരു ശോകാത്മകകഥയാണു്; രക്തംപുരണ്ട ദംഷ്ട്രകളുടെയും നഖങ്ങളുടെയും കഥ; അതിവിപുലാകാരങ്ങളായ സസ്തനജീവികൾതൊട്ടു് മനുഷ്യന്റെ കാലഘട്ടംവരെയുള്ള അനേകം ജീവിവംശങ്ങൾ ഒന്നിനു പുറകെ ഒന്നായി അവസാനിച്ചുകൊണ്ടുവരുന്ന കാഴ്ച. ഈ സംഭവപരമ്പര അഖണ്ഡശൃംഖലയായി കാണപ്പെടുന്നതിന്റെ ഏകകാരണം ഏന്തെന്നതു് അതേപ്പററിയുള്ള ഒരു പഠനംകൊണ്ടു് വലിയ ശ്രമംകൂടാതെ മനസ്സിലാക്കാൻ കഴിയും—വനത്തിലെ നീതി; പ്രാപ്തിയുള്ള

തുമാത്രം അവശേഷിക്കുന്ന തത്വം. മനുഷ്യൻ അവശേഷിക്കു മോ? ഈ നൂററാണ്ടിൻെറ പ്രഥമാർദ്ധം—അതിനെ ഒരു അള വുകോലായി സ്വീകരിക്കാമെന്നുണ്ടെങ്കിൽ—അത്ര സുഖകര മായ സൂചനയല്ല നൽകുന്നതു്. വ്യക്തമായി തിരിഞ്ഞിരിക്കു ന്ന രണ്ടു ചേരികളുടെ ഇടയിൽ കുടുങ്ങിപ്പോയിരിക്കയാണു് ഇന്നു ലോകം. ഒരു കൂട്ടർ വ്യക്തിക്കു് അനിയന്ത്രിതമായ സ്വാ തന്ത്ര്യത്തിനു് അവകാശമുണ്ടെന്നു വാദിക്കുന്നു. മറേറക്കൂട്ടർ വ്യക്തിയെ രാക്ഷസാകാരമായ രാഷ്ട്രത്തിൽ താദാത്മ്യം പ്രാ പിപ്പിച്ചു് വ്യക്തിത്വം ഇല്ലായ്മചെയ്തുകൊണ്ടു് മറ്റൊരു ധ്രുവ ത്തിലെത്തിനില്ക്കുന്നു. ചോദ്യം ആവർത്തിക്കയാണു്, "നാം അവശേഷിക്കുമോ?"

ഒരുവേള അത്ഭുതമെന്നു തോന്നാം. പലരും വിശ്വസി ക്കാൻ വിസമ്മതിച്ചുവെന്നുവരാം. പക്ഷേ, ഇതാണു വസ്തുത. ഭാവിക്കുവേണ്ടിയുള്ള ഏകവും ഏകാന്തവുമായ പ്രയത്നം ഇന്നു നടക്കുന്നതാണു്; നൂററാണ്ടുകൾക്കുമുമ്പു നിലവിലിരുന്ന മഹ ത്തായ ഹിന്ദുസംസ്കാരത്തിൻെറ അധഃപതനത്തിനുശേഷം നടക്കുന്ന ഈ ശ്രമം; മനുഷ്യരുടേതായ ഒരു തോട്ടമുണ്ടാക്കാ നുള്ള പ്രയത്നം. ഭീമാകാരന്മാർമുതൽ വാമനന്മാർവരെയുള്ള വക്കു വളരാൻ ഇടവും സൗകര്യവുമുള്ള, ഓരോന്നും പരസ്പരം സഹായകമാംവിധം നെട്ടുകെ മേലോട്ടു വളരുന്നതും ഒന്നും പടന്നു പന്തലിച്ചു മററുള്ളവയുടെ വളർച്ചയ്ക്കു വിഘാതമാകാ ത്തതുമായുള്ള വിധത്തിലുള്ള, ഒരു തോട്ടം വളർത്തിയെടുക്കാനു ള്ള ശ്രമം. മാർഗ്ഗം നീണ്ടതും വളഞ്ഞതുമാണു്. വനത്തിൽനി ന്നു് ഒരു തോട്ടമുണ്ടാക്കിയെടുക്കാൻ സാദ്ധ്യമല്ല. വാത്സല്യപൂ ർവ്വം വളർത്തിയെടുക്കേണ്ട ഒന്നാണതു്. നമുക്കു് ആത്മവിശ്വാ സത്തോടെ പ്രവർത്തിക്കുക. മനുഷ്യൻ അവശേഷിക്കുകതന്നെ വേണം. അവൻ 'സൃഷ്ടിയുടെ മകുട'മാണെങ്കിൽ അവശേഷി ക്കയും ചെയ്യും.

No. 11795

# പ്രസംഗിക്കാതെ പ്രവർത്തിച്ചു കാണിക്കുക

കട്ടത്ത മഞ്ഞുള്ള രാത്രി. ശീതക്കാറ്റ് അസ്ഥികളുള്ളിൽ ചുഴിഞ്ഞിറങ്ങുന്നതുപോലുള്ള തോന്നൽ. മുപ്പതിൽപരം വർഷങ്ങൾക്കു മുമ്പാണ്. മോസ്കോവിലെ ഒരു വീഥിയിലൂടെ ഒരു കുതിരവണ്ടി ഏകാന്തമായി നീങ്ങിക്കൊണ്ടിരിക്കയാണ്. ആകാശത്തിൻെറ മ്ലാനമായ മുഖത്തു മിഴി നട്ട് കൂനിപ്പിടിച്ചിരിക്കയാണ് വണ്ടിക്കാരൻ. വണ്ടിക്കുള്ളിലാകട്ടെ മദ്ധ്യവയസ്കയായ ഒരു പ്രഭ്വി ഇരുപതു വയസ്സുതന്നെ തികഞ്ഞിട്ടില്ലാത്ത ഒരു കാമുകൻെറ ആശ്ലേഷത്തിലമർന്നിരിക്കയാണ്.

"ഹൊ! എന്തൊരു കാററ്. ഈ മരംകോച്ചുന്ന മഞ്ഞത്തടിച്ചു കൂനിപ്പിടിച്ചിരിക്കേണ്ട വണ്ടിക്കാരൻെറ സ്ഥിതി വളരെ കഷ്ടംതന്നെ. വാസ്തവത്തിൽ ക്രൂരം," എന്നു വിലപിച്ചുകൊണ്ട് പ്രഭ്വി തന്റെ യുവകാമുകനെ സ്വശരീരത്തോടു കുറെക്കൂടെ അമർത്തിപ്പിടിച്ച് ആലിംഗനം ചെയ്തു. ദശാബ്ദങ്ങൾ തന്നെ കടന്നുപോയി. മനുഷ്യസ്നേഹികളായ ആ കാമുകദമ്പതിന്നും ആ വണ്ടിക്കാരനും എന്തു സംഭവിച്ചു എന്നു കാണിക്കാൻ രേഖകളില്ല. മോസ്കോനഗരം ഏതായാലും കുറെയൊക്കെ വ്യത്യാസപ്പെട്ടിട്ടുണ്ട്; ചുററുമുള്ള പ്രദേശവും.

രാജാജി പറഞ്ഞു: "പ്രയത്നശീലം വിജയിക്കണം. അലസത പരാജയപ്പെടണം." കുരുക്ഷേത്രയുദ്ധം ഇപ്പോൾ ആരംഭിച്ചിരിക്കയാണ്. വെറുതെ ഒച്ചവെയ്ക്കുന്നവരും പ്രവർത്തിച്ചു കാണിക്കുന്നവരും വിട്ടുവീഴ്ചയില്ലാത്ത ഒരു സമരത്തിൽ പരസ്പരം അഭിമുഖീകരിച്ചിരിക്കയാണ്. ആദ്യത്തെ കൂട്ടർക്കു വ്യക്തമായ ചില അനുകൂലസാഹചര്യങ്ങളുണ്ട്. ഉച്ചഭാഷിണി, അവരുടെ ശബ്ദത്തെ വളരെ അകലെവരെ എത്തിക്കുന്നു. സന്ധ്യാകാശം പശ്ചാത്തലമൊരുക്കുന്നു എന്നതു് മറെറാരാകർഷണമാണ്. ഒരു സർക്കസ് കണ്ടുകൊണ്ടിരിക്കുക ഉല്ലാസപ്രദമാണ്; അതിനെക്കാൾ ഉദ്വേഗജനകമാണ് നിരായുധനായ ഒരു ഭീമാകാരനെ സായുധരായ വാമനന്മാർ ചുററിലും നിന്നു പിച്ചിച്ചീന്തി കഷണംകഷണമാക്കുന്നതു കണ്ടു രസിച്ചുകൊണ്ട് ഉയരെ വേദികയിലിരിക്കുന്നതു്.

പ്രവർത്തിച്ചുകാണിക്കുക എന്ന സൂക്തത്തിനടിമപ്പെട്ടവരുടെ നില വളരെ ദയനീയമാണ്. എന്തെന്നാൽ ജോലി കഠിനമാണ്. അതിൻെറ പുരോഗതി മന്ദമായിരിക്കാനെ തരമുള്ളുതാനും. അതിനെ പ്രകടനപ്രധാനമാക്കാനും പ്രയാസമാണ്. എന്തെന്നാൽ ഗൗരവബുദ്ധിയോടെ പണിയെടുക്കുന്ന ഒരു കലാകാരൻ എപ്പോഴും പ്രസിദ്ധി കാംക്ഷിക്കാത്ത ആളാണ്. സ്വന്തം മേന്മ തമ്പേറടിച്ചു പ്രസിദ്ധപ്പെടുത്താൻ അയാൾ അപ്രാപ്തനാണ്. അയാൾക്കതിനു നേരമില്ല. ആ കണ്ണുകളിൽ ഒന്നു നോക്കിയാൽ മതി, അതിൻെറ പിന്നിലുള്ള പ്രയത്നത്തിൻെറ കഥ വ്യക്തമാകും. പക്ഷേ, കുറച്ചുപേർക്കേയുള്ളു, അതു കാണുവാനുള്ള കണ്ണ്.

## കണ്ണാടി

നാം ഉപയോഗിക്കുന്ന കണ്ണാടി, അതിലൂടെ പ്രകാശം കടന്നുപോകാതിരിക്കത്തക്കവണ്ണം പുറകുവശത്തു രാസവസ്തുക്കൾ പുരട്ടിയിട്ടുള്ള ഒരു സാധാരണ ഗ്ലാസ്പലകയാണ്. അതിൻെറ ഫലമായി അതിൽ ചെന്നു തട്ടുന്ന പ്രകാശകിരണം, അതിലേക്കു നോക്കുന്ന ആളിൻെറ കണ്ണിലേക്ക് സ്വരൂപത്തെ പ്രതിഫലിപ്പിക്കയും മനസ്സ് ആ രൂപത്തെ വ്യാഖ്യാനിക്കയും ചെയ്യുകയാണ്. സരളമെങ്കിലും സുപ്രധാനമായ ഈ കണ്ടുപിടിത്തം ആരു നടത്തിയെന്നോ എന്നു നടത്തിയെന്നോ എനിക്കറിഞ്ഞുകൂടാ. ഒരു കാര്യം ഏതായാലും വ്യക്തമാണെന്നു തോന്നുന്നു; അതായതു് എനിക്കു് എത്രയും പ്രിയപ്പെട്ട ഏതോ ഒരാളുടെ മുമ്പിൽ കഴിവുള്ളത്ര ആകർഷകമായ രൂപത്തിൽ പ്രത്യക്ഷപ്പെടാൻ ഉല്ക്കണ്ഠയുണ്ടായിരുന്ന ആരോ ഒരാളായിരിക്കണം ഈ കണ്ടുപിടിത്തത്തിനുത്തരവാദി എന്നു്. നമുക്കറിയാൻ കഴിഞ്ഞിടത്തോളം കണ്ണാടിക്കു് ഒരു വ്യക്തമായ പരിമിതിയുണ്ടു്. അതു് ഒരു ഉപരിതലം മാത്രമാകയാൽ അതിൽ പ്രതിഫലിക്കുന്നതും ബന്ധപ്പെട്ട വസ്തുവിൻെറ ഉപരിതലം മാത്രമായിരിക്കും. അതിൻെറ ഫലമോ, കണ്ണാടി

ഇന്നും മനുഷ്യൻെറ ബാഹ്യരൂപത്തെ മാത്രം പ്രതിഫലിപ്പിക്കാനുള്ള പ്രാപ്തിയോടെ തുടരുന്നു.

രാസവസ്തുക്കളുടെ ശക്തിയെ ആശ്രയിക്കുന്ന കണ്ണാടിയിൽനിന്നു തികച്ചും ഭിന്നസ്വഭാവമുള്ള മററൊരു കണ്ണാടി മനുഷ്യൻെറ സമൂഹജീവിതത്തിലുണ്ട്. 'സാമൂഹ്യമനുഷ്യ'ൻെറ ഈ കണ്ണാടി, അയൽക്കാരൻെറ അഭിപ്രായമാണ്. ഈ കണ്ണാടി മനുഷ്യനിലുണ്ടാക്കുന്ന പ്രത്യാഘാതം, സാരാംശത്തിൽ, ഒരു സാധാരണകണ്ണാടി കാണുമ്പോഴുണ്ടാകുന്നതിൽനിന്നു ഭിന്നമല്ല. കാരണം, രണ്ടു കണ്ണാടികളും ബാഹ്യരൂപം മാത്രമേ പ്രതിഫലിപ്പിക്കുന്നുള്ളു; ഏററവും അടുത്ത അയൽക്കാരൻെറയോ തൊട്ടു ചുററുമുള്ളവരുടെയോ ദൃഷ്ടിയിൽ യോഗ്യമായ രൂപത്തിൽ പ്രത്യക്ഷപ്പെടാൻ ഉള്ള 'സാമൂഹ്യമനുഷ്യ'ൻെറ മോഹത്തിന് അതു സഹായകമായിരിക്കയും ചെയ്യുന്നു. ഇനി മൂന്നാമതൊരുതരം കണ്ണാടിയുണ്ട്. അതു് കണ്ണുകൊണ്ടു കാണാൻ കഴിവില്ല. എന്നാലും ആദ്യത്തെ രണ്ടിൽനിന്നും വളരെ വ്യത്യസ്തമായ തരത്തിൽ അങ്ങനെയൊന്നുണ്ട് എന്നതു വസ്തുതയാണ്. മനുഷ്യനിർമ്മിതമായ ഏററവും കുശലമായ യന്ത്രത്തെപ്പോലും പരാജയപ്പെടുത്തുന്ന വികാസപ്രവണത അതിൻെറ പ്രതിഫലനശേഷിക്കുണ്ട്.

നൂററാണ്ടുകളായി മനുഷ്യർ ജീവിതത്തിൻെറ പ്രശ്നങ്ങൾ—'എന്തിനു്' 'എങ്ങോട്ടു്' എന്നിവയെപ്പററിയൊക്കെ ചിന്തിക്കയും വാദപ്രതിവാദം നടത്തുകയും ചെയ്യുന്നുണ്ട്. ഈ ചിന്തകളുടെ പ്രവാഹങ്ങളും തൽഫലമായുണ്ടായിട്ടുള്ള സമരങ്ങളിലെ തകർച്ചകളുടെ അവശേഷങ്ങളുംകൊണ്ടു വീർപ്പുമുട്ടി നില്ക്കുകയാണ് ലോകത്തിലെ ധൂളിപടലം. മനുഷ്യൻ ഇന്നും ആ പ്രശ്നങ്ങളുടെ സമാധാനത്തിൻെറ സമീപത്തെങ്ങും എത്തിയിട്ടില്ല. പ്രവേശനമാർഗ്ഗം ഇന്നും നിർഗ്ഗമനമാർഗ്ഗമായിത്തന്നെ ശേഷിക്കുന്നു. 'ഞാനും' 'അഹവും' രക്തരൂഷിതമായ മാരകസമരം തുടങ്ങുന്നു. സാധാരണകണ്ണാടിയും സമൂഹദർപ്പണവും ചേർന്ന് 'കോസ്മിക്ക്'ദർപ്പണത്തിനു നല്കുന്ന സംരക്ഷണം തുടരുന്നു. കുഴപ്പം പിന്നെയും നിലനില്ക്കുകയാണ്. ചക്രവാളത്തിൽ അനേകം 'നിയോൺ' അടയാളങ്ങൾ കാണാകുന്നു. പുരോഗതിയുടെ മഹത്വത്തെപ്പററിയും മനുഷ്യസംസ്കാ

രത്തിൻെറ മുമ്പോട്ടുള്ള നീക്കത്തെപ്പററിയുമൊക്കെയുള്ള കാഹളധ്വാനം കൂടുതൽകൂടുതൽ ഉച്ചത്തിൽ ഉയരുന്നു.

പ്രപഞ്ചത്തിൻെറ ഉദരത്തിൽനിന്നു പുറത്തുവന്നു് ഏതാനും കാലം ലോകത്തിൽ അധികാരം നടത്തിയശേഷം കഥാവശേഷരായ ഭീമാകാരങ്ങളായ സസ്തനജന്തുക്കളെപ്പറ്റി നരവംശശാസ്ത്രജ്ഞന്മാർ പറയുന്നു. കാഴ്ചബംഗ്ലാവുകൾ ആ പ്രസ്താവനകളുടെ നിജസ്ഥിതിക്കു സാക്ഷ്യം വഹിക്കയും ചെയ്യുന്നു. എണ്ണമില്ലാത്തത്ര അധികം രൂപങ്ങൾ—ചിലതു വലുതു് ചിലതു ചെറുതു്, ചിലതു് ഊർജ്ജസ്വലം, ചിലതു ശാന്തം, ഇങ്ങനെ വളരെയെണ്ണം—ഗർഭഗൃഹത്തിൽനിന്നു പുറത്തുവന്നു് ഏതാനും കാലം രംഗപ്രകടനം നടത്തിയിട്ടു മടങ്ങിപ്പോയി. പ്രപഞ്ചവേദികയിലെ അഭിനേതാക്കളിൽ ഏറെനാളായി നിലനില്ക്കുന്നതു മനുഷ്യനാണു്. അവൻ ഇന്നും അവൻെറ ശിവതാണ്ഡവം തുടരുകയാണു്. അവൻ എങ്ങോട്ടാണു്? അരക്കിറുക്കന്മാരും മറയന്മാരും എന്തും പറയട്ടെ. അനിഷേദ്ധ്യമായ ഒരുത്തരത്തിനുവേണ്ടി ആ പ്രശ്നം കാത്തുനില്ക്കുകയാണു്. പ്രപഞ്ചത്തിനു് അതിൻേറതായ രീതികളുണ്ടു്. അതിൻെറ സാവധാനവും അവിരാമവുമായ രീതിയിലുള്ള പരിവർത്തനങ്ങൾക്കുവേണ്ടി കാത്തുനില്ക്കാനും പൊരുത്തപ്പെട്ടുപോകാനും സമ്മതമോ സൗകര്യമോ ഇല്ലാത്തവരുടെ ഹിതമെന്തെന്നു് അതിനു് അന്വേഷണമേയില്ല. മനുഷ്യൻെറ മുൻഗാമികളെ തിരികെ വിളിക്കേണ്ടിവന്നതു് അവർ അഭിനയിച്ച നാടകത്തിൻെറ കർത്താവിനെ ശരിയായി പ്രതിനിധീകരിക്കാൻ അവക്കു കഴിയാതെപോയതുകൊണ്ടാണു്. മനുഷ്യൻ വിജയിക്കുമോ?

കണ്ണാടികൾ ഇളകിയാടുകയാണു്; 'ഞാനും' 'അഹ'വും ദ്വന്ദ്വയുദ്ധം തുടങ്ങുകയാണു്. 'കോസ്മിക്ക്ദർപ്പണ'മാകുന്ന തടാകത്തിൻെറ തീരത്തു് ഒരു പ്രതിമകണക്കെ ഇരിക്കയാണു് 'അഹം.' പൗർണ്ണമിരാവിൻെറ നിശ്ശബ്ദതയിൽ, ഒരില പോലും അനങ്ങാത്ത നിശ്ചലതയിൽ, പ്രപഞ്ചമാകെ ഒരു നിഴൽരൂപംമാതിരി നില്ക്കവെ, 'അഹ'ത്തിൻെറ നിഴൽ 'കോസ്മിക്ക്ദർപ്പണ'ത്തിൽ പതിയുന്നു. അപ്പോൾ ആ കണ്ണാടി, മനുഷ്യനാകുന്ന മധുരസങ്കല്പത്തെ അതിൻെറ എല്ലാ പരി

ശുദ്ധിയോടുംകൂടെ പ്രതിഫലിപ്പിക്കുന്നു. എന്നാൽ നിശ്ശബ്ദതയും ഇരുളും തമ്മിൽ മാന്ത്രികാന്തരീക്ഷംമാതിരി കൂടിക്കലരുകയാണു്; ശബ്ദപ്രപഞ്ചത്തിലെ യാദൃച്ഛികസംഭവങ്ങൾ. ദർപ്പണദായം വീണ്ടും അധികാരം സ്ഥാപിക്കുന്നു. 'അഹം' വീണ്ടും ഓടിക്കപ്പെടുന്നു. വീണ്ടും സാർവ്വത്രികമായ നിരുന്മേഷത. നിശ്ശബ്ദതയുടെ പ്രേരണയിൽനിന്നനുഭവിക്കുന്ന ഏകാന്തതയുടെ ഭാരത്തിൻെറ ആഘാതത്തിനെതിരായി പരസ്പരം സഹായിക്കാൻ വാഗ്ദാനം ചെയ്തുകൊണ്ടു മനുഷ്യർ പ്രകാശവർഷത്തിനടിയിൽ മൃഗങ്ങളെന്നപോലെ കൂട്ടംകൂട്ടമായി വന്നുകൂടുന്നു. ഇങ്ങനെ മനുഷ്യൻ വിരുദ്ധശക്തികളുടെ ഒരു യുദ്ധക്കളമാണു്. 'ഞാനും' 'അഹ'വും തമ്മിൽ, വീഞ്ഞുകൊണ്ടു ജീവിക്കുന്നവനും അമൃതംകൊണ്ടു ജീവിക്കുന്നവനും തമ്മിൽ, യജമാനനാണെന്നു നടിക്കാൻ വെമ്പുന്നവനും, കേവലം ഭൃത്യൻ—ശിഷ്യൻ—ആയി കഴിഞ്ഞുകൂടാൻ മോഹിക്കുന്നവനും തമ്മിൽ—ഉള്ള യുദ്ധം.

ഇവയുടെ സംയോജനംകൊണ്ടു് ജീവിതം മുമ്പോട്ടു നീങ്ങുന്നു; അവ പൊരുത്തപ്പെടാതെവരുമ്പോൾ നാഴികമണിയുടെ യാത്ര പുറകോട്ടാകും. ഈ ചാഞ്ചാട്ടങ്ങളുടെ ഇടയ്ക്കാണു് താണ്ഡവനൃത്തം നടക്കുക—പുണ്യവാൻെറയും പിശാചിൻേറയും യുദ്ധക്കളം. സമ്പൂർണ്ണനാശത്തിലേക്കു വഴിതെളിച്ച കുരുക്ഷേത്രയുദ്ധത്തിലെ പൊടിപടലത്തിൽനിന്നാണു് നാം ഉയിർക്കൊണ്ടതു്. ഭൂമിയുടെ മറുവശത്തേക്കുള്ള മാർഗ്ഗം നാം കണ്ടുപിടിക്കുമോ? നമ്മെ ഇന്നു് അഭിമുഖീകരിക്കുന്ന പ്രശ്നത്തിൻെറ കാതലായ ഭാഗം ഇതാണു്.

II

# ഉച്ചക്കിറുക്കന്മാരുടെ കേന്ദ്രം

വിജയിക്കുന്ന ഉച്ചക്കിറുക്കൻ കാലത്തിന്റെ മഹാ പ്രതിഭാശാലിയെന്നു വാഴ്ത്തപ്പെടുന്നു. പരാജയപ്പെടുന്നവനെ ഭ്രാന്തനെന്നു പറഞ്ഞു പൂട്ടിയിടുന്നു.

ഉയൎന്ന കഴിവുകളുള്ള ഒരു ചെറുപ്പക്കാരൻ എഞ്ചിനീയറെ ഭ്രാന്താലയത്തിൽ അടയ്ക്കപ്പെട്ട നിലയിൽ കണ്ടു വല്ലാതെ സംഭ്രമിച്ചുപോയ അദ്ദേഹത്തിന്റെ സുഹൃത്തു ചോദിച്ചു: "നിങ്ങൾ ഇവിടെ എന്തു ചെയ്യുന്നു?" ആ എഞ്ചിനീയർ മന്ദഹസിച്ചുകൊണ്ടു മറുപടി പറഞ്ഞു: "സാധാരണമനുഷ്യരുടെ സുബോധാവസ്ഥയാണ് എന്നെ ഇവിടെക്കൊണ്ടെത്തിച്ചതു്. ഭ്രാന്തന്മാരെന്നു പറയുന്ന ഇവരുടെയിടയ്ക്കു കുറേക്കാലം ഒരു ഭാഗ്യപരീക്ഷ നടത്തിക്കളയാമെന്നു ഞാൻ കരുതി."

മെട്രിക്കുലേഷൻപരീക്ഷ നടന്നുകൊണ്ടിരുന്ന ഹാളിന്റെ പുറത്താണ്; ഇംഗ്ലീഷ്‌രചനയാണ് പരീക്ഷാവിഷയം. 'തെററുകളുണ്ടെങ്കിൽ തിരുത്താൻ' ആവശ്യപ്പെടുന്ന ഏഴാം നമ്പർ ചോദ്യത്തിനു് എങ്ങനെ ഉത്തരമെഴുതി എന്നു പരീക്ഷ്യരിലൊരുവൻ കൂട്ടുകാരനോടു ചോദിച്ചു. "തെററു തിരുത്തലോ?" ആകാശത്തേക്കു നോക്കി വാപൊളിച്ചുകൊണ്ടു മററവൻ ഉഴറി. "അച്ചടിച്ചുതന്ന ചോദ്യക്കടലാസിൽ എങ്ങനെയാണു തെററുവരിക? ഞാൻ ചോദ്യം അപ്പാടെ പകൎത്തിവച്ചിട്ടു ചോദ്യകൎത്താവിനു് ഒരു പാഠമാകട്ടെ എന്നു കരുതി, ഞാൻ ഒരു മടയനല്ലെന്നും രാംബാബുവിന്റെ ശിഷ്യനായ എന്നെ അങ്ങനെ എളുപ്പം കളിപ്പിക്കാൻ നോക്കണ്ട എന്നും കൂടെ കൂട്ടിച്ചേൎത്തു." അച്ചടിഅക്ഷരങ്ങളെപ്പററി രാംബാബുവിന്റേയും ശിഷ്യന്മാരുടേയും അഭിപ്രായം എങ്ങനെയിരുന്നാലും ലോകം പുരോഗമിക്കതന്നെചെയ്തു; ആ പരിശ്രമത്തിനിടയിൽ അതിന്റെ അച്ചുതണ്ടിനു കുറെയൊക്കെ ഇളക്കം തട്ടിയിട്ടുണ്ടെന്നിരിക്കിലും. ഉറക്കത്തിൽനിന്നു ക്ഌപ്തസമയത്തു് ഉണൎന്നെഴുനേൽക്കുക, ഉപജീവനമാൎഗ്ഗമായ, പകൽസമ

യത്തെ നിർബ്ബന്ധിതപണിസമയം കോട്ടുവായിട്ട തള്ളിനീക്കുക, ഒട്ടവിൽ പകൽസമയത്തെ യാന്ത്രികവും വൈവിധ്യരഹിതവുമായ ചലനങ്ങൾക്കശേഷം രാത്രിയിൽ കിടക്കയിൽ ചെന്നു കിടന്നുറങ്ങുക, എന്നിങ്ങനെ പോകുന്ന നീക്കമില്ലാത്ത പരിപാടികളിലൂടെ ദൈനന്ദിനജീവിതം തള്ളിനീക്കുന്നവരാണു് ബഹുഭൂരിപക്ഷമെന്നിരിക്കിലും രാംബാബുവിൻെറ വിജ്ഞാനമണ്ഡലത്തിൻെറ അപ്രമാദിത്വത്തിൽ വിശ്വസിക്കാൻ കൂട്ടാക്കാത്ത കുറേപ്പേർ എല്ലാക്കാലത്തുമുണ്ടായിരുന്നിട്ടുണ്ടു്.

ഈ അപൂർവ്വമാതൃകകളുടെ സമ്പ്രദായങ്ങൾ എല്ലാക്കാലത്തുംതന്നെ, പാരമ്പര്യങ്ങൾക്കു വഴങ്ങി കഴിഞ്ഞുകൂടിയിരുന്നവരുടെ ജീവിതത്തിനു് ആവേശം ചേർത്തിരുന്നു. അവർ രാംബാബുവിൻെറ ക്ലാസ്സിലിരുന്നു് 'രണ്ടുംരണ്ടും നാലു്'' എന്നുരുവിട്ടു പഠിക്കേണ്ട സമയത്തു് കുരങ്ങുകളോടൊപ്പം മരക്കമ്പുകൾവഴി നടക്കുകയായിരിക്കും; മററുള്ളവർ ഇസ്പേഡു തുറുപ്പു പറഞ്ഞു കളിതകക്കുമ്പോൾ ഏകാന്തമായി വനാന്തരങ്ങളിൽ നടക്കുകയായിരിക്കും. മറ്റുള്ളവർ, അണിഞ്ഞൊരുങ്ങിയ ഭാര്യമാരേയും കൂട്ടി അടുത്ത ജന്മദിനബഹുമതികളുടെ കൂട്ടത്തിൽ ലഭിക്കാൻ സാദ്ധ്യതയുള്ള സന്നദിനെ(ബഹുമതിപത്രം)പ്പറ്റി ദിവാസ്വപ്നം കണ്ടുകൊണ്ടു് അങ്ങാടിവഴി അന്തസ്സിൽ സഞ്ചരിക്കുമ്പോൾ, ഭരിക്കുന്ന അധികാരികൾക്കെതിരായി വിപ്ലവത്തിൻെറ കൊടിയുയർത്തിക്കൊണ്ടു് ജയിലിലേക്കോ കൊലമരച്ചുവട്ടിലേക്കോ മുന്നേറുകയായിരിക്കും. മററുള്ളവരെല്ലാം ലോകം ഉരുണ്ടതാണെന്നു് അവകാശപ്പെടുകയും മറുത്തെന്തെങ്കിലും പറയുന്നവരെ പിച്ചിച്ചീന്താൻ മുതിരുകയും ചെയ്യുമ്പോൾ, എപ്പോഴും ചോദ്യംചെയ്യുന്ന സ്വഭാവമുള്ള കുറച്ചുപേർ അവക്കു ശരിയെന്നു തോന്നുന്ന മാർഗ്ഗത്തിലൂടെ മായാത്ത മന്ദഹാസവും ധരിച്ചു് കുരിശിനഭിമുഖമായി നടക്കുകയാണു്. ഈ അപൂർവ്വവർഗ്ഗത്തിനു പിടിപെട്ടിട്ടുള്ള മാറാരോഗത്തിൻെറ ലക്ഷണം 'നിരന്തരമായ അസ്വാസ്ഥ്യത'യാണു്.

മോട്ടോർവണ്ടിയുടെ യന്ത്രത്തിൻെറ ക്രാങ്ക്ഷാഫ്ററ് ചില പ്രത്യേക സ്ഥാനങ്ങളിൽ വളഞ്ഞിട്ടാണു്. യന്ത്രം ഉൽപാദിപ്പിക്കുന്ന ശക്തിയുടെ കുതിപ്പുകളെ സ്വീകരിക്കാനും

അങ്ങനെ സ്വീകരിക്കുന്ന കുതിപ്പുകളെ സ്വാംശീകരിച്ചശേഷം അതിനെ ഒരു ക്രമമായ ചലനമായി പരിവത്തനം ചെയ്യാനും ആ ചലനശക്തിയെ യന്ത്രത്തിലെ ഇതര അംഗങ്ങളിലേക്കു പകന്ന് വണ്ടിയെ ഒന്നാകെ നീക്കാൻ പര്യാപ്തമാകാനും പാകത്തിലാണു് ക്രാങ്ക്ഷാഫ്ററിൻെറ വളവുകൾ ഉണ്ടാക്കിയിട്ടുള്ളതു്. മനുഷ്യസമൂഹത്തിൻെറ ചലനത്തിനെ സഹായിക്കുന്നതിനും അങ്ങനെയൊരു ക്രാങ്ക്ഷാഫ്ററ് ആവശ്യമാണു്. ഇക്കായ്യത്തെപ്പററി വ്യക്തമായ ഒരു ധാരണയുണ്ടായാൽ ക്രാങ്കിനു് (ഉച്ചക്കിറുക്കൻ എന്നും ഈ പദത്തിനു് അത്ഥമുണ്ടു്) അയാളുടെ ജീവിതകാലത്തു നിഷേധിക്കപ്പെട്ടിരുന്ന ഒരു പുതിയ പദവി ലഭിക്കും. രണ്ടായിരം വഷം നീണ്ടുനിന്ന ദാസ്യത്തിൻെറ ദോഷങ്ങളെല്ലാമിരിക്കെത്തന്നെ ചരിത്രദൃഷ്ടിയോടെ ഇന്ത്യൻചിന്തയുടെ വളർച്ചയെ പഠിക്കയും, അനക്ഷരകുക്ഷിയെന്നു വിളിക്കപ്പെടുന്ന ഇന്ത്യൻ ഗ്രാമീണ കഷകൻെറ അരോഗമായ മാനസികസംസ്കാരത്തെ റേഡിയോ-ടെലഫോൺസൗകയ്യങ്ങളനുഭവിക്കുന്ന അന്യരാജ്യങ്ങളിലെ അവൻെറ കൂട്ടരുടെ മാനസികനിലയുമായി താരതമ്യപ്പെടുത്തിനോക്കുകയും ചെയ്യുമ്പോൾ ഒരേ ഒരു നിഗമനത്തിലാണു് ചെന്നെത്താൻ കഴിയുന്നതു്. ഉച്ചക്കിറുക്കന്മാരുടെ കേന്ദ്രം ഏറെക്കാലമായി നിജ്ജനമാണു്. അവിടം അടച്ചുമൂടിയിട്ടിരിക്കയാണു്. ഹിന്ദുമതതത്വങ്ങളുടെ ദുഷിച്ച വ്യാഖ്യാനം സന്ദേഹങ്ങളേയും ചോദ്യംചെയ്യലിനേയും നിരോധിക്കയും മുമ്പോട്ടുള്ള പ്രയാണമാഗ്ഗത്തിൽ ചലനാത്മകതവും ചിരിയും നിഷേധിക്കയും ചെയ്തിരുന്നതിനാൽ ഉച്ചക്കിറുക്കന്മാരുടെ ഉൽപത്തി പ്രായേണ അസാദ്ധ്യമായിരുന്നു.

രാഷ്ട്രങ്ങളുടെ മാതാവാണു് ഇന്ത്യ; നാഗരികതയും മനുഷ്യസമുദായം അഭിമാനംകൊള്ളുന്ന എല്ലാ ഉൽകൃഷ്ടചിന്താഗതികളും ഈ മഹാതീത്ഥത്തിൽനിന്നാണു ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളതെന്നു് പുരാതത്വഗവേഷകർ തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്; അഥവാ ആ സത്യാവസ്ഥ അനാവരണംചെയ്യുന്നതിനു് ഇനി കാലതാമസമുണ്ടാകയില്ല. അണുവിസ്ഫോടനശാസ്ത്രം ലോകത്തിനു് സ്വായത്തമായിക്കഴിഞ്ഞു. എങ്കിലും ലോകം ഇന്നു് ആകെ കുഴപ്പത്തിലാണു്. അതുകൊണ്ടു് ഈ

നിർണ്ണായകകാലസന്ധിയിൽ സംഭവിച്ച ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിയെ കുറേക്കൂടെ വിശാലമായ ഒരു ചക്രവാളത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തേണ്ടിയിരിക്കുന്നു. സ്വപ്നസഞ്ചാരപ്രവണമായ ലോകത്തിൻെറ അവസാനത്തെ ആശാകേന്ദ്രം ഇന്ത്യയാണ്. ഉച്ചക്കിറുക്കന്മാരുടെ കേന്ദ്രം പുനരുദ്ധരിക്കുന്നതുകൊണ്ടു മാത്രമേ ഇന്ത്യയ്ക്കു് അതിനുള്ള കഴിവുണ്ടാകയുള്ളു—ഉയൎന്നുവരുന്ന വേലിയേററത്തിൻെറ ആഘാതത്തെ ഏററുവാങ്ങി സ്വാത്മീകരിക്കയും അങ്ങനെ സഞ്ചയിക്കുന്ന ചലനശേഷി മററു് യന്ത്രഭാഗങ്ങൾക്കു് അയച്ചുകൊടുത്തു് അവയെ പ്രവൎത്തനക്ഷമമാക്കുകയും ചെയ്യുന്ന ഒരു കേന്ദ്രം. അതുകൊണ്ടു് ഈ പുതിയ ചുമതലയുടെ സവിശേഷസ്വഭാവത്തെപ്പററി ആത്യന്തികസ്ഥിതിസമത്വവാദികൾ (Born Socialists) മനസ്സിലാക്കേണ്ടതുണ്ടു്. വിപ്ലവകാരിയുടെ, അത്ര സുകരമല്ലാത്ത ഭാഗമാണു് അവൎക്കു് അഭിനയിക്കേണ്ടതു്. എഞ്ചിനീയറിംഗിലാകട്ടെ കൃഷിയിലാകട്ടെ, വ്യവസായത്തിലാകട്ടെ കൈത്തൊഴിലിലാകട്ടെ, കലയിലാകട്ടെ കായികാഭ്യാസത്തിലാകട്ടെ, സന്യാസത്തിലാകട്ടെ ചട്ടമ്പിത്തരത്തിലാകട്ടെ, മേങ്കയ്യു് അവനിലെ ഉച്ചക്കിറുക്കന്നായിരിക്കണം. സുകരമായ സമതലത്തിലെ സുഖസഞ്ചാരം രാംബാബുവിൻെറ ശിഷ്യന്മാൎക്കായി നീക്കിവെച്ചേക്കുന്നതാണു് ഉത്തമം. അപ്പോൾ ഉച്ചക്കിറുക്കന്മാരുടെ കേന്ദ്രം, നിയന്ത്രണാധീനമല്ലാത്ത അംശങ്ങളെ യുക്തിവിചാരത്തിൻെറ മാൎഗ്ഗത്തിൽ തിരിച്ചുവിടുന്ന ഉപകരണമായിത്തീരുന്നു. വഴക്കാളിയായ ഭൎത്താവും, വികാരജീവിയായ ഭാൎയ്യയും, സൎവ്വത്ര കുസൃതിയായ കുട്ടിയും, തീ വിഴുങ്ങി പത്രപ്രവൎത്തകനും, ഭ്രാന്തനായ ഗായകനും എന്നുവേണ്ട, ക്രൂരനായ കുററവാളിപോലും അപ്പോൾ മാതൃകാകന്നുകാലിവളൎത്തൽകാരും കോഴിക്കൃഷിക്കാരും, മാതൃകാശില്പികളും വിദ്യാഭ്യാസപ്രവൎത്തകരും ഭിഷക്കുകളും എഞ്ചിനീയറന്മാരും, മാതൃകാശാസ്ത്രജ്ഞന്മാരുമായി സ്വയം രൂപാന്തരംപ്രാപിച്ചു തുടങ്ങും. കൃഷിഭൂമിയിൽനിന്നുള്ള വിള, കന്നുകാലിസമ്പത്തു്, യന്ത്രസാമഗ്രികൾ എന്നിവയിലൊക്കെ മററു രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ രാജ്യത്തിനുള്ള വലിയ

പോരായ്മ ഒററയടിക്കു നികത്താൻ ഇത്തരമൊരു കേന്ദ്രത്തിനു കഴിവുണ്ടാകും.

ഉച്ചക്കിറുക്കന്മാരുടെ കേന്ദ്രം നിശ്ശബ്ദമായി രൂപം കൊള്ളുകയാണ്. കൂടുതൽ കൂടുതൽ ഉച്ചക്കിറുക്കന്മാർ താമസിയാതെ അക്കൂട്ടത്തിൽ ചേൎന്നു തുടങ്ങും. ശക്തിയേറിയ മദ്യം ദോഷഫലം ചെയ്യാതിരിക്കണമെങ്കിൽ കുടിയനു കൂട്ടു വേണം. തേനീച്ചക്കൂടിന്റെ ബീജകേന്ദ്രമാണുണ്ടാകേണ്ടതു്. അപ്പോൾ ഭിന്നദേശങ്ങളിലും കാലാവസ്ഥകളിലുംനിന്നു് തേനീച്ചകൾ കൂട്ടംകൂട്ടമായി വന്നു ചേൎന്നുകൊള്ളും. കൊള്ളക്കാരുടെപോലും ജീവിതത്തിൻെറ അടിസ്ഥാനവിശ്വാസപ്രമാണങ്ങൾ രൂപീകരിക്കുന്നതിനു സഹായകമായ സഹിഷ്ണുതയും തുല്യനീതിയും വളരുന്നതിനു സാധാരണക്കാരനും ഉച്ചക്കിറുക്കനും തമ്മിലുള്ള പരസ്പരധാരണ ആവശ്യമാണ്. ഒന്നു നിശ്ചയം, ഉച്ചക്കിറുക്കന്മാരുടെ കേന്ദ്രം രൂപപ്പെട്ടുവരുന്നുണ്ടു്.

# ശില്പികൾ പണിപ്പുരയിൽ

ശില്പികൾ എല്ലാക്കാലത്തും പല തരത്തിൽപ്പെട്ടവരാണ്. ശാസ്ത്രജ്ഞനും ഗണിതജ്ഞനും ചിത്രകാരനുമായിരുന്ന ലിയൊനാർദൊ ദാ വിഞ്ചി മുതൽ ചിതറിക്കിടക്കുന്ന മുടിയും മുഖത്തു തികഞ്ഞ നിരുത്തരവാദിത്വത്തിന്റെ ലക്ഷണവുമായി തെരുവുതെണ്ടിയായി കഴിയുന്നവൻവരെയുണ്ടു് അക്കൂട്ടത്തിൽ. 'ശില്പവിദ്യ'യെപ്പററിയുള്ള എൻെറ സങ്കല്പം മനുഷ്യനെ അവൻെറ സ്വാത്മതയിൽനിന്നു വിടർത്തി അപരിമേയതയുടെ—അനന്തതയുടെ—ബോധമണ്ഡലത്തിലേക്കുയൎത്തുന്ന പ്രയത്നം എന്നാണ്; ശില്പിയാകട്ടെ, ബോധമണ്ഡലത്തിൻെറ വക്കിൽ ചവുട്ടിനിന്നുകൊണ്ടു് ദിവ്യനായ പ്രപഞ്ചസ്രഷ്ടാവിൽനിന്നു് ഒരു പ്രകാശബിന്ദു ഉൾക്കൊണ്ടു്, ആ അനുഭൂതിവിശേഷത്തെ മററുള്ളവൎക്കു പകൎന്നുകൊടുക്കുന്ന നിർമ്മാണപ്രവൎത്തകനും. ബ്രഹ്മാണ്ഡബോധത്തിൻെറ വക്കിൽ ചവുട്ടിക്കൊണ്ടുള്ള ആ നിലയാണ് പ്രധാനം എന്നു വ്യക്തമാണല്ലൊ. ശില്പി അവിടെ നിലയുറപ്പിച്ചുകഴിയുന്നതോടെ തനിക്കിഷ്ടപ്പെട്ട മാദ്ധ്യമം

സ്വീകരിച്ചുകൊണ്ട് സ്വാനുഭൂതികളെ പ്രകടിപ്പിക്കാൻ അയാൾക്കു സ്വാതന്ത്ര്യമായി. അതിൻെറ ഫലമായി അയാളിൽനിന്നു നിർഗ്ഗളിക്കുന്ന പ്രചോദനശക്തി മററുള്ളവരിൽ ഉളവാക്കുന്ന പ്രതികരണം ഒന്നു മാത്രമാണ്—അപരിമേയബ്രഹ്മാണ്ഡമണ്ഡലത്തിലേക്ക് ഒരു ദിഗ്ദർശനം; കിണററിലെ തവളയെ ബന്ധിക്കുന്ന ചങ്ങലയിൽനിന്നു മോചനം.

രത്നാകരൻ എന്നു പേരായ ഒരു കൊള്ളക്കാരനായിരുന്നു വാല്മീകി ഒരു കാലം, എന്നു പറയപ്പെടുന്നു; മനുഷ്യരും മൃഗങ്ങളും അയാളെ കാണുമ്പോൾ ഭയംകൊണ്ടു വിറച്ചിരുന്നു—അത്ര പൈശാചികപ്രകൃതക്കാരനായ ധീരനായിരുന്നു, അയാൾ. എങ്കിലും ആ കൊള്ളക്കാരനും നൈമിഷികമായ ഒരു ഞെട്ടലിനു വിധേയനായപ്പോൾ ശില്പിയും ജ്ഞാനിയുമായ വാല്മീകിയായി രൂപാന്തരപ്പെട്ടു; എല്ലാ ഇന്ത്യൻ ഭവനങ്ങളിലും പ്രഭാതത്തിൽ പാരായണം ചെയ്യപ്പെടുന്ന—ഒരിക്കലും പുതുമ മാറാത്ത—രാമായണഗ്രന്ഥം രചിക്കുകയും ചെയ്തു. ഈ അത്ഭുതം എങ്ങനെ സംഭവിച്ചു? പല വർഷങ്ങൾ തലപുകഞ്ഞാലോചിച്ചിട്ട് എനിക്ക് ഒന്നേ ഉത്തരം കിട്ടിയിട്ടുള്ളു. ഒരു പഴയ സത്യത്തിൻെറ പുതിയ ദർശനം. ജ്ഞാനിയും പിശാചും ഒന്നിൻെറതന്നെ രണ്ടംശങ്ങളാണ്. എല്ലാവരിലും പതിയിരിക്കുന്നുണ്ട് 'ഡാക്ടർ ജെക്കിലും മിസ്റ്റർ ഹൈഡും.' പതുക്കെ ഒന്നു പിടിച്ചുതിരിച്ചാൽമതി, ഒന്ന് മറ്റൊന്നിൻെറമേൽ മറിഞ്ഞു വീഴുകയായി.

എന്റെ സഹോദരനിലെ പിശാചിനോടു് എനിക്കിഷ്ടമാണ്. എന്തുകൊണ്ടാണെന്നോ? ആ പിശാചിൽ ഞാൻ കാണുന്നതു് വഴിതെററിപ്പോയ ദൈവികസ്ഫുലിംഗത്തെയാണ്. ഈ ദൈവികസ്ഫുലിംഗത്തെ കൈകാര്യം ചെയ്യാൻ കഴിയുന്നവർക്കുമാത്രമെ നമ്മുടെ സ്വപ്നങ്ങളിലെ ഇന്ത്യ സൃഷ്ടിക്കാൻ കഴിയൂ എന്നാണ് എൻെറ ഉറച്ച വിശ്വാസം. അക്കാരണത്താൽത്തന്നെ അർദ്ധപിശാചുക്കളേയും അർദ്ധപുണ്യാത്മാക്കളെയും എനിക്കു പുച്ഛമാണെന്നകാര്യത്തിൽ കുററസമ്മതം ചെയ്യാനും ഞാൻ തയ്യാറാണ്. എൻെറ അഭിപ്രായത്തിൽ അക്കൂട്ടർ ലോകത്തിനു ഭാരമാണ്. അവർ ക്ഷുദ്രജീവികളാണ്. സംഭൃതശക്തിയോടുകൂടിയുള്ള ഒരു മുന്നേററം—നമ്മുടെ

സ്വപ്നങ്ങളിലെ ഭാരതം പുനർനിർമ്മാണം ചെയ്യേട്ടക്കാനുള്ള ഉഗ്രമായ ഒരു പ്രയത്നം—മററെങ്ങും കാണാനില്ല. കറതീന്ന പിശാചിനെമാത്രമെ കറതീന്ന ദേവതയാക്കി പരിവത്തനം ചെയ്യേട്ടക്കാൻ കഴിയൂ. ഈ അത്ഭുതം സാധിക്കണമെങ്കിൽ കറതീന്ന പിശാചുക്കളെ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. പക്ഷേ, എന്തുകഷ്ടം, പകരം ഈ രാജ്യത്തിൽ സുലഭമായി കാണപ്പെടുന്നതൊ, ചെറിയ മോഷ്ടാക്കൾ, ചെറിയ നുണയന്മാർ, ചെറിയ പോക്കിരികൾ, അല്ലെങ്കിൽ അങ്ങേയററം വന്നാൽ പിശാചിനെ അനുകരിക്കുന്നവർ!

ലോകജീവിതത്തിൻെറ നിഷ്പ്രയോജനതയേയും പരിശുദ്ധവും വിനീതവുമായ ജീവിതം നയിക്കുന്നവക്ക പരലോകത്തു ലഭിക്കാനിരിക്കുന്ന നിത്യാനന്ദത്തെയുംപററി ഇന്ത്യ പറയാൻ തുടങ്ങിയിട്ട നാളേറെയായി. ഫലമോ, നാം നാശത്തിൻെറ പട്ടകുഴിവക്കത്തെത്തി. യാതൊരു കുസലുംകൂടാതെ അന്യരുടെ കീശയിൽനിന്നു ബോധപൂവ്വം ചോരണം നടത്തുന്ന കുറച്ചുപേരൊഴികെയുള്ള പുരുഷന്മാരും സ്ത്രീകളും എല്ലാം ഭീതരും മൂകരുമായ മൃഗങ്ങളായിത്തീന്നിരിക്കുന്നു. പരലോകത്തിനും അവിടെ ധാമ്മിഷ്ഠക്ക ലഭിക്കാനിരിക്കുന്ന മോക്ഷത്തിനുംവേണ്ടി കാത്തിരിക്കാൻ എനിക്കു നേരമില്ല. അതിനേക്കാൾ എനിക്കിഷ്ടം ഒരു പത്തുലക്ഷം ജന്മം ഈ ലോകത്തിൽ ജനിച്ചു് ഇവിടുത്തെ ക്ലേശങ്ങൾ സഹിച്ചു് ജീവിതത്തിൽ നിന്നൊഴുകിവരുന്ന സമൃദ്ധമായ അനുഭവങ്ങൾ ആവോളം ആസ്വദിക്കാനാണു്. ഇന്ത്യയുടെ യഥാത്ഥശില്പികൾ, അവരറിയാതെതന്നെ അത്ഭുതങ്ങൾ സൃഷ്ടിക്കയാണു്. അവക്ക മറ്റുള്ളവരുമായി വെടിപറഞ്ഞിരിക്കാനോ പരാതിപ്പെട്ട മോങ്ങാനോ, വലതുപക്ഷത്തിൻ്റേയും ഇടതുപക്ഷത്തിൻെറയും മാഗ്ഗങ്ങളെപ്പററി തക്കിച്ചിരിക്കാനോ നേരമില്ല. തങ്ങൾക്കു ജോലിയിൽ ഉണ്ടായിരുന്നതോ ഉള്ളതോ ആയ ശുഷ്കാന്തിയുടെ പേരിൽ മുതലെടുക്കാനും അവർ മുതിരുന്നില്ല. 1947 ആഗസ്റ്റ് 15-ാം തീയതിക്കുശേഷം ഉണ്ടായ വേലിയേററത്തെത്തുടന്നുഭവിച്ച സ്വപ്നത്തിൻെറ ഇഴകൾ നെയ്യുകയാണു്, നിശ്ശബ്ദരായ ഈ ശില്പികൾ. അവരുടെ പ്രവൃത്തി സാവകാശമെങ്കിലും, അനുസ്യൂതമാണു്.

പിൻതലത്തിൽ പ്രവൃത്തിയെടുക്കുന്ന എൻെറ സുഹൃത്തുക്കൾക്കു് അഭിവാദനങ്ങൾ അപ്പിച്ചുകൊള്ളട്ടെ. എനിക്കു പ്രതിഫലം നല്കാൻ കഴിവില്ല. സ്നേഹത്തിൻെറ പ്രയത്നത്തിനു വിലനിശ്ചയിക്കാനാവില്ല. ശില്പവിദ്യ പ്രേമത്തിൻെറ പ്രതിരൂപമാണു്. അതുതന്നെയാണു് അതിൻെറ പ്രതിഫലം. ഞാൻ അറിയുന്നുണ്ടു്; മനസ്സിലാക്കുന്നുണ്ടു്. അതു് അവരറിയണമെന്നു കരുതിയിട്ടാണു് ഉറക്കെ ചിന്തിക്കാമെന്നു ഞാൻ തീരുമാനിച്ചതു്. അവർ വികസ്വരമായിക്കൊണ്ടിരിക്കുന്ന ജീവിതത്തിൽ ഇഴകിച്ചേൎന്നു മുൻപോട്ടു നീങ്ങുന്നവരായിരുന്നാലും, കുന്താലിയും തൂമ്പയുംകൊണ്ടു വനാന്തരത്തിൽ പണിയെടുക്കുന്നവരായിരുന്നാലും, നമ്മുടെ സ്വപ്നങ്ങളിലെ നവഭാരതം കെട്ടിപ്പടുക്കുന്ന യത്നത്തിൽ മുഴുകിയിരിക്കുന്ന നിരവധി ആഫീസുകളിൽ വിളക്കും കത്തിച്ചുവെച്ചു് ആഫീസ്കണക്കുകളിലോ റിക്കാർഡുകളിലോ കണ്ണുനട്ടിരുന്നു പണിയെടുക്കുന്നവരായിരുന്നാലും, എന്നു വേണ്ട അവർ ആരായിരുന്നാലും എന്തു ജോലിയിൽ ഏപ്പെട്ടിരിക്കുന്നവരായാലും, നിശ്ശബ്ദരായ ആ സുഹൃത്തുക്കൾക്കെല്ലാം ഞാൻ എൻെറ വിനീതമായ നമസ്കാരം അപ്പിക്കട്ടെ. പായസത്തിൽ കൈയിട്ടുവാരാൻ അനുവദിക്കായ്കയാൽ കോപംകൊണ്ടു പുകയുന്ന കുറെ സ്നേഹിതന്മാരുണ്ടു്. മററുള്ള എല്ലാവരുടെ അഭിപ്രായത്തിനുമെതിരായി തങ്ങളുടെ ജ്ഞാനത്തിൻെറയും യുക്തിബോധത്തിൻെറയും അപ്രമാദിത്വം സ്ഥാപിക്കലാണു് ജനപ്രാതിനിധ്യസമ്പ്രദായത്തിൻെറ തത്വമെന്നു കരുതുന്ന അവരുടെ അഭിപ്രായഗതിയോടു് വ്യക്തമായ കാരണങ്ങളാൽ ഞങ്ങൾക്കു യോജിക്കാൻ കഴിയാതെവന്നതും അവരെ കുപിതരാക്കി. അവരുടെ മുമ്പിലും ഞാൻ തല നമിക്കുന്നു. അവരുടെ ഉദാഹരണമില്ലായിരുന്നുവെങ്കിൽ "ചുമക്കാൻ കഴുതയുള്ളിടത്തോളംകാലം നമുക്കു യാത്രതുടരുക" എന്ന അവരുടെ മനോഭാവംതന്നെ ഞങ്ങളെയും പിടികൂടുമായിരുന്നില്ലെന്നു് എങ്ങനെയറിയാം?

നവഭാരതത്തിലെ ശില്പികൾ തങ്ങളുടെ വ്യക്തിത്വത്തെ വിസ്മരിക്കാനും പൂഴിയുമായിസാത്മ്യം നേടാനും തങ്ങൾ സ്വയം ഏറെറടുക്കുന്ന മാൎഗ്ഗത്തിലും പ്രത്യേക പ്രവൃത്തിമണ്ഡലത്തിലും മുഴുവൻ ശ്രദ്ധയോടെ പണിയെടുക്കാനും തയ്യാറുള്ളവരും

അനഹ്മായ അവകാശവിശേഷങ്ങൾക്കോ ഉല്ലാസങ്ങൾക്കോ വേണ്ടി മോഹിക്കുന്നവരും ആയിരിക്കണം. അലസവും വന്ധ്യവുമായ മനസ്സിന്റെ രോഗമാണ് സ്വപ്നസഞ്ചാരം. അതിന് ഫലപ്രദമായ ഒരു ചികിത്സ കണ്ടുപിടിക്കാനുള്ള ഗവേഷണത്തിൽ ഏപ്പെട്ടിരിക്കയാണ് നവഭാരതം. ആ കണ്ടുപിടിത്തത്തിന് ഇനി വളരെ വൈകുകയില്ല.

## "കുററമററ കാമുകൻ"

'പരിപൂണ്ണ പുണ്യവാളൻ' കുററമററ ഒരു സന്യാസജീവിതം നയിച്ചിരുന്നുവെന്നു പറയപ്പെടുന്നു. ജീവിതകാലമത്രയും വസ്തുതകളുടെ പിന്നിലുള്ള പരമാത്ഥമെന്തെന്ന് അന്വേഷിച്ചും ചർച്ചചെയ്തും കഴിച്ചുകൂട്ടുകയും ചെയ്തു. നേരേമറിച്ച് ഒമാർ എന്ന പിശാചാകട്ടെ ഒരു മാതൃകാസുഖഭോഗലാലസനായി ജീവിക്കയും വിരുന്നുകളിലും സംഗീതത്തിലും മുഴുകി ജീവിതം ഒരുത്സവംപോലെ ആഘോഷിക്കയും ചെയ്തു. എങ്കിലും അത്ഭുതമെന്നു പറയട്ടെ, അവർ രണ്ടുപേരും ഏററവും നല്ല ചങ്ങാതികളായിട്ടാണ് ജീവിച്ചിരുന്നതു്. ആദ്യത്തെയാൾ, പുറത്തുനിന്നു് ആളുകൾ കടന്നുചെന്നിട്ടുള്ള ഉപദ്രവങ്ങളുണ്ടാകാതിരിക്കാൻവേണ്ടി വാതിൽ അടച്ചു് അകത്തുനിന്നു തഴുതിട്ടപ്പോൾ രണ്ടാമത്തെ ആളാകട്ടെ, അയൽക്കാരെ അവരുടെ കിടപ്പിടത്തിൽനിന്നു സമയഭേദം ഗണിക്കാതെ വലിച്ചെഴുന്നേല്പിച്ചു് വിരുന്നൂട്ടുകയും സദിരിൽ പങ്കെടുപ്പിക്കയും ചെയ്തു് കണക്കില്ലാതെ രസിപ്പിച്ചിരുന്നു.

ഈ അസാധാരണബന്ധം ഏറെക്കാലം തുടരാൻ കഴിയുമായിരുന്നില്ല. സംഭവങ്ങളെ നിയന്ത്രിക്കുന്ന ദിവ്യശക്തി ഉയരെയുള്ള തൻെറ സിംഹാസനത്തിലിരുന്നുകൊണ്ടു് ഒടുവിൽ അവരെ മടക്കിവിളിച്ചു. പരിപൂണ്ണപുണ്യവാളനും ഒമാർ പിശാചും ആ തിരുസന്നിധിയിൽ കൈകെട്ടി ഓച്ഛാനിച്ചു നിന്നു. ചുവട്ടിലെ ലോകത്തിലെ തങ്ങളുടെ സംഭവബഹുലമായ ജീവിതത്തെപ്പററിയുള്ള വിധി കേൾക്കാൻ അവർ ഉൽക്കണ്ഠിതരായി കാത്തുനില്ക്കുകയാണു്.

"പരിപൂർണ്ണതേ, നിന്നെ ഞാൻ മനുഷ്യരുടെ ലോകത്തിലേക്കയച്ചതു് എൻെറ പ്രതിച്ഛായയായി അവിടെ ജീവിക്കാനാണു്. നീ എന്തുചെയ്തു? വ്യക്തമായ ഒരു വിവരണം തരൂ, കേൾക്കട്ടെ." വിദൂരസമുദ്രത്തിൻെറ അഗാധതലങ്ങളെ പിളർന്നുകൊണ്ടുയർന്നുവരുന്നമാതിരി സ്ഫുടഗംഭീരമായ ശബ്ദത്തിൽ ചോദ്യം മുഴങ്ങി.

"പ്രഭോ, അവിടുന്നു് എന്നെ ചുവട്ടിലുള്ള ലോകത്തിലേക്കു നിയോഗിച്ച ദിവസംമുതൽ ദൃഷ്ടിപഥത്തിൽപ്പെട്ട എല്ലാററിലും ഞാൻ അവിടുത്തെ രൂപസാദൃശ്യം തേടി നോക്കിയിരുന്നു. ഞാൻ ചിറകുള്ള മാലാഖമാരെ അന്വേഷിച്ചു. പക്ഷേ, ഫലമോ, ജയിലറകളിൽ അടച്ചുപ്പെട്ടുകയായിരുന്നു. പ്രഭോ, ഞാൻ ഉറപ്പുപറയാം. നൈമിഷികമായ ഒരു മറവിക്കധീനനായിപ്പോലും ഞാൻ എൻെറ പ്രേമം ഒരു പുരുഷന്നോ സ്ത്രീക്കോ നൽകിയിട്ടില്ല. ഹാ! പൈശാചികതത്തിൻെറ മൂർത്തിമദ്ഭാവമായ മനുഷ്യവംശം അപശപ്തമത്രെ. ഈ വിനീതദാസനെ അവിടുന്നു് എന്തിനീ ശിക്ഷയ്ക്കധീനനാക്കി? അങ്ങു് എന്നെ ഏല്പിച്ച പ്രേമപേടകം തുറക്കാതെ അപ്പാടേ ഞാൻ മടക്കിക്കൊണ്ടുവന്നിട്ടുണ്ടു്. ദയവുചെയ്തു് രണ്ടാമതൊരു പ്രാവശ്യംകൂടെ എന്നെ ഈ പേടിസ്വപ്നത്തിനു വിധേയനാക്കരുതേ." ഇങ്ങനെ പറഞ്ഞുകൊണ്ടു് പരിപൂർണ്ണ പുണ്യവാളൻ ജഗന്നിയന്താവിൻെറ ചരണാംബുജങ്ങളിൽ വീണു വിലപിക്കാനാരംഭിച്ചു.

"ഇനി, ഒമാർ, നീയെന്തുചെയ്തു എന്നു കേൾക്കട്ടെ."

"പ്രഭോ," വിറപൂണ്ടും വിക്കിക്കൊണ്ടും ഒമാർ പറഞ്ഞു, "ഞാൻ ചെയ്തതിനെല്ലാം എന്നോടു ക്ഷമിക്കേണമേ. ഞാൻ ഇനി ഇതാവർത്തിക്കുന്നതല്ല എന്നു് ഉറപ്പിച്ചു പറയുന്നു. ചുവട്ടിലുള്ള ലോകം സസ്യശ്യാമളകോമളമാണു്; വർണ്ണശബളമായ ചക്രവാളത്തിനുയരെ ഹിമപാളികളയച്ച നീരദമാലകൾ നിരനിരയായിത്തിളങ്ങുന്നു; അവിടെ ഞാൻ അങ്ങയെ വിസ്മരിച്ചുകൊണ്ടു് ഒരു ജീവിതകാലം മുഴുവൻ ആനന്ദമത്തരും പാപികളുമായ പുരുഷന്മാരും സ്ത്രീകളുമൊത്തു് തിന്നും കുടിച്ചും പാട്ടുപാടിയും കഴിച്ചു. ഞാൻ എന്നെത്തന്നെയും മറന്നു."

"നീ ചെയ്തതു് ഗൗരവമുള്ള പാപമാണു്. നീ ശരിക്കും

പിശാചിൻെറ അവതാരംതന്നെ. നന്നായി പെരുമാറിക്കൊള്ളാമെന്നു നീ ഉറപ്പുതരാത്തപക്ഷം നിന്നെ ഞാൻ നിത്യനരകത്തിലേക്കു് അയച്ചു ശിക്ഷിക്കുന്നതാണു്.'' പുണ്യപിതാവു കല്പിച്ചു.

"പ്രഭോ, അപ്പോൾ എന്നെ അവിടുന്നു് സ്വർഗ്ഗത്തിലേക്കായിരിക്കുമല്ലൊ അയയ്ക്കുന്നതു്?'' പരിപൂർണ്ണപുണ്യവാളൻ ഇടയ്ക്കുകടന്നു ചോദിച്ചു.

"അതെ. പൂർണ്ണതേ, നീ ഒരു പുണ്യവാളൻ എന്ന നിലയിൽ ഏററവും മഹോന്നതസ്ഥാനം നേടിയിരിക്കുന്നു. സ്വർഗ്ഗക്ഷേത്രത്തിൽ നിനക്കു നിത്യമോക്ഷം ഞാൻ നൽകുന്നു. അവിടെ നിനക്കു മനുഷ്യരെ, സ്ത്രീകളെയാകട്ടെ പുരുഷന്മാരെയാകട്ടെ, അഭിമുഖീകരിക്കേണ്ടിവരികയില്ല. ചിറകുള്ള മാലാഖമാർ, ആകാശത്തിൽ നക്ഷത്രങ്ങളെന്നപോലെ, നിൻ്റെ ചുററും പറന്നുനടക്കും. ആ ശബ്ദരഹിതരാജ്യത്തിലെ സർവ്വാധിപതി നീയായിരിക്കും. പുരുഷൻെറയോ സ്ത്രീയുടെയോ ശബ്ദം മേലാൽ ഒരിക്കലും നിന്നെ അലോസരപ്പെടുത്തുകയില്ല.'' പരിപൂർണ്ണപുണ്യവാളൻ ആനന്ദാശ്രുക്കൾ പൊഴിച്ചു.

"സദ്ധർമ്മനിരതമായ ജീവിതത്തിനു് അങ്ങു് പുണ്യവാന്മാർക്കു നൽകുന്ന സ്വർഗ്ഗം ഇങ്ങനെയുള്ളതാണോ പിതാവേ? എങ്കിൽ, നരകം എങ്ങനെയിരിക്കുമെന്നുകൂടെ അരുളിച്ചെയ്യേണമേ.'' പിശാചായ ഒമാർ ഉച്ചത്തിൽ ആവശ്യപ്പെട്ടു.

"ദുഷ്ടരായ പുരുഷന്മാരെയും സ്ത്രീകളെയുംകൊണ്ടു നിറഞ്ഞ ചുവട്ടിലെ ലോകം. നിനക്കിഷ്ടമെങ്കിൽ, നരച്ചുപതയുന്ന അതിൽ മജ്ജനോന്മജ്ജനം ചെയ്തു കുടിച്ചു മരിക്കു്.''

"എങ്കിൽ എന്നെ ആ നരകത്തിൽ സ്ഥിരമായി കിടക്കുമാറു ശിക്ഷിക്കണേ. എനിക്കു് ഒരു നിമിഷംപോലും നില്ക്കാൻ ക്ഷമയില്ല.'' പിശാചായ ഒമാർ ഒരു ഞെട്ടലോടെ വിളിച്ചുപറഞ്ഞു.

യുഗങ്ങൾ നീന്തി നീങ്ങി. പിൽക്കാലപുരാതത്വഗവേഷകർ വസ്തുതകളുടെ പിന്നിലുള്ള അർത്ഥമെന്തെന്നന്വേഷിച്ചു് തകർന്നടിഞ്ഞ പ്രപഞ്ചത്തിൻെറ അവശേഷങ്ങൾക്കിടയിൽ കുഴിച്ചുനോക്കി. ചിറകുള്ള മാലാഖമാരുടെയും പ്രാണികൾ കരണ്ട ശീട്ടിൻെറയും ദ്രവിച്ച അവശേഷങ്ങൾ മാത്രമേ

അവർക്ക് കണ്ടുകിട്ടിയുള്ളു. അവിടെ കാണപ്പെട്ട ലിഖിതത്തിലെ വിചിത്രാക്ഷരങ്ങൾ പ്രയാസപ്പെട്ട് നോക്കി മനസ്സിലാക്കിയപ്പോൾ ഇങ്ങനെ വായിക്കാൻ കഴിഞ്ഞു:

"പൂർണ്ണതയുടെ പിന്നാലെ ഉഴറിനടന്ന പരിപൂർണ്ണപുണ്യവാളനായ ഞാൻ, ആകെ എന്നോടുതന്നെ തോന്നിയ മടുപ്പുകൊണ്ട് ചിറകുള്ള മാലാഖമാരുടെ വംശത്തെ മുഴവൻ കൊലപ്പെടുത്തിപ്പോയ പാപത്തിന്റെ ഉപശാന്തിക്കായി സ്വയം സ്വീകരിച്ച ശിക്ഷാവിധിപ്രകാരം തൂങ്ങിമരിക്കുകയാണ്. ഞാൻ സ്വർഗ്ഗത്തെ രക്തപങ്കിലമാക്കി. പ്രഭോ, എന്റെ ഈ ഒടുവിലത്തെ പാപത്തിന് എന്നോട് ക്ഷമിച്ച്, പിശാചായ ഒമാറിനോടൊപ്പം കഴിയാൻ എനിക്ക് ഒരു പ്രാവശ്യംകൂടെ അവസരം തരേണമേ."

തുടന്ന് ശാസ്ത്രജ്ഞന്മാർ കോസ്മിക് പാരച്യൂട്ടുകൾവഴി ചുവട്ടിലുള്ള മനുഷ്യരുടെ ലോകത്തിലേക്കു പോന്നു. അവർ എന്താണു കണ്ടത്? പിശാചായ ഒമാർ എന്നുമെന്നപോലെ തന്റെ കൂട്ടരുമൊത്ത്, ജീവിതത്തിലെ 'അതെ'കളെയും 'അല്ല'കളെയും ഗൗനിക്കാതെ ജീവിക്കുന്നു. അടുത്തൊരു ആൽവൃക്ഷത്തണലിൽ പ്രേതസന്നിഭമായ ചുക്കിച്ചുളിഞ്ഞ മുഖത്തോടെ ഒരസ്ഥികൂടം മുട്ടിന്മേൽ നിന്നു് ഇടതടവില്ലാതെ പ്രാർത്ഥിക്കയാണ്, "പ്രഭോ, എനിക്കു വീണ്ടും ഇവിടെത്തന്നെ ജന്മം നൽകേണമേ."

## എന്റെ മനസ്സിലുള്ള മാതൃക

ഒരിക്കൽ ഒരു രാജാവുണ്ടായിരുന്നു—ശക്തനായ രാജാവ്. അദ്ദേഹത്തിന്റെ രാജ്യത്തിലെ ഒരു സന്യാസിയെപ്പറ്റി പലവിധം കഥകൾ ദൂരെദൂരെയുള്ള വിദേശങ്ങളിൽപ്പോലും പരന്നു. ജിജ്ഞാസാപ്രേരിതനായ രാജാവ് ഒടുവിൽ തീരുമാനിച്ചു, സന്യാസിയെ അദ്ദേഹത്തിന്റെ വാസസ്ഥലത്തു ചെന്നു സന്ദർശിച്ചുകളയാമെന്ന്. അവിടെച്ചെന്നപ്പോഴോ, ആശ്രമത്തിനുപകരം ജനനിബിഡമായ ഒരു വലിയ ഗ്രാമത്തിൽ, സന്യാസിയെന്നു പറയപ്പെടുന്നയാൾ രാജാവിനെപ്പോലെ ഭരണം നടത്തുന്ന കാഴ്ചയാണു കണ്ടത്. വളരെ

പണം ചെലവുചെയ്തു് അലങ്കാരപ്പണികളോടുകൂടി നിർമ്മിച്ച കൊട്ടാരങ്ങൾ, വലിയ ധാന്യപ്പുരകൾ, വയലുഴുന്ന യന്ത്രക്കലപ്പകൾ, ഒട്ടധികം ഭൃത്യന്മാർ, എല്ലാം സന്യാസിയുടെ അധീനത്തിൽ! "മഹാത്മാവേ, ഇതെന്തുതരം സന്യാസിവാടമാണു്?" അമ്പരന്നുപോയ രാജാവു ചോദിച്ചു. "ഞാൻ മഹാത്മാവല്ല തിരുമേനി; ഒരു സാധാരണ സന്യാസിമാത്രം—ഒരു സാധാരണ സന്യാസി. പാവപ്പെട്ട സാധാരണക്കാരുടെ ഒരു ഗ്രാമമാണിതു്. അവർക്കുവേണ്ടി ദൈവത്തിൻെറ കലവറയിൽനിന്നു് എൻെറ വിനീതമായ രീതിയിൽ അല്പം ആമോദം സംഭരിച്ചു കൊടുക്കാനാണു് എൻെറ ശ്രമം."

"അപ്പോൾ പിന്നെ രാജാവായ ഞാനും സന്യാസിയായ അവിടുന്നും തമ്മിൽ എന്താണു വ്യത്യാസം?" രാജാവു് അത്ഭുതപ്പെട്ടു. "വ്യത്യാസം മൗലികകാര്യങ്ങളിലാണു്, തിരുമേനി, ഞാൻ അതു വിശദീകരിക്കേണ്ടതെങ്ങനെയാണു്; വാക്കുകൾ കൊണ്ടു വിവരിക്കണോ, അതോ പ്രവൃത്തികൾകൊണ്ടു് ഉദാഹരിക്കണമോ?" "പ്രവൃത്തികളാകട്ടെ," ജിജ്ഞാസാഭരിതനായ രാജാവു പറഞ്ഞു. സന്യാസി തൻെറ സഹായികളിൽ പ്രധാനിയെ വിളിച്ചു് ആ കൃഷിയിടത്തിൻെറ താക്കോൽ ഏല്പിച്ചുകൊടുത്തുകൊണ്ടു പറഞ്ഞു: "മകനേ, എൻെറ ജോലി അവസാനിച്ചു. ഇനി നിങ്ങൾ തുടന്നുകൊള്ളുവിൻ. നിങ്ങളെ ഈശ്വരൻ അനുഗ്രഹിക്കട്ടെ." ഇത്രയും പറഞ്ഞു് സന്യാസി അവിടെനിന്നു പോയി; എന്നേക്കുമായി പോയി, വിദൂരചക്രവാളത്തെ ലക്ഷ്യമാക്കിക്കൊണ്ടു്. രാജാവു് അത്ഭുതസ്തബ്ധനായി അവിടെ നോക്കിനിന്നുപോയി.

രണ്ടായിരം വർഷങ്ങളോ, അതിലധികമോ ആയിട്ടുണ്ടു്, ഈ ലോകജീവിതത്തിൻെറ നിഷ്പ്രയോജനതയെയും, ചോദ്യം ചെയ്യാൻ മുതിരാത്ത അനുഗൃഹീതക്കായി അതീതജീവിതത്തിൽ കാത്തിരിക്കുന്ന നിത്യമോക്ഷത്തെയും പററി ഇന്ത്യയിൽ പഠിപ്പിക്കപ്പെട്ടുതുടങ്ങിയിട്ടു്. ആ പാഠനം അത്ര സമ്പൂർണ്ണമാകയാൽ ഇന്നു കൊള്ളരുതായ്മയും മാത്സര്യവും ഏററവും ഉൽകൃഷ്ടമായ സൽഗുണങ്ങളായി ഗണിക്കപ്പെടുന്നു; എല്ലാ പൗരുഷഗുണങ്ങളും ഹീനമായ കുററങ്ങളായി കരുതപ്പെടുന്നു. നാം നിൽക്കുമ്പോൾ അർദ്ധസുഷുപ്തിയിലാണു്; ഉറങ്ങുമ്പോഴാ

കട്ടെ, നമ്മുടെ പാപങ്ങളെന്നു വിളിക്കപ്പെട്ടുന്നവയെപ്പററിയുള്ള വിചാരംകൊണ്ടു് അർദ്ധജാഗ്രദവസ്ഥയിലുമാണു്. വേശ്യാവൃത്തിക്കാരിയായ ഒരു വൃദ്ധ കൈയിൽ ജപമാലയുമേന്തി നടന്നാൽ ഉടനെ ഭിക്ഷുണിയായി; വേദമോതുകയും കീർത്തനമുരുവിടുകയും ചെയ്യുന്ന മറയൻ ദൈവത്തിൻെറ സ്വന്തക്കാരനായും പരിഗണിക്കപ്പെടുന്നു.

ഈ ദൈവദൂഷണനമവസാനിപ്പിക്കാൻ എന്താണൊരു മാർഗ്ഗമെന്നതിനെപ്പററിയുള്ള വെളിച്ചം കിട്ടാൻവേണ്ടി ഞാൻ അനേകം പകലും രാത്രിയും ഈശ്വരനോടു പ്രാർത്ഥിച്ചു. എനിക്കു കല്പന ലഭിച്ചിരിക്കുന്നു എന്നു പറയാൻ സന്തോഷമുണ്ടു്. ഈ മറയന്മാർക്കും വിദൂഷകന്മാർക്കും കപടവേഷധാരികൾക്കും കൈയെത്താത്ത ദൂരത്തിൽ അല്പകാലം അവധിയെടുത്തു വിശ്രമിക്കാൻ ദൈവം അഭിലഷിക്കുന്നു. ഭൂമിയിലുള്ള തൻെറ മക്കൾ തങ്ങളുടെതന്നെ മായയിൽ ഭ്രമിച്ചുപോകരുതെന്നും ലോകത്തിൽ സമൃദ്ധമായിരിക്കുന്ന പ്രയത്നം, സ്നേഹം, കണ്ണുനീർ, എന്നിവയിലൂടെ സ്വയം ആത്മവത്തയിൽനിന്നുയരണമെന്നും അദ്ദേഹം ആഗ്രഹിക്കുന്നു. അവർ കള്ളംപറയാൻ പാടില്ല എന്നതുമാത്രമാണു് അദ്ദേഹം നിർബന്ധമായി ആവശ്യപ്പെടുന്നതു്.

മദ്ധ്യവേനൽമാസങ്ങളിൽ അന്തരീക്ഷം അഗ്നിതുല്യമായ ചൂടു വമിച്ചുകൊണ്ടിരിക്കുമ്പോൾ മോരുവെള്ളം ജീവസന്ദായകമായ അമൃതത്തിനു തുല്യമായിരിക്കുന്നു. മഴക്കാലത്താകട്ടെ, അതു വളരെ ദോഷം ചെയ്യുമെന്നുമാണു് പറയപ്പെടുന്നതു്. മഞ്ഞുകാലങ്ങളിൽ ശീതക്കാററടിക്കുമ്പോൾ ശരീരത്തിൻെറ ബലം പരിരക്ഷിച്ചുകൊണ്ടുപോകാൻ മാംസാഹാരം ഉപയോഗപ്പെടും. വേനൽക്കാലത്താകട്ടെ, അതു് സൂര്യാതപാഘാതത്തിനു് (Sunstroke) കാരണമാകുന്നു. നന്മകളെന്നും തിന്മകളെന്നും പറയുന്നതു് ആപേക്ഷികമാണു്. അവയെപ്പററിയുള്ള സങ്കല്പം ഓരോകാലത്തും മാറിക്കൊണ്ടിരിക്കും. ഏററവും പ്രധാനപ്പെട്ട കാര്യം ജീവിതമാണു്. ജീവിതത്തെ പുരോഗമിപ്പിക്കുന്നതു നന്മയാണു്; ജീവിതത്തെ അധോഗതിയിലാക്കുന്നതു തിന്മയും.

രണ്ടായിരം വർഷം നീണ്ടുനിന്ന കറപ്പിൻെറ മയക്ക

ത്തിൽനിന്നു് അതികായൻ ഉണ്ണന്നെഴുന്നേല്ക്കുകയാണു്. കൊള്ളരുതാത്തവരെയും പോക്കററടിക്കാരെയും പരോപജീവികളായിത്തുടരാൻ അയാൾ അനുവദിക്കയില്ല. ഇന്നത്തെ മാതൃക, ഗാമായുടെ ശരീരശേഷിയും ചാണക്യൻെറ ബുദ്ധിവൈഭവവും വിവേകാനന്ദൻെറ ആത്മചൈതന്യവും ഒത്തുചേൎന്ന മനുഷ്യനാണു്. രാക്ഷസീയമായ കൊടുങ്കാററിനെപ്പോലെ നിർദ്ദയനായിരിക്കണം അയാൾ. സ്നേഹമയിയായ മാതാവിനെപ്പോലെ കാരുണ്യവായ്പുള്ളയാളുമായിരിക്കണം. തീവ്രമായി സ്നേഹിക്കുന്ന ഭൎത്താവും സ്നേഹനിധിയായ പിതാവും സഹാനുഭൂതിനിറഞ്ഞ സ്നേഹിതനും ഭയങ്കരനായ ശത്രുവും എല്ലാം സമ്യക്കാംവിധം സമ്മേളിച്ചിരിക്കണം അയാളിൽ. എങ്കിലും അയാൾ എല്ലാററിനും അതീതനുമായിരിക്കണം. സ്വന്തം നന്മകളേയും തിന്മകളേയും നിയന്ത്രണത്തിൽ നിറുത്താനും സ്വയം സ്വീകരിക്കുന്ന തീരുമാനങ്ങളനുസരിച്ചു പ്രവൎത്തിക്കാൻ സൎവ്വകരണങ്ങളേയും സദാ സന്നദ്ധമാക്കി വച്ചുകൊണ്ടിരിക്കാനും കഴിയുന്നവനായിരിക്കണം.

തന്നിലെ പിശാചിനെയും പുണ്യവാളനെയും പൊതുലക്ഷ്യത്തിനുവേണ്ടി ഒന്നായി ഉപയോഗിക്കാൻ കഴിയുമാറു് ഉൽഗ്രഥിച്ചു പാകപ്പെട്ടുത്തിയിട്ടുള്ളവനും, ജീവിതത്തിലും അതു നൽകുന്ന അനവസാനമായ സംഭാവനകളിലും വിശ്വസിക്കുന്നവനും, ഒന്നും നിഷേധിക്കാത്തവനും, ജീവിതത്തിന്റെ പൂൎണ്ണാനുഭവത്തിനോ അതിൽ അപ്പോഴപ്പോൾ ചെയ്യേതീക്കേണ്ട കാൎയ്യങ്ങൾക്കോ ബാധകമാകാത്തവിധം എല്ലാ നിയന്ത്രണങ്ങൾക്കും അതീതനും ആയവനാണു് ഇന്നത്തെ മാതൃക— ജീവിതത്തിൻെറമേൽ അധികാരം നേടിയിട്ടുള്ള ശില്പിയും നൎത്തകനും. ജീവിതത്തെ ഒരു ജേതാവിന്റെ നിലയിൽ അഭിമുഖീകരിക്കാനുള്ള അദമ്യമായ ആഗ്രഹത്താൽ നയിക്കപ്പെട്ടുന്ന കരുത്തരായ സ്ത്രീകളും പുരുഷന്മാരുമായിരിക്കണം പുതിയ പൗരവൎഗ്ഗമെന്നും, ദൈവത്തെ ശല്യംചെയ്യാതെ കുറേക്കാലത്തേക്കെങ്കിലും അത്യുന്നതങ്ങളിലെ സിംഹാസനത്തിൽ വിശ്രമിക്കാനനുവദിച്ചുകൊണ്ടു് ജീവിതത്തെ അതിൻെറ ഊറൽവരെ ഊററിക്കുടിക്കാൻ തയ്യാറായിരിക്കണം അവരെന്നുമാണു് കല്പന.

III

# ഒന്നും മുടക്കാതെ വല്ലതും നേടുക

ഉള്ളി തൊലിക്കുമ്പോൾ തൊലിമാത്രമാണു് ഇളകിപ്പോരുന്നതു്; പൊളിച്ചുപൊളിച്ചുവരുമ്പോഴോ, ഒന്നും ശേഷിക്കുന്നില്ല. ശിശു കളിപ്പാട്ടംകൊണ്ടു കളിക്കുന്നു; ചിത്രശലഭങ്ങളുടെ പിന്നാലെ ഓടുന്നു; ജീവിതത്തിലെ അത്ഭുതങ്ങളെന്നു കരുതിയ അവയൊക്കെക്കൊണ്ടു കളിക്കാനുള്ള പ്രായത്തെ അതിക്രമിച്ചു് പള്ളിക്കൂടത്തിലെത്തുന്നു; രണ്ടും രണ്ടും ചേർന്നാൽ നാലാണെന്നും, ഒരുറുപ്പിക പതിനാറണയാണെന്നും, അതു കൊടുത്താൽ എത്ര ചോക്കലേററു കിട്ടുമെന്നും, തൊണ്ണൂറെറാമ്പതു് എന്നൊരു സംഖ്യയുണ്ടെന്നും, അതിനോടു് ഒന്നുകൂടെ ചേരുന്നതാണു് നൂറെന്നും ഒക്കെ പഠിക്കുന്നു.

ഉന്നതിയിലേക്കുള്ള കുറുക്കുവഴിയെന്നു ഭ്രമിക്കുന്ന പൂജ്യങ്ങളുടെ പിന്നാലെ ഭ്രാന്തമായ പാച്ചിലും, ഒരു സുഹൃത്തിൻേറയോ ജീവിതമാകുന്ന കുപ്പിയുടെ അടപ്പായി പ്രയോജനപ്പെടുന്ന പ്രേമധാമത്തിൻേറയോ രൂപത്തിൽ ആ സങ്കല്പജീവിതസഖിയെ പിടികിട്ടാൻവേണ്ടി പിൻതുടൎന്നുള്ള വേട്ടയും യൗവനത്തിൻേറ വിനോദമാണു്. അതാരംഭിക്കയാണു്. കാൎയ്യസിദ്ധിക്കുവേണ്ടി എന്തുവിലയും നൽകാൻ തയ്യാറാണു്. സിരകളിലെ രക്തത്തിനു കട്ടി വൎദ്ധിക്കയും കണ്ണിനുമുമ്പിലെ റോസ് തട്ടിയുടെ നിറം മങ്ങിത്തുടങ്ങുകയും ചെയ്യുന്നതുവരെ ഈ യാത്ര തുടരുന്നു. എന്തൊരു വലിയ ചതിയാണു് ജീവിതം! ഇത്രയൊക്കെയായിട്ടും യാത്രികൻ താൻ കബളിപ്പിക്കപ്പെട്ടുകയാണെന്നു മനസ്സിലാക്കുന്നില്ല. നേരേമറിച്ചു്, താൻ ജന്മം നൽകിയ അടുത്ത തലമുറയ്ക്കുവേണ്ടി, തനിക്കു് യഥാൎത്ഥ്യവല്ക്കരിക്കാൻ കഴിയാതിരുന്ന സ്വപ്നങ്ങളെ അയാൾ പിന്നെയും നെയ്യാൻ മുതിരുകയാണു്; എന്നിട്ടു പിൻതലത്തിലേക്കു മാറിയിരുന്നു് ഭൂതകാലത്തിലെ അനുഭവങ്ങളെ അയവിറക്കുകയും മേശപ്പുറത്തു വിളമ്പിയ സ്ററൂ കഴിച്ചു് പല്ലില്ലാത്ത വായിലെ നാക്കു നീട്ടി ചുണ്ടു് നക്കിത്തുടയ്ക്കുകയുമാണു്.

ബ്രിട്ടീഷുകാർ വന്നു, കണ്ടു, ജയിച്ചടക്കി. അവർ ദന്തഗോപുരങ്ങളിലിരുന്നുകൊണ്ടു ഭരിച്ചു. ഏകദേശം ഇരുനൂറു വർഷക്കാലം ഈ നേരമ്പോക്കു തുടർന്നുകൊണ്ടുപോകാൻ അവക്കു കഴിഞ്ഞു. എന്തുകൊണ്ടെന്നാൽ, ഈ വിദേശരാജ്യത്തിലെ ഭരണം നടത്തിക്കൊണ്ടുപോകണമെങ്കിൽ അതിനു പ്രാധാന്യം കുറഞ്ഞ പങ്കാളികളെക്കൂടെ കൂട്ടണമെന്നും, ഈ രക്തബാങ്കിൻെറ പ്രവത്തനം വിജയകരമായി പുരോഗമിക്കണമെങ്കിൽ ആ പങ്കാളികൾക്കു് ആഹാരം നൽകുകയും അവരെ പരിശീലിപ്പിച്ചെടുക്കുകയും അവക്കുവേണ്ട സംരക്ഷണം നല്കുകയും വേണമെന്നു കാണാനുള്ള ബുദ്ധി ഇംഗ്ലീഷുകാക്കുണ്ടായിരുന്നു. അവരുടെ അനുകത്താക്കളായ നാം ബാഹ്യമായ കാൎയ്യങ്ങളിൽ അവരുടെ രീതി അംഗീകരിച്ചു. പക്ഷേ, വിജ്ഞാനത്തിൽനിന്നും ഉറവെടുക്കുന്ന സത്ത നമുക്കു ലഭിക്കാതെപോയി. നമ്മുടെ സ്വീകരണമുറിയിൽ വിദേശത്തുനിന്നു വരുത്തിയ വിശേഷപ്പെട്ടതരം ആസനങ്ങളിട്ടു സജ്ജീകരിക്കയും സാധാരണ വേലക്കാരനുപകരം പിത്തളമുദ്ര പിടിപ്പിച്ച ബെൽററും താടിമീശയുമുള്ള 'ബോയ്' നിയമിക്കപ്പെട്ടുകയും, സഹോദരിയും മാതാവും സുഹൃത്തും സഹായിയുമായി സേവിച്ചിരുന്ന ഭാൎയ്യയുടെ സ്ഥാനത്തു് ചായം പുരട്ടിയതും വാർണിഷിട്ടതുമായ വൈദേശികപ്പാവമാതിരിയുള്ള പ്രദർശനവസ്തുവിനെ പ്രതിഷ്ഠിക്കയും ചെയ്തതു് രംഗത്തിൻെറ പിന്നിൽ പ്രവത്തിക്കുന്ന പിശാചിനു ചിരിക്കാൻ വകനല്കുകയേയുള്ളു.

നാം രൂപപ്പെടുത്തിയെടുത്ത കൃത്രിമലോകം പ്രയോജനകരമായ എന്തെങ്കിലും ഫലം ചെയ്യുന്നില്ല എന്നതാണു് വീട്ടിനകത്തും പുറത്തുമുള്ള ജീവിതത്തിൽ ഇന്നു നാം അനുഭവിക്കുന്ന കുഴപ്പം. വേരുകൾക്കു ശുശ്രൂഷണം നല്കാത്തതുകൊണ്ടാണു് മരം കായ്ക്കാത്തതു്. കൃഷിഭൂമികൾ വരണ്ടുകിടക്കുന്നതു് അതിൽനിന്നും നാം എടുത്തതു മടക്കിക്കൊടുക്കാത്തതുകൊണ്ടാണു്. കാളകൾ താഴ്ന്നി ഉഴാത്തതിൻെറയും പശുക്കൾ കൂടുതൽ പാൽ നല്കാത്തതിൻെറയും കാരണം, അവയെ നാം സ്വയം പ്രവത്തിച്ചുകൊള്ളുന്ന യന്ത്രങ്ങളായി കണക്കാക്കിയതാണു്. നമ്മുടെ ഭവനം ഒരു ചിത്രപ്രദശ്നശാലയാണു്. ഭാൎയ്യമാരോടും കുഞ്ഞുങ്ങളോടും സ്നേഹിതന്മാരോടുമുള്ള നമ്മുടെ സംഭാഷണ

മൊക്കെ വെറും അഭിനയമാണ്. നാം അസ്വസ്ഥരാകുന്നു; ശൂന്യത വളരുന്നു; നാം പുതിയതും കൂടുതൽ ദോഷകരവുമായ ഔഷധങ്ങൾ ഒന്നൊന്നായി കണ്ടുപിടിക്കുന്നു. ടാർടാറിക്ക് ഒഴിച്ചുകൊടുത്തിട്ട് അതിൽനിന്ന് ആസവം ലഭിക്കാൻ പ്രതീക്ഷിക്കയാണ്, നാം.

ഇങ്ങനെയാണെങ്കിലും നാടകരംഗവേദിയിൽ പരിമിതപ്പെടുത്തുന്നപക്ഷം രസിപ്പിക്കാൻ വളരെ കഴിവുണ്ട്, അഭിനയത്തിന്; ഉള്ളിയെ ഒരു മുഖ്യാഹാരമായി സങ്കല്പിക്കാതെ ആഹാരത്തിന് സ്വാദുനല്കുന്ന ഒരു ഉപദംശമായി കണക്കാക്കുമ്പോൾ അതു് ആഹാരത്തിലെ ഏററവും സ്വാദുള്ള അംശമായിത്തീരുന്നതുപോലെ. മനുഷ്യന്റെ നിർഭാഗ്യമെന്നു പറയട്ടെ, ചെമ്പിനെ സ്വർണ്ണമാക്കിയെടുക്കുന്ന രാസപരീക്ഷണത്തിനു ജീവിതത്തിൽ ഇടമില്ല; എന്നാൽ നിഴലുകളിൽ ഉണ്ടു്. പക്ഷേ, നിഴലുകൾ നിഴലുകളിലേക്കു മാത്രമേ നയിക്കൂ. പാത, പാദസ്പർശമേൽക്കാതെ കിടക്കുകയാണ്. ക്ലേശാനുഭവം ദീർഘിപ്പിക്കുവാൻതക്കവിധം ശ്രദ്ധയെ വ്യതിചലിപ്പിക്കാനാണ് അവ ഏറെവന്നാൽ ഉപയോഗപ്പെടുക. രണ്ടും രണ്ടും ചേർന്നാൽ നാലാകുമെന്നതു വാസ്തവം. പക്ഷേ, രണ്ടിൽനിന്നു രണ്ടെടുത്തുകളയുമ്പോൾ ലഭിക്കുന്നതോ, അനശ്വരമായ പൂജ്യം. മനുഷ്യൻ ഏറെവന്നാൽ ഈ ചുററിച്ചുററിയുള്ള സഞ്ചാരക്രമത്തോടെ പുറപ്പെട്ടേടത്തുതന്നെ ചെന്നെത്തിയെന്നു വരാം.

ഇന്ത്യ, വിധിനിർണ്ണായകമായ ചാട്ടം ചാടിക്കഴിഞ്ഞു. അവർക്കു നിഴലിന്റെ പിന്നാലെ പാഞ്ഞുനടക്കാൻ കൂട്ടുകയില്ല. നെല്ലും പതിരും തിരിച്ചുകാണാനുള്ള ബുദ്ധിവൈഭവം അവളുടെ പൗരന്മാർക്കു് ഉണ്ടായിവരട്ടെ. ആൽവൃക്ഷത്തിന്റെ വളർച്ച സാവധാനത്തിലാണ്. അതു് അതിന്റെ സഹജസ്വഭാവമാണ്. കുറുക്കുവഴിക്കുവേണ്ടി നാം എത്രയൊക്കെ ഉത്സാഹിച്ചാലും ആർത്തുവിളിച്ചാലും നമുക്ക് ഒഴിച്ചുകൂടാനോ ഒഴിഞ്ഞുപോകാനോ നിർവ്വാഹമില്ലാത്ത ശാശ്വതപാതയുള്ളതിന്റെ നിയമങ്ങളെപ്പററി നമുക്കു വ്യക്തമായ ധാരണയുണ്ടാകണം. അന്തിമമായ കണക്കുകൂട്ടലിൽ നാം വിതക്കുന്നതുതന്നെയാണ് വയലുകളിൽനിന്നും കൊയ്യുന്നതു്. നിഴലുകൾ വിതച്ചാൽ കൊയ്തെടുക്കുന്നതും നിഴലുകളായിരിക്കും.

നാം പ്രേമം വിതയ്ക്കുന്നുവെങ്കിൽ നമുക്കു പ്രേമധാമത്തെ നിഷേധിക്കാൻ ദൈവംപോലും മുതിരുകയില്ല. ഏതായാലും ഒരുകാര്യം വ്യക്തമാണു്; ഒന്നും വിതയ്ക്കാതെ വല്ലതും കൊയ്തെടുക്കുക സാദ്ധ്യമല്ല.

## തൊണ്ണൂററിഒമ്പതു്

ഒരിടത്തു് ഒരു ഭാര്യയും ഭർത്താവുമുണ്ടായിരുന്നു; അവൎക്കു താമസിക്കാൻ ഒരു കൊട്ടാരവും. കുഴൽവെള്ളം തുറന്നുവിട്ടതുമാതിരിയാണു് അവൎക്കു പണം കിട്ടിക്കൊണ്ടിരുന്നതു്. കുട്ടികളില്ല; മററു പ്രാരബ്ധങ്ങളുമില്ല. പ്രത്യക്ഷത്തിൽ അവർ സ്വൎഗ്ഗസുഖമനുഭവിക്കയാണു്. പക്ഷേ, ആ ഭർത്താവിനും ഭാര്യയ്ക്കും തൃപ്തിയുണ്ടായിരുന്നില്ല. പകലന്തിയാവോളം അവർ ശപിച്ചും മുറുമുറുത്തും കഴിച്ചുകൂട്ടും; സാമാനങ്ങളുടെ വിലക്കയററത്തെച്ചൊല്ലി, മനുഷ്യരുടെ സ്വാൎത്ഥബുദ്ധിയെപ്പററി, അനുവദിച്ചതിൽ കൂടുതലായി ഒരു ചപ്പാത്തി വേലക്കാരൻ സൂത്രത്തിൽ ആഹരിച്ചുകളഞ്ഞതിനെപ്പററി ഒക്കെയാണു് പരാതി. അവരിൽ ഒരാൾക്കുവേണ്ടി കൂടുതലായി ഇഷ്ടപ്പെട്ട പലഹാരങ്ങളോ മറേറാ വാങ്ങിയതിനെച്ചൊല്ലിയും അവർ തമ്മിൽ ശണ്ഠകൂടിയിരുന്നു.

ഈ സമ്പന്നകുടുംബത്തിൻെറ കൊട്ടാരത്തോടുചേൎന്നുതന്നെ ഒരു മരംവെട്ടുകാരനും കുടുംബവും താമസിച്ചിരുന്നു; ഭർത്താവും ഭാര്യയും അരഡസൻ അർദ്ധനഗ്നരായ കുഞ്ഞുങ്ങളും. പൊളിഞ്ഞുവീഴാറായ ഒരു മൺകുടിലായിരുന്നു, അവരുടേതു്. ഭർത്താവു് പകൽസമയം മുഴുവൻ വിറകു ശേഖരിച്ചുകൊണ്ടു കാട്ടിൽ കഴിച്ചുകൂട്ടും. ഏതാണ്ടു് സൂര്യാസ്തമനമാകുമ്പോഴേക്കു് അന്നത്തെ ആഹാരത്തിനുള്ള സാധനങ്ങൾ ചന്തയിൽ നിന്നു വാങ്ങിക്കൊണ്ടു് അയാൾ മടങ്ങിയെത്തും. ആകാശത്തിൽ തെളിഞ്ഞുനിൽക്കുന്ന നക്ഷത്രങ്ങളുടെയും അടുപ്പിലെ തീയുടെയും വെളിച്ചത്തിൽ ആ ഭാര്യയും ഭർത്താവും കുടിലിന്റെ മുററത്തിരിക്കും. പ്രപഞ്ചത്തെ ശിരസ്സിൽ വഹിക്കുന്ന സൎപ്പത്തെപ്പററിയും ഗജാനനനായ ഗണേശനെപ്പററിയും മററു

മുള്ള കഥകൾ ആ പിതാവു പറഞ്ഞുകേൾപ്പിക്കും. അച്ഛനും അമ്മയും മക്കളും ചേൎന്ന് രാമായണത്തിലെ പദ്യങ്ങൾ ഗാനം ചെയ്യും. ആ കുടിലിൽ വഴക്കില്ല, പരാതിയില്ല; കാവലിരിക്കാൻ വിഭവങ്ങളില്ല; യായാവരജീവിതത്തിൻെറ സുഗമതയോടെ ജീവിതം നീങ്ങിക്കൊണ്ടിരിക്കുന്നു. "ഈ കൂട്ടർ കീറമുണ്ടുടുത്ത് ദാരിദ്ര്യത്തിൽ കഴിഞ്ഞിട്ടും പരിസരം മുഴുവൻ അവരുടെ ചിരിമുഴക്കംകൊണ്ടു നിറഞ്ഞുനില്ക്കുന്നല്ലൊ. ഇതു വളരെ അസാധാരണമായിരിക്കുന്നു. ഈ അത്ഭുതത്തിൻെറ കാരണമെന്തായിരിക്കാം?" കൊടിയ ശണ്ഠനിറഞ്ഞ ഒരു ദിനത്തിൻെറ അന്ത്യത്തിൽ സൎവ്വത്ര വെറുപ്പോടെ ആ ധനികയായ ഭാൎയ്യ, ഭൎത്താവിനോടന്വേഷിച്ചു. "നിനക്കു നേരമ്പോക്കു കാണണോ? എന്നാൽ കാണിച്ചുതരാം. നോക്കിക്കോ." അക്ഷമനായ ആ ഭൎത്താവു പ്രതിവചിച്ചു.

പ്രഭാതം പൊട്ടിവിടരുന്നതിൻെറ അരണ്ട വെളിച്ചം. ഉയൎന്നുവരുന്ന സൂൎയ്യൻെറ അരുണകിരണസ്പർശമേററ് കിഴക്കെ ചക്രവാളം ഉണൎന്നെഴുന്നേല്ക്കുകയാണ്. വിറകുവെട്ടുകാരൻെറ ഭാൎയ്യ മുററത്തു ചാണകം കലക്കി മെഴുകിത്തുടങ്ങി. അതാ, മുററത്തിൻെറ കോണിൽ ഒരു ചെറിയ സഞ്ചിയിരിക്കുന്നു! എടുത്തുനോക്കിയപ്പോൾ അതിനുള്ളിൽ നാണയക്കിലുക്കം. സൂൎയ്യഭഗവാൻ തങ്ങളുടെ കുടുംബത്തിനു നൽകിയ പുതിയ അനുഗ്രഹത്തെപ്പററിയുള്ള അത്ഭുതവാൎത്ത ഭൎത്താവിനെ അറിയിക്കാനുള്ള വെമ്പലോടെ അവൾ വീട്ടിനകത്തേക്കു് ഓടി. ഭൎത്താവു് സഞ്ചിതുറന്നു നാണയങ്ങൾ എണ്ണിനോക്കി. മിന്നിത്തിളങ്ങുന്ന തൊണ്ണൂററിഒമ്പതെണ്ണം. "തൊണ്ണൂറെറാമ്പതൊ? അപ്പോൾ അതെത്രയാണു്?" ഉദ്വേഗംകൊണ്ടു വിറയാൎന്ന സ്വരത്തിൽ ഭാൎയ്യ ചോദിച്ചു. പണ്ഡിതനായ ഭൎത്താവു പറഞ്ഞു, "നൂറിനു് ഒന്നു കുറവു്." "നൂറെന്നു പറഞ്ഞാലോ?" ഭാൎയ്യ വീണ്ടും ചോദിച്ചു. "ഒന്നിനോടു് ഒരു പൂജ്യം ചേൎന്നാൽ പത്തായി; ഒരു പൂജ്യംകൂടെയാകുമ്പോൾ നൂറു്." ഇതു പറഞ്ഞു് തൻെറ അറിവിൻെറ പ്രതീകമായ മേൽമീശയിൽ ഒന്നു തെരുപ്പിടിച്ചു പരിച്ചുവച്ചു, ആ വിറകുവെട്ടുകാരൻ. "പക്ഷേ, നിങ്ങൾ പറഞ്ഞതു് നൂറിൽനിന്നു് ഒന്നു കുറവാണു് തൊണ്ണൂറെറാമ്പതു് എന്നല്ലേ? നിങ്ങളുടെ കണക്കനുസ

രിച്ചാണെങ്കിൽ നൂറിൽനിന്നു് ഒന്നു പോയാൽ പിന്നെ രണ്ടു പൂജ്യമല്ലേ ബാക്കിവരൂ.'' ആകെ ചിന്താക്കുഴപ്പത്തിലായ ഭാര്യ പറഞ്ഞു. ''എടീ മറയിപ്പെണ്ണുമ്പ്രന്നോരെ, ഇതൊക്കെ കണക്കുശാസ്ത്രത്തിലെ കുഴഞ്ഞ കാര്യങ്ങളാണു്. പൂജ്യത്തിൻെറ അർത്ഥവും അതുപയോഗിച്ചു ലക്ഷങ്ങൾ സൃഷ്ടിക്കുന്നതുമൊക്കെ എങ്ങനെയെന്നറിയണമെങ്കിൽ എന്നെപ്പോലെ നീണ്ട നാലുകൊല്ലക്കാലം സ്ക്കൂളിൽ ചേർന്നു പഠിക്കണം.'' ഈ സരളമായ യുക്തി, ഭാര്യക്കു പിടികിട്ടിയില്ല. ''പള്ളിക്കൂടത്തിൽ പഠിച്ചതുകൊണ്ടു നിങ്ങൾക്കു് അത്രയൊക്കെ അറിവുണ്ടായെങ്കിൽപ്പിന്നെ നമ്മളെന്തിനാണു് ഇത്ര കഷ്ടിപിഷ്ടിയായിട്ടു ജീവിക്കുന്നതു്? നമുക്കും എന്തുകൊണ്ടു നമ്മുടെ പണക്കാരായ അയൽക്കാരെപ്പോലെ നല്ല ഒരു കൊട്ടാരം പണിയിച്ചു് ധാരാളം വേലക്കാരെയുമൊക്കെ ഏർപ്പെടുത്തി സുഖമായി ജീവിച്ചുകൂടാ? നൂറു തികയാൻ വേണമെന്നു പറയുന്ന ആ ഒററ നാണയം നിങ്ങൾ സമ്പാദിക്കൂ. ഞാൻ അതുകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളാം.''

തൊണ്ണൂററിഒമ്പതിൻെറ കളി ആരംഭിച്ചു. അതോടെ ആ മൺകുടിലിലെ രംഗവും ആകെ മാറി. നൂറു് വേഗം തികഞ്ഞു് അടുത്ത പൂജ്യം ചേർക്കുന്നതിനുള്ള ഭ്രാന്തമായ പാച്ചിലായി, തുടന്നു്. വേണ്ടത്ര പണിയെടുക്കുന്നില്ലെന്നു പറഞ്ഞു് ഭാര്യ ഭർത്താവിനെ കുററപ്പെടുത്തിത്തുടങ്ങി. വീട്ടുചെലവിനു് ആവശ്യത്തിലധികം തുക ഭാര്യ ചെലവാക്കുന്നുവെന്നു ഭർത്താവും പരാതിയുയർത്തി. കുട്ടികളെ—ഏററവും ഇളയതിനെപ്പോലും—അന്യരുടെ വീട്ടുവേലയെടുക്കാനയച്ചു; എല്ലാം ആയിരം തികയ്ക്കാൻ ആവശ്യമായ അടുത്ത പൂജ്യം സമ്പാദിക്കാൻവേണ്ടി. ജീവിതത്തിൻെറ സുഗമമായ ഒഴുക്കു നിലച്ചു. എല്ലാം കലങ്ങിമറിഞ്ഞു. അതോടെ ആ മൺകുടിലിലെ പൊട്ടിച്ചിരികളും നിലച്ചു. അയൽപക്കത്തെ സമ്പന്നരായ ദമ്പതികൾക്കു് അനുയോജ്യരായ കൂട്ടുകാരെ കിട്ടി; അവരിൽനിന്നു ഗൗരവമായ മത്സരമുണ്ടാകാനിടയില്ലെന്നു് ഒരു ഗുണവുമുണ്ടായിരുന്നു. 'പൂജ്യം' ബുദ്ധിമാന്മാരായ ഹിന്ദുക്കളുടെ കണ്ടുപിടിത്തമായിരുന്നുപോൽ. അതുപോലെതന്നെ 'ഒന്നും.' ഇവയ്ക്കു രണ്ടിനും മദ്ധ്യത്തിലെ വിടവാണു് തൊണ്ണൂററൊമ്പ

തിൻെറ വിനോദം. ഇന്നത്തെ ലോകമാകുന്ന പദചിത്രപ്രശ്നത്തിൻെറ ഉത്തരവാദി ഈ തൊണ്ണൂററിഒമ്പതിൻെറ വിനോദമാണു്; അതു കണ്ടുപിടിച്ച മഹാപ്രതിഭാശാലി ആരെന്നതു് ഇന്നും അജ്ഞാതമായിരിക്കുന്നതേയുള്ളു. 'ഒന്നും' 'പൂജ്യ'വും കഴമ്പുള്ള സംഖ്യകളാണു്. അവ രണ്ടുംചേൎന്നു് സമ്യക്കാംവിധം ഉൽഗ്രഥിക്കപ്പെട്ടിരുന്ന കാലത്തോളം ജീവിതം ഒരു ഗാനംപോലെ ഒഴുകിയിരുന്നു. എന്നാൽ വിശ്വസിച്ചുകൂടാത്ത തൊണ്ണൂറ്റിഒമ്പതു് അവയ്ക്കുമദ്ധ്യേ വന്നുനിന്നതോടുകൂടി 'ഒന്നും' 'പൂജ്യ'വും തമ്മിലുള്ള വിട്ടുവീഴ്ചയില്ലാത്ത നിർദ്ദയസമരത്തിൻെറ രംഗമായി പരിവൎത്തനംചെയ്തു, ജീവിതം.

No. 11795

## മാന്യന്മാരുടെ ലോകം

"ആഹാ! അത്ഭുതം!" സർദാർ പട്ടേലിൻെറ കനത്ത കൊരടാവിനു കീഴിൽ നാട്ടുരാജ്യങ്ങൾ ഓരോന്നോരോന്നായി ശാന്തമായി കീഴടങ്ങുന്നതു കണ്ടുകൊണ്ടിരുന്ന ആളുകളുടെ മുഖത്തു തെളിഞ്ഞുവന്ന ഭാവം ഇതായിരുന്നു. തങ്ങളുടെ സ്ഥാപിതതാല്പൎയ്യങ്ങൾ ഉപേക്ഷിക്കേണ്ട സാദ്ധ്യതകളെ അഭിമുഖീകരിച്ച വമ്പിച്ച ഭൂഉടമകളുടെ കാൎയ്യത്തിലും കാൎയ്യം ഏതാണ്ടു് ഇതുപോലെതന്നെയായിരുന്നു. എന്നാൽ ഒരു നിശ്ശബ്ദവിപ്ലവം നടന്നുകൊണ്ടിരിക്കയാണെന്ന വസ്തുതയും അതിൻെറ അടിസ്ഥാനകാരണങ്ങളും ഗ്രഹിച്ചവർ നന്നെ ചുരുക്കമാണു്.

ഏഴു സമുദ്രങ്ങൾക്കപ്പുറമുള്ള, സ്വഭാവത്തിലും ശരീരഘടനയിലും വളരെ വ്യത്യസ്തമായ, ഒരു വിദേശജനതയെ ഭരിക്കുകയെന്നതു് അത്ര എളുപ്പമായ കാൎയ്യമല്ല. ഭരിക്കപ്പെടേണ്ട ജനങ്ങളുടെ സാംസ്കാരികപാരമ്പൎയ്യത്തിൻെറ സ്വഭാവം പ്രശ്നത്തെ കൂടുതൽ സങ്കീൎണ്ണമാക്കി. ബ്രിട്ടീഷുകാർ ബുദ്ധിമാന്മാരായിരുന്നതിനാൽ അവർ ഒരു പുതിയ സമ്പ്രദായം പ്രയോഗിച്ചുനോക്കി. അതു കണക്കിനു പററുകയും ചെയ്തു. അവർ ഇന്ത്യയിൽ ഒരു പുതിയ ഇനം ഉൽകൃഷ്ടജാതിക്കാരെ—ബാബുസമുദായത്തെ—മാന്യന്മാരുടെ ലോകത്തെ—സൃഷ്ടിച്ചു. നിത്യോത്സവക്കാരായ രാജാക്കന്മാർ തുടങ്ങി ആഫീസ്മേശ

യുടെ മുമ്പിലിരുന്നു കോട്ടവായിട്ടുന്ന ഗുമസ്ഥന്മാർവരെ ഈ 'മാന്യന്മാരുടെ ലോക'ത്തിൽ പെട്ടും. പ്രയത്നത്തിൻെറ ക്ലേശത്തിൽനിന്നൊഴിഞ്ഞു സ്വൈരമായിരിക്കാൻ പാകത്തിൽ കൈയുള്ള ഒരു കസേരയും മുഷിയാത്ത വസ്ത്രങ്ങളും ചേർന്നാൽ ജീവിതസാഫല്യമായി എന്നു കരുതുന്ന അലസധിഷണകളെയും ഏററവും ഉഗ്രമായി പ്രവത്തിക്കുന്ന പിശാചമസ്തിഷ്കങ്ങളെയും ആകർഷിക്കാനും നിരായുധരാക്കാനും തക്കവിധം നല്ലപോലെ തരംതിരിച്ചുകൊണ്ടുള്ളതായിരുന്നു, ഈ പുതിയ വഗ്ഗത്തിൻെറ സംവിധാനം. താങ്ങിനിത്തിയിരുന്ന സ്തംഭം എന്നേക്കുമായി പിൻവാങ്ങിയപ്പോൾ പ്രകൃതിനിയമങ്ങൾക്കനുഗുണമല്ലാത്ത ഈ മന്ദിരം അതിൻെറ ഒഴിച്ചുകൂടാൻ വയ്യാത്ത വിധിക്കധീനമാകുകയല്ലാതെ മാഗ്ഗമില്ല—അതിവേഗത്തിലുള്ള തകർച്ച.

ഈ അസാധാരണസമുദായത്തിൽ ഒട്ടൊട്ടുവിൽ ചെന്നുചേർന്ന എന്റെ അനുഭവം ഒന്നു പ്രത്യേകമായിരുന്നു. തകരുന്ന ഒരു സൗധത്തിലാണു് ഞാൻ എത്തിപ്പെട്ടിരിക്കുന്നതെന്നു് എൻെറ ചേതന എന്നെ ഉണത്തി. മണ്ണിനോടു ബന്ധപ്പെട്ട ഒരു ജീവിതത്തിലായിരുന്നു, എൻെറ സഹജവാസന. എന്നാൽ പരിശീലനംകൊണ്ടു നേടിയ സ്വഭാവവിശേഷങ്ങളാൽ ഞാൻ 'മാന്യന്മാരുടെ ലോക'ത്തിലെ തൊഴിലിനോടു ബന്ധപ്പെട്ടു നില്ക്കുകയായിരുന്നു. ഇതിൽനിന്നുളവായ മാനസികസംഘട്ടനം ക്രമേണ വളൻവളൻ വന്നു്, ഒടുവിലുണ്ടായ പൊട്ടലിൽ ഞാൻ കാററിൽ പറത്തപ്പെട്ടുപോയി. വീണ്ടും ഒരു മാനസികസമനില സമ്പാദിക്കാൻവേണ്ടി ഞാൻ കഠിനമായി പ്രയത്നിക്കയാണു്. പക്ഷേ, ശീലങ്ങൾ അങ്ങനെ എളുപ്പം മാറുന്നവയല്ല. കഷകന്റെ തൊഴിൽ സ്വീകരിച്ചു് സൂര്യാതപത്തിൽ കട്ടത്ത ഭൂമി ഉഴുതുമറിക്കുമ്പോൾ എൻെറ കാലുകൾ പൊള്ളി കുമളയ്ക്കുന്നു, തല കറങ്ങുന്നു, ശരീരമൊക്കെ വേദനിക്കുന്നു. മധുരമായ എന്തോ ശബ്ദം മന്ത്രിക്കുന്നു: "എന്തിനിങ്ങനെ കിടന്നു ക്ലേശിക്കുന്നു? മടങ്ങിപ്പോകൂ." ഞാൻ വിളിച്ചുപറയുകയാണു്, "ഓടെടാ, പിശാചിൻെറ സന്തതീ. ഒരു മനുഷ്യനായി ജീവിക്കാൻ ഞാൻ നിശ്ചയിച്ചുകഴിഞ്ഞു; ഇരുന്നാലും ശരി, മരിച്ചാലും ശരി. നീ നിൻെറ പാട്ടിനു പോ!"

എൻെറ സുഹൃത്തുക്കളുടെയും സഖാക്കളുടെയും അമ്പരപ്പ് എനിക്കു മനസ്സിലാക്കാൻ കഴിയും. ഞാൻ പറയുന്നതു് ഇന്നും 'മാന്യന്മാരുടെ ലോക'ത്തിൽ കഴിഞ്ഞുകൂടുന്നവരെപ്പറ്റിയാണു്. പുതിയ പരിതഃസ്ഥിതികളുമായി പൊരുത്തപ്പെട്ടു പോകാനുള്ള അവരുടെ പ്രയാസത്തെപ്പററി എനിക്കു് അഗാധമായ സഹാനുഭൂതി തോന്നുന്നുണ്ടു്. പക്ഷേ, കൂടാതെ കഴികയില്ല. മാന്യന്മാരുടെ ലോകത്തിൻെറ കാലം കഴിഞ്ഞുപോയി. കഴിഞ്ഞുകൂടണമെന്നുണ്ടെങ്കിൽ പുതിയ ലോകത്തിൽ നാം സ്വയം ന്യായീകരിക്കണം. ഞാൻ മൺവെട്ടി സാക്ഷിയായി സത്യംചെയ്യുന്നു, എന്നെ അവസാനംവരെ അവിടെ കാണുമെന്നു്.

## നമ്മുടെ യജമാനന്മാർ

നാം കഴിക്കുന്ന ആഹാരം, ധരിക്കുന്ന വസ്ത്രം, നമുക്കു കയറിക്കിടക്കുവാനുള്ള കിടപ്പിടം അഥവാ രാജസസുഖസൗകര്യങ്ങളോടുകൂടി സുഖിക്കുന്ന മണിമന്ദിരം, എന്നിവയെല്ലാം അവയുടേതായ ചരിത്രമുള്ളതു് അപഗ്രഥിച്ചു മനസ്സിലാക്കാൻ ഏറെപ്പേർ മിനക്കെടാറില്ല. മനുഷ്യൻെറ ജീവിതത്തിന്നു് അവശ്യം കൂടിയേ കഴിയൂ എന്നുള്ള ഇതിൻെറ കാര്യത്തിൽ സാധാരണക്കാർക്കുള്ള അവജ്ഞയുടെ ഉൽപത്തി, കറൻസിനോട്ടുകളിലും ബാങ്കുകളിലെ നാൾവഴിപ്പുസ്തകങ്ങളിലും കാണുന്ന പൂജ്യങ്ങളുടെ മായാജാലത്തിൽ അധിഷ്ഠിതമായ സർവ്വസാധാരണമായ വ്യാമോഹങ്ങളിൽനിന്നാണു്. മനുഷ്യനെ മാരകമായ ഈ വ്യാമോഹങ്ങളിൽനിന്നു രക്ഷപെടുത്താനും ഇന്നു നിലവിലിരിക്കുന്ന മൂല്യങ്ങളെ പുനർനിർണ്ണയം ചെയ്യാൻ പ്രേരിപ്പിച്ചു് അവനെ അവൻെറ സ്വാഭാവികപദവിയിൽ പുനഃപ്രതിഷ്ഠിക്കാനുംവേണ്ടിയാണു് 'മജ്ദൂർ മാൻസിൽ' പ്രവർത്തിക്കുന്നതു്. നമുക്കു് അതുകൊണ്ടു് അടിസ്ഥാനഘടകങ്ങളെ—സാമൂഹ്യജീവിതത്തിന്നു് ഒഴിച്ചുകൂടാൻ വയ്യാത്ത അടിസ്ഥാനോപാധികളായ ആഹാരം, വസ്ത്രം, ഭവനം എന്നിവയെ—പറ്റി പഠനംനടത്തുകയെന്നതാകട്ടെ, ആദ്യത്തെ പടി.

ഭക്ഷണസാധനം ഉൽപാദിപ്പിക്കുന്നതു കൃഷകനാണ്. അയാൾ നിലമുഴുന്നു, കന്നുകാലികളെ വളർത്തുന്നു, വിളകൊണ്ടു് സ്വന്തം ഉത്തരവാദിത്വത്തിൽ സംഭരിക്കുന്നു. തനിക്കു കഷ്ടിച്ചു് കഴിച്ചുകൂട്ടാൻ വേണ്ടതുമാത്രമെടുത്തിട്ടു വിളയുടെ സിംഹഭാഗവും അയാൾ അലസമായ സുഖജീവിതം നയിക്കുന്ന ജന്മിക്കും പട്ടണവാസികൾക്കുമായി കൊടുക്കുന്നു. വസ്ത്രമുണ്ടാക്കുന്നതു് പ്രധാനമായും പരുത്തിയിൽനിന്നാണ്. അതും കൃഷകന്റെ ഉൽപന്നമാണ്. തുണി നെയ്യുന്നതു കൃഷകത്തൊഴിലാളിതന്നെ നിർമ്മിച്ച അവൻെറ സ്വന്തം കൈത്തറിയിൽ അവൻതന്നെയായിരിക്കും. അല്ലെങ്കിൽ 'പൂജ്യ'ങ്ങളുടെ ഉടമകളായ വല്ലവരുടെയും ഫാക്ടറികളിലെ യന്ത്രത്തറികളിലായിരിക്കും. പക്ഷേ, അവിടെയും പണിക്കാർ ഗ്രാമീണകൃഷകത്തൊഴിലാളികളുടെ പട്ടണപ്പതിപ്പുകളായ ഫാക്ടറിത്തൊഴിലാളികളായിരിക്കും. നിർമ്മാതാവായ തൊഴിലാളിക്കു് മുട്ടു മറയാനെത്താത്ത ഒരു മുണ്ടു മാത്രം കിട്ടുമ്പോൾ അവൻ നിർമ്മിക്കുന്ന വസ്ത്രത്തിൻെറ ബാക്കിഭാഗം മുഴുവൻ വാങ്ങാനുള്ള ശേഷിയുടെ അടിസ്ഥാനത്തിൽ കിടക്കവിരിക്കൊ, ജനാലമറയ്ക്കോ ഒക്കെയായി ഉപയോഗപ്പെടുമാറു് മദ്ധ്യവർത്തികളുടെ കൈയിൽ ചെന്നു പെടുകയാണ്. മില്ലിന്റെ ഉടമസ്ഥു് ബാങ്കുകണക്കിൽ ഒരു പൂജ്യക്കൂമ്പാരം കൂട്ടുന്നു. അതു് അയാളുടെ ആദായമാണ്. ഇഷ്ടിക, ചുടുകട്ട, തടി, ഇരുമ്പു്, സിമന്റ് എന്നിവകൊണ്ടു് ഭവനങ്ങൾ പണിയപ്പെടുന്നു. അതിനും ആവശ്യമായ അസംസ്കൃതസാധനങ്ങളുടെ ഒരു ഭാഗം ആ പഴയ കൃഷകത്തൊഴിലാളിയിൽനിന്നോ അവൻെറ സഹോദരത്തൊഴിലാളിയിൽനിന്നോ ആണു് ഉണ്ടാകേണ്ടതു്. ബാക്കി ഭാഗം 'പൂജ്യ'ങ്ങളുടെ ഉടമയായ മറ്റേതെങ്കിലും പ്രമാണിയുടെ ഉടമസ്ഥതയിലുള്ള ഫാക്ടറികളിലോ ഖനികളിലോനിന്നായിരിക്കും ലഭിക്കേണ്ടതും. അവിടെയും ഉൽപന്നങ്ങൾ ഉണ്ടാകേണ്ടതു് ഗ്രാമീണതൊഴിലാളിയുടെ മറെറാരു പതിപ്പായ വ്യവസായതൊഴിലാളിയുടെ പ്രയത്നംകൊണ്ടാണ്. ഈ ചൂതുകളിയുടെ അന്തിമമായ ലാഭനഷ്ടക്കണക്കെടുക്കുമ്പോൾ അത്ഭുതകരമായ ചിത്രങ്ങളാണു് തെളിഞ്ഞുവരുക. കർഷകത്തൊഴിലാളിക്കും അവൻെറ മറെറാരു പതിപ്പായ വ്യവസായത്തൊഴിലാളിക്കും

ലഭിക്കുന്നതു കഷ്ടിച്ച് ഉപജീവനത്തിനുള്ള വക സ്വീകരിച്ചുകൊണ്ടു് ക്ലേശിച്ചു പണിയെടുക്കാനുള്ള ഉദാരമായ അനുവാദമാണ്—വിശ്രമവിനോദത്തിനെന്നോണം പരസ്പരം ഉരുമ്മുന്ന അസ്ഥികൾ ഒരുമിച്ചു ചേർത്തുനിർത്താൻ ഉള്ള ആഹാരം, കഷ്ടിച്ചു മുട്ടുമറയാനുള്ള വസ്ത്രം, മനുഷ്യനും മാടുകൾക്കുമെല്ലാം കൂടെ ഞെരുങ്ങിക്കൂടാൻ കഷ്ടിച്ച് ഇടമുള്ള വീട്ട് താമസത്തിന്, ഇങ്ങനെയാണ് തൊഴിലാളിയുടെ അനുഭവം. മനുഷ്യനു തൻെറ വിനീതമായ ഉത്ഭവത്തെപ്പററിയുള്ള നിരന്തരമായ ഓമ്മ നിലനില്ക്കാൻ ഒരുവേള ഇങ്ങനെയൊക്കെ വേണമായിരിക്കാം. മനുഷ്യസമുദായത്തിൻെറ ഏതാണ്ട് എൺപതു ശതമാനമാണ് ഈ ഭാഗത്തിരുന്നു കളിക്കുന്നതു്. കൂടെ അവരുടെ അധീനത്തിലുള്ള മൃഗങ്ങളും കന്നുകാലികളുമെല്ലാം.

മറുഭാഗത്താകട്ടെ, ബാക്കിയുള്ള ഇരുപതു ശതമാനം വരുന്ന ആളുകളേയുള്ളു. തങ്ങളുടെ വദ്ധിച്ച ആസ്തികളുടെ ഭാരംകൊണ്ടുള്ള ഞെരുക്കമേ അവക്കു കൂടുതൽ ഒരു ക്ലേശത്തിനു കാര്യമുള്ളു. ആ ഭാഗത്തേക്കു നോക്കുമ്പോൾ കഥ വളരെ വ്യത്യസ്തമാണ്. ഈ തട്ടിൽ ചുവട്ടിലേക്കു പോകുന്തോറും, വീട്ടിലും പുറത്തും, സമ്പന്നരായ ഭത്താക്കന്മാക്കും അവരുടെ തടിച്ചി ഭാര്യമാക്കും ഇടയ്ക്കുള്ള വലിയ വിടവു നികത്തിക്കൊണ്ടു ജീവിച്ചുപോരുകയും ചിലപ്പോൾ ധനം കമിച്ചു കൂട്ടുകതന്നെയും ചെയ്യുന്ന വിദൂഷകന്മാർ, ഞാണിന്മേൽ കളിക്കാർ, കായികാഭ്യാസികൾ എന്നിവരെയൊക്കെ നമുക്കു കാണാം. അടുത്തതായി കാണുന്നതു് കമ്മിഷൻ ഏജൻറന്മാരേയും അവരുടെ ഗുമസ്ഥന്മാരെയുമാണ്. ഉൽപാദകരും ഉപഭോക്താക്കളുമായ സാധാരണജനങ്ങൾക്കും തങ്ങൾക്കും ഇടയ്ക്കു സംഘഷ ലഘൂകരണോപാധിയായി ആവശ്യമായ ഒരു ഘടകമെന്ന നിലയിൽ 'വിൻഡ്മിൽ ഉടമകൾ' നിയോഗിച്ചിട്ടുള്ള അവരുടെ വാമനസഹോദരന്മാരാണ് കമ്മിഷൻ ഏജൻറന്മാർ. 'മെസേഴ്സ് എക്സ്, വൈ, ഇസഡ് ലിമിററഡ്'' എന്നറിയപ്പെടുന്ന ഈ കമ്മിഷൻ ഏജൻറന്മാർ അധികവും വലിയ നഗരങ്ങളിൽ നിയമസമാധാനപാലകന്മാരുടെ താല്പര്യപൂവ്വമായ സംരക്ഷണത്തിൻകീഴിലാണു പ്രവത്തിക്കുന്നതു്. അവക്ക് അവരുടെ കീഴിൽ പ്രവത്തിക്കുന്ന പല ഇനം ക്ലാക്കന്മാരും

സബ്എഞ്ജൻറന്മാരുമുണ്ട്—യാന്ത്രികമായി കണക്കെഴുത്തു നിർവ്വഹിക്കുന്നവർ മുതൽ വ്യാപാരരീതികൾ കൈകാര്യം ചെയ്യുന്നതിനു പ്രത്യേക പരിശീലനം ലഭിച്ച നിയന്ത്രണപ്രവർത്തകർവരെ സംഖ്യയില്ലാത്ത ഉപവിഭാഗങ്ങൾ. വായാടിയായ പെട്ടിക്കച്ചവടക്കാരൻ മുതൽ 'ക്രൂപമ്മ്യൊരണ' വ്യാപാരിവരെയും പിന്നെയും ഒട്ടധികം തട്ടിപ്പുകാരും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

ജീവചൈതന്യം നിറഞ്ഞ സാമൂഹ്യജീവിതവികസനത്തിന് അവശ്യം ഒഴിച്ചുകൂടാൻ വഹിയാത്ത മുഖ്യോപാധികളായ വിദഗ്ദ്ധശില്പി, യന്ത്രനിർമ്മാതാവ്, എഞ്ചിനീയർ, കലാകാരൻ, തത്വജ്ഞാനി, എഴുത്തുകാരൻ എന്നിവരെ ആ ചിത്രത്തിൽ എവിടെയെങ്കിലും കണ്ടുമുട്ടാൻ പ്രയാസമാണ്. ഉന്നതതലത്തിൽനിന്നുകൊണ്ട് ഉപദേശങ്ങളും ഉത്തരവുകളും നൽകുന്ന സമ്പ്രദായത്തിനുപകരം, തന്നത്താൻ പ്രവർത്തിച്ചും പണിയെടുത്തും സ്വയം ഉത്തേജകമായ തത്വങ്ങൾ അംഗീകരിച്ചും സമൂഹത്തെ നയിക്കാനും പുരോഗമിപ്പിക്കാനും കഴിയുന്നവരെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. കഷ്ടം! ഇവരുടെ അവസാനത്തെ തലമുറയെ കോളണിഭരണസമ്പ്രദായവും കൊണ്ട് ആദ്യം വന്നു കയറിയ കൂട്ടർ കൂട്ടക്കൊല ചെയ്തുകളഞ്ഞു. രണ്ടു നൂററാണ്ടുകാലത്തെ കോളണിദുർഭരണകാലത്ത് അതിൻെറ സ്ഥാനത്തു സൃഷ്ടിച്ചതാകട്ടെ, ഇന്ത്യൻജീവിതത്തെ സമ്പന്നമാക്കുന്നതിനു പകരം ഇന്ത്യയുടെ ജീവസത്ത, വിദേശത്തുള്ള അവരുടെ സമ്പൽകേന്ദ്രത്തിലേക്കു പമ്പുചെയ്തയയ്ക്കുന്ന യന്ത്രത്തിനു് എണ്ണയും കൊഴുപ്പുമിട്ടു സജ്ജമാക്കുന്നതിനു പാകത്തിൽ ഒരു കൂട്ടരെയാണ്. അപ്പോൾ പിന്നെ, 'വിൻഡ്മിൽ ഉടമകൾ' വിദൂരത്തിലെ അവരുടെ ആസ്ഥാനത്തിലിരുന്നുകൊണ്ടു മന്ദഹസിക്കയും, ഇടത്തരക്കാരായ മദ്ധ്യവർത്തികളുടെ വമ്പിച്ച സമൂഹം ദീർഘകാലമായി അനീതിയനുഭവിക്കുന്ന സാധാരണക്കാരനെപ്പററിയുള്ള സ്നേഹവാത്സല്യങ്ങൾ പ്രഖ്യാപിക്കുന്ന വിഷയത്തിൽ പരസ്പരം മത്സരിക്കയും ചെയ്യുവേതന്നെ, വാസ്തവത്തിലുള്ള യജമാനന്മാർ—വാസ്തവത്തിലുള്ള നിർമ്മാതാക്കൾ—പാടത്തു പണിയെടുക്കുന്ന കർഷകനും ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളിയും—

ഒട്ടിയ വയറും മുട്ടുമറയാത്ത മുണ്ടുമായി മുക്കറയിട്ടു പണിയെടു ക്കേണ്ടിവരുന്നതു് അത്ഭുതമാണോ?

വാസ്തവത്തിലുള്ള യജമാനനു് അവൻെറ ശരിയായ സ്ഥാനം വീണ്ടെടുത്തു കൊടുക്കണമെന്നു തീരുമാനിച്ചുകഴി ഞ്ഞു. എന്തുതന്നെ ചെയ്തിട്ടും ആ ലക്ഷ്യം നേടണം. വിദൂരത യിലിരുന്നു പ്രവർത്തിക്കുന്ന 'വിൻഡ്മിൽ' ഉടമയുടെ കോപാ രുണനേത്രങ്ങളോ, ഉറക്കെ പ്രസംഗിച്ചും മധുരവാക്കുകൾ പറഞ്ഞു വശീകരിച്ചും തൊഴിലാളികളെ സ്വാധീനപ്പെടുത്തി വഞ്ചിക്കുന്ന കൂട്ടരുടെ പ്രവണതകളോ ഒന്നും കണ്ടു മടങ്ങാൻ ഭാവമില്ല. വരാനിരിക്കുന്ന സമരത്തിൽ തങ്ങളുടെ നിലനി ല്പിനുള്ള അവകാശം സമ്പാദിക്കണമെന്നുണ്ടെങ്കിൽ, ഇടത്തര ക്കാർ, കണ്ണുതുറന്നു ഭാവിയുടെ സാദ്ധ്യതകൾ കാണുകയും, ഇന്നത്തെ തങ്ങളുടെ പരാന്നഭോജിസ്വഭാവം മാററി ഉപ യോഗപ്രദമായ 'ചരക്കുകളാ'യി സ്വയം പരിവർത്തനം ചെയ്യു കയും വേണം. 'യജമാനന്മാർ' ഇന്നും ഉറക്കത്തിലാണു്. അവർ അധികം താമസിയാതെ ഉണരും. അപ്പോൾ വിശദമായി കണക്കുകേൾക്കാനുള്ള ക്ഷമ അവർക്കുണ്ടായെന്നു വരുകയില്ല.

## ദൈവത്തിൻെറ യാതനകൾ

നെടുങ്കൻ പ്രസംഗം യുഗപ്രഭാഷകമായ ഒരു പ്രസ്താവന യോടെയാണു് പര്യവസാനിച്ചതു്—"സൂര്യൻ കിഴക്കുദിക്കു ന്നു." ആത്മസംതൃപ്തിയുടെ പ്രതിരൂപമെന്നപോലെ പ്രസംഗ കൻ ആസനസ്ഥനായി. സദസ്യർ കരഘോഷവും ഹർഷാരവ വും മുഴക്കി. ആ ശബ്ദകോലാഹലം കഷ്ടിച്ചൊന്നു കെട്ടടങ്ങിയ തോടെ അതാ, ഒരു പുതിയ പ്രസംഗകൻ എഴുന്നേല്ക്കുന്നു.

"സൂര്യൻ പടിഞ്ഞാറാണുദിക്കുന്നതു്. ഞാൻതന്നെ അതു നേരിൽ കണ്ടിട്ടുള്ളതാണു്. അതുകൊണ്ടു് ഞാൻ ഉറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ, സൂര്യൻ പടിഞ്ഞാറുതന്നെയാണു് ഉദിക്കു ന്നതു്." ആകാശം പൊളിക്കാനും നക്ഷത്രങ്ങളെ ഭയപ്പെടു ത്തി ഓടിക്കാനുമെന്നപോലെ അയാൾ അലറി. സദസ്യർ

മന്ത്രബദ്ധരെന്നപോലെ ഇരുന്നു് ആ വാക്കുകൾ ചെവിക്കൊണ്ടു. "സൂര്യൻ പടിഞ്ഞാറാണുദിക്കുന്നതു്; ഞാൻ ഇന്നു രാവിലെയും കണ്ടതാണു്. ഞാൻ പറയുന്നതു നിങ്ങൾ വിശ്വസിക്കുന്നില്ലേ?" അയാൾ ആവർത്തിക്കുന്നു; ശബ്ദം കൂടുതൽ ഉച്ചത്തിലാകുന്നു. സദസ്യരിൽ ചലനമുണ്ടാകുന്നു; മേഘഗർജ്ജനംപോലെ കരഘോഷമുയരുന്നു. "അതു വാസ്തവമായിരിക്കണം. അല്ലെങ്കിൽ അദ്ദേഹം ഇത്ര ഉച്ചത്തിൽ അങ്ങനെ പറയുമോ? അതെ, സൂര്യൻ പടിഞ്ഞാറുതന്നെയായിരിക്കണം ഉദിക്കുന്നതു്." ജനക്കൂട്ടത്തിൽനിന്നു പ്രതിദ്ധ്വനിയുണ്ടായി. അങ്ങനെ രാംബാബുവിൻെറ 'അച്ചടിഭാഷയിലെ അപ്രമാദിത്വ'സിദ്ധാന്തത്തിനു കുറേക്കൂടെ ആധുനികമായ ഒരു പതിപ്പുണ്ടായി. കള്ളം ഉറക്കെയും ആവർത്തിച്ചും പറയാനുള്ള കഴിവുണ്ടായാൽമതി, ജനക്കൂട്ടങ്ങളെക്കൊണ്ടു രാത്രി പകലാണെന്നും പകൽ രാത്രിയാണെന്നും സമ്മതിപ്പിക്കാൻ പ്രയാസമില്ല. അവക്കു് ചന്ദ്രനെക്കാൾ താല്പര്യം ഇലക്ട്രിക്കു വിളക്കുകളോടാണു്; തുറന്ന സ്ഥലത്തിരുന്നു പാടുന്ന പാട്ടു് നേരിട്ടു കേൾക്കുന്നതിനേക്കാൾ ഇഷ്ടം, ഉച്ചഭാഷിയിലൂടെ പ്രവഹിച്ചു പരക്കുന്ന ജാസ്സംഗീതം കേൾക്കാനാണു്. ചെവിക്കല്ലു തകരുമാറു് ഉച്ചസ്ഥായിയിൽ പ്രയോഗിക്കാവുന്നതാണല്ലോ ജാസ്സംഗീതം. അതുപോലെതന്നെ ഇലക്ട്രിക്കു് വിളക്കിൻെറ കാര്യവും—കണ്ണഞ്ചിക്കുമാറുള്ള ശക്തിയിൽ പ്രയോഗിക്കാം. രുചിയറിയാനുള്ള നാവിൻെറ കഴിവിനെ മരവിപ്പിക്കാൻ പോന്നപോലെ മധുരം ചേക്കാം ബാർഫിയിൽ. മനസ്സിനെ മയക്കി ഉറക്കാം. അതിനെ ചിന്തിക്കുന്ന ക്ലേശത്തിൽനിന്നു വിമോചിപ്പിക്കുകയും ചെയ്യാം.

സത്വം, രജസ്സു്, തമസ്സു് എന്നിവ മനുഷ്യനിൽനിന്നു് അവിഭാജ്യഘടകങ്ങളായ ഗുണവിശേഷങ്ങളാണു്; ഏറ്റവും ഉന്നതരായവരുടെയും കാര്യത്തിൽ ഇതു ശരിയാണു്. ഈ ഇരുപതാംനൂററാണ്ടിൻെറ മദ്ധ്യകാലത്തു് ജനഹൃദയങ്ങളിലേക്കുള്ള രാജപാത, തമസ്സിൻെറ മാർഗ്ഗമാണു്. എന്തുകൊണ്ടെന്നാൽ റേഡിയോവും ഇലക്ട്രിക്ക്വിളക്കും പഞ്ചസാരയും രജസ്സിൻ്റെ പ്രതീതിയുൽപാദിപ്പിക്കാൻ സഹായിക്കുന്നു. അതു

നോക്കൂ! പന്നിയുടെ ജീവിതത്തിന്ന് ഒരു പുതിയ പ്രാധാന്യം കൈവന്നിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, മാർഗ്ഗത്തിൽ പ്രകാശം വിതറാൻ കഴിവുള്ള ഏകഗുണമായ സത്വം ജനക്കൂട്ടങ്ങളിൽനിന്നൊഴിഞ്ഞുമാറി നക്ഷത്രമണ്ഡിതമായ ആകാശമേൽക്കട്ടിയുടെ കീഴെ സ്വയം പാപ്പാക്കി വിശ്രമം തേടുകയാണു ചെയ്യുന്നത്.

ചഞ്ചലമായ ലോകം മുമ്പോട്ടു പോകുകയാണ്. "ഈശ്വരൻ മനുഷ്യനു നല്കിയ മഹാനുഗ്രഹമാണ് സ്വാതന്ത്ര്യം. അതിനെ എന്തു വില കൊടുത്തിട്ടും സുരക്ഷിതമാക്കേണ്ടതാണ്. ഈശ്വരനെന്നതുപോലുള്ള സ്വാതന്ത്ര്യം വ്യക്തിക്കുമുണ്ടായിരിക്കേണ്ടതാണ്." അസ്വസ്ഥനായ മുതലാളിയും അവന്റെ പത്രവും പാർലമെൻറിൽ തന്റെ ആജ്ഞാകരന്മാരായി പ്രവർത്തിക്കാൻ അവൻ നിയോഗിക്കുന്ന ഉദ്യോഗസ്ഥന്മാരും ഉച്ചത്തിൽ വിളിച്ചുപറയുന്നു: "ആളുകൾ രാഷ്ട്രത്തിന്റെ സ്വത്താണ്. ദൈവത്തിന്റേതു് അദ്ദേഹത്തിനു സമർപ്പിക്കുക. രാഷ്ട്രത്തെ വ്യക്തിയിൽനിന്നു സംരക്ഷിക്കണം." പ്രതിപക്ഷത്തിരിക്കുന്ന അവരുടെ പ്രതിരൂപങ്ങൾ അട്ടഹസിക്കുന്നു. രണ്ടു പക്ഷത്തിലുംപെട്ട സാധാരണക്കാർ ധൃതഗതിയിൽ ആയുധം ധരിക്കയും പരിശീലനമാരംഭിക്കയും ചെയ്യുന്നു. അവർ പരസ്പരം സംഹരിക്കാൻ തയാറെടുക്കുകയാണ്. ഇരുചേരിയിലും അധികാരങ്ങളുടെയും പ്രത്യേകാവകാശങ്ങളുടെയും താക്കോൽക്കാരായുള്ളവർ അകലെയിരുന്നുകൊണ്ട് നിയന്ത്രണബോർഡിലെ ബട്ടണുകൾ കൈകാര്യം ചെയ്യുകയാണ്. സാമാന്യജനങ്ങൾ അതിനുള്ള വില—ഉച്ചഭാഷിണിയുടെ, നിയോൺവിളക്കിന്റെ, പഞ്ചസാരക്കട്ടിയിൽ ചേർത്ത ബാർഫിയുടെ വില—രക്തമായി നല്കുന്നു. വിധവകളും, മാതാപിതാക്കൾ നഷ്ടപ്പെട്ടുപോയ സന്താനങ്ങളും, ചെളിക്കുണ്ടിലും അഴുക്കുചാലിലുംകൂടെ വേച്ചുവേച്ചു നീങ്ങുന്നു. ആഹാരം തേടിക്കൊടുക്കാൻ ആളില്ലായ്കയാൽ അവർ കൊടുംപട്ടിണിയിലാണ്. കരുണയുള്ള ഭരണാധികാരികൾ ദുഃഖാർത്തരായ അവർക്ക് അനുകമ്പാമസൃണമായ മന്ദഹാസവും ചെറിയ ഒരു സംഖ്യ ധർമ്മവും കൊടുക്കുന്നു. ദൈവരാജ്യത്തിന്റെ സംരക്ഷണത്തിനായിക്കൊണ്ടുള്ള സമരം പുനരാരംഭിക്കാൻവേണ്ടി തിര

ക്കിട്ടു സന്താനോൽപാദനം നടത്താൻവേണ്ടി പ്രോത്സാഹന സമ്മാനങ്ങളും നല്കപ്പെടുന്നു. അങ്ങനെ ചംക്രമണം ആവർത്തിക്കപ്പെടുന്നു. പിശാചു് ചിരിക്കുന്നു. അത്യുന്നതങ്ങളിലിരിക്കുന്ന ദൈവം അത്ഭുതപ്പെടുകയാണു്, "എനിക്കു വീണ്ടും തെറ്റിപ്പോയെന്നുവരുമോ!"

## IV
# വിഭ്രാന്തികൾക്കുമപ്പുറം

ജോധമാലിനു് ചേരാട്ടലാൽ കുറെ പണം കൊടുക്കാനുണ്ടു്. പക്ഷേ, എന്തായാലും കൊടുക്കുകയില്ല. ഒടുവിൽ മട്ടത്തു് ജോധമാൽ കോടതിയിൽ കേസുകൊടുക്കുമെന്നു ഭീഷണിപ്പെടുത്തി. ഒരു ദിവസം ഒരു വേലക്കാരനെക്കൊണ്ടു് നല്ല ഘനമുള്ള ഒരു സഞ്ചിയും ചുമപ്പിച്ചു് അതിരാവിലെ ചേരാട്ടലാൽ എത്തി. സഞ്ചിയിറക്കി താഴെ വയ്ക്കാൻ ജോധമാൽതന്നെ സഹായിച്ചുകൊടുത്തു. വേഗം കണക്കെടുത്തോളൂ. പലിശയ്ക്കു പലിശകൂട്ടി അവസാനത്തെ പൈവരെ തന്നുതീർക്കാൻ തയാറായിട്ടാണു് ഞാൻ വന്നിരിക്കുന്നതു്.'' കുറഞ്ഞൊന്നു മുഷിച്ചിലോടെയാണു് ചേരാട്ടലാൽ സംസാരമാരംഭിച്ചതു്.

കണക്കുകളെല്ലാം നോക്കി തുക കണ്ടുപിടിച്ചുകഴിഞ്ഞതോടെ ചേരാട്ടലാൽ സഞ്ചിയഴിച്ചു് അതിൻെറ ഉള്ളിലുണ്ടായിരുന്നതുമുഴുവൻ തറയിൽ കുടഞ്ഞിട്ടു. മുഴുവൻ പുളിങ്കുരു! അതു ചിതറി മുററത്തും വീണു. ''ഹേയ്'', ജോധമാൽ, നിങ്ങൾ എന്നെ വല്ലാതെ ഞെരുക്കി ശ്വാസംമുട്ടിച്ചുകളഞ്ഞു. ഏതായാലും ഈശ്വരനു നന്ദി, ഇപ്പോഴെങ്കിലും ഇടപാടു തീർന്നുവല്ലൊ. ഇങ്ങോട്ടു നോക്കൂ. ഈ പുളിങ്കുരു നട്ടാൽ ആയിരം പുളിമരമുണ്ടാകും. അതാ, അവിടെ കൃഷിയൊന്നും ചെയ്യാതെ തരിശായിട്ടിട്ടിരിക്കുന്നില്ലേ, ആ ഭൂമിയിൽ നട്ടാൽമതി. ഓരോ മരത്തിൽനിന്നും ആണ്ടിൽ ഒന്നൊന്നരമന്നു പുളിങ്കുരു കിട്ടും. ഇന്നത്തെ വിലയ്ക്കു് ഒരു കൊല്ലംകൊണ്ടുതന്നെ ഞാൻ തരാനുള്ളതും അതിൽക്കൂടുതലും നിങ്ങൾക്കു് ഈടായിക്കഴിയും. തുടർന്നുവരുന്ന കൊല്ലങ്ങളിലെ ആദായം മുഴുവനും ലാഭവും! ഈ പുളിങ്കുരു വെറുതെ തറയിൽ വിതറിയേച്ചാൽമതി. ബാക്കികാര്യം പ്രകൃതി നിർവ്വഹിച്ചുകൊള്ളും. എന്താ, നിങ്ങൾക്കു തൃപ്തിയായോ? എൻറീശ്വരാ, എന്തൊരു ധൃതിയായിരുന്നു നിങ്ങൾക്കു്! ഞാൻ എൻെറ കടം തീർക്കാനുള്ള ബാദ്ധ്യത നിറവേററുകയില്ലെന്നു നിങ്ങൾ എന്തിനു ശങ്കിച്ചു?''

ജോധമാൽ സ്തംഭിച്ചു നിന്നുപോയി. ചേരാട്ടലാൽ പിന്നെയും തുടൎന്നു: "ഹാ! എന്തു സന്തോഷമായിപ്പോയി. അയാൾക്ക്! ഈ ഇടപാട്ട് ഇങ്ങനെ രൊക്കം പണമായിട്ടുതന്നെ തീൎന്നതിൻെറ സന്തോഷംകൊണ്ടു തെളിഞ്ഞ ആ മുഖത്തിൻെറ ഒരു പടമെടുക്കാമായിരുന്നു, ഒരു ക്യാമറാ ഉണ്ടായിരുന്നെങ്കിൽ!"

മനുഷ്യൻെറ ചിന്തയുടെ ഔൽകൃഷ്ട്യമാണ് പ്രധാനമെന്നാണ് പൂൎവ്വകാലത്തെ മഹാന്മാരായ ഹിന്ദുക്കൾ ഏകസ്വരത്തിൽ ഉൽഘോഷിച്ചിരുന്നത്. അങ്ങനെ പരലോകത്തിനുവേണ്ടിയുള്ള ഭ്രമമാരംഭിക്കയും 'ചുവട്ടിലെ ലോകം' വെറും തരിശിട്ടുകയും ചെയ്തു. പാവപ്പെട്ട വളരെപ്പേർ കഷ്ടിപിഷ്ടിയായി ജീവിതാവശ്യങ്ങൾ നിറവേററിയിരുന്നപ്പോൾ സൂത്രശാലികളായ ന്യൂനപക്ഷം 'പരലോകമോക്ഷത്തിലേക്കുള്ള' പ്രത്യേകാവകാശങ്ങളുടെ പേരിൽ പണം സമ്പാദിച്ചു. ഇരുപതാം നൂററാണ്ട്, ഒരു പ്രത്യേക തത്വസംഹിത—മനുഷ്യൻ ആഹാരം കഴിക്കുന്നു എന്നതാണ് പ്രധാനം എന്നത്—ഉന്നയിച്ചിരിക്കുന്നു. ഒട്ടധികം ശാസ്ത്രീയകണ്ടുപിടിത്തങ്ങളുടെ തെളിവും അതിനാധാരമായി ഹാജരാക്കിയിരിക്കുന്നു. സിഗ്മണ്ഡ് ഫ്രായിഡിൻെറ പിൻതുണയുമുണ്ട്, ഈ സിദ്ധാന്തത്തിനു്. ചിന്തയിലെ വിപ്ലവം അന്തരീക്ഷത്തിലാകെ പരിവൎത്തനം വരുത്തി. വിലയേറിയതും അസുലഭവും വ്യക്തിത്വമുള്ളതുമായ ചിന്ത, ലജ്ജാകരമാംവിധം പുറംതള്ളപ്പെട്ടുകയും, ഏതു തടിയൻ വിദൂഷകനും ഏററവും വലിയ റിപ്പബ്ലിക്കിൻെറ അദ്ധ്യക്ഷനായിരിക്കാമെന്ന അവസ്ഥ വന്നുചേരുകയും ചെയ്യുന്ന നിലവരെയെത്തിച്ചു, ആ വിപ്ലവം.

"ബ്രിട്ടീഷുകാരെ പുറത്താക്കിക്കഴിഞ്ഞാൽ രാമരാജ്യം വരുകയായി. ജനങ്ങളുടെ ഗവണ്മെൻറ് ശരിക്കും ജനങ്ങളുടെ ഭൃത്യന്മാരായിരിക്കും." ബ്രിട്ടീഷുകാർ പോയി. രാമരാജ്യം ഇന്നും എത്രയോ അകലെയാണ്. ജനങ്ങളുടെ ഗവണ്മെൻറും അങ്ങനെതന്നെ. വേദന വിതുമ്പുന്ന ചോദ്യത്തിൻെറ ഉത്തരം വേദനാജനകമായ ഒരു പരമാൎത്ഥം വ്യക്തമാക്കുന്നു. അതായതു്, അവിശ്വാസത്തിൻെറ ഈ യുഗത്തിൽ, അലാവുദീൻെറ വിളക്ക വിലപ്പോവുകയില്ല; വീട്ടുകൾ വെറും ചൊരിമണ

ലിൽ കെട്ടിപ്പൊക്കാൻ കഴികയില്ല; നെററിയിൽനിന്നു വിയ ർപ്പുതുള്ളി ചിന്നുമാറു് ആത്മാർത്ഥമായി പണിയെടുത്താൽ മാത്രമേ പാലും തേനും ഒഴുകൂ.

## ഭൂമി ഉരുണ്ടതാണു്

പ്രപഞ്ചമാതാവായ പാർവ്വതിയുടെ രണ്ടു മക്കളാണു് കാർത്തികേയനും ഗണപതിയും. ഒരാൾ എപ്പോഴും ജാഗ്രദവ സ്ഥയിൽ ചലനാത്മകനും ഊർജ്ജസ്വലനുമായ രാജകുമാരനാ യിരിക്കെ ഗജമുഖനായ അപരൻ എപ്പോഴും ചലനരഹിത നായിരുന്നു. മാതാവിൻെറ വാത്സല്യം ലഭിക്കാൻവേണ്ടി അ വർ രണ്ടുപേരും മത്സരബുദ്ധിയോടെ പെരുമാറിയിരുന്നു താനും. അക്കാര്യത്തിൽ ഒന്നു പരീക്ഷിച്ചറിയാൻ സഹോദര ന്മാർക്കു് അവസരമുണ്ടായി. ലോകം ചുററി ഒരു മത്സരയോട്ടം നടത്താൻ മാതാവു് അവരോടു നിർദ്ദേശിച്ചു. 'പുറപ്പെടാം' എന്ന നിർദ്ദേശം ലഭിച്ച ഉടനേ കാർത്തികേയൻ മയിൽവാഹന ത്തിലേറി കണ്ണടച്ചു തുറക്കുന്നതിനുമുമ്പു് അപ്രത്യക്ഷനായിക്ക ഴിഞ്ഞു. പ്രത്യക്ഷത്തിൽ അലസനായ ഗണപതിയാകട്ടെ, അമ്മയുടെ അടുത്തുതന്നെ ഇരുന്നതേയുള്ളു. "എടാ, നീ അന ങ്ങാതെ ഇവിടെ കുത്തിയിരുന്നാൽ നിനക്കു പന്തയം ജയിക്കാ നൊക്കുമോ, മകനേ?" അത്ഭുതത്തോടെ പാർവ്വതി ചോദിച്ചു. ഗജാനനനായ ഗണേശൻ മന്ദഹസിച്ചുകൊണ്ടു് ഇരുന്നിരു ന്നിടത്തുനിന്നെഴുനേററു് അമ്മയെ ഒന്നു പ്രദക്ഷിണം വച്ചു കൊണ്ടു് പതുക്കെപ്പറഞ്ഞു: "അമ്മേ, ഇതാ ഞാൻ എത്തിക്ക ഴിഞ്ഞു."

ഭൗതികമാദ്ധ്യമമുപയോഗിച്ചു് പല നൂററാണ്ടുകാലത്തെ ക്ലേശഭൂയിഷ്ഠമായ ഗവേഷണങ്ങൾ നടത്തിയിട്ടു് ആധുനിക ശാസ്ത്രം ചെന്നെത്തിയിരിക്കുന്നതു് ചരിത്രാതീതകാലത്തെ ഈ ഹൈന്ദവസങ്കല്പത്തിൻെറ ഒരു പുനർദർശനത്തിലാണു്. പ്രപഞ്ചത്തിൻെറതന്നെ ചെറിയൊരു രൂപമാണു് അണു (ആററം—Atom); ഗംഭീരാകാരന്മാരായ രാക്ഷസന്മാരുടെയും അദൃശ്യമായ അണുജീവിയുടെയും ജീവപരിണാമപ്രക്രിയ

ഒന്നുതന്നെയാണ് എന്നതാണ് ശാസ്ത്രത്തിൻെറ ഈ കണ്ടുപിടിത്തം. വലിയവനും ചെറിയവനുമായ ഏതു മനുഷ്യന്റെയും മനസ്സിൻെറ അന്തർഭാഗത്തിൽ ഇന്നും നിലവിലിരിക്കുന്നതു് ഉൽപത്തികാലത്തിൽ ബീജരൂപത്തിൽ ഉണ്ടായിരുന്ന വികാരങ്ങളും പ്രേരണകളുംതന്നെയാണ്. ശിശു, മനുഷ്യൻെറ പിതാവാണ്. ആധുനികശാസ്ത്രം അതനുസരിച്ച് ഒരു പുതിയ ദർശനം വളർത്തിയെടുത്തിട്ടുണ്ട്. മൗണ്ട് വിൽസണിലെ ഭീമാകാരമായ ദൂരദർശിനി, വികാസപ്രവണമായ പ്രപഞ്ചത്തിൻെറ വിദൂരതകളിലേക്കു വീക്ഷാപരിധി നീട്ടിനീട്ടിക്കൊണ്ടു പോകുന്നു; അതേസമയം ഗവേഷണശാലയിൽ സൂക്ഷ്മസൂക്ഷ്മങ്ങളായ ബിന്ദുക്കളെ പിന്നെയും പിന്നെയും വിഭജിക്കുന്ന പ്രക്രിയ പുരോഗമിക്കുന്നു.

## ജനാധിപത്യവും ഏകാധിപത്യവും

"ഏററവും കൂടുതൽ പേർക്ക് ഏററവും കൂടുതൽ നന്മ" ഉണ്ടാകണമെന്നതാണ് മനുഷ്യസ്നേഹിയുടെ ആദർശം എന്നു പറയപ്പെടുന്നു. പക്ഷേ, നന്മയായിട്ടുള്ളതേതു് എന്നറിയുന്നവർ ചുരുങ്ങും. അതിനെക്കാൾ കുറവാണ് ഏററവും കൂടുതൽ പേർക്കു നന്മയായിട്ടുള്ളതേതു് എന്നറിയുന്നവർ. അതുകൊണ്ടു് എന്താണു നന്മയായിട്ടുള്ളതെന്നും ഏററവും കൂടുതൽ പേർക്കു നന്മയായിട്ടുള്ളതെന്തെന്നും ഉള്ള തീരുമാനമെടുക്കാൻ ഏററവും കൂടുതൽ പേർക്കു വിട്ടുകൊടുക്കാൻതന്നെ മനുഷ്യർ—പരിഭ്രാന്തിക്കു വിധേയരല്ലാത്ത അവസരങ്ങളിൽ—തീരുമാനമെടുത്തു. ഈ സമ്പ്രദായം, ഒരു കുടുംബത്തിലാകട്ടെ, ഗ്രാമത്തിലാകട്ടെ, രാഷ്ട്രത്തിലൊട്ടാകെയാകട്ടെ, പ്രയോഗത്തിൽ വരുത്തുമ്പോൾ അതിനു ജനാധിപത്യവ്യവസ്ഥിതി എന്നു പറയുന്നു. അപ്പോൾ ജനാധിപത്യമെന്നു പറയുന്നതു്, അത്യുന്നതങ്ങളിലാകട്ടെ, അത്യഗാധങ്ങളിലാകട്ടെ, 'ഭൂരിപക്ഷത്തിന്റെ ഹിത'മാണ്.

മറെറാരഭിപ്രായഗതിക്കാരുണ്ട്. ഇക്കൂട്ടർ വിശ്വസിക്കുന്നതു്—അതു് അവരുടെ ആത്മാർത്ഥമായ വിശ്വാസമാണു

താനം—മനുഷ്യർ ഒരുപററം ആട്ടുകളാണെന്നും, അവരെ ലോകമാകുന്ന ധാന്യപ്പുരയിൽ കൊണ്ടുനടക്കാനും തീററിപ്പോററാനും ഒരു ഇടയൻ കൂടിയേതീരൂ എന്നുമാണു്. ജനാധിപത്യത്തിൻെറ രീതിയിൽ വിധികല്പിക്കപ്പെട്ടാൽ ഭ്രാന്താലയത്തിൽ അടച്ചുസൂക്ഷിക്കേണ്ട വികലചിത്തന്മാരോ അഗ്നിയിൽ നിർത്തി ദഹിപ്പിച്ചുകളയേണ്ട അവിശ്വാസികളോ ആയി ഗണിക്കപ്പെട്ടുന്നവരും, തങ്ങളുടെ കാലത്തിനു പല തലമുറകൾക്കപ്പുറം ജീവിക്കയും ചിന്തിക്കയും ചെയ്യുന്നവരും, ആയ മനുഷ്യരാൽ രൂപം നൽകപ്പെട്ട സംഭവങ്ങളുടെ തുടർച്ചയായ നീക്കമാണു് ചരിത്രം, എന്ന വിവാദക്ഷമമല്ലാത്ത അഭിപ്രായമാണു് അവർ തങ്ങളുടെ നിഗമനത്തിനു് അടിസ്ഥാനമായെടുക്കുന്നതു്. ഇതിൻെറ സ്വാഭാവികമായ ഫലമായിട്ടാണു് ജനാധിപത്യം അപകടകരമായ ഒരു സമ്പ്രദായമാണെന്നും 'ഏററവും അധികം പേക്കു് ഏററവും നന്മ'യായിട്ടുള്ളതു് ബുദ്ധിമാന്മാരായ കുറച്ചുപേരുടെ കൈയിൽ സമൂഹം അതിൻെറ ഭാഗധേയങ്ങൾ ഏല്പിച്ചുകൊടുത്തു് 'അങ്ങനെ തുടരാൻ അനുവദിക്കുന്നതാണെ'ന്നും ആണു് മുൻപറഞ്ഞ ജനാധിപത്യവിരുദ്ധചിന്താഗതിക്കാർ വിശ്വസിക്കുന്നതു്. തങ്ങളുടെ നേതാക്കന്മാരെ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ സമൂഹം വേണ്ടിടത്തോളം വിവേകം കാണിക്കാത്തപക്ഷം നേതാക്കന്മാരായി വരുന്നവർ യുക്തിവാദം മുതൽ ചമ്മട്ടിവരെയുള്ള ആയുധങ്ങളുപയോഗിച്ചു് ഇടയന്മാരുടെ അധികാരം പുലർത്തിക്കൊണ്ടുപോകാനുള്ള അവകാശം തങ്ങൾക്കുണ്ടെന്ന ബോധത്തോടെ പെരുമാറിത്തുടങ്ങും. ഈ ചിന്താഗതിക്കാരായ മനുഷ്യരുടെ ജീവിതത്തെ നിയന്ത്രിക്കുന്ന നടപടിക്രമത്തിനാണു് ഏകാധിപത്യസമ്പ്രദായമെന്നു പറയുന്നതു്. എന്തുകൊണ്ടെന്നാൽ ഒരാൾക്കോ അഥവാ അല്പം ചിലക്കോ എല്ലാ പേക്കും വേണ്ടി നിയമങ്ങൾ നിർമ്മിക്കാനുള്ള ഒരു അവകാശപത്രം അതിൽ അന്തർഭവിച്ചിരിക്കുന്നു. ആ ഒരാളോ അല്പം ചിലരോ അധികാരങ്ങൾ അവകാശപ്പെടുന്നതോ, സ്വാഹിതത്തിൻെറ അടിസ്ഥാനത്തിലും.

ചരിത്രാതീതകാലംമുതൽക്കുതന്നെ ഈ പരസ്പരം പൊരുത്തപ്പെടാത്ത പരകോടികൾക്കിടയിലെ സ്വാധീനതകൾക്കു

വിധേയമായിരുന്നു, സമൂഹജീവിതം എന്നു തോന്നുന്നു; അതായതു് ജനങ്ങളുടെയിടയിൽ പൊതുവേ വിജ്ഞാനപ്രകാശമുണ്ടായിരുന്നിടങ്ങളിൽ ജനാധിപത്യത്തിനു പ്രാബല്യമുണ്ടായിരിക്കെ, ജനങ്ങൾ ആട്ടിൻപററത്തെപ്പോലെ കഴിഞ്ഞുകൂടിയിരുന്നിടങ്ങളിൽ ഏകാധിപത്യം ചമ്മട്ടി ചുഴററിയിരുന്നു. ജീവിതസമുദ്രത്തിൽനിന്നു വേണ്ടുവോളം പാനംചെയ്ത ബുദ്ധിശാലിയായ ഹിന്ദു, സുഗമമായ ഒരു മദ്ധ്യമാർഗ്ഗം കണ്ടുപിടിച്ചു. അവൻ ചാതുർവർണ്ണ്യവ്യവസ്ഥ സൃഷ്ടിച്ചു. തത്വജ്ഞാനികളും ജീവിതത്തിൽ പരാങ്മുഖരായ സന്യാസികളുമെന്ന നിലയിൽ ചിന്തയുടെമേൽ ആധിപത്യം നടത്തുവാൻ ബ്രാഹ്മണരെ സൃഷ്ടിച്ചു. ബ്രാഹ്മണരുടെ ആജ്ഞാനുസരണം യുദ്ധം നടത്തുവാൻ ക്ഷത്രിയർ. സമൂഹത്തിനാകമാനം ജീവിതത്തിൽ ആവശ്യമായ സാധനങ്ങൾ ഉൽപാദിപ്പിക്കുന്ന ജോലി വൈശ്യരുടേയും ശൂദ്രരുടേയുമായിരുന്നു. ഉൽപാദനപ്രവർത്തനങ്ങളുടെ സംവിധാനം വൈശ്യരും അതിൻെറ ശാരീരികപ്രയത്നം ശൂദ്രരും ചെയ്തുപോന്നു. ഈ രീതി കുറ്റമററ രീതിയിൽ നടന്നുപോന്നു. ജീവിതം ഒരു ഗാനമാണെന്നു തോന്നി. എന്നാൽ വർണ്ണാശ്രമപ്രസ്ഥാനത്തിനു് ഒരു പാരമ്പര്യാവകാശക്രമം ഉണ്ടാവുകയും മനുഷ്യനിലെ നെപ്പോളിയൻ സാമ്രാജ്യസ്ഥാപനത്തിനുദ്യുക്തനാകയും ചെയ്തതോടെ ഈ സൗധം തകന്നുതുടങ്ങി.

ഭൂതകാലത്തിൻെറ ചരിത്രത്തിൽനിന്നു പാഠം പഠിക്കുന്നതാണു് ബുദ്ധിയായിട്ടുള്ളതു്. അണുസ്ഫോടനത്തിൻെറ യുഗമായ ഇരുപതാംനൂററാണ്ടു് മക്കടയുഗത്തിൽനിന്നു് എത്രയോ അകലെയാണു്! ഈ ദീർഘസഞ്ചാരത്തിൻെറ മാർഗ്ഗത്തിൽ ലഭിച്ച പാഠങ്ങൾ നിഷ്പ്രയോജനമാക്കിക്കൂടാ. ജനാധിപത്യത്തിൻെറ മാർഗ്ഗം കണ്ടകാകീർണ്ണവും കുറെയൊക്കെ വക്രവുമാണു്. എന്നാൽ ആ വഴിക്കുള്ള സഞ്ചാരം നിശ്ചിതലക്ഷ്യത്തിലെത്തിക്കുമെന്നുള്ളതു് ഉറപ്പാണു്. ഏകാധിപത്യമാകട്ടെ, കൂടുതൽ വർണ്ണപ്പകിട്ടാർന്നതും പ്രകടനപ്രധാനവുമാണു്. മഗ്നീസിയത്തിൻെറ വെളിച്ചം അല്പസമയത്തേക്കേ നിലനിൽക്കൂ. അതെത്തുടന്നു വരുന്ന കൂരിരുട്ടിൽ കാഴ്ചയുടെ ശക്തി നഷ്ടപ്പെട്ടുനില്ക്കുന്ന മനുഷ്യൻ വേഗം ആക്രമിക്കപ്പെടാവുന്ന ഇരയായി

ത്തീരുന്നു. അതുകൊണ്ട് എത്രതന്നെ ദീഘമോ ക്ലേശകരമോ ആയിരുന്നാലും ജനാധിപത്യത്തിൻെറ മാഗ്ഗം മാത്രമാണ് ഏകരക്ഷാമാഗ്ഗം. ചിന്താലോകത്തിലെയും പ്രവത്തനമണ്ഡലത്തിലെയും എട്ടത്തുചാട്ടക്കാരെന്നു പറയപ്പെട്ടുന്നവർ, തങ്ങളുടെ ഇച്ഛാവലയത്തിൽനിന്നു വിട്ടുനില്ക്കാനുള്ള സ്വാതന്ത്ര്യം മററുള്ളവക്കു നൽകുന്നിടത്തോളംകാലം, അവക്കു ഭ്രാന്താലയത്തിൽ താമസമോ അഗ്നികുണ്ഡത്തിൽ മരണമോ അനുഭവിക്കേണ്ടിവരുന്നില്ല എന്നതു് ഇരുപതാംശതകമദ്ധ്യത്തോടെ ജനാധിപത്യത്തിൽ വന്നുചേന്ന സ്വീകാർയോഗ്യമായ ഒരു പ്രവ്ണതയാണു്. സമൂഹത്തെ തൻെറ ചിന്താഗതിയിലേക്കു പരിവത്തനം ചെയ്യിക്കാൻവേണ്ടി ആത്മാർപ്പണം ചെയ്യാൻ മനുഷ്യനു് അവകാശമുണ്ടെന്നും അംഗീകരിക്കപ്പെട്ടു. അതു ന്യായമാണു്. എന്തുകൊണ്ടെന്നാൽ അഗ്നിശലഭം അഗ്നിക്കു് ആഹാരമാകാനായിക്കൊണ്ടുതന്നെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു്. ചായവേല ചെയ്യുന്ന ചിത്രകാരൻ സംതൃപ്തി നേട്ടുന്നതു് അയാളുടെ ചിത്രനിമ്മാണശാലയിലാണു്; ചിന്താമണ്ഡലത്തിലെ കലാകാരൻ സംതൃപ്തികണ്ടെത്തുന്നതു് തുറന്ന മണ്ഡലത്തിലെ പ്രവത്തനത്തിലാണു്. ഇതല്ലാതുള്ളതെന്തും വെറും കൺകെട്ടുവിദ്യകളാണു്. അവയുടെ കാലം എന്നേ കഴിഞ്ഞുപോയി.

## ഭിത്തിയിലെ ലിഖിതം

മനുഷ്യൻ വിചാരിക്കുന്നു, സൃഷ്ടിയുടെ യജമാനൻ താനാണെന്നു്. മനുഷ്യവഗ്ഗത്തിലെ ചില 'അപൂവ്വമാതൃക'കൾ താരതമ്യേന ചുരുങ്ങിയ കാലയളവിൽ മഹാത്ഭുതങ്ങൾ സാധിച്ചിട്ടുമുണ്ട്. എന്നാൽ മഹാഭൂരിപക്ഷമാകട്ടെ, മുടിയിലെ നര ഒളിക്കാൻ കഴിയാതാകയും 'നീ ആരു്?' എന്ന ഉൽപത്തികാലത്തെ ചോദ്യം ഒരു ഇടിമുഴക്കത്തിൻെറ ശബ്ദത്തിൽ ഉയരുകയും ചെയ്യുന്ന കാലംവരെ ജീവിതത്തിൽക്കൂടെ വൃഥാ ഒഴുകിയൊഴുകി നീങ്ങുകയാണു്. ഇവയിൽനിന്നു രക്ഷനേടാൻവേണ്ടി പല മാഗ്ഗങ്ങൾ പരീക്ഷിക്കപ്പെടാറുണ്ടു്; ജപമാലയിലെ മണിയുരുട്ടൽമുതൽ 'പൂജ്യങ്ങളുടെ കുമ്പാരം' കൂട്ടൽവരെ പല

വിധ ഉപാധികൾ ഉപയോഗപ്പെട്ടുത്താറുണ്ട്. കണ്ണാണ് മനുഷ്യശരീരത്തിലെ ഏററവും സ്പർശബോധമുള്ള അവയവമെന്നു പറയപ്പെട്ടുന്നു. മനുഷ്യൻെറ ബാഹ്യലോകത്തെയും അഭ്യന്തരലോകത്തെയും തമ്മിൽ ബന്ധിക്കുന്ന പാതയാണ് അതെന്നു പറയപ്പെട്ടുന്നു. ജീവിതത്തിനു് അവശ്യോപാധിയായ ഈ അവയവത്തിനും സുപ്രധാനമായ പരിമിതികളുണ്ടു് എന്നു മൈക്രോസ്കോപ്പും ടെലസ്കോപ്പും വളരെക്കാലം മുമ്പുതന്നെ അവനു ബോദ്ധ്യപ്പെട്ടുത്തിക്കൊട്ടുത്തിട്ടുണ്ടു്. ശാസ്ത്രലോകത്തിലെ ആധുനികപുരോഗതി, ഈ വസ്തുത കുറെക്കൂടെ ശക്തമായും വ്യക്തമായും സ്ഥാപിച്ചിട്ടുണ്ടു്. കണ്ണുകൾ കുററമററവയാകട്ടെ കുററമുള്ളവയാകട്ടെ, അവ സുപ്രധാനമായ ഒരു പ്രവൃത്തിയാണു നടത്തുന്നതു്. അതു മനുഷ്യനെ ഇരുളും വെളിച്ചവും തമ്മിൽ തിരിച്ചറിയാൻ സഹായിക്കുന്നു; ജീവിതത്തിലേക്കുള്ള ഔന്നത്യവും കുഴിയിലേക്കുള്ള ഇറക്കവും തിരിച്ചറിയാൻ പ്രാപ്തനാക്കുന്നു. ഈ അവയവത്തെ വേണ്ടപോലെ പ്രയോജനപ്പെട്ടുത്തുകയും, നല്ല വിവേചനബുദ്ധിയുപയോഗിക്കുകയും ചെയ്യാനും ജീവിതത്തിൻെറ എല്ലാ അനുഗ്രഹങ്ങളോട്ടുംകൂടെ ന്യായമായ ആയുഷ്കാലം കഴിച്ചുകൂട്ടാനും കഴിയുന്നവരെയാണ് മനുഷ്യചരിത്രം ബുദ്ധിമാന്മാരെന്നു് എണ്ണിയിട്ടുള്ളതു്. ഭൗതികാർത്ഥത്തിൽ ജീവിതമെന്നു പറയുന്ന ഈ സമരത്തിൽ ബുദ്ധിമാന്മാർ മാത്രമേ അവശേഷിക്കുന്നുള്ളു. ബുദ്ധിയില്ലാത്തവരാകട്ടെ ഡിനോസാറിനുണ്ടായ വിധി അനുഭവിക്കേണ്ടതായും വരുന്നു. ഈ നിയമത്തിനു് എന്തെങ്കിലും വ്യത്യസ്തതയുള്ളതായി ഒററയുദാഹരണംപോലും ചരിത്രത്തിലില്ല.

ഏതാനും വർഷംമുമ്പു് ഡൽഹിയിലേക്കുള്ള യാത്രാമദ്ധ്യേ ഗ്രാൻഡ്ട്രങ്ക് റോഡിൽവച്ചു് വിരുദ്ധസ്വഭാവമുള്ള രണ്ടു സംഭവങ്ങളെ നേരിടേണ്ടിവന്നു, എനിക്കു്. കവാത്തു ചെയ്തു നീങ്ങിക്കൊണ്ടിരിക്കേണ്ടതിനു പകരം അലസനായി സ്വസ്ഥാനത്തു നിന്നിരുന്ന കാരണത്തിനു് ഒരു പോലീസുകാരനെ പരിശോധനയ്ക്കെത്തിയ ചെറുപ്പക്കാരനായ പോലീസ് സൂപ്രണ്ടു് സസ്പെൻഡുചെയ്തു. അങ്ങനെ സംഭവിക്കാനിടയായതിൽ തന്റെ ഗ്രഹപ്പിഴയെപ്പററി പരിദേവനംചെയ്യുന്ന

THE ... LIBRARY KOTTAYAM.

ഒരു പോലീസുകാരൻെറ കാര്യമാണു് ഒന്നു്. ഹാരാർപ്പണവും താണുവണങ്ങിയുള്ള സ്തുതിഗീതവുമൊക്കെയായിട്ടാണു് സ്വീകരിക്കപ്പെട്ടതെന്നിരുന്നിട്ടും മുൻസർക്കാരിലെ ആ കക്ക്ശനായ ഉദ്യോഗസ്ഥൻ ശിക്ഷയുടെ കാര്യത്തിൽ ഉറച്ചു നില്ക്കുകതന്നെ ചെയ്തു. ഈ രംഗത്തുനിന്നും വളരെയകലെയല്ലാതെ മറെറാരു സംഭവവും നടക്കുന്നുണ്ടായിരുന്നു. ഒരു മന്ത്രിയുടെ യാത്രാസംഘത്തിലുണ്ടായിരുന്ന ശിപായിയെ, തൻെറ യജമാനൻെറ ആവശ്യത്തിനുവേണ്ടി വ്യാജമദ്യം കൈവശം വച്ചിരുന്നു എന്ന കുററത്തിനു് ഒരു പോലീസുകാരൻ അറസ്റ്റുചെയ്തു. വിദേശീയഭരണം പോയി രാഷ്ട്രപിതാവു് വിഭാവനചെയ്ത 'രാമരാജ്യം' വന്നിരിക്കുന്ന സ്ഥിതിക്കു് നിയമലംഘനത്തിനു്—അതു് എത്ര ലഘുവായിരുന്നാൽപ്പോലും—ആദ്യം അറസ്റ്റുചെയ്യപ്പെടേണ്ടതു മന്ത്രിയാണെന്നും അങ്ങനെയാണു് മാതൃക കാണിച്ചുകൊടുക്കേണ്ടതെന്നുമായിരുന്നു, പോലീസുകാരൻെറ വളരെ സരളമായ വാദം.

'രാമരാജ്യ'ത്തിലേക്കുള്ള പാത തുറന്നുകഴിഞ്ഞിട്ടു് സംഭവം നിറഞ്ഞ സംവത്സരങ്ങൾ പന്ത്രണ്ടു കടന്നുപോയി. വിദേശഭരണത്തിൻകീഴിൽ തഴച്ചുവളന്നിരുന്ന രാജാക്കന്മാരും പ്രഭുക്കന്മാരുമെല്ലാം സ്ഥാനഭ്രഷ്ടരാക്കപ്പെട്ടിരിക്കുന്നു. ഭിത്തിയിൽ കാണപ്പെട്ട ചരിത്രത്തിൻെറ ലിഖിതം വായിക്കാൻ കണ്ണുണ്ടായിരുന്നവക്കു്, മൂർച്ചകൂട്ടാൻവേണ്ടി മഴുവിൻെറ വായ്ത്തല തേച്ചുതുടങ്ങുന്നതിനുമുമ്പുതന്നെ കാലസ്ഥിതിക്കനുസരണമായി തങ്ങളുടെ നിലയിൽ പരിവത്തനം വരുത്താൻ കഴിഞ്ഞു. അതുകൊണ്ടു് അവർ ഇന്നു് രാജ്യത്തിലെ ഭരണമണ്ഡലത്തിലും മററു മണ്ഡലങ്ങളിലും അവരുടെ പ്രകൃതിസിദ്ധമായ കഴിവുകൾക്കു് അനുരൂപമായ സ്ഥാനം വഹിക്കുന്നു. മററുള്ളവരാകട്ടെ നശിച്ച ഒരു സാമ്രാജ്യത്തിൻെറ നഷ്ടശിഷ്ടങ്ങളായി ഒഴുകിനടക്കുകയാണു്. വിദേശസർക്കാരിൻെറ പ്രതിനിധികളിൽ തൊട്ടടുത്ത പദവിയുണ്ടായിരുന്നവർ അധികാരത്തിലും ശമ്പളത്തിലും നല്ല കയററം നേടുകയും പിരിഞ്ഞുപോകുന്ന തങ്ങളുടെ യജമാനന്മാരുടെ കസേരകളിൽ കയറിപ്പററുകയും ചെയ്തു. ഇവരിൽ വളരെപ്പേർ, രൂപം പ്രാപിച്ചുകൊണ്ടിരിക്കുന്ന നിശ്ശബ്ദവിപ്ലവത്തെപ്പററി ബോധ

വാന്മാരാണു്. പരിവത്തനം സുഗമമാക്കുവാൻവേണ്ടി ഉറക്കി ളച്ചിരുന്നു പണിയെടുക്കുകയാണു്, അവർ. എന്നാൽ ബാക്കി യുള്ളവരാകട്ടെ, ആ പഴയ വ്യവസ്ഥിതി മാറിയ കാര്യമൊന്നു മറിയാതെ വിദേശീയഭരണകാലത്തെ രീതിയിൽ മറുഭാഗ ത്തു പിടിച്ചു വലിക്കുകയാണു്—ഭിത്തിയിലെ എഴുത്തു കാ ണാത്ത അന്ധന്മാർ!

റഷ്യ, ഏതാണ്ടു് ഒരു തലമുറക്കാലം നീണ്ടുനിന്ന രക്ത സ്നാനത്തിലൂടെ കടന്നുപോയി. എന്തുകൊണ്ടെന്നാൽ, ഉയൻ്ന്നു വരുന്ന വേലിയേററവുമായി പൊരുത്തപ്പെട്ടുപോകാനോ വഴിമാറിക്കൊടുക്കാനോ തക്ക വിവേകവും ഭിത്തിയിലെ എഴുത്തു വായിക്കാനുള്ള കഴിവുമില്ലാത്ത മന്ദബുദ്ധികളായിരു ന്നു, അവിടത്തെ പഴയ ഭരണാധികാരികളും ബന്ധപ്പെട്ടവ രും. ഇതേ പ്രക്രിയതന്നെ ചൈനായിലും ആവത്തിക്കപ്പെടേ ണ്ടിവന്നു. 'ഇസ'ങ്ങൾ എങ്ങനെയുമിരിക്കട്ടെ; ഒരു സമീകര ണമാവശ്യമായിരുന്നു. ബുദ്ധിമാന്മാരായ ബ്രിട്ടീഷുകാരാകട്ടെ, ഭിത്തിയിലെ എഴുത്തു വായിക്കയും വിശ്വസിക്കാൻ വിസമ്മ തിക്കുന്ന കൊടിയ വിപ്ലവകാരികളെയും അമ്പരപ്പിച്ചുകൊ ണ്ടു് പെട്ടിയും പ്രമാണവുമെടുത്തു നാട്ടിലേക്കു മടങ്ങുകയും ചെയ്തു. സ്നേഹിതന്മാരായിട്ടാണു് അവർ മടങ്ങിവന്നതു്. പഴ യതു് ചത്തുണങ്ങിക്കഴിഞ്ഞിരുന്നു. പുതിയതു് പുറവാതിലിൽ തട്ടിവിളിക്കുന്നു. 'നിങ്ങളാരു്?' എന്ന പരിവത്തനകാലത്തെ പ്രശ്നത്തിനു് എല്ലാ പൗരന്മാരും ഉത്തരം നല്കിയേ മതിയാവൂ. അതിനുത്തരം നല്കാൻ കഴിയുന്നവക്കു മാത്രമേ നിമ്മാണപ്രവ ത്തനങ്ങളിൽ വിജയിക്കാൻ കഴിയൂ. മററുള്ളവർ വെറും ഭാരമാണു്. ഭിത്തിയിലെ ലിഖിതം വായിക്കാത്തവരെ രക്ഷ പ്പെടുത്താനുള്ള അവസാനത്തെ പരിശ്രമമാണു് ഇതു്.

## സ്വാതന്ത്ര്യത്തിലേക്കു്

ആററംബോംബു്, ഹിറോഷിമ, സൂപ്പർ ഹൈഡ്രജൻ ബോംബുകൾ. പിച്ചിച്ചീന്തപ്പെട്ട ലോകം ഭയംകൊണ്ടു വിറ യ്ക്കുയാണു്. പാറിപ്പറിഞ്ഞ നരച്ച മുടിയുമായി ശാസ്ത്രജ്ഞന്മാർ

രാത്രി ഉറക്കിളച്ചിരുന്നു പണിയെടുക്കുന്നു; ഭാര്യമാർ വിലപിക്കുന്നു; കുട്ടികൾ നിലവിളിക്കുന്നു. വസ്തുപിണ്ഡത്തിന്റെ ഉള്ളറകളിലെ രഹസ്യങ്ങൾ കണ്ടുപിടിക്കാൻവേണ്ടിയുള്ള രാസപരീക്ഷണങ്ങൾ പുരോഗമിക്കുന്നു. രാസപരിണാമവിധങ്ങളെയുപയോഗിച്ച്, വമ്പിച്ച വ്യവസായശാലകൾ, മാരകായുധങ്ങൾ നിർമ്മിച്ചു കുമ്പാരം കൂട്ടുന്നു. അന്തിമമായ ശക്തിപ്രകടനത്തിനായി താളക്രമത്തിൽ ചുവടുവച്ചു നടന്നുനീങ്ങുന്ന സാധാരണക്കാർ പരസ്പരം കോപിക്കയും ശകാരിക്കയും ചെയ്യുകയാണ്. ഇതേസമയം, മനുഷ്യന്റെ സഹോദരനായ മക്കടം, അടുത്തുള്ള വയലിലിരുന്ന് ഗോതമ്പിന്റെ തണ്ട് ചവച്ചു രസിച്ചുകൊണ്ട് ഇളിച്ചുകാട്ടുകയാണ്.

“നമ്മുടെ നേതാക്കന്മാർ വിപ്ലവത്തെ ഒറ്റിക്കൊടുത്തു. ഗാന്ധിത്തൊപ്പി കള്ളക്കച്ചവടത്തിന്റെ പ്രതീകമായിത്തീന്നിരിക്കുന്നു,” എന്നിങ്ങനെ ചാരുകസേരരാഷ്ട്രീയക്കാരൻ ഉറക്കെ വിലപിക്കുന്നു. മേലാവുസായ്പിന്റെകൂടെ നൃത്തംവയ്ക്കാൻ ഭാര്യയെ പറഞ്ഞയയ്ക്കുക പതിവാക്കിയിരുന്ന—ഇന്ന് പഴയ രക്ഷാധികാരിയെത്തേടി എങ്ങുമൊരെത്തുംപിടിയും കിട്ടാതെ ഉഴറിനടക്കുന്ന—കൂട്ടത്തിൽ പെട്ടവനാണ്, ഈ ദേശഭക്തൻ. 1947 ആഗസ്റ്റ് 15-ാംതീയതി ചങ്ങല അഴിച്ചു മാററപ്പെട്ടു എന്ന വസ്തുത പലരും ശരിക്കു മനസ്സിലാക്കുന്നില്ല. ചങ്ങല അഴിഞ്ഞുവെങ്കിലും നാം ആഗ്രഹിച്ച സ്വാതന്ത്ര്യം ഇനിയും നേടേണ്ടതായിട്ടാണിരിക്കുന്നതു്. രാജാക്കന്മാർ കാലത്തിനു നിരക്കാത്ത പ്രതിഭാസമായിക്കഴിഞ്ഞിരിക്കയാൽ രാജ്യത്തിലെ ഭരണക്രമം ജനങ്ങൾതന്നെ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. അടിമത്വം പുലത്തുന്നവർ മാത്രമേ ഒഴിഞ്ഞുമാറിയിട്ടുള്ളു. മതിലുകളും ബന്ധിച്ച വാതിലുകളും നമ്മെ തുറിച്ചുനോക്കുന്നു. ബാസ്റ്റീലിൽനിന്നു വിമോചനം നേടാൻ സമരം നടത്തിയ ധീരസേനാനികൾതന്നെ ഇന്നും മുന്നണിയിലുണ്ടു്. അതുകൊണ്ടു്, യുവാക്കളുടെ ചുമതല, തുറസ്സായ ഭൂമിയിലേക്കും സൂര്യപ്രകാശത്തിലേക്കും പ്രവേശനം ലഭിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി, തുടന്നുവരുന്ന സമരത്തിൽ, അവരുടെ പിന്നിൽ അണിനിരക്കുകയാണ്. രാജവംശങ്ങൾ, ജന്മിവ്യവസ്ഥിതി, ഉദ്യോഗസ്ഥമേധാവിത്വം എന്നിവ പരാജയ

പ്പെട്ട പിൻവാങ്ങുന്ന യജമാനന്മാർ അവശേഷിപ്പിച്ചിട്ടുപോകുന്ന ദോഷത്രയമാണ്. അതുകൊണ്ട് ഈ ദോഷത്രയത്തെ പരിവത്തനം ചെയ്തു യുക്തിസഹമായ ഘടകങ്ങളാക്കി മാററുകയും, അടച്ചിട്ടിരിക്കുന്ന വാതിലുകൾ തുറന്നു് തുറസ്സായ പാതയിലേക്കു മാർഗ്ഗം തെളിക്കയും ചെയ്തെങ്കിൽ മാത്രമേ സ്വാതന്ത്ര്യം നേടാൻ സാദ്ധ്യമാകൂ.

സ്വാതന്ത്ര്യത്തിനുള്ള സമരമാരംഭിച്ചതു് ബോംബെറിഞ്ഞുകൊണ്ടാണ്. എന്നാൽ ക്രൂരവൈദേശികഭരണാധികാരിയോടുപോലും ഭാരതീയപാരമ്പര്യമനുസരിച്ചുവേണം പെരുമാറാനെന്നു രാഷ്ട്രപിതാവു നിഷ്കർഷിച്ചു. ആ സമരത്തിൽ പങ്കെടുത്തവർ ഇന്നും ജയിലറകളിൽ കിടന്നു നരകിക്കുകയാണ്. ഖാൻ അബ്ദുൽ ഗഫാർഖാനെപ്പോലെ പലരുമുണ്ട്. തുറന്ന പാതയിലെ മുള്ളുകമ്പിവേലികളാണ് പാക്കിസ്ഥാനും ഹിന്ദുസ്ഥാനും—ഒരു ഭ്രാന്തൻെറ വിനോദം! ഒഴിഞ്ഞുപോകുമ്പോൾ വൈദേശികഭരണാധികാരികൾ അവശേഷിപ്പിച്ചുപോയ മുമ്പു പറഞ്ഞ ത്രിമൂത്തികളിൽ ആഴത്തിൽ ഉറച്ചുനില്ക്കുന്നതാണ് ഈ കുഴപ്പത്തിൻെറ തായ്‌വേരു്. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട രാജാവാണ് മനുഷ്യൻ; പ്രകൃതിയുടെ രാജകുമാരനായി പുനഃപ്രതിഷ്ഠ ലഭിക്കാൻ, തൻെറമേൽത്തന്നെ അധികാരം ലഭിക്കാൻ വേണ്ടി ഉഴറുകയാണവൻ. ഇപ്രാവശ്യം അവൻെറ ശത്രുക്കൾ കാലത്തിൻെറ മണൽത്തരികളാണ്. അതു സൂര്യനേക്കാൾ ചൂടുകൂടിയതുമാണ്.

അതുകൊണ്ട് അടുത്തുവരുന്ന വഷങ്ങൾ മുമ്പത്തെക്കാൾ ക്ലേശകരമായ ഒരു മലകയററമാണ്. ആ പ്രയത്നത്തിൻെറ സ്വഭാവം ശരിക്കറിഞ്ഞിരുന്നാൽ മാത്രമേ അവിടം കടന്നുകൂടാൻ കഴികയുമുള്ളു. അന്തിമസമരം—സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം—ഇനിയും ആരംഭിക്കാനിരിക്കുന്നതേയുള്ളു. വിയപ്പും കണ്ണീരും രക്തവും ഒഴുകണം. സ്വാതന്ത്ര്യബുദ്ധിയോടെ ജനിച്ച അനുയായികൾക്കുവേണ്ടി കാത്തുനില്ക്കുയാണു നേതാവ്. അന്തരംഗത്തോട്ട് അന്വേഷണം നടത്താനുള്ള സമയമാണ്. ഒഴിഞ്ഞുമാറാൻ പററിയ സമാധാനത്തിനുവേണ്ടിയോ പുറത്തുനിന്നുള്ള പ്രചോദനത്തിനുവേണ്ടിയോ നോക്കുന്നതു് ആത്മഹത്യാപരമായിരിക്കും.

# കണ്ണീരോ മന്ത്രമോ?

പുണ്യവാൻ പരിപൂർണ്ണതയുടെ പരമോച്ചകോടിയാണു്. എന്നാൽ പരിപൂർണ്ണതയാകട്ടെ, ഇവിടെക്കാണുന്ന ജീവിതം മിഥ്യയാണെന്നുപറഞ്ഞു പരിത്യജിച്ചുകൊണ്ടു് അപ്പുറത്തുള്ള ജീവിതത്തിനായി അഭിലഷിക്കുന്നു. അതിൻെറ ഫലമായി പുണ്യവാൻ, ഹിമാചലത്തിൻെറ കൊടുമുടികളിൽ തൻെറ അന്യൂനമായ പരിശുദ്ധി സംരക്ഷിക്കുന്നു. ചുവട്ടിലുള്ള ലോകമോ ഇതിന്നിടയിൽ കാടായി രൂപാന്തരം പ്രാപിക്കുന്നു. ജീവിതം സ്പന്ദിക്കുന്നുണ്ടെങ്കിലും അതു മുന്നോട്ടു് നീങ്ങുന്നതു് ഓടകളിലും ഊടുവഴികളിലുംകൂടെയാണു്. 'തുറന്ന പാത' കേടുപോക്കാതെയും സംരക്ഷിക്കപ്പെടാതെയും കിടക്കും. ക്ഷുദ്രജീവികളുടെയും പരാന്നഭോജികളുടെയും താവളമായിത്തീരും, അതു്.

നരകാഗ്നി ആകാരംപൂണ്ടതാണു് പിശാചു്. അവൻ പല്ലിറുമ്മുകയും ലോകത്തെയിട്ടു ഞെളിപിരികൊള്ളിക്കയും ചെയ്യുന്നു. ജീവിതം കീഴ്മേൽ മറിയുന്നു. കാര്യങ്ങളുടെ ഗതി അതിവേഗത്തിലാകുന്നു. കുന്നിൻെറ മുകളിൽനിന്നു കുത്തനെയുള്ള ഒരു വഴുതിവീഴലാണു് അതു്. പിശാചു് അനുകൂലമായ ഒരുയന്നസ്ഥാനത്തു നിലകിട്ടാൻവേണ്ടി പുണ്യവാൻ്റെ കുപ്പായം ധരിക്കയും പകലന്തിയാവോളം വേദപുസ്തകമുദ്ധരിക്കയും ചെയ്യുന്നു. ഉദ്ദേശിച്ച സ്ഥാനത്തെത്തിക്കഴിഞ്ഞാൽ അതോടെ അവസാനിക്കും, വേദോച്ചാരണവും. പുണ്യവാൻെറ കുപ്പായം മാററി, കരുണാമയനായ കുലപതിയുടെ വേഷം ധരിക്കുകയായി. സ്വസ്ഥാനം ഉറയ്ക്കുകയും സുരക്ഷിതമാണെന്നു വരുകയും ചെയ്താൽ പിന്നെ പുണ്യവാനെ അനുകരിക്കാനുള്ള ശ്രമവും അവസാനിക്കും. തെളിഞ്ഞ മന്ദഹാസത്തിനു പകരം ഇറുകിക്കൂടിയ ദംഷ്ട്രകൾ പുറത്തു കാണിക്കുകയായി. കാലംകൊണ്ടു് പിശാചും നേരെ വിപരീതസ്വഭാവമുള്ള പുണ്യവാനായിത്തീരും എന്നു സിദ്ധാന്തിക്കപ്പെട്ടുന്നുണ്ടു്. ഒരു നാണയത്തിൻെറ ഇരുപുറങ്ങളെപ്പററിയുള്ള സിദ്ധാന്തം കുററമററതാണെന്നതിനു സംശയമില്ല. പക്ഷേ, പരിവർത്തനത്തിനിടയിലുള്ള കാലഘട്ടം ഒരു പേടിസ്സ്വപ്നംതന്നെ. ആ നാരകീയാന്ധകാരത്തിൽ എന്തും സംഭവിച്ചുപോകാം.

ഇന്ത്യയുടെ അന്വേഷണം ഇന്നു ലോകത്തിന്റെ അന്വേഷണമാണു്. അതായതു്, പുണ്യവാനെയും പിശാചിനെയും ഒരേ നുകത്തിൽ കെട്ടി പ്രവൎത്തിപ്പിക്കുക; നരകാഗ്നിയുടെ തൈക്ഷ്ണ്യമുള്ള ഉത്സാഹവായ്പും പുണ്യവാൻെറ കളങ്കമററ പരിശുദ്ധിയും ഒരുമിച്ചു കൊണ്ടുപോകുക, കാൎയ്യങ്ങൾ കൂടുതൽ സുഗമമായും കൂടുതൽ വേഗത്തിലും നീങ്ങുമെന്നതിനു സംശയമില്ല. പക്ഷേ, സ്വേച്ഛാധിപത്യമെന്നതു്, സ്വയംഭരണത്തിൽ, ഒരു ആരോഗ്യകരമായ സിദ്ധാന്തമോ മാതൃകയായി എടുക്കാവുന്നതോ അല്ല. വേഗം സഞ്ചരിക്കാവുന്ന പാതയായിരിക്കില്ല, പലപ്പോഴും, നീളംകുറഞ്ഞ പാത. സ്വേച്ഛാധിപത്യം തൊണ്ടയിലെ പേശികൾക്കും ഞരമ്പുകൾക്കും കരുത്തു നൽകാനുള്ള ഔഷധമായി ഉപയോഗപ്പെട്ടേക്കാം. എന്നാൽ ചുരുങ്ങിയ കാലത്തേക്കേ അതു ഫലം നൽകൂ എന്നു് അനുഭവം തെളിയിക്കുന്നു. അതുകൊണ്ടു് ക്ലേശകരമായ നീണ്ട പാതയ്ക്കുപകരം സ്വീകരിക്കത്തക്കതായി മറെറാന്നില്ലെന്നാണു തോന്നുന്നതു്. മറെറാരു മാൎഗ്ഗത്തിനുള്ള ഉദാഹരണമൊന്നും ചരിത്രവും ചൂണ്ടിക്കാണിക്കുന്നില്ല.

നേതാവു പറഞ്ഞു: "ഈ തലമുറ ക്ലേശിച്ചു പണിയെടുക്കാൻ വിധിക്കപ്പെട്ടവരാണു്." നഗ്നദൃഷ്ടികൾക്കു കാണാൻ കഴിവുള്ളതിൽ കവിഞ്ഞ അൎത്ഥം ഈ വാക്കുകളിൽ അന്തൎഭവിച്ചിട്ടുണ്ടു്. അതുകൊണ്ടു് സമരത്തിൽ ഒരു കുറുക്കുവഴി കണ്ടുപിടിക്കാൻ ശ്രമിച്ചു് നമുക്കു സമയം പാഴിൽ കളയാതിരിക്കാൻ നോക്കുക. രക്തവും വിയൎപ്പും കണ്ണീരും പോരാ, പരമമായ യാതനതന്നെ വിലയായി നൽകേണ്ടിവരാം. അതു മാത്രമേ മാൻസിലിലേക്കുള്ള മാൎഗ്ഗം തെളിക്കൂ. നമുക്കു മന്ത്രങ്ങളെ ഒഴിഞ്ഞു സഞ്ചരിക്കുക.

## V

# തുറന്ന പാത

തിരയടിച്ചു പതഞ്ഞുമറിയുന്ന കടലിന്നഭിമുഖമായി പഴകിപ്പറിഞ്ഞ ഒരു ചൂരൽകസേരയിലിരിക്കയാണു്, ഞാൻ. മീൻപിടിത്തത്തിലേപ്പെട്ട വള്ളങ്ങൾ പുറംകടലിൽ നീങ്ങിക്കൊണ്ടിരിക്കുന്നതു കാണാം. അങ്ങകലെ ചക്രവാളത്തിൽ ഒരു മഴവില്ലു തെളിയുന്നു. എന്റെ ചേത്ന ഞാനറിയാതെ വിദൂരപൂർവ്വകാലത്തിലേക്കു പ്രയാണംചെയ്തുപോയി—വാസ്കോ ദ ഗാമാ കടലുകൾ താണ്ടിവരുന്നു; കൊളംബസ് അമേരിക്ക കണ്ടുപിടിക്കുന്നു; കുക്കും ഡ്രേക്കും കടൽസഞ്ചാരത്തിൽ ലോകത്തെ പ്രദക്ഷിണംവച്ചു് അവർ പുറപ്പെട്ടേടത്തുതന്നെ ചെന്നെത്തുന്നു. ആര്യന്മാർ മദ്ധ്യേഷ്യയിൽ ഉത്ഭവിച്ചു് അവിടെനിന്നു വടക്കോട്ടും തെക്കോട്ടും പടിഞ്ഞാറോട്ടുമെല്ലാം പരക്കുന്നു. അവിടെനിന്നും പുറകോട്ടുപോയി ചരിത്രാതീതകാലത്തിലെത്തുമ്പോൾ ലോകം എല്ലാത്തരം വിചിത്രജീവികളുടേയും വിഹാരരംഗമായി കാണപ്പെടുന്നു. കാണായ സകലതിന്റേയും സർവ്വാധിപത്യം അവയ്ക്കുണ്ടായിരുന്നുവെങ്കിലും, അവ തങ്ങളെത്തന്നെ അതിജീവിക്കാനുള്ള നിരന്തരപരിശ്രമത്തിലേപ്പെട്ടിരിക്കയായിരുന്നു. കൂടുതൽ കരുത്തുറ്റവ ആ ശ്രമത്തിൽ വിജയിച്ചു. മറ്റുള്ളവ നശിക്കയോ പിൻതള്ളപ്പെടുകയോ ചെയ്തു. സസ്തനജീവികളുടെ പരമ്പരയിൽ അവസാനത്തെ കണ്ണിയായ മനുഷ്യൻ അവന്റെ പരമോച്ചനിലയെ പ്രാപിച്ചിരിക്കയാണു്. നാനാഭാഗങ്ങളിലേക്കും സഞ്ചരിച്ചു് പരന്നുകിടക്കുന്ന ഭൂതലത്തെ അധീനമാക്കിയതുകൊണ്ടു തൃപ്തിപ്പെടാതെ അവൻ ഭൂമിയുടെ അന്തർഭാഗത്തേക്കു പിന്നേയും പിന്നെയും ആഴത്തിൽ ഇറങ്ങുകയാണു്; സമുദ്രത്തിന്റെ അഗാധതലങ്ങളിലേക്കു കടന്നു പരിശോധിക്കുന്നു; നക്ഷത്രങ്ങളേയും വികസിച്ചുവരുന്ന പ്രപഞ്ചത്തിന്റെ പ്രാന്തപ്രദേശങ്ങളേയും തേടിക്കൊണ്ടു് അവന്റെ ചിറകുകൾ അനന്തമായ ആകാശനീലിമയിൽ ചലിച്ചുകൊണ്ടിരിക്കുന്നു. മൃഗങ്ങൾ

മന്ദം ചലിക്കുന്ന ജീവികളാണു്. അവയെ നിയന്ത്രിച്ചു കൊണ്ടുനടക്കാൻ കഴിയുന്നതുകൊണ്ടു തൃപ്തനല്ലാ ഇന്നു മനുഷ്യൻ. വഴക്കാളിയായ ഒരു ശിശു അവനു മുഷിവുതോന്നിത്തുടങ്ങിയ കളിപ്പാട്ടങ്ങൾ വലിച്ചെറിയുന്നതുപോലെയാണു്. തിളച്ചു മറിയുന്ന പാത്രത്തിൽനിന്നുയരുന്ന ആവി ഒരു പുതിയ ചക്രവാളം ദൃഷ്ടിപഥത്തിലെത്തിക്കുന്നു. അജ്ഞാതമായ ആവിയുടെ പിന്നാലെ സഞ്ചരിച്ച മനുഷ്യൻ ക്രമേണ അണുസ്ഫോടനത്തിൽ ചെന്നെത്തിയതു് യുക്തിയുക്തമായ ഒരു പരിണാമമാണു്. അഴിച്ചുവിടപ്പെട്ടിരിക്കുന്ന പൈശാചികശക്തികളുടെ മുന്നിൽ അവൻ ഭയാശ്ചര്യങ്ങളാൽ സ്തിമിതനായി നിന്നുപോകുന്നു. അടികാണാത്ത ഈ പുതിയ പ്രപഞ്ചത്തിലേക്കുള്ള മാന്ത്രികദണ്ഡിനുവേണ്ടി അവൻ ഉഴറേറാടെ നോക്കുകയാണു്.

ഈ പിടിവലിയുടെ പിന്നിൽ, ഈ വർദ്ധമാനമായി വളരുന്ന ജ്വരത്തിൻെറ പിന്നിൽ, പുതിയ പുതിയ നേട്ടങ്ങളുടേയും കണ്ടുപിടിത്തങ്ങളുടെയും സന്തോഷത്താൽ നൃത്തംചെയ്തുകൊണ്ടും, ക്ലേശിച്ചു നേടിയ മുൻകൈ നഷ്ടപ്പെട്ടുമോ എന്ന ഭയത്താൽ ഇടയ്ക്കിടെ ഞെട്ടിക്കൊണ്ടും അനശ്വരമായ ശിശു നിലകൊള്ളുന്നു. മൃഗലോകവുമായുള്ള ബന്ധത്തിൻെറ ചരടു് അററുപോയാൽ മൂകവും ബധിരവുമായ സദസ്സിൻെറ മുമ്പിൽ പിന്നെ യജമാനനായിത്തുടരാൻ ശിശുവിനു കഴിവില്ല. ഒരു പുതിയ പ്രേക്ഷകലോകം ഉണ്ടായിവരേണ്ടതായിട്ടാണിരിക്കുന്നതു്. വഴക്കാളിയായ ശിശു, പ്രതീക്ഷാനിർഭരമായ മിഴികളോടെ ചുററും നോക്കുന്നു. അതാ, അതിനുള്ള സമാധാനം അടുത്തുതന്നെയുണ്ടു്. “എളുപ്പത്തിൽ വിശ്വസിക്കുന്ന മനുഷ്യരെത്തന്നെ അടിമകളായ പ്രേക്ഷകരാക്കുക.” ഏതോ അശരീരിശബ്ദം അവൻെറ ചെവികളിൽ മന്ത്രിക്കുന്നു. അങ്ങനെ ജീവിതനാടകം ഒരു പുതിയ നിറം അംഗീകരിക്കുന്നു. രംഗസ്ഥനായ നടൻ പുല്ലാംകുഴൽവായന തുടരുന്നു. പ്രേക്ഷകർ മന്ത്രബദ്ധരെന്നപോലെ നോക്കിയിരിക്കുന്നു. “നിങ്ങളെല്ലാപേരും ഈ ഹാളിൽനിന്നിറങ്ങിച്ചെന്നു്, അതാ കാണുന്ന എൻെറ അധീനത്തിലുള്ള നിലങ്ങളിൽ ഉഴവുനടത്തുക. വിളയെടുത്തു് ഇവിടെ കൊണ്ടുവരുക. നിങ്ങൾക്കെല്ലാം അല്പം

വല്ലതും തരാൻ എനിക്കു് ഒരുവേള കഴിഞ്ഞേക്കും. അതു തരാം. ബാക്കിയുള്ളതു് ഞാൻ മധുരമുള്ള മധുവാക്കിയെടുക്കും. ഞാൻ അതു പാനംചെയ്യും; അതിൽ മജ്ജനോന്മജ്ജനം ചെയ്യും. ലഹരിയിൽനിന്നുൽപന്നമാകുന്ന ആനന്ദത്തിലൂടെ വിശിഷ്ട മായ കലാപ്രകടനങ്ങളുണ്ടാകും.'' പ്രേക്ഷകരുടെയിടയിൽ ചലനമുണ്ടാകുന്നു. മഞ്ഞിലും മഴയിലുംകൂടെ, ജീവിതനിർവ്വഹണത്തിനുള്ള പ്രയത്നം തുടരുന്നു. അലസനായ ശിശുവാകട്ടെ, വേതനം പററുന്ന ഏതാനും സഹായികളോട്ടുകൂടി രംഗവേദിയിൽത്തന്നെയിരുന്നു നാടോടിപ്പാട്ടുകൾ കേട്ടും തൻെറ അടിമകൾ ആജ്ഞകളെല്ലാം അക്ഷരംപ്രതി അനുഷ്ഠിക്കുന്നുണ്ടെന്നു് ഉറപ്പുവരുത്തിയുംകൊണ്ടിരുന്നു് ആനന്ദിക്കുകയാണു്. തുറന്ന പ്രപഞ്ചം അങ്ങനെയല്ലാതായിത്തീരുന്നു. മുക്കുവൻ താൻ പിടിച്ചെടുക്കുന്ന മത്സ്യത്തിൻെറ സിംഹഭാഗവും തുറന്ന സമുദ്രത്തിൽ സ്വയം നായകസ്ഥാനം പ്രഖ്യാപിച്ചിരിക്കുന്നവൻെറ പങ്കായി കൊടുക്കാൻ നിർബ്ബന്ധിതനാകുന്നു.

ദൈവം രചിച്ച ഒരു ചതുരംഗനാടകമാണു് പ്രപഞ്ചജീവിതം; മടങ്ങി ഉത്പത്തിഗൃഹത്തിലെത്തുന്നതുവരെ അഭിനയിക്കേണ്ട ഒരു നാടകം. യോഗിയാകട്ടെ പിശാചാകട്ടെ, വിദൂഷകനാകട്ടെ ഞാണിന്മേൽക്കളിക്കാരനാകട്ടെ, എല്ലാവരുംതന്നെ ദൈവത്തിൻെറ ചതുരംഗപ്പലകയിലെ കരുക്കളാണു്. നാടകം അവസാനിക്കുന്നതോടെ മുൻവശത്തെ തിരശ്ശീല വീഴുന്നു. നടന്മാർ പൗഡറും മഷിയുമെല്ലാം തുടച്ചുനീക്കുന്നു. നാടകത്തിനുവേണ്ടി വാടകയ്ക്കെടുത്ത വേഷവിധാനങ്ങളുപേക്ഷിച്ചു് മടക്കയാത്രയ്ക്കുള്ള സാധാരണവസ്ത്രം ധരിക്കുന്നു. വാങ്ങാനും വില്ക്കാനും വരുന്നവർക്കും വ്യാപാരത്തിൻെറ വൈവിദ്ധ്യവും രീതികളുമെല്ലാം കണ്ടു മതിവന്നു് വ്യാപാരത്തിൽ നിന്നു വിരമിക്കാൻ ഭാവിക്കുന്നവർക്കുമെല്ലാം സ്വതന്ത്രമായി പ്രവേശിക്കാവുന്ന ഒരു തുറന്ന കമ്പോളമാണു് പ്രപഞ്ചം. അജ്ഞാതത്തിൽനിന്നു് അജ്ഞാതത്തിലേക്കു പോകുന്നു, ജനനത്തിലും മരണത്തിലും സമ്പൂർണ്ണനഗ്നനായ മനുഷ്യൻ, സുനിയന്ത്രിതനായ ഒരു നടനായി ലോകനാട്യവേദിയിലേക്കു് അവതരിപ്പിക്കപ്പെടുകയാണു്. സൂര്യചന്ദ്രന്മാരും നക്ഷത്രമണ്ഡലവുമുൾപ്പെട്ട പ്രപഞ്ചം നിശ്ചലം നിൽക്കയാണു്. നടന്മാർ

മാത്രം പ്രവേശിക്കയും നിഷ്ക്രമിക്കയും ചെയ്ത് അവരവരുടെ വ്യക്തിധർമ്മം നിർവ്വഹിക്കുന്നു.

ഇന്ത്യ ഒരു 'തുറന്ന പാത'യാണ്. എന്തുകൊണ്ടെന്നാൽ 'മാൻസിലി'ലേക്കുള്ള മാർഗ്ഗത്തിൽ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കും അനുവദിക്കപ്പെട്ടിരിക്കുന്നു. മാർഗ്ഗത്തിൽ കുഴികളും കൂടതന്ത്രങ്ങളും ഉണ്ടാക്കിവച്ച് മടക്കയാത്രയുടെ ദൈർഘ്യം വർദ്ധിപ്പിക്കാൻ മാത്രമുതകുന്ന ദ്വീപിനെയും അഭ്യാസപ്രകടനകേന്ദ്രത്തെയും സംബന്ധിച്ചിടത്തോളം ഒരു വൈരുദ്ധ്യമായിരിക്കും ഇതു്. ഇന്നത്തെ നിലയിൽ അതു് അശരണർക്കു കയറിപ്പാർക്കാവുന്ന ഒരു ദ്വീപാണെന്നതു വാസ്തവം. ഇത്തരം 'കൂപമണ്ഡൂക' രക്ഷാകേന്ദ്രങ്ങൾക്കെല്ലാം മാരകമായ ഒരു പ്രഹരമാണ് അണുവിജ്ഞാനീയശാസ്ത്രം നല്കിയിരിക്കുന്നതു്. ആകാശത്തിലൂടെയുള്ള ഭ്രമണത്തിനിടയിൽ പ്രപഞ്ചത്തിൻെറ ബാഹ്യഭാഗങ്ങളിലെവിടെയോ വച്ച് ആ പരമാണുവുമായി ഇന്ത്യയ്ക്കു സമ്പർക്കം ലഭിക്കുന്നു. അടിസ്ഥാനപരമായതു് ഒന്നുതന്നെയാണ്; പാതകൾ വേറെ വേറെയാണെങ്കിലും അവ സമാന്തരമായിട്ടാണു പോകുന്നതു്. ഇന്ത്യയ്ക്കു 'മാൻസിലി'ൻെറ മാർഗ്ഗത്തിൽ പുരോഗമിക്കണമെന്നുണ്ടെങ്കിൽ പ്രാദേശികവും വർഗ്ഗപരവും ഭാഷാപരവുമായ വ്യത്യാസങ്ങളെന്നു പറയുന്ന മുള്ളുകമ്പിവേലികൾ നശിപ്പിച്ചുകളഞ്ഞേ മതിയാവൂ. അടിസ്ഥാനപരമായതിനെ അന്വേഷിച്ചു തീർത്ഥയാത്ര പുറപ്പെട്ടിരിക്കുന്ന ആർക്കും ജാതി, മതം, സ്ത്രീപുരുഷഭേദം, ജനിച്ച സ്ഥലത്തിൻെറ വ്യത്യാസം, ഇതൊന്നും പരിഗണിക്കാതെ 'തുറന്ന പാത'യിലേക്കു തീർത്ഥാടകരെപ്പോലെ സ്വാതന്ത്ര്യമായി യാത്രചെയ്യാൻ കഴിയുമാറാകണം.

## എൻെറ കാഴ്ചപ്പാടിൽ

മദ്ധ്യാഹ്നസൂര്യൻ പൊള്ളുന്ന ചൂടാണു വമിക്കുന്നതു്. അതു കത്തിയെരിയുകയാണ്. അന്തരീക്ഷത്തിലെ വായുപോലും ചലിക്കുന്നതു് അസഹ്യമായ ചൂടു പരത്തിക്കൊണ്ടാണ്.

ആ കൃഷിയിടത്തിലെ കാളകൾ അടുത്തുള്ള മാന്തോപ്പിൽ പരസ്പരം തൊട്ടുരുമ്മിക്കൊണ്ടു നില്ക്കുകയാണു്. രാവിലത്തെ പണി കഴിഞ്ഞു പൊതുഉടമയിലുള്ള വൈക്കോൽ ചവച്ചു തിന്നുകൊണ്ടു വാലുമാട്ടി നില്ക്കയാണു് അവ. അല്പമകലെ ഒരു മരച്ചുവട്ടിലായി മൂന്നു കൃഷകർ ഇരുന്നു വിശ്രമിക്കുന്നുണ്ടു്. നിലത്തിലെ വിള മിക്കവാറും മഞ്ഞനിറം പൂണ്ടുകഴിഞ്ഞിരിക്കുന്നു; കൊയ്യാറായിട്ടുണ്ടു്. കൃഷിചെയ്യാതെ കിടന്നിരുന്ന കന്യാഭൂമിയിൽ യന്ത്രക്കലപ്പയുപയോഗിച്ചു് ഉഴവു നടത്തുന്നതിന്റെയും പുതിയ വീടുകൾ പണിതുയർത്തുന്നതിന്റെയും ജീവനോപായത്തിനുവേണ്ടി വേലചെയ്യുന്നതിന്റെയും ശബ്ദഘോഷങ്ങൾ അകലെനിന്നു കേൾക്കാനുണ്ടു്. തന്നെത്താൻ കണ്ണടച്ചിരുന്നു് ഈ പരിസരങ്ങൾ എന്നിലുളവാക്കുന്ന പ്രതികരണങ്ങളെന്തൊക്കെയെന്നുള്ള ആത്മപരിശോധനയ്ക്കു മുതിരുമ്പോൾ അത്ഭുതവും ബഹുമാനവുമെല്ലാം കൂടികലർന്നു് ഒരസാധാരണ വികാരത്തിനു ഞാൻ അധീനനായിപ്പോകയാണു്; നശിച്ചതും നശിച്ചുകൊണ്ടിരിക്കുന്നതുമായ സാമ്രാജ്യങ്ങളുടെ തകർന്നുവീണ അവശേഷങ്ങളിലും കാട്ടുപടപ്പുകളിലുംനിന്നു സാവധാനമായിട്ടെങ്കിലും നിരന്തരമായും അനിവാര്യമായും ഉയർന്നുയർന്നു വരുന്ന പുതിയ ലോകത്തെ കണ്ടിട്ടു്.

ഇന്ത്യയെ ഒരു മഹത്തായ വിജ്ഞാനകേന്ദ്രമായി ഞാൻ കാണുന്നു—ജീവിതമാകുന്ന കലയെപ്പററി വിജ്ഞാനവികിരണംചെയ്യുന്ന കേന്ദ്രം. ലോകം ഇന്നു യാതൊരു സമതുലിതാവസ്ഥയ്ക്കുവേണ്ടി വേദനയനുഭവിക്കുന്നുവോ അതിന്റെ സജീവസത്ത കണ്ണുകൊണ്ടു കാണാനും ആത്മാവുകൊണ്ടു് അനുഭവിക്കാനുംവേണ്ടി ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും ആളുകൾ ഈ അജ്ഞാതമായ മൂലയിലേക്കു് ഒഴുകിവരുന്നതു ഞാൻ കാണുന്നു; മനുഷ്യയന്ത്രത്തിന്റെ നാലു പ്രാഥമിക കർമ്മങ്ങളായ ആഹാരം, പ്രവൃത്തി, മൈഥുനം, നിദ്ര എന്നിവയുടെ സമഞ്ജസമായ സമ്മേളനത്തിൽനിന്നു് ഉൽപന്നമാകുന്ന സമതുലിതാവസ്ഥ. ഇന്ത്യയെ ഞാൻ കാണുന്നതു് സ്വന്തം യജമാനനായിട്ടാണു്. അവളുടെ ഗുണങ്ങളെന്നു ഗണിക്കപ്പെട്ടുന്നവയുടെ നേതാവായിട്ടു്, അവളുടെ ദോഷങ്ങ

ളെന്നു ഗണിക്കപ്പെട്ടുന്നവയുടെയും നേതാവായിട്ട്. പരലോക സത്യങ്ങളെപ്പററി ജ്ഞാനം ലഭിക്കാൻവേണ്ടി വിദൂരങ്ങളായ ഗുഹകളിൽ തപംചെയ്തു് അസ്ഥിമാത്രശരീരനായിത്തീന്നിരിക്കുന്ന തത്വജ്ഞാനിയും വിദഗ്ദ്ധനായ ഗുസ്തിക്കാരനും ഒരുപോലെ ബഹുമാനിക്കപ്പെട്ടുന്നതായിരിക്കും. ആത്മസംയമനത്തിലെന്നപോലെതന്നെ ആനന്ദാനുഭവത്തിലും പരിശീലനം നല്കുന്ന ഇടമായിട്ടാണു് ഞാൻ ഇന്ത്യയെ കാണുന്നതു്; എല്ലാ കലകളെയും ആശ്ലേഷിച്ചുകൊണ്ടു്, കഴുതയെ പോററി വളത്തൽ മുതൽ പ്രപഞ്ചത്തിൻെറ അതിസൂക്ഷ്മരേണുക്കളെപ്പററിയുള്ള അന്വേഷണംവരെ പരന്നുകിടക്കുന്ന വിശാലമണ്ഡലത്തിൽ പ്രവത്തിക്കുന്ന ഇന്ത്യ. ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യയെ ഞാൻ കാണുന്നതു മനുഷ്യൻെറ അതിപുരാതനഭൂതകാലവും സങ്കല്പസുന്ദരമായ ഭാവിയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായിട്ടാണു്; നിറഞ്ഞ ഐശ്വര്യത്തിൻെറയും സുഭിക്ഷതയുടെയും മദ്ധ്യത്തിൽ ചൈതന്യത്തിൻെറയും ഊജ്ജിതത്തിൻെറയും മൂത്തിമൽഭാവങ്ങളായ സ്ത്രീകളെയും പുരുഷന്മാരെയും കുഞ്ഞുങ്ങളെയുംകൊണ്ടു നിറഞ്ഞു വിതുമ്പുന്ന ഇന്ത്യ.

## പുതിയ ധാമ്മികമൂല്യങ്ങൾ

പകൽസമയത്തെ ക്ലേശകരമായ പണിയെല്ലാമൊതുങ്ങിയപ്പോൾ, കണ്ണഞ്ചിക്കുന്ന പ്രകാശത്തിൽനിന്നകന്നു്, ഭ്രാന്തമായ ലോകത്തിൽനിന്നൊഴിഞ്ഞുമാറി, ഞാനൊന്നു കിടന്നുറങ്ങാൻ ശ്രമിച്ചു. നിശയുടെ ശീതളകരങ്ങൾ വേദനിക്കുന്ന കൈകാലുകളെ തലോടി. ലോകവും അതിലെ പ്രശ്നങ്ങളുമെല്ലാം സാവധാനത്തിൽ അലിഞ്ഞലിഞ്ഞു വിസ്മൃതിയിൽ ലയിച്ചു. ഞാൻ ഒന്നുമറിയാതായി. എല്ലാം മറന്നു. പുലർകാലത്തിൻെറ ഇളംപ്രകാശത്തിൽനിന്നു് അതാ, വിദൂരമായ വനഭൂമി പകൽവെളിച്ചത്തിലേക്കു തെളിഞ്ഞുവരുന്നു; മങ്ങിയ വെളിച്ചത്തിൽ വെറും രൂപരേഖയായിരുന്നതു് ഇപ്പോൾ വ്യക്തമായ രൂപം പ്രാപിക്കുന്നു. പക്ഷികൾ അവരുടെ വൃന്ദ

ഗാനകോലാഹലമാരംഭിച്ചു. കുരങ്ങുകൾ വീണ്ടും മാവിൻ കൊമ്പുകളിൽ ചാടിനടന്നുതുടങ്ങി. മനുഷ്യരുടെ ലോകം ജീവിതസമരത്തിലേക്കു് ഉണർന്നുവരുകയാണു്.

'ആര്യന്മാർ' എന്ന പേരിൽ അറിയപ്പെടുന്ന ഒരു വർഗ്ഗത്തിൻെറ കഥ പറയുന്ന ചരിത്രം, എന്നാണു കരുതപ്പെടുന്നതു്. അവരിൽ ഏററവും ഉൽകൃഷ്ടരായവർ ദുർഗ്ഗമവനാന്തരങ്ങളിൽ കായ്കനികളും പച്ചിലകളും തിന്നു ജീവിച്ചിരുന്നു. അവരുടെ ഏകാന്തവാസകേന്ദ്രങ്ങളിലിരുന്നുകൊണ്ടു് അവരൊഴുക്കിവിട്ട ഗാനധാരയാണു് വേദങ്ങളും ഉപനിഷത്തുകളും, ലോകം ഇന്നോളം കണ്ടിട്ടുള്ള ഗ്രന്ഥങ്ങളിൽ ഏററവും ഉത്തമമായ ഭഗവത്ഗീതയുമൊക്കെയായി രൂപംകൊണ്ടതു്. ഇവയെല്ലാം ഭൂർജ്ജപത്രങ്ങളിലാണു് രേഖപ്പെടുത്തിയിരുന്നതു്. ഇവയിൽ 'ഗീത'യൊഴികെ ബാക്കിയുള്ള ഗ്രന്ഥങ്ങൾ ആരു നിർമ്മിച്ചു എന്നു് അറിയപ്പെട്ടിട്ടില്ല. അങ്ങനെയുള്ളവർ, ഇന്ത്യയിലെ ഏററവും പ്രകൃതിമനോഹരങ്ങളായ പ്രദേശങ്ങളിൽ, ഭീമാകാരമായ കരിങ്കല്ലുകളിൽനിന്നു കൊത്തി രൂപപ്പെടുത്തിയെടുത്ത ക്ഷേത്രങ്ങൾ ഇന്നു രാഷ്ട്രത്തിലെ സന്താനങ്ങൾക്കു തീർത്ഥാടനകേന്ദ്രങ്ങളായിത്തീർന്നിരിക്കുന്നു. കാലാന്തരത്തിൽ എന്തോ ഒന്നു സംഭവിച്ചു എന്നു നിശ്ചയം. അത്തരം ആളുകൾ ഇല്ലാതായി. അവരുടെ അങ്കുരങ്ങൾപോലും അപ്രത്യക്ഷമായി. ഇതിന്നിടയ്ക്കു് പാശ്ചാത്യലോകം ഒരു പുതിയ വെളിച്ചം കാട്ടിത്തന്നു. എല്ലാവക്കും സ്വാതന്ത്ര്യമായി കടന്നുചെല്ലാവുന്ന തീർത്ഥാടനകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനു പകരം, പാശ്ചാത്യർ, സഞ്ചാരികൾക്കുവേണ്ടി ഹോട്ടലുകൾ നിർമ്മിക്കയും ആരോഗ്യകേന്ദ്രങ്ങളുടെ ഗുണവിശേഷങ്ങളെ പ്രകീർത്തിക്കുന്ന അലങ്കൃതകപ്രകാശിതമായ മുദ്രാവാക്യങ്ങൾ പ്രകാശിപ്പിക്കയും ചെയ്യുന്നു. പുസ്തകങ്ങൾ എത്ര പതിപ്പു പ്രസിദ്ധപ്പെടുത്തിയെന്നതും 'ലക്ഷങ്ങളുടെ കണക്കും' നോക്കിയായി എഴുത്തുകാരെ മാനിക്കുന്നതെന്ന നിലവന്നു. വിജ്ഞാനം എല്ലാവക്കും ലഭ്യമാകത്തക്കതുപോലെ ചുരുങ്ങിയ വിലയ്ക്കു വിതരണംചെയ്യാൻ സൗകര്യപ്പെടുത്തിയ സമകാലികനേതാവിനെ ജനങ്ങൾ അഭിനന്ദിച്ചു. ഈ ലോകത്തിൻെറയും അജ്ഞാതമായ പരലോകത്തിൻെറയും നിയന്ത്രണാധികാരി

ആയ മനുഷ്യൻ, തന്നിൽനിന്നു് അകലെയകലെയുള്ള പുതിയ പുതിയ മണ്ഡലങ്ങൾ ജയിച്ചടക്കാൻ ആവേശംപൂണ്ടുകൊണ്ടു് വിജയിച്ചരുളുകയാണു്.

പക്ഷികൾ വൃക്ഷത്തലപ്പുകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. മൃഗങ്ങൾ പാടങ്ങളിലും കാട്ടുകളിലും ചുററിനടക്കുന്നു. അവയ്ക്കൊന്നും പട്ടിണിയില്ല. നാളത്തെ കാര്യത്തെപ്പറ്റിയോ ഇഹപരലോകങ്ങളെപ്പററിയോ ചിന്തിച്ചിട്ടുള്ള വ്യാകുലതയുമില്ല. എന്നാൽ സർവ്വോൽകൃഷ്ടസൃഷ്ടിയായ—മൃഗലോകത്തിലെ നൃപനായ—മനുഷ്യനാകട്ടെ, അസ്വാസ്ഥ്യം ചിന്താക്ലേശംകൊണ്ടു വെന്തുനീറുന്നവനുമാണു്. സുഭിക്ഷതയുടെ മദ്ധ്യത്തിൽത്തന്നെ ലക്ഷക്കണക്കിനാളുകൾ പട്ടിണിമൂലം മരണം പ്രാപിക്കുന്നു; അനേകലക്ഷങ്ങൾ മരിച്ചമാതിരി ജീവിച്ചു് കഷ്ടിച്ചു നിത്യവൃത്തി കഴിക്കുന്നു. പ്രകൃതിയുടെ അനുഗ്രഹങ്ങൾ അളവില്ലാതെ അനുഭവപ്പെട്ടുന്നവരാകട്ടെ, അവരുടെ മാംസളതാഭാരത്തിൻെറ സമ്മർദ്ദംകൊണ്ടു് സ്വയം ഞെരിക്കപ്പെട്ടുന്നു. ഒരററത്തു് മരിച്ചവരും ആസന്നമരണരും; മറെറ അററത്തു് നടന്നുനീങ്ങാൻ വിഷമിക്കുന്ന മാംസഗോപുരങ്ങൾ. രണ്ടാമത്തെ കൂട്ടരുടെ ആൾക്കാർ ഇവക്കു മദ്ധ്യത്തിലുള്ള പാതയിലൂടെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കയുമാണു്. ലോകം പുരോഗമിക്കുന്നു; ഒന്നും സംഭവിക്കുന്നില്ല. തൻെറ കാലഘട്ടത്തിനപ്പുറത്തേക്കു കടന്നു ചിന്തിക്കുന്നതു് അപകടകരവും വേദനാജനകവുമായ ഒരു സാഹസപ്രവൃത്തിയായിത്തീർന്നേക്കാം. പാപഭാരമെന്നോണം അതു നമ്മെ ഞെരുക്കും. കള്ളന്മാരുടെ മദ്ധ്യത്തിൽ സത്യസന്ധമായി ജീവിക്കാനും പ്രവർത്തിക്കാനും മുതിരുന്നതു് നിസ്സംശയമായി കുഴിയിലേക്കായിരിക്കും നയിക്കുക. എന്നിരിക്കിലും മാർഗ്ഗം നിർണ്ണയിച്ചുകഴിഞ്ഞു. നന്മയ്ക്കാവട്ടെ തിന്മയ്ക്കാവട്ടെ, ആർത്തിരമ്പി ഉയർന്നു പൊങ്ങിവരുന്ന തിരമാലയിലൂടെ സഞ്ചരിക്കാൻ നാം പ്രതിജ്ഞയെടുത്തുകഴിഞ്ഞു. നമ്മിൽ കാര്യമറിയാവുന്നവരും മനസ്സിലാക്കാൻ കഴിവുള്ളവരും ഈ സാഹസവൃത്തിക്കു നൽകേണ്ടിവരുന്ന വിലയെപ്പററി നന്നായി അറിഞ്ഞിരിക്കണം. അല്ലാത്തപക്ഷം ചുഴലിക്കാററാരംഭിക്കുമ്പോൾ—അതാരംഭിക്കാതെ തരവുമില്ല—പെട്ടെന്നുള്ള ആഘാതം നമ്മെ അപകടപ്പെട്ടുത്തിക്കളയും.

'പുതിയ ധാർമ്മികമൂല്യങ്ങൾ' അനുശാസിക്കുന്നതു് വരും തലമുറകൾക്കുവേണ്ടിയായിരിക്കണം നാം ജീവിക്കുന്നതെന്നാണു്; ഉന്നതിയിലേക്കുള്ള ക്ലേശംകുറഞ്ഞ കുറുക്കുവഴി എന്നേക്കുമായി നിരോധിക്കപ്പെട്ടിരിക്കുന്നു; മേലാൽ നമ്മുടെ വ്യക്തിപരമായ ജീവിതം സമൂഹത്തിൻെറ കൂട്ടായ ജീവിതവുമായി കെട്ടുപിണഞ്ഞേ മുൻപോട്ടു പൊയ്ക്കൂടൂ. നമ്മുടെ ജീവിതംകൊണ്ടു് അയൽക്കാരുടെ ജീവിതം എത്ര ധന്യമായിട്ടുണ്ടെന്നതിൻെറ തോതിനെ ആശ്രയിച്ചായിരിക്കും, നമ്മുടെ പ്രയത്നത്തിൻെയും ഫലപ്രാപ്തിയുടെയും വിലയിരുത്തൽ നടക്കുക. അതുകൊണ്ടു് പുതിയ ധാർമ്മികമൂല്യങ്ങൾ അനുശാസിക്കും, ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ ആദ്യത്തെ കാൽവയ്പായിട്ടു് എല്ലാ പൗരന്മാക്കും വേലകിട്ടാൻ അവകാശമുണ്ടെന്നും, വേല കിട്ടാത്തവരുടെ കാര്യം സമൂഹത്തിൻെറ ഉത്തരവാദിത്വമായിരിക്കുമെന്നും. ഇതിൻെറ സ്വാഭാവികമായ ഫലവും അർത്ഥവും എന്താണു്? വേലചെയ്യാൻ സന്നദ്ധതയുണ്ടായിരുന്നിട്ടും വേല കിട്ടാതിരിക്കയും തന്മൂലം ഭക്ഷണം ലഭിക്കാതിരിക്കയും ചെയ്യുന്നവക്കു് ആവശ്യം കഴിഞ്ഞു മിച്ചമുള്ളവരിൽനിന്നു് ഒരു പങ്കു് ആവശ്യപ്പെടാൻ അധികാരമുണ്ടായിരിക്കുമെന്നു്—വളരെ സരളമായ ഒരു സങ്കല്പം—എങ്കിലും മനുഷ്യൻ അഭിമുഖീകരിച്ചിട്ടുള്ളതിൽ ഏററവും വിപ്ലവകരമായ ആശയം. നാം ഏതാണ്ടൊരുവിധത്തിൽ 'കാടിൻെറ നിയമം' ഒരു പുതിയ രൂപത്തിൽ അംഗീകരിക്കയാവും, അപ്പോൾ. സംഭൃതവിഭവങ്ങളുടെ ഭാരമില്ലാതെ, നിയമങ്ങളോടും അവയിൽനിന്നുത്ഭവിക്കുന്ന പലതിനോടുമുള്ള ദാസ്യമില്ലാതെയുള്ള ജന്തുക്കളുടെ ആരോഗ്യപൂർണ്ണമായ സ്വാതന്ത്ര്യജീവിതമാണു് 'കാടിൻെറ നിയമ'മെന്നു പറയുമ്പോൾ ഇവിടെ വിവക്ഷിക്കപ്പെട്ടിട്ടുള്ള പശ്ചാത്തലം. നാം ഇന്നുവരെ നേടിയ വിജ്ഞാനസമ്പത്തിനെ വ്യക്തിക്കുപകരം സമൂഹത്തിനു പ്രയോജനകരമാംവിധം വിനിയോഗിക്കാമെന്നുണ്ടെങ്കിൽ നമ്മുടെ സഹോദരരായ മനുഷ്യരെപ്പററിയും അതോടു ബന്ധപ്പെട്ടു് മററുള്ളവയെച്ചൊല്ലിയുള്ള ഭയവും കൂടാതെകഴിക്കാം.

'പുതിയ ലോക'ത്തിലേക്കുള്ള മാർഗ്ഗം 'പുതിയ ധാർമ്മികമൂല്യ'ങ്ങളിലൂടെ മാത്രമേ തെളിയുകയുള്ളൂ. ആ പുതിയ സമ

ഷ്പ്ണത്തിന്നു നാം തയ്യാറാണോ? പ്രവൎത്തനത്തിൻെറ അട്ടത്ത പടിയിലേക്കു കടക്കാൻ ആരംഭിക്കുന്നതിനുമുമ്പ് ഇതിന്ന് ഉത്തരം ലഭിക്കേണ്ടിയിരിക്കുന്നു. ചക്രവാളത്തിൽ മേഘപാളികൾ അടിഞ്ഞുകൂടിത്തുടങ്ങിയിട്ടുണ്ട്. അവ എപ്പോഴെങ്കിലും വർഷിക്കാതിരിക്കയില്ല. ഒരുവേള നമ്മെ അമ്പേ പരാജയപ്പെട്ടുത്തിയെന്നും വരാം. എന്നിരിക്കിലും ഈ പരിശ്രമം ചെയ്തുനോക്കേണ്ടതാണ്. ആരെങ്കിലും ആരംഭിച്ചേ മതിയാകൂ. എന്തുകൊണ്ട് നമ്മളായിക്കൂടാ. എന്തുകൊണ്ടെന്നാൽ എന്തെങ്കിലും ഒന്ന് ആശിക്കുവാൻ ഇതിൽ മാത്രമേയുള്ളൂ. നാം തിരമാലയിൽപ്പെട്ടു; അതിൻെറ തലപ്പത്തെത്തി; ഇനി ആലോചിച്ചു നിൽക്കാൻ നേരമില്ല. നമുക്ക് ആരംഭിക്കയല്ലേ?

## പുതിയ ലോകം

1917-ൽ റഷ്യ ഒരു പരിവൎത്തനത്തിൻെറ രംഗമായിത്തീൎന്നു. കുറേക്കൂടെ കുറഞ്ഞ തോതിലുള്ള അത്തരം പരിവൎത്തനങ്ങൾ ലോകത്തിൽ വേറെയും സംഭവിക്കുന്നു. കോടിക്കണക്കിന് ആളുകളുടെ വിധി നമ്മുടെ കൺമുമ്പിൽവച്ചുതന്നെ മാറിയെഴുതുന്നു. ഇന്നലെ ചൈനായിലായിരുന്നു; ഇന്നു ബൎമ്മായിലാണ്. ഈ പുരാതനരാജ്യത്തിൻെറ പരദേവത വല്ല അത്ഭുതവും പ്രവൎത്തിച്ച് ലോകത്തിൻെറ മുമ്പിൽ—അപ്പുറത്തുള്ള അഗാധഗൎത്തത്തിലേക്കു കുതിച്ചുപായുന്ന ഭ്രാന്തുപിടിച്ച ലോകത്തിൻെറ മുമ്പിൽ—ഒരു പ്രകാശനാളം ഉയൎത്തിക്കാട്ടുന്നില്ലെങ്കിൽ, ഇന്ത്യയിലാണെന്നു വരാം, നാളെ ഇതു സംഭവിക്കുക. അന്തരീക്ഷം കനംവെക്കുകയും ചൂടു ക്രമാതീതമായി വർദ്ധിക്കുകയും മനുഷ്യരും മൃഗങ്ങളും വീർപ്പുമുട്ടിത്തുടങ്ങുകയും ചെടികളിലും മരങ്ങളിലുമുള്ള ഇലകൾ അനക്കമററു വേദനപ്പെട്ടു നില്ക്കുകയും ചെയ്യുന്നതു കാണുമ്പോൾ, മനുഷ്യന്ന് ആത്മാവബോധംകൊണ്ടെന്നപോലെ തോന്നിപ്പോകുന്നു, എല്ലാം അടിച്ചു നിരപ്പാക്കുന്ന ഉഗ്രശക്തി പ്രവൃത്തിയാരംഭിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന്. അതിൻെറ അവ

സ്ഥാനത്തിൽ ചുഴലിക്കാററു്, വേദനകൊണ്ടു പുളയുന്ന ഒരു രാക്ഷസനെപ്പോലെ വന്നെത്തുന്നു. മരങ്ങളെ പിഴുതെറിയുന്നു; വീടുകളെ കാററിൽ പറത്തുന്നു; കൂടാരങ്ങളെ പിച്ചിച്ചീന്തിയെറിയുന്നു. ഒരു തെല്ലിടനേരത്തെ വിശ്രമം. ജീവിതം പുനരാരംഭിക്കയായി. ഒരു കൊടുങ്കാററിൻെറ സ്വഭാവമറിയാവുന്ന നാം ആ ആപത്തിൽനിന്നു് ഇന്ത്യയെ രക്ഷിക്കുവാനുള്ള പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കയാണു്.

പഴയ മൂല്യങ്ങൾ എന്നേക്കുമായി പോയ്മറഞ്ഞുകഴിഞ്ഞിരിക്കുന്നു; ഒരു രൂപത്തിലും ഇങ്ങിനിവരാതവണ്ണം. കണ്ണുള്ളവക്കു് ഇതു കാണാം; കാതുള്ളവക്കു കേൾക്കാം. മുമ്പോട്ടുപോകാൻ മൂന്നു വഴികളേയുള്ളു. ഒന്നു ക്രെംലിനിലേക്കു നയിക്കുന്നു. മറെറാന്നു് ക്രെംലിനും വൈററ്ഹൗസിനും മദ്ധ്യേ തിളച്ചുമറിയുന്ന കിടാരത്തോടുകൂടിയ ഗർത്തത്തിലേക്കു നയിക്കുന്നു. മൂന്നാമത്തേതു് ഒരു പുതിയ ലോകമാണു്; ഇനിയും രൂപംപ്രാപിച്ചുവരേണ്ട ലോകം; എല്ലാം ഉൾക്കൊള്ളുന്ന ഒരു ലോകം—പുണ്യവാൻ മുതൽ പിശാചുവരെ എല്ലാററിനേയും ഉൾക്കൊള്ളുന്നതു്. ഇന്ത്യയിൽമാത്രം ഇന്നും അന്യൂനമായി നിലനില്ക്കുന്ന ഭൂതകാലത്തോടു ദൃഢമായി ബന്ധപ്പെട്ടുനിന്നുകൊണ്ടു് പൂർണ്ണവളർച്ചയെത്തിയ ഒരു ലോകത്തിലേക്കു മുന്നേറണം. ഇന്നത്തെ ശാസ്ത്രം അതിനുള്ള സൗകര്യങ്ങൾ നൽകുന്നുണ്ടു്. രൂപംപ്രാപിച്ചുവരുന്ന ആ പുതിയ ലോകത്തിനുവേണ്ടിയുള്ള അന്വേഷണത്തിൻെറ ബീജമാണു്, 'പദ്ധതി'. അതിൻെറ വിജയത്തിൽ വിശ്വാസമില്ലാത്തവരുണ്ടു്. എന്നാലും അതു മുന്നേറുകയാണു്. ഉപരിതലത്തിലുയൻനുവരുന്ന ഇത്തരം കല്ലോലങ്ങൾ, പ്രസവത്തിനു പ്രാരംഭമായ വേദനയായേ ഗണിക്കേണ്ടു.

## തുല്യത

ഡിസംബർമാസത്തിലെ സായാഹ്നം—നക്ഷത്രമണ്ഡിതമായ ആകാശം. പുന്നെല്ലിൻെറ ഗന്ധം അന്തരീക്ഷത്തിൽ പൊന്തിനില്ക്കുന്നു. ചെളികുഴച്ചു തേച്ചു് നീരന്ധ്രമാക്കിയിട്ടുള്ള

പരമ്പുതട്ടികൊണ്ടുണ്ടാക്കിയ ആ കൂരയിൽനിന്നു് രാമായണ പാരായണത്തിൻെറ ഗാനമാധുരി പ്രവഹിക്കുന്നു. വാത്മീകി, ലവ-കുശന്മാരെ താല്പര്യപൂർവ്വം അദ്ധ്യയനം ചെയ്യിച്ചതാണു് ആ ഗാനം. 'ദാദാ, അതു വീണ്ടും പാട്ടു; ഒന്നുകൂടെ പാട്ടു.' മന്ത്രബദ്ധരെപ്പോലിരുന്നു് ഉദ്വേഗത്തോടെ കഥ കേട്ടുകൊണ്ടിരുന്ന ഒരു പററം കുട്ടികൾ ഒന്നാകെ ആർത്തുവിളിച്ചു. പകൽ മുഴവൻ പാടത്തു കൊയ്ത്തുപണിയിലേർപ്പെട്ടിരുന്നതിൻെറ തളർച്ചയുണ്ടായിരുന്നിട്ടും കുടുംബത്തിലെ പഴയ വിശ്വസ്തജോലിക്കാരനായ 'ദാദാ'മൂപ്പീന്നിനു് ഒഴിഞ്ഞുമാറാൻ അവസരംകിട്ടിയില്ല. മുളഞ്ചീളുകളുപയോഗിച്ചു് പിറേറന്നു നെല്ലുവാരാനുള്ള കുട്ട നെയ്യുകൊണ്ടിരുന്ന അയാൾ വീണ്ടും ഗാനമാരംഭിച്ചു. സീതയെപ്പററിയും സീതാപരിത്യാഗത്തെപ്പററിയുമൊക്കെയായിരുന്നു, അപ്പോൾ പാടിയതു്. കുടുംബത്തലവൻെറ ബന്ധത്തിൽപ്പെട്ട ഒരു പെൺകുട്ടി, ദാദായെ കെട്ടിപ്പിടിച്ചുകൊണ്ടു് പിന്നിൽനിന്നു്അയാളുടെ പകുതിനരവീണ മുടിയിൽ കൈയോടിച്ചു കളിക്കുന്നുണ്ടായിരുന്നു. "ദാദാ, ഒന്നു പറയൂന്നേ എപ്പോഴാണു് രാമൻ സീതയേയും ലവകുശന്മാരേയും കാണാൻ വരുന്നതു്? രാമൻ ഒരു ദുഷ്ടനായ അച്ഛൻതന്നെ. സീതയെയും മക്കളേയും നാട്ടിൽനിന്നു പുറംതള്ളാനാവശ്യപ്പെടുന്ന വഷളന്മാർ പ്രജകളായിരിക്കുന്ന രാജ്യം എന്തിനുകൊള്ളാം?" കഥ കേട്ടിരുന്ന കുട്ടികളിൽ മുതിന്നവൻ വിതുമ്പിക്കൊണ്ടു ചോദിച്ചു. മററുള്ളവരെല്ലാം ഏകസ്വരത്തിൽ അവനോടു യോജിച്ചു. ആ കുട്ടികളെ കളവുപറഞ്ഞു കബളിപ്പിക്കാൻ ദാദായ്ക്കിഷ്ടമില്ല. അയാൾ കഷ്ടത്തിലായി. അയാളുടെ കണ്ണുകളും നിറഞ്ഞു.

ഏതാനും വർഷം കഴിഞ്ഞു് ആ മുതിന്ന കുട്ടി, ഒരു വലിയ പട്ടണത്തിലെ കോളേജിൽ ചേന്നു പഠിക്കയായിരുന്നു. ക്ലാസ്സിലെ പ്രൊഫസ്സർ മറേറതാനുംപേരോടൊപ്പം അവനെയും കൂടെ, 'ഹോളി'ആഘോഷം സംബന്ധിച്ചു് അദ്ദേഹത്തിന്റെ വസതിയിൽവച്ചു നടത്തിയിരുന്ന ഒരു വിരുന്നിൽ സംബന്ധിക്കാൻ ക്ഷണിച്ചിരുന്നു. വെൽവെററുമെത്തയിട്ട സോഫായിലിരുന്നുകൊണ്ടു് മദ്ധ്യവയസ്കനായ പ്രൊഫസ്സറുടെ ചെറുപ്പക്കാരി ഭാര്യ, 'ബോയ്'' എന്നു് അധികാരഭാവത്തിൽ

വിളിക്കുന്നതു കേൾക്കായി. വളരെ ചിട്ടയായി വേഷഭൂഷകള ണിഞ്ഞിരുന്ന അവരെ തെല്ലു ദൂരെനിന്നു നോക്കിയാൽ, വല്ല വ്യാപാരസ്ഥലത്തും പ്രദശ്നത്തിനു വച്ചിരിക്കുന്ന ഒരു പാവ യെന്നേ തോന്നൂ. ഒരു മിനിററുകഴിഞ്ഞു. 'ബോയ്!' അവർ വീണ്ടും വിളിച്ചപ്പോൾ സ്വരം കുറെയൊന്നു പരുഷമായിരു ന്നു. അവിടെക്കൂടിയിരുന്ന ചെറുപ്പക്കാരായ അതിഥികളെ അത്ഭുതപ്പെടുത്തിക്കൊണ്ടു് പ്രായമായ ഒരു തടിമാടൻ കൈ യിൽ ചായത്തട്ടവുമായി അവിടെ കടന്നുവന്നു. നീട്ടിവളത്തി യിരിക്കുന്ന താടിപകുതിയും നരച്ചതാണു്. പശയിട്ടുവെടിപ്പാ ക്കിയ വെള്ളക്കാലുറയും നീണ്ട വെള്ളക്കുപ്പായവും അരയിൽ പിച്ചളപ്പട്ടയോടുകൂടിയ ബെൽറ്റും അസ്തമനസൂയ്യന്റെ കിരണ ങ്ങളേററു വെട്ടിത്തിളങ്ങുന്ന മുദ്ര കുത്തിപ്പിടിപ്പിച്ചിട്ടുള്ള തല പ്പാവുമായിരുന്നു, അയാളുടെ വേഷം. ഏതോ യന്ത്രത്തിന്റെ കൈകൊണ്ടെന്നപോലെയുള്ള ലാഘവത്തോടെ അയാൾ ചായത്തട്ടം അതിഥികൾ ഓരോരുത്തരുടേയും മുമ്പിലൂടെ കട ത്തിക്കൊണ്ടുപോകുമ്പോൾ വല്ല സ്ഫൂണിലോ മററോ തട്ടി ശബ്ദമുണ്ടാക്കി ആ അന്തരീക്ഷത്തിൻെറ ഗൗരവത്തിനു ലാഘ വം വരുത്തിപ്പോകുമോ എന്നു ഭയപ്പെട്ടുന്നവരെപ്പോലെ വള രെ സൂക്ഷിച്ചാണു് അതിഥികൾ ചായക്കോപ്പകൾ കൈകൊ ണ്ടെടുത്തിരുന്നതു്. അതു കഴിഞ്ഞ ഉടനെ ആ താടിക്കാരൻ 'ബോയ്' അളന്നളന്നടിവച്ചു നടന്നു് അപ്രത്യക്ഷനായി. പ്രൊഫസറുടെ ഭായ്യ അതിഥികളെയും തൻെറ വേഷവിധാ നങ്ങളെയും മാറിമാറി പരിശോധിക്കുന്നതിനിടയിൽ സാവ ധാനം മൊത്തി മൊത്തി ചായ കുടിച്ചുകൊണ്ടിരുന്നു. ചെറു പ്പക്കാരായ ആ വിദ്യാത്ഥികളാകട്ടെ, ചായക്കോപ്പയുടെ പി ടിവളയത്തിൽ ശ്രദ്ധാപൂവ്വമായ അശ്രദ്ധയോടെ പിടിച്ചിരി ക്കുന്ന മൃദുലാംഗുലികളിലെ ചെഞ്ചായം പുരിട്ടിയ നഖഭംഗി യെപ്പററിയാണു് ചിന്തിച്ചുകൊണ്ടിരുന്നതു്.

തുല്യത, ബാഹ്യപ്രകൃതിയിലുള്ള സങ്കല്പം എന്ന നില യിൽ, ഗൗരവാവഹമായ പ്രയാസങ്ങളെ അഭിമുഖീകരിക്കാൻ തുടങ്ങുകയാണു്. എന്തെന്നാൽ രണ്ടു ഭൗതികവസ്തുക്കൾ, ഒന്നു മറെറാന്നുമായി വച്ചുമാറത്തക്കവിധം സാജാത്യമുള്ളതായിരു ന്നാൽ മാത്രമേ, ഈ സങ്കല്പം പ്രയോഗക്ഷമമായിരിക്കയുള്ളു.

വസ്തുക്കളുടെ ലോകത്തിൽ ഇതു് ഒരു പരമാബദ്ധമാണു്. അങ്ങനെ തുല്യതയെന്നതു്, ഒരു വെറും അപ്രാപ്യാശയമായിട്ടാണു് കൂടുതൽ കൂടുതൽ ബോദ്ധ്യമായി വരുന്നതു്. ഇതിനുദാഹരണം വല്ലതും ആവശ്യമാണെങ്കിൽ രണ്ടു പുൽക്കൊടിത്തുമ്പുകളോ ധൂളിയുടെ രണ്ടു കണികകളോ ഭൂതക്കണ്ണാടിയിലൂടെ പരിശോധിച്ചു നോക്കിയാൽ മതി; അല്ലെങ്കിൽ നമ്മുടെ കൈയുടെ അഞ്ചു വിരലുകൾ പരിശോധിച്ചാൽ മതി; തുല്യതയെന്നതു് ഒരു മിഥ്യാസങ്കല്പമാണെന്നു കാണാം. തല, കൈയ്, കാൽ, പാദം എന്നിങ്ങനെ വ്യത്യസ്തധർമ്മങ്ങളോടു കൂടിയ മനുഷ്യാവയവങ്ങളെ നോക്കുമ്പോൾ അവയും ഈ സങ്കല്പത്തിൻെറ നിഷേധത്തിനു തെളിവാണെന്നു കാണാം. ബുദ്ധിമാനായ ഹിന്ദു, ചരിത്രാതീതകാലത്തുതന്നെ ഈ അനിഷേദ്ധ്യമായ സത്യം കണ്ടുപിടിച്ചു. അതനുസരിച്ചു് ജീവിതത്തിലേക്കുള്ള അടിസ്ഥാനപരമായ മാർഗ്ഗം കണ്ടുപിടിക്കയും സമൂഹത്തിലെ വിവിധഘടകങ്ങൾക്കു് വികസനത്തിനും സ്വയംപ്രകാശനത്തിനും തുല്യാവസരം എന്ന ആശയം നിർദ്ദേശിക്കയും ചെയ്തു. അതായതു് ഓരോ ഘടകത്തിനും, അതാതിൻെറ സ്വന്തം പ്രേരണയ്ക്കനുസൃതമായും ഓരോന്നും സ്വന്തമായി ജീവിതത്തിൽ അംഗീകരിക്കുന്ന സ്ഥാനത്തിനനുസൃതമായും വികസിക്കയും, എന്നാൽ എല്ലാവരും പൊതുശ്രമത്തിൽ ഒന്നായി ഒത്തുപിടിക്കയും ചെയ്യുന്ന ഒരു വ്യവസ്ഥിതി.

മനുഷ്യശരീരത്തിലെ ഏററവും ബോധയുക്തമായ അവയവം ശിരസ്സാണു്. പ്രകൃതിതന്നെ ഇതിനെ നീണ്ട രോമം കൊണ്ടു സുരക്ഷിതമാക്കിയിരിക്കുന്നു. ഭരണകർത്താവും അനുസരിക്കപ്പെടേണ്ടവനുമായ രാജാവെന്നപോലെ എല്ലാററിൻെറയും മുകളിലായിട്ടാണു് ശിരസ്സു് സൃഷ്ടിച്ചുറപ്പിച്ചിരിക്കുന്നതുതന്നെ. ജീവിതരണത്തിൽ പ്രവർത്തിക്കാനായിക്കൊണ്ടു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു് കൈകൾ. തലയെ താങ്ങിനിർത്താനും മനുഷ്യശരീരത്തെ ഒരിടത്തുനിന്നു മറെറാരിടത്തേക്കു നീങ്ങാൻ ശക്തമാക്കുന്നതിനും ജീവിതത്തെ നിലനിർത്തിക്കൊണ്ടുപോകാനുള്ള പോഷകാംശങ്ങൾ ഉൾക്കൊള്ളാനും ഒക്കെയുള്ള പ്രത്യേക ജോലികൾ ശരീരത്തിലെ ഓരോ അവയവത്തിനും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. ഈ അവയവങ്ങളെല്ലാം

സഹകരിച്ചും പരസ്പരം സഹായകമായും പ്രവർത്തിക്കുമ്പോൾ മുമ്പോട്ടുള്ള ചലനം സാദ്ധ്യമാകുന്നു. ഇവതമ്മിൽ വിഘടനം സംഭവിച്ചാൽ കാര്യം കുഴപ്പമായി; അപ്രാപ്യമായ തുല്യതയെപ്പററി സംസാരമായി; ഒടുവിൽ കുമിള പൊട്ടുകയായി; വ്യക്തിയിൽ—അഥവാ സമൂഹത്തിൽ—ലോകത്തിലൊട്ടാകെ—'കുരുക്ഷേത്രയുദ്ധം' പുനരാരംഭിക്കയായി.

അതുകൊണ്ടു് സ്നേഹിതന്മാരും സഖാക്കളും ഒന്നു മനസ്സിലാക്കണം. നമ്മുടെ ലക്ഷ്യം തുല്യത പ്രാപിക്കുക എന്നതല്ല. നേരേമറിച്ചു്, പരസ്പരം ലയിച്ചുചേർന്നു പുരോഗമിക്കുന്ന ഒരവസ്ഥയുണ്ടാക്കാനാണു് നമ്മുടെ ഉന്നം; ജീവിതത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഘടകങ്ങളും—തല, കൈയ്, കാൽ, പാദം എന്നിവയെല്ലാം—അതാതിന്റെ നൈസർഗ്ഗികപ്രവൃത്തിമണ്ഡലത്തിൽ ഏററവും ഉയർന്ന തോതിൽ പ്രയോജകീഭവിക്കുമാറു് ഏകയോഗക്ഷേമമായി പ്രവർത്തിച്ചു് 'മാൻസിലി'ലേക്കുള്ള പൊതുമാർഗ്ഗത്തിൽ ഒരുമിച്ചു മുന്നേറുന്ന ഒരു നില കൈവരുത്തുകയെന്നതാണു ലക്ഷ്യം. മനുഷ്യനല്ലാത്ത 'ബോയ്'യുടെ സ്ഥാനത്തു മനുഷ്യനായ 'ദാദാ'യെ പുനർജ്ജീവിപ്പിച്ചു പ്രതിഷ്ഠിക്കണം. ശൂർപ്പണഖയുടെ ക്രൂരനഖങ്ങൾ അപ്രത്യക്ഷമായിട്ടു് പകരം മാതാവിൻെറയും സഹോദരിയുടെയും മനുഷ്യത്വമുള്ള കരാംഗുലികൾക്കു സ്ഥാനം ലഭിക്കണം. വിലകൊടുത്തു വാങ്ങിയ അടിമകൾക്കു പകരം ആ സ്ഥാനത്തു് പൊതുകുടുംബശേഖരത്തിൽനിന്നു് അവനവൻെറ നിലയ്ക്കനുസരിച്ചു് ആഹാരത്തിൻെറ പങ്കുപററുന്ന സഹോദരന്മാരുടെ സംഘം ഉണ്ടായിവരണം. അപ്പോൾ സാർത്ഥവാഹകസംഘത്താവളത്തിൽ ഒരു ടാഗോറിനു വേണ്ട മുന്തിരിച്ചാറും, ജനറൽ ബൽബീർസിംഗിനാവശ്യമായ കോഴിപുലാവൊയും, ഘനശ്യാം സേട്ടിനു വേണ്ട തൈരുചോറും പരിപ്പുകറിയും, കർഷകനായ ദുഖിറാമിനു കഴിക്കാനുള്ള റൊട്ടിയും മോരും, എല്ലാ മൃഗങ്ങൾക്കും ചെറുപ്രാണികൾവരെ എല്ലാവറ്റയ്ക്കും തിന്നാൻ വേണ്ടത്ര ആഹാരസാധനങ്ങൾ മിച്ചവുമുണ്ടാകും.

പാലം നിർമ്മിക്കേണ്ടതു നാമാണു്. 'മാൻസിലി'ലേക്കുള്ള വഴി ആരംഭിക്കുന്നതു മറുകരയിൽനിന്നാണു്. ചോരയും വിയർപ്പും കണ്ണീരും കൂടാതെ ഏതെങ്കിലുമൊരു പാലം തീർന്നി

ട്ടുള്ള ഉദാഹരണം ചരിത്രത്തിലില്ല. അതുകൊണ്ടു് സഹോദരന്മാരും സഹോദരികളും കാൎയ്യത്തിൻെറ നില മനസ്സിലാക്കണം. പാലം നിൎമ്മിക്കുന്നതു മററുള്ളവൎക്കു വണ്ടിയോടിച്ചുപോകാനാണു്. അതുകൊണ്ടു് നാം നമുക്കു ലഭിച്ചിരിക്കുന്ന സൗകൎയ്യങ്ങളുടെ മുതലെടുത്തു കഴിഞ്ഞുകൂടാൻ വിധിക്കപ്പെട്ടവരല്ല. ലോകത്തിലെ ഉത്തമസന്താനങ്ങളുടെ രക്തമൊഴുകിക്കിടക്കുന്ന പാതയാണു് ചരിത്രം. കൎക്കശയായ ഒരു യജമാനത്തിയാണവൾ. വിധി നിശ്ചയിച്ചിട്ടുള്ള പദവിയിലെത്തണമെന്നുണ്ടെങ്കിൽ ഇന്ത്യയും ഈ വില കൊടുത്തേ തീരൂ. അതുകൊണ്ടു നമുക്കു് മിഥ്യാസങ്കല്പങ്ങളെ വലിച്ചെറിഞ്ഞിട്ടു് ഓരോരുത്തനും അവനവൻെറ പ്രവൃത്തിമണ്ഡലത്തിൽ ഉറച്ചുനിന്നു്, നമ്മെ അഭിമുഖീകരിക്കുന്ന കഠിനപ്രയത്നത്തിൻെറ നിൎവ്വഹണത്തിനുള്ള പ്രാപ്തിയിൽ തുല്യത നേടാം.

## ജന്മനാ സോഷ്യലിസ്റ്റ്

ഓരോ പ്രത്യേക പ്രവൃത്തിമണ്ഡലത്തിൽ വിജയം നേടിയിട്ടുള്ളവരെ അനുകരിക്കുന്നതോ ആഗാമിയായ കാലത്തിനു പററിയ സിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്നതോ അല്ല, പ്രതിഭയുടെ ലക്ഷണം. മാറിക്കൊണ്ടുവരുന്ന സാഹചൎയ്യങ്ങളെ മുൻകൂട്ടിക്കാണാനും അവസ്ഥാനുസരണമായി പരിവൎത്തനമുൾക്കൊള്ളാനും കഴിയുന്നതിലാണു് ഒരു ജനപദത്തിൻെറ പ്രതിഭ കണ്ടെത്താവുന്നതു്. ആ സാങ്കേതികമായ കഴിവു് സ്വാധീനമാകുന്നതിൻെറ തോതിനെ ആശ്രയിച്ചാണു് സമൃദ്ധിയും മതിക്കപ്പെടുന്നതു്. അത്തരം പ്രതിഭയുടെ ഉടമകളായ ഒരു വൎഗ്ഗം അനേകനൂററാണ്ടുകൾക്കു മുമ്പു ജീവിച്ചിരുന്നു. ജീവിതത്തിൻെറ അൎത്ഥം, അതിൻെറ എല്ലാ സങ്കീൎണ്ണതകളോടും വിശദാംശങ്ങളോടുംകൂടി ഗ്രഹിച്ചിരുന്നവരാണു് അവർ. ജീവിതത്തെ ധന്യമാക്കിയിരുന്ന എല്ലാ ശക്തിവിശേഷങ്ങളെയും അവർ ആരാധിച്ചിരുന്നു. എതിൎത്തുനിന്ന ശക്തികളെ അവർ കീഴടക്കി അവരുടെ ചൊല്പടിക്കു പ്രവൎത്തിപ്പിച്ചു. ജീവിതം പുരോഗമിച്ചുകൊണ്ടിരുന്നു. എങ്കിലും സംഭവഗതികൾ

അവരുടെ നിയന്ത്രണത്തിനധീനമായിരുന്നു. അതു മററാരുമല്ല. നമ്മുടെ മഹാന്മാരായ പൂർവ്വികർ—ആരുടെ അർഹതയുള്ള പിൻഗാമികളായിട്ടാണോ നാം അഭിമാനിക്കുന്നതു്—ആ ഹിന്ദുക്കൾതന്നെയാണു്. കുട്ടികൾമുതൽ പ്രായമായവർവരെയും ചണ്ഡാലന്മാർമുതൽ ബ്രാഹ്മണർവരെയുമുള്ള ഭിന്നസ്വഭാവമിയന്ന വിഭാഗങ്ങളെയെല്ലാം സമഞ്ജസമായി സമ്മേളിപ്പിച്ചുകൊണ്ടു് ഒരു സാമൂഹ്യവ്യവസ്ഥിതി, ബുദ്ധിമാന്മാരായ ബ്രാഹ്മണർ രൂപാന്തരപ്പെടുത്തിയെടുത്തു. അതിൻെറ മേല്പുര ആകാശവും, അതിത്തിരേഖ വികസിച്ചുകൊണ്ടിരിക്കുന്ന ചക്രവാളവുമായിരുന്നു. ജീവിതനൃത്തത്തിൻെറ സ്വാഭാവികമായ പിൻപാട്ടെന്നോണം സ്ത്രീകളും പുരുഷന്മാരും ഗാനാലാപം ചെയ്തു. കുടുംബമെന്നതു് അനവസാനമായി വികാസം പ്രാപിച്ചുകൊണ്ടിരുന്ന പ്രപഞ്ചമായിരുന്നു; വിദേശി എന്ന പദംതന്നെ അറിയപ്പെട്ടിരുന്നില്ല. ആ മഹാകുടുംബത്തിൽ എല്ലാപേരുടെയും ആവശ്യത്തിനു മതിയാകുന്ന എല്ലാ സാധനങ്ങളുമുണ്ടായിരുന്നു. പട്ടിണിയെന്നതു് ആർക്കും അറിയേണ്ടിവന്നതേയില്ല. ജനനംമുതൽ മരണംവരെയുള്ള ജീവിതചക്രം ഉത്സവങ്ങളും ഉല്ലാസങ്ങളും നിറഞ്ഞതായിരുന്നു. സമൂഹത്തിലെ എല്ലാ അംശത്തിനും അതിലെ ഗുണഭോക്താക്കളാകാൻ തക്ക രീതിയിലായിരുന്നു, ആഘോഷങ്ങൾ നടത്തിയിരുന്നതു്. അങ്ങനെയല്ലാത്തവയെ അപൂർണ്ണമെന്നു ഗണിച്ചിരുന്നു. ക്ഷുരകന്മാർ, രജകന്മാർ, ചെരുപ്പുകുത്തികൾ, തൂപ്പുകാർ തുടങ്ങി താരതമ്യേന കൂടുതൽ ക്ലേശകരമായ സാമൂഹ്യസേവനപ്രവൃത്തികൾ ചെയ്യാൻ നിയോഗിക്കപ്പെട്ടിരുന്ന കുടുംബക്കാർക്കു് ഇത്തരം അവസരങ്ങളിൽ പ്രത്യേക സൗജന്യങ്ങളും നിശ്ചയിക്കപ്പെട്ടിരുന്നു.

കാലക്രമത്തിൽ വിനാശകരമായ ഒരു പരിവർത്തനമുണ്ടായി. ബുദ്ധിമാനും ധർമ്മനിരതനുമായിരുന്ന ബ്രാഹ്മണൻെറ പ്രതിഭ, ചീത്ത മാർഗ്ഗത്തിലേക്കു തിരിഞ്ഞു. ക്ഷത്രിയൻ അയാളുടെ വലതുകൈയായിനിന്നു സഹായിച്ചു. ഒരു യുക്തിയുക്തമായ പരിണാമമെന്ന നിലയിൽ വൈശ്യനും ആ കൂട്ടത്തിൽ കൂടി. ശിരസ്സും ഭുജങ്ങളും തുടകളും ഒന്നായി ചേർന്നുനിന്നുകൊണ്ടു് ശരീരത്തെ താങ്ങിനിർത്തുന്ന കാലുകളെ അടിമകളാക്കാൻ

ഗൂഢാലോചന നടത്തി. സ്വതന്ത്രമായ ചലനശേഷി നിയന്ത്രിക്കപ്പെട്ടപ്പോൾ കാലുകൾ മനസാ പ്രതിഷേധിച്ചു. ജീവിതത്തിൻെറ ക്രമമായ പുരോഗതിക്കു വ്യത്യാസം സംഭവിച്ചു. സുഭിക്ഷതയുടെ സ്ഥാനത്തു ദുർഭിക്ഷതയായി. ആകെ അമ്പരന്നുപോയ മേലേക്കിടക്കാർ ഉല്പന്നങ്ങളുടെ സിംഹഭാഗവും കൈയടക്കി. ജനങ്ങളിലെ വലിയ ഭൂരിപക്ഷം—ഉല്പാദന പ്രവത്തനങ്ങളിലേപ്പെട്ടിരിക്കുന്നവർ— ശുഷ്കിച്ചു ശുഷ്കിച്ചു വന്നു. ഒടുവിൽ പരസ്പരം ബന്ധിച്ചിരുന്ന കണ്ണി പൊട്ടിത്തെറിക്കയും വ്യവസ്ഥിതികളൊക്കെ തകന്നു കുഴപ്പത്തിലാകയും ചെയ്തു. ജീവിതത്തിൽ തുല്യപങ്കാളിയായ സ്ത്രീ, ചന്തയിൽ ക്രയവിക്രയത്തിനു വച്ചിരിക്കുന്ന ഏതു സാധനവുംപോലെ വില്പനയ്ക്കോ വാടകയ്ക്കോ കൊടുക്കപ്പെടുന്ന ഒരു ചരക്കായി അധഃപതിച്ചു; പുരുഷൻ കൂട്ടിൽ നിർത്തി വളർത്തുന്ന ഉഴവുമൃഗത്തെപ്പോലെ ഉല്പാദനപ്രവൃത്തിയിലെ ഒരു ഉപകരണം മാത്രമായിത്തീന്നു. ധാന്യം ശേഖരിച്ചുവച്ചിട്ടുള്ള അറയുടെ താക്കോൽ ചരടുപിടിത്തക്കാരായ ഏതാനുംപേരുടെ മാത്രം കൈവശമായിത്തീന്നു. 'എല്ലാവരിൽനിന്നും അവനവൻെറ കഴിവുപോലെ' എന്ന സിദ്ധാന്തം പുതുതൊന്നുമല്ല. പഴയകാലത്തെ ഹിന്ദുക്കൾ അനുഷ്ഠാനത്തിൽ വരുത്തിയിരുന്ന ഒരു തത്വമാണ് അതു്. ഇന്ത്യയെ അവളുടെ പാട്ടിനു വിട്ടേച്ചാൽ അവൾ വീണ്ടും അവളുടെ നില സുരക്ഷിതമാക്കിക്കൊള്ളും. ആധുനികമനഃശാസ്ത്രവും തത്വശാസ്ത്രവും ഹെഗലിൻെറ വൈരുദ്ധ്യവാദവുമൊക്കെ ഇംഗ്ലീഷ് അക്ഷരങ്ങളിൽ അച്ചടിച്ചു കാണുമ്പോൾ എന്തോ പുതുമയുള്ള കാര്യങ്ങൾപോലെ തോന്നിപ്പോകുന്നുവെന്നേയുള്ളു. 'പാർവ്വതി'യുടെ ബുദ്ധിമാനായ മകൻ ഇതു സർവ്വവും കുട്ടതല്ലം അമ്മയുടെ ഗർഭപാത്രത്തിൽവച്ചുതന്നെ ഗ്രഹിച്ചിരുന്നു. ഇന്ത്യ ഒരുകാലത്തു വിജ്ഞാനത്തിനോ ജീവിതവൃത്തിക്കുള്ള ഉപാധികൾക്കോ വേണ്ടി പിച്ചച്ചട്ടിയുമേന്തി പുറത്തേക്കെങ്ങുമിറങ്ങിയിട്ടില്ല. അനശ്വരമായ ഹിമശേഖരരേഖയും വിശാലമായ കടലോരവും കടന്നുപോയി അവൾക്ക് അവളുടെ ഒരു പ്രശ്നത്തിനും ഉത്തരം തേടേണ്ടിവന്നിട്ടില്ല.

ഇന്നു് ഒരു സ്വപ്നം മാത്രമായിരിക്കുന്ന കാലത്തിലേക്ക്

നാം ഒരു എത്തിനോട്ടം നടത്തിക്കഴിഞ്ഞിരിക്കുന്നു. ഇന്നത്തെ ലോകത്തിൽ നിലനില്ക്കാനും പുഷ്ടിപ്പെടാനും വളരാനുംതക്ക വിധത്തിൽ ഹൈന്ദവജീവിതത്തെ പുനരുജ്ജീവിപ്പിക്കാൻ നാം തീരുമാനമെടുത്തിരിക്കയാണ്—എല്ലാ ഘടകങ്ങൾക്കും മാനസികസ്വാതന്ത്ര്യം പാലിക്കാൻ കഴിയുന്നതും, കുടുംബത്തിലെ പൊതുതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരും അവനവന്റെ ആവശ്യങ്ങൾക്കുവേണ്ടി ആശ്രയിക്കുന്നതും, ആയ ഹിന്ദുക്കളുടെ കൂട്ടുകുടുംബജീവിതം. ഇതിൽ ലജ്ജിക്കാനൊന്നുമില്ല. ഇതല്ലാതുള്ള മറേറതുതരം ജീവിതവും ഹിന്ദുവിനു് ദൈവവിരോധമായുള്ളതാണു്. തന്നോടുതന്നെ സത്യസന്ധനായിരിക്കുമെന്നുവച്ചാൽ മററുള്ളവരോടും സത്യസന്ധനായിരിക്കുമെന്നു നിശ്ചയം. ഒരു നല്ല പൗരസ്ത്യനു് ഒരു നല്ല പാശ്ചാത്യനോടു വിരോധമുണ്ടാകാൻ വയ്യ. മൗലികകാൎയ്യങ്ങൾ സമാന്തരമായിട്ടാണു നീങ്ങുന്നതു്. നല്ല രണ്ടു മതങ്ങളോ വൎഗ്ഗങ്ങളോ തമ്മിൽ സംഘട്ടനമെന്നൊക്കെ പറയുന്നതു മിഥ്യയാണു്. ആ 'പേരിൽ അറിയപ്പെടുന്നവ' തമ്മിലാണു് അനവസാനമായ സമരം തുടൎന്നുകൊണ്ടിരിക്കുന്നതു്. നഗ്നമായ സത്യം, യാതൊരു കലവറയും കൂടാതെ തുറന്നു പറയണമെന്നതാണു് ഇന്നത്തെ ആവശ്യം.

ഭാവിയെപ്പററി വിശ്വാസമില്ലാത്തവർ ഒന്നു പുറകോട്ടു നോക്കട്ടെ. കുടുംബം അലോസരപ്പെട്ടുകിടന്ന അന്തരാളകാലഘട്ടംപോലും എത്ര താരസമൂഹങ്ങളെ സൃഷ്ടിച്ചു എന്നു് അവൎക്കു കാണാവുന്നതാണു്. ജീവിതം കേവലം ഒരു യാദൃച്ഛികസംഭവമല്ലെന്നും, ഇന്ത്യക്കു മഹാന്മാരേയും മഹതികളേയും വെളിയിൽനിന്നു് ഇറക്കുമതിചെയ്യേണ്ട കാൎയ്യമില്ലെന്നും, അവൾ സ്വയം പൎയ്യാപ്തതയുള്ളവളാണെന്നും; അവൾ പ്രത്യക്ഷത്തിൽ കാണത്തക്കവിധം പുരോഗതിയുടെ പാതയിൽ നീങ്ങിക്കൊണ്ടിരിക്കയാണെന്നുമുള്ളതിനു തെളിവു വല്ലതും വേണമെന്നുണ്ടെങ്കിൽ, സ്വാമി വിവേകാനന്ദനും ടാഗോറും ഗാന്ധിയും ഇപ്പോഴത്തെ അദ്ദേഹത്തിന്റെ സ്വാഭാവികമായ പിൻഗാമിയും ഒക്കെ ഉൾപ്പെടുന്ന ഇരുപതാം നൂററാണ്ടിന്റെ ശൃംഖലയിലേക്കൊന്നു നോക്കിയാൽമതി. ഉയൎന്നുവരുന്ന നക്ഷത്രങ്ങൾ തടാകജലത്തിൽ പ്രതിഫലിക്കുന്നു. ഹിന്ദുജീവിത

മാകുന്ന നാടകത്തിനു കൊഴുപ്പു കൂട്ടുന്ന സംഗീതധാര ചൊരിഞ്ഞ ഗൗതമബുദ്ധൻ, ശങ്കരൻ, നാനാക്ക്, ചൈതന്യൻ തുടങ്ങി അത്രതന്നെ പ്രശസ്തി നേടിയിട്ടില്ലാത്ത പ്രതിഭാശാലികൾവരെയുള്ളവരുടെ അനവസാനമായ ഒഴുക്ക് ഒരു ഹിമപ്പരപ്പായി ആരംഭിച്ച്, എല്ലാംകൂടെ ഉറന്നുകൂടി, ക്രമേണ ഒരു ഹിമപർവ്വതപാതത്തിൻെറ രൂപംകൊള്ളുകയാണ്. ഇന്ത്യ വീണ്ടും ജീവിതനൃത്തമാടണം. ജീവിതത്തേയും ഭിക്ഷാപാത്രത്തേയും അതിൻെറ പാട്ടിനു വിട്ടേക്കുക. വീണ്ടും പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ നമുക്ക് ഉത്തരം കിട്ടാതെ നിന്നു തപ്പിത്തടയാതെ കഴിക്കാം.

11795

# VI
# വലിയ വിശപ്പ്

ശിശിരകാലം കഴിഞ്ഞു. സൂര്യൻ കോപാകുലമായ നോട്ടമയച്ചുതുടങ്ങി. ജൂൺ–ജൂലൈ മാസങ്ങളിൽ പതിവുള്ള ചുട്ടുകാറ്റ് ആരംഭിച്ചുകഴിഞ്ഞു. വസന്തകാലത്തിൻെറ മാന്ത്രികാകർഷണം അവസാനിക്കാറായി. കാൻവാസ് തമ്പിൻെറ ചാണകംമെഴുകിയ തറയിൽ മനുഷ്യഹസ്തങ്ങൾക്കു സങ്കല്പിക്കാൻകൂടി വയ്യാത്ത ശക്തിവിശേഷത്തോടെ, ഭൂമിയെ തള്ളിമാറ്റിക്കൊണ്ടു തൃണത്തലപ്പുകൾ ഉയൎന്നുവരുന്നു. തുറന്ന പാതയിലെ സംഗീതത്തിനുവേണ്ടി ഉല്ക്കടമായ തൃഷ്ണയുള്ളതിനാൽ വിത്തിനു് അടങ്ങിക്കിടക്കാൻ കഴികയില്ല. ഇരുപത്തഞ്ചു നൂറ്റാണ്ടുകൾക്കു മുമ്പാണ്. കപിലവാസ്തുനഗരത്തിലെ സംരക്ഷിതപാതയിലൂടെ സിദ്ധാൎത്ഥരാജകുമാരൻ സഞ്ചരിക്കുകയായിരുന്നു. ഒരു പുത്രൻ ജനിച്ചു. ആ ഉത്സവരാത്രി മദിരയും മധുരാധരികളും മാദകസംഗീതവും നിറഞ്ഞതായിരുന്നു. നിശയുടെ നിശ്ശബ്ദതയിൽ അദ്ദേഹം ഞെട്ടിയുണൎന്നു. മദ്യപാനംകൊണ്ടു നിശ്ശേഷം ബോധംമറഞ്ഞ, തളൎന്ന, ഒരു ലോകമാണ് അദ്ദേഹത്തിൻെറ മുഖത്തു തുറിച്ചുനോക്കിക്കൊണ്ടു ഭീകരമായി പൊട്ടിച്ചിരിക്കുന്നതു്. മുറിയുടെ തറ വിറകൊള്ളുന്നു. ഭിത്തികൾ പൊളിഞ്ഞുവീഴാൻ പോകുന്നതുപോലെ തോന്നുന്നു. ആ മന്ത്രബദ്ധമായ ഭവനത്തിൽനിന്നു കുതറിപ്പാഞ്ഞ അദ്ദേഹം വിദൂരവനാന്തരങ്ങളിൽ ചെന്നു വിലയിക്കുന്നു. വൎഷങ്ങൾക്കുശേഷം രാജകുമാരൻെറ സ്ഥാനത്തു ജനങ്ങൾ ഗൗതമബുദ്ധനെ ഹൎഷാരവങ്ങളോടെ സ്വാഗതംചെയ്യുന്നു. ജീവിതതത്വസാരത്തെ അദ്ദേഹം ഇങ്ങനെ പ്രഖ്യാപിച്ചു: "നിങ്ങൾ പ്രതിഫലമായി ഒന്നുംതന്നെ അവകാശപ്പെടാതിരിക്കുക; എങ്കിൽ നിങ്ങൾ പ്രപഞ്ചത്തിനു് അധികാരികളായിത്തീരും. ദൈവമില്ല. ആത്മാവു മാത്രമെയുള്ളു—എന്നും സ്വതന്ത്രമായിരിക്കാൻ ജനിച്ച ആത്മാവു്."

വിശപ്പുള്ളവൻ അപ്പമന്വേഷിച്ചു പോകുന്നു; ദാഹിക്കു

ന്നവൻ വെള്ളമന്വേഷിച്ചും. വിശപ്പും ദാഹവും ശമിപ്പി ക്കാൻ അമ്മ ഉല്ക്കടമായി അഭിലഷിക്കുന്നു. തിന്നാനും കുടി ക്കാനുമുള്ള വക വേണ്ടുവോളമുണ്ടു്; പോരാ, ആവശ്യത്തില ധികമുണ്ടു്. എന്നാൽ വിശപ്പും ദാഹവും പിന്നെയും അവശേ ഷിക്കുന്നു. കാരണം, അതിഭക്ഷണംകൊണ്ടു ചിലരുടെ വിശ പ്പും ദാഹവും കെട്ടുപോയിട്ടു് ആഹാരസാധനങ്ങൾ മുഴവൻ സ്വന്തമായി കൈയടക്കുവാനുള്ള വാസന അവരിൽ പൊന്തി വന്നിരിക്കുന്നു. അങ്ങനെ വായുവും വെള്ളവും വീതിച്ചു് അ ടച്ചുവച്ച കുപ്പികളാക്കി ഭൂമിയെ വിഭജിച്ചിരിക്കുന്നു. ഒരുവ ശത്തു് ഉറക്കത്തിൽ നടക്കുന്ന ഒരു ചെറിയ ന്യൂനപക്ഷവും മറുവശത്തു് വിശപ്പും ദാഹവുംകൊണ്ടു വലയുന്ന ജനലക്ഷങ്ങ ളും; ഇതിനിടയ്ക്കു കിടന്നു വേദനകൊണ്ടു പുളയുകയാണു്, അമ്മ. അതേസമയം വനങ്ങൾ മണ്ണൊലിച്ചു പോയി മരവി ക്കുന്നു; പച്ചച്ച പാടങ്ങൾ മരുഭൂമികളായി മാറുന്നു.

കുട്ടി സ്കൂളിൽ പോകുന്നു. ജന്മനാ വിജ്ഞാനത്തിന്റെ അധികാരികളായ അദ്ധ്യാപകർ ചൊല്ലിക്കൊടുക്കുന്ന ദൈനം ദിനപാഠങ്ങളിൽക്കൂടെ നീന്തിക്കടക്കുന്നു. ആത്മാവു് വീട്ടി ലെത്താൻ വെമ്പുകയാണു്. വർണ്ണവൈവിദ്ധ്യമിയന്ന കളി പ്പാട്ടങ്ങളോ സ്വാദുള്ള മിഠായികളോ ഒന്നും അവനു് ആക ഷകമായി തോന്നുന്നില്ല. കാരണം, സൂര്യൻ ചക്രവാളത്തിലേ ക്കു് ഊന്നിറങ്ങുകയാണു്; മടങ്ങിച്ചെന്നു് അമ്മയുടെ മടിയിൽ കയറിപ്പററണം. കട്ടപിടിച്ച കളിമണ്ണിൽ ഉളിയും കൊട്ടുവടി യുമുപയോഗിച്ചു പണിയെടുക്കുകയാണു്, ശില്പിശ്രേഷ്ഠൻ. കല്ലിൽ കൊത്തിയ കാവ്യം, പണി പൂത്തിയാകുന്നതോടെ വേഗം വിസ്മരിക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, നടരാജ നൃത്തം അതിൻെറ വിവിധ ഭാവങ്ങളിൽ ആവിഷ്കരിക്കാൻ വെമ്പുകയാണു്, ആ ശില്പി. വാസ്തുശില്പി, ആരാമനഗരം നി ർമ്മിക്കാനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കയാണു്. സൂര്യൻെറ ഉദയാസ്തമനങ്ങളോ ശരീരത്തിൻെറ സന്ധിബന്ധങ്ങളിലെ വേദനയോ ഒന്നും അയാൾ അറിയുന്നില്ല. നഗരം ക്രമേണ കടലാസ്സിൽ രൂപംപ്രാപിക്കയാണു്. വിദഗ്ദ്ധനായ എഞ്ചി നീയർ കുറതീർത്തു് അതിനു പൂർണ്ണത കൈവരുത്തുന്നു. ചിത്രം ആരംഭിക്കപോലും ചെയ്യുന്നതിനുമുമ്പുതന്നെ—അതാ, ഒരു

പുതിയ ഉദ്യാനനഗരം കാൻവാസിൽ വീണ്ടും പ്രത്യക്ഷപ്പെട്ടു കഴിഞ്ഞു.

വിശപ്പ് ഭിക്ഷയ്ക്കുവേണ്ടി യാചിക്കുന്നു. കൊടിയ വിശപ്പ് ഗാനത്തിനുവേണ്ടി കേഴുന്നു. നങ്കൂരവും കപ്പല്പമെല്ലാം തുറന്ന കടലിൽ നഷ്ടപ്പെട്ട്, തുറന്ന മാർഗ്ഗത്തിലെ പഥികനായി ഇര വലിച്ചെറിയപ്പെട്ടമാറ് മഹാമാരി ഒരു ചുഴലിക്കാററു പോലെ ആക്രമിക്കുന്നു. ഈശ്വരൻെറ രീതികൾ അസാധാരണങ്ങളാണ്. ഇടയ്ക്കിടെ അപൂർവ്വം ചില ഈന്തപ്പനത്തോപ്പുകളോട്ടുകൂടി, മരുമരീചിക നിറഞ്ഞ ഇടമാണ് മണൽക്കാട്ട്. പക്ഷേ, വലിയ വിശപ്പിനു് ഈന്തപ്പന പരിഹാരമാകയില്ല. അതുകൊണ്ട് ഇര പിന്നെയും മുമ്പോട്ടു നീങ്ങുകയാണ്, ആ വലിയ വിശപ്പുകൊണ്ടു ശരീരത്തിലെ മാംസം മുഴുവൻ കരിഞ്ഞു് ഒട്ടുങ്ങാൻ വിധിക്കപ്പെട്ടവനെപ്പോലെ. തീർത്ഥാടനകേന്ദ്രങ്ങൾ തുറന്ന മാർഗ്ഗത്തിലെ ഗാനസുധാതരംഗങ്ങളാണ്—അമ്മയുടെ മടിയിലേക്ക്—ആദിസരിത്തിലേക്ക്—പ്രപഞ്ചത്തിൻെറ പരിധിക്കുമപ്പുറത്തുള്ള സമുദ്രത്തിലേക്ക്—മടങ്ങിവീട്ടിലേക്ക്—ഉള്ള മാർഗ്ഗം ഉൽപത്തികാലത്തെ ഹൃദയരക്തംകൊണ്ടു ചായമിട്ടതാണ്.

## ഏകാന്തത

ഉൽപത്തികാലത്തു പ്രപഞ്ചനാഥൻ ഏകാകിയായിരുന്നുകൊണ്ടു വേദനപ്പെട്ടുകയായിരുന്നുവെന്നും തൻെറ വിനോദത്തിനുള്ള ഉപാധിയായി ഏകാന്തതാകൂപത്തിൽനിന്നും പ്രപഞ്ചത്തെ അതിൻെറ എല്ലാ വർണ്ണശബളിമയോടുംകൂടി അദ്ദേഹം സൃഷ്ടിച്ചു എന്നുമാണു പറയപ്പെടുന്നതു്. തുടന്നു് അദ്ദേഹം മനുഷ്യൻെറ പൂർവ്വികനായ ആദാമിനെ തൻേറതിനോട്ട് ഏററവുമധികം സാദൃശ്യമുള്ള രൂപം കൊടുത്തു സൃഷ്ടിച്ചപ്പോൾ. പുരുഷനു് ജീവിതം ദുർഭരമായിത്തോന്നുമ്പോൾ അവൻെറ രക്ഷാകേന്ദ്രമായിരിക്കാൻ മറെറാരു പ്രപഞ്ചമായ സ്ത്രീയെയും അദ്ദേഹം സൃഷ്ടിച്ചു.

ഏകാന്തതയെ വിശകലനം ചെയ്യുമ്പോൾ അതു വ്യക്ത

മായ രണ്ടു വിഭാഗങ്ങളായി തിരിയുന്നു—ജന്മസിദ്ധവും താല്ക്കാലികവും. ലോകകാര്യങ്ങളിൽ അതിൻെറ സ്വാധീനതയെപ്പററി പരിശോധിക്കുമ്പോൾ അവിതർക്കിതമായി തെളിയുന്നതു്, മനുഷ്യൻ അവൻെറ ഏകാന്തതയിൽനിന്നു രക്ഷപെടാൻ നടത്തുന്ന വിവിധരൂപങ്ങളായ ശ്രമങ്ങളിൽനിന്നു് ഉൽപന്നമാകുന്ന ഫലങ്ങളുടെ അസാധാരണ സംയോഗത്തിൻെറ പ്രതിഫലനം മാത്രമാണു് ചരിത്രം എന്നാണു്. 'ജന്മസിദ്ധ' പ്രേരണകളാണു് 'നടരാജ'നിലും സംഗീതകലാകാരനിലും ശാശ്വതനിർമ്മാതാവിലുംകൂടെ സ്വയം പ്രകടമാകുന്നതു്. വല്ല മൂലയിലും അറിയപ്പെടാതെ ഒതുങ്ങിക്കഴിയുന്ന ശില്പി മുതൽ ബുദ്ധനും സാർവ്വലൗകികപ്രേമത്തെപ്പററി പാടുന്ന ഗുരു നാനാക്കുംവരെയുള്ളവരെല്ലാം ഇക്കൂട്ടത്തിൽ പെടും. ഒഴിഞ്ഞ കോണിലാകട്ടെ, വമ്പിച്ച ജനക്കൂട്ടത്തിൻെറ മദ്ധ്യത്തിലാകട്ടെ, അവർ പ്രത്യേകവ്യക്തികളായി തിരിഞ്ഞുനില്ക്കുന്നു; പ്രത്യക്ഷത്തിൽ പരിസരങ്ങളിൽ ലയിച്ചുചേന്നു് സാത്മ്യം പ്രാപിച്ചിരിക്കുമ്പോഴും. ഇവരാണു് മനുഷ്യരുടെ ഹൃദയങ്ങളിൽ കാലത്തിൻെറ ഭ്രമണത്താലുണ്ടാകുന്ന ചേതങ്ങളൊന്നും സംഭവിക്കാത്ത ആരാധനാകേന്ദ്രങ്ങൾ പണിതീക്കുന്നതു്.

നേരേമറിച്ചു് താല്ക്കാലികമായ ഏകാന്തതയുടെ ലക്ഷണങ്ങൾ വളരെ ഭിന്നസ്വഭാവമുള്ളവയാണു്. ഇക്കൂട്ടരുടെ മിഴികളിൽ സ്ഥിരമായ ഒരു ഉല്കണ്ഠാഭാവം നിഴലിക്കുന്നുണ്ടാവും. ഇക്കൂട്ടത്തിൽപ്പെട്ട മനുഷ്യർ എപ്പോഴും സ്വന്തം ആത്മവത്തയിൽ ശ്രദ്ധാലുക്കളായിരിക്കും. ഉള്ളിലെ ഘനംകൊണ്ടു വീർപ്പുമുട്ടി മൂലയോടു മൂല ഓടുന്ന കസ്തൂരിമാനിനെപ്പോലെയാണു് അവർ; എപ്പോഴും പുതിയ ലഹരിക്കുവേണ്ടിയുള്ള അന്വേഷണമാണു്. ഈ തരക്കാരിലെ സരളമാനസന്മാർ താരതമ്യേന അപകടരഹിതമായ വിനോദങ്ങളിൽ—നമ്മുടെ ആധുനികലോകത്തിലെ സിനിമയിലും വ്യഭിചാരശാലകളിലെ ചായംപുരട്ടിയ പെണ്ണുങ്ങളിലും ഒക്കെ—മുഴുകി, ജീവിതം പാഴാക്കും. ഇക്കൂട്ടരിലെ കുറെക്കൂടെ കനപ്പെട്ട വിഭാഗം ലോകം ജയിച്ചടക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആലോചിക്കയും, ആ ശ്രമത്തിൽ ഏർപ്പെടുന്നതിനു വേണ്ടത്ര ഊർജ്ജസ്വലതയില്ലാത്തവർ, ഒഴിഞ്ഞ കോണിൽ മാറിയിരുന്നു് ചുറ്റും നടക്കുന്ന

കാര്യങ്ങളെപ്പററിയൊക്കെ കുറ്റം പറഞ്ഞും വഴക്കുണ്ടാക്കിയും ദോഷൈകദൃക്കുകളായി കഴിഞ്ഞുകൂട്ടുകയും ചെയ്യും.

നന്മയ്ക്കാകട്ടെ തിന്മയ്ക്കാകട്ടെ, ഇന്ത്യ രംഗത്തിറങ്ങിക്കഴിഞ്ഞു. അവളുടെ വാതിൽ തുറന്നാണു കിടന്നിരുന്നത്. എന്നും അങ്ങനെ കിടക്കുകയും ചെയ്യും. പ്രകടനപരമായത് അതിൻെറ സാധാരണവിധിക്കു കീഴ്പെട്ടേ മതിയാകൂ. സാധാരണക്കാരായ മനുഷ്യരുടെ ഹൃദയങ്ങളിലെ അദൃശ്യമായ ആരാധനാകേന്ദ്രമോ, ചരിത്രത്തിന്റെ ഏടുകളിൽ എങ്ങോ മറഞ്ഞു കിടന്നതും 1947 ആഗസ്റ്റ് 15-ാംതീയതിയിലെ മഹാസംഭവത്തോടുകൂടി രണ്ടാമതു നിശ്ശബ്ദമായി രൂപംപൂണ്ടുതുടങ്ങിയതുമായ പൂർണ്ണമാകാതെ കിടക്കുന്ന ഗാനധാരയോ ആണ് അവസാനത്തെ കണക്കുതീർക്കലിൽ ശേഷിക്കുക. 'മാൻസിൽ' എങ്ങനെയുള്ളതായിരിക്കണമെന്നതു 'പുതിയ ലോക'ത്തിൻെറ സൃഷ്ടിയിൽ സ്വാധീനംചെലുത്തുന്ന ഏകാന്തത ഏതു തരത്തിലുള്ളതാണ്—ജന്മസിദ്ധമോ താൽക്കാലികമോ—എന്നതിനെ ആശ്രയിച്ചല്ലായിരിക്കും തീരുമാനപ്പെടുക.

## ഗൗരവബുദ്ധിയോടെയോ?

"രാജ്യത്തിന്നു കേവലം ഇരുണ്ട ഒരു ഭാവിയാണ് ഞാൻ കാണുന്നത്." ഒരു സ്നേഹിതൻ നിരാശയോടെ വിലപിച്ചു. "എന്താണ് നിങ്ങളെ ഇത്രയേറെ മനോഭംഗപ്പെടുത്തുന്നത്?" ഞാൻ ചോദിച്ചു. എൻെറ സ്നേഹിതൻ ദീർഘനിശ്വാസത്തോടെ മറുപടി പറഞ്ഞു, ഓരോ പൗരനും സ്വന്തം മടിശ്ശീലയുടെ കാര്യത്തിൽമാത്രം താല്പര്യം കാണിക്കുന്നിടത്തോളം കാലം ആശയ്ക്കു ലേശം വക കാണുന്നില്ലെന്നു്. രാജ്യത്തിൻെറ ഭാവിയെച്ചൊല്ലിയുള്ള ഈ ഉൽക്കണ്ഠ, ഗൗരവബുദ്ധിയോടെയാണോ എൻെറ സ്നേഹിതൻതന്നെയും പ്രകടിപ്പിക്കുന്നതെന്നു ഞാൻ അന്വേഷിച്ചു. ഉത്തരം നല്കാൻ അല്പം പരുങ്ങലുണ്ടായി. മറെറാരു സ്നേഹിതൻെറ പരാതി, അയാളുടെ ഒരു പഴയ സഖാവിനു ജോലിയിൽ താല്പര്യമില്ലാതായെ

ന്നാണു്; അയാൾ ജോലിയിൽ കാണിക്കുന്ന താല്പര്യം മററുള്ള വർ വകവച്ചുകൊടുക്കുന്നില്ലെന്നതാണു കാരണംപോൽ.

ഇന്നത്തെ ലോകത്തെയും ഇന്ത്യയെയും പററി പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ, തങ്ങൾ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ ആത്മാർത്ഥമായി വിശ്വസിച്ചിരുന്ന പുരുഷന്മാരുടേയും സ്ത്രീകളുടേയും ഒരു ഘോഷയാത്രതന്നെ മനസ്സിലൂടെ കടന്നുപോകുന്നു. തങ്ങളുടെ കാലത്തിൽനിന്നു മുമ്പോട്ടുകടന്നു ചിന്തിക്കയും ജോലിയിൽ കൂടുതൽ ഗൗരവബുദ്ധി കാണിക്കുകയും ചെയ്യുകയാൽ കല്ലെറിയപ്പെട്ടുകയോ തടവിലാക്കപ്പെട്ടുകയോ നാട്ടുകടത്തപ്പെട്ടുകയോ തൂക്കിക്കൊല്ലപ്പെട്ടുകയോ ചെയ്ത മനുഷ്യരാണു്, അവർ. അത്തരം മനുഷ്യർ അവശേഷിപ്പിച്ചിട്ടുപോയ എതിരൊഴുക്കുകളുടെ കഥമാത്രമാണു് ചരിത്രമെന്നും, നാം ഇന്നു് അഭിമാനം കൊള്ളുന്ന നാഗരികതയുടെ പ്രത്യേകതകൾ സമകാലികർ സംഭാവനചെയ്ത പരിഹാസങ്ങളെയോ കൊലക്കയറിനെയോ ഗൗനിക്കാതെ തങ്ങൾ വിശ്വസിക്കുന്ന കാര്യങ്ങൾക്കുവേണ്ടി ജീവിക്കയും രക്തസാക്ഷിത്വം വരിക്കയും ചെയ്തവരുടെ ചിതാഭസ്മത്തിൽനിന്നു് ഉല്പന്നമായവയാണെന്നും എനിക്കു കാണാകുന്നു. സോക്രട്ടീസിൻെറയും ലിയോനാർദൊ ദാ വിഞ്ചിയുടേയും ഷേക്സ്പിയറുടേയും ഫ്രെഡറിക്ക് നീഷെയുടേയും മാത്രമല്ല, ആർക്കിമിഡീസിൻെറയും ഗലീലിയോവിന്റേയും കുപ്പർ നിക്കസിൻേറയും എല്ലാം അനുഭവം ഒന്നുതന്നെയായിരുന്നു.

കുറേക്കൂടെ സമീപത്തുനിന്നു കാണാവുന്ന ഇന്ത്യ എന്ന മഹാദൃശ്യത്തിൻെറ ചിത്രത്തിലേക്കു തിരിയുമ്പോഴും മറെറാന്നല്ല എനിക്കു കാണാൻ കഴിയുന്നതു്—റാംമോഹൻ റായിയെ നാട്ടുകാർ കല്ലെറിഞ്ഞു; സ്വാമി വിവേകാനന്ദനെ ആത്മഹത്യയ്ക്കുടുത്തെത്തിച്ചു; മഹാത്മാഗാന്ധിയെ കൊലപ്പെടുത്തി; അദ്ദേഹത്തിന്റെ അനന്തരഗാമിയെ കുരിശിലേററുന്നു. സ്വര്‍ണ്ണത്തിൻെറ കാര്യത്തിലെന്നപോലെ മനുഷ്യലോകത്തിലെ ഗൗരവബുദ്ധിയും, യഥാർത്ഥവും അല്ലാത്തതും എന്ന രണ്ടവസ്ഥകളിൽ കാണപ്പെടുന്നുണ്ടു്. ഏതെങ്കിലുമൊരു വ്യക്തമായ ലക്ഷ്യത്തിനോടോ, മനുഷ്യനോടോ, ജോലിയോടോ ഉള്ള,

ഭക്തിയിലും മമതയിലുംനിന്നാണു് 'യഥാർത്ഥമായ ഗൗരവബുദ്ധി' ഉളവാകുന്നതു്. എന്നാൽ അയഥാർത്ഥമായതാകട്ടെ, ഒരുവനു് സ്വന്തം ഭൗതികസത്തയോടു തോന്നുന്ന മമതയിൽനിന്നു് ഉൽപന്നമാകുന്നതുമാണു്. ആദ്യത്തെ തരം ഗൗരവബുദ്ധി, ചുററുപാടുകളിൽനിന്നുണ്ടാകുന്ന എതിർപ്പിൻെറ കൂടുതലനുസരിച്ചു് വലിപ്പത്തിലും ഗുണത്തിലും വളർച്ചപ്രാപിക്കും. എന്തുകൊണ്ടെന്നാൽ, താൻ യാതൊരു പ്രമേയത്തിനുവേണ്ടി നിലകൊള്ളുന്നുവോ, അതിനെ ന്യായീകരിക്കുവാൻവേണ്ടി ആരുടേയും ശ്രദ്ധയെ ആകർഷിക്കാൻ കൂട്ടാക്കാതെ പണിയെടുക്കുന്ന ഗൗരവപ്രകൃതമുള്ള ശില്പിക്കാവശ്യമായ വീര്യവർദ്ധകമായ പോഷകാംശം നൽകുന്ന ഔഷധം എതിർപ്പാണു്. ചരിത്രത്തിൽ ഇതിനു വ്യത്യസ്തമൊന്നും കാണുന്നില്ല. നേരേമറിച്ചു് നിജമല്ലാത്ത ഗൗരവബുദ്ധി മറെറാരു രൂപത്തിലാണു് പ്രകടമാകുന്നതു്. അതിനെ ഉപയോഗപ്പെടുത്തേണ്ടപ്പോഴൊക്കെ അതു വിലയാവശ്യപ്പെടുന്നു. വെല്ലുവിളിക്കപ്പെട്ടമ്പോഴൊക്കെ അതു പരിസരങ്ങളുടെനേരെ കോപിക്കയും ലഹളകൂട്ടുകയും ചെയ്യുന്നു. അവിടെയും അവസാനിക്കുന്നില്ല. കോപതാപങ്ങളുടെ ബാഹ്യപ്രകടനത്തെ നിഷേധിച്ചാൽ 'താല്പര്യമില്ലായ്മ' വന്നുകൂടുകയും ചെയ്യുന്നു.

ഇന്ത്യയുടേയും വിശാലലോകത്തിൻേറയും പ്രശ്നങ്ങൾ ഓരോ ചങ്ങലക്കെട്ടിൽ കുടുങ്ങിയാണു കിടക്കുന്നതു്. യഥാർത്ഥത്തിൽ ഗൗരവബുദ്ധിയുള്ള ആളുകൾ ഒന്നായി ചേർന്നു ലക്ഷ്യപ്രാപ്തിക്കുവേണ്ടി ശ്രമിക്കയാണു വേണ്ടതു്. ഗൗരവബുദ്ധി വാസ്തവത്തിലില്ലാതെ അതു ഭാവിക്കമാത്രം ചെയ്യുന്നവരെ അവരുടെ പാട്ടിനു വിട്ടേക്കുകയാണു വേണ്ടതു്. യഥാർത്ഥ ഗൗരവബുദ്ധിയുള്ളവരുടെ രക്തസാക്ഷിത്വത്തിൽനിന്നു് അവർ വെളിച്ചം കാണുകയും അവരുടെ തെററു തിരുത്തുകയും ചെയ്തുകൊള്ളട്ടെ. ജീവിതത്തിൻെറ പുരോഗതി ഒരുകാലത്തും ഋജുരേഖയിലൂടെയായിരുന്നിട്ടില്ല. പ്രസ്ഥാനത്തിൽ, അല്ലെങ്കിൽ മനുഷ്യനിൽ, അല്ലെങ്കിൽ പ്രവൃത്തിയിൽ വിശ്വാസമുള്ളവരുടെ രക്തസാക്ഷിത്വം നേടിയ മാംസം ഇന്ധനമാക്കിക്കൊണ്ടുള്ള അതിൻെറ പുരോഗതി ഇടയ്ക്കിടയ്ക്കു നിന്നും ഇടയ്ക്കിടയ്ക്കു കുതിച്ചുപാഞ്ഞുകൊണ്ടുമാണു്. ശരിയായ സമരം കിടക്കുന്ന

തേയുള്ളു. സുഹൃത്തുക്കളെ, സഖാക്കളെ, ഒരുനിമിഷനേരത്തേക്കെങ്കിലും ശങ്ക തോന്നിയിട്ടുള്ളവർ ഈ ജീവൽപ്രധാനമായ ചോദ്യം സ്വയം ചോദിക്കുക: "'പ്രവത്തിക്കുക, അല്ലെങ്കിൽ മരിക്കുക' എന്ന തീരുമാനമെടുക്കത്തക്കവിധം ഗൗരവബുദ്ധിയോടെ പുതിയ ഇന്ത്യയോടു വിശ്വസ്തതയും കൂറുമുള്ളവനാണോ, ഞാൻ?" ഗൗരവമുള്ള ഒരു ശ്രമത്തിൽ ഏപ്പെട്ടിരിക്കവേ സഹപ്രവത്തകരിൽനിന്നോ ഉയന്ന മേധാവികളിൽനിന്നോ പ്രതികൂലമായ നിലപാടുണ്ടാകുമ്പോൾ ഒരുവൻെറ ഉള്ളിൽ പെട്ടെന്നുണ്ടാകുന്ന പ്രതികരണത്തിൻെറ സ്വഭാവം കൊണ്ടു് അവൻ അവകാശപ്പെടുന്ന ഗൗരവബുദ്ധിയുടെ നിജസ്ഥിതി തിട്ടപ്പെടുത്താൻ പ്രയാസമില്ല. തൻെറ നില ശരിയാണെന്നു സ്ഥാപിക്കാനുള്ള കൂടുതൽ പ്രയത്നം ചെയ്യാൻ ഒരു പ്രചോദനമാണു് ആ പ്രതികരണത്തിൻെറ സ്വഭാവമെങ്കിൽ ഉൽക്കണ്ഠയ്ക്കവകാശമില്ല. എന്തുകൊണ്ടെന്നാൽ സംഭവിച്ചുകഴിഞ്ഞ മുറിവു് കാലം ഉണക്കിക്കൊള്ളും; പരിഹാരമുണ്ടാക്കിക്കൊള്ളുകയും ചെയ്യും. നേരേമറിച്ചു് കോപതാപങ്ങളുണ്ടാകയും 'താല്പര്യമില്ലായ്മ' സംഭവിക്കയുമാണു ചെയ്യുന്നതെങ്കിൽ താൻ ഇന്ത്യയുടെ കാര്യത്തിൽ തല്പരനാണെന്നുള്ള മിഥ്യാബോധം ഉപേക്ഷിക്കയാണു നന്നു്. പ്രസ്ഥാനത്തോടു് അപ്പണബുദ്ധിയുള്ള ഒററയാൾ മാത്രമുണ്ടായിരുന്നാൽപ്പോലും നമുക്കു് ഒരു നല്ല ഭാവിയുണ്ടു്; ഇന്ത്യയ്ക്കു ശോഭനമായ ഒരു ഭാവി പ്രതീക്ഷിക്കാം. ഒന്നിലധികംപേർ പ്രവൃത്തിരംഗത്തുണ്ടാകും എന്നു തീച്ച. അതുകൊണ്ടു് നാം കാലാവസ്ഥയെപ്പററി സംസാരിച്ചു കാലം കളയേണ്ടതില്ല. അതുകൊണ്ടു് നമുക്കു വൃഥാ ഗൗരവബുദ്ധി ഭാവിക്കുന്നവരെ അവരുടെ വഴിക്കു വിട്ടേക്കാം.

## "പ്രവത്തിക്കുക; അല്ലെങ്കിൽ മരിക്കുക"

ഫ്രാൻസ് കൊടിയ യാതനയനുഭവിക്കയായിരുന്നു. ഭരണാധികാരികൾക്കു് എന്തുചെയ്യേണ്ടു എന്നു രൂപമുണ്ടായിരുന്നില്ല. ആ ഘട്ടത്തിലാണു് പ്രത്യക്ഷത്തിൽ ഒരു പുതുവേഷക്കാരനായ നെപ്പോളിയൻ അസംഘടിതമായിരുന്ന സൈന്യ

ത്തിൻെറ നേതൃത്വമേറ്റെടുത്തതു്. ഭിന്നമാർഗ്ഗങ്ങളിൽ പ്രേരണ ചെലുത്തിയിരുന്ന പഴയ പരിചയസമ്പന്നരായ സേനാധിപന്മാർ, സൈന്യത്തെ കേവലം ഒരു ലെഫ്റ്റനൻറു്, യുദ്ധരംഗത്തിലേക്കു നയിക്കുക എന്ന ആശയത്തെ പരിഹസിച്ചു. ചിലർ ഒരു പട്ടാളവിപ്ലവത്തിനുപോലും പദ്ധതി തയാറാക്കി. എന്നാൽ സമരപദ്ധതിയുടെ ചർച്ചാവേളയിൽ ഈ പുതുമോടിക്കാരനെ അഭിമുഖീകരിച്ചു് അയാളെ നന്നായിട്ടൊന്നു മുട്ടുകുത്തിച്ചു വിട്ടുകഴിഞ്ഞിട്ടാകാം അങ്ങനെയെന്തിനെങ്കിലും മുതിരുന്നതെന്നു കരുതി അത്തരം അറ്റകൈപ്രയോഗം തല്ക്കാലത്തേക്കു മാററിവച്ചു. അതിനുള്ള അവസരം വേഗംതന്നെയുണ്ടായി. പില്ക്കാലം ചക്രവർത്തിയാകാനിരുന്ന ആ വാമനൻ, അധികാരം ഏറ്റെടുത്തയുടൻ പഴയ സൈന്യനായകന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി. എന്നാൽ അവരുടെ പ്രതീക്ഷയ്ക്കു നേരെ വിപരീതമായിട്ടാണു കാര്യം കലാശിച്ചതു്. നെപ്പോളിയൻ സമ്മേളനസ്ഥലത്തെത്തിയ ഉടനെ സൈന്യനായകന്മാരോടു തന്റെ നിർദ്ദേശങ്ങൾ ശ്രദ്ധിച്ചുകൊള്ളാൻ ആജ്ഞാപിച്ചു. അടുത്തു് ഉടനെ നടത്തേണ്ട സൈനികനീക്കങ്ങളെയും അതിൻെറ ലക്ഷ്യത്തെയും പററി അദ്ദേഹം വ്യക്തമായ ഉറച്ച ഭാഷയിൽ ജനറലന്മാരോടു സംസാരിച്ചു. ഹാജരുണ്ടായിരുന്ന ജനറലന്മാർക്കു് ഓരോരുത്തരും ചെയ്യേണ്ട കാര്യങ്ങളെപ്പററി നിർദ്ദേശം കൊടുത്തശേഷം യോഗം പിരിച്ചുവിട്ടിരിക്കുന്നതായി പ്രഖ്യാപിച്ചുകൊണ്ടു് നെപ്പോളിയൻ ചുറുചുറുക്കോടെ അവിടെനിന്നിറങ്ങി മടങ്ങിപ്പോയി. ആ പഴയ ജനറലന്മാർ സ്തംഭിച്ചു മൂകരായിരുന്നുപോയി. ആജ്ഞകൾ നൽകപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഓരോരുവനും അവനവന്റെ ജോലി നിർവ്വഹിക്കണം. ചർച്ചകൾക്കോ പ്രസംഗങ്ങൾക്കോ ഒന്നും അവസരമില്ല.

വിശാലമായ പ്രസംഗവേദികളിൽനിന്നു തട്ടിവിടുന്ന ഉഗ്രൻ പ്രസംഗങ്ങൾകൊണ്ടു് ബ്രിട്ടീഷ്ഭരണാധികാരികളെ ഓടിച്ചുവിടുന്ന ഊർജ്ജസ്വലത്തിൽ ഏർപ്പെട്ടിരിക്കയായിരുന്നു, ഇന്ത്യയിലെ രാഷ്ട്രീയനേതാക്കന്മാർ, മുപ്പതുകൊല്ലം മുമ്പുവരെ. ഈ കാലഘട്ടത്തിൽ വാക്ചാതുരി അതിൻെറ പരമോച്ചശൃംഗങ്ങളെ ആരോഹണം ചെയ്തിരുന്നു. പ്രസംഗങ്ങൾ എത്ര

യൊക്കെ ഊഷ്മളങ്ങളായിരുന്നുവെങ്കിലും, അതുകൊണ്ടൊന്നും ഒട്ടും ചഞ്ചലപ്പെടാത്ത ബ്രിട്ടീഷ്ഭരണമേധാവികൾ, അവരുടെ പതിവുള്ള വൈകിട്ടത്തെ ടെന്നിസ്കളിയും മദ്യപാനസദസ്സുകളും അഭംഗം തുടൻനുപോന്നു. ഈ സന്ദർഭത്തിൽ ഇന്ത്യൻരംഗത്ത് ഒരു ചെറിയ മനുഷ്യൻ—സാധാരണക്കാരന്റെ വസ്ത്രങ്ങൾ ധരിച്ച, പ്രസംഗവൈഭവമില്ലാത്ത, ഒരു സാധാരണമനുഷ്യൻ പ്രത്യക്ഷപ്പെട്ടു. സംശയാലുക്കളായി നോക്കിനിന്നിരുന്ന ഒരു ലോകത്തിന്റെ മുമ്പിൽ നിന്നുകൊണ്ട് അദ്ദേഹം ബ്രിട്ടീഷ്ഗവമ്മെൻറിനു ശാന്തമായി ഒരു അന്ത്യശാസനം നല്കി; ഇന്ത്യയ്ക്കു സ്വയംഭരണത്തിന്റെ സത്ത നല്കണമെന്നും അല്ലാത്തപക്ഷം ബ്രിട്ടീഷുകാരുമായുള്ള എല്ലാ ബന്ധങ്ങളെയും സമ്പൂർണ്ണമായി പരിവജ്ജിക്കാൻ താൻ രാജ്യത്തിനു് ആഹ്വാനം നല്കുന്നതാണു് എന്നുമായിരുന്നു അതിന്റെ സാരം. അതു കേട്ടിട്ടു പുച്ഛം തോന്നിയ ഭരണാധികാരികൾ അന്നത്തെ സായന്തനത്തിൽ, കൂടുതലായി ഓരോ പെഗ്ഗ് മദ്യംകൂടെ സേവിക്കയും ഈ പുതിയ നേരമ്പോക്കിനെച്ചൊല്ലി വെടിപറഞ്ഞു് ആത്തുചിരിക്കയും ചെയ്തു. 'ഭരിക്കുന്ന ബ്രാഹ്മണരുടെ ഇന്ത്യൻപതിപ്പുകൾ' ആ അവസരത്തിൻെറ ഉന്മേഷം വദ്ധിപ്പിക്കാനായി കൂട്ടത്തിൽ കൂടി ആത്തുവിളിച്ചു. പുറത്തുള്ള 'പ്രസംഗമണ്ഡപദേശാഭിമാനി'കളാകട്ടെ, ഈ 'ഭ്രാന്തപ്രലപന'ത്തെച്ചൊല്ലി വെടിപറഞ്ഞു രസിക്കയും ചിരിക്കയും ചെയ്തിരുന്നു.

പക്ഷേ, ആ ചെറിയ മനുഷ്യനു് താൻ പറയുന്നതെന്തെന്നു നല്ലപോലെ അറിയാമായിരുന്നുവെന്നു തോന്നുന്നു. ആ അന്ത്യശാസനം നൽകി ഒരു കൊല്ലത്തിനകം മാഞ്ചസ്റ്ററിലെ മില്ലുകളൊക്കെ പൂട്ടിയിടേണ്ട നിലയിലായി; രാജ്യത്തിലൊട്ടാകെ ഒരിളക്കമുണ്ടായിക്കഴിഞ്ഞു. ആ 'ചെറിയ മനുഷ്യ'നെ പിടിച്ചു തടവിലാക്കി. പക്ഷേ, സമരാഗ്നി കൂടുതൽ പടന്നുപിടിക്കയായിരുന്നു, അതിൻെറ ഫലം. വഷങ്ങൾക്കുശേഷം 'നഗ്നനായ ഫക്കീറി'ൻെറ കുസൃതിത്തരങ്ങൾ തങ്ങൾ ഏതാണ്ടു് ഒട്ടൊതുക്കിയ മട്ടിലായിരിക്കുന്നു എന്നു ഭരണാധികാരികൾ കരുതിക്കൊണ്ടിരിക്കുമ്പോൾ, അന്നേക്കു വൃദ്ധനായിക്കഴിഞ്ഞിരുന്ന അദ്ദേഹം മറെറാരന്ത്യശാസനം പുറപ്പെട്ടുവിച്ചു:

"ഇന്ത്യ വിട്ടൊഴിഞ്ഞുപോകുക." ഭരണാധികാരികൾ പിന്നെയും ചിരിച്ചു. ആ 'ചെറിയ മനുഷ്യ'ൻെറ അടുത്ത സഹപ്രവത്തകർപോലും ഈ പുതിയ ശാസനത്തിൻെറ സ്വരം കേട്ട് ഉൾക്കിടിലംപൂണ്ടു. ഭരിക്കുന്ന വർഗ്ഗത്തിൻെറ ഇന്ത്യൻ പ്രതിരൂപങ്ങൾ അവരുടെ ആയുധങ്ങൾ തേച്ചു മൂർച്ചകൂട്ടുകയും ജയിലിൻെറ കവാടങ്ങളുടെ വീതി വദ്ധിപ്പിക്കയും ചെയ്തു. എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് അസാധാരണമായതു് അവസാനം സംഭവിച്ചു. 'ചെറിയ മനുഷ്യൻ' എന്നേക്കുമായി കുഴിച്ചുമൂടപ്പെട്ടിരിക്കുന്നു എന്ന വിചാരം ഏതാണ്ടു നല്ലപോലെ പരന്നുകഴിഞ്ഞ കാലത്താണ് തങ്ങളെ അപകടം കൂടാതെ നാട്ടിലേക്കു മടങ്ങാൻ അനുവദിക്കണമെന്നു യാചിച്ചുകൊണ്ട് ബ്രിട്ടീഷ് ഭരണാധികാരികൾ അദ്ദേഹത്തിൻെറ സന്നിധിയിൽ ഓടിയെത്തിയതു്. ഭിന്നസ്വഭാവയുക്തവും സംഭവബഹുലവുമായ ഈ ചരിത്രത്തിൽനിന്നു് ഒരു പാഠമാണു മനസ്സിലാക്കാനുള്ളതു്. ചരിത്രപ്രധാനമായ ഈ നേട്ടങ്ങളുടെ പിന്നിലെ സുപ്രധാനശക്തി പൊതുവിൽ ഒന്നായിരുന്നു; "പ്രവത്തിക്കുക, അല്ലെങ്കിൽ മരിക്കുക" എന്ന ഉറച്ച നിശ്ചയം.

## സ്നേഹിക്കുന്നവരെ ആവശ്യമുണ്ട്

സാധനങ്ങളും പണിയായുധങ്ങളും ധാരാളമായിരിക്കുമ്പോൾ പട്ടണങ്ങളോ ഫാക്ടറികളോ പണിതുയർത്തുവാനും ജീവിതത്തിനു് ആവശ്യമുള്ളതൊക്കെ ഉൽപാദിപ്പിക്കാനും പ്രയാസമില്ല. ലോകത്തിൻെറ മുഴുവൻ വിഭവസമൃദ്ധിയും ചേന്നാലും അശക്യമായ ഒരു കാര്യമുണ്ട്—മനുഷ്യനെ സൃഷ്ടിച്ചെടുക്കുക.

മനുഷ്യൻ ലോകത്തിലേക്കു പിറക്കുന്നതു് സ്നേഹത്തിലൂടെയാണു്; ജീവിതത്തിൻെറ പ്രാരംഭഘട്ടങ്ങളിൽ അവനാവശ്യമായ പോഷകാംശം ലഭിക്കുന്നതും സ്നേഹത്തിൽനിന്നാണു്; അത്ഭുതമായുള്ളതു്, ഈ ചെറിയ ഗുണവിശേഷത്തിനു ലോകം ഒരു വിലയും നൽകേണ്ടതില്ലെന്നും, ജീവിതത്തിന്റെ

സത്തയെത്തന്നെ നിലനിർത്തിക്കൊണ്ടുപോകാൻ വേണ്ടതെല്ലാം അതു നൽകുന്നുവെന്നുമുള്ളതാണ്. എത്ര നൽകാൻ കഴിയുന്നുവോ അത്രയ്ക്കു സമ്പന്നമാണ് സ്നേഹം; ലഭിക്കാൻ എത്രയധികം ആഗ്രഹിക്കുന്നുവോ, അത്രയ്ക്കു ദരിദ്രവും. അതുകൊണ്ടാണ് സ്നേഹിക്കാൻ കഴിയുകയും അതേസമയം അതിനു പ്രതിഫലം ആഗ്രഹിക്കാതിരിക്കയും ചെയ്യുന്നവരെ കൂടുതൽ കൂടുതൽ ആവശ്യമുള്ളതു്.

സ്നേഹിക്കാൻ കഴിവുള്ളവരെ ആവശ്യമുണ്ടു്; മനുഷ്യരെ നിർമ്മിക്കാൻ കഴിവുള്ള മനുഷ്യർ.

## VII

# പ്രപഞ്ചത്തിൻെറ വിളി

ചുവട്ടിൽ ഗോളകാകൃതി, മുകളിൽ ഗോളകാകൃതി—അനന്തമായ ബ്രഹ്മാണ്ഡവിസ്തൃതി. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ—എല്ലാം ഒരു വനത്തിൽ അലക്ഷ്യമായി ചുററിത്തിരിയുന്നതുപോലെ; എന്നാൽ വനമല്ലതാനും. പ്രപഞ്ചത്തിൽ അപകടം സംഭവിക്കാനുള്ള സാദ്ധ്യതയേയില്ല. അദൃശ്യമായ ധൂളിപോലും നഷ്ടപ്പെടാൻ അവൾ സമ്മതിക്കയില്ല. കടലിലേക്കെടുത്തു ചാടാനോ ഏതെങ്കിലും രീതിയിലുള്ള ആത്മഹത്യ ചെയ്യാനോ സാദ്ധ്യമല്ല. വ്യത്യാസം പുറമേയുള്ള കാഴ്ചയിൽ മാത്രമേ സംഭവിക്കുന്നുള്ളു; ആന്തരമായ സത്ത എന്നും അഭംഗവും അചഞ്ചലവുമായി നിലകൊള്ളുന്നു.

ചലനങ്ങളുടെ നിത്യവും നിരന്തരവുമായ ഭ്രമണത്തിനു പിന്നിലും ചില നിയമങ്ങളും വ്യവസ്ഥാപിതസമ്പ്രദായങ്ങളും അച്ചടക്കവും നിലവിലുണ്ട്. ഇതിഹാസസ്വഭാവമുള്ള ഒരു സഹകരണപ്രവർത്തനം. അതികായനക്ഷത്രമായ സൂര്യനും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും എല്ലാം ചേർന്നിട്ട് അവരുടേതായ ഒരു സ്വന്തസാമ്രാജ്യമുണ്ടാക്കിക്കൊണ്ട് ഒരു അണ്ഡാകൃതിയെ പ്രദക്ഷിണംവച്ചുകൊണ്ടിരിക്കയാണ്. എന്നാൽ പ്രപഞ്ചത്തിൽ ഒരു ദ്വീപിനു സ്ഥാനമില്ല. അതുകൊണ്ട് അത്തരം ദ്വീപുകൾ ഒന്നുചേർന്ന് നക്ഷത്രരേണുസഞ്ചയവും ആ സഞ്ചയങ്ങൾ ഒന്നുചേർന്ന് ക്ഷീരപഥങ്ങളും ക്ഷീരപഥങ്ങൾ ഒന്നുചേർന്ന് വിശിഷ്ടമാതാവിൻെറ നിത്യവികാസപ്രവണമായ പ്രപഞ്ചത്തിൻെറ കണ്ഠാഭരണവും ആയിത്തീരുന്നു. ഈ ദ്വീപുകളെന്നു കാഴ്ചയിൽ തോന്നുന്നവ—നിരന്തരസഞ്ചാരികളായ ഈ സ്ഥാനപതികൾ—എല്ലാം ഒരു ഹാരമായി കോർത്തിരിക്കയാണ്.

രാജാക്കന്മാരുടെ രാജാവിൻെറ കൈയിലാണ് എല്ലാ നിയന്ത്രണത്തിൻെറയും താക്കോൽ. നക്ഷത്രങ്ങളും ഗ്രഹങ്ങളും ഉപഗ്രഹങ്ങളുമെല്ലാം അവരവരുടെ സ്വന്തം സഞ്ചാരപഥ

ത്തിലൂടെയാണ് ഭ്രമണംചെയ്യുകൊണ്ടിരിക്കുന്നതു്. അവർ ജീവിക്കുന്നു, പ്രവൃത്തിയെടുക്കുന്നു, പാടുന്നു. അവർതമ്മിൽ വഴക്കുകൂട്ടുന്നില്ല. കാരണം, അവിടെ എല്ലാവക്കും വേണ്ടത്ര, അല്ല, ആവശ്യത്തിൽ കവിഞ്ഞു വളരെയധികം സ്ഥലമുണ്ട്. നിസ്സാരകീടമായ മനുഷ്യൻ ആ കാഴ്ചകാണാൻ ഇഷ്ടപ്പെടുന്നില്ല. അവൻ അതിനുപകരം ഗുഹയിൽ കയറി രക്ഷനേടാനാണു ശ്രമം. ഗുഹ, ഒരു കാഞ്ചനപഞ്ജരത്തിന്റെ രൂപം കൈക്കൊള്ളുന്നു. സ്വതന്ത്രമായി ജനിച്ച ആത്മാവു്, പൂച്ചുലോഹത്തിനുവേണ്ടി പ്രപഞ്ചസംഗീതത്തെ കൈമാററം ചെയ്യുന്നു.

പുതിയ ഇന്ത്യ ഈ കള്ളക്കളി നല്ലപോലെ മനസ്സിലാക്കിക്കഴിഞ്ഞു. വൻചതിയെ ഒഴിഞ്ഞുമാറിക്കൊണ്ടു മുമ്പോട്ടു പോകാൻ അവൾ തീരുമാനമെടുത്തുകഴിഞ്ഞു. ചുവട്ടിലുള്ള സമുദ്രത്തിലെ ജലശേഖരത്തിൽനിന്നു് തള്ളിക്കയറിവരുന്ന വെള്ളമൊഴുക്ക് അവൾക്കനുഭവപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മണ്ണിൽ സ്പർശിക്കുന്ന മാത്രയിൽ, മാതാവിന്റെ ഉദരത്തിൽനിന്നു മുളച്ചുപൊന്തുന്ന സസ്യത്തിൻെറ സ്വാദു് അവളറിഞ്ഞുകഴിഞ്ഞു. പ്രഭാതത്തിൽ പ്രത്യക്ഷപ്പെടുന്ന കാഞ്ചനത്തളിക അവൾ ശ്രദ്ധിച്ചുകഴിഞ്ഞിരിക്കുന്നു. ചക്രവാളത്തിൽ ചെന്നടിഞ്ഞിരിക്കുന്ന വിവിധവൎണ്ണാഞ്ചിതമായ കാലവർഷമേഘങ്ങളുടെ പുറകിലേക്കു പിൻവാങ്ങുന്ന അസ്തമനസൂര്യ്യനെ നോക്കി അവൾ അത്ഭുതംകൂറിയിട്ടുണ്ടു്. ഈശ്വരൻെറ നക്ഷത്രാഞ്ചിതമായ മേൽക്കട്ടിക്കു കീഴെ കിടന്നിട്ടുള്ള ശാന്തിയും വിശ്രമവും അവൾ അനുഭവിച്ചിരിക്കുന്നു. ഭയത്തിൽനിന്നുള്ള മോചനത്തിൻെറ രുചി—തുറന്ന മാൎഗ്ഗത്തിൻെറ സുഖം—അവളുടെ സന്താനങ്ങൾ അറിഞ്ഞുകഴിഞ്ഞു. കാഞ്ചനപഞ്ജരം അവളെ ഇപ്പോൾ മോഹബദ്ധയാക്കുന്നില്ല. ജീവിക്കാനും, ജീവിക്കാൻവേണ്ടി പണിയെടുക്കാനും, പണിയെടുക്കുന്നതിൻെറ കൂലി ലഭിക്കാനും ഉള്ള അവകാശം—നക്ഷത്രങ്ങൾ പാടിപ്പുകഴ്ത്തുന്ന പ്രാപഞ്ചികജന്മാവകാശം—അവൾ വിളംബരം ചെയ്യണം; അതിനുവേണ്ടിത്തന്നെ ജീവിക്കാനും മരിക്കാനും തയാറാകണം.

പ്രപഞ്ചം പുഞ്ചിരിക്കുന്നു. 'ജീവിക്കുക; ജീവിക്കാൻ അനുവദിക്കുക' എന്ന മുദ്രാവാക്യം ഏകസ്വരത്തിൽ ഉൽഘോ

ഷിക്കാൻ—രാജാക്കന്മാരുടെ രാജാവായ സർവ്വശക്തന് അഭിവാദ്യങ്ങളർപ്പിക്കുന്നതിൽ പങ്കുകൊള്ളാൻവേണ്ടി—മഹിമാവിയന്ന സംഘത്തിൽ ചേരുവാൻ പ്രവൃത്തിമണ്ഡലത്തിലേക്കു കാലെടുത്തുകുത്തിക്കൊണ്ടു നിൽക്കുന്നവരെ അവൾ ക്ഷണിക്കുകയാണ്.

## ചലിക്കുന്ന ചക്രം

സമുദ്രങ്ങളിൽനിന്നു മേഘങ്ങളുയരുന്നു. അവ സമതലങ്ങളുടെ മീതേക്കൂടെ ഒഴുകിനടക്കുന്നു. പർവ്വതങ്ങളിൽ ചെന്നു തട്ടിയിട്ടോ അവയിൽനിന്നടിക്കുന്ന കാററുമായി സംഘർഷമുണ്ടായിട്ടോ അവ തകൻ മഴയായി പെയ്യുന്നു. അതു ഭൂമിയെ തണുപ്പിക്കുകയും അതിൻെറ ഉപരിതലത്തിൽ നനവു നൽകി സസ്യങ്ങൾ മുളച്ചുപൊങ്ങാൻ സൗകര്യപ്പെടുത്തുകയും ജീവൻ നിലനിൎത്തുകയും ചെയ്യുന്നു. അധികമുള്ള വെള്ളം ഒഴുകിച്ചെന്നു കടലിൽത്തന്നെ ചേരുന്നു.

ശീതകാലമേഘങ്ങൾ പർവ്വതത്തലപ്പുകളിൽ ചെന്നടിയുന്നു. ഹിമപ്പരപ്പ് നീന്തി നീങ്ങുന്ന മേഘങ്ങളുമായി മത്സരിക്കുന്നു. ഗ്രീഷ്മകാലസൂര്യൻെറ ആഗമനത്തോടെ രജതമൂർദ്ധാക്കൾ ഉരുകിയൊഴുകി മലഞ്ചോലകളാകുന്നു. നദികൾ ആർത്തിരമ്പി പർവ്വതസാനുക്കളിലും സമതലപ്രദേശങ്ങളിലുംകൂടെ ഒഴുകിച്ചെന്ന് ഒടുവിൽ മാതൃസ്രോതസ്സിൽത്തന്നെ വിലയം പ്രാപിക്കുന്നു. ഋതുക്കളുടെ ലീലാകോലാഹലങ്ങളുടെ മദ്ധ്യത്തിലൂടെ ജീവിതം നിലനിൽക്കുകയും നടന്നുനീങ്ങുകയും ചെയ്യുന്നു. ഈ ചക്രത്തിൻെറ ഭ്രമണം തുടരുന്ന കാലത്തോളം എല്ലാം ക്രമമായി നടന്നുകൊണ്ടിരിക്കും. മലകളും പർവ്വതങ്ങളും, ഇടയ്ക്കുള്ള താഴ്വരകളും സമതലങ്ങളും സമുദ്രങ്ങളും, എല്ലാം ചേൎന്ന പൂൎണ്ണരൂപമാണ് ഭൂമി. ഭൂമി മുഴുവൻതന്നെ സമുദ്രനിരപ്പിൽ ഒരേ രീതിയിൽ കിടന്നാൽ, അതു് രേഖാഗണിതശാസ്ത്രപ്രകാരം ഒരുവേള ആകർഷകമായ ദൃശ്യമായിരുന്നേക്കാമെങ്കിലും ജീവിതയോഗ്യമായിരിക്കയില്ല. എന്തെന്നാൽ സമനിരപ്പായ ഭൂമിയിൽ നിലനില്ക്കാൻവയ്യാത്ത ഒരു ക്രാങ്കാണ്

ജീവിതം. അതിനു പ്രവൃത്തിയെടുക്കാൻ ആവശ്യമായിട്ടുള്ള തു് പൊക്കത്താഴ്ചയുള്ള ഭൂമിയാണു്.

സമൂഹത്തിലെ ഉയന്നവർ, ഇടത്തരക്കാർ, താണവർ എന്നിങ്ങനെ വിവിധ നിലകളിൽ ഗണിക്കപ്പെട്ടുന്നവക്കെല്ലാം ജീവിക്കാനും വളരാനും അവസരമുണ്ടു്. കാരണം, പരസ്പരമാശ്രയിച്ചുകൊണ്ടുള്ള ഒരു വ്യവസ്ഥിതിയാണുള്ളതു്. ഒഴുക്കു് അവിച്ഛിന്നമാണു്. സമുദ്രസമാനമായ ഇന്ത്യൻജനത, അവരുടെ കൂട്ടത്തിലെ ഗോപുരങ്ങളെ വണങ്ങി. ഗോപുരങ്ങളാകട്ടെ, ഇടത്തരക്കാരായ സസ്യശ്യാമളമായ സമതലങ്ങളിലൂടെ അവരുടെ അനുഗ്രഹങ്ങൾ മടക്കിക്കൊടുത്തു. അതു പുഷ്ടിക്കയും സംഖ്യയില്ലാത്ത സാധാരണ ജനകോടികളുടെ ഇടയിലേക്കു് ഒഴുകി മടങ്ങിയെത്തുകയും ചെയ്തു. ആ കുരുക്കില്ലാത്ത ചങ്ങലയിൽ കുഴപ്പമാരംഭിച്ചതു് പവ്വതമുകളിലെ ഹിമശേഖരം വദ്ധിച്ചുവദ്ധിച്ചു്, ഉയന്നുയന്നുപോകയും ഇടക്കുള്ള സമതലഭൂമി നദിയുടെ ഒഴുക്കിനെ പ്രതിബന്ധിച്ചുകൊണ്ടു ചിറകെട്ടാൻ തീരുമാനിക്കയും അഗാധസമുദ്രം വററിത്തുടങ്ങുകയും ചെയ്തപ്പോഴാണു്.

## അകത്തും പുറത്തും അഗ്നി

അദ്ധരാത്രി. കാന്തുതിന്നുന്ന തണുപ്പു്. ചന്ദ്രക്കല, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ, വിദൂരചക്രവാളത്തിനെതിരെ കാണാകുന്ന വനങ്ങളുടെ നിഴൽരൂപരേഖ. പ്രപഞ്ചം ഉറങ്ങുകയാണു്.

നിശ്ശബ്ദതയുടെ അഗാധതയിൽനിന്നു് ഒരു ഏകാന്തരൂപം—പൂണ്ണനഗ്നതയിലുള്ള പ്രകൃതിയുടെ ശിശു—പ്രത്യക്ഷപ്പെട്ടുന്നു. കരുതലോടെയെങ്കിലും അസ്വാസ്ഥതയോടെ അവൻ അടിവച്ചടിവച്ചു നടക്കുകയാണു്. അവൻ മേല്പോട്ടു കണ്ണുയത്തുന്നു; ചുററിനും നോക്കുന്നു; എന്നിട്ടു നിൽക്കുന്നു. അവൻ പെട്ടെന്നു ഞെട്ടിവിറച്ചു മുൻപോട്ടു നീങ്ങി കുറച്ചു വിറകുചുള്ളികൾ പെറുക്കിക്കൂട്ടി തീകത്തിക്കുന്നു. തീയുടെ മങ്ങിയ വെളിച്ചത്തിൽ അവന്റെ മുഖം വെട്ടിത്തിളങ്ങുന്നു. അവന്റെ നെററി

യിലെ ചുളിവുകൾ ആന്തരമായ വേദനയെ വ്യക്തമായി രേഖപ്പെടുത്തുന്നു. 'മകനെ, എന്തിനാണു നിന്റെ ഒരുമ്പാട്?' ഉയരത്തിലുള്ള നക്ഷത്രങ്ങൾ ചോദിക്കുന്നു. 'ഈ സഹിച്ചുകൂടാത്ത തണുപ്പിന്റെ നാട്ടിൽ ചൂടിനേറതായ ഒരു ദ്വീപു നിർമ്മിക്കാൻ.' അവൻ കാപട്യമറിയാത്ത സ്വരത്തിൽ പറഞ്ഞു. 'ഭൂമിയിൽ ദ്വീപോ? ആ സംരക്ഷണകവചം വച്ചുകൊണ്ടോ?' വീണ്ടും മുകളിൽ ആ ശബ്ദം പ്രതിധ്വനിച്ചു. 'സംരക്ഷണകവചമോ? അകത്തെയും പുറത്തെയും അഗ്നികൊണ്ട്.' എന്നായിരുന്നു രൊക്കം കൊടുത്ത മറുപടി.

തീ പടന്നുകത്തി വളരുന്നു. അതോടെ നിശ്ചലമായ അന്തരീക്ഷത്തിൽ ചലനവും ആരംഭിക്കുന്നു. ചുററുമുള്ള തുറന്ന അതിർത്തിമണ്ഡലങ്ങളിൽനിന്നു തണുപ്പ് ആക്രമിച്ചു കടന്നുവരാൻ തുടങ്ങിയതോടെ ചൂടു തോന്നാതായി. ശിശു ചുറ്റും ഓടിനടക്കാൻ തുടങ്ങി. അവൻ കൈയിൽ കിട്ടിയ ചപ്പും ചവറും കമ്പും തടിയുമെല്ലാം ശേഖരിക്കുന്നു. അവൻ ഏകനായി അതെല്ലാം തോളിൽ ചുമന്ന് എരിഞ്ഞുകൊണ്ടിരിക്കുന്ന തീക്കനലിന്റെ മുകളിൽ കൊണ്ടുചെന്നു കൂട്ടുന്നു. ആകെയൊരു തീപിടിത്തത്തിന്റെ ലക്ഷണമായി ആ അഗ്നികുണ്ഡത്തിലേക്കു നോക്കിയാൽ. അങ്ങനെതന്നെ വായുവിന്റെ ചലനത്തിലും വ്യത്യാസം വന്ന് അതിന്റെ ചീററൽ ഒരലർച്ചയായി മാറുന്നു. അയൽക്കാരൊക്കെ ഉണരുന്നു. അവർ സുഖമായി കിടന്നുറങ്ങിയിരുന്നേടത്തുനിന്നും പുറത്തേക്കു വരുന്നു. മഞ്ഞുകാലത്തിന്റെ മദ്ധ്യത്തിലെ ആ നിശയിൽ തുറന്ന സ്ഥലത്തു കാണപ്പെട്ട ആ അഗ്നികുണ്ഡം അവരെ അങ്ങോട്ടു ശക്തിയായി ആകർഷിച്ചു. അവരും ആ അഗ്നികുണ്ഡത്തിന്റെ ബുഭുക്ഷയെ തൃപ്തിപ്പെടുത്താൻവേണ്ടി വിറകു ശേഖരിച്ചുതുടങ്ങി. 'നിത്തണം!' ശിശു വിളിച്ചുപറയുന്നു; 'നിങ്ങളുടെ രീതി സാങ്കേതികമായി തെററാണ്.' ആ സംഘത്തിലെ ഓരോ ആളും അതോടെ ആ വിശാലചക്രത്തിന്റെ ചുററിലുമായി സ്ഥാനംപിടിച്ചു. വട്ടത്തിൽ ആളിക്കത്തിയിരുന്ന ആ ആഴിയിൽ അങ്ങിങ്ങു കേന്ദ്രവൽകൃതമായി തീ ആളിക്കത്തുന്നു. ഓരോരുവരും അവനവന്റെ നിർദ്ദിഷ്ടജോലികൾ ചെയ്തുകൊണ്ട്, പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും എല്ലാം, ആ വൃത്ത-

ത്തിനുള്ളിൽ പുററിലുംനിന്നു പ്രസരിക്കുന്ന ചൂടിൻെറയും വെളിച്ചത്തിൻെറയും മണ്ഡലത്തിനുള്ളിൽ നിലയുറപ്പിക്കുന്നു. കാററു് പുറമെനിന്നു് അലറിക്കൊണ്ടെത്തുന്നു. പക്ഷേ, ചൂടിനെ മദ്ധ്യത്തിലേക്കു തള്ളിനീക്കാൻമാത്രമേ അതിനു കഴിയുന്നുള്ളു.

അങ്ങനെ നിർമ്മാണത്തിലിരിക്കുന്ന ഒരു ദ്വീപാണു് നീലോഖേരി! യജമാനന്റെ (master) ഇന്ത്യ ഒരു ദ്വീപഭൂഖണ്ഡമാണു്. വൃത്താകാരമായ ആഴി(അഗ്നികുണ്ഡം)കൊണ്ടു് ഇനി പ്രയോജനമില്ല; ആ പ്രയത്നം ഗോപുരശവകുടീരത്തിലേക്കേ നയിക്കയുള്ളു. ഭിത്തിയിലെ ചിത്രത്തിൻെറനേരെ തല നമിക്കുന്നതു് ഒരു മഹാകാര്യമാണു്. ശവകുടീരത്തിൻെറ മുമ്പിൽ ഏറെ കുനിഞ്ഞു നമിക്കുന്നതു് ഉൽകൃഷ്ടപ്പെടുത്തുന്ന കാര്യമാണു്. എന്നാൽ കാലം മാറിപ്പോയി. പുതിയ വ്യവസ്ഥിതിയിൽ മനുഷ്യൻ സ്വന്തം ആത്മവത്തയുടെ മുമ്പിലാണു് കുമ്പിടേണ്ടതു്. സ്വന്തം കാലിലെ പൊടിതന്നെയാണു് എടുത്തണിയേണ്ടതു്. ജീവിച്ചിരിക്കുന്ന സ്മാരകങ്ങളാണു്, അല്ലാതെ ഏറെക്കാലംമുമ്പു നിർജ്ജീവമായിക്കഴിഞ്ഞവയല്ല, നമ്മുടെ ലക്ഷ്യമായിരിക്കേണ്ടതു്. അതുകൊണ്ടു് രക്തസാക്ഷിത്വം വിശാലമുഖിഷ്ഠാനത്തിൽ പണിതുയർത്തേണ്ടിയിരിക്കുന്നു. മനുഷ്യൻ ഒരു സസ്തനജീവിയായി നിലനില്ക്കണമെന്നുണ്ടെങ്കിൽ ഇന്നു സംരക്ഷിക്കുന്ന കുത്തകസമ്പ്രദായം പൊളിക്കണം.

ഇന്നത്തെ രീതിയിൽ നാടകത്തിലും സംഗീതത്തിലും, കലയിലും സാഹിത്യത്തിലും, ശാസ്ത്രത്തിലും വ്യവസായത്തിലും, നാട്ടിലും പുറത്തും,സ്വാധീനം ചെലുത്തുന്ന 'തൊണ്ണൂററൊമ്പതിൻെറ വിനോദ'മാകുന്ന ജീവിതസമ്പ്രദായത്തിനെ ഒരു പുതിയ വഴിയിൽ തിരിച്ചുവിടേണ്ടതുണ്ടു്. ചെക്കർ ബോർഡിലെ തൊണ്ണൂററിഒമ്പതിൻെറ സ്ഥാനത്തു് പലതിനെ, പോരാ എല്ലാററിനെയും ഉൾക്കൊള്ളുന്ന ശാശ്വതമായ ഒന്നു് എന്ന സംഖ്യയെ പ്രതിഷ്ഠിക്കേണ്ടതാണു്. അതിൻെറ സഫലീകരണത്തിൻെറ കാര്യം എങ്ങനെയുമിരിക്കട്ടെ; അതിലേക്കുള്ള ശ്രമംതന്നെ മനുഷ്യനു് ഇന്നു ചെയ്യാവുന്ന എല്ലാ പ്രയത്നത്തെയും അർഹിക്കുന്നതാണു്. എന്തുകൊണ്ടെന്നാൽ, 'ഒന്നി'ലേക്കുള്ള യാത്ര, തുറന്ന പാത—മാൻസിലിലേക്കുള്ള വഴി—

യിൽക്കൂടെ മാത്രമെ നിവ്വഹിക്കാനാവൂ. പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും—പോരാ, മൃഗങ്ങളും പക്ഷികളും, എറുമ്പുകളും കീടങ്ങളും, ചെടികളും അണുക്കളും എല്ലാം തുറന്ന പാതയിലെ തീർത്ഥയാത്രികരാണ്. പാരമ്പര്യമാകട്ടെ, പ്രായമാകട്ടെ, ജീവിതത്തിൽ പ്രാപിച്ചിട്ടുള്ള സ്ഥാനമാകട്ടെ, ഒന്നും ആ യാത്രയ്ക്കു പ്രതിബന്ധമല്ലതാനും. ആ ദ്വീപു സൃഷ്ടിക്കാൻ കഴിയും. മുള്ളുകമ്പിവേലിയോ ബാഹ്യലോകത്തിൽനിന്നു വേർതിരിക്കുന്ന ഏതെങ്കിലുമൊക്കെയോ കൂടാതെതന്നെ ആ ദ്വീപു സൃഷ്ടിക്കയും ചെയ്യാം.

കൊട്ടുങ്കാററു് ഇങ്ങടുത്തുകഴിഞ്ഞു. അതു് എല്ലാവക്കും അറിയാം. നല്ലപോലെ മനസ്സിലായിട്ടുമുണ്ടു്. വരാൻപോകുന്ന ഞെരുക്കത്തെ ചെറുക്കാൻതക്കവിധം കോട്ട നിമ്മിക്കാൻ പദ്ധതി തയാറാക്കുകയാണ്. വെളിച്ചം ഇടയ്ക്കിടെ പ്രകാശിക്കും. പക്ഷേ, മരക്കഷ്ണങ്ങൾ എരിഞ്ഞുകൊണ്ടിരിക്കും. തീ കെട്ടുകയില്ല. ആ എരിയുന്ന തീയിൽനിന്നു ചൂടുല്പാദിച്ചു് വിദൂരചക്രവാളത്തിനും അഗ്നികുണ്ഡത്തിനും ഇടയ്ക്കുള്ള സ്ഥലം ക്രമമായ ഒരു ചരിവായി പരിണമിക്കും; പുരുഷന്മാരും സ്ത്രീകളും കുട്ടികളും ചൂടിനെ പുറത്തുവിടാതെ പ്രതിബന്ധിക്കുന്ന ഭിത്തിയായിത്തീരും; അകത്തും പുറത്തുമുള്ള അഗ്നിക്കിടയിൽ ഹൃദയം സുരക്ഷിതമാകും.

## എവറസ്റ്റിലേക്കു്

സസ്യശ്യാമളമായ സമതലഭൂമി. കൊട്ടുങ്കാററുകളിൽനിന്നും ചുഴലികളിൽനിന്നും സുരക്ഷിതമായിനില്ക്കുന്ന സുഖദമായ പ്രദേശം. മനുഷ്യരുടെ ലോകത്തിൽനിന്നുയന്നുനിന്നു് ആകാശത്തെ ചുംബിക്കാൻ വെമ്പുന്ന പവ്വതത്തിൻെറ നഗ്നമായ തലപ്പാണു് അപ്പുറത്തു്. മഞ്ഞു് കാലിൽ കടിക്കുന്നു. ശ്വാസോച്ഛ്വാസത്തിനു് ഈയക്കട്ടിമാതിരി ഘനം വദ്ധിക്കുന്നു. ലക്ഷോപലക്ഷം സൂചികൾ ഒന്നായി ത്വക്കിനെ പിളക്കുന്ന പ്രതീതിയുളവാക്കിക്കൊണ്ടു് ഹിമവാതം ശരീരത്തിലേക്കു് അടിച്ചുകയറുന്നു. ആഹാരത്തിനു രുചി തോന്നാതായി. യാത്ര

ക്കാരന്റെ ശ്വാസഗതി തടയപ്പെട്ടുപോകുന്നു. വഴികാട്ടിസംഘം ബഹുദൂരം പിൻതള്ളപ്പെട്ടുപോയിരിക്കുന്നു. മുമ്പിൽ അകലെയുള്ള മാൻസിചിനെ അഭിമുഖീകരിച്ചു് ആ ഏകാന്തപാന്ഥൻ നിലകൊള്ളുകയാണു്. ശിവന്റെ മഹാഗോപുരം— ആ രജതമകുടം തെളിഞ്ഞുകാണാം. ഒരു നിമിഷത്തിൽ ആ പർവ്വതത്തലപ്പു വീണ്ടും ഹിമധൂളികൊണ്ടു മറയ്ക്കപ്പെട്ടുകഴിഞ്ഞു. അന്തരീക്ഷത്തിലെ വായുവിൻെറ ദുർഭിക്ഷത, വരാൻപോകുന്ന രാത്രിയിലെ ഏകാന്തത, അകത്തെ അസ്ഥിപഞ്ജരത്തിൻെറ അസഹ്യമായ വേദന, എല്ലാം ചേർന്നിട്ടു് ആത്മാവിനെ ഭയപ്പെടുത്തുന്നു. ഉല്പത്തികാലത്തെ ഭയം ഹൃദയത്തെ പിടികൂടുന്നു. നാഡീസ്പന്ദനം നിലയ്ക്കുന്നു. ചുവട്ടിലെ മന്ദഹസിക്കുന്ന താഴ്വര മധുരമായി പ്രേരിപ്പിക്കയാണു്, "മടങ്ങിപ്പോരൂ, മടങ്ങിപ്പോരൂ."

യാത്രയുടെ പര്യവസാനഘട്ടത്തിലെ യാതനകളുടെ മദ്ധ്യത്തിലാണു് നാം. പർവ്വതത്തലപ്പിൻെറ ലാഘവമിയന്ന അന്തരീക്ഷത്തിലെ കൊടുങ്കാററും ഹിമവാതവും ക്രൂരവും ഭയങ്കരവുമായിരിക്കും. ചുവട്ടിലെ മലകളിൽവച്ചു് പ്രകൃതിശക്തികളുമായുണ്ടായ മല്ലു് സാരമില്ല; ഏതാണ്ടൊരു ഉരുട്ടിപ്പിടിത്തംപോലെ ഗണിക്കാനുള്ളതേയുള്ളു. മുമ്പോട്ടുള്ള പ്രയത്നം മറ്റൊരു സ്വഭാവത്തിലുള്ളതാണു്. മണ്ണും കുമ്മായവും, തൂമ്പായും ചുററികയും കൊണ്ടുള്ള യുദ്ധം ഏതാണ്ടു കഴിഞ്ഞിരിക്കുന്നു. എന്നാൽ മാംസശരീരത്തിൻെറ പ്രയത്നത്തിൽനിന്നുള്ള വിയർപ്പുകൊണ്ടുമാത്രം ക്ഷേത്രത്തിൻെറ പണി മുഴുമിക്കയില്ല. കാരണം, മാംസശരീരത്തിനു് ചട്ടക്കൂടുമാത്രമേ പണിഞ്ഞുതീർക്കാൻ കഴിയൂ. മഹിമാതിശയം കലർന്ന കലാശില്പവും തീർത്ഥയാത്രാകേന്ദ്രങ്ങളും എല്ലാം വേദനിക്കുന്ന ആത്മാവിൻെറ ഇഴകൾ—വേദനിച്ചു രക്തമൊഴുക്കുന്ന ഏകാന്തഹൃദയത്തിൻെറ കദനനൂലുകൾ—കൊണ്ടു നെയ്തെടുത്തവയാണു്.

## VIII
# രാജാവായി ജനിച്ചവൻ

1947 ആഗസ്റ്റ് 15-ാംതീയതി. അവിവേകികളായ ഏതാനും ചെറുപ്പക്കാർ കൽക്കട്ടാ ഗവണ്ണരുടെ വസതിയിൽ ആക്രമിച്ചു കടന്നുചെന്നു. അവർ ആ മന്ദിരത്തിനകത്തെ ഉപകരണങ്ങൾ പലതും തല്ലിയൊടിക്കാനും കത്തിച്ചുകളയാനും മുതിന്നു. മന്ദിരംചുമതലക്കാരൻ കല്പനയ്ക്കുവേണ്ടി രാജാജിയുടെ അടുത്തു് ഓടിയെത്തി. "അവരുടെ വസ്തുവകകൾ; അവരുടെ ഇഷ്ടംപോലെ ചെയ്യട്ടെ." എന്നായിരുന്നു ആ മഹാബുദ്ധിശാലിയിൽനിന്നു് ഉടനെയുണ്ടായ മറുപടി. ആ ചെറുപ്പക്കാൎക്കു് വേഗംതന്നെ ബുദ്ധി തെളിഞ്ഞു. സംഭവിച്ച അത്ഭുതത്തെപ്പററി അവക്കു ബോധോദയമുണ്ടാകയും തങ്ങളുടെ പ്രവൃത്തിയിൽ അന്തർഭവിച്ചിരിക്കുന്ന ആന്ധ്യവും വിരോധാഭാസവും അവക്കു വ്യക്തമാകയും ചെയ്തു. തീവയ്പുവസാനിച്ചു; കൊള്ളചെയ്യാനുള്ള പ്രേരണയും.

നീലോഖേരിയിൽ ഇന്നു് ആവശ്യത്തിനു വേണ്ടതെല്ലാമുണ്ടു്. ചിത്രം ഏതാണ്ടു് പൂർണ്ണതയോടു സമീപിച്ചിട്ടുണ്ടു്. എല്ലാവക്കും പാക്കാൻ വീടു്, ധാന്യങ്ങളും സസ്യഫലാദികളും ഉൽപാദിപ്പിക്കാൻ നിലങ്ങളും കൃഷിയിടങ്ങളും, നിലത്തിലെ കൃഷിപ്പണിക്കുവേണ്ട കന്നുകാലികൾ, മുട്ടയും പാലും നല്കുന്ന ജന്തുവർഗ്ഗം, വസ്ത്രമുണ്ടാക്കുവാനുള്ള തറികളും ഓടങ്ങളും, ജീവിതം ജീവയോഗ്യമാക്കുന്നതിനാവശ്യമായ സാധനങ്ങൾ ഉൽപാദിപ്പിക്കുന്നതിനും അധികമുള്ളതുകൊണ്ടു് ഉദാരവ്യവസ്ഥകളിൽ ലഭിച്ചിട്ടുള്ള കടംവായ്പകൾ കൊടുത്തുതീക്കുന്നതിനും പ്രയോജനപ്പെടുന്ന തൊഴിൽശാലകളും ഫാക്ടറികളും, എല്ലാം അവിടെയുണ്ടു്. മനുഷ്യൻെറ മക്കളെപ്പോലെ കുഞ്ഞുങ്ങൾ ഓടിനടക്കുകയും ചിരിക്കുകയും ചെയ്യുന്നു. അവർ അവരുടെ സ്വന്തം മണ്ണിൽ—അവക്കു് യഥാൎത്ഥത്തിൽ അവകാശപ്പെട്ട ഭൂമിയുടെ ഒരു കഷണത്തിൽ—കാലുറപ്പിച്ചുനില്ക്കുന്നു.

വസ്തുങ്ങളിലും മോട്ടോർവാഹനങ്ങളിലും ബാങ്കുകണക്കുകളിലെ പൂജ്യങ്ങളിലും ഇന്നുള്ളവരുടെയോ മുൻഗാമികളുടെയോ ഔദ്യോഗികപദവികളിലും അടിസ്ഥാനപ്പെടുത്തിയുള്ള സാമൂഹ്യവ്യവസ്ഥിതിക്ക് ആകെ ഉലച്ചിൽ തട്ടിയിരിക്കുന്നു. മനുഷ്യനിലെ മജ്ദൂരിനു്, അയാൾ തോട്ടിയാവട്ടെ ഭരണാധികാരിയാവട്ടെ, ഒരു പുതിയ അന്തസ്സു കൈവന്നിട്ടുണ്ടു്. മനസ്സിന്റെയായാലും മാംസത്തിന്റെയായാലും വിയപ്പുമാത്രമാണു് നിർണ്ണായകമായ അളവുകോൽ. മഹാനായ യജമാനൻ പൂർണ്ണ സ്വയംഭരണാധികാരമുള്ള രാജ്യം—തന്റെ നിരുപാധികമായ അനുഗ്രഹം—നൽകുന്നു.

ഞാൻ കണ്ണുകൾ പൂട്ടുന്നു. ഹാ! കഷ്ടം, ആ ചിത്രം മറഞ്ഞുപോകുന്നു. ഞാൻ വിരലുകൾകൊണ്ടു സ്പർശിച്ചറിയാൻ ശ്രമിക്കുന്നു; പക്ഷേ, തപ്പിത്തിരയുന്നതുകൊണ്ടു പ്രയോജനമുണ്ടാകുന്നില്ല. ഞാൻ ഉറക്കെ വിളിച്ചു നോക്കുന്നു; മറുപടിയില്ല. ഞാൻ നിലവിളിക്കുന്നു; എന്റെകൂടെ കരയാനാരുമില്ല. എങ്കിലും ഞാനറിയുന്നു, മാൻസിലിനുവേണ്ടി പണിയെടുക്കുന്ന പുരുഷന്മാരും കുഞ്ഞുങ്ങളും സ്ത്രീകളും ഒരു സജീവ യാഥാർത്ഥ്യമാണെന്നു്. വിയപ്പു് ഒഴുകുന്നു. അകലെനിന്നു് സംഗീതം കേൾക്കാം. പിന്നെ എന്താണു തകരാറു്? എവിടെയാണു വിടവു്? അതിന്റെ ഉത്തരത്തിനുവേണ്ടി ഞാൻ എന്റെ അന്തരാത്മാവിൽത്തന്നെ തിരയുകയാണു്; ഞാൻ തനിയെ വേദനപ്പെടുകയാണു്. ഞാൻ ജനകോടികളുടെ നടുവിലാണു്. ഞാൻ അവരെ നോക്കുന്നു; അവർ എന്നെയും. ഞാൻ അവരെ സ്നേഹിക്കുന്നു; അവർ എന്നെ സ്നേഹിക്കാൻ ശ്രമിക്കുന്നു. പക്ഷേ, ഞങ്ങൾക്കു പരസ്പരം മനസ്സിലാക്കാൻ കഴിയുന്നില്ല. ഞങ്ങളുടെയിടയിൽ ഒരഗാധഗർത്തമുണ്ടു്; രണ്ടു കരകളേയും ബന്ധിച്ചുകൊണ്ടു് ഒരു പാലമിടാൻ എനിക്കു കഴിയുന്നില്ല. ഞങ്ങൾക്കു പരസ്പരം ബന്ധപ്പെടാൻ താല്പര്യമുണ്ടു്; പക്ഷേ, പരസ്പരം നോക്കിനില്ക്കാൻ മാത്രമേ കഴിയുന്നുള്ളു. "എവിടെയാണു് ഇതിന്റെ കുഴപ്പം?" വേദനപ്പെടുന്ന എന്റെ ആത്മാവിനോടു ഞാൻ ചോദിക്കയാണു്. ഞാൻ അവരുടെ സഹോദരനാണു്; അവരോടൊപ്പം നീന്തുകയോ മുങ്ങിമരിക്കയോ ചെയ്യാൻ കടപ്പെട്ടവനാണു്. ഞാൻ എനിക്കുതന്നെ പിടി

കിട്ടാൻ പ്രയാസമായ ഒരു പ്രശ്നമനുഷ്യനായിത്തീരുന്നതു് എനിക്കു സമ്മതമല്ല. ഏകാകിയായുള്ള നിലയെ ഞാൻ പ്രതിഷേധിക്കുന്നു.

ഞാൻ നിർവ്വാണകുഞ്ജ*ത്തിൻെറ മുൻവശത്തിരിക്കയാണ്. പാറിപ്പറന്ന ചിറകുകൾ വിശ്രമിക്കയാണ്. വസന്തത്തെ സ്വാഗതംചെയ്തുകൊണ്ടു് പുഷ്പങ്ങൾ വിടന്നുവരുന്നതും ഇലകളിൽ പുതുവർണ്ണങ്ങൾ പകരുന്നതും കട്ടകുചെടികൾ കായ്ക്കുന്നതിനു പ്രാരംഭമായി പുഷ്ടിക്കുന്നതുമൊക്കെ എൻെറ ദൃഷ്ടിയിൽപ്പെട്ടു. അന്തരീക്ഷത്തിലാകെ മാറ്റം സംഭവിക്കുന്നു. ശീതകാലം ഒഴുകിമാറുകയും ഗ്രീഷ്മത്തിൻെറ ഘോരോഷ്മളത സാവകാശം സമീപിക്കുകയുമാണ്. അടുത്തടുത്തുവരുന്ന വസന്തമാണ് ഹിമാവൃതമായ പർവ്വതത്തിനും അഗാധമായ ഗിരിഗഹ്വരത്തിനും ഇടയ്ക്കുള്ള ഹരിതാഭമായ സമതലം. അത്യുന്നതമായ ഗിരിശിഖരത്തിൻെറ നിത്യമായ അകളങ്കിതപരിശുദ്ധിയും ചുവട്ടിലെ ഘോരനരകവും അതിനിടയിൽ വസന്തവും ചേർന്നിട്ടു് പുണ്യവാനും പിശാചും തമ്മിലുള്ള സംഗമം സംഭവിക്കുന്നു. അവതമ്മിൽ ധ്രുവങ്ങൾ തമ്മിലുള്ള അന്തരമുണ്ടു്. പക്ഷേ, വസന്തോത്സവത്തെ സ്വാഗതം ചെയ്യാൻ അവ പരസ്പരം സഹായകമായി വർത്തിക്കുന്നു. മേല്പോട്ടു കയറുക ക്ലേശകരമാണ്. കാരണം, ഭൂമിയുടെ ആകർഷണശക്തിക്കെതിരായ നീക്കമാണതു്. എന്നാൽ ചുവട്ടിലേക്കു പോകുക രസമാണ്. താഴത്തേക്കുള്ള ഒഴുക്കിനു വിധേയനായി സ്വയം അയഞ്ഞുകൊടുത്താൽമതി. എന്നിരിക്കിലും മലകയററത്തിന്നു് അതിൻേറതായ രസവും ആകർഷണവുമുണ്ടു്; ചുരുക്കംപേർ മാത്രമേ ആ പ്രയത്നത്തിലേർപ്പെടാനുള്ള തൻേറടവും പൗരുഷവും പ്രകടമാക്കാറുള്ളുവെന്നിരിക്കിലും.

അങ്ങനെ ജീവിതം പുരോഗമിക്കുന്നു. ശിശിരത്തെത്തുടർന്നു ഗ്രീഷ്മം വരുന്നു. ഇതിനു രണ്ടിനും മദ്ധ്യേ വസന്തം പുഞ്ചിരിതൂകുന്നു. സാങ്കല്പികരൂപങ്ങൾ ചലിക്കുന്നു. അന്ധന്മാർ വിരൽകൊണ്ടു തപ്പിയറിഞ്ഞു് ആനയെ വിവരിക്കുന്ന സമ്പ്രദായം മറയന്മാർ സ്വീകരിക്കുന്നു. "നീയാരു്?" എന്ന ഉൽപത്തികാലത്തെ ചോദ്യം വീണ്ടും, ഒരു ഇടിമുഴക്കത്തി

* ഗ്രന്ഥകാരൻെറ ഭവനം

ൻെറ ശബ്ദത്തോടെ ഉയരുന്നു: "ഞാനാരു്?" ഞാൻ എന്റെ ആത്മാവിനോടുതന്നെ ചോദിച്ചു. അത്ഭുതമെന്നേ പറയേണ്ടു, ഞാൻ പുണ്യവാനെയോ പിശാചിനെയോ അല്ല കണ്ടതു്; ഒരു വെറും മിഥ്യാരൂപം—നീരാവിയുടെ ഒരു നിഴലാട്ടം അനന്തമായ പ്രപഞ്ചത്തിലെ ക്ഷീരപഥങ്ങളിൽ ചെന്നു് അലിഞ്ഞുചേരുന്നതുമാത്രം. "എന്താണു നീ?" ഞാൻ വീണ്ടും ചോദിച്ചു—ചുറ്റും വെറും വിസ്തീർണ്ണംമാത്രമേ കാണാനുള്ളു. എങ്കിലും ആ വിനോദം തുടൎന്നുകൊണ്ടേയിരിക്കുന്നു. 'ഞാൻ ഒഴിച്ചുകൂടാൻ പാടില്ലാത്തവനാണു്' എന്ന മിഥ്യാബോധത്തെത്തന്നെ ആശ്ലേഷിച്ചുകൊണ്ടു കഴിയുകയാണു്, ഞാൻ. പക്ഷേ, കട്ടകുവിത്തു് ആ തെറ്റിനെ തെളിച്ചുകാണിക്കുന്നു. അതിലെ പുഷ്പങ്ങൾ അന്ത്യം സമീപിക്കുന്നതിൻെറ മുന്നോടികളാണു്.

"എന്താണു സഹോദരാ, ഇതൊക്കെ?" ആകെ ചിന്താക്കുഴപ്പത്തിലായ ഞാൻ യജമാനനോടു ചോദിക്കുന്നു. "തീൎത്ഥാടകന്നു് അവൻേറതായ മാൻസിലിൽ വീണ്ടും രാജാവായി വാഴാൻ സൗകര്യപ്പെടുത്തുമാറു് സാൎത്ഥവാഹകസംഘത്തേക്കാൾ മജ്ദൂർ വളൎന്നു വികസിക്കാൻ വേണ്ടിയുള്ള ഒരു വെറും വിനോദക്കളി." വേദനയുടെ അടിസ്ഥാനപരമായ കാരണങ്ങൾ ഭയവും ദുരഭിമാനവുമാണു്; തൻെറ നില തകരാറിലാകുമെന്ന ഭയം, തനിക്കു വേണ്ടത്ര വലിപ്പം പോരെന്നു ചിന്തിച്ചുള്ള ദുരഭിമാനം. കാണായ പ്രപഞ്ചജീവിതത്തെ നെയ്തെടുക്കുന്ന മായാവികളാണു് ജീവിതവും മരണവുമെന്ന സത്യത്തിനു ബോധവാന്മാരാകുമ്പോൾ—ഇല്ലാത്തതൊന്നും ഉണ്ടാവുന്നില്ലെന്നും ഉള്ളതൊന്നും ഇല്ലാതാകുന്നില്ലെന്നും മനസ്സിലാകുമ്പോൾ—ഭയം അവസാനിക്കുന്നു. അതോടെ ദുരഭിമാനം അന്തരീക്ഷത്തിൽ അലിഞ്ഞുചേൎന്നുപോകുന്നു. കാരണം, ജന്മനാ രാജാവായവന്നു് അരക്കുകിരീടങ്ങൾ തേടിനടക്കുക, ആക്ഷേപമാണു്.

പ്രശ്നം വീണ്ടും ചുറ്റിക്കറങ്ങി ഉൽപത്തികാലത്തെ ചോദ്യത്തിൽത്തന്നെ ചെന്നെത്തുന്നു—മനുഷ്യനിലെ മൃഗത്തെയും പുണ്യവാനിലെ പിശാചിനെയും പിടികൂടി നിയന്ത്രണത്തിൽ കൊണ്ടുവന്നു്, ആ ശക്തികളെല്ലാം സസ്യശ്യാമളമായ ഭൂമി

കിളച്ചുമറിക്കാൻ സ്വത്രൂപിക്കപ്പെടണം. ജനകോടികൾ ആ ലക്ഷ്യത്തിലേക്ക പ്രയത്നം തിരിച്ചുവിടാനുള്ള വിവേകം കാണിക്കുമോ? അവരുടെ പഴയ ഭയങ്ങൾ നീങ്ങിയിട്ടുണ്ടെങ്കിൽ അവക്കതിനു കഴിയും. തങ്ങൾ ജന്മനാ രാജപദവിയുള്ളവരാണെന്നുള്ള ബോധമുണ്ടായാൽ അവർ അതു ചെയ്യും.

## അനശ്വരമായ ജീവിതം സ്വാധീനമാക്കുക

ജീവിതമെന്നറിയപ്പെടുന്ന വിവിധവർണ്ണോജ്വലദൃശ്യത്തിൻെറ ബാഹ്യരേഖയെ ചുററി ഋതുക്കൾ നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ ഒളിച്ചുകളിയുടെ പ്രക്രിയയെ പഞ്ചേന്ദ്രിയങ്ങൾ സഹായിക്കുന്നു. ദുർബ്ബലരായ നാം ജനനമെന്നും മരണമെന്നുമുള്ള സാങ്കല്പികരൂപങ്ങളെച്ചൊല്ലി ചിരിക്കുകയും കരയുകയും ചെയ്യുന്നു. ഈ വർണ്ണപ്രളയത്തിൻെറ പിന്നിൽ അജ്ഞേയഗാംഭീര്യത്തോടെ എവറസ്റ്റ് നിലകൊള്ളുന്നു. മനുഷ്യൻെറ പ്രാർത്ഥനകളേയോ ശാപവചസ്സുകളേയോ ഗണ്യമാക്കാതെ അതിന്റെ രജതമകുടം സ്വർഗ്ഗമേഖലകളെ ചുംബിക്കയും ചുവട്ടിലെ ലോകത്തിൻെറ മേൽ അനുഗ്രഹവർഷം ചൊരിയുകയും ചെയ്യുന്നു. ലോകത്തിലെ അതികായനായ ആ കൊടുമുടിയുടെ കിരീടം അനശ്വരഹിമസഞ്ചയമാണ്. മനുഷ്യരുടെ രാജാവിൻെറ കിരീടമാകട്ടെ, ഉൽപത്തികാലത്തെ ഏകാന്തതയും. സിംഹം ഒററയ്ക്കു സഞ്ചരിക്കുന്നു. നിങ്ങളുടെ കാൽ ഇടറാതിരിക്കട്ടെ; നിങ്ങളുടെ ആത്മസത്തയുടെ—കരുത്തിന്റെ പ്രപഞ്ചവിശാലമായ ലക്ഷ്യത്തിൻെറ—മഹാഗോപുരമായി നിലനില്പുവാൻ നിങ്ങൾക്കു കഴിയട്ടെ.

പ്രഭോ, ഇന്ത്യയിലേയും വിശാലലോകത്തിലേയും ജീവിതമഥനത്തിൽനിന്നുയന്നുവരുന്ന വിഷം ഉൾക്കൊള്ളുന്നതിനുള്ള ശക്തി, പരമശിവനെന്നതുപോലെ അവിടത്തേക്കു ലഭിക്കട്ടെ; ഹാലാഹലം രൂപഭേദപ്പെട്ടുകയാൽ നീലകണ്ഠനായിത്തീന്ന അദ്ദേഹത്തിനെപ്പറ്റി പാടാനുള്ള കഴിവുമുണ്ടാകട്ടെ. ഗുരോ, ശിശുവിൻെറ അന്വേഷണഭാവവും പക്വതയുടെ മന്ദഹാസവും മുഖത്തു ധരിക്കുവാനുള്ള സഹനശക്തി അങ്ങേ

ക്കുണ്ടാകട്ടെ. ലോകം പരിവർത്തനദശയിലാണ്. അട്ടത്തഘട്ടത്തിലേക്കുള്ള യാത്രയ്ക്കാവശ്യമായ ഉത്തേജനശക്തി നൽകാൻ ഇന്ത്യയ്ക്കുമാത്രമെ കഴിയൂ. 'പുതിയ ലോകം' ജന്മമെടുക്കാനുള്ള പ്രസവവേദനയുടെ വിറയലിനിടയിൽ ഈ പ്രപഞ്ചചലനത്തിലേക്ക് ഒന്നെത്തിനോക്കാൻ ഇന്ത്യയ്ക്കു കഴിഞ്ഞിട്ടുണ്ട്. പുതിയ സന്ദേശത്തിൻെറ വാഹകനായിത്തീരാനുള്ള കരുത്തും ജീവചൈതന്യവും അങ്ങേക്കുണ്ടാകുമാറാകട്ടെ.

## കുരിശ്

നെട്ടകെയും കുറുകെയും രണ്ടു മരക്കഷണങ്ങൾ; ഒന്നു നീളംകൂടിയതും ഒന്നു കുറഞ്ഞതും—കുരിശായിക്കഴിഞ്ഞു. എന്നാൽ ഈ അടയാളത്തിൻെറ വംശചരിത്രം ഏററവും സങ്കീർണ്ണമായ മനുഷ്യസങ്കല്പങ്ങളുൾക്കൊള്ളുന്നതാണ്. നമുക്കു പരിചിതമായ പഴയ ലോകം കാലാനുഗുണമല്ലാതെ തീരുകയും പുതിയ ലോകം ഇനിയും രൂപംകൊണ്ടിട്ടില്ലാതിരിക്കയും ചെയ്യുന്ന കാലഘട്ടങ്ങൾ മനുഷ്യചരിത്രത്തിൻെറ ഭ്രമണത്തിനിടയിൽ ഓരോ ക്ഌപ്തകാലയളവിൽ ഉണ്ടായിക്കൊണ്ടിരിക്കും; അക്കാലത്ത് സർവ്വത്ര, തണുത്ത ഇരുളായിരിക്കും; ജീവിതം അർത്ഥശൂന്യമായിത്തോന്നും; പിൻപിലുള്ള പിശാചബാധിതമായ ലോകത്തിൽനിന്നോ മുൻപിലുള്ള ഇരുണ്ട അഗാധഗർത്തത്തിൽനിന്നോ എന്താപത്തും പൊന്തിവരാം.

ചരിത്രത്തിലെ ഇത്തരം പ്രതിസന്ധിഘട്ടങ്ങളിലാണ് പ്രപഞ്ചസ്രഷ്ടാവു് മുകളിലുള്ള തൻെറ സിംഹാസനത്തിൽ നിന്നിറങ്ങിവന്ന് പുതുയുഗപ്പിറവിയെ പ്രഖ്യാപിക്കാനുള്ളവനെയും, അവൻെറകൂടെ സഹകരിച്ചു പ്രവർത്തിക്കയും ആ അവകാശവിശേഷത്തിനു പ്രതിഫലമായി അവനോടൊപ്പം ക്രൂശിക്കപ്പെട്ടുകയും ചെയ്യാനുള്ള സഹപ്രവർത്തകരേയും നിയമിക്കുന്നതു്. ഈ ദിവ്യനിയോഗം നിവർത്തിക്കുന്നതിനായി മനുഷ്യരുടെ രാജാവു് ചുററുമുള്ള 'കാടി'ൻെറ മദ്ധ്യത്തിൽ നിലയുറപ്പിക്കുന്നു. അവൻെറ കണ്ണുകൾ തകർന്നടിഞ്ഞ ഭൂതകാലത്തിലേക്കു ചുഴിഞ്ഞുനോക്കുന്നു—അതും ചുവട്ടിലെ അടികാണാത്ത

അഗാധഗത്തത്തിൻെറ വക്കിൽ നിരാലംബനായി നിന്നുകൊണ്ടു്. മനുഷ്യരുടെ ലോകം അവൻെറ ചുററും വന്നുകൂട്ടുന്നു; ചിലർ മുൾക്കിരീടവുംകൊണ്ടു്, ചിലർ ഉഗ്രപ്രതിജ്ഞകൾ മുഴക്കിക്കൊണ്ടു്, കുറച്ചുപേർ—വളരെ കുറച്ചുപേർ മാത്രം—നിശ്ശബ്ദമായി ആജ്ഞകൾ കേൾക്കുവാൻ ബദ്ധശ്രദ്ധരായിക്കൊണ്ടും.

ഇരുപതു ശതകങ്ങൾക്കു മുൻപു് അങ്ങനെയൊരു രാജാവു് പ്രത്യക്ഷപ്പെട്ടുകയുണ്ടായി, തന്നെ ക്രൂശിക്കുവാനുള്ള കുരിശു് താൻതന്നെ ചുമന്നുകൊണ്ടു് അദ്ദേഹം പോകുന്നതു് ലോകം കണ്ടു. രണ്ടു കള്ളന്മാരുടെ മദ്ധ്യത്തിൽ കുരിശിന്മേൽ തറയ്ക്കപ്പെട്ടു നിന്നിരുന്ന അദ്ദേഹത്തെ ലോകം ബഹുമാനിച്ചു. അദ്ദേഹം തൻെറ കണ്ണീരു കാണിച്ചു ലോകത്തെ അലട്ടിയില്ല; നേരേമറിച്ചു ലോകത്തെ അനുഗ്രഹിക്കയാണു് ചെയ്തതു്. അതുകൊണ്ടു ലോകം അദ്ദേഹത്തെ ആരാധിച്ചു. കുരിശു നിമ്മിച്ചവരും ലക്ഷ്യത്തിലേക്കുള്ള സഞ്ചാരം അദ്ദേഹത്തിനു സുരക്ഷിതവും സുഭദ്രവുമാക്കിക്കൊടുത്തവരുമായ അദ്ദേഹത്തിൻെറ സഹപ്രവത്തകർ, ആ മഹാഗുരുവുമായി ഇടപഴകിയതിൻെറയും അദ്ദേഹവുമായുണ്ടായിരുന്ന സ്നേഹബന്ധത്തിന്റെയും പ്രതീകമെന്ന നിലയിൽ കുരിശിനെ അടയാളമായി അംഗീകരിച്ചു.

ഇന്ത്യ ഇതേരൂപത്തിലുള്ള ഒരു പരിവത്തനത്തിലൂടെ കടന്നുപോകുകയായിരുന്നു. മറെറാരു നിയമംകൊണ്ടുള്ള സമീപനം അവൾക്കു പററമായിരുന്നില്ല. അതുകൊണ്ടു് വളരെപ്പേർ അഗ്നിയിൽ ആഹുതിചെയ്യപ്പെട്ടു ജീവിതം ബലിനൽകി. വേറെ വളരെപ്പേർ മരണത്തിനു തുല്യമായ ജീവിതം കഷ്ടിച്ചു പേറുകയാണു്. ഇതൊക്കെ ഇനിയും നടക്കേണ്ടിയിരിക്കുന്ന അന്തിമകമ്മത്തിൻെറ മുന്നോടികൾ മാത്രമാണു്; എന്തെന്നാൽ കമ്മത്തിൻെറ അധിപൻ ഇനിയും രംഗത്തിലെത്തേണ്ടതായിരിക്കുന്നതേയുള്ളു.

# വരാഹം; എൻെറ സഹോദരൻ

നീലോഖേരിയിൽ സർവ്വസാധാരണമായിരുന്നു, പന്നി. ഏതാണ്ടൊരു പ്രശ്നമായിത്തീർന്നിരുന്നു അവൻ. അവനുവേണ്ടി വലിയ ചെലവുചെയ്തു് ഒരു വസതിയുണ്ടാക്കിക്കൊടുത്തു. അവൻെറ സുഖസൗകര്യാദികൾ അന്വേഷിക്കാനും അവനെ നിയന്ത്രിക്കാനുമായി ഒരു സൂക്ഷിപ്പുകാരനെയുമാക്കി. പക്ഷേ, ഇങ്ങനെയൊക്കെ സൂക്ഷിച്ചിട്ടും അവൻ ചിലപ്പോൾ നിയന്ത്രണം ഭേദിച്ചു് സമാധാനപ്രിയരായ അയൽക്കാരുടെ കൃഷിയിടങ്ങളിൽ കയറി ശല്യംചെയ്തു നഷ്ടംവരുത്താറുണ്ടെന്നു പറയപ്പെടുന്നു. കാവൽക്കാരുടെ മേലാവിൻെറ ക്ഷമ നശിച്ചു. അവതാരസ്വരൂപമായ വരാഹത്തിന്റെ കഥകഴിക്കണമെന്നുതന്നെ അയാൾ തീർച്ചപ്പെടുത്തി. പന്നിയെക്കൊണ്ടു് നീലോഖേരിക്കു് ആവശ്യമില്ലെന്നും ഈ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതു മറ്റുവല്ല മൃഗത്തിനുമാകാം എന്നും നിശ്ചയിച്ചു.

പന്നിയെ സംബന്ധിച്ചിടത്തോളം ഭയാത്ഭുതങ്ങളുളവാക്കുന്ന എന്തോ ഒന്നുണ്ടു്. പന്നിക്കു് അഭിമാനിക്കത്തക്ക കുടുംബശ്രേഷ്ഠതയില്ല. കൊട്ടാരത്തിലെന്നപോലെ കുടിലിലും അവനു കഴിയാൻ പ്രയാസമില്ല. നല്ല പ്ലംപുഡ്ഡിംഗ് തിന്നുന്നത്ര സ്വാദോടെതന്നെ ഓടയിലെ അഴുക്കു തിന്നാനും അവനു കഴിയും. ലൗകികകാര്യങ്ങളിൽ, പ്രത്യേകിച്ചു് സ്വന്തം സുഖസൗകര്യങ്ങളെ സംബന്ധിച്ചിടത്തോളം, അവനു യാതൊരു താല്പര്യവുമില്ല. ഒരു യഥാർത്ഥ തത്വജ്ഞാനിയെപ്പോലെയാണു് അവൻ. ബാഹ്യലോകത്തെപ്പററി ഒരു പരിഗണനയുംകൂടാതെ സ്വന്തം മാർഗ്ഗത്തിൽക്കൂടെത്തന്നെ മുമ്പോട്ടു പോകുന്ന അവൻ, തൻെറ ഹൃദയത്തിൽ വച്ചിരിക്കുന്ന ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതിൽ ജീവിതത്തെയും മരണത്തെയും വെല്ലുവിളിക്കാനും തയാറാണു്.

മൂന്നു് അംഗീകൃത അവകാശങ്ങൾ സാധിച്ചുകിട്ടുന്നതിനു ബദ്ധപ്രതിജ്ഞമാണു് നീലോഖേരി. അതുകൊണ്ടു് അവിടത്തെ പൗരന്മാർ ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി വാദിക്കുന്നു. പ്രാരംഭപരിശ്രമികളിലൊന്നാണു് പന്നി. ചതുപ്പിൽ ജീവൻ പൊട്ടിവിടരുന്നതിനുമുമ്പുതന്നെ അവൻ പ്രകൃ

തിയുടെ തോട്ടിവേലക്കാരനാണു്. ഇന്നു് എല്ലാ ഭാഗത്തേക്കും വികസിച്ചു മൂളിക്കൊണ്ടു നില്ക്കുയാണു്, ജീവിതം. വെറും പുല്ലു മുററിവളൎന്നനിന്ന നിലങ്ങളും കുണ്ടുകളും കുഴികളുമെല്ലാം ഇന്നു നിരപ്പായി ക്രമത്തിൽ വളൎന്നനില്ക്കുന്ന പച്ചത്തഴപ്പുകളിലൂടെ മന്ദഹസിക്കുന്നു. നശീകരണജന്തുക്കൾ പോയി. അവരുടെ സ്ഥാനത്തു പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും വൎദ്ധമാനമായ തോതിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ശുദ്ധഗതിക്കാരനായ പന്നി അവൻെറ നിസ്സൎഗ്ഗജന്യമായ തത്വശാസ്ത്രത്തിൽ മുറുകെപ്പിടിച്ചുകൊണ്ടു . വിശ്വസിക്കയാണു്, നീലോഖേരി അവളുടെ കടപ്പാടുകൾ പാലിക്കുമെന്നു്.

അംഗീകൃതഅവകാശങ്ങളിൽ ഉറച്ചുനില്ക്കാൻതന്നെയാണു് നീലോഖേരി ഉദ്ദേശിക്കുന്നതു്. നീലോഖേരിക്കു് ജീവിക്കാനുള്ള വകകളുണ്ടു്—അവളുടെ മുഴുവൻജനങ്ങൾക്കും. പക്ഷേ, അഭ്യന്തരഭരണത്തിൽ പോലീസുകാരെക്കൂടാതെ കഴിക്കാൻകൂടെ നീലോഖേരി പ്രതിജ്ഞാബദ്ധമാണു്. ജനങ്ങൾ തന്നെ അവരുടെ ഇടയന്മാരായി പെരുമാറുകയും, ഓരോരുത്തനും രാജപദവിയിലേക്കുയരുകയും ചെയ്യെങ്കിൽ മാത്രമേ ഈ ലക്ഷ്യം പ്രാപിക്കാൻ കഴികയുള്ളു. അല്ലെങ്കിൽ, തങ്ങളെ മേയ്ക്കാനും ബാഹ്യാക്രമണങ്ങളിൽനിന്നു രക്ഷിക്കാനുംവേണ്ടി ബുദ്ധിപൂൎവ്വം പ്രവൎത്തിക്കാവുന്ന ഇടയന്മാരെ തങ്ങളിൽനിന്നു തന്നെ തിരഞ്ഞെടുക്കണം.

നീലോഖേരിയിലെ പന്നി ഒരു പ്രശ്നപൗരനായിട്ടാണു് തീൎന്നതു്. അവൻ സ്വന്തം ഇടയനായി പ്രവൎത്തിക്കയാകട്ടെ, അവൻെറ ഗുണത്തിനുവേണ്ടി അവനെ മേയ്ക്കാൻ തയാറാകുന്ന ഒരാളെ കണ്ടുപിടിക്കയാകട്ടെ ചെയ്യുകയില്ല. അകത്തും പുറത്തും നഗരാവുകൊട്ടി ക്ഷണിക്കായ്കയല്ല. ആരും സമ്മതത്തോടെ ആ ജോലി ഏറെറടുക്കാൻ തയാറായി മുമ്പോട്ടു വരാൻ മുതിരുന്നില്ലെന്നതാണു് വസ്തുതയെന്നു തോന്നുന്നു. പ്രധാന ചുമതലക്കാരൻ താൻ മടുത്തിരിക്കുന്നു എന്നു ഭീഷണിപ്പെടുത്തിത്തുടങ്ങി. എനിക്കു രണ്ടു കൈയും രണ്ടു കാലുമേയുള്ളു. അവ എപ്പോഴും പണിയിലാണു്. കൂടുതൽ ഭാരം താങ്ങാൻ കഴിവില്ല. പതംവന്നതും പാകമാകാത്തതുമാണുള്ളതു്. അതിൽനിന്നു വേണം തിരഞ്ഞെടുക്കാൻ. പതംവന്ന

താണ് വളരെയധികം. പാകമാകാത്തതു് നന്നെ ചുരുക്കം. ജനകീയഭരണസിദ്ധാന്തം എണ്ണങ്ങളിൽ അടിസ്ഥാനപ്പെട്ടത്തിയിട്ടുള്ളതാണ്. അതുകൊണ്ടു് എൻെറ വ്യക്തിപരമായ ഹിതാഹിതങ്ങൾക്കു് അവിടെ സ്ഥാനമില്ല.

എങ്കിലും എൻെറ ഉള്ളിൽത്തന്നെ ഒരു പന്നിയുണ്ടു്. പുറത്തെ പന്നി, കാന്തംകൊണ്ടെന്നപോലെ സ്വസഹോദരനിലേക്കു് ആകർഷിക്കപ്പെടുന്നപോലെയാണ് എന്റെ ഉള്ളിലെ പന്നിയുടെ തോന്നൽ. യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത ഒരു തത്വജ്ഞാനിയാണു്, അവൻ. അവനുമായി പിരിയേണ്ടിവരുന്നതിനെപ്പററി ചിന്തിക്കുമ്പോൾ എൻെറ ഹൃദയത്തിൽനിന്നും രക്തം പൊടിക്കുന്നു. എങ്കിലും എന്നിലെ മനുഷ്യൻ മരിച്ചു മണ്ണടിഞ്ഞു കിടന്നുകൊള്ളുമെന്നും ഉള്ളിലെ കോളിളക്കങ്ങളിൽ കുലുങ്ങാതെ ഒരു കല്ലുപോലെ ഞാൻ നിലകൊള്ളുന്നതാണെന്നും ഭൂരിപക്ഷത്തിൻെറ ഗുണത്തിനുതകുന്നതു മാത്രമേ ചെയ്യുകയുള്ളുവെന്നുംകൂടെ ഞാൻ പ്രതിജ്ഞയെടുത്തിട്ടുണ്ടു്.

എൻെറ പ്രധാന ദൗർബല്യം എൻെറ സഹോദരനായ പന്നിയാണു്. അടിമത്വം നിറഞ്ഞ മൃതലോകത്തിൽ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടു് ഏകാന്തതയനുഭവിക്കുന്ന പ്രതീതിയാണെനിക്കു്. ആ വന്യസഹോദരനെ ഇണക്കിയെടുക്കുകയല്ലാതെ ഉപേക്ഷിക്കരുതെന്നു് നീലോഖേരിയിലെ സഹപൗരന്മാരോടു ഞാൻ അഭ്യർത്ഥിച്ചു. പരമോൽകൃഷ്ടമായതിൻെറ സ്ഫുലിംഗങ്ങൾ അതിൻെറ ഏററവും കരുത്തുററ രൂപത്തിൽ കാണ്മാനുണ്ടു്, പന്നിയിൽ. അവനിലെ പിശാചിനെ നമുക്കു നിയന്ത്രിച്ചു പ്രയോജനപ്പെടുത്തിക്കൂടേ? അവൻ നീലോഖേരിക്കു് ഒരു വെല്ലുവിളിയാണു് എന്നതു വാസ്തവം. എങ്കിലും നീലോഖേരിയുടെ കരുത്തിൻേറയും ദൗർബല്യത്തിൻേറയും ഉരകല്ലുകൂടെയാണവൻ. തുറന്ന പാതയിലെ യാത്രാവേളയിൽ എപ്പോഴും തൂക്കംനോക്കാനുള്ള തുലാസ്സു് കൈയിലുണ്ടായിരിക്കണം. അതിനു് പന്നിയോളം പററിയ ഒരു സജീവമൂർത്തീകരണമില്ല. എന്തുകൊണ്ടെന്നാൽ എൻെറ സഹോദരനായ പന്നി, പട്ടിണികിടക്കാനും നീലോഖേരി വിട്ടു പോകാനും വിസമ്മതിക്കുന്നു. നീലോഖേരിയിലെ മൗലി

കാവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ അവൻ പ്രതിഷേധം പ്രവൃത്തിരൂപത്തിൽ പ്രകടമാക്കും. അതിൻെറ ഭവിഷ്യൽഫലങ്ങൾ ഗണ്യമാക്കുകയില്ല. കുററം അവൻേറതാണോ?

## കടുവയുടെ മകൻ

ഒരു പെൺകടുവ ഒരുപററം ആടുകളെ ആക്രമിച്ചു. ആട്ടിടയൻ കിടന്നു നിലവിളിച്ചു. സമീപത്തുണ്ടായിരുന്ന ഒരു നായാട്ടുകാരൻ തോക്കിൽ മരുന്നുനിറച്ചു കാഞ്ചി വലിച്ചു. പെൺകടുവ താഴെ വീണു. വീഴ്ചയുടെ ക്ഷേമംകൊണ്ടു് ഗർഭിണിയായിരുന്ന ആ കടുവ ഒരു കുട്ടിയെ പ്രസവിക്കയും ചെയ്തു. ആ കടുവക്കുഞ്ഞും ആടുകളുടെ കൂട്ടത്തിൽ വളർന്നു. പുല്ലും ഇലകളും തിന്നു ജീവിക്കാൻ പഠിക്കയും ചെയ്തു. കാലം കഴിയുന്തോറും അവൻ വളർന്നു വലുതായിക്കൊണ്ടിരുന്നുവെങ്കിലും പ്രകൃതത്തിൽ അവൻ ഒരാടിനെപ്പോലെതന്നെയായിരുന്നു. അങ്ങനെ കടുവയും ആടുകളും ഉല്ലാസമായി കഴിഞ്ഞുകൂടിക്കൊണ്ടിരിക്കെ അടുത്തുള്ള കുന്നുകളിൽനിന്നു വന്ന ഒരു കടുവയുടെ ആക്രമണം വീണ്ടും ആട്ടിൻകൂട്ടത്തിൻെറനേരെയുണ്ടായി. ആടുകൾ പ്രാണരക്ഷാർത്ഥം ഓടി. കൂടെ അന്നത്തെ കടുവക്കുട്ടിയും. ആക്രമണത്തിനൊരുങ്ങിയ കടുവ ഈ കാഴ്ചകണ്ടു് അത്ഭുതസ്തബ്ധനായിപ്പോയി. അവൻ ഓടിച്ചെന്നു് കടുവക്കുട്ടിയെ പിൻകഴുത്തിൽ കടിച്ചു് തൂക്കിയെടുത്തു. കടുവക്കുട്ടിയാകട്ടെ, സങ്കടപ്പെട്ടു് ആടിനെപ്പോലെ കരഞ്ഞുതുടങ്ങി. വലിയ കടുവ ആ കടുവക്കുട്ടിയെ ഒരു കുളത്തിൻെറ സമീപത്തുകൊണ്ടുനിർത്തി നിശ്ചലമായ ആ തെളിനീരിൽ പ്രതിഫലിച്ച അവൻെറ മുഖം കാട്ടിക്കൊടുത്തു. വെള്ളത്തിലെ പ്രതിച്ഛായ കണ്ട കടുവക്കുട്ടി ക്ഷണനേരംകൊണ്ടു് തൻെറ വംശപാരമ്പര്യങ്ങൾ തിരിച്ചറിഞ്ഞു. അതോടെ അവർ രണ്ടുപേരും ഒരുമിച്ചുകൂടി, ആടുകളെ വിട്ടിട്ടു് അകലെയുള്ള കുന്നുകളിലെ അവരുടെ പ്രകൃതിദത്തമായ വാസകേന്ദ്രങ്ങളിലേക്കു പിൻവാങ്ങി.

ചന്ദ്രൻെറ രജതപ്രഭയൊഴുകിപ്പരന്നു് നിശാകാശം പ്രകാശമാനമായിരുന്നു. കൃഷിയിടങ്ങളും വൻമരങ്ങളും അകലെയുള്ള ഭവനങ്ങളുമൊക്കെ ഒരു ചിത്രത്തിലെന്നപോലെ

തെളിഞ്ഞുനില്ക്കുന്നു. കാറ്റ് ശക്തിയിൽ അടിക്കുന്നുണ്ട്. തണുപ്പ് തൊലിയിൽ തുളഞ്ഞുകയറുന്നു. ചുററും പരമനിശ്ശബ്ദത. ഞാൻ ഉറന്ന പുൽത്തകിടിയിൽ തീ കൂട്ടി. കാററടിച്ചു. അഗ്നിജ്വാല ഉയന്നുപൊങ്ങി. ഒരു പ്രവാഹമായിരുന്നു പിന്നെ. മരങ്ങളേയും കൃഷിയിടങ്ങളേയും ആകാശത്തേയും എല്ലാം മറച്ചുമാറു് പ്രഭാപ്രസരം വർദ്ധിച്ചു. ഞാൻതന്നെ നഷ്ടപ്രായനായി. അഗ്നിജ്വാലയല്ലാതെ ഒന്നുമില്ല—ഒരു മായാസ്വപ്നം. ഈ നില എത്രനേരത്തേക്കു തുടന്നുവെന്നു് എനിക്കോമ്മിക്കാൻ കഴിയുന്നില്ല; അഗ്നിജ്വാലകൾ കെട്ടടങ്ങി; പ്രഭാപ്രസരമവസാനിച്ചു; കൃഷിയിടങ്ങളും വനങ്ങളും അദ്ധചന്ദ്രനും അകലത്തിലെ താരാഗണങ്ങളും പ്രകാശമാനമായ ആകാശവുമെല്ലാം വീണ്ടും കാഴ്ചപ്പാടിൽ തെളിഞ്ഞുവന്നു. ഞാൻ ആ സ്വപ്നത്തിൽനിന്നുണന്നു. ഞാൻ അത്ഭുതപ്പെട്ടു: 'ഞാൻ ജീവിക്കുതന്നെയായിരുന്നുവോ?' ഞാൻ കണ്ണാടിയിൽ എൻെറ രൂപം പരിശോധിച്ചു. പരിചിതമായ രണ്ടു മിഴികൾ; എനിക്കറിയാവുന്ന മുഖം. 'അതു് യഥാത്ഥമായിരുന്നുവോ?' ഞാൻ സ്വയം ചോദിച്ചു. 'യഥാത്ഥംതന്നെയായിരുന്നോ അതു്?' ഞാൻ ആവത്തിച്ചു. മറുപടി കിട്ടിയില്ല. ഞാൻ ആകെ ചിന്താക്കുഴപ്പത്തിലായി.

വിദൂരമായ ആകാശത്തോടു ഞാൻ ചോദിച്ചു: 'അതു് യഥാത്ഥമായിരുന്നോ?' മറുപടിയില്ല. 'അപ്പോൾ ഇതു മരണമാണോ?' എൻെറ അസ്വസ്ഥമായ ആത്മാവു വീണ്ടും മുരണ്ടു. നിതാന്തനിശ്ശബ്ദത—അങ്ങേയററത്തെ അവഗണന. ഞാൻ കണ്ണുകൾ തുടച്ചു ചുററും നോക്കി. കൃഷിയിടങ്ങൾ, കാടുകൾ, നക്ഷത്രങ്ങളും അദ്ധചന്ദ്രനും പ്രകാശിച്ചുനിൽക്കുന്ന ആകാശം—കണ്ണിനെതിരെ ചക്രവാളത്തിൽ ഒരു നിര ഇഷ്ടികക്കെട്ടിടങ്ങൾ. വീണ്ടും സ്വപ്നമോ; അതൊ യാഥാത്ഥ്യമോ? രണ്ടു ശതലക്ഷം (Billion) കടുവക്കുട്ടികൾ. കടുവ മാത്രമില്ല. ഹാ, മാതാവേ, എനിക്കു വീട്ടിലേക്കു മടങ്ങാൻ വെളിച്ചം കാട്ടിത്തരണമേ. ഈ സ്വപ്നം എന്നെ പേടിപ്പെടുത്തുന്നു. ഞാൻ ഓടിച്ചെന്നു് എൻെറ കാൻവാസ്സഞ്ചിയിൽ കയറിക്കൂടി. ഉണന്നപ്പോൾ നേരം പുലന്നിരുന്നു. വേഗം എഴുന്നേററു പ്രവൃത്തിക്കു പോകേണ്ടതുണ്ടു് എന്നു ഞാൻ ഓമ്മിച്ചു.

## IX

# ഒരു ഗാനം

നിലാവൊഴുകുന്ന നിശ. വിദൂരതയിൽ ചക്രവാളം. വെള്ളം പെരുകിക്കിടക്കുന്ന പുഴയിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്ന തോണിയിൽനിന്നു് ഒഴുകിവരുന്ന രാഗതരംഗിണി ആ രജതപ്രഭയുടെ നിശ്ശബ്ദതയെ ഭഞ്ജിക്കുന്നു. തോണിക്കാരൻ അമരത്താണു്. ജീവിതത്തിന്റെ രാഗതരംഗങ്ങൾ പ്രപഞ്ചത്തിൽ അലിഞ്ഞലിഞ്ഞു ചേരുകയാണു്.

പട്ടണത്തിലേക്കുള്ള ദീർഘയാത്രയുൾപ്പെടെ ഒരുദിവസം മുഴുവൻ നീണ്ടുനിന്ന പണിക്കുശേഷം, തൻെറ ധാന്യങ്ങൾ നല്കി പകരം പട്ടണത്തിലെ വ്യാപാരികളിൽനിന്നു കുപ്പിവളകളും പ്ലാസ്റ്റിക്ക് കളിപ്പാട്ടങ്ങളുമൊക്കെ വാങ്ങിക്കൊണ്ടു കർഷകൻ വീട്ടിൽ മടങ്ങിയെത്തുന്നു. വേഗത്തിൽ ഭക്ഷണം കഴിച്ചിട്ടു് അവൻ പുല്ലാംകുഴലും സാരംഗിയുമെടുത്തുകൊണ്ടു് തൻെറ സഖാക്കളോടൊത്തുചേരാൻവേണ്ടി പുഴവക്കത്തേക്കു തിരക്കിട്ടു നടക്കുന്നു. പൂർണ്ണചന്ദ്രൻ മുകളിൽ നിന്നു പാലൊളി പരത്തുന്നു; സംഗീതപ്രവാഹമാരംഭിക്കുന്നു. ആർഭാടങ്ങളില്ല—പിന്നണിവാദ്യങ്ങളില്ല—വൈകിയ നിശയുടെ നിശ്ശബ്ദത. ചക്രവാളംവരെ പരന്നുകിടക്കുന്ന ഭൂഭാഗഭംഗി, മുകളിൽ ആകാശം, താഴെ പച്ചപ്പുൽപ്പരപ്പു്. അകലെയകലെനിന്നുപോലും കൂട്ടംകൂട്ടമായി ആളുകൾ വന്നുചേരുന്നു; അവർ ചമ്രംപടഞ്ഞു് മന്ത്രബദ്ധരെന്നപോലെ ഇരിക്കയാണു്.

വനമദ്ധ്യത്തിലെ ഏകാന്തതയിൽ ഒരു യോഗിവര്യൻ; ഇരുണ്ട നിശയുടെ ശീകരത തൊലിയിൽ തുളഞ്ഞുകയറുന്നു. വന്യമൃഗങ്ങൾ മാത്രമെ ചുററിലുമുള്ളു—ബാക്കിയെല്ലാം ഉറക്കംപിടിച്ചുകഴിഞ്ഞു. അദ്ദേഹം ചെറിയൊരു അഗ്നികുണ്ഡമുണ്ടാക്കുന്നു. എന്നിട്ടു പ്രകാശിക്കുന്ന കനല്ക്കട്ടകളിലേക്കു കണ്ണുനട്ടിരിക്കുന്നു. മുകളിൽ അകലെ നില്ക്കുന്ന നക്ഷത്രങ്ങൾ ക്ഷണിക്കയാണു്. അദ്ദേഹം തംബുര എടുത്തുവച്ചു് അതിന്റെ തന്ത്രിയിൽ വിരലോടിച്ചുകൊണ്ടു താനറിയാതെ സംഗീതമന്ദ്രധ്വനിയുയർത്തിത്തുടങ്ങുന്നു.

ഈ സംഗീതം മനുഷ്യൻെറ ആത്മാവിനു നഷ്ടമായിട്ട് കാലം ഏറെയായി. ഇപ്പോഴോ, ഒരെണ്ണത്തിനു പത്തുരൂപാ നിരക്കിൽ അയ്യഞ്ചു മിനിട്ടു നീളത്തിലുള്ള സംഗീതം വില്പന യ്ക്കു വച്ചിട്ടുള്ളതു് വായുമണ്ഡലത്തിലെ തരംഗപരമ്പരയിൽ കലർത്തി അയയ്ക്കുന്നതാണു് ലഭിക്കുക. ഒരു പ്ലഗ്ഗിൽ പിടിച്ചു തിരിക്കേണ്ട താമസമേയുള്ളു, വിശേഷാൽ ചെലവൊന്നുമി ല്ല, സംഗീതം പ്രവഹിച്ചുതുടങ്ങുകയായി. 'സ്റ്റോക്ക്'മാക്കററി ൻെറ നിലയെങ്ങനെ?' 'മനുഷ്യവർഗ്ഗം എങ്ങോട്ടു്?' എന്നൊ ക്കെയുള്ള വിഷയങ്ങളെപ്പററി സ്നേഹിതന്മാരുമായി നടത്തു ന്ന ചൂടുപിടിച്ച വാഗ്വാദത്തിനു് ഒരു പിന്നണിയായി ആ സംഗീതധാര അങ്ങനെ തുടന്നുകൊള്ളും.

ഗാനം ആത്മാവും പ്രപഞ്ചവുമായി രമിക്കുന്നതിൽനി ന്നുല്പന്നമാകുന്ന ആനന്ദത്തിൻെറ ആവിഷ്കാരമാണു്—അഥ വാ രക്തവും കണ്ണീരും ചൊരിയുന്ന ആന്തരികവേദനയിൽ നിന്നുള്ള മോചനമാണു്. സംപ്രാപ്തമായതോ അന്വേഷിച്ചു കൊണ്ടിരിക്കുന്നതോ ആയ 'ആനന്ദ'മാണു് അതു്.

ഇന്ത്യ നിലനില്ക്കണമെങ്കിൽ—പാതാളത്തിലേക്കു തല കുത്തനെയുള്ള പതനത്തിൽനിന്നു് ലോകം രക്ഷപെടണമെ ങ്കിൽ—ഇന്ത്യയുടെ നഷ്ടപ്പെട്ട നിധികളെ വീണ്ടെടുത്തു വത്ത മാനകാലത്തോടു സമന്വയിപ്പിക്കേണ്ടിയിരിക്കുന്നു. പേടി സ്വപ്നം അവസാനിച്ചു; ഭൂതകാലം കുഴിച്ചുമൂടപ്പെട്ടു. കൺകെ ട്ടും മന്ത്രവാദവും എക്കാലത്തേക്കുമായി അവസാനിക്കണം. നിമ്മമത്വമെന്ന ഗുണം മേലാൽ വിലപ്പോകില്ല. ആത്മഹത്യ യിലേക്കുള്ള ഈ പാത അടയ്ക്കേണ്ട കാലമായി—ചുണ്ടു നക്കി ത്തുടച്ചുകൊണ്ടു ദിവസം ആരംഭിക്കയും പിന്നെയുള്ള സമയം അതോത്തു് അസ്വസ്ഥമായി കഴിക്കയും ചെയ്യുന്ന സമ്പ്രദായം.

മേലാൽ ജീവിതം ഒരു ഗാനമായിരിക്കട്ടെ. മുഷിച്ചി ലിൽനിന്നു രക്ഷപെടാൻവേണ്ടി രോഗം പിടിപെട്ട രണ്ടു ജീ വികൾതമ്മിൽ കുററബോധമുള്ള മനഃസാക്ഷിയോടെ നടത്തു ന്ന ഇണചേരലാകാതിരിക്കട്ടെ, അതു്. അതിനു പകരം ജീ വിതം ഗാനമായി ആരംഭിക്കയും അതുപോലെതന്നെ രാഗത രംഗിണിയായി പര്യവസാനിക്കയും ചെയ്യട്ടെ. പ്രവൃത്തിസ്ഥ ലത്തു ജീവിതം ഗാനാത്മകമായിരിക്കട്ടെ; സ്നേഹിതന്മാരിലും

സഖാക്കളിലുംനിന്നു ഗാനമുയരട്ടെ; തുറന്ന പാതയിലെ അന്തരീക്ഷം ഗാനമുഖരിതമായിരിക്കട്ടെ; ശിശുക്കളുടെ സംഘഗാനം പ്രതിധ്വനിക്കുന്നതാകട്ടെ ഭവനത്തിലെ അന്തരീക്ഷം; അങ്ങനെ ജീവിതമാകെ ഗാനമയമാകട്ടെ. നമ്മുടെ പാദചലനങ്ങൾ നൃത്തങ്ങളായി ഭവിക്കട്ടെ. നമ്മുടെ സിരകളിലെ രക്തം തന്നെ സംഗീതമായിരിക്കട്ടെ.

അപ്പോൾ ജീവിതം ക്രമമായും സുഗമമായും പുരോഗമിക്കയും, നമ്മുടെ വാതില്ക്കൽ മുട്ടിവിളിക്കയും ചെയ്യും. നമ്മുടെ പ്രയത്നം അത്തരമൊരു ഗാനത്തിൻെറ മുന്നോടിയായിത്തീരട്ടെ എന്നാണ് എൻെറ പ്രാത്ഥന.

## പ്രേമം

ഇതു പ്രേമമാണെന്നു പറയുന്നു. "എന്താണ് പ്രേമമെന്നുവച്ചാൽ?" ഞാൻ ഒരാളോടു ചോദിച്ചു. "പുരുഷനും സ്ത്രീക്കും ഇടയിൽ സംഭവിക്കുന്നതു്." എന്നായിരുന്നു മറുപടി. പക്ഷേ, പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധം ആത്മൈക്യം മുതൽ കട്ടവയും മുതലയും തമ്മിലുള്ള യുദ്ധംവരെ പല അവസ്ഥകളിൽ കാണാനുണ്ട്. ഏററവും ഉൽകൃഷ്ടമായതുമുതൽ ഏററവും നികൃഷ്ടമായതുവരെ. കലശലായ ചിന്താക്കുഴപ്പം വീണ്ടും ഉള്ളിൽ ചുഴിഞ്ഞുകയറി എന്നെ ചിന്തിക്കാൻ പ്രേരിപ്പിച്ചു.

ക്ഷേത്രം നിലനില്ക്കുന്നു. കാൻവാസിലോ ഉണങ്ങിയ ഇലകളിലോ ആലേഖനംചെയ്യപ്പെട്ട ഗാനവും അങ്ങനെതന്നെ. കാരണം, അതിൻെറ പിന്നിൽ പ്രവത്തിച്ച അംഗുലികൾ ഈശ്വരൻെറ വിശുദ്ധാഗ്നിയിൽ പ്രചോദിതമായിരുന്നു. ഒരു ചന്തസ്ഥലവും തീത്ഥാടനകേന്ദ്രവും തമ്മിൽ തിരിച്ചറിയേണ്ടതു് അവിടെ എന്താണ് വിക്രയം ചെയ്യപ്പെടുന്നതു് എന്നതിനെ ആശ്രയിച്ചാണ്—വ്യാപാരസാധനങ്ങളോ അതോ പ്രേമമോ. പ്രേമം പൂണ്ണതയെ ഉൾക്കൊള്ളാൻ അഭിലഷിക്കുന്ന അംശമാണ്; സമുദ്രത്തെ, അഥവാ മാതൃസ്രോതസ്സിനെ ഉൾക്കൊള്ളാൻ ആഗ്രഹിക്കുന്ന ജലകണം; ഗഭപാത്രത്തിലേക്കു മടങ്ങാൻ ജ്വരംകൊള്ളുന്ന ശിശു.

കൺകെട്ടുകൊണ്ടു പ്രയോജനപ്പെടുന്നില്ല. അങ്ങാടിയിൽ വിലപ്പോകുന്ന ചായം പുരട്ടിയ ചുണ്ടും കവിളുകളും കാലമാകുന്ന ചെക്കർ ബോർഡിന്മേൽ യാതൊരടയാളവും ശേഷിപ്പിക്കുന്നില്ല. മനുഷ്യർ തമ്മിലുള്ള ബന്ധം വളർത്തിയെടുക്കുന്ന വിഷയത്തിലായാലും ഒരു ശിശുവിനെ വളർത്തിയെടുക്കുന്ന കാര്യത്തിലായാലും പ്രേമത്തിന്ന് അതിൻെറ പങ്കു വഹിക്കാനുണ്ട്. കോൺക്രീററുകാലുകൾ, ശിലാസ്തംഭങ്ങൾ, കെട്ടിടങ്ങളിലെ വർണ്ണവൈവിദ്ധ്യങ്ങൾ, യന്ത്രങ്ങളുടെ ഹുങ്കാരം, ക്ഷീണിച്ചുണങ്ങിയ കന്നുകാലികൾ, ചുറ്റുമുള്ള പച്ചച്ച പാടങ്ങൾ, കല, സംഗീതം, ദീപാവലിപ്രകാശം എല്ലാം അതിന്റെ ക്രമമായ ആയുഷ്കാലംവരെ നിലനില്ക്കും. ഭാരം സമീകരിക്കാൻ ഉപയോഗിക്കുന്ന പാഴ്കല്ലിന്റെ അനുഭവമായിരിക്കും ഒടുവിൽ ഇതിനും ഉണ്ടാവുക. അല്ലാത്തപക്ഷം കഴിഞ്ഞ അനേകം ശ്തവർഷങ്ങളിൽ തകന്നടിഞ്ഞ ആയിരക്കണക്കിൽ നഗരങ്ങളുടെ അവശേഷങ്ങളുടെ അടിയിൽപ്പെട്ട് അപ്രത്യക്ഷമാകും.

എങ്കിലും ഒടുവിൽ മനുഷ്യൻ നിലനില്ക്കുകയും അവശേഷിക്കുകയും ചെയ്യുന്നപക്ഷം ഒന്നുംതന്നെ നശിക്കുന്നില്ല. പക്ഷേ, ആ സ്ഫുലിംഗത്തിൻെറ സാന്നിദ്ധ്യമുണ്ടെങ്കിലേ ഇതൊക്കെ സാദ്ധ്യമാകൂ.

## വന്നു പോകുന്ന പക്ഷി

ബാൽസാം വളരുന്നു; കാലംകൊണ്ടു വാടി നശിക്കുന്നു; വിവിധവർണ്ണങ്ങൾ ഇതിനിടയിൽ പ്രതിനിധീകരിക്കപ്പെടുന്നു. നിറങ്ങൾ മങ്ങുന്നു; ഇലകൾ വാടുന്നു. കാലാവസ്ഥ മാറി; വിള മാറിവിതയ്ക്കാൻ കാലമായി. പുതിയ വിളകളും വളരും, പുഷ്പിക്കും, പ്രകാശിക്കും. പക്ഷേ, മണൽക്കാട്ടിൽനിന്നു ചുടുകാററടിച്ചുതുടങ്ങുമ്പോൾ അവയും തല്ക്കാലത്തേക്കു യാത്രപറഞ്ഞു പിരിഞ്ഞുപോകും. ചുടുമണലിലും കാലവർഷത്തിലെ ഘോരമാരിയിലും രണ്ടിനുമിടയ്ക്കുള്ള മന്ദോഷ്ണകാലത്തുമൊക്കെ ഒളിച്ചുകളി നടത്താനും പിടിച്ചുനിൽക്കാനും കഴിവുള്ള സൂര്യകാന്തിക്കും സിന്നിയായ്ക്കും അവ വഴിമാറിക്കൊടുക്കും.

മൂലയിൽ നിന്ന മരം വെട്ടിവീഴ്ത്തി. ഉടമസ്ഥനോ അയൽക്കാർക്കോ ഒരു പ്രയോജനവും ചെയ്യാതെ അധികാരഭാവത്തിൽ വളൎന്നുയൎന്നു നില്ക്കയായിരുന്നു, അതു്. വേരുകളുടെ മുറിപാടിൽ ഇപ്പോഴും കറയൂറിനില്ക്കുന്നു. പക്ഷേ, അതുണങ്ങും. വീണുകിടക്കുന്ന വൃക്ഷത്തിലെ ഇലകൾ ഉണങ്ങി തറയിൽ പറന്നുനടന്നു പൊടിഞ്ഞു വളമായിത്തീരും. തടിയും കമ്പുകളും ചെറുചുള്ളികളുമെല്ലാം വിറകായിത്തീരും. അവസാനത്തെ പുകയുടെ ഇഴ അജ്ഞേയമണ്ഡലങ്ങളിലെത്തുന്നതുവരെ അവ കത്തിക്കൊണ്ടിരിക്കും. ഒരിക്കൽ മുറിക്കപ്പെട്ട മണ്ണിൽനിന്നുള്ള ബന്ധം വിട്ടുതീക്കഴിഞ്ഞാൽ പിന്നെ മരത്തിനു ജീവിക്കാൻ സാദ്ധ്യമല്ല. അതിൻെറ ജീവനെ നിലനിൎത്തുന്ന പോഷകാംശം മണ്ണിൽനിന്നാണു ലഭിക്കേണ്ടതു്.

ആനന്ദത്തിലൂടെയാണു് ശിശുവിൻെറ ഗൎഭാധാനം നടക്കുന്നതു്. ആനന്ദത്തിൻെറ മദ്ധ്യത്തിലേക്കാണു് ശിശു ഭൂലോകജാതനാകുന്നതു്. ശിശു പൂൎണ്ണവളൎച്ചയെത്തിയ പുരുഷനോ സ്ത്രീയോ ആയിത്തീരുന്നു. യാത്രക്കാരൻ ക്ലേശം സഹിക്കയും അതിവേഗം സഞ്ചരിക്കയും പരാജയങ്ങളിലും വിജയങ്ങളിലും സന്തപിക്കയും സന്തോഷപ്പെടുകയും ചെയ്യുന്നു. കാമുകന്മാർ കാമുകികളുടെ പുറകെയും കാമുകികൾ കാമുകന്മാരുടെ പുറകെയും ഭ്രാന്തെടുത്തു് ഓടിനടപ്പാണു്. അങ്ങനെ നടന്നു മുടി നരക്കുന്നു; കപോലങ്ങളിലെ അരുണിമയിയന്ന തുടിപ്പു്, തടിച്ചുരുങ്ങിയ ഇരട്ടത്താടിയായി മാറുന്നു, ഒടുവിൽ ഈ മായാപ്രേമധാമത്തിനുവേണ്ടിയുള്ള അന്വേഷണം 'തൊണ്ണൂററിഒമ്പതി'നെ ചുററിയുള്ള സഞ്ചാരജ്വരമായി രൂപാന്തരപ്പെടുന്നു. സഞ്ചാരി അങ്ങനെ അയവില്ലാത്ത, വിരാമമില്ലാത്ത, ജീവിതചക്രഭ്രമണത്തിൽ അതിന്റെ വക്കിലൂടെ നീങ്ങിക്കൊണ്ടിരിക്കയാണു്. ഒടുവിൽ കുമള പൊട്ടുന്നു; വാടിയ ദലങ്ങൾ പൊഴിയുന്നു; പുക മുകളിലെ വായുവിലേക്കു് ഉയൎന്നുചെന്നു് അങ്ങകലെയുള്ള ക്ഷീരപഥത്തിൽ ലയിക്കുന്നു; അവിടെ സ്നേഹിതരില്ല, ശത്രുക്കളില്ല; മുന്തിരിച്ചാറില്ല, മധുരസംഗീതമില്ല.

തുറന്ന പാതയിലേക്കുള്ള പ്രവേശനകവാടമാണു് നിൎവ്വാണകുഞ്ജം. അവിടെ ആൎഭാടമൊന്നുമില്ല. ആകാശത്തിലെ നക്ഷത്രങ്ങൾ, താഴെ പുൽത്തലപ്പുകളിൽ തങ്ങിനില്ക്കുന്ന തുഷാ

രകണികകൾ, വിദൂരചക്രവാളപശ്ചാത്തലത്തിൽ തെളിഞ്ഞുനിൽക്കുന്ന ഹരിതഭംഗിയുടെ ഇരുളിമ, ഇവയെല്ലാം പിതാവെന്നു് മാതാവെന്നു്, സഹോദരന്മാരെന്നു് സഹോദരികളെന്നു്, ഭാര്യയെന്നു് മക്കളെന്നു്, സ്നേഹിതന്മാരും വിരോധികളുമെന്നു്, ഈതർ തരംഗങ്ങളും നിയോൺദീപങ്ങളുമെന്നു്, രൂപഭംഗിയുള്ള വാസ്തുശില്പങ്ങളും ദന്തഗോപുരങ്ങളുമെന്നു്, ഗണിക്കപ്പെടുന്നവരുടെ സ്ഥാനം കാൻവാസിൽ രേഖപ്പെടുത്തും. ഈ സമയത്തു മറുകരയിൽ മായായാത്രാസംഘം നീങ്ങിക്കൊണ്ടിരിക്കയാണു്. വഴിയിലെ സത്രം വീടായി തെററിദ്ധരിക്കപ്പെടുന്നു. മറയന്മാർ ഇതിനെ ജീവിതമെന്നു വിളിക്കുന്നു; അവിശ്വാസികൾ പുച്ഛിക്കുന്നു; ബുദ്ധിമാന്മാർ മന്ദഹസിക്കുന്നു. മുകളിലിരിക്കുന്ന ദൈവം അവരെയൊക്കെ അനുഗ്രഹിക്കുന്നു. അങ്ങനെ ഈ വിനോദം അനവസാനമായി തുടർന്നുകൊണ്ടേയിരിക്കുന്നു.

മത്സരക്കളികൾ ഉഗ്രമായ പര്യവസാനത്തിലേക്കടുക്കുകയാണു്. ഒന്നും ഭയപ്പെടാനില്ല. എന്തുകൊണ്ടെന്നാൽ ഒന്നും ജയിക്കുന്നില്ല, ഒന്നും തോൽക്കുന്നില്ല. കാരണം, ജഗന്നിയന്താവു് തിരശ്ശീലയ്ക്കു പിന്നിൽ എല്ലാം നിയന്ത്രിച്ചുകൊണ്ടു വിരാജിക്കുന്നുണ്ടു്. ജയിച്ചടക്കാനുള്ള മനസ്സിന്റെ ജ്വരവും പരാജയങ്ങളെന്നു തോന്നുന്നവയെപ്പററി ചിന്തിച്ചുള്ള ഹൃദയത്തിന്റെ മുറവിളിയും എല്ലാം അതേ കേന്ദ്രത്തിന്റെ പ്രേരണയിൽ ഉൽപാദിക്കുന്ന മായികഭ്രമങ്ങളാണു്. ലക്ഷ്യം പ്രാപഞ്ചികമാണു്. സംയോഗവും വിയോഗവും, വിനോദവും വേദനയും എല്ലാം തുറന്ന പാതയിലെ ഒഴിച്ചുകൂടാൻ വഹിയാത്ത സംയുക്തപ്രവാഹങ്ങളാണു്. ജീവിതം മഹത്താണു്. എന്നാൽ കനൽ കത്തിജ്വലിച്ചുകൊണ്ടിരിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിനിടയിലാണു് സംഭവിക്കുന്നതെങ്കിൽ മരണം കൂടുതൽ മഹത്താണു്. പ്രപഞ്ചപാതയിലെ ഒരു വഴിക്കവലയാണു് നമ്മുടേതു്. ഇതു മനസ്സിലാക്കുന്നവർ കരയുന്ന കൂട്ടത്തിൽ ത്തന്നെ ചിരിക്കാനും കഴിവുള്ളവരായിരിക്കുന്നില്ലെങ്കിൽ രക്തം ഒഴുക്കുകയോ വേദനകൊണ്ടു ഞരങ്ങുകയോ വേണ്ടിവരും. ഏതായാലും നിരാശയ്ക്കു കാരണമൊന്നുമില്ല. ജീവിതത്തിനാകട്ടെ, മരണത്തിനാകട്ടെ പരാജയം സംഭവിച്ചുകൂടാ.

അങ്ങനെയിരിക്കെ അപ്പുറത്തുള്ള മാൻസിലിനുവേണ്ടി പ്രയത്നിക്കുകയല്ലേ കൂടുതൽ ഉത്തമമായിട്ടുള്ളതു്?

## തീർത്ഥാടകൻ

പല കാലാവസ്ഥകൾ നിലവിലുള്ള പല ദേശങ്ങളിൽനിന്നു് ആളുകൾ വിശ്രമത്തിനും ഉല്ലാസപ്രദമായ ഒഴിവുകാലത്തിനുംവേണ്ടി സ്വിസർലണ്ടിലേക്കും ഫ്രാൻസിലേക്കും ഇറ്റലിയിലേക്കും മററുമൊക്കെ പോകുന്നു. ജീവിതത്തിലെ ഉന്മേഷസമൃദ്ധിയുടെ ബഹിഃപ്രകാശനമായ കർമ്മത്തിൻെറ ഏകരൂപമായ പ്രവാഹത്തിൽനിന്നും രക്ഷനേടാൻ സഹായകമാണു് ദൂരെയെവിടെയെങ്കിലും പുതിയ പരിസരങ്ങളിൽ പോയി പാർക്കുന്നതു്. ആ പ്രേരണയിൽനിന്നാണു് ഇടയ്ക്കിടെ ഓരോ സമയത്തു് ഉല്ലാസയാത്രകൾ ഉടലെടുക്കുന്നതു്.

ഇത്തരം ഉല്ലാസപ്രദമായ ഒഴിവുകാലസങ്കേതങ്ങളിൽ ലോകത്തിൻെറ അതിവിദൂരകേന്ദ്രങ്ങളിൽനിന്നുപോലും ആളുകൾ വന്നുകൂടി പരസ്പരം സമ്പർക്കപ്പെട്ടുകയും, അഭിവാദനം ചെയ്കയും, ഒന്നിച്ചുകൂടി നേരംപോക്കു പറഞ്ഞും കളികളിൽ ഏർപ്പെട്ടും രസിക്കയും ഒക്കെ ചെയ്യുന്നു. അവരുടെ ലക്ഷ്യം ആനന്ദിക്കൽ മാത്രമാണു്; 'തൊണ്ണൂററിയൊമ്പതി'നുവേണ്ടിയുള്ള ഭ്രമവും ആ മഹാപ്രഹേളികയോടു ബന്ധപ്പെട്ട കാര്യങ്ങളും അപ്പോൾ അവരുടെ മനസ്സിലില്ല. അങ്ങനെ ജീവിതം ഒരുത്സവംപോലെ പുരോഗമിക്കയാണു്. അവിടെ പ്രായമായവർ സ്വാഭീഷ്ടമനുസരിച്ചു് വൃന്ദാവനത്തിലെ അജപാലരായി പെട്ടുമാറുന്നു.

വിദൂരമായ കൈബർചുരത്തിലെ വഴിയമ്പലത്തിൽ പല സാമ്രാജ്യങ്ങളിൽനിന്നുള്ള സഞ്ചാരികൾ വന്നും പോയുമിരിക്കുന്നു. മരംകോച്ചുന്ന മഞ്ഞുള്ള ശിശിരകാലപ്രഭാതവേളകളിൽ അവർ സൂര്യപ്രകാശം തട്ടുന്ന സ്റ്റാളുകളിലിരുന്നു് ചായ മൊത്തിക്കുടിക്കുന്നു. പ്രാന്തപ്രദേശത്തിലുള്ള കർക്കശരായ മലകൾ നഗ്നമായ കരിമ്പാറകൾ പ്രദർശിപ്പിച്ചുകൊണ്ടു നിൽക്കുന്നു. സന്ദർശകർ പരസ്പരം നോട്ടവും അഭിവാദനവും കൈമാറുന്നു. അവർ സാർത്ഥവാഹകസംഘങ്ങളായി ചേർന്നു

കൊണ്ടുപോകുന്ന വ്യാപാരവിഭവങ്ങൾ പരസ്പരം കൈമാറുന്നു. ഇടപാടുകളെല്ലാം അവസാനിക്കുന്നതോടെ യാത്രക്കാർ പിരിഞ്ഞു് അവരവരുടെ വഴിക്കു പോകുന്നു. അങ്ങനെ സാർത്ഥവാഹകസംഘം നീങ്ങുന്നു. ആ വഴിയമ്പലത്താവളമാകട്ടെ, ദിവസങ്ങളും മാസങ്ങളും കടന്നുപോകുന്നതു ഗണ്യമാക്കാതെ, സൈന്യങ്ങളെയും സാമ്രാജ്യങ്ങളെയും പരിഗണിക്കാതെ, അതേപടി നിൽക്കയാണു്.

തീർത്ഥാടകർ കുംഭമേളയ്ക്കു വന്നു കൂട്ടംകൂട്ടുന്നു—സംഘം സംഘമായി വന്നുചേരുന്നവർ അവരുടെ സ്വന്തമായ ഒരു ലോകം സൃഷ്ടിക്കയാണു്. സൂര്യൻ ചക്രവാളസീമയിൽനിന്നു താഴുന്നതോടെ ഹുങ്കാരം മുഴക്കിയിരുന്ന ആ ലോകം അപ്രത്യക്ഷമായിക്കഴിഞ്ഞു; ശേഷിക്കുന്നതു് ആ മൈതാനവും ഇരുവശത്തെയും ഉയന്ന കരകൾക്കിടയിലൂടെ വെട്ടിത്തിളങ്ങിക്കൊണ്ടു് ഒഴുകുന്ന പുഴയും മാത്രമാണു്.

തീവണ്ടി വിസിൽ മുഴക്കിക്കൊണ്ടു് നിർവ്വാണകുഞ്ജത്തെ കടന്നുപോകുന്നു. പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും അതിന്റെ പല അറകളിലായി അവരവരുടെ ലക്ഷ്യത്തിലെത്തിച്ചേരാനുള്ള, ആകാംക്ഷയോടെ തിക്കിത്തിരക്കിക്കൂടിയിരിക്കുന്നു. ആ പലകക്കൂട്ടുകൾക്കുള്ളിൽ എന്തെന്താനന്ദങ്ങൾ, എന്തെന്തു ദുഃഖങ്ങൾ, എന്തെന്താശകൾ, പുലരുന്നില്ല!

ഞാനും മുമ്പു് ഇങ്ങനെ മുൻകൂർ നിശ്ചയിക്കപ്പെട്ട ലക്ഷ്യത്തിലേക്കു സഞ്ചരിക്കാറുണ്ടായിരുന്നു—വ്യാപാരം സംബന്ധിച്ചു് ഇടപാടുകാരുടെ അടുത്തേക്കു്, തീകാഞ്ഞു് ഉറങ്ങാനുള്ള സൗകര്യം കരുതി സ്നേഹിതന്മാരുടെ അടുത്തേക്കു്, സുരക്ഷിതത്വത്തിനുവേണ്ടി അമ്മയുടെ അടുത്തേക്കു്, വീട്ടിലെ സൗഖ്യം തേടി ഭാര്യയുടെയും കുഞ്ഞുങ്ങളുടെയും അടുത്തേക്കു് ഒക്കെ. ഇന്നും ഞാൻ സഞ്ചരിക്കാറുണ്ടു്; ലക്ഷ്യത്തെപ്പററി വ്യക്തമായ ധാരണയില്ലാതെയാണെന്നു മാത്രം.

നിർവ്വാണകുഞ്ജം കാന്തമെന്നപോലെ ആകർഷിക്കുന്നു. ഉരുകിത്തിളയ്ക്കുന്ന ലോകമായാണു് ഞാൻ അതു കാണുന്നതു്. ആകാശത്തിൽ സഞ്ചരിക്കുന്ന ഒരു പരവതാനിയാണു് അതെന്നും ഞാൻ അതിന്മേലിരുന്നു് അന്തരീക്ഷത്തിലൂടെ ഒഴുകിയൊഴുകി നീങ്ങുകയാണെന്നുമാണു് എനിക്കു തോന്നുന്നതു്.

എനിക്കു സ്നേഹിക്കാനോ വെറുക്കാനോ, ബന്ധപ്പെടാനോ ബന്ധം പിരിയാനോ കഴിയുന്നില്ല. മറുകരയിൽ രൂപംപ്രാപിച്ചുകൊണ്ടിരിക്കുന്ന ലോകമാണു്. ഒരു പുതിയ ജീവിതത്തിനുവേണ്ടി പ്രയത്നിക്കുന്ന പുരുഷന്മാരും സ്ത്രീകളും ലക്ഷ്യത്തിലെത്തിക്കഴിഞ്ഞുവെന്ന സങ്കല്പത്തിൽ പ്രവൃത്തിയെടുക്കുകയാണു്. ഈ കരയിൽ ഞാൻ നിൽക്കുകയാണു്, ഇതിനെല്ലാം സാക്ഷ്യം വഹിച്ചുകൊണ്ടു്—പ്രപഞ്ചത്തിൽ അലക്ഷ്യമായി അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഒരു തെരുവുതെണ്ടി.

കാററു വീശുന്നു; ജീവിതം ഒഴുകി നീങ്ങുന്നു. കണ്ടുപിടിക്കപ്പെട്ടതിനു്—എങ്കിലും ഇനിയും കണ്ടുപിടിക്കപ്പെടേണ്ടിയിരിക്കുന്നതിനു്—ഉള്ളിലുള്ള എന്തോ ഒന്നിനു്—എങ്കിലും ഉള്ളിൽ ഇല്ലാത്തതിനു്—വേണ്ടി ദാഹിക്കയാണു്. ആക്രമിച്ചു കീഴടക്കുവാൻ ഞാൻ മോഹിക്കുന്നു; ആ കീഴടക്കൽ യഥാർത്ഥത്തിൽ ഒരു കീഴടങ്ങലാണെന്നറിഞ്ഞുകൊണ്ടുതന്നെ. എനിക്കറിഞ്ഞുകൂടാത്ത എന്തോ ഒന്നു് ബഹിർഗ്ഗമിക്കാൻ ഒരു മാർഗ്ഗത്തിനുവേണ്ടി തള്ളിക്കൊണ്ടിരിക്കുന്നു. അതു സ്വയം അറിഞ്ഞുകഴിയുമ്പോൾ വീണ്ടും വിനഷ്ടമാകുമെന്നും എനിക്കറിയാം.

“എന്താണു ജീവിതം?” ഞാൻ എൻെറ ആത്മാവിനോടു സഞ്ചാരം ചോദിക്കയാണു്. “ഏതാനും ദശവർഷങ്ങളുടെ കാലയളവാണോ?” വീണ്ടും ഞാൻ ചോദിക്കയാണു്—“കോടാലിയും തൂമ്പായുംകൊണ്ടു പണിയെടുക്കുന്ന മാംസപേശികളുടെ പ്രവർത്തനമാണോ? സന്തോഷസന്താപങ്ങളുളവാക്കുന്ന ചലനങ്ങളാണോ? സ്നേഹിതന്മാരും സഖാക്കളുമായി നടക്കുന്ന സമ്പർക്കങ്ങളാണോ?” എനിക്കു മറുപടി ലഭിക്കുന്നില്ല. ആഗമനപ്രത്യാഗമനങ്ങളുടെ വലയങ്ങൾ—എത്തിച്ചേരുന്നതിൻെറ ദൃശ്യമായ എന്തെങ്കിലും ലക്ഷ്യംകൂടാതെയുള്ള നിരന്തരമായ മാററങ്ങൾ.

ഞാൻ വീണ്ടും മറുകരയിലേക്കു നോക്കുന്നു. ചക്രവാളത്തിനെതിരെ സൗധപരമ്പരയുടെ രൂപരേഖ ആകാശത്തിലേക്കുയർന്നുനില്ക്കുന്നതു കാണാം; ഗോപുരശൃംഗങ്ങൾ, ഇലക്ട്രിക് ദീപത്തൂണുകൾ എല്ലാം. “അവ നിത്യമായി നിലനില്ക്കുമോ?” എൻെറ ദാഹാർത്തമായ ആത്മാവു് സ്വയം പ്രശ്നംചെയ്യുന്നു.

തക്ഷശില, മോഹഞ്ജദാരൊ, എല്ലോറാ, അജാന്ത, എലഫാൻ്റാ—ഇങ്ങനെയുള്ള കഴിഞ്ഞകാലത്തെ അത്ഭുതസൃഷ്ടികൾ എൻെറ കൺമുമ്പിലൂടെ ഒഴുകിപ്പോകുന്നു.

കാലം നല്ലൊരു ഭിഷഗ്വരനാണ്. നല്ലൊരു സംഹാരകനമാണ്, കാലം. ഒന്നും ശാശ്വതമായി നിലനില്ക്കാൻ സാദ്ധ്യമല്ലെന്നു ഞാൻ മനസ്സിലാക്കുന്നു. എങ്കിലും ഏതോ ചിലതു നിലനില്ക്കുന്നുണ്ട്. അല്ലെങ്കിൽ പിന്നെ രക്താക്ഷരങ്ങളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള ഉൽപത്തികാലത്തെ ഈ ദാഹം എന്നിലും മററുള്ളവരിലും കാണുന്നതിനെ ഞാൻ എങ്ങനെയാണു വ്യാഖ്യാനിക്കേണ്ടതു്? വസ്തുക്കൾ നശിക്കും, എന്നാൽ ആത്മാവു നിലനില്ക്കും, എന്നു ഞാൻ സമാശ്വസിക്കയാണ്. അവൾ ഏതെങ്കിലുമൊരു ദിവസം അപ്രത്യക്ഷയായെന്നു വരാം. പക്ഷേ, ആ സംഗീതം നിലനില്ക്കും. ഏതെങ്കിലുമൊരു തീർത്ഥാടകൻ അതേറെറടുക്കുകയും അവൾ അവസാനിപ്പിച്ചുവച്ചിടത്തുനിന്നു പുത്തനായി ആരംഭിക്കയും വേണം.

എങ്കിലും ജീവിതത്തെ പൊതുവിലെടുത്താൽ ഒരുത്സവമായി—നദീസംഗമസ്ഥാനത്തെ കുംഭമേളയായി കണക്കാക്കാം. ജീവിതസമരം അപ്പോൾ സമുദ്രതീരത്തെ സൂര്യസ്നാനമായി രൂപാന്തരപ്പെടാം. ജീവിതത്തിന് അപ്പോൾ ഒരു ഗാനമാരംഭിക്കാം; സ്വയം ഗാനാത്മകമായ അതിന് സാർത്ഥവാഹകസംഘത്താവളത്തിൽ അവസാനിക്കയും ചെയ്യാം. തീർത്ഥയാത്രക്കാരന്അയാളുടെ പ്രവൃത്തി അവസാനിപ്പിച്ചു മടങ്ങാം. മത്സരക്കളികളവസാനിച്ചു. ചൂടുവെള്ളത്തിൻെറ അരുവിയിലേക്കു മടങ്ങാം.

സൂര്യൻ അസ്തമിക്കുന്നു. ഉള്ളിൽ ആരോ അത്ഭുതപ്പെടുന്നു, 'അമ്മേ എത്രദൂരംകൂടെ പോകേണ്ടതുണ്ട്; കരയിലേക്ക് ഇനി എത്രകൂടെയുണ്ട് അകലം?'

## ഗുരോ, അങ്ങു തനിച്ചല്ല

ഗുരോ, ശിശു ജനിച്ചിരിക്കുന്നു. മനുഷ്യൻ ഇനിയും ജനിക്കേണ്ടിയിരിക്കുന്നു. വധുവിന് ഒന്നുമില്ല. അവൾക്ക് എല്ലാമുണ്ട്.

കാടില്ലാതായി. കീടങ്ങൾ അകന്നുപോയി. കാടായിരുന്നിടം പരവതാനി വിരിച്ചതുപോലെ കിടക്കുന്നു. ധാന്യം വിളഞ്ഞു. അതാ, വിദൂരതയിൽനിന്നു വെട്ടുക്കിളികളുടെ വരവായി. അവക്കുമുണ്ട്, സ്ഥാനം.

തടികൾ അട്ടിയട്ടിയായി കൂടിക്കിടന്ന് ഉറഞ്ഞുകൂടി സംഗ്രഹിക്കപ്പെട്ട് കൽക്കരിഖനികളുണ്ടായി. കൽക്കരിഖനികൾ അണുവിസ്ഫോടനത്തിലേക്കു നയിച്ചു. സ്വപ്നത്താക്കോൽ കൊണ്ട് ഇരുമ്പുപെട്ടി തുറന്നു. പിശാച് വെളിയിൽ ചാടി. പിശാചു് ചുററിനടന്നുതുടങ്ങി.

അകന്നുനിന്നതു് അടുത്തടുത്തുവന്നു. അടുത്തുനിന്നതു് അകന്നുപോയി. ജന്മനാ രാജാവായവൻ കൊട്ടുമുടിയെ സമീപിക്കുന്നു. അടിമ അടികാണാത്ത അഗാധഗർത്തത്തിലേക്കു നിപതിച്ചുപോകുന്നു.

പ്രഭാതം. സായാഹ്നം. അവയുടെ സംയോഗരേഖയിൽ—കണ്ണീരിൽ, പുഞ്ചിരിയിൽ, മേഘങ്ങളിൽ, സൂര്യപ്രകാശത്തിൽ—ഏകാന്ത ഗോപുരം തെളിഞ്ഞുനില്ക്കുന്നു. ഗുരോ, അങ്ങു് തനിച്ചല്ല.

# X
# കുരുക്ഷേത്രം

സഹോദരന്മാർ സഹോദരന്മാരോടു യുദ്ധം ചെയ്തു. സിംഹാസനത്തിനധികാരികളായിരുന്ന സഹോദരന്മാർ സൂചികുത്താനിടം കൊടുക്കുകയില്ലെന്നു പറഞ്ഞു; അല്ലെങ്കിൽ യുദ്ധം ചെയ്തു നേടിക്കൊള്ളണം. അവകാശങ്ങളിൽനിന്നു പുറം തള്ളപ്പെട്ടവർ തങ്ങളുടെ അവകാശം നേടിയെടുക്കാൻവേണ്ടി യുദ്ധംചെയ്യാൻ പ്രേരിതരായി. യുദ്ധംനടന്നു. മരിക്കാറായവർ മരിച്ചവരുടെ പുറത്തു ചവുട്ടിനിന്നുകൊണ്ടു വിജയമാഘോഷിച്ചു. കുരുക്ഷേത്രത്തിലെ യുദ്ധക്കളം നിറയെ യുദ്ധാവശിഷ്ടങ്ങൾ ചിതറിക്കിടന്നു. പാതാളത്തിലേക്കുള്ള നമ്മുടെ പ്രയാണമാരംഭിച്ചു.

നൂററാണ്ടുകൾക്കുശേഷം ആ രംഗം ആവർത്തിക്കപ്പെട്ടുന്നു; യുദ്ധത്തിന്റെ രംഗമല്ലാ മററുസ്ഥലങ്ങളിൽ നടന്ന യുദ്ധങ്ങളുടെ നാശനഷ്ടങ്ങളുടെ രംഗം. ആ മഹാനാശത്തിൻെറ അനുഭവത്തിൽനിന്നു് മൂന്നു വിശ്വാസപ്രമാണങ്ങൾ രൂപം പൂണ്ടു.

"മാംസപേശികൾക്കു് അതിനു കഴിവുണ്ടു്."

"മാംസപേശികളെ അതിനു പര്യാപ്തമാകുമാറു് പരിശീലിപ്പിച്ചെടുക്കാം."

"അതു സാധ്യമാക്കാനുള്ള ഉപാധികൾ സൃഷ്ടിക്കാൻ കഴിയും."

പുതിയ പ്രസ്ഥാനത്തിൻെറ മുന്നോടികൾ ലോകത്തിൻെറ വിവിധഭാഗങ്ങളിൽ പ്രകാശം പരത്തുന്നു. "പ്രയത്നം വിജയിക്കണമോ അലസത വിജയിക്കണമോ?" എന്നതാണു് പുതുതായി തീരുമാനപ്പെടേണ്ട സമരം. പ്രതിദ്വന്ദ്വികൾ കൂട്ടിമുട്ടാൻ മോഹിക്കുന്നു. പക്ഷേ, അവരുടെ മദ്ധ്യത്തിൽ ഒരു മായികാവരണം നില്ക്കുന്നു—അലസതയാകുന്ന കുസൃതിക്കു് യോഗ്യതയുടെ സാദൃശ്യം നല്കുന്ന വാങ്മയമായ മായികാവരണം.

വാക്കുകളുടെ ആധിപത്യം ആരംഭിച്ചിട്ട നാളേറെയായി. പുതിയ കുരുക്ഷേത്രയുദ്ധം പഴയതിൻെറ നേരെ വിപരീതമാണ്. യുദ്ധംചെയ്യുന്ന സഹോദരന്മാരെ ഒരുമിച്ചുകൂട്ടി അവരുടെ സംയുക്തശക്തിയെ പൊതുജീവിതരഥത്തിൻെറ ചക്രങ്ങൾ മുന്നോട്ടുരുട്ടിവിടാൻ ഉപയോഗിക്കാനാണ ശ്രമം.

പുണ്യവാനും പിശാചും തമ്മിൽ സന്ധിച്ചേ മതിയാവൂ. എന്തെന്നാൽ അവർ ഒന്നിൻെറതന്നെ രണ്ടു ഭാഗങ്ങളാണ്. കുരുക്ഷേത്രമാണ് വഴിക്കവല. ആ സമരം നടന്നേ മതിയാകൂ. പ്രവൃത്തികൊണ്ടുമാത്രമേ ഫലമുള്ളൂ. വാക്കുകൾ നിശ്ശബ്ദമായി. പിൻവാങ്ങുകയാണ്.

യുദ്ധം ആരംഭിക്കണം. യുദ്ധം ജയിക്കണം. അല്ലെങ്കിലോ, നാം അന്ധകാരപൂരിതമായ അഗാധഗർത്തത്തിലേക്ക്—ഒരുവേള എന്നെന്നേക്കുമായി—നിപതിച്ചുപോകും. അതുകൊണ്ട് യുദ്ധഭൂമിയിലേക്കു നീങ്ങുക. കർമ്മരംഗത്തിലേക്ക്—പുതിയ കുരുക്ഷേത്രയുദ്ധത്തിലേക്ക്—നമുക്കു നീങ്ങാം.

## രണ്ടാം ഭാഗം

# ഒരു പ്രസ്ഥാനം ജനിക്കുന്നു

# മുഖവുര

വേണ്ടവണ്ണം ഉപയോഗിക്കപ്പെടാത്ത മനുഷ്യശക്തിയും വിഭവസമൃദ്ധിയും ലോകത്തിലെമ്പാടുമുള്ള അവികസിതരാജ്യങ്ങളിലെല്ലാമുണ്ട്. അവ വികസനത്തിനുവേണ്ടി മുറവിളികൂട്ടുന്നു. പൊതുവെ പറഞ്ഞാൽ അവരെയെല്ലാം അഭിമുഖീകരിക്കുന്ന പ്രശ്നം ഏതാണ്ടൊന്നുതന്നെയാണ്. വികസിച്ചതും വികസിച്ചുകൊണ്ടിരിക്കുന്നതുമായ വിഭവസമ്പത്തിനെ ഏകമുഖമായ സംയുക്തപ്രവർത്തനംകൊണ്ട് സമൂഹത്തിനു പരമാവധി പ്രയോജനം ലഭിക്കത്തക്കവിധത്തിൽ നിയന്ത്രിച്ച് ഉപയോഗിക്കയെന്നതാണ് അത്. വിദേശത്തുനിന്നു ലഭിക്കുന്ന സഹായം—അതു പണമായിട്ടോ സാങ്കേതികവൈദഗ്ദ്ധ്യമായിട്ടോ ആകട്ടെ—പ്രാധാന്യം കുറഞ്ഞ ഒരു സഹായകാംശമേ ആകുന്നുള്ളു. അത് ദേശീയപ്രയത്നത്തിനു പകരമാകയില്ല. അവികസിതരാജ്യങ്ങളിലെല്ലാംതന്നെ സംഘടിതസ്വാശ്രയശക്തിയുടെ പരിപാടിയായി സാമൂഹ്യവികസനപ്രസ്ഥാനം ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന പരിപാടി, അതിന്റെ വൈപുല്യംകൊണ്ടും, വിജയപരാജയങ്ങളിലൂടെയും മോഹങ്ങളിലും മോഹഭംഗങ്ങളിലുംകൂടെയും ഇതുവരെ നേടിയ അനുഭവജ്ഞാനംകൊണ്ടും, മററുള്ളവർക്കു മാർഗ്ഗദർശനം നല്കാനിടയാകുന്നതു സ്വാഭാവികം മാത്രമാണ്.

ഏതാണ്ട് ഏഴുകൊല്ലം മുമ്പ് ഒരു ചെറിയ നീരൊഴുക്കായിട്ടാണ് സാമൂഹ്യവികസനപ്രസ്ഥാനം ഇന്ത്യയിൽ ആരംഭിച്ചതു്. അധികാരവികേന്ദ്രീകരണവും എല്ലാ തലത്തിലും ജനാധിപത്യാധിഷ്ഠിതമായ ഭരണവും, വിഭാവനംചെയ്യുന്ന ഏറ്റവും ഒടുവിലത്തെ പരിപാടിയുടെ അംഗീകരണത്തോടുകൂടി ഒരു പുതിയ ഘട്ടം ആരംഭിച്ചിരിക്കയാണ്. ഈ പുതിയ പ്രവണത വിപ്ലവകരമായ സാദ്ധ്യതകൾ ഉൾക്കൊള്ളുന്നതാണ്. പുതിയ പ്രവാഹശക്തികൾ അണതുറന്നു വിടപ്പെട്ടുകയാണ്. ചരിത്രപ്രധാനമായ ഒരു പ്രക്രിയ സമാരംഭിക്ക

യാണു്. ചെറുകുല്യ, നിറഞ്ഞൊഴുകുന്ന വൻനദിയുടെ സ്വഭാവം കൈക്കൊള്ളുന്നു. ഈ ഉപഭൂഖണ്ഡത്തിന്റെ ഏതാണ്ടു മൂന്നിൽ രണ്ടു ഭാഗത്തിലും വികസനപരിപാടി പ്രയോഗത്തിൽ വന്നിരിക്കുന്നു. ഇന്ത്യയ്ക്കുള്ളിലും പുറത്തും പരിപാടിയെപ്പറ്റി താല്പര്യം വർദ്ധിച്ചുവരുന്നതോതനുസരിച്ചു് അതേപ്പററി ആധികാരികപ്രസിദ്ധീകരണങ്ങളും ഉണ്ടായിവരേണ്ടതു് ആവശ്യമാകുന്നു. പരിപാടിയുടെ ലക്ഷ്യത്തെയും തത്വശാസ്ത്രത്തെയും പററി അറിയാനുള്ള ജിജ്ഞാസ കാണ്മാനുണ്ടു്; അതെങ്ങനെ പ്രവർത്തിക്കുന്നു, പുരോഗമിക്കുന്നു, എന്നൊക്കെ മനസ്സിലാക്കാനുള്ള ആഗ്രഹം സാർവ്വത്രികമാണു്.

പ്രസ്ഥാനത്തിന്റെ ആരംഭകാലംമുതൽ ഈ ഗ്രന്ഥകർത്താവുതന്നെയാണു് അതിന്റെ മുഖ്യസേവകൻ. ഇന്നും അങ്ങനെ തുടരുന്നു. പരിപാടിയെ അതിന്റെ ശരിയായ കാഴ്ചപ്പാടിൽ പ്രതിഷ്ഠിച്ചുകൊണ്ടു് 'ഇന്നലെ'യെപ്പററിയുള്ള കുറിപ്പും 'ഇന്നി'നെപ്പററിയുള്ള അഭിപ്രായങ്ങളും 'നാളെ'യെപ്പററിയുള്ള വീക്ഷണകോടിയും ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥം രചിക്കാനുള്ള നിർബ്ബന്ധമായ ആഹ്വാനം നിരന്തരമായി ഉണ്ടായിക്കൊണ്ടിരുന്നു. 'ബന്ധപ്പെട്ടു നില്ക്കുന്ന' ഒരാൾക്കു്—പ്രത്യേകിച്ചും രൂപംപ്രാപിക്കലിന്റെ പ്രക്രിയയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു പരിപാടിയെപ്പററി—പൂർണ്ണമായ നിർമ്മമത്വത്തോടെ അഭിപ്രായം പറയാൻ പ്രയാസമാണു്. സാധാരണരീതിയിലുള്ള ഒരു ഗ്രന്ഥം രചിക്കുന്ന സമ്പ്രദായമല്ല ഇവിടെ സ്വീകരിച്ചിട്ടുള്ളതു്. ഈ പദ്ധതിയുടെ പ്രാരംഭകാലം മുതൽ ഗ്രന്ഥകർത്താവിന്റെ ചിന്താമണ്ഡലത്തിൽ രൂപം പൂണ്ടു പുറത്തുവന്നിട്ടുള്ള അഭിപ്രായങ്ങളെ അനുക്രമമായി അടുക്കി സമാഹരിക്കയാണു് ചെയ്തിട്ടുള്ളതു്. ഈ ചിന്തകൾ തുറന്നും സ്വതന്ത്രമായും പ്രകടിപ്പിച്ചിരിക്കയാണു്.

ഒഴിച്ചുകൂടാൻവഹിയാത്ത ഒരാവശ്യത്തെ തൃപ്തിപ്പെടുത്താൻവേണ്ടി രൂപപ്പെടുത്തുന്ന ഒരു ഗ്രന്ഥപരമ്പരയിലെ രണ്ടാംപുസ്തകമാണിതു്. ഇതിന്റെ രീതി സാധാരണയിൽ നിന്നു ഭിന്നമാണു്. ഉപയോഗിച്ചിരിക്കുന്ന ഭാഷ, ഗ്രന്ഥകാരനു പ്രത്യേകമായുള്ളതുമാണു്. ഇതു് ഒഴിവാക്കാൻ കഴിയുമായിരുന്നില്ല. അതിനു ഗ്രന്ഥകാരനോടു് വായനക്കാർ ക്ഷമിക്കുക.

I

## ഉത്ഭവം

# സാമൂഹ്യവികസനപദ്ധതികൾ—ഒരു വീക്ഷണം

'എന്താണു് സാമൂഹ്യവികസനപദ്ധതിയെന്നുവച്ചാൽ?' ആളുകൾ ചോദിക്കാറുണ്ടു്. ഉത്തരം കണ്ടുപിടിക്കാനുള്ള ശ്രമത്തിൽ കാര്യം കൂടുതൽ കുഴപ്പത്തിലാണു് ചെന്നെത്തുക. 'സമൂഹമെന്നാൽത്തന്നെ എന്താണു്?' ഉടനെ ഉത്ഭവിക്കുന്ന പ്രശ്നം ഇതാണു്. അല്പം ആലോചിക്കുമ്പോൾ വ്യക്തമാകും, ഒരു തോട്ടത്തേയും വനത്തേയും തമ്മിൽ തിരിച്ചറിയുന്നതു് ഏതേതു ലക്ഷണങ്ങൾകൊണ്ടാണോ അതേ ലക്ഷണങ്ങൾകൊണ്ടുതന്നെ ഒരു സമൂഹത്തേയും ജനക്കൂട്ടത്തേയും തമ്മിൽ തിരിച്ചറിയാൻ കഴിയുമെന്നു്. രക്തം പുരണ്ട നഖദന്തങ്ങളോടുകൂടിയ അസംസ്കൃതനിയമമനുസരിച്ചു്, പ്രകൃതിയിൽ ഒരു നിയന്ത്രണവുംകൂടാതെ ഓരോന്നും ഇഷ്ടംപോലെ വളൎന്നുകയറിയ രീതിയിലുള്ള വൃക്ഷങ്ങളുടെ കൂട്ടമാണു് വനം. വിഷച്ചെടികളും ഫലവൃക്ഷങ്ങളും ഉൾപ്പെടെ എല്ലാത്തരം സസ്യവൎഗ്ഗവും അതതിനു വളൎന്നുകയറാൻവേണ്ടി തിക്കിത്തിരക്കി, ഒടുവിൽ മണ്ണിന്റെ പ്രത്യേകതയും കാലാവസ്ഥയുടെ മാററങ്ങളുമനുസരിച്ചു സംഭവിക്കുന്ന ഒരു പരസ്പരരാജിയിൽ പൎയ്യവസാനിക്കുന്ന ഒരു സ്ഥിതിയാണു് വനത്തിന്റേതു്. എന്നാൽ ഒരു തോട്ടമാകട്ടെ, ഓരോന്നും അതതിന്റെ സ്ഥാനത്തും, ഒന്നു മറെറാന്നിനു സഹായകമായും ഇരിക്കത്തക്കപ്രകാരവും എല്ലാത്തിനും പൂൎണ്ണവളൎച്ച ലഭിക്കത്തക്കവിധത്തിലും ഒരു വിദഗ്ദ്ധശില്പിയാൽ സംവിധാനം ചെയ്യപ്പെട്ട ഒരു ക്രമീകൃതവനമാണു്. ഓരോന്നിനും കഴിവനുസരിച്ചു വളരാനുള്ള അവസരം നല്കപ്പെടണമെന്നും 'ജീവിക്കയും ജീവിക്കാൻ അനുവദിക്കയും' ചെയ്യണമെന്നും ഉള്ളതാണു് അവിടത്തെ രീതി. ഇതേ അടിസ്ഥാനതത്വ

ത്തിൽത്തന്നെ വേണം ഒരു ജനസമൂഹവും നയിക്കപ്പെടേണ്ടതു്. അതിനുവേണ്ടി വിദഗ്ദ്ധശില്പി തൻെറ ആയുധങ്ങളെ ഉപയോഗിക്കുന്നതും അതേരീതിയിൽത്തന്നെ വേണം.

ഇന്ത്യയിലെ സാമൂഹ്യവികസനപദ്ധതിയും ഇതേ ലക്ഷ്യത്തോടെ ആരംഭിക്കപ്പെട്ടിട്ടുള്ളതാണു്. ഇന്ത്യാഗവണ്മെൻറിൻെറ ധനശേഷി വലുതല്ലെന്നിരിക്കിലും ജനങ്ങളുടെ കഴിവുകളും ഇനിയും ചൂഷണം ചെയ്യപ്പെടാതെ കിടക്കുന്ന വിഭവസമൃദ്ധിയും വളരെ വലുതാണു്. ബുദ്ധിമാനായ ഒരു തോട്ടക്കാരൻ, മുതൽമുടക്കുവാനുള്ള തൻെറ കഴിവിൻെറ പരിമിതിയെ കണക്കിലെടുത്തു് അതനുസരിച്ച ചില താല്ക്കാലികനിയന്ത്രണങ്ങളേപ്പെടുത്തിക്കൊണ്ടു തോട്ടം സംവിധാനം മുന്നോട്ടു കൊണ്ടുപോകുന്നു; പ്രധാനപ്പെട്ട ഇനം സസ്യങ്ങൾ ആദ്യം നട്ടുപിടിപ്പിച്ചുകൊണ്ടു് ആരംഭിക്കുന്നു. അതുപോലെതന്നെ സാമൂഹ്യവികസനപരിപാടിയുടെ കാൎയ്യത്തിലും പ്രാഥമികാവശ്യങ്ങൾക്കു പ്രാധാന്യം കല്പിക്കണം. വസ്ത്രം, ഭവനനിൎമ്മാണം, സാംസ്കാരികവും വിദ്യാഭ്യാസപരവും ആരോഗ്യസംരക്ഷണപരവുമായ പ്രവൎത്തനങ്ങൾ, എന്നിവയിലൊക്കെ അത്യാവശ്യത്തിനു മാത്രം ശ്രദ്ധിച്ചുകൊണ്ടു്, അവ വികസനപ്രവൎത്തനങ്ങളുടെ രണ്ടാംഘട്ടത്തിലേക്കു മാററിവയ്ക്കാവുന്നതാണു്. ആഹാരസാധനങ്ങളിൽ നല്ല വിള കിട്ടാൻവേണ്ടി വിത്തുവിതയ്ക്കുന്നതോടൊപ്പംതന്നെ പുഷ്പങ്ങൾക്കും ഫലങ്ങൾക്കും വേണ്ടിയുള്ള തോട്ടങ്ങളും നന്നായി സംവിധാനം ചെയ്യാവുന്നതാണു് എന്നു പറയേണ്ടതുണ്ടു്. ഇന്ത്യയിലെ സാമൂഹ്യവികസനപരിപാടി ഈ രാജ്യത്തിലെ ഇന്നത്തെ സാമ്പത്തികനില വച്ചുനോക്കുമ്പോൾ, ഒരു സമരത്തിൻെറ ക്ലേശങ്ങളുൾക്കൊള്ളുന്നതാണു്. ഭൂമിയിൽനിന്നു് ആഹാരസാധനങ്ങൾ ഉൽപാദിക്കാൻ നട്ടെല്ലു നിവൎത്തിനില്ക്കേണ്ടതുണ്ടു്. വിശപ്പുകൊണ്ടെരിയുന്ന ഒട്ടിയ വയറോട്ടുകൂടി സംഗീതത്തെയോ സന്തോഷത്തെയോപററി ചിന്തിക്കുന്നതുതന്നെ നിഷ്പ്രയോജനമാണു്. മനുഷ്യരും പ്രകൃതിസിദ്ധമായ വിഭവങ്ങളും ആവശ്യമുള്ളത്രയുണ്ടു്. തോട്ടങ്ങളിൽ ഒഴിവുവരുന്ന സ്ഥലത്തു് നട്ടുവളൎത്തത്തക്കവിധം വിത്തുകൾ മുളപ്പിച്ചു വിത്തിൻതടങ്ങൾ നിൎമ്മിക്കുവാൻ ഇതു മതിയാകും,

മനുഷ്യരുണ്ട്, വിഭവങ്ങളുമുണ്ട്. വിഷമവൃത്തം ഭേദിക്കയാണാവശ്യം. 'ഇതു ചെയ്യുക അസാദ്ധ്യമാണ്' എന്നതിന്റെ സ്ഥാനത്ത് 'ഇതു സാധ്യമാണ്, സാധിപ്പിക്കയും വേണം' എന്ന വിചാരം വളരണം.

'മാംസപേശികൾക്കു ചെയ്യാൻ കഴിയും
മാംസപേശികളെ അതിനു പരിശീലിപ്പിച്ചെടുക്കാൻ
കഴിയും
അതു ചെയ്യാൻ തക്ക സാഹചര്യങ്ങൾ സൃഷ്ടിക്കാൻ
കഴിയും.'

ഈ മൂന്നു വിശ്വാസപ്രമാണങ്ങൾ വീണ്ടും ഊർജ്ജിതത്തിൽ കൊണ്ടുവരണം. ഇടിവാളിനെക്കാൾ കരുത്തുററ നിശ്ചയദാർഢ്യംകൊണ്ട് അതിനു പിൻബലം നല്കണം. അപ്പോൾ സാമൂഹ്യക്ഷേമപദ്ധതികൾ ഒരു പുതുയുഗത്തിന്റെ മുന്നോടികളായിത്തീരും. രാഷ്ട്രശക്തിയുടെ സത്തായ ഭാഗത്തെ കാന്നു തിന്നുകൊണ്ടിരിക്കുന്ന കടലാസിടപാടുകളും വിവാദങ്ങളും അപ്പോൾ ഒരു പുതിയ നിർഗ്ഗമനമാർഗ്ഗം കണ്ടുപിടിക്കും. അപ്പോൾ പിന്നെ പിച്ചച്ചട്ടികളുമായി ആളുകൾ ഗവണ്മെന്റിനെ ആശ്രയിക്കേണ്ടതില്ല. ഓരോരുത്തനും അവനവന്റെ തോട്ടം നിർമ്മിക്കാം. ഓരോരുത്തനും പരമാധികാരമുണ്ടായിരിക്കും. എങ്കിലും എല്ലാവരും പൊതുലക്ഷ്യപ്രാപ്തിക്കുവേണ്ടി ഒററക്കെട്ടായി നിന്നു പ്രവർത്തിക്കും. ഗവണ്മെന്റ് എന്നതു് അപ്പോൾ ജനഹിതത്തിന്റെ പ്രതീകമായ മുഖമുദ്ര മാത്രമായി രൂപംകൊള്ളും; മററു പ്രവർത്തനങ്ങളൊക്കെ അതിന്റെ സ്വാഭാവികഫലങ്ങളും.

'ഒരു ജനതയുടെ ഔൽകൃഷ്ട്യം മനുഷ്യരുടെ ഗുണവിശേഷത്തെ ആശ്രയിച്ചിരിക്കുന്നു' എന്നു വളരെക്കാലം മുമ്പുതന്നെ ഗുരു പറയുകയുണ്ടായി. ഈ തത്വം എന്നും ജാഗ്രതയോടെ ഓർമ്മയിൽ വയ്ക്കാത്തപക്ഷം സാമൂഹ്യവികസനപരിപാടി മറെറാരു *'ഫത്തേപ്പൂർ സിക്രി'യായി പരിണമിക്കയേയുള്ളൂ.

* മുഗൾസാമ്രാജ്യതലസ്ഥാനത്തിനുവേണ്ടി ആഗ്രായ്ക്കു സമീപം അക്ബർ ചക്രവർത്തി പണികഴിപ്പിച്ചതെങ്കിലും, ജലദൗർലഭ്യംമൂലം ഉപേക്ഷിക്കേണ്ടിവന്ന നഗരം.

## സി. പി. എ: കുണ്ടുവളഭരണം

'നിങ്ങൾ ഭരിക്കുന്നു എന്നു പറയുന്ന വികസനപദ്ധതിയിലെ സമൂഹം എവിടെയിരിക്കുന്നു?' ഒരു സ്നേഹിതൻ ചോദിച്ചു. 'സമൂഹം ഇപ്പോഴും വളരെ അകലെയാണ്.' ഞാൻ പറഞ്ഞു. 'ഞങ്ങളുടെ ദൃഷ്ടികൾ ആ ലക്ഷ്യത്തിൽ ഉറച്ചുനില്ക്കുകയാണ്. ഞങ്ങൾക്ക് അവിടെയെത്തണം. എത്തുകയും ചെയ്യും.' 'അതുവരെ കംപോസ്റ്റ്പിററ് അഡ്മിനിസ്ട്രേഷൻ (കുണ്ടുവളഭരണം) എന്നുവേണം നിങ്ങളുടെ പദ്ധതിയെ പറയാൻ.' സ്നേഹിതൻ ഇടയ്ക്കു കടന്നു പറഞ്ഞു. ആ നിർദ്ദേശത്തെ ഒരു അഭിനന്ദനമായി ഞാൻ കൃതജ്ഞതാപൂർവ്വം സ്വീകരിക്കുന്നു.

എന്താണ് ഒരു കംപോസ്റ്റ്പിററ് എന്നാൽ? എന്റെ രക്ഷകസ്നേഹിതൻ പറയും, 15 അടി നീളം 5 അടി വീതി 2½ അടി താഴ്ചയിൽ ഒരു കുഴിയെടുത്ത്, അതിൽ വീട്ടിലെയും തൊഴുത്തിലെയും അഴുക്കുകൾ ശേഖരിച്ച്, ഇടയ്ക്കിടെ ചവറ്റിലകളും മണ്ണും നിരത്തി, ഒന്നിടവിട്ട് അട്ടിയാക്കി ശേഖരിക്കുന്നതിനാണ് ആ പേരു പറയുന്നതെന്ന്. കണ്ണിൽ പെടുന്ന അഴുക്കുകളെന്തും—തുറന്നുകിടക്കാനനുവദിച്ചാൽ ആപല്ക്കരമായ പകർച്ചവ്യാധികളെ ക്ഷണിച്ചുവരുത്തുന്നവ—ഈ കുഴിയിൽ നിക്ഷേപിക്കാം. ഇങ്ങനെ കൂട്ടിച്ചേർന്ന ഈ സങ്കരവസ്തു അവിടെക്കിടന്നു് എല്ലാ വശത്തുനിന്നുമുള്ള വായുസമ്പക്കമേററു് പചനപ്രക്രിയയ്ക്കു വിധേയമാകുമ്പോൾ വിശിഷ്ടമായ വളക്കൂട്ടായിത്തീരുന്നു. കൃഷിയിൽ ഭൂമിക്കു നഷ്ടമാകുന്ന ഊർജ്ജിതവും വീര്യവും നല്കി അതിനെ പുനരുജ്ജീവിപ്പിക്കുന്ന വിശിഷ്ടാഹാരമായിത്തീരുന്നു, അതു്. കമ്പോസ്റ്റ് നിർമ്മാണപ്രക്രിയയെപ്പററിയുള്ള ജ്ഞാനം നമ്മുടെ പൂർവ്വികന്മാരിൽ ഏതാണ്ട് അന്തർഹിതമായിരുന്നുവെന്നു പറയാം. ജീവൻ നിലനില്ക്കണമെന്നുണ്ടെങ്കിൽ കൊടുക്കലും എടുക്കലും കൂടിയേ തീരൂ എന്നുള്ളതും കുഴഞ്ഞുമറിഞ്ഞ ഈ ലോകത്തിന്റെ ശബ്ദകോലാഹലത്തിനു പിന്നിൽ 'ഒന്നും നൽകാതെ വല്ലതും' എന്ന ലാഭചിന്തയ്ക്കിടം നൽകാത്ത ഒരു അത്ഭുതകരമായ ക്രമീകരണം നിലവിലുണ്ടെന്നുള്ളതും എല്ലാവരും അറിഞ്ഞിരുന്നു.

വിദൂരഭൂതകാലത്തിലെ നമ്മുടെ ജീവിതത്തിൻെറ നല്ല കാലത്തു് മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും മൃഗവും തമ്മിലും, മനുഷ്യനും സസ്യങ്ങളും തമ്മിലും എന്നു വേണ്ട, മനുഷ്യനും അവനെ വലയംചെയ്യുന്ന പ്രപഞ്ചവും തമ്മിലും ഉള്ള ഇടപാടുകളിലെ പാരമ്പര്യം നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തിയിരുന്നു. സുഗമമായ ആ പുരോഗതിക്കു ഭംഗം വന്നതു് 'മുടിയനായ പുത്രൻ' കഴിവുകൾക്കതീതമായി ജീവിക്കാനും പൊതുമുതൽ തൻെറ തനതാക്കി ഉപയോഗിക്കാനും മുതിന്നപ്പോഴാണു്. അതിനുശേഷം പല നാശങ്ങളെ നേരിട്ടിട്ടും നാം ഒരു പാഠം പഠിച്ചിട്ടില്ല. 'മുടിയനായ പുത്രൻ' ഹൈഡ്രജൻ അണുകത്തെ വിഭജിക്കയും ആ സ്ഫോടനംകൊണ്ടുണ്ടാകുന്ന നൈമിഷികമായ പ്രകാശധോരണിയും വിവിധ വർണ്ണോജ്ജ്വലതയും നമുക്കു കാട്ടിത്തരുകയും ചെയ്യുന്നു. അടിവെച്ചടിവെച്ചു നീങ്ങുന്ന പട്ടാളത്തിൻെറകൂടെ ഒരു പക്ഷത്തല്ലെങ്കിൽ മറുപക്ഷത്തു ചേന്നു്, വഴിയരികിൽ കാത്തുനില്ക്കുന്ന പിശാചിന്നു പ്രമോദം നൽകാൻ അവൻ നമ്മെ പ്രേരിപ്പിക്കുന്നു.

നാം നമ്മുടെ മാർഗ്ഗം തിരഞ്ഞെടുത്തുകഴിഞ്ഞു. ഇനി പിൻതിരിയലില്ല. ഏകമാർഗ്ഗമായ ചലനത്തിനു വിരാമമിട്ടു് എല്ലാ ചലനത്തിനും പ്രതിചലനമുണ്ടായിരിക്കുമാറുള്ള സംവിധാനമുണ്ടാക്കാൻ നാം തീരുമാനമെടുത്തുകഴിഞ്ഞു. ഭയം കൈവെടിയാനും നമ്മുടെ ഉള്ളിലുള്ള മലത്തെപ്പററിയുള്ള ഭയത്തിൽനിന്നു മോചനം നേടാനും പകർച്ചവ്യാധികൾക്കു കാരണമായിത്തീരാവുന്ന മലിനവസ്തുക്കളെ കംപോസ്റ്റ്കുഴിയിൽ നിക്ഷേപിക്കാനും നാം തീരുമാനമെടുത്തുകഴിഞ്ഞു. ഈ പുതിയ പ്രസ്ഥാനത്തിൽ കംപോസ്റ്റ്കുഴിയെ നമ്മുടെ ജനങ്ങളുടെ മുദ്രയായി സ്വീകരിക്കാമെന്നത്ഥം. എല്ലാ ഭവനത്തിന്നും ഓരോ കംപോസ്റ്റ്കുഴി വീതമെങ്കിലും ഉണ്ടാകണം. അതിനെ ഒരു പുണ്യവസ്തുവായി കരുതി നിരന്തരം ഉപയോഗിക്കയും വേണം. ഭൗതികതലത്തിലെ ലക്ഷ്യം അതായിരിക്കണം. ഔദ്യോഗികതലത്തിലാകട്ടെ, വിവിധരീതികളിലുള്ളവയെയെല്ലാം—നല്ലതും ചീത്തയും നിർഗ്ഗുണവും ദോഷഭൂയിഷ്ഠവുമായവയെയെല്ലാം—ഒരേ വാർപ്പിലിട്ടു പാകപ്പെടുത്തി ഭൂമിയുടെ രസവിശേഷത്തിൻെറ ബന്ധംകൊണ്ടു് ആഹാരസാധന

മാക്കി പരിവത്തനംചെയ്യിച്ച് പുതിയ സമരത്തിനു പ്രയോജനപ്പെടുന്ന പോഷകാഹാരം നൽകുകയെന്നതായിരിക്കണം ലക്ഷ്യം. രാഷ്ട്രീയതലത്തിലാണെങ്കിൽ നമുക്കിന്നു് പ്രസംഗപ്രധാനന്മാരും പ്രവൃത്തിപ്രധാനന്മാരും ഇവക്കിടയിലുള്ള നിരവധി സമ്പ്രദായക്കാരുമുണ്ട്. ഓരോരുത്തനും അവനവന്റെ സ്വന്തം മാഗ്ഗത്തിൽ പിടിമുറുക്കിയിരിക്കുന്നു. ഇതെല്ലാംകൂടെ ചേന്നിട്ട് മനുഷ്യചരിത്രത്തിൽ കണ്ടിട്ടുള്ളതിലേക്കു് ഏററവും ആത്മദ്രോഹകരമായ ഒരവസ്ഥാവിശേഷമാണു് ഉത്ഭവിച്ചിരിക്കുന്നതു്. ഇന്നത്തെ ചഞ്ചലമായ അവസ്ഥയിൽ കംപോസ്റ്റ്കുഴി പ്രസ്ഥാനം ശരിക്കും സമുചിതമാണെന്നു മാത്രമല്ല, ഏത്രയും പ്രയോജനകരവുമാണു്.

മദ്ധ്യപ്രദേശിലെ ഏതോ ഒരൊഴിഞ്ഞ കോണിൽ പാത്തിരുന്ന ഏകാകിയായ ഒരുച്ചക്കിറുക്കൻ ഒരു നവീനസംരംഭത്തിനു മുതിന്നു. അതു് ഇപ്പോൾത്തന്നെ മുരൾച്ചയാരംഭിച്ചു കഴിഞ്ഞു. 'വെറും വെള്ളംകോരികളും വിറകുവെട്ടികളു'മായി കഴിഞ്ഞുകൂടാൻ അവക്കു സമ്മതമില്ല; പ്രദർശനമേഖലയിൽ വിധിക്കപ്പെടാൻ സമയമാകുമ്പോൾ മാത്രം സ്മരിക്കപ്പെടുന്ന സമ്പ്രദായം അവക്കിഷ്ടമല്ല. അവർ അന്യോന്യ ബാദ്ധ്യത അവകാശപ്പെടുന്നു. അധികം മധുരമുള്ള 'ബാർഫി'യുടേയും, നിയോൺ ദീപപ്രഭയും ആട്ടതൊട്ടിൽക്കളിയുമൊക്കെയുള്ള വിനോദസ്ഥലത്തിൻേറയും ആകർഷണത്തിനു വിധേയനായി അലഞ്ഞുതിരിഞ്ഞുപോയ 'മുടിയനായ പുത്രനു'' ഗൃഹത്തിലേക്കു സ്വാഗതവും അവർ ഉറപ്പുചെയ്യുന്നു. ഈ പ്രസ്ഥാനം പരക്കെ വികസിക്കേണ്ടിയിരിക്കുന്നു. അതു കൂടിയേ കഴിയൂ. വിശാലമായ തോതിൽ വളരണം. അങ്ങിങ്ങുമാത്രം ഉയന്ന നിലവാരം പുലത്തിക്കൊണ്ടുള്ള ഒററപ്പെട്ട ഉദാഹരണങ്ങളല്ല, വേണ്ടതു്. വളരെ വിപുലമായ തോതിൽ പ്രസ്ഥാനം വികസിക്കണം. അപ്പോൾ അതിൻെറ വൈപുല്യംകൊണ്ടുതന്നെ ഗുണവും വർദ്ധിച്ചുകൊള്ളും. അതുതന്നെയാണു് പ്രസ്ഥാനത്തിൻെറ പിന്നിലുള്ള തത്വശാസ്ത്രവും. ഒരുകാലത്തു് ഇന്ത്യ നാഗരികതയുടെ വളക്കുഴിയായിരുന്നു. വാത്സ്യായനൻമുതൽ ആചാൎയ്യ ശങ്കരൻവരെ എല്ലാവക്കും അവിടെ സ്ഥാനമുണ്ടായിരുന്നു. എല്ലാവരും അവരവരുടെ ഗാനമാല

പിച്ചു. എല്ലാംകൂടെച്ചേൎന്ന് ഒരു ഗംഭീര ഗാനമേളയായി. അതു് മനുഷ്യസംസ്കാരത്തിൻെറ ശബ്ദമായി ലോകത്തിന്റെ എല്ലാ ഭാഗത്തും വാഴ്ത്തപ്പെട്ടു. പാൎവ്വതിയുടെ മക്കൾ ഇന്നും ഇവിടെയുണ്ടു്; ചിലന്തിവലയുടെ പിന്നിലാകയാൽ വ്യക്തമായ കാഴ്ചപ്പാടോട്ടുകൂടിയല്ലെങ്കിലും. എന്നാൽ ആ ധൂമയവനികയിൽ രന്ധ്രമുണ്ടാക്കാവുന്നതാണു്. ഇവിടെ മാത്രമാണു് നാം വിദേശത്തുനിന്നു പാഠം പഠിക്കേണ്ടതു്; അനുകൂലവും പ്രതികൂലവുമായ രൂപങ്ങളിൽ. വിദേശത്തു കാണപ്പെടുന്ന വിനോദപ്രദർശനത്തിലെ കുഴപ്പംതന്നെ, നമ്മുടെ മോക്ഷത്തിനു വേണ്ടി നാം തിരയേണ്ടതു് നമ്മുടെ ഉള്ളിൽത്തന്നെയാണു് എന്നു നമ്മെ പഠിപ്പിക്കുവാൻ പൎയ്യാപ്തമാണു്. അതുപോലെ തന്നെ, വിദേശങ്ങളിലെ കൃഷിയിടങ്ങളിൽ ലഭിക്കുന്ന വലിയ വിള, അത്തരം വിളയുണ്ടാക്കാൻ നമ്മുടെ പൂൎവ്വികർ പണ്ടു കാലത്തു് ഉപയോഗിച്ചിരുന്നതും മിരട്ടുവിദ്യയുടെ മയക്കത്തിൽ നമുക്കു കൈവിട്ടുപോയതുമായ വിജ്ഞാനശേഖരത്തെപ്പററിയുള്ള അറിവു പുനരുജ്ജീവിപ്പിക്കുന്നതിനും പ്രയോജനപ്പെടേണ്ടതാണു്.

അതുകൊണ്ടു് വളക്കുഴിഭരണമാവശ്യപ്പെടുന്നതു് ഭൂമിയിൽ വിപുലമായ തോതിൽ വളക്കുഴികൾ നിൎമ്മിക്കണമെന്നാണു്. ഔദ്യോഗികതലത്തിൽ എല്ലാ നിലകളിലുമുള്ള ഉദ്യോഗസ്ഥന്മാർ ഒററക്കെട്ടായി നിന്നു പ്രവർത്തിക്കണം. രാഷ്ട്രീയതലത്തിലാണെങ്കിലോ, പഞ്ചായത്തുകൾ വളരെ വൎദ്ധിക്കണം; ജനങ്ങൾ, ജനപ്രതിനിധികൾ, പൊതുജനദാസന്മാർ, എല്ലാം പൊതുലക്ഷ്യത്തിലേക്കു് ഒന്നായി നീങ്ങണം. അപ്പോൾ സിദ്ധാൻ മുതൽ പിശാചുവരെയും രാക്കുയിൽമുതൽ മണ്ണിരവരെയും എല്ലാം ഐക്യം പ്രാപിക്കുന്നു. അപ്പോൾ മനുഷ്യനും മൃഗവും, പക്ഷിയും പ്രാണിയും, പൊടിയും ഇലയുമെല്ലാം 'തുറന്ന പാത'യിൽ ജഗദീശ്വരൻ ആവശ്യപ്പെടുന്ന വളക്കൂട്ടായി പരിണമിക്കുന്നു.

# 'മനുഷ്യൻ ലക്ഷ്യം'— അന്തർഭവിക്കുന്ന കാര്യങ്ങൾ

ഇന്ത്യാ-അമേരിക്കാ സാങ്കേതികസഹകരണക്കരാറിൻ പ്രകാരം കേന്ദ്രഗവണ്മെൻറ് സാമൂഹ്യവികസനപ്രസ്ഥാനം ആരംഭിക്കുന്നു എന്നു കേട്ടറിഞ്ഞ ഒരാൾ 'അടുത്ത തപാലിൽ ഒരു പ്രസ്ഥാനം എൻെറ പേർക്ക് അയച്ചുതരുക' എന്ന് ആവേശപൂർവ്വം ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ എടുത്തു ലക്കോട്ടിലിട്ടയയ്ക്കത്തക്ക പാകത്തിൽ പ്രസ്ഥാനം ആരുടേയും പക്കലുണ്ടായിരുന്നില്ല; എന്നാൽ ജനങ്ങളുള്ളിടത്തെല്ലാം പ്രസ്ഥാനം നിലവിലുണ്ടായിരുന്നുതാനും. ജനങ്ങൾക്കു സ്വയം ഒരു സമൂഹമായി ഒരുമിച്ചു പ്രവർത്തിക്കാൻ കഴിയുമെന്ന തീരുമാനവും, കേന്ദ്രഗവണ്മെൻറിൻേറയും സ്റ്റേററ്ഗവണ്മെൻറുകളുടേയും അവയ്ക്കു സഹായകമായി പ്രവർത്തിക്കുന്ന സംഘടനകളുടേയും പിൻതുണ അത്തരം പ്രയത്നത്തിനു ലഭിക്കുന്നതാണെന്നുള്ള ഉറപ്പും, ഉൾക്കൊള്ളുന്ന ഒരറിയിപ്പു മാത്രമേ തപാലിൽ അയയ്ക്കാവുന്നതായി ഉണ്ടായിരുന്നുള്ളു. സാധാരണ പരിഗണനയിൽ പ്രാധാന്യമുള്ള ഇനമായ പണമല്ല, പ്രധാന ഘടകം. സമൂഹം താല്പര്യമെടുത്തു പ്രവർത്തിച്ചാൽ ഗവണ്മെൻറിനു ഒരിക്കലും ഒപ്പമെത്താൻ സാധിക്കാത്തതരത്തിലുള്ള സാദ്ധ്യതകൾ അവരിൽ അന്തർലീനമായിരിക്കുന്നുവെന്നു സാമൂഹ്യവികസനപ്രസ്ഥാനത്തിൻെറ പ്രവർത്തനചരിത്രം തെളിയിക്കുന്നു.

'ജീവിക്കാനുള്ള അവകാശം' സ്ഥാപിക്കാനാണു സാമൂഹ്യവികസനപ്രസ്ഥാനം ഉടലെടുത്തതു്. ദുർമ്മന്ത്രവാദത്തിൽ രക്ഷനേടാൻ മുതിരുകയാൽ പ്രകൃതിശക്തികളെ നിയന്ത്രിക്കാനുള്ള അവകാശം നമുക്കു നഷ്ടമായി. അതുകൊണ്ടു് നമുക്കു് ആ അവകാശം വീണ്ടും നേടേണ്ടിവന്നു. എന്നാൽ അതു് 'പ്രയത്നിക്കാനുള്ള അവകാശ'ത്തിലൂടെയും 'പ്രയത്നഫലം സ്വീകരിക്കാൻ അവകാശ'ത്തോടുകൂടെയും മാത്രമേ സാദ്ധ്യമാകുമായിരുന്നുള്ളു. അങ്ങനെ അവകാശത്രയം നിലവിൽ വന്നു. പുതിയ പ്രസ്ഥാനത്തിൻെറ അവകാശപത്രം ഈ അവകാശത്രയമാണു്:

'ജീവിക്കാനുള്ള അവകാശം.'

'ജീവിക്കാൻവേണ്ടി പ്രയത്നിക്കാനുള്ള അവകാശം.'

'പ്രയത്നഫലം സ്വീകരിക്കാനുള്ള അവകാശം.'

മനുഷ്യനാൽ നിർമ്മിതമായ ഏതു ഭരണഘടനയിലും എക്കാലത്തും ഉൾക്കൊള്ളിക്കപ്പെട്ടിട്ടുള്ള എല്ലാററിനെയും ഇതു പ്രതിനിധീകരിക്കുന്നുണ്ടു്. നിയാമകതത്വങ്ങൾ—ഇവ ഇന്നും കടലാസിൽ രേഖപ്പെട്ടു കിടക്കുന്നതേയുള്ളു—പ്രയോഗത്തിൽ വരുത്തുക എന്നതാണിതിൻെറ അർത്ഥം.

നാം തെക്കോട്ടോ വടക്കോട്ടോ സഞ്ചരിച്ചാലും കിഴക്കോട്ടോ പടിഞ്ഞാറോട്ടോ സഞ്ചരിച്ചാലും സ്മാരകങ്ങൾ—ചിലതു് ഇടിഞ്ഞുപൊളിഞ്ഞും ചിലതു് കേടുകൂടാതെയും—നിൽക്കുന്നതു കാണാം. ക്ഷേത്രങ്ങൾ, കലാശില്പങ്ങൾ, റോഡുകൾ, അണക്കെട്ടുകൾ—എല്ലാം, ഒരുകാലത്തു മാംസപേശികളാണു് തങ്ങൾക്കു് രൂപം നൽകിയതെന്നു് ഓർമ്മിപ്പിച്ചുകൊണ്ടു നിൽക്കുന്നു.

വീണ്ടും 'മാംസപേശികൾക്കു് അതു ചെയ്യാൻ കഴിയും' എന്നു് അവ വിളംബരം ചെയ്യുന്നു.

എന്നുതന്നെയല്ല, 'അതുചെയ്യാൻ മാംസപേശികളെ പരിശീലിപ്പിക്കാൻ കഴിയു'മെന്നും 'അതു ചെയ്യാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ കഴിയു'മെന്നുംകൂടെ അവ വിജ്ഞാപനം ചെയ്യുന്നു.

ഈ അവകാശത്രയവും വിശ്വാസപ്രമാണത്രയവുംകൊണ്ടു മാത്രമായില്ല. ഭ്രാന്തിനുപോലും, അതുകൊണ്ടു് ഒരു ലക്ഷ്യം പ്രാപിക്കണമെന്നുണ്ടെങ്കിൽ ഒരു രീതിക്രമം വേണം. വികസനപ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർ അടുത്ത നടപടി എന്തായിരിക്കണമെന്നതിനെപ്പററി ഊർജ്ജസ്വലമായ ഗവേഷണത്തിലേർപ്പെട്ടിരിക്കയായിരുന്നു. മനുഷ്യൻ, മൃഗം, സസ്യം എന്നിങ്ങനെ എല്ലാററിൽനിന്നും ജ്ഞാനം തേടുകയായിരുന്നു അവർ. അതിനു് അവർക്കു ലഭിച്ച മറുപടി അവിശ്വസനീയമാംവിധം സരളമായിരുന്നു. അന്വർത്ഥമാംവിധം, അതിനും ഒരു ത്രയീഭാവമാണുള്ളതു്. ഇതാണു് ആ മറുപടി:

'ഉന്നമനം.'

'സമന്വയം.'

'ക്രമീകരണം.'

സമ്പന്നനായ മനുഷ്യൻ തൻെറ അയൽക്കാരെ ഏതാണ്ട തൻെറ ഒപ്പം ഉയത്തണമെന്നതാണ് 'ഉന്നമനം'കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. അല്ലെങ്കിൽ അയാൾ തന്റെ ചുററും കോൺക്രീററുകോട്ട കെട്ടുകയോ ചുററിലും മമ്മപ്രധാനമായ സ്ഥാനങ്ങളിലും പട്ടാളക്കാരെ കാവൽ നിത്തുകയോ ചെയ്യേണ്ടിവരും. പക്ഷേ, ഇന്നത്തെ ആററംയുഗത്തിൽ അങ്ങനെ ഒററപ്പെട്ടുള്ള ജീവിതവും പട്ടാളംകാവലുമൊക്കെ നിരത്ഥകമാണ്. അതുകൊണ്ട ധമ്മത്തിൻേറതായ മാഗ്ഗം—സസ്യസാമ്രാജ്യത്തിൽപ്പോലും പ്രയോഗത്തിലിരിക്കുന്ന മാഗ്ഗം—സ്വീകരിക്കാനാണ് വിവേകം ഉപദേശിക്കുന്നത്. അത്തരം ലോകത്തിൽ വൻമരങ്ങൾ ചെറുചെടികളെ തങ്ങളുടെ തണൽമേഖലയ്ക്കു വെളിയിൽ വളരാൻ സഹായിക്കയും കൊടുങ്കാററുകളിലും മററും നിന്നു രക്ഷിച്ചുനിത്തുകയും സ്വന്തം ഇലകൾ പൊഴിച്ചു വളമാക്കി പോഷകാഹാരം നൽകുകയും ചെയ്യുന്നു; മറിച്ചുള്ള പ്രക്രിയയുണ്ടാകുന്നില്ല. ഈ അടിസ്ഥാനവസ്തുത ഗ്രഹിക്കാനുള്ള ബുദ്ധി സസ്യലോകത്തിനുപോലുമുണ്ട്. അതുകൊണ്ട് നമ്മുടെ പ്രത്യേക പ്രവൃത്തിമണ്ഡലത്തിൽ 'ഉന്നമനം' എന്നാൽ, ബുദ്ധിമാന്മാരും ശക്തന്മാരുമായവർ അവക്ക് ഉപയോഗം കഴിഞ്ഞു് അധികംവരുന്ന ജീവശക്തി നൽകി ദുബ്ബലരായവരെ ശക്തരാക്കിത്തീക്കുകയും അങ്ങനെ ഏററവും അശക്തമായ കണ്ണിയുടേതല്ല, ഏററവും ശക്തമായ കണ്ണിയുടേതാണ് ചങ്ങലയുടെ ബലമെന്നുവരുത്തുകയും ചെയ്യുകയെന്നുള്ളതാണ്.

പക്ഷേ, ഉന്നമനംകൊണ്ട മാത്രം ലക്ഷ്യം പ്രാപിക്കാൻ കഴികയില്ല. എന്തെന്നാൽ, പൊതുതാല്പയ്യമില്ലാത്ത അതികായന്മാരുടെ സാന്നിദ്ധ്യം പിശാചിൻെറ പ്രവത്തനങ്ങൾക്കു പ്രേരകമാണ്. അങ്ങനെയാണ് സമന്വയം എന്ന ആശയത്തിൻെറ ഉത്ഭവം; പ്രവൃത്തിക്കുവേണ്ടിയായാലും വിനോദത്തിനുവേണ്ടിയായാലും എല്ലാവരും ഒന്നിച്ചുചേരുകയും ഓരോരുത്തനും അവനവനു നിർദ്ദിഷ്ടമായ ജോലി ഐക്യബുദ്ധിയോടെ ചെയ്യുകയും പൊതുലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ

എല്ലാവരും ഒത്തുപിടിക്കയും ചെയ്യുന്ന തരത്തിലുള്ള സമന്വയം. ലോകം ഒരു സാർത്ഥവാഹകസംഘത്താവളമാണ്; കൂടിവന്നാൽ ഒരു നിശാകാലത്തേക്കു തങ്ങാനുള്ള താവളം. അലക്സാണ്ടർപോലും ഈ കോടാനുകോടിയിൽ ഒരുവനായി ജീവിച്ചു മരിച്ച് പൊടിയിൽ ലയിച്ച് ശവകുടീരത്തിനുള്ളിലായി. ശവപ്പറമ്പിൻെറ കാവൽക്കാരൻ അലക്സാണ്ടരുടെ അമ്മയുടെ മുമ്പാകെ അവതരിപ്പിച്ച പ്രശ്നം ഇതിനു വ്യക്തമായ ഉദാഹരണമാണ്. പുത്രൻെറ ശവകുടീരം സന്ദർശിക്കാനെത്തിയ അലക്സാണ്ടരുടെ മാതാവിനോട്ട കാവൽക്കാരൻ ചോദിച്ചു: "എൻെറ കാവലിലുള്ള ഈ ശവക്കോട്ടയിൽ അന്ത്യവിശ്രമംകൊള്ളുന്ന അനേകം 'മഹാനായ അലക്സാണ്ടർമാരിൽ' ആരുടെ ശവകുടീരമാണ് നിങ്ങൾ അന്വേഷിക്കുന്നതു്? അവരെല്ലാവരുംതന്നെ അവരുടെ ജീവിതകാലത്തു മഹാന്മാരായിരുന്നുവെന്ന് ഞാൻ ഉറപ്പിച്ചുപറയാം!" ലോകം അനേകം സഹസ്രാബ്ദങ്ങളിലൂടെ കടന്നുപോന്നുകഴിഞ്ഞു. എന്നാൽ കാവൽക്കാരൻെറ അഭിജ്ഞത ഇന്നും ആദരിക്കപ്പെടാതെ അവശേഷിക്കുന്നു.

നമുക്കിവിടെ 'സമന്വയം' എന്നതിനു് ഒരു സാമാന്യമായ അർത്ഥം കല്പിച്ചാൽ മതി; അതായതു്, ഒററപ്പെട്ടുള്ള നിലപാടിനു പകരം ഗ്രാമസേവകൻ മുതൽ ഏററവും ഉയർന്ന ഭരണാധികാരിവരെ എല്ലാവരും ഒരു ചങ്ങലയിലെ കണ്ണികളായി ഭവിക്കയും ഒന്നായി ചലിക്കുകയും ചെയ്യുന്ന അവസ്ഥ. എന്നാൽ ചലനമെന്നതു് ക്രമീകൃതമല്ലാത്ത ആൾക്കൂട്ടത്തിൻേറതുമാകാം. അത്തരം ആൾക്കൂട്ടവും സമന്വയത്തിന്റെ ഒരു മാതൃകയാണ്. ഇവിടെയാണ് ക്രമീകരണത്തിൻെറ ആവശ്യം നേരിടുന്നതു്. ആ പ്രക്രിയയിൽ പ്രസ്ഥാനത്തിന്റെ ലക്ഷ്യം വ്യക്തമായി നിർവ്വചിക്കപ്പെട്ടുകയും പൊതുചങ്ങലയിലെ ഓരോ കണ്ണിയുടെയും ധർമ്മം നിർണ്ണയിക്കപ്പെട്ടുകയും ചെയ്യും. നമ്മുടെ സൈന്യോചിതമായ നീക്കത്തിൻെറയും ലക്ഷ്യത്തിലേക്കുള്ള പുരോഗതിയുടെയും വിശദാംശങ്ങളുടെ പ്രമാദരഹിതമായ നിർവ്വഹണവും ലക്ഷ്യനിർണ്ണയവും തുടർച്ചയായ പരിശോധനയും പുനഃപരിശോധനയുമാണ് ഈ സമരത്തിലെ വിജയപരാജയങ്ങളെ നിർണ്ണയിക്കുന്നതു്; വെറും

ആൾക്കൂട്ടവും വിമോചനസേനയും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നതു്.

അപ്പോൾ സാമൂഹ്യവികസനപരിപാടികൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതെന്താണെന്നു വ്യക്തമായല്ലോ. അതിൻെറ തത്വം അടിസ്ഥാനപരമാകയാൽ സരളവുമാണു്. അവകാശത്രയത്തിൻെറയും വിശ്വാസപ്രമാണത്രയത്തിൻെറയും പ്രവർത്തനനിയമത്രയത്തിന്റെയും അംഗീകരണമാണു് അതിൽ കാണുന്നതു്. ഈ ത്രിവിധസങ്കല്പം ജീവിതത്തിന്റെ ഓരോ സിരാതന്തുവിലും അലിഞ്ഞുചേരേണ്ടതുണ്ടു്. അതിനു ദീർഘമായ സഞ്ചാരമാവശ്യവുമാണു്. മൗലികമായ ഈ ബോധമുണ്ടായിക്കഴിഞ്ഞാൽ, ജനങ്ങളും ജനപ്രതിനിധികളും ഗവണ്മെന്റുദ്യോഗസ്ഥന്മാരും പരസ്പരം വച്ചുപോററുന്ന സംശയങ്ങൾ താനേ കൊഴിഞ്ഞുവീണുകൊള്ളും. ഇന്നു നാം ചെന്നുപെട്ടു് വഴിയറിയാതെ നട്ടംതിരിയുന്ന കുഴപ്പത്തിൽനിന്നു മുമ്പോട്ടു പോകാൻ ഒരു പുതിയ പാത നിർമ്മിക്കാൻ നമുക്കു കഴിവുണ്ടാകും. ആ പാത സ്വാഭാവികമായിത്തന്നെ ദീർഘമായിരിക്കുമെന്നു നമുക്കറിയാം. പക്ഷേ, അതു നമുക്കു് ധൈര്യമായി ഉപയോഗിക്കാവുന്നതായിരിക്കും. മരണത്തിലേക്കു പല കുറുക്കുവഴികളുമുണ്ടെന്നു് നമുക്കിന്നറിയാം. പക്ഷേ, ജീവിതത്തിലേക്കാകട്ടെ, അങ്ങനെയൊരു രാജപാതയുണ്ടായിരിക്കുക സാദ്ധ്യമല്ല. വളഞ്ഞ മാർഗ്ഗം ഒഴിവാക്കാനാണു് നമ്മുടെ ഉൽക്കണ്ഠ. അതാണു് അന്വേഷണം. അതുതന്നെയാണു് നിർവ്വഹണവും. മനുഷ്യസമുദായത്തിൻെറ പരമാധികാരരാഷ്ട്രം ഇനിയും രൂപപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്. നമ്മുടെ ക്ലേശങ്ങൾ ലക്ഷ്യത്തിലേക്കുള്ള ഒരു പോഷകനദിയായിത്തീർന്നുവെന്നു വരാം. മററു പോഷകനദികൾ വന്നുചേരുന്ന ഗംഗാമാതാവായിത്തീർന്നു അതെന്നും വരാം. ഈ പ്രയത്നത്തിൽ അരപ്പയന്ത്രമായി പ്രയത്നിക്കവേ മന്ദഹസിച്ചുകൊണ്ടു് കണ്ണീരും വിയർപ്പും ഒഴുക്കാനുള്ള നമ്മുടെ സന്നദ്ധതയെ ആശ്രയിച്ചാണു് ഇതിനുള്ള മറുപടി നിൽക്കുന്നതു്. രണ്ടു കാര്യങ്ങൾ നിശ്ചയമാണു്. കുറുക്കുവഴികൾ പിശാചിൻെറ മാർഗ്ഗമാണു്. കടലാസിലെഴുതിയതുകൊണ്ടോ വാചകമടിച്ചതുകൊണ്ടോ ഒന്നും ശരിയായ പാതയുണ്ടാകയില്ല.

# ഒരു രാഷ്ട്രം വിശ്വാസത്തിന്മേൽ നിലനിൽക്കുന്നു

ഇന്ത്യയുടെ സമ്പത്തിൻെറ ഉല്പാദനം ഇന്നും ഗ്രാമങ്ങളിലാണു് നടക്കുന്നതു്. ഇക്കാരണത്താൽ പഴയകാലത്തു് രാജാക്കന്മാരും ഭരണകർത്താക്കളും ഗ്രാമങ്ങളുടെ കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിച്ചു. ഇവിടെ നിലവിൽ വന്ന കോളണിഭരണം, ഈ മണ്ണിനു കേവലം അന്യമായ ഒരു നാഗരികതയെ ഇന്ത്യയിൽ കൊണ്ടുവന്നു. ശരീരത്തിൽ കുരുക്കളെന്നപോലെ നഗരങ്ങൾ രൂപംപ്രാപിച്ചു. ഇങ്ങനെയാരംഭിച്ച ഏകമാർഗ്ഗമായ ചലനം ഇന്ത്യയിലെ ഗ്രാമങ്ങളുടെ സത്തയെ ഊററിയെടുക്കുന്ന ഒരു പ്രക്രിയയായിരുന്നു. അങ്ങനെ ഊററിയെടുത്ത ജീവശക്തിയുടെ ഭൂരിഭാഗവും ലണ്ടനിലെ രക്തശേഖരത്തെ പോഷിപ്പിക്കാൻവേണ്ടി കടത്തിക്കൊണ്ടുപോയി. പുതിയതായി ഉയൎന്നുവന്ന നഗരങ്ങളിലെ വേശ്യാലയങ്ങളിലും നിശാസദനങ്ങളിലും കുതിരപ്പന്തയസ്ഥലങ്ങളിലും സമയം ചെലവഴിച്ചിരുന്ന പുതുസൃഷ്ടിയായ ഇടനിലസമുദായത്തിനും അതിൻെറ ചെറിയ പങ്കു ലഭിച്ചിരുന്നു. കോളണിഭരണം നടത്തിയിരുന്നവർ പോയി. എങ്കിലും അന്നത്തെ ആ മനോഭാവം അവശേഷിക്കുന്നു.

ബ്രിട്ടീഷുകാരുടെ തിരോഭാവത്തിനുശേഷം നാം പുതിയ മന്ദിരനിർമ്മാണത്തിനുള്ള അടിസ്ഥാനസ്തംഭങ്ങൾ മാറിക്കൊണ്ടിരിക്കയാണെന്നുള്ളപക്ഷം, ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ നമുക്കെന്തേ പുരോഗതിയുണ്ടാകാത്തതു്? നാം ചെന്നുപെട്ടിരിക്കുന്ന ദുർഘടത്രികോണം സൂക്ഷിച്ചുനോക്കിയാൽ ഇതിനുള്ള ഉത്തരം അവിടെക്കാണാം. ത്രികോണത്തിൻെറ ഒരു കാൽ വിദൂരഭൂതകാലത്തിലേക്കു നോക്കിക്കൊണ്ടു് ഇന്നു നാമാവശേഷമായിരിക്കുന്ന രാമരാജ്യത്തെച്ചൊല്ലി കണ്ണീരൊഴുക്കുകയാണു്. കാളവണ്ടിക്കും മെതിയടിക്കും മരവിരിക്കുംവേണ്ടിയാണു് അതു നിലകൊള്ളുന്നതു്. പൂർണ്ണതയ്ക്കുവേണ്ടി ഹിമാലയത്തിലേക്കു ദൃഷ്ടിയയയ്ക്കുന്ന അതിനു് താഴെയുള്ള സമതലഭൂമി പിശാചിൻെറ ആവാസസ്ഥാനവും വെറും

മിഥ്യയുമാണ്; അവിടത്തെ ജീവിതം അഗണ്യവും. ത്രികോണത്തിൻെറ രണ്ടാമത്തെ കാലാകട്ടെ, ചുവട്ടിലെ അദ്ധഗോളത്തെ സ്നേഹപൂവ്വം വീക്ഷിക്കയും കാളവണ്ടിയും മെതിയടിയും മരവിരിയുമെല്ലാം അഗ്നിക്കിരയാക്കിയിട്ട് പകരം അംബരചുംബികൾ നിമ്മിച്ചെടുക്കാൻ വെമ്പുകയും ചെയ്യുന്നു; അവക്ക ഭൂമിയിൽ കാൽ ചവുട്ടാതെ അനിയന്ത്രിതപരമാധികാരത്തോടെ അത്യുന്നതങ്ങളിൽ ചരിക്കണം; അവരുടെ ചിന്തകൾ ഉയരെയുള്ള മേഘമാഗ്ഗത്തിലാണ്. മൂന്നാമത്തെ കാൽ വടക്കനിന്നും ഇപ്പോൾ കിഴക്കനിന്നും ഉയന്നുവരുന്ന പുതിയ മതത്തെ ആവേശപൂവ്വം കെട്ടിപ്പുണരാൻ മോഹിക്കുന്നു; വ്യക്തിയെ ഇല്ലായ്മചെയ്ത് ആ സ്ഥാനത്ത് സവ്വാധികാരങ്ങളും കേന്ദ്രീകൃതമായ അതികായനായി സ്റ്റേററിനെ പ്രതിഷ്ഠിക്കാൻ ആഗ്രഹിക്കുന്നു. ഈ ത്രികോണത്തിൻെറ മദ്ധ്യത്തിലായി മടിശ്ശീലച്ചരടിൽ മുറുക്കിയ മുഷ്ടിയുമായി 'സേട്ടുജി'യും നില്ക്കുന്നു, കാലം മോശമാണെന്നും നമുക്ക പണമില്ലാത്തതിനാൽ നാം ക്ഷമിച്ചു കഴിഞ്ഞുകൂടണമെന്നും അയാളെ അയാളുടെ വഴിക്ക വിട്ടിട്ട നാം എങ്ങനെയെങ്കിലും കഴിഞ്ഞുകൊള്ളണമെന്നുമാണ് അയാളുടെ നിലപാട്.

പിശാചു മുതൽ പുണ്യവാളൻവരെ എല്ലാവക്കും ഭവനമായിരുന്നു, ഇന്ത്യ ഒരുകാലത്ത്. ഹിന്ദുസിദ്ധാന്തം എന്നത് ഒരു മതത്തെയല്ല, എല്ലാ സംസ്കാരങ്ങളുടെയും സംയുക്തഭാവത്തോട് സ്വന്തമായ ചില സ്വഭാവവിശേഷങ്ങളെക്കൂടെ കൂട്ടിച്ചേത്തു രൂപപ്പെട്ടുത്തിയ ഒരു തത്വചിന്താപദ്ധതിയെയാണ് പ്രതിനിധീകരിച്ചിരുന്നത്. മനുഷ്യശരീരം പല ഘടകങ്ങളുടെ ഒരു സംയുക്തഭാവമാണ്. ശിരസ്സും കുടലിൻെറ നൂലാമാലകളുമെല്ലാം അവയുടെ ഓരോന്നിൻെറയും പ്രത്യേക പ്രവത്തനങ്ങൾ നടത്തുകയും സംയുക്തഫലം നല്കുകയും ചെയ്യുന്നതുകൊണ്ടാണ് മനുഷ്യശരീരത്തിനു് എന്തെങ്കിലും അത്ഥമുണ്ടാകുന്നത്. ഇന്ത്യയെ പുനരുദ്ധരിക്കണമെന്നുണ്ടെങ്കിൽ അവളുടെ തനതായ പാരമ്പര്യങ്ങളെത്തന്നെ പിൻതുടരണം. കാലം മാറി. അതുകൊണ്ട് ഭൂതകാലത്തെ പുനരുജ്ജീവിപ്പിക്കുന്നതുകൊണ്ടുമാത്രം പ്രയോജനമുണ്ടാകയില്ല. സമാന്തരമായി പുരോഗമിക്കത്തക്കപ്രകാരം കാളവണ്ടിയും ജററ്വിമാ

നവും വിറകുകട്ടപ്പും അണുസ്ഫോടനവും എല്ലാം ഒന്നിച്ചുചേർത്തു സമരസപ്പെട്ടുത്തേണ്ടിയിരിക്കുന്നു.

വനങ്ങളിൽ എല്ലാത്തരം ജീവികളും കഴിഞ്ഞുകൂടുന്നു; സിംഹംമുതൽ എറുമ്പുവരെ. അവരെ അവരുടെ പാട്ടിനു വിട്ടേക്കുന്നപക്ഷം അവർ ഒരുമിച്ചു വളരുകയും പൊതുപാതയിലൂടെയുള്ള തീർത്ഥയാത്രയിൽ പരസ്പരം സഹായകമായി വർത്തിക്കയും ചെയ്യുകൊള്ളും. പ്രകൃതിയുടെ സമതുലിതാവസ്ഥക്കു ഭംഗമുണ്ടാകുമ്പോഴാണു് കുഴപ്പമാരംഭിക്കുന്നതു്. ഇന്ത്യ നിലനില്ക്കണം; ചക്രവാളത്തിൽ രൂപംപൂണ്ടുവരുന്ന കൊടുങ്കാററിനെ യുക്തിപൂർവ്വം പ്രയോജനപ്പെടുത്തണം; ജീവിതത്തിലേക്കുള്ള പാത കണ്ടുപിടിക്കാൻ ഇന്ത്യ തയാറാകണം. ക്ഷയരോഗികൾക്കുവേണ്ടിയുള്ള ആരോഗ്യകേന്ദ്രങ്ങളും മഹാരോഗങ്ങൾക്കുവേണ്ടിയുള്ള ഔഷധശേഖരങ്ങളുമൊക്കെ കണക്കു കേൾപ്പിക്കാൻ പ്രയോജനപ്പെട്ടുമായിരിക്കും; അതൊന്നും രാഷ്ട്രത്തിനു പ്രയോജനം ചെയ്യുകയില്ല. ആഹാരം, ഭവനം, വസ്ത്രം, അവ സമ്പാദിക്കാൻവേണ്ടി തൊഴിൽ, എന്നിവയുണ്ടാകണം. അതാണു് പ്രയോജനപ്പെടുന്നതു്. പ്രയത്നത്തെ ലഘൂകരിക്കാൻ ഉതകുമ്പോൾമാത്രമേ യന്ത്രം പ്രയോജനം ചെയ്യുന്നുള്ളു. അഥവാ, ജീവിതമാകുന്ന ആഹാരത്തിനു സ്വാദരുളുന്ന ഉള്ളിയുടെ സ്ഥാനമാണതിനു്. എന്നാൽ ജീവിതത്തെ ഭൂമിയുമായുള്ള ബന്ധത്തിൽനിന്നു കടപിഴുതെറിയാനാണു പ്രയോജനപ്പെടുന്നതെങ്കിൽ, അപ്പോൾ യന്ത്രം പിശാചിൻെറ അവതാരമാണു്. അതുകൊണ്ടു് കൃഷിയായിരിക്കണം പ്രാഥമികവ്യവസായം. യന്ത്രങ്ങളും അവയെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങളും അടിസ്ഥാനശിലയായ മണ്ണിനു പ്രാമുഖ്യം നൽകിക്കൊണ്ടുവേണം ആസൂത്രണം ചെയ്യാൻ.

അലാഡിൻെറ വിളക്കു് അത്ഭുതം പ്രവർത്തിക്കുക, സ്വപ്നത്തിലോ യക്ഷികഥകളിലോ മാത്രമാണു്. ജീവിതത്തിൽ അതിനു സ്ഥാനമില്ല. അല്ലെങ്കിൽ നാം കുഞ്ഞുങ്ങളോ ഭ്രാന്തന്മാരോ ആയിരിക്കണം. മുള്ളില്ലാതെ റോസാച്ചെടി കിട്ടില്ല. പ്രകൃതിയുടെ നിയമങ്ങൾ അയവില്ലാത്തവയാണു്. 'ഒന്നും നല്കാതെ വല്ലതും' എന്നതു വെറും മിഥ്യാസങ്കല്പമാണു്. ജീവിതം പുനഃസംവിധാനം ചെയ്യണമെന്നുണ്ടെങ്കിൽ അതു കേന്ദ്ര

ബീജത്തിലൂടെയായിരിക്കണം. പഴയതിൻെറ ലാംഗ്ഗലങ്ങളായിട്ടോ മണ്ണിലെ കുരുപ്പുകളായിട്ടോ അല്ല; മണ്ണുമായിച്ചേൎന്നു സമരസപ്പെട്ടതും ഗ്രാമത്തെ ലക്ഷ്യമാക്കി ഒഴുകുന്ന ജീവശക്തിയുല്പാദിപ്പിക്കുന്ന കേന്ദ്രബിന്ദുക്കളുൾക്കൊള്ളുന്നതുമാകണം. പോരായ്മകൾ തീൎന്നുവരുന്ന മുറയ്ക്കു് സമവും ക്രമവുമായി ഇരുവശത്തേക്കുമുള്ള ഒഴുക്കു തുടരാം. ഈ പോരായ്മ നികത്തുന്ന വിഷയത്തിൽ നമ്മെ സഹായിക്കാൻ മററുള്ളവൎക്കു മനസ്സുമില്ല, കഴിവുമില്ല. അതുകൊണ്ടു നമുക്കു്, അതിനുള്ള മാൎഗ്ഗം ഇവിടെത്തന്നെ കണ്ടുപിടിക്കണം. ഇതു സാധിക്കുന്നതിനു നാം മുണ്ടുമുറുക്കിയുടുക്കേണ്ടിവരും; വേശ്യാലയങ്ങളോടും നിശാശാലകളോടും കുതിരപ്പന്തയസ്ഥലങ്ങളോടും വിടവാങ്ങേണ്ടിവരും. ഐസ്ക്രീമും ഫ്രൂട്ട്സാലഡുമൊക്കെ ദന്തഗോപുരങ്ങളുടെ ജന്മാവകാശമായി ഗണിച്ചിരുന്നവർപോലും വിയൎപ്പൊഴുക്കാൻ തയാറാകേണ്ടിവരുമെന്നു സാരം.

## പ്രസ്ഥാനം—ശരിയായ കാഴ്ചപ്പാടു്

പലനിലയുള്ള കെട്ടിടം ഉയൎന്നുയൎന്നു പോകുന്നു. നിൎമ്മാതാവു പറയുന്നു, ആകാശം തൊടേണ്ടതിനു് ഇനിയും കൂടുതൽ ഉയരേണ്ടിയിരിക്കുന്നുവെന്നു്. ജററ്‌വിമാനങ്ങൾ ഉയരത്തിലും വേഗത്തിലും പറക്കുന്നു. ശൂന്യാകാശത്തിലും അതിനപ്പുറത്തും ചെന്നെത്തണമെന്നതാണു് ലക്ഷ്യം. പ്രകൃതിരഹസ്യങ്ങളുടെ കലവറയിലേക്കുള്ള വാതിൽതുറമന്ത്രമായി അണുവിസ്ഫോടനം നടക്കുന്നു. പ്രകൃതിവിഭവങ്ങളെ അവയുടെ നൈസൎഗ്ഗികാവസ്ഥയിൽ വിട്ടേക്കുക മേലാൽ സാധ്യമല്ലെന്നു വന്നു. കൽക്കരി, എണ്ണ, വെള്ളം, വായു എന്നിവയിൽനിന്നു ലഭിക്കുന്ന ശക്തിയൊന്നും പോരെന്നായി. ചന്ദ്രനിലും ചൊവ്വായിലുമൊക്കെ ചെന്നെത്താൻ വെമ്പുകയാണു്, മനുഷ്യൻ. വിസ്മൃതനായിത്തുടങ്ങിയിരിക്കുന്ന അലക്സാണ്ടറെപ്പോലെ അവൻ കിടക്കയിൽ കിടന്നുകൊണ്ടു കേഴുകയാണു്, ലോകം അവനു തീരെ ചെറുതായിപ്പോയെന്നു്. പ്രകൃതിരഹസ്യങ്ങൾ മിക്കതിൻെറയും താക്കോൽ ഇന്നു മനുഷ്യൻെറ പക്കലുണ്ടു്. അവനാവശ്യമുള്ളതുമാത്രമല്ല, അവനെ ആമജ്ജനം

ചെയ്യാൻതന്നെ പോന്ന വിഭവങ്ങൾ ഇന്നു് അവനു ലഭ്യമാണു്. ലോകത്തിൽനിന്നു് ദാരിദ്ര്യവും അജ്ഞതയും രോഗവും എന്നേക്കുമായി ഉന്മൂലനം ചെയ്യാൻപോന്ന അളവിൽ ആളും വിഭവവും കാൽശതാബ്ദത്തിന്റെ കാലയളവിനുള്ളിൽ നടന്ന രണ്ടു യുദ്ധങ്ങൾ വിഴുങ്ങി. എന്നിട്ടും മനുഷ്യൻ, അവസാനത്തേതെന്നു് അവൻ അവകാശപ്പെടുന്ന മൂന്നാമത്തെ യുദ്ധത്തിനു സന്നാഹമൊരുക്കിക്കൊണ്ടു് അർദ്ധഗോളങ്ങൾ രണ്ടിലും പട്ടാളച്ചിട്ടയിൽ നീങ്ങുകയാണു്. അവസാനത്തെ യുദ്ധമാണെന്നു പറയുന്നതു് ഒരുപക്ഷേ, ശരിയായ്‌യേക്കാം. മനുഷ്യൻ കണ്ടുപിടിച്ചുകഴിഞ്ഞതും അടുത്ത യുദ്ധത്തിൻെറപേരിൽ അവൻ കണ്ടുപിടിക്കാൻ ഇടയുള്ളതുമായ ആയുധങ്ങൾ, ഒരു ശതവർഷക്കാലത്തേക്കോ അതിൽ കൂടുതലോ, ഈ ഭൂമുഖത്തു ജീവിതം അസാദ്ധ്യമാക്കിത്തീർത്തുവെന്നു വരാം.

ഈ പട്ടാളനീക്കത്തിനിടയിൽ പെട്ടുപോയിരിക്കുന്ന ഇന്ത്യയുടെ നില കഷ്ടമാണു്. ജനങ്ങൾക്കു്—മുപ്പത്തിയാറരക്കോടിയാണു് ജനസംഖ്യ—ആഹാരം വേണം, വസ്ത്രം വേണം, ഭവനം വേണം; കൂടിയേ തീരൂ. കുഴപ്പങ്ങളുടെ കൂടായ ലോകത്തിനു് ഇന്ത്യയുടെ ഈ മുറവിളിക്കു പരിഹാരം കാണാൻ കഴിവില്ല. അതുകൊണ്ടു് തൻെറ മോക്ഷമാർഗ്ഗം ഇന്ത്യ തനിയേതന്നെ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. തന്റെ സ്വന്തം അസ്തിത്വത്തിൽ ദൃഢബദ്ധവും എന്നാൽ ബാഹ്യവും അഭ്യന്തരവുമായ മർദ്ദശക്തികളേയും കൊടുങ്കാററുകളേയും നേരിടാൻ കഴിവുററതുമായിരിക്കണം ആ മാർഗ്ഗം. സൈനികമാർഗ്ഗത്തെ ബോധപൂർവ്വം ഒഴിഞ്ഞുമാറി, ശാന്തിയുടെ നിത്യദാസൻെറ ഭാഗം നിർവ്വഹിച്ചുകൊണ്ടു്, വഴിതെറ്റിപ്പോയ ആത്മാവിനെ തിര്യെ സ്വഭവനത്തിലേക്കു മടങ്ങാൻ സഹായിക്കണം. ലോകത്തിൻെറ സംഭവബഹുലമായ നീണ്ട ചരിത്രത്തിൽ കണ്ടിട്ടുള്ളതിലേക്കും വിശാലാടിസ്ഥാനത്തിലുള്ള വോട്ടവകാശപ്രകാരം ജനങ്ങൾ തിരഞ്ഞെടുത്തവരാണു് ഇന്നു് ഇന്ത്യാഗവണ്മെൻറിൻെറ തലപ്പത്തിരിക്കുന്ന നേതാക്കന്മാർ. ഉദ്യോഗസ്ഥന്മാരോ, രാജ്യത്തിലെ ഏററവും ബുദ്ധിയും സംസ്കാരവുമുള്ള വിഭാഗത്തെ പ്രതിനിധീകരിക്കുന്നവരുമാണു്. പിന്നെ ജനങ്ങളാണു്—ഇന്ത്യയെ രാഷ്ട്രസമൂഹത്തിൽ സമുന്നത

സ്ഥാനത്തു വിദ്യോതിച്ചുകാണാൻ മോഹിക്കുന്ന ജനങ്ങൾ—അജന്തയും എല്ലോറയും, നാനാഭാഗങ്ങളിലും കാണുന്ന ക്ഷേത്രങ്ങളും, പേൽമോസ്ക്കും താജ്മഹലും, നിർമ്മിച്ചവരുടെ പരമ്പരയിൽപെട്ട ജനങ്ങൾ—ഗീതയും ഉപനിഷത്തുകളും, സത്തയിലും രൂപത്തിലും കാലാതിശായിയായ മഹിമാവാർന്ന രാമായണഭാരതാദി ഇതിഹാസങ്ങളും നിർമ്മിച്ച വർഗ്ഗത്തിന്റെ പ്രതിനിധികളായ ജനങ്ങൾ—അവരാണ് ജനങ്ങൾ. അടിമച്ചങ്ങല തകർന്നു. പാത നിർബ്ബാധമാണ്. നേതാക്കന്മാർ, ഗവൺമെൻറുദ്യോഗസ്ഥന്മാർ, ജനങ്ങൾ—രാഷ്ട്രത്തിൻെറ ഈ മൂന്നംഗങ്ങൾക്കും പുതിയ ലക്ഷ്യത്തിൻെറ ഒരു വ്യക്തമായ കാഴ്ചപ്പാടുണ്ടായിരിക്കണം. അവർ ഒരുമിച്ചു മുമ്പോട്ടു നീങ്ങണം.

ചങ്ങലക്കെട്ടുകളഴിയുകയും സ്വാതന്ത്ര്യം കൈവരുകയും ചെയ്തതോടെ നാനാമുഖമായ പ്രവർത്തനമാരംഭിച്ചു. വമ്പിച്ച ഫാക്ടറികളിൽ ഉൽപാദനമാരംഭിച്ചു. വലിയ ഗവേഷണ സ്ഥാപനങ്ങൾ, സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയൊക്കെ തുടങ്ങി. ഗ്രാമപ്രദേശങ്ങളിൽ വിദ്യുച്ഛക്തിയും ജലസേചനസൗകര്യവും നല്കാൻവേണ്ടിയുള്ള വലിയ പദ്ധതികൾ കൊടുങ്കാറ്റിൻെറ വേഗത്തിൽ പുരോഗമിക്കുന്നു. രാജ്യത്തിൻെറ പലഭാഗത്തും വിമാനത്താവളങ്ങൾ നിർമ്മിക്കപ്പെട്ടുവരു. ലോകത്തിലെ ഏററവും നല്ല വിമാനസർവ്വീസുകളോടും കിടപിടിക്കത്തക്കവിധവും, താരതമ്യേന അപകടം കുറഞ്ഞു്, രാത്രിയും പകലും വിമാനസർവ്വീസുകൾ നടന്നുകൊണ്ടിരിക്കുന്നു. കപ്പൽനിർമ്മാണവും കപ്പൽ ഗതാഗതവും വേഗത്തിൽ പുരോഗമിക്കുന്നു. ഒരു രംഗത്തിലെങ്കിലും പ്രവർത്തനമില്ലാതെ കാണാനില്ല. എങ്കിലും, മൺവെട്ടിയുടെയും ഇരുമ്പിൻെറയും ശബ്ദകോലാഹലത്തിനിടയിൽ എന്തോ ഒന്നിൻെറ അഭാവം അനുഭവപ്പെട്ടുന്നുണ്ടു്. പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുണ്ടു്. എങ്കിലും സ്വാതന്ത്ര്യം ഇനിയും കൈവരേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യം ആകാശത്തിൽനിന്നു പൊഴിഞ്ഞുവീണു കിട്ടുന്നതല്ല. ആത്മശക്തികൊണ്ടു് ആ ക്ഷേത്രത്തിൻെറ ചവിട്ടുപടികൾ കടന്നു മുകളിൽ ചെല്ലണം. ജനാധിപത്യാധിഷ്ഠിതമായ സ്വതന്ത്രജനതയുടെ സമൂഹ

സൃഷ്ടിയാണ് ഇന്ത്യൻഭരണഘടന വിഭാവനചെയ്യുന്നതു്. എന്നാൽ ജനാധിപത്യമെന്ന വിവക്ഷയ്ക്കു വല്ലതും അർത്ഥമുണ്ടായിരിക്കണമെങ്കിൽ, അതു് അഭിജ്ഞരായ ജനങ്ങളുടെ ഭൂരിപക്ഷത്തിൻെറ അഭിപ്രായത്തെ പ്രതിനിധീകരിക്കുന്നതായിരിക്കണം.

അന്ധവിശ്വാസങ്ങൾ പുലരുന്ന ഗ്രാമങ്ങളിൽ തിങ്ങിക്കൂടിപ്പാർക്കുകയാണ് ഇന്ത്യയിലെ ജനങ്ങളുടെ എൺപത്തിരണ്ടു ശതമാനവും. ഈ ഗ്രാമങ്ങളുടെ സത്തായ ഭാഗത്തെ, ഇന്ത്യൻനഗരങ്ങളിലെ ഇറക്കുമതിചെയ്യപ്പെട്ട സ്വർഗ്ഗങ്ങളിലേക്കു് ഊററിക്കൊണ്ടുപോകപ്പെട്ടുകയെന്നതാണ് നൂററാണ്ടുകളായിട്ടു നടന്നുവരുന്നതു്—ഒരു വശത്തേക്കു മാത്രമുള്ള ഒരൊഴുക്കു്. ഇന്ത്യ നിലനില്ക്കണമെന്നുണ്ടെങ്കിൽ ഏകപക്ഷീയമായ ഈ ഒഴുക്ക് അവസാനിപ്പിച്ചേ തീരു. ഈ ഒഴുക്കിന്റെ രീതി, ന്യായത്തിനും യുക്തിക്കും ചേർന്നപ്രകാരത്തിലാകണം. ഗ്രാമങ്ങളും നഗരങ്ങളും പരസ്പരം സഹായകമായ നിലയിൽ വർത്തിക്കുകയും വളരുകയും ചെയ്യണം. പരാന്നഭോജി സമ്പദ്‌വ്യവസ്ഥയുടെ സ്ഥാനത്തു് പരസ്പരസഹായ സമ്പദ്‌വ്യവസ്ഥയുണ്ടാകണം. ഗവണ്മെന്റു നല്കുന്ന കൂടുതൽ സൗകര്യങ്ങൾ ജനങ്ങൾക്കു പ്രയോജനപ്പെടണമെന്നുണ്ടെങ്കിൽ മനുഷ്യച്ചാഴിവർഗ്ഗത്തിന്റെ ആക്രമണത്തെ അതിജീവിക്കാനുള്ള കരുത്തും ബോധവും ഇന്ത്യയിലെ വമ്പിച്ച ജനസമൂഹങ്ങൾക്ക് ഉണ്ടാക്കിക്കൊടുക്കണം. അവക്കായി നല്കപ്പെടുന്ന വളവും ജലവും മററു സൗകര്യങ്ങളുമൊക്കെ പരാന്നഭോജികളുടെ തട്ടിപ്പിനു വിധേയമാകാതിരിക്കണമെങ്കിൽ, മുമ്പുപറഞ്ഞ വിവിധോദ്ദേശസഹായപദ്ധതികളുടെ ഗുണഭോക്താക്കളും കൈകാര്യകർത്താക്കളും ഭരണക്കാരുമെല്ലാം ഗ്രാമവാസികൾതന്നെയായിരിക്കത്തക്കവിധത്തിൽ അവരെ പരിശീലിപ്പിക്കണം.

സമാധാനപ്രേമികളായ ഒരു ജനതയെ ഒറ്റ സമൂഹമെന്ന നിലയിൽ ഇരുളിൽനിന്നു വെളിച്ചത്തിലേക്കു്—രോഗത്തിൽനിന്നു് അരോഗതയിലേക്കു്—ദാരിദ്ര്യത്തിൽനിന്നു സമൃദ്ധിയിലേക്കു്—ഉദ്ധരിക്കുവാനുള്ള ഒരു യത്നമാണ് ഇന്ത്യയിലെ സാമൂഹ്യവികസനപദ്ധതി. പ്രഥമതഃ ഇതു ദീർഘകാലമായി ചത്തുഴുകിക്കൊണ്ടിരിക്കുന്ന ഗ്രാമപ്രദേശങ്ങൾക്കു പുനരുജ്ജീ

വനം നൽകാനുള്ള ഏകാഗ്രമായ ഒരു ശ്രമമാണ്. ബറോഡാ സംസ്ഥാനത്തിലും മദ്രാസിലും ഉത്തരപ്രദേശത്തെ എറാവാ തുടങ്ങിയ ഗ്രാമകേന്ദ്രങ്ങളിലും, പഞ്ചാബിലെ ഫാരിദാബാദ്, നീലോഖേരി എന്നീ പുനരധിവാസപട്ടണകേന്ദ്രങ്ങളിലും ഈ രീതിയിൽ നടത്തിയ പദ്ധതിപ്രവർത്തനത്തിൽ നിന്നു ലഭിച്ച പരിചയസമ്പത്തും ഇത്തരം കാര്യങ്ങളെപ്പററി വിദേശങ്ങളിൽനിന്നു ലഭിച്ച അറിവും അടിസ്ഥാനമാക്കിയാണ് വികസനപ്രവർത്തനങ്ങൾ സംവിധാനം ചെയ്യുന്നതു്. 1947-നുമുമ്പുള്ള ഗവണ്മെന്റിലെ കാരണവന്മാരുടെ ഏകാധിപത്യത്തിൻെറ സ്ഥാനത്തു് ക്ഷേമരാഷ്ട്രത്തിൻെറ 'സാഹോദര്യസ്വഭാവം' കൈവരുത്തുകയെന്നതാണു ലക്ഷ്യം. ഗവണ്മെന്റും ജനങ്ങളും പരസ്പരം സഹകരിച്ചു്, രണ്ടു ഘടകങ്ങളും കൈകോർത്തുപിടിച്ചു്, ഒന്നു മറെറാന്നിൻെറ പ്രവർത്തനങ്ങൾക്കു സഹായകമായി വർത്തിച്ചുകൊണ്ടു്, പൊതുലക്ഷ്യത്തിൻെറ പ്രാപ്തിക്കുവേണ്ടിയത്നിക്കുന്ന വ്യവസ്ഥിതിയാണു ക്ഷേമരാഷ്ട്രം എന്ന ആശയം ഉൾക്കൊള്ളുന്നതു്. പ്രധാനമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ചുവടററത്തു ഗ്രാമതലംവരെ അഭംഗം നീണ്ടുകിടക്കുന്ന ഒരു സംഘടനാശൃംഖലയാണ് സാമൂഹ്യവികസനപദ്ധതി രൂപപ്പെട്ടുത്തിക്കൊണ്ടിരിക്കുന്നതു്. കേന്ദ്ര-സംസ്ഥാനഗവണ്മെൻറുകളുടെ നിലവിലുള്ള ഭരണസംവിധാനത്തോടു പൊരുത്തപ്പെട്ടുപോകത്തക്കപ്രകാരമാണ് പ്രസ്ഥാനം സംഘടിപ്പിക്കപ്പെട്ടിരിക്കുന്നതു്. ഒരേ ഗവണ്മെൻറിനുള്ളിൽ സമാന്തരമായി പ്രവർത്തിക്കുന്ന രണ്ടു ഘടകങ്ങൾ ഉണ്ടാകാതെകഴിക്കണമെന്നതാണ് ഉദ്ദേശം. സാമൂഹ്യവികസനപദ്ധതിയുടെ ഈ അവികലസംഘടനയ്ക്കു മുമ്പോട്ടു നീങ്ങാൻ കഴിഞ്ഞാൽ ഗവണ്മെൻറുയന്ത്രത്തെ മുഴുവൻ അതിൻെറ ഒപ്പം മുമ്പോട്ടു നീക്കാൻ കഴിയുമെന്നും, ആ പ്രക്രിയയിൽ ആ യന്ത്രത്തിനു് എണ്ണയും, കൊഴുപ്പും നല്കിയും പ്രവൃത്തിസജ്ജമാക്കിയും 1947 ആഗസ്റ്റ് 15-ാം തീയതി നിലവിൽവന്ന പുതിയ വ്യവസ്ഥിതിയുടെ നിർവ്വഹണത്തിൽ സഹായിക്കാൻ കഴിയുമെന്നുമാണ് ആശിക്കപ്പെടുന്നതു്.

ഇന്ത്യയിലെ കോടിക്കണക്കിനാളുകളുടെ ഭൗതികാവശ്യങ്ങൾക്കു വേണ്ടതു നേടിക്കൊടുക്കുകയെന്നുള്ളതു് പദ്ധതിയുടെ

ഒരു ലക്ഷ്യമാണെന്നിരിക്കിലും മുഖ്യമായ ഉദ്ദേശം, മനുഷ്യനെ മനുഷ്യനെന്നനിലയിലുള്ള അവൻെറ മൗലികമായ ഉത്തരവാദിത്വങ്ങളുടെയും അവകാശങ്ങളുടെയും അതിൽനിന്നു നേരിട്ട് ഉല്പന്നമാകുന്ന ഫലങ്ങളുടെയും കാര്യത്തിൽ ബോധവാനാക്കുക എന്നതാണ്. ഇന്ത്യ ഒരുകാലത്ത് സ്വതന്ത്രമായ പരമാധികാരപദവി അനുഭവിച്ചിരുന്നു. ആ സമ്രാട്പദവി ഏറെക്കാലമായി കൈവിട്ടുപോയിരുന്നു. ആ അധികാരം കൈയടക്കിയിരുന്നവർ വിട്ടുപോയി. ഇനി ആവാഹിച്ചു മാറ്റേണ്ടതു് നൂററാണ്ടുകളുടെ പിശാചബാധകളെ മാത്രമാണ്. 'ജന്മനാ സമ്രാട്ടാ'യവൻ വീണ്ടും ഭവനത്തിലേക്കു മടങ്ങുകയാണ്. ആ മടങ്ങിവരവിൻെറ മുന്നോടിയാണ്—'മനുഷ്യൻ എന്ന ലക്ഷ്യ'മാണ്—ഇന്ത്യയിലെ സാമൂഹ്യവികസനപദ്ധതി.

## വിയർപ്പോ മന്ത്രമോ?

പിൻകുട്ടമക്കാരനായ ക്ഷേത്രപുരോഹിതനെക്കണ്ടിട്ട് ദൈവത്തിന്റെ പരിചാരകനാണെന്നല്ലാ ഒരു ഗുസ്തിക്കാരനാണെന്നാണ് തോന്നിയതു്. പക്ഷേ, അയാളുടെ ശിഷ്യന്മാർക്ക് അയാളെപ്പററിയുള്ള ഭക്തി, ദൈവത്തെപ്പോലും വിസ്മൃതനാക്കാൻ പോന്നതായിരുന്നു. പാതിരാസമയത്താണ് പുരോഹിതൻെറ കുളി. അതു് എൻെറ ജിജ്ഞാസയെ ഉണർത്തി. അതിന്റെ കാരണം കണ്ടുപിടിക്കണമെന്നു് എനിക്കു മോഹം തോന്നി. അടുത്തവീട്ടിൽ നടത്തിയിരുന്ന വേശ്യാലയത്തിലെ സ്ഥിരം പററുപടിക്കാരനാണ് അയാൾ എന്നു മനസ്സിലാക്കാൻ എനിക്ക് അധികംകാലം വേണ്ടിവന്നില്ല. പാതിരാസമയത്തെ കുളി, ക്ഷേത്രത്തിൽ പുനഃപ്രവേശനത്തിനു പ്രാരംഭമായി മനഃസാക്ഷിക്കുള്ള ഒരു ശുദ്ധീകരണപ്രക്രിയയായിരുന്നു. എല്ലാ വലിയ നഗരങ്ങളിലുമെന്നപോലെ കൽക്കട്ടയിലും കരിഞ്ചന്തക്കാർ ഊടുവഴികളിലിരുന്നു് ഉത്സാഹപൂർവ്വം വ്യാപാരംനടത്തുന്നുണ്ടു്. ദേശീയസമ്പത്തു കൈകാര്യംചെയ്യുന്ന ഈ അതിസാമർത്ഥ്യക്കാർ ഗംഗാനദിയിലേക്കു പോകുന്ന വഴിയിൽ എറുമ്പുകൾക്കു പഞ്ചസാര വിതറിക്കൊടുത്തു് തങ്ങളുടെ മനഃസാക്ഷിയെ ശുദ്ധീകരിക്കയാണ്.

നാം ഗവണ്മെൻറിനോട്ട നിസ്സഹകരിക്കയും, വിദേശോല്പന്നങ്ങൾ പരിവജ്ജിക്കയും, എല്ലാവരും കൈകൊണ്ട നൂൽനൂല്ക്കാൻ മുതിരുകയും ചെയ്യുന്നപക്ഷം പന്ത്രണ്ടുമാസക്കാലത്തിനുള്ളിൽ സ്വയംഭരണം നേടാൻ കഴിയുമെന്നു മുപ്പതു സംവത്സരങ്ങൾക്കുമുമ്പു ബാപ്പു പ്രഖ്യാപിക്കയുണ്ടായി. ആ വാഗ്ദാനംകൊണ്ടു നാം സംതൃപ്തരായി. ബാപ്പുവിനെ നാം മഹാത്മാവെന്നു വിളിക്കയും അതിനുപകരം അദ്ദേഹത്തിൽനിന്നും അത്ഭുതം പ്രതീക്ഷിക്കയും ചെയ്തു. ബാപ്പു പറഞ്ഞ പ്രധാന വ്യവസ്ഥയാകട്ടെ, നാം സൗകര്യമായി മറന്നുകളയുകയും ചെയ്തു. കുറെയൊക്കെ ബാപ്പുജി ഒററയ്ക്കുനിന്നുകൊണ്ടു ചെയ്ത കഠിനക്ലേശത്തിൻെറ ഫലമായും ഒട്ടൊക്കെ രാജ്യത്തിനകത്തും പുറത്തും പ്രവത്തിച്ചിരുന്ന മററുശക്തികൾ കാരണമായും ഇരുപതിലധികം വർഷങ്ങൾക്കുശേഷം ആ അത്ഭുതം സംഭവിച്ചപ്പോൾ രാജ്യത്തിൻെറ വിഭജനം എന്ന വിഷഫലത്തിൽനിന്നു രക്ഷയ്ക്കായി നാം ബാപ്പുവിനെത്തന്നെ ആശ്രയിച്ചു. നൂററാണ്ടുകളായിട്ടുള്ള വഴിതെറ്റിയ ചിന്തയുടേയും പ്രവൃത്തിയുടേയും ഫലമാണു് വിഭജനം എന്നു നമുക്കു് ഉള്ളിൽ ബോദ്ധ്യമുണ്ടായിരുന്നു. ഉള്ളിലേക്കു ചികഞ്ഞുനോക്കാൻ നാം ഏതായാലും കൂട്ടാക്കിയില്ല. ഒററരാത്രികൊണ്ടു് അത്ഭുതം പ്രവത്തിച്ചുകാണിക്കാൻ ബാപ്പുവിനു കഴിയാതെവന്നപ്പോൾ നാം അദ്ദേഹത്തെ കൊലപ്പെടുത്തി. നാം ആ സംഭവത്തിൽ ദുഃഖിച്ചു; എങ്കിലും ബാപ്പു മരിച്ചുകഴിഞ്ഞിരിക്കയാൽ അദ്ദേഹത്തിൻെറ വിഗ്രഹംവച്ചാരാധിക്കുന്ന ഒരുതരം പുതിയ ക്ഷേത്രങ്ങൾ നിമ്മിച്ചു് അവിടെ പുരോഹിതന്മാരായി കഴിഞ്ഞുകൂടാമല്ലോ എന്ന ചിന്തയിൽ സമാശ്വസിച്ചു. പക്ഷേ, ഇതു് ഇരുപതാം നൂററാണ്ടാണു്. ആധുനികശാസ്ത്രത്തിൻെറ അതിവേഗത്തിലുള്ള ഗവേഷണപ്രയാണത്തിനിടയിൽ അലാഡിൻെറ വിളക്കെന്ന മിഥ്യാസങ്കല്പം തിലസമാനം ചിതറിപ്പോകുന്നു. ജപമാലയുടെയും മന്ത്രത്തിൻെറയും സിദ്ധാന്തം ഇന്നു വിലപ്പോകയില്ല. ക്ഷേത്രങ്ങളും പുണ്യസ്ഥലങ്ങളും പുതിയ ആരാധകരെ ലഭിക്കായ്കയാൽ അസ്തമിച്ചുവരുകയാണു്. ദുർമ്മന്ത്രവാദത്തിനുവേണ്ട പൊരുൾ നൽകാൻ ഇന്നില്ല. യാഥാർത്ഥ്യത്തെ നേരിട

ണമെന്നുണ്ടെങ്കിൽ നാം ഈ കൊടിയ വഞ്ചനയിൽനിന്ന് ഒഴിഞ്ഞുനിന്നേ തീരൂ.

സാമൂഹ്യവികസനപ്രസ്ഥാനം ഉടലെടുത്തുകഴിഞ്ഞു. ലക്ഷക്കണക്കിൽ ആളുകളെ അതു് ആകർഷിച്ചിരിക്കുന്നു. പ്രസ്ഥാനത്തിനു വിപുലമായതോതിൽ പ്രസിദ്ധീകരണവും ലഭിച്ചു. ഇതിന്റെ പ്രവർത്തനസമ്പ്രദായത്തോടു് രാജ്യത്തിനു പൊതുവിൽ ആനുകൂല്യമാണുള്ളതു്. ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവ പ്രായേണ അപ്രധാനങ്ങളാണു്. അവ അംഗീകരിച്ചു നടപ്പിലാക്കുന്ന പ്രക്രിയ പുരോഗമിക്കുന്നുമുണ്ടു്. പൊതുവിൽ പറഞ്ഞാൽ പ്രസ്ഥാനം ഒരു പുതിയ വിശ്വാസത്തെ ഉല്പാദിപ്പിച്ചിരിക്കുന്നു എന്നു സംശയലേശമെന്യെ അവകാശപ്പെടാം. അതു് ഒരു പുതിയ ആവേശം സൃഷ്ടിച്ചിട്ടുണ്ടു്. ഇതെല്ലാം നല്ലതുതന്നെ. എങ്കിലും അപകടസാധ്യത അവശേഷിക്കുന്നു. ജപമാലയുടേയും മന്ത്രത്തിന്റേതുമായ പരമ്പരാഗതമായ സിദ്ധാന്തത്തിനു നാം വീണ്ടും ഇരയായെന്നുവരാം. സാമൂഹ്യവികസനപദ്ധതിയുടെ പ്രവർത്തനഫലമായി അത്ഭുതങ്ങളുണ്ടാകുമെന്നു നാം പ്രതീക്ഷിക്കാനും, ചുരുങ്ങിയ ഏതാനും വർഷങ്ങൾ കഴിയുമ്പോഴും ആ അത്ഭുതങ്ങൾ അകലെത്തന്നെയാണു നില്ക്കുന്നതെന്നു കാണുമ്പോൾ നിരാശാസന്തപ്തരായിപ്പോകാനും ഇടയുണ്ടു്. അതുകൊണ്ടു് സാധ്യതകളെല്ലാം നല്ലപോലെ വിശകലനം ചെയ്തു് എന്തു പ്രതീക്ഷിക്കാം എന്തു പ്രതീക്ഷിച്ചുകൂടാ എന്നുള്ള വ്യക്തമായ ധാരണയോടുകൂടെ വേണ്ടിയിരിക്കുന്നു നാം ആരംഭിക്കാൻ.

നിയമാധിഷ്ഠിതമായ ഒരു സമൂഹത്തിൽ ആത്മഹത്യാശ്രമം ശിക്ഷാർഹമായ കുറ്റമാണു്. അധികൃതർ നിർമ്മിച്ച കരടുരൂപരേഖയിൽ സാമൂഹ്യവികസനപദ്ധതിയെ വിവരിച്ചിരിക്കുന്നതു് പദ്ധതിയതിർത്തിക്കുള്ളിലുള്ള എല്ലാ പുരുഷനും സ്ത്രീക്കും കുട്ടിക്കും 'ജീവിക്കാനുള്ള അവകാശം' സ്ഥാപിക്കുന്നതിന്റെ മുന്നോടിയെന്നാണു്. എങ്കിലും ഒരു നിമിഷനേരത്തെ ആലോചന വ്യക്തമാക്കും, 'ജീവിക്കാനുള്ള അവകാശ'മെന്നതു് ഇന്നും കടലാസിൽ മാത്രം അവശേഷിക്കുന്ന ഒരു മോഹമാണെന്നു്. ആഹാരം ലഭിക്കായ്കയാൽ 30,00,000 ആളുകൾ കല്ക്ക

ട്ടയിലെ തെരുവുകളിൽ വീണു മരിച്ചു എന്നാണ് പറയപ്പെട്ടന്നതു്. പക്ഷേ, സദ്യകളും ഉത്സവങ്ങളും അപ്പോഴും നടന്നുകൊണ്ടിരുന്നു. നാടകശാലകളും സിനിമാപ്പുരകളും ക്ലബ്ബുകളും കുതിരപ്പന്തയങ്ങളും മധുരപലഹാരങ്ങളുടേയും പഴങ്ങളുടേയും വ്യാപാരവുമൊക്കെ ഒന്നും വിശേഷിച്ചു സംഭവിച്ചിട്ടില്ലാത്തതുപോലെ അവയുടെ സാധാരണവ്യാപാരങ്ങൾ തുടന്നുപോന്നു. ഒരു ജനാലയുടെപോലും കണ്ണാടി തകരാനിടയായില്ല. വിശപ്പുകൊണ്ടു വലഞ്ഞവർ ഒഴുകിവന്നുകൊണ്ടിരുന്നു. അവർ പൊതുനിരത്തുകളിലും ഊടുവഴികളിലും വീണുമരിച്ചു. കുറച്ചുപേർ കണ്ണീരൊഴുക്കി. ഒരു പ്രത്യേകതരം 'ഇസം' നിലവിലുണ്ടായിരുന്നുവെങ്കിൽ തങ്ങൾ ഇതിനു പരിഹാരമുണ്ടാക്കുമായിരുന്നു എന്നുപറഞ്ഞുകൊണ്ടു് പലരും പുകയുകയും തിളയ്ക്കുകയും ചെയ്തു. മറ്റുള്ളവർ വിദേശീയാധികാരികളുടെ ചെരിപ്പു നക്കുകയും, ഈ സംഭവത്തിൽനിന്നു മുതലെടുത്തുകൊണ്ടു് 'ജനങ്ങളുടെ യുദ്ധം' എന്നു് അവർ പേർവിളിച്ച സംരംഭത്തെ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു.

'ജീവിക്കാനുള്ള അവകാശ'മെന്നതു് അനിഷേധ്യമായ ഒന്നായി പുനഃസ്ഥാപിക്കണമെന്നുണ്ടെങ്കിൽ മാർഗ്ഗത്തിലുള്ള തടസ്സങ്ങളെ നേരിട്ടു്, ഉന്മൂലനംചെയ്തേ മതിയാകൂ എന്നതു വ്യക്തമാണു്. അജ്ഞത, ദാരിദ്ര്യം, രോഗം എന്നിവയാണു് ആ പ്രതിബന്ധങ്ങൾ. നമ്മുടെ ദുരിതത്തിന്റെ അടിസ്ഥാന കാരണങ്ങൾ ബാപ്പുജി അറിഞ്ഞിരുന്നു. വിദേശീയാധികാരികളെ പുറത്താക്കുന്നതുവരെ ഒന്നും ചെയ്യാൻ കഴിവുണ്ടാകയില്ലെന്നും അദ്ദേഹത്തിനറിയാമായിരുന്നു. വിദേശീയമേൽക്കോയ്മ പോയി. എങ്കിലും ഇന്നും പാതയിലെ പ്രതിബന്ധങ്ങൾ അനവധിയാണു്. തങ്ങളുടെ സ്ഥാനം സുരക്ഷിതമായി ഉറപ്പിക്കാൻതക്ക മാർദ്ദവമുള്ള സ്ഥാനങ്ങൾ കണ്ടെത്തുകയാലാണു് വിദേശികൾക്കു് ഇവിടെ ഭരണംനടത്താൻ കഴിഞ്ഞതു്. അതുകൊണ്ടു് അത്തരം സ്ഥാനങ്ങൾ ഉണ്ടായിരിക്കാത്ത പ്രകാരം ചികിത്സ നടത്തേണ്ടിയിരിക്കുന്നു.

പുതിയ വ്യവസ്ഥിതി ജന്മമെടുത്തിരിക്കുന്നു. അതിവേഗത്തിൽ അതു വികാസം പ്രാപിക്കയുമാണു്. സാമൂഹ്യവികസനപദ്ധതിയിൽ വിഭാവനചെയ്യപ്പെടുന്ന പരിപാടികളനുസ

രിച്ചു കൂടുതൽ ഭക്ഷണസാധനങ്ങളും കൂടുതൽ നല്ല റോഡുകളും, നല്ല ആരോഗ്യവും, ശുചീകരണയേർപ്പാടുകളും, കലൈത്തൊഴിൽ—കുടിൽവ്യവസായങ്ങൾ എന്നിവയിൽ പ്രവർത്തിക്കാൻ കൂടുതൽ സൗകര്യങ്ങളും ഒക്കെ ലഭ്യമാകുമെന്നു നമുക്കു നിശ്ചയമായി പ്രതീക്ഷിക്കാം; കുട്ടികളുടെ വിദ്യാഭ്യാസത്തിനും, അടിസ്ഥാനസമ്പ്രദായത്തിലുള്ള വിദ്യാഭ്യാസത്തിനും, സാമൂഹ്യവിദ്യാഭ്യാസത്തിനുമൊക്കെ കൂടുതൽ സൗകര്യങ്ങളുണ്ടാകുമെന്നും കൂടുതൽ ഭവനങ്ങൾ നിർമ്മിക്കാൻ കഴിയുമെന്നും പഞ്ചായത്തുകളുടെയും സഹകരണസ്ഥാപനങ്ങളുടെയും വികസനത്തിലൂടെ ഒരു സാമൂഹ്യമായ കാഴ്ചപ്പാടു വളർന്നു വരുമെന്നുമൊക്കെ പ്രതീക്ഷിക്കാം. ആയസമായ നിശ്ചയദാർഢ്യവും അതിനു് ഉരുക്കുപോലെ ഉറച്ച ആജ്ഞയുടെ ആധികാരികപിൻതുണയും ഉള്ളതുകൊണ്ടു് നിശ്ചയമായും ഈ ലക്ഷ്യം പ്രാപിക്കുകതന്നെചെയ്യും. ഇതു സാധിക്കുന്നതിനുള്ള പരിപാടിയുടെ വിശദാംശങ്ങൾ ആസൂത്രണംചെയ്തുകൊണ്ടിരിക്കയാണു്. പക്ഷേ, ഇവിടെ ഒരു പ്രശ്നം ഉത്ഭവിക്കുന്നു—'മുകളിൽനിന്നുള്ള നാനാമുഖമായ നിർബ്ബന്ധങ്ങൾമൂലം ഈ ഭൗതികലക്ഷ്യങ്ങൾ പ്രാപിച്ചുതുടങ്ങുമ്പോൾ പിന്നെ എന്താണു് സംഭവിക്കുക?'

ഇത്തവണ തൃപ്തികരമായ അളവിൽ മഴ ലഭിച്ചു. വിജയകരമായി വിളവിറക്കു നടന്നു. നാട്ടിൻപുറം ഹരിതാഭമായി. വളരെ വർഷങ്ങളായി കണ്ടിട്ടില്ലാത്തവിധം അത്ര പച്ചപിടിച്ചു കാണപ്പെട്ടു, ഗ്രാമലക്ഷ്മി. അതാ വെട്ടുക്കിളികൾ പ്രത്യക്ഷപ്പെട്ടുതുടങ്ങുന്നു. കർഷകരുടെ ഒരു പേടിസ്വപ്നമായിരിക്കയാണിതു്. ഈ വെട്ടുക്കിളിശല്യം ഒഴിവാക്കിക്കൊടുക്കുന്ന വിഷയത്തിൽ സാമൂഹ്യവികസനപദ്ധതിയിൽപ്പെട്ട പ്രദേശങ്ങൾക്കുവേണ്ടി നമുക്കു് എന്തു ചെയ്തുകൊടുക്കാൻ കഴിയും? ആകാശത്തിലൂടെ പറന്നുവരുന്ന വെട്ടുക്കിളികളല്ല; പുറമെ പൂണൂൽ ധരിച്ചു്, ജപമാലയിലെ കായെണ്ണി മന്ത്രവും ജപിച്ചു് ഭൂതലത്തിൽ സഞ്ചരിക്കുന്ന നമ്മിൽപ്പെട്ട വെട്ടുക്കിളികൾ—കോടതികളിൽ കയറിയിറങ്ങി കേസുനടത്തി വിജയം നേടുന്ന വ്യവഹാരപ്രിയന്മാർ—യൂണിഫോറമോ നെററിയിൽ സർക്കാരിൻെറ മുദ്രയോ വഹിച്ചുകൊണ്ടു് സാധാരണമനുഷ്യരുടെ

വിവിധങ്ങളായ പ്രവൃത്തിമണ്ഡലങ്ങളിലിടപെട്ടു് അവരിൽ നിന്നു കോഴവാങ്ങുന്നവർ—മനുഷ്യന്റെ പൂർണ്ണരോഗമുക്തിക്കുതകത്തക്കവിധം ചികിത്സിക്കുന്നതിനു പകരം ഒരു രോഗത്തിനു പകരം മറെറാരു രോഗം ഉല്പാദിക്കത്തക്കവിധം ചികിത്സിക്കുന്ന നമ്മുടെ ഭിഷഗ്വരന്മാർ—ജനങ്ങളെ ചൂഷണംചെയ്തു സ്വന്തം മെയ്യ് കൊഴുപ്പിക്കാൻ ശ്രമിക്കുന്ന ജനപ്രതിനിധികൾ—ഉല്ലാസത്തിന്റെപേരിൽ നമ്മുടെ നാഗരികതയെത്തന്നെ കടന്നാക്രമിച്ചു നാമാവശേഷമാക്കിക്കൊണ്ടു് രാഷ്ട്രത്തിന്റെ ആത്മാവിനെ ദൂഷിതമാക്കിത്തീർക്കുന്ന വെട്ടുക്കിളിരാജാക്കന്മാർ—അവരെയാണുദ്ദേശിക്കുന്നതു്. ഈ പരാന്നഭോജിസമ്പ്രദായം അവസാനിപ്പിക്കാനും നമ്മുടെ ആത്മാവിനെ നാമറിയാതെയും അനുസ്യൂതമായും പിടിച്ചടക്കിക്കൊണ്ടിരിക്കുന്ന മിസ്റ്റർ ഹൈഡിനെ തടയാനുംവേണ്ടി സാമൂഹ്യവികസനപദ്ധതി എങ്ങനെ പ്രയോജനപ്പെടുത്താം? ഇവിടെയാണു് കാര്യത്തിന്റെ കാതലായ ഭാഗം—പ്രസ്ഥാനത്തെ അഭിമുഖീകരിക്കുന്ന പ്രശ്നം—പൊന്തിവരുന്നതു്.

ജനങ്ങൾക്കും ജനപ്രതിനിധികൾക്കും അപരിചിതന്മാരായ ആളുകളായിരിക്കും പദ്ധതിപ്രവർത്തനത്തിൽ ജോലിക്കാരായി വരുന്നവർ. ജനപ്രതിനിധികൾക്കു് ഗവണ്മെന്റിന്റെ പ്രതിനിധികളുമായും തങ്ങളെ തിരഞ്ഞെടുത്തവരും വീണ്ടും തിരഞ്ഞെടുക്കേണ്ടവരുമായ ജനങ്ങളുമായും ഇടപെടാൻ വൈമുഖ്യമാണു്. ജനങ്ങൾക്കാണെങ്കിൽ ഈ രണ്ടു കൂട്ടരുടെയും ശല്യത്തിൽനിന്നു മോചനം കിട്ടിയാൽ മതിയെന്നേയുള്ളൂ. സാമൂഹ്യവികസനപദ്ധതിയെന്നതു് ജനങ്ങളുടെ ഒരു പരിപാടിയായിത്തീരണമെന്നുണ്ടെങ്കിൽ, പദ്ധതിപ്രവർത്തനത്തിന്റെ മേഖലയിലുള്ള വിവിധഘടകങ്ങളുടെ ഒരു പൊതുപ്രസ്ഥാനമായിത്തീരണം, അതു്. അതുകൊണ്ടു് അവക്കിടയിലുള്ള വിടവു നികന്നുവരണം. അതിനാവശ്യമായ പ്രയത്നം ചെയ്യാനുള്ള പ്രാപ്തി പദ്ധതിയുദ്യോഗസ്ഥന്മാർക്കുണ്ടാകുമോ? ജനപ്രതിനിധികൾ, പിൻവാങ്ങിനില്ക്കാതെ സർവ്വ കരണങ്ങളാലും സഹകരിക്കുമോ? ജനങ്ങൾ അവരുടെ ഭയം കൈവെടിയുമോ? പദ്ധതിയുദ്യോഗസ്ഥന്മാർവേണം മുൻകൈ എടുക്കാൻ. ബുദ്ധിമുട്ടുള്ള പണിയാണിതു്; ഒരുവേള, ഗവണ്മെ

ന്റുദ്യോഗസ്ഥന്മാർക്ക് നേരിടേണ്ടിവന്നിട്ടുള്ളതിലേക്കും ഏററവും അനുഭാവരഹിതമായ രംഗം. അവർ ആ പ്രയത്നത്തിനു പ്രാപ്തരാകുമോ? പദ്ധതി ആരംഭിക്കണമെന്നുണ്ടെങ്കിൽ, അവർ അതിനു മുതിർന്നേതീരൂ.

ജാഗീർദാരന്മാർ, താലൂക്കുദാരന്മാർ, സെമിന്ദാർമാർ, പണവ്യാപാരികൾ, ഗ്രാമപ്രദേശങ്ങളിൽ സർവ്വാധിപത്യം നടത്തിയിരുന്ന ചെറിയ ഗവണ്മെന്റുദ്യോഗസ്ഥന്മാർ എന്നിവരുടെയൊക്കെ സ്ഥാനോന്നതിക്ക് ഈ പുതിയ ആൾക്കാരുടെ ആഗമനം ഇടിവുതട്ടിക്കും. പുതിയ വ്യവസ്ഥിതിയിലെ സേവനത്തിന്റെ അടിസ്ഥാനത്തിൽ അവർക്കുമെല്ലാം മാന്യസ്ഥാനം നൽകേണ്ടതുണ്ടു്. തങ്ങൾ ചെയ്യുന്ന പ്രയത്നത്തിന്റെ പ്രശസ്തി മററുള്ളവർക്കു ലഭിക്കുമ്പോൾ മന്ദഹസിച്ചുകൊണ്ടു പിൻതലത്തിലേക്കു മാറിനില്ക്കാനുള്ള വിവേകം പദ്ധതിയിലെ ഉദ്യോഗസ്ഥന്മാർക്കുണ്ടാകുമോ? അക്ഷരശൂന്യതയും അജ്ഞതയും നാട്ടിൽ നടമാടുകയാണു്. അനവസാനമായ ജനസമുദ്രം. അവരുടെ അനുഭാവരാഹിത്യവും അവരിൽനിന്നുത്ഭവിക്കുന്ന പ്രതിബന്ധങ്ങളും മനംമടുപ്പിക്കുന്നവയായിരിക്കും. അല്പജ്ഞാനം പ്രസരിച്ചുതുടങ്ങുമ്പോൾ അതു്, ആളുകളുടെയിടയിൽ പലതരം ദുഷ്പ്രവണതകൾ വളർന്നുവരാൻ കാരണമാകും. നിലവിലുള്ള പിൻതിരിപ്പൻശക്തികൾ—കുറഞ്ഞോ കൂടിയോ ഉള്ള തോതിൽ അവ നിശ്ചയമായും ഉണ്ടായിരിക്കും—അവരുടെകൂടെ കൂടും. ഈ അപകടം ഒഴിവാക്കാനുള്ള ശ്രമം ചെയ്യേണ്ടിവരും. ഇതുകൊണ്ടൊന്നും മനംമടുക്കാതെ മാതാവോളം ക്ഷമയോടെ പണിയെടുക്കാൻ പദ്ധതിയുദ്യോഗസ്ഥന്മാർക്കു കഴിയുമോ? അത്ഭുതകരമായ കരകൗശലവേലകൾക്കും ചിത്രരചനാപാടവത്തിനും നൃത്തസംഗീതാദികൾക്കും കാവ്യനാടകങ്ങൾക്കും ഭജനകീർത്തനാദികൾക്കും രൂപം നല്കിയ സരളബുദ്ധികളായ നമ്മുടെ ഗ്രാമീണരുടെ സൃഷ്ട്യുന്മുഖമായ പ്രതിഭ, വിദേശത്തുനിന്നു കടംകൊണ്ട ജാസ്സംഗീതത്തിന്റേയും ത്രികോണപ്രേമംകൊണ്ടു സംഘട്ടനാത്മകമാക്കിയ ചലച്ചിത്രത്തിന്റേയും സാന്നിദ്ധ്യത്തിൽ നാണംകെട്ടുകൊണ്ടു മരിക്കുകയാണു്. ദേശീയകലാരൂപങ്ങളുടെ മാന്യതയെ പുനരുദ്ധരിക്കാനും ഇരുപതാംനൂററാണ്ടിന്റെ പശ്ചാ

ത്തലത്തിനനുരൂപമായി അതിനെ നവീകരിക്കാനുമുള്ള സൃഷ്ടിപരമായ ചിന്താഗതിയും വിപ്ലവമനോഭാവവും പദ്ധതിയുദ്യോഗസ്ഥന്മാക്കുണ്ടാകുമോ? കൈകൊണ്ടു പണിയെടുക്കുന്നതു് ഇന്നും ഭൃത്യന്മാക്കേ ചെയ്യുകൂടൂ എന്നാണു് വച്ചിരിക്കുന്നതു്. 'നവഭാരത'ത്തിലെ പൗരത്വത്തിനുള്ള മാനദണ്ഡം 'അഴുക്കുപുരണ്ട കൈ' ആണു് എന്ന തത്വം അംഗീകൃതമാകണം. മാതൃകകൊണ്ടുവേണം തത്വോൽബോധനത്തെ ഉദാഹരിക്കാൻ, എപ്പോഴുമെന്നപോലെ ഇവിടെയും. ഈ പുതിയ വിശ്വാസം അംഗീകരിക്കാൻ—വെറും പ്രകടനത്തിനുവേണ്ടിയല്ല, തങ്ങളുടെ ജീവിതത്തിന്റെ അവിഭാജ്യാംശമായി സ്വീകരിക്കാൻ—പദ്ധതിയുദ്യോഗസ്ഥമണ്ഡലത്തിന്റെ മുകളിൽ മുതൽ ചുവടററംവരെയുള്ളവർ തയാറാകുമോ? കടലാസിൽ വിവരിക്കുമ്പോൾ വിയപ്പു് മധുരമാണു്. പക്ഷേ, സൂര്യന്റെ ചുട്ടുപൊള്ളുന്ന വെയിലിൽ അതു് ക്ലേശനിർഭരമായിരിക്കും. അവക്കു് ഈ പ്രയത്നത്തിൽ ഉറച്ചുനില്ക്കാൻ കഴിയുമോ; ഉറച്ചുനില്ക്കുമോ?

സമൂഹത്തിനൊട്ടാകെ പ്രയോജനകരമായ പ്രവൃത്തികൾ ചെയ്തിട്ടാണു് പണ്ടത്തെ ഇന്ത്യയിൽ സമ്പന്നരായ ആളുകൾ സമുദായത്തിൽ മാന്യനില നേടിയിരുന്നതു്. 'തൊണ്ണൂററിയൊമ്പതി'ന്റെ കളിയുടെ സ്ഥാനത്തു് 'ഒന്നിന്റെ' കളിയേപ്പെടുത്താൻ പദ്ധതിയുദ്യോഗസ്ഥന്മാക്കു കഴിയുമോ? ഇവിടെയും തത്വപ്രസംഗംകൊണ്ടു കാര്യമില്ല. തത്വം പഠിപ്പിക്കാനൊരുമ്പെടുന്ന ആളിൽനിന്നുതന്നെ വേണം ആദ്യത്തെ നീക്കമുണ്ടാകാൻ. 'ആരുമായി മാനസികൈക്യമുണ്ടോ അവക്കുവേണ്ടി ജീവിക്കുക' എന്നതായിരിക്കണം പ്രവൃത്തിയുടെ ലക്ഷ്യം. ഇതു കൂടുതൽ ക്രൈസ്തവമായിപ്പോയെന്നുണ്ടോ? ഇല്ല, 'മനുഷ്യനെന്ന ലക്ഷ്യം'തന്നെയാണിതു്. ഇരുപതാംനൂററാണ്ടിലെ ലോകം വളരെ ചുരുങ്ങിപ്പോയി. സമുദ്രങ്ങളും പവ്വതങ്ങളും ഇപ്പോൾ മാഗ്ഗതടസ്സമായി നിൽക്കുന്നില്ല. ഭൂമിയിൽ ഒററപ്പെട്ട ഒരു ദ്വീപിനു് ഇപ്പോൾ സ്ഥാനമില്ല. അതുകൊണ്ടു് മനുഷ്യനെ ഒരു അവിഭാജ്യസങ്കല്പമായി കരുതി പെരുമാറേണ്ടിയിരിക്കുന്നു. പദ്ധതിയുദ്യോഗസ്ഥന്മാരും അതിലെ അനുദ്യോഗസ്ഥസഹകാരികളും പദ്ധതിയുടെ വിജയത്തിനു

വേണ്ടി അനുസ്യൂതമായും ഊർജ്ജസ്വലമായും പ്രവർത്തിച്ചുകൊണ്ടിരിക്കുമെന്നുതന്നെ സങ്കല്പിച്ചാൽപ്പോലും ഭയവും ദുരയും നിറഞ്ഞ ബാഹ്യലോകത്തിന്റെ ആഘാതത്തെ പദ്ധതിയതിർത്തിക്കുള്ളിലുള്ള മനുഷ്യന് എത്രനാൾ അതിജീവിക്കാൻ കഴിയും?

'ജീവിക്കാനുള്ള അവകാശം' സ്ഥാപിക്കുക എന്ന ലക്ഷ്യം പ്രാപിക്കുന്നതു് അത്ര നിഷ്പ്രയാസമായ കാര്യമല്ല എന്നാണു് സൂചിപ്പിച്ചതു്. അവകാശത്രയം കൈവരുത്തുന്നതിനു് ഒരു പരമാധികാരബോധം സംജാതമാകണം. ആ ബോധം സാർവ്വത്രികമായ തോതിൽ ഉണർത്തപ്പെടണം. പരമാധികാരത്തിലേക്കു് ഒരുകാലത്തും കുറുക്കുവഴിയൊന്നുമുണ്ടായിരുന്നിട്ടില്ല. നീണ്ടപാതയാണു്, അന്തിമവിശകലനത്തിൽ ഈ തീർത്ഥയാത്രയിലെ എളുപ്പവഴിയായിട്ടു പരിണമിക്കുക. അതുകൊണ്ടു് ഈ യത്നത്തിന്റെ വൈപുല്യവും മാർഗ്ഗത്തിലുള്ള പ്രതിബന്ധങ്ങളും നാം ശരിക്കു മനസ്സിലാക്കിയിരിക്കണം. സാമൂഹ്യവികസനപദ്ധതിയിലൂടെ മഹാബലികാലത്തെ സമൃദ്ധി പ്രതിജ്ഞചെയ്യാൻ കുറേയേറെക്കാലത്തേക്കുകൂടെ നിവൃത്തിയില്ല. എന്നാൽ ആ ലക്ഷ്യത്തിലേക്കുള്ള പാതയുടെ അടിസ്ഥാനമുറപ്പിക്കാമെന്നു് അതു പ്രതിജ്ഞചെയ്യുന്നു. ഹിമശേഖരത്തിലെ ഉരുൾപൊട്ടലാരംഭിച്ചു. ചുവട്ടിലോ മുകളിലോ ഉള്ള ഒരു ശക്തിക്കും അതിന്റെ പാച്ചിലിനെ തടയാൻ കഴിവില്ല. അതു നമ്മുടെ അനുജ്ഞയ്ക്കുവേണ്ടി കാത്തുനിൽക്കില്ല. വെറുതേ നോക്കിനിന്നാൽ ആ ഹിമപ്പാച്ചിൽ നമ്മെക്കൂടെ ഒഴുക്കിക്കൊണ്ടുപോയി അപകടത്തിൽ പെടുത്തും. നേരേമറിച്ചു് നമുക്കു് അതിനൊഴുകിപ്പോകാനുള്ള തോടു വെട്ടിത്തെളിച്ചുകൊടുക്കുകയും തിരമാലകൾക്കുപരി സഞ്ചരിച്ചു് ഒഴുക്കിനെ ഇരുകരകൾക്കുള്ളിലൂടെ നിയന്ത്രിച്ചുകൊണ്ടുപോകാൻ കഴിയുകയും ചെയ്യും. മരണമോ ജീവിതമോ തിരഞ്ഞെടുക്കാൻ ഭാവി ആവശ്യപ്പെടുന്നു. ദയാമയനായ ദൈവം നമ്മെ പുതുജീവിതത്തിലേക്കുള്ള പാതയിൽ ദീപയഷ്ടിവാഹകന്മാരായി തിരഞ്ഞെടുത്തിരിക്കുന്നു. വിയർപ്പാണു് നമ്മുടെ ഉപകരണം. നാം ശ്രദ്ധാപൂർവ്വം ഒഴിഞ്ഞുമാറേണ്ട ഒന്നാണു് പിശാചിന്റെ വിനോദമായ 'മന്ത്രം'.

# ഗ്രാമത്തിലെ എൻെറ സ്വജനങ്ങളോട്

നമ്മുടെ രാജ്യം കിഴക്കനിന്നു പടിഞ്ഞാറോട്ട് 2000 മൈൽ നീളത്തിലും വടക്കനിന്നു തെക്കോട്ട് 2000 മൈൽ നീളത്തിലും വിസ്താരമായി കിടക്കുന്നു എന്നു നിങ്ങൾക്കറിയാം. നമ്മുടെ പ്രപിതാമഹന്മാർ, ഇന്നു നിങ്ങൾ വസിക്കുന്നതുപോലെ, നമ്മുടെ നാട്ടിൻപുറങ്ങളിൽ വസിച്ചിരുന്നു. പഴയകാലത്തുമുണ്ടായിരുന്നു, സമ്പന്നരും ദരിദ്രരും. എന്നാൽ അവർ അവരുടെ ഗ്രാമത്തിൻെറ അതിത്തിക്കുള്ളിൽ ജീവിക്കയും പരസ്പരം കഴിവനുസരിച്ചു സഹായിക്കയും ചെയ്യപോന്നു. ഗ്രാമം മുഴുവനുംകൂടെ ഒരു വലിയ കുടുംബംപോലെയാണു കഴിഞ്ഞിരുന്നതു്. കൃഷി മുതൽ വൈദ്യംവരെയുള്ള എല്ലാ തൊഴിലുകളും അതുകൂടാതുള്ള കൈത്തൊഴിലുകളും മററു പണികളുമെല്ലാം ചെയ്യുന്നവരുണ്ടായിരുന്നു. ഓരോരുത്തൻേറയും തൊഴിൽ മററുള്ളവരുടെ ആവശ്യങ്ങളുടെ പൂത്തീകരണത്തിനു സഹായകമായിരുന്നു എന്നുതന്നെയല്ല, എല്ലാം ചേരുമ്പോൾ ഗ്രാമജീവിതത്തിലെ പ്രാഥമികാവശ്യങ്ങളുടെ കായ്യത്തിൽ സ്വയംപയ്യാപ്തത അനുഭവപ്പെട്ടുകയും ചെയ്തിരുന്നു. ആളുകൾ തമ്മിൽ വഴക്കുണ്ടായാൽ—അവരിൽ ജീവശക്തി നിലനില്ക്കുന്നകാലത്തോളം ഇടയ്ക്കിടെ വഴക്കുകൾ ഉണ്ടാവുക തന്നെ ചെയ്യും—അത്തരം തക്കങ്ങൾ പറഞ്ഞവസാനിപ്പിക്കുന്നതു ഗ്രാമത്തലവനാണു്. അതോടെ ആ വഴക്കു് പാടേ അവസാനിക്കുന്നു. ആ പക ആരും വച്ചുപുലത്തുകയുമില്ല.

ആധുനികശാസ്ത്രത്തിൻെറയും സാങ്കേതികവിജ്ഞാനത്തിൻെറയും വികാസത്തോടെ ഇംഗ്ലണ്ടിലും യൂറോപ്പിലും അയൽരാജ്യങ്ങളിലും വദ്ധമാനമായ തോതിൽ വളന്നുവന്ന ഫാക്ടറികളിലെ ഉൽപന്നങ്ങളുടെ വിപണനസങ്കേതമായി ജനലക്ഷങ്ങൾ നിറഞ്ഞ ഇന്ത്യയെ കോളണിഭരണം പരിഗണിച്ചുതുടങ്ങി. ഇന്ത്യയിലെ കൈത്തൊഴിലിലും കുടിൽവ്യവസായത്തിലും ഉണ്ടാകുന്ന ഉൽപന്നങ്ങളും വിദേശത്തുനിന്നു കൊണ്ടുവന്നു ചാടിക്കുന്ന യന്ത്രനിമ്മിതമായ ഉൽപന്നങ്ങളും തമ്മിൽ സഹവത്തിക്കുക സാദ്ധ്യമായിരുന്നില്ല. മുമ്പോട്ടു നീങ്ങിവരുന്ന യന്ത്രത്തിൻെറ മുമ്പിൽ കൈകളും ഹൃദയവും

പിൻവാങ്ങി. ഈ പ്രക്രിയയിൽ നമ്മുടെ ഗ്രാമവ്യവസായങ്ങൾ നശിച്ചു. ഇറക്കുമതിചെയ്യപ്പെടുന്ന ഉൽപന്നങ്ങളുടെ വിപണനസൗകൎയ്യത്തിനുവേണ്ടി പുതിയ പട്ടണങ്ങളും നഗരങ്ങളും ഉയൎന്നുവന്നു. അതിൻെറകൂടെ റോഡുകളും തീവണ്ടിയും, പോലീസും കോടതിയും, മററു സ്ഥാപനങ്ങളുമൊക്കെ വന്നു; പുതുതായി അടിമകളാക്കപ്പെട്ട ജനങ്ങളെ അമൎത്തിവച്ചുകൊണ്ടിരിക്കാൻവേണ്ടി.

തന്നാട്ടുകാരുടെ സഹകരണംകൂടാതെ ഒരു നാടിൻെറ മേലും ഒരു വിദേശശക്തിക്കും അധികാരം നേടാൻ കഴിവുണ്ടാകയില്ല. അതുകൊണ്ടു്, പ്രാഥമികോൽപാദകരുടെ താല്പൎയ്യത്തിനു വിരുദ്ധമായ ഏകമാൎഗ്ഗചലനംകൊണ്ടു് ഇന്ത്യയിൽനിന്നു നേടിയ കൊള്ളമുതലിൻെറ സിംഹഭാഗവും കടലിനക്കരെയ്ക്കു കടത്തിക്കൊണ്ടുപൊയ്ക്കൊണ്ടിരുന്നെങ്കിലും ആ പ്രക്രിയയിൽ കൂട്ടുനിന്നു സഹായിച്ചവൎക്കും അങ്ങുമിങ്ങും ഓരോ കഷണം എറിഞ്ഞുകൊടുക്കപ്പെട്ടിരുന്നു. അങ്ങനെ, നമ്മുടെ ഭരണാധികാരികളുടെ ഭാഷയിൽ പറഞ്ഞാൽ, നാം, നമ്മുടെ വിയൎപ്പുകൊണ്ടുൽപാദിപ്പിക്കുന്ന അസംസ്കൃതസാധനങ്ങളുടെ കയററുമതിക്കാരും, അതിനുപകരം ഇറക്കുമതിചെയ്യപ്പെട്ട പാട്ടയിലടച്ച സാധനങ്ങളുടെ ഉപഭോക്താക്കളുമായിത്തീൎന്നു. നമ്മുടെ കച്ചവടക്കാരും മററു് ഇടനിലവ്യാപാരികളും അമിതാദായത്തിൻെറ പങ്കു കിട്ടാനുള്ള തങ്ങളുടെ അവകാശം ഉറപ്പിക്കാൻവേണ്ടി താമസം ഭരണതലസ്ഥാനങ്ങളുടെ പരിസരങ്ങളിലാക്കി. അങ്ങനെയാണു് ഈ ദുൎഭഗവ്യാപാരത്തിൻ്റെ കേന്ദ്രങ്ങളെന്ന നിലയിൽ പുതിയ നഗരങ്ങളുടെ രൂപത്തിൽ കുരുപ്പുകൾ ഉയൎന്നുവന്നതു്. നമ്മുടെനാട്ടിൻപുറത്തെ മനുഷ്യശക്തിയുടെ സത്തായ ഭാഗം മദ്യശാലകളുടെയും ചൂതുകളിസ്ഥലങ്ങളുടെയും മററു വിനോദങ്ങളുടെയും ആകൎഷണത്തിൽ പെട്ടു് ഈ പുതിയ നഗരകേന്ദ്രങ്ങളെ ലക്ഷ്യമാക്കി ഒഴുകിത്തുടങ്ങി.

1947 ആഗസ്റ്റ് 15-ാംതീയതി ഇന്ത്യ വിദേശഭരണത്തിൽനിന്നു മോചനം നേടിയപ്പോൾ വൻനഗരങ്ങളിൽനിന്നു വിദേശീയഭരണത്തിൻെറ പ്രതിനിധികൾ ഒഴിഞ്ഞുപോകയും ആ സ്ഥാനങ്ങളിൽ നമ്മുടെ നാട്ടുകാർ കയറുകയും ചെയ്തു. എന്നാൽ ഡൽഹിയോ, ബോംബെയോ, കൽക്കട്ടയോ,

മദ്രാസോ മററു നഗരങ്ങളോ മാത്രംകൊണ്ടു് ഇന്ത്യയുടെ ചിത്രം പൂർത്തിയാകുന്നില്ല. വാസ്തവം പറഞ്ഞാൽ നമ്മുടെ ജനങ്ങളുടെ 82 ശതമാനവും ഇന്നും താമസിക്കുന്നതു് ഗ്രാമങ്ങളിലാണു്. നൂറിൽ അൻപത്തൊന്നോ അധികമോ ആളുകളുടെ അഭിപ്രായമെന്തോ അതിനായിരിക്കണം പ്രാബല്യമെന്നതാണല്ലോ ജനായത്തഭരണസിദ്ധാന്തം. നാം അതിൽ വിശ്വസിക്കുന്നു. വലിയ നഗരങ്ങളെ കേന്ദ്രീകരിച്ചു വമ്പിച്ച കെട്ടിടനിർമ്മാണപരിപാടികളും മററു ജീവിതസൗകര്യങ്ങളേർപ്പെടുത്തലുമൊക്കെ വൻതോതിൽ നടത്തുന്നതുകൊണ്ടൊന്നും രാഷ്ട്രസൃഷ്ടിയുടെ കാര്യത്തിൽ കാര്യമായിട്ടുള്ള പുരോഗതി കൈവരുകയില്ല. നവഭാരതത്തിൻെറ നിർമ്മാണമാരംഭിക്കേണ്ടതു് അവരുടെ പ്രാഥമികപൗരന്മാർ നിവസിക്കുന്ന നമ്മുടെ ഗ്രാമപ്രദേശങ്ങളിൽനിന്നു വേണം.

വിദേശഭരണം നിലവിലിരുന്ന ഇരുനൂറു സംവത്സരക്കാലത്തു് നഗരങ്ങളിലെ നമ്മുടെ സുഹൃത്തുക്കൾ ഗ്രാമങ്ങൾ ഉണ്ടെന്നുള്ള കാര്യംതന്നെ വിസ്മരിച്ചുപോയിരുന്നു. ആഹാരസാധനങ്ങളും മററു് അസംസ്കൃതവിഭവങ്ങളും വേണ്ടപ്പോൾ മാത്രമാണു് അവർ ഗ്രാമങ്ങളെ ഓർക്കുക. അവയ്ക്കു കഴിവുള്ളത്ര തുച്ഛമായ വില കൊടുക്കാനും അവർ മറന്നില്ല. ഈ പശ്ചാത്തലത്തിൽ, ഭൂതകാലത്തിൻെറ സ്മരണകളെ കെട്ടിപ്പുണർന്നുകൊണ്ടിരിക്കുന്ന പലരേയും പുതിയ വ്യവസ്ഥിതി ബോദ്ധ്യപ്പെടുത്താനും നഗരങ്ങൾക്കൊപ്പംതന്നെ ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കുവകാശം ഗ്രാമങ്ങൾക്കുമുണ്ടെന്നുള്ള കാര്യം മനസ്സിലാക്കിക്കൊടുക്കാനും എത്രയധികം ക്ലേശം ഭരണയന്ത്രത്തിൻെറ തലപ്പത്തുള്ള നേതാക്കന്മാർക്കു സഹിക്കേണ്ടിവന്നിരിക്കുമെന്നു് നമുക്കു് ഏതാണ്ടൂഹിക്കാം. 'ആദ്യമായി നമ്മുടെ ഗ്രാമങ്ങൾ വിദേശത്തുനിന്നിറക്കുമതിചെയ്യേണ്ടിവരുന്ന ഭക്ഷ്യവിഭവക്കമ്മി നികത്താനും കുറെ കരുതിവെയ്ക്കാനും തക്കവിധം കൂടുതൽ ഭക്ഷ്യസാധനങ്ങൾ ഉല്പാദിപ്പിക്കട്ടെ. അപ്പോൾ അവയ്ക്കു് കൂടുതൽ സ്കൂളുകൾ, ആശുപത്രികൾ, ശുചീകരണസൗകര്യങ്ങൾ, റോഡുകൾ, വാർത്താവിനിമയോപാധികൾ, വ്യവസായവൽക്കരണസൗകര്യങ്ങൾ, തുടങ്ങിയവയൊക്കെ സജ്ജമാക്കിക്കൊടുക്കുന്ന കാര്യം നമുക്കാലോചിക്കാം' എന്നാണു്

അക്കൂട്ടർ അഭിപ്രായപ്പെട്ടതു്. മററുള്ള കാര്യങ്ങളിൽനിന്നു് ഒററപ്പെടുത്തി തിരിച്ചെടുക്കാവുന്ന ഒന്നല്ല കൃഷി, എന്നു് അവർ ഓർമ്മിച്ചില്ല. ഉദാഹരണമായി, ജലസേചനസൗകര്യം, ഉഴവുമൃഗങ്ങൾ, നല്ല കൃഷിയായുധങ്ങൾ, വിപണനം—സംഭരണം—കടംവാങ്ങ മുതലായവയ്ക്കുള്ള സൗകര്യങ്ങൾ നല്ല മാറുള്ള സഹകരണസമ്പ്രദായം, ഇവയൊക്കെക്കൂടാതെ നല്ല രീതിയിൽ കൃഷിനടത്താൻ സാദ്ധ്യമല്ല; അതുപോലെതന്നെ ഗതാഗതസൗകര്യമില്ലാതെ സാധനങ്ങൾ ഒരിടത്തുനിന്നു മറെറാരിടത്തേക്കു നീക്കാനാവില്ല; കൃഷിയിറക്കുകയും വിളകൊയ്യുകയും ചെയ്യണമെങ്കിൽ നല്ല ആരോഗ്യമുണ്ടായിരിക്കണം; നന്നായി കൃഷിചെയ്യാനുള്ള സാങ്കേതികജ്ഞാനമുണ്ടാകുന്നതിനും കാലാകാലങ്ങളിൽ ആ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളറിഞ്ഞു് ആധുനികരീതിയിൽ കൃഷി ചെയ്യുന്നതിനും വിദ്യാഭ്യാസം കൂടിയേതീരൂ; തൊഴിൽരഹിതരും വേണ്ടത്ര തൊഴിലില്ലാത്തവരുമായ വിഭാഗത്തിനു് ഉപജീവനമാർഗ്ഗമുണ്ടാക്കാനും, കൃഷിയിൽനിന്നുണ്ടാകുന്ന മിച്ചം നിത്യോപയോഗസാധനങ്ങളുടെ നിർമ്മാണത്തിലേക്കു തിരിച്ചുവിടാനും, അങ്ങനെ ആത്മഹത്യാപരമായ വ്യവഹാരമനോഭാവത്തിൽനിന്നു മനുഷ്യരെ വിമുക്തരാക്കാനുംവേണ്ടി ഗ്രാമവ്യവസായങ്ങളും ആരംഭിക്കണം. അടിസ്ഥാനപരമായ കാര്യങ്ങളിൽ വളരെയധികം പിടിവലിനടന്നശേഷം ഒടുവിൽ, ഇന്നു സാമൂഹ്യവികസനപരിപാടി എന്നു വിളിക്കപ്പെടുന്ന പദ്ധതി ആരംഭിക്കുന്നതിൽ ഗവണ്മെൻറ് വിജയിച്ചു.

ഗവണ്മെൻറിൻെറ ക്ഷേമപ്രവർത്തനങ്ങളെ ഗ്രാമതലത്തിലേക്കു കൂടുതൽ കൂടുതൽ അടുപ്പിച്ചുകൊണ്ടുവരുക എന്നതാണു് പദ്ധതിയുടെ പരിപാടി. വിദേശഭരണകാലത്തു് ഗ്രാമവാസികൾ ഉദ്യോഗസ്ഥന്മാരെ ഭയപ്പെട്ടിരുന്നു. അതേയുദ്യോഗസ്ഥന്മാർതന്നെ, ഒററരാത്രികൊണ്ടു്, പിടിച്ചുപറിയും അക്രമവും അവസാനിപ്പിച്ചു് ശ്രമദാനത്തിനു സന്നദ്ധരാകാൻ നിയുക്തരായി. 60000 മുതൽ 70000 വരെ ജനങ്ങളെ ഉൾക്കൊള്ളുന്ന ഒരു ബ്ലോക്കിൽ ഇപ്പോൾ, കൃഷി, കാലിവളർത്തൽ, സഹകരണം, വിദ്യാഭ്യാസം, ഗ്രാമമരാമത്തു്, പൊതുജനാരോഗ്യം, ഗ്രാമവ്യവസായങ്ങൾ എന്നീവക കാര്യങ്ങളിൽ

സാങ്കേതികസഹായം ലഭ്യമാകുമാറുള്ള ഏർപ്പാടുകൾ ഉണ്ടു്. 5000 മുതൽ 6000 വരെ ആളുകളുടെ ചുമതല വഹിക്കുന്ന ഗ്രാമസേവകർമുഖാന്തരം ഈ സൗകര്യങ്ങൾ നൽകപ്പെടുന്നു. അങ്ങനെ ഓരോ ജില്ലയിലേയും കലക്റ്റർമാർ അവരുടെ ഔദ്യോഗികപദവിയുടെ രൂപാന്തരപ്രാപ്തിയോടെ ജനങ്ങളുടേയും പ്രാദേശികകാര്യങ്ങളുടേയും വികസനവിഷയത്തിൽ ഭരണകർത്താക്കളായി മാറുന്നു. ഈ പരിവർത്തനം മുകളിൽനിന്നു് ചുവട്ടിൽ ഗ്രാമതലംവരെയുള്ള ഉദ്യോഗസ്ഥന്മാരിലും കാണാം.

ഗവണ്മെൻറിൻെറ ആദായമാർഗ്ഗങ്ങൾക്കു് ആഴമോ പരപ്പോ ഇല്ല. എന്തെന്നാൽ ഇന്ത്യയിൽ പാർക്കുന്ന ജനങ്ങളോടു മാത്രമേ നികുതി ഈടാക്കാൻ കഴിയൂ. നമ്മുടെ ഒരു കുടുംബത്തിൻെറ ശരാശരി വരുമാനം ലോകത്തിൽ ഏററവും താണതാണു്. അപ്പോൾ പിന്നെ നാം എങ്ങനെയാണു് നമ്മുടെ നാട്ടിൻപുറത്തിന്റെ വികസനപ്രവർത്തനത്തിലേർപ്പെടുക? വളരെ പ്രവർത്തനക്ഷമമായ മനസ്സും മാംസപേശിയുമുണ്ടായിട്ടും ആണ്ടിൻെറ അധികകാലവും അലസരായിക്കഴിയാൻ നിർബ്ബന്ധിതരായ നമ്മുടെ ആളുകളുടെ കഴിവുകളെ എങ്ങനെയാണു് പ്രയോജനപ്പെടുത്തുകയും വളർത്തുകയും ചെയ്യുക? ആരാന്റെ കൃപകൊണ്ടെന്നമട്ടിൽ കഷ്ടിച്ചു കഴിഞ്ഞുകൂടിക്കൊണ്ടുള്ള ഇന്നലെവരത്തെ ജീവിതത്തിൻെറ സ്ഥാനത്തു് നമ്മുടെ പൗരന്മാരെ ഇന്ത്യയെന്ന കൂട്ടുടമസംഘത്തിലെ ഓഹരിയുടമകളായി പരിവർത്തനംചെയ്യാൻ എങ്ങനെയാണു കഴിയുക? ഗവണ്മെൻറിൻെറ പരിമിതമായ കഴിവുകളും നമ്മുടെ ആളുകൾ ദുരുപയോഗപ്പെടുത്തിക്കളയുന്ന പ്രായേണ അപരിമിതമായ കഴിവുകളും സംയോജിപ്പിച്ചു പ്രവർത്തിപ്പിക്കയാണു് ഈ പ്രശ്നത്തിൻെറ പരിഹാരമെന്നു നാം കണ്ടുപിടിച്ചു.

നാട്ടിൻപുറത്തു നിലവിലിരിക്കുന്ന അക്രമമായ പലിശനിരക്കു കൊടുക്കാനോ സാമൂഹ്യജീവിതത്തിൻെറ സത്തയെ കാർന്നുതിന്നുന്ന ആത്മഹത്യാപരമായ വ്യവഹാരമനോഭാവം തുടരാനോ നമുക്കിനി സാദ്ധ്യമല്ല. അതുകൊണ്ടു് സാമൂഹ്യകാര്യങ്ങളുടെ നിർവ്വഹണത്തിക്കു് പഞ്ചായത്തുകളും സാമ്പത്തികപ്രശ്നത്തിന്റെ പരിഹാരത്തിനു് സഹകരണസ്ഥാപനങ്ങളും നമ്മു

ടെ എല്ലാ ഗ്രാമങ്ങളിലും ഉണ്ടാക്കാൻ തീരുമാനിച്ചു. പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾ ഗ്രാമംതോറും ഉണ്ടാകയും ഗവണ്മെൻറിൻെറ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വർദ്ധമാനമായ തോതിൽ അവരിലേക്കു പകന്നു് ഭരണത്തിൽ വികേന്ദ്രീകരണം നടപ്പിൽവരുത്തുകയും ചെയ്യുന്നതുവരെ ഡൽഹിയിലെ പാർലമെൻറിനോ സംസ്ഥാനങ്ങളിലെ നിയമസഭകൾക്കോ ജനങ്ങളിലെത്തുന്ന വേരുണ്ടു് എന്നു പറയാവുന്നതല്ല. അതുകൊണ്ടു് പഞ്ചായത്തുകളുടേയും സഹകരണസംഘങ്ങളുടേയും രൂപീകരണത്തിനു് ഈ പരിപാടിയിൽ സുപ്രധാനപങ്കാണുള്ളതു്. ഗവണ്മെൻറിൻെറ പ്രതിനിധികളും ഗ്രാമത്തിലെ ജനങ്ങളും തമ്മിൽ ഈ സ്ഥാപനങ്ങൾ മുഖാന്തരം കൂടുതൽ അടുത്തിടപഴകണമെന്നാണു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

വിദേശാധിപത്യത്തിന്റെ നീരാളിപ്പിടിയിൽനിന്നു വിമുക്തരായിരിക്കുന്ന നമുക്കു് ഇനി നമ്മുടെ ആളുകളെത്തന്നെയേ നേതൃസ്ഥാനത്തു് അവരോധിക്കാൻ സാദ്ധ്യമാകൂ. അതുകൊണ്ടു്, പാർലമെൻറിലും സംസ്ഥാനനിയമസഭകളിലും മാത്രമല്ല, നമ്മുടെ നാട്ടിൻപുറത്തു നിദ്രാണമായിക്കിടക്കുന്ന 550000 ഗ്രാമങ്ങളിൽ രൂപംപ്രാപിച്ചുവരുന്ന ഭാവികുവേണ്ടിയുള്ള ആസൂത്രണവികസനരംഗങ്ങളിലുംകൂടെ സേവനമനുഷ്ഠിക്കുവാനുള്ള അവസരം നാം അവക്കു നല്കേണ്ടതാണു്. പഞ്ചായത്തുപ്രതിനിധികൾ, സഹകരണസ്ഥാപനപ്രതിനിധികൾ, സംസ്ഥാനനിയമസഭയിലെയും പാർലമെന്റിലെയും അംഗങ്ങൾ, ബ്ലോക്കുകേന്ദ്രത്തിലെ ഉദ്യോഗസ്ഥന്മാർ, മററു് അനൗദ്യോഗികസ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരെല്ലാം ചേന്നതാണു് സാമൂഹ്യവികസനബ്ലോക്കിൻെറ ഉപദേശകസമിതി. സംയുക്തപരിശ്രമത്തെ വിശാലാധിഷ്ഠാനത്തിലുള്ള ഒരു ജനാധിപത്യസമ്പ്രദായത്തിൽ സംഘടിപ്പിക്കയെന്നതാണു് ഈ ചട്ടക്കൂട്ടുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. വലിയ നഗരങ്ങളിലും പട്ടണങ്ങളിലും നമ്മുടെ അസൂയയെ ഉദ്ദീപിപ്പിച്ചുകൊണ്ടു വിലസുന്ന റോഡുകളും വിളക്കുകളും, സ്കൂളുകളും ആസ്പത്രികളും, പൊതുമന്ദിരങ്ങളും കളിസ്ഥലങ്ങളും, ആധുനികയന്ത്രങ്ങളോടും സജ്ജീകരണങ്ങളോടുംകൂടിയ

വ്യവസായങ്ങളും ഒന്നും നമുക്ക് ഇനി അപ്രാപ്യമല്ല. നാമെല്ലാം മയക്കത്തിൽനിന്നുണൎന്ന് വെട്ടാനും കിളസ്സാനും, നാളെ നമ്മുടെ സന്താനങ്ങൾക്കു ഫലമനുഭവിക്കാനുള്ള മരങ്ങൾ നട്ടുവളൎത്തി തോട്ടങ്ങളുണ്ടാക്കാനും, ചുരുങ്ങിയപക്ഷം ഏററവും ഒഴിഞ്ഞകോണിലുള്ള ഗ്രാമങ്ങളിൽപ്പോലും ഈ സൗകൎയ്യങ്ങളെല്ലാം ഉണ്ടാക്കാൻ കഴിയും. ഇതിനു നാം സന്നദ്ധരല്ലാത്തപക്ഷം, ഇന്നും വനത്തിലെ ജീവിതം നയിക്കുന്ന നാം, വല്ലതുമൊരു പ്രതിസന്ധിഘട്ടം വരുമ്പോൾ—ഇടയ്ക്കിടയ്ക്ക് അതുണ്ടാകാതെ തരവുമില്ല—പണ്ടത്തെ അപകടത്തിൽ വീണ്ടും നിപതിച്ചുപോകും. അപ്പോൾ ഭൂരിപക്ഷത്തിൻെറ അവകാശം പണ്ടു തീറു വിററവർ വീണ്ടും ആ ചതി ആവൎത്തിക്കയില്ലെന്നു നമുക്കെങ്ങനെ ഉറപ്പിക്കാൻ കഴിയും? ഒരു സോഷ്യലിസ്റ്റ് (സാമ്യവാദി) സഹകരണസമൂഹം സൃഷ്ടിക്കാൻ നാം ബദ്ധപ്രതിജ്ഞരാണ്. അതിൻെറ അടിസ്ഥാനത്തിൽ പടുത്തുയൎത്തുന്ന നവഭാരതമാണ് നമ്മുടെ പൊതുലക്ഷ്യം. ആ പൊതുലക്ഷ്യത്തിനുവേണ്ടി മററുള്ളവരോടൊപ്പം പ്രയത്നിക്കാനും ആത്മവിശ്വാസവും ആത്മാവിഷ്കരണശക്തിയും നേടാനും തക്കവിധം അവസരങ്ങൾ നൽകി, നാട്ടിൻപുറത്തെ ഏറ്റവും അപ്രധാനവ്യക്തിയെപ്പോലും പുനൎജ്ജന്മം നൽകി വളൎത്തിയെടുക്കുക എന്നതാണ് സാമൂഹ്യവികസനപരിപാടികൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

## II
# യാത്രയാരംഭിക്കുന്നു

നല്ല തെളിച്ചമുള്ള ദിവസമായിരുന്നു അന്ന്. വളരെ ആഴ്ചകളായി അത്ര തെളിഞ്ഞ ഒരു ദിവസമുണ്ടായിട്ട്. ഡൽഹി സാമൂഹ്യവികസനബ്ലോക്കിൻെറ ഉൽഘാടനം ബ്ലോക്കു കേന്ദ്രമായ ആലിപ്പൂർ ഗ്രാമത്തിൽവച്ചു നടക്കുകയാണ്. ആ ചടങ്ങിൽ സംബന്ധിക്കാൻവേണ്ടി ഡൽഹി നഗരത്തിലും ചുററുമുള്ള ഗ്രാമങ്ങളിലുംനിന്ന് എത്തിയിട്ടുള്ള ആയിരക്കണക്കായ ജനങ്ങളുടെ മുഖത്ത് ഉയന്നുവരുന്ന സൂര്യൻെറ ചുട്ടുകിരണങ്ങൾ നിഷ്കരുണം പതിക്കുന്നു. പ്രസിഡൻറിൻെറ സന്ദേശം വായിച്ചതിനെത്തുടന്ന് പദ്ധതിയെപ്പററി ഏതാനും വാക്കുകൾ സംസാരിക്കാൻ പ്രധാനമന്ത്രിയോട്ട് അപേക്ഷിച്ചു. പ്രസംഗിക്കാനാവശ്യപ്പെട്ടതിൽ അദ്ദേഹം അസ്വസ്ഥനാകുന്നതുപോലെ തോന്നി. അദ്ദേഹം പണിയെടുക്കാൻ തയാറായിട്ട്—ജനങ്ങൾക്കു സഹായം നൽകാൻ ഒരുങ്ങിക്കൊണ്ട്—ആണ് വന്നിരുന്നതു്. എങ്കിലും അപേക്ഷ നിരസിക്കാൻ അദ്ദേഹത്തിനു മനസ്സുവന്നില്ല. അദ്ദേഹം പ്രസംഗമണ്ഡപത്തിൽ കയറിനിന്നു്, ഒരുവേള അദ്ദേഹം ചെയ്തിട്ടുള്ളതിലേക്കും ഹ്രസ്വമായ പ്രസംഗം അന്നു നടത്തി. അദ്ദേഹത്തിൻെറ ശബ്ദം മേഘഗജ്ജനംപോലെ മുഴങ്ങി. 'പ്രസംഗത്തിൻെറ കാലം കഴിഞ്ഞു; ഇനി പ്രയത്നത്തിൻെറയും വിയപ്പിൻെറയും കാലമാണ്.' അദ്ദേഹം അവിടെനിന്നിറങ്ങി പ്രദർശനസ്ഥലത്തുകൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തിയിട്ട് അദ്ദേഹത്തെ മാടിവിളിച്ചുകൊണ്ടിരുന്ന പ്രവൃത്തിരംഗത്തെത്തി. മേല്പുടുപ്പ് അഴിച്ചുമാററി, ഷർട്ടിൻെറ കൈ ചുരുട്ടിക്കേററി, നല്ല ഉച്ചവെയിലത്ത്, നാടിന്റെ പ്രഥമഭൃത്യൻ മാതൃകകാട്ടിക്കൊടുത്തു, ആ പരമ്പരയിൽ ചുവട്ടുവരെയുള്ള എല്ലാവരും എങ്ങനെയാണു പ്രവത്തിക്കേണ്ടതെന്നു്. അങ്ങനെ യാത്രയാരംഭിച്ചു.

സാമൂഹ്യവികസനപദ്ധതിനടത്തിപ്പിനു ചുമതലപ്പെട്ടവരിൽ എല്ലാവരുടേയും—മുകളിൽനിന്നു ചുവടററംവരെ—

ജോലി എന്താണ് എന്നതു് അങ്ങനെ വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ടു്; മാതൃക കാട്ടിക്കൊടുക്കുക. സാമൂഹ്യവികസന പദ്ധതികളുടെ ഭരണകർത്താവു് തന്റെ ഭാവിയെപ്പററി ഒരു തീരുമാനമെടുക്കാൻ നിർബ്ബന്ധിതനായി എന്നു സന്തോഷത്തോടെ പറയട്ടെ. തൂമ്പയും മൺവെട്ടിയുംകൊണ്ടു ഭൂമിയിൽ പണിയെടുക്കാൻ അയാൾക്കു് അങ്ങേയററം താല്പര്യമുണ്ടു്; അങ്ങനെ ജനങ്ങളുടെ യജ്ഞത്തിൽ പങ്കെടുത്തു തന്നാലാവതു ചെയ്യാൻ; ഭാവിയിലേക്കു നയിക്കുന്ന പൊതുനിരത്തിലൂടെ ജനങ്ങളുടെ തോളുരുമ്മി നടന്നുനീങ്ങാൻ. ഡെവലപ്പ്മെൻറ് കമ്മീഷണർമുതൽ ഗ്രാമതലത്തിലെ പ്രവർത്തകൻവരെയുള്ള തന്റെ സുഹൃത്തുക്കളും സഖാക്കളും തനിക്കു് ഈ പുതിയ പ്രസ്ഥാനത്തിൽ പങ്കുകൊള്ളാൻ അവസരം നൽകുമെന്നു് അയാൾ പ്രതീക്ഷിക്കയാണു്; അവരോടൊപ്പം പ്രവർത്തിക്കാൻ വെമ്പൽകൊള്ളുകയാണു്.

ചുരുങ്ങിയതോതിൽ തുടങ്ങിയ ഈ യാത്ര, വേഗംതന്നെ ഒരു ഗംഭീരമായ പടനീക്കമായി മാറും. അങ്ങനെ സംഭവിക്കുന്നെങ്കിൽ—സംഭവിച്ചേ കഴിയൂ—'ഇങ്കിലാബ് സിന്ദാബാദ്" വേറെ വഴിയന്വേഷിച്ചുകൊള്ളും. അപ്പോൾ കന്നിമണ്ണു് ഉഴുതുമറിക്കപ്പെട്ടും. പുതിയ 'ഉള്ളവരുടെ' സ്ഥാനത്തു് തുല്യമായ എണ്ണം തിരഞ്ഞെടുക്കപ്പെട്ട 'ഇല്ലാത്തവരെ' പ്രതിഷ്ഠിക്കാനായിട്ടല്ല; എല്ലാററിനെയും വിഴുങ്ങിക്കൊണ്ടും ആ പ്രക്രിയയ്ക്കിടയിൽ കാഴ്ചപ്പാടിനെ അവ്യക്തമാക്കുകയും മാംസപേശികളെ മരവിപ്പിക്കയും ചെയ്തുകൊണ്ടും മനുഷ്യനെയും മനുഷ്യനെയും തമ്മിൽ വേർതിരിച്ചുകൊണ്ടു നില്ക്കുന്ന ഇടഭിത്തികളെ തകർത്തു നിരപ്പാക്കുന്ന മഹാപ്രവാഹത്തിലേക്കു നയിക്കാൻ.

## എല്ലോറയും അജന്തയും*

ഞാൻ എല്ലോറയിൽ പോയിരുന്നു. ഈ ഔൽകൃഷ്ട്യവും ഈ ഔന്നത്യവും അവകാശപ്പെടാവുന്ന എന്തെങ്കിലുമൊന്നു്

---

* സഹപ്രവർത്തകരുടെ ഒരു സെമിനാറിൽ ചെയ്ത പ്രസംഗത്തിൽ നിന്നു്.

ലോകത്തിൻെറ ഏതെങ്കിലും ഭാഗത്തു് ഉള്ളതായി എനിക്കറിവുണ്ടായിരുന്നില്ല. ഇത്ര മഹാന്മാരും ഇത്ര തികഞ്ഞ ഭ്രാന്തന്മാരുമായ മനുഷ്യരുണ്ടാകുമെന്നു ഞാൻ സങ്കല്പിച്ചിരുന്നില്ല. ഓരോരുത്തന്റെയും ഹൃദയത്തിനുള്ളിലെ മോഹം തന്നെക്കാൾ മഹത്തായ ഒന്നിനെയോ ഒരാളിനെയോ കാണാനാണു്. അങ്ങനെയാണു തനിക്കു് ആരാധിക്കാനുള്ള ഒന്നിനെ മനുഷ്യൻ സങ്കല്പിച്ചെടുത്തതെന്നാണു് ഞാൻ വിചാരിക്കുന്നതു്. എനിക്കു സ്വയം നിർമ്മിക്കാവുന്ന എന്തിനേക്കാളും വളരെ ഉൽകൃഷ്ടമായ ഒന്നിനെ പ്രതീക്ഷിച്ചുകൊണ്ടാണു് ഞാൻ ചെന്നതു്. അതു ഞാനിതാ കണ്ടെത്തി. ഞാൻ കല്ലുകളിൽ ചെവിയമർത്തി നിന്നു, അവയ്ക്കെന്തു പറയാനുണ്ടെന്നു കേൾക്കാൻ. ഈ മഹത്തായ സ്മാരകങ്ങളുടെ നിർമ്മാണത്തിൽ പങ്കെടുത്ത ശില്പികളുടെ ചെറിയ ഉളികൾ പതുക്കെപ്പതുക്കെ കല്ലിൽ കൊത്തി പണിയെടുക്കുന്നതിൻെറ മർമ്മരം മണിക്കൂറുകളായി—വർഷങ്ങളായി—തുടരുന്നതിൻെറ ശബ്ദം, എനിക്കു കേൾക്കാകുന്നു. ഈ അനുഭവം നിങ്ങൾക്കു പങ്കുവച്ചുതരണമെന്നാണു് എനിക്കു് ആദ്യമായി ഉണ്ടായ തോന്നൽ. ഈ രാജ്യത്തിൻെറ പല ഭാഗത്തായി പണിയെടുക്കുന്ന എല്ലാ സുഹൃത്തുക്കളെയും ഒരുമിച്ചു വിളിച്ചുകൂട്ടുകയെന്നതു് സുകരമല്ലായിരുന്നു. അതുകൊണ്ടു ഞാൻ വിചാരിച്ചു, നിങ്ങളെ—മദ്ധ്യേന്ത്യയിലുള്ളവരെയെങ്കിലും—ഇവിടെ വിളിച്ചുകൂട്ടാമെന്നു്. ഈ സ്ഥലത്തിന്റെ അയൽക്കാരെന്നനിലയിൽ പ്രഥമമായ അവകാശം നിങ്ങൾക്കുള്ളതാണു്.

നിങ്ങളെ ചരിത്രത്തിൽ പങ്കാളികളാക്കാനാണു് എന്റെ മോഹം. അതു വളരെ ആവശ്യമാണു്. നാം പലപ്പോഴും നമ്മുടെ ചെറിയ കോണുകളിൽ ഒതുങ്ങിക്കൂടി, ഒന്നുമറിയാതെയും അറിയപ്പെടാതെയും കഴിഞ്ഞുകൂടുന്നു. നമ്മെപ്പോലെയുള്ള മനുഷ്യർ—നമ്മുടെ പൂർവ്വികന്മാർ—ഭൗതികശാസ്ത്രതത്വങ്ങളിലും സാങ്കേതികജ്ഞാനത്തിലും നമ്മെക്കാൾ വളരെ പിന്നോക്കമായിരുന്നവർ — അനഹങ്കാരികളായിരിക്കണമെന്ന പാഠം നമ്മെ പഠിപ്പിക്കാൻവേണ്ടി അവശേഷിപ്പിച്ചുപോയ കാര്യങ്ങൾ നിങ്ങളുമായി പങ്കുവച്ചനുഭവിക്കണമെന്നു ഞാൻ മോഹിക്കുന്നു. ഏതാണ്ടു് ചരിത്രാതീതകാലമെന്നു പറ

യാവുന്ന ആ കാലത്തു്, ഒരുവേള ഉളിയും ചെറിയ ചുററികയും മാത്രമേ ഉണ്ടായിരുന്നിരിക്കാനിടയുള്ളു. 2000 വഷങ്ങൾക്കുമുമ്പു് ഉളിതന്നെയും ഉണ്ടായിരുന്നോ എന്നും എനിക്കു നിശ്ചയമില്ല. എന്തെന്നാൽ അക്കാലത്തു മനുഷ്യൻ ഇരുമ്പിനെയും ഉരുക്കിനെയുംപററി അറിഞ്ഞിരിക്കാനുള്ള സാധ്യത കുറവാണു്. അപ്പോൾ പിന്നെ എങ്ങനെയാണു് അവർ ഈ വിശിഷ്ടമായ പണി ചെയ്തുതീർത്തതെന്നു നമുക്കു് അറിയാൻ കഴിയുന്നില്ല. ഇന്നിപ്പോഴാകട്ടെ, ലോകത്തെ ഒന്നാകെ നശിപ്പിക്കാൻപോന്ന വിജ്ഞാനം മനുഷ്യൻ നേടിയിരിക്കുന്നു. ലോകത്തെ നശിപ്പിക്കുന്നതെങ്ങനെയെന്നു പഠിക്കുമ്പോൾ, അതോടൊപ്പംതന്നെ, എങ്ങനെയാണു് അതിനെ പുനർനിമ്മാണംചെയ്യുക എന്നുകൂടെ പഠിച്ചിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ആ അറിവിന്റെ സഹായത്താൽ നമ്മുടെ ഹൃദയാഭിലാഷത്തിനനുരൂപമായ ഒരു ലോകത്തെ പുനർനിമ്മാണം ചെയ്യേട്ടുക്കാനും കഴിയുമെന്നാണു് എന്റെ വിശ്വാസം. ഇതാണു് 2000 വർഷങ്ങൾക്കുമുമ്പു സംഭവിച്ചതു്. ആളുകൾ ഒരുമിച്ചുകൂടി; രാജാക്കന്മാരും ശില്പികളും കലാകാരന്മാരും കല്പണിക്കാരും കൈവേലക്കാരും സാധാരണക്കാരായ സ്ത്രീകളും പുരുഷന്മാരും എല്ലാം. മററുള്ളവരുടെമേൽ ആക്രമണത്തിനുള്ള നീക്കം നടത്താനല്ല, അവർ മുതിന്നതു്. അതിനു പകരം, രണ്ടായിരം വർഷക്കാലമായി നിലനിന്നുപോരുന്നതും ലോകാവസാനംവരെ നിലനില്ക്കാനിടയുള്ളതുമായ ഒന്നിന്റെ നിമ്മാണത്തിലാണു് അവർ ശ്രദ്ധയും പ്രയത്നവും കേന്ദ്രീകരിച്ചതു്.

ഇതേ സ്ഥലത്തുതന്നെ, ഇവിടെനിന്നു് ഏതാണ്ടു രണ്ടു മൈൽ അകലെ ഒരു സ്ഥലത്തു് മറെറാരു പ്രവൃത്തിപദ്ധതി സ്വീകരിച്ച കൂട്ടരുടെ അവശിഷ്ടങ്ങൾ കാണാനുണ്ടു്. അന്യരെ ആക്രമിക്കാൻ ശ്രമിച്ചതിന്റെ വാചാലമായ സാക്ഷ്യങ്ങളെന്നോണം അവരുടെ ശവശരീരങ്ങൾ അവിടെ നിലകൊള്ളുന്നു. അവരുടെ ചിന്താഗതിക്കാക്കും ആ മാഗ്ഗത്തിൽ പ്രവത്തിക്കാൻ മുതിരുന്നവക്കും താക്കീതുനല്കുന്ന സജീവപ്രതീകങ്ങളായി ആ ശവകുടീരങ്ങൾ നില്ക്കുകയാണു്. എന്നാൽ എല്ലോറയിലാകട്ടെ അനന്തരതലമുറകൾക്കു് ഒരു സ്വപ്നംനെ

യ്യുകൊടുക്കാൻവേണ്ടി പല നൂററാണ്ടുകാലം വിയർപ്പും രക്തവും ചിന്തിയവരുടെ ശവകുടീരങ്ങളല്ല കാണ്മാനുള്ളതു്. അവർ മരിച്ചു; എങ്കിലും അവരുടെ പ്രയത്നത്തിലൂടെ അമരത്വം നേടിയിരിക്കുന്നു. ഇതാണു് വ്യത്യാസം. നാമും ഇന്നു് നമ്മുടേതായ രീതിയിൽ ചിലതൊക്കെ ചെയ്യുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കയാണു്. ഭാവിലോകത്തിനുവേണ്ടി ഒരു സ്വപ്നം രൂപപ്പെടുത്തേണ്ടതെങ്ങനെയെന്നു് എല്ലോറയിലെ ആൾക്കാർക്കു് ഒന്നാംതരമായി അറിയാമായിരുന്നു. പക്ഷേ, നമുക്കിന്നു് സ്വപ്നംകണ്ടു ജീവിക്കാൻ തരമില്ല. ജീവിതം ഇന്നു് അത്ര്യധികം രൂക്ഷവും സങ്കീർണ്ണവുമായിത്തീർന്നിരിക്കയാൽ നമുക്കു സ്വപ്നംകണ്ടിരിക്കാൻ സൗകര്യമില്ല. പണ്ടു് സുഭിക്ഷതയുടെ കാലമായിരുന്നതിനാൽ ആളുകൾക്കു് അതിനു സൗകര്യമുണ്ടായിരുന്നു.

അനശ്വരമാംവിധം കല്ലിൽ കൊത്തപ്പെട്ടു് അവിടെ കാണപ്പെടുന്ന ആയിരക്കണക്കിനു മുഖങ്ങളിൽ പ്രകടമായിക്കാണുന്ന ആനന്ദത്തിൻെറയും സംതൃപ്തിയുടേതുമായ ഭാവംകൊണ്ടു വ്യക്തമാണു്, അക്കാലത്തു സുഭിക്ഷതയുണ്ടായിരുന്നുവെന്നു്. ഇന്നു നമുക്കു സുഭിക്ഷതയില്ല. കഷ്ടിച്ചു കഴിഞ്ഞുകൂടാൻ വേണ്ട വിഭവങ്ങൾപോലും നാം ഇനിയും ഉണ്ടാക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതു നാം സാധിച്ചുകഴിഞ്ഞാൽ, വരും തലമുറയിൽപ്പെട്ടവക്കു് പഴയപോലെ സ്വപ്നംകാണാനും ഭാവിക്കുവേണ്ടി പുതിയ പുതിയ സ്വപ്നങ്ങൾ മെനഞ്ഞെടുക്കാനും ഒരുവേള കഴിഞ്ഞെന്നുവരാം.

2000 വഷങ്ങൾക്കുമുമ്പു് ഈ അത്ഭുതങ്ങൾ അവരെങ്ങനെ വാത്തെടുത്തു? എന്തായിരുന്നു, അതിൻെറ പിന്നിലുള്ള പ്രേരകശക്തി? വിശ്വാസവും, അത്തരം വിശ്വാസത്തെ സ്വാഭാവികമായി അനുഗമിക്കുന്ന ദിവ്യശക്തിയുമാണു് അതു സാദ്ധ്യമാക്കിത്തീത്തതെന്നാണു്, ജീവനുള്ള ഈ ശിലകളിൽനിന്നു് എനിക്കു കണ്ടെത്താൻ കഴിഞ്ഞ ഉത്തരം. ലോകത്തിലൊട്ടാകെ നോക്കിയാലും മനുഷ്യൻെറ ചരിത്രം മുഴുവൻ പരിശോധിച്ചാലും കാണാം, ഈ രണ്ടു ഘടകങ്ങളുടെ പിൻതുണയില്ലാത്ത യാതൊന്നും കാലത്തിൻെറ കെടുതികളെ അതിജീവിച്ചു നിലനിന്നിട്ടില്ലെന്നു്. അവർ സമഗ്രമായ ഒരു പദ്ധതി

യനുസരിച്ചാണ് പ്രവൎത്തിച്ചിരുന്നതെന്നു വ്യക്തമാണ്. ഈ കൈലാസക്ഷേത്രത്തിൻെറ കാൎയ്യംതന്നെയെടുക്കുക. ഒററക്കല്ലിലാണ് അതിന്റെ മുൻവശം പണിചെയ്യപ്പെട്ടത്തിരിക്കുന്നതു്. പുറമെനിന്നുള്ള ഏതെങ്കിലും ഒരു തരിപോലും ക്ഷേത്രംപണിയിൽ ഉപയോഗിച്ചിട്ടില്ല. ഒരു സ്വപ്നത്തിന്റെ സാക്ഷാൽക്കാരമാണ് അതു്. ഒരു മഹാശില്പി, വിശദാംശങ്ങൾവരെ വിദഗ്ദ്ധമായി ആസൂത്രണംചെയ്തതിൻെറ അടിസ്ഥാനത്തിൽ പണിതെടുത്തതാണ് അതെന്നു വ്യക്തമാണ്. അയാൾ ശില്പികളെയും കൊത്തുപണിക്കാരെയുംകൊണ്ടു് തന്റെ ആസൂത്രണത്തിനനുസൃതമായി ആ സ്വപ്നത്തിനു രൂപംനൽകിച്ചു—ശില്പികളെയും കൊത്തുപണിക്കാരയും മാത്രമല്ല, സാധാരണക്കാരായ ആളുകളെയും ഇതിൻെറ പണിയിൽ ഉപയോഗിച്ചിട്ടുണ്ടു്. അജന്തയിലെന്താണു കാണുന്നതു്? പുരുഷന്മാരെയും സ്ത്രീകളെയും ചിത്രീകരിച്ചിരിക്കുന്നു. അവരുടെ വേഷങ്ങളും ചിത്രരചനയിൽ ഉപയോഗിച്ചിരിക്കുന്ന നിറങ്ങളും ആരെയും ആശ്ചൎയ്യപ്പെടുത്താൻപോന്നവയാണ്. അവയ്ക്കൊപ്പമെത്താൻ നമുക്കിന്നും കഴിഞ്ഞിട്ടില്ല; പിന്നെവേണ്ടേ ഭംഗിയിലും ഗുണത്തിലും അവയോടു മത്സരിക്കാൻ! മഹത്തായ ആസൂത്രിതപദ്ധതിയിൽ തങ്ങളുടെ പങ്കു വഹിക്കാൻ ഈ പ്രദേശത്തെ ആളുകളെല്ലാം സമ്മേളിച്ചിരുന്നു. മുഖ്യശില്പി പ്ലാൻ തയ്യാറാക്കി. എന്നിട്ടു്, ശില്പികൾ, കൊത്തുപണിക്കാർ, ചിത്രകാരന്മാർ, എന്നിവൎക്കെല്ലാം അവരവരുടെ ജോലികൾ വകതിരിച്ചുകൊടുത്തു. അതിനുശേഷം, പണിയുടെ ഓരോ ഘട്ടത്തിൻെറയും ചുമതലക്കാരായ പ്രധാന ശില്പികളും കലാകാരന്മാരും വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ തൊഴിലാളികളുടെ സംഘങ്ങളെ ശേഖരിച്ചു. പൂൎണ്ണമായ ഒരു പദ്ധതിയും പൂൎണ്ണമായ സംഘടിതപ്രയത്നവും പൂൎണ്ണമായ നിൎവ്വഹണവും ഉണ്ടായിരുന്നു. 2000 വൎഷങ്ങൾക്കുമുമ്പുള്ള ആ മാതൃക, ഇന്നും പുതുമമാറാതെ, നമുക്കു് അനുകൎത്തവ്യമായി ശേഷിക്കുന്നു.

ഇന്നും നമുക്കു് മഹാനായ ഒരു മുഖ്യശില്പിയെ ലഭിച്ചിട്ടുണ്ടു്. അതും ഇന്ത്യക്കാരൻതന്നെ. മഹത്തായ ഭൂതകാലത്തെയും മഹത്തായ ഭാവിയെയുംപററി അദ്ദേഹം സ്വപ്നങ്ങൾ കാണുന്നു. ഈ രാജ്യവും ലോകം മുഴുവനുംതന്നെ ശാന്തിയിലും

സൗഹാർദ്ദത്തിലും പുരോഗമിക്കണമെന്നാണ് അദ്ദേഹം അഭിലഷിക്കുന്നതു്. പണ്ടൊരുകാലത്തു് നമുക്കുണ്ടായിരുന്ന മഹത്വം നമുക്കു വീണ്ടെടുക്കാൻ കഴിയുമെന്നും, വളർച്ചയും മഹത്വവും വിയപ്പിലും രക്തത്തിലുംകൂടെയല്ലാതെ 'മന്ത്ര'ത്തിലൂടെ കൈവരുത്താൻ കഴിയില്ലെന്നും അദ്ദേഹം തൻെറ സ്വന്തം രീതിയിൽ പറഞ്ഞുമനസ്സിലാക്കാൻ—പ്രത്യേകിച്ചു്, നമ്മുടെ നാട്ടുകാരെ പറഞ്ഞു മനസ്സിലാക്കാൻ—ശ്രമിക്കയായിരുന്നു; ശ്രമിച്ചുകൊണ്ടിരിക്കയാണു്. ലോകത്തിൻെറ എല്ലാ ഭാഗത്തേക്കും സന്ദേശങ്ങളും സന്ദേശവാഹകന്മാരെയും അയച്ചുകൊണ്ടു് ഒരുകാലത്തു് അപൂർവ്വഭാസ്സോടെ ശോഭിച്ചുകൊണ്ടിരുന്ന ഇന്ത്യയുടെ മഹിമാതിരേകത്തിനു പ്രചോദകമായിരുന്ന ആ വിശുദ്ധാഗ്നിതന്നെ ഇന്നും നമ്മുടെയുള്ളിൽ എരിഞ്ഞു നിൽക്കുന്നുണ്ടു്. പുതിയ സന്ദേശവാഹകന്മാരുടെയും ശില്പികളുടെയും ഗണത്തിൽ ഒരു ചെറിയ വിഭാഗംമാത്രമാണു്, നാം. മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കയും പുതിയ സ്വപ്നത്തെ സാക്ഷാൽക്കരിക്കയും ചെയ്യുന്നതാണു് ധർമ്മം. ഇതിനു് നമുക്കു കരുത്തുണ്ടാകണം. ആ കരുത്തു് ഇവിടെയുണ്ടു്. അതു നിങ്ങൾക്കു് നോക്കിയാൽ കാണാം.

'നാളെ'യ്ക്കുവേണ്ടിയാണു് നാം സൃഷ്ടിയിൽ ഏർപ്പെട്ടിരിക്കുന്നതു്. 'നാളെ' 'ഇന്നിനെ'ത്തുടർന്നാണു വരുക. ആ 'ഇന്നു്' 'ഇന്നലെ'യുടെ അടിസ്ഥാനത്തിൽ ഉറച്ചുനില്ക്കുന്നതുമായിരിക്കണം. ഞാൻ നിങ്ങളെ ഈ സ്ഥലത്തേക്കു ക്ഷണിച്ചതു്, ഒരു വിശുദ്ധ കർമ്മനിർവ്വഹണത്തിനു് ബദ്ധപ്രതിജ്ഞമായ സമൂഹമെന്ന നിലയിൽ നാം പുതുതായി കുറേക്കൂടെ ഇഴുകിച്ചേരാനും, ഭൂതകാലമഹിമാവിൻെറ ഏററവും ഉത്തമമാതൃകകളുടെ മദ്ധ്യത്തിൽ നിന്നുകൊണ്ടു് ഭാവിയെപ്പററിയുള്ള നമ്മുടെ സ്വപ്നങ്ങളുടെ സാക്ഷാത്ക്കാരത്തിനു് അവയുടെ സ്വാധീനശക്തിയെ പ്രയോജനപ്പെടുത്താനും വേണ്ടിയാണു്.

ഭയമുളവാക്കത്തക്കവിധം വിപുലമായ അളവിൽ വൈവിധ്യങ്ങളുടെ നാടായിരുന്നു ഇതു്, എക്കാലത്തും. എല്ലോറാഗുഹകളിലും അജന്താഗുഹകളിലും ഉള്ള ചിത്രങ്ങളിലും കൊത്തുവേലകളിലും കാണാവുന്നതു് നമ്മുടെ ആളുകളുടെ സമ്പന്നമായ വൈഭവവും വൈവിധ്യവും, ഉടനീളം നിലനി

ക്കുന്ന ഐകരൂപ്യത്തിന്റെ അടിയൊഴുക്കുമാണ്. ഓരോരുത്തനും വ്യതിരിക്തമായ വ്യക്തിവൈഭവത്തോടെ നിലകൊള്ളണമെന്നു നാം ആഗ്രഹിക്കുന്നു. നമ്മുടെ ആളുകളുടെ ചിന്തകളെ ഒരുപ്രകാരത്തിലും പട്ടാളച്ചിട്ടയിൽ ഒതുക്കിനിർത്തണമെന്നു നാം വിചാരിക്കുന്നില്ല. അതേ പ്രത്യേകതയാണ് ഇവിടേയും കാണാനുള്ളത്. ഓരോ മനുഷ്യനും പ്രത്യേക വ്യക്തികളെന്നനിലയിൽ പ്രവർത്തിച്ചു. എന്നാൽ യാതൊരു മഹാകാര്യത്തിൻെറ നിർവ്വഹണത്തിനാണോ അവർ ബദ്ധപ്രതിജ്ഞരായിരുന്നത്, അതു വന്നപ്പോൾ എല്ലാവരും അവരവരുടെ പങ്കു നിർവ്വഹിച്ചു. അങ്ങനെ വ്യക്തികളിൽനിന്നു താല്പര്യൈക്യമുള്ള ഒരു സമൂഹം ഉയർന്നുവന്നു. എല്ലാ വ്യക്തികളുടേയും സമ്യക്കായ ഉൽഗ്രഥനത്തിൽനിന്നുത്ഭവിക്കുന്ന ഗുണമുണ്ട്, ആ സമൂഹത്തിനു്. സാമൂഹ്യവികസനപദ്ധതിയിലെ പരിപാടികൾകൊണ്ടു നേടുവാൻ നാം അഭിലഷിക്കുന്ന ലക്ഷ്യവും ഇതുതന്നെയാണ്. രാജ്യത്തിൻെറ വിവിധഭാഗങ്ങളിലുള്ള നമ്മുടെ ആളുകളെല്ലാം ഏകരൂപത്തിലാകണമെന്ന് നാം അഭിലഷിക്കുന്നില്ല. രാജ്യത്തിൻെറ ഓരോ ഭാഗവും അതിൻെറ വ്യക്തിത്വം പുലർത്തിക്കൊണ്ടുതന്നെ—ഓരോ മനുഷ്യനും അവൻെറ വ്യക്തിത്വം പുലർത്തിക്കൊണ്ടുതന്നെ—മുപ്പത്താറരക്കോടി ജനങ്ങൾ—സ്ത്രീകളും പുരുഷന്മാരും കുഞ്ഞുങ്ങളും—രൂപംപ്രാപിച്ചുവരുന്ന 'നവഭാരത'ലക്ഷ്യത്തിലേക്ക് ഒന്നായി നീങ്ങണമെന്നതാണ് നമ്മുടെ ആഗ്രഹം. 'ഇന്നലെ'യിൽനിന്നു നമുക്കു ലഭിച്ച സന്ദേശം അതാണ്. 'ഇന്നി'ൻെറ സന്ദേശവും മറെറാന്നല്ല—എക്കാലത്തും ഉണ്ടായിട്ടുള്ളതിലേക്കും ഉൽകൃഷ്ടനായ മഹാസംവിധായകനും മഹാശില്പിയും നൽകിയിട്ടുള്ള സന്ദേശം.

## ഒരു തുറന്ന കത്ത്

നിങ്ങളുടെ ആഹ്വാനം എന്റെ ശ്രദ്ധയിൽപ്പെട്ടു. ഞാൻ നിങ്ങളുടെകൂടെ കൂടാനെത്തിയിരിക്കയാണ്. 1947 ആഗസ്റ്റ് 15-ാം തീയതി ബ്രിട്ടീഷുകാർ ഇവിടെനിന്നു വിട്ടുപോയി. യൂണിയൻ ജാക്കിൻെറ സ്ഥാനത്ത് നാം ത്രിവർണ്ണപതാകയു

യത്തി. നമ്മുടെ പരിചയക്കുറവിനെ ഗണ്യമാക്കാതെ നാം അധികാരം പേറേണ്ടിവന്നു. ആ വിധിനിർണ്ണായകമായ സംഭവത്തിനുശേഷമുണ്ടായിട്ടുള്ള നേട്ടങ്ങളെയെല്ലാം ഞാൻ വിലമതിക്കുന്നു; പ്രത്യേകിച്ച്, മുമ്പെങ്ങുമുണ്ടായിട്ടില്ലാത്തവിധത്തിൽ ഈ ഉപഭൂഖണ്ഡത്തിൽ വളർന്നുവന്ന ഏകമതീഭാവം. 1947—'48-ലെ ദുരന്തങ്ങളിന്മേലാണ് നമുക്ക് അടിത്തറ കെട്ടിപ്പൊക്കേണ്ടിയിരുന്നതെന്നിരുന്നിട്ടും ഇന്നു നിലവിലിരിക്കുന്ന ശാന്തി, ഇന്നലെവരെ നമ്മെ ചരിത്രാതീതകാലത്തെ വർഗ്ഗങ്ങൾക്കു തുല്യമായി ഗണിച്ചിരുന്ന ലോകത്തിന്റെ ദൃഷ്ടിയിൽ നാം നേടിയ ഔന്നത്യം എന്നിവയൊക്കെ എടുത്തുപറയത്തക്കവയാണ്.

'കയറിക്കിടക്കാൻ വീടും നഗ്നത മറയ്ക്കാൻ വസ്ത്രവും വിശപ്പടക്കാൻ ഭക്ഷണവുമില്ലാതിരിക്കുന്നിടത്തു സ്വാതന്ത്ര്യത്തിന് അർത്ഥമൊന്നുമില്ല' എന്നു നിങ്ങൾ പറയുമ്പോൾ—'ഏററവും താണവന്റെ' അടുത്തുവരെ സ്വാതന്ത്ര്യത്തിന്റെ സന്ദേശമെത്തിക്കാൻ ബദ്ധപ്രതിജ്ഞരാണു നിങ്ങളെന്നു പറയുമ്പോൾ—പല തലമുറകളായി എന്റെ ബാദ്ധ്യതയായി കണക്കാക്കിയിരുന്ന ചങ്ങലകൾ കൈനീട്ടിക്കൊണ്ട് ഇപ്രാവശ്യം എന്നെ സമീപിക്കയില്ലെന്നു നിങ്ങൾ പറയുമ്പോൾ, നിങ്ങളെ ഞാൻ വിശ്വസിക്കുന്നു. എന്റെ രക്ഷയ്ക്കുവേണ്ടി സ്വാതന്ത്ര്യത്തിന്റെ സന്ദേശത്തെ ആധുനികശാസ്ത്രത്തിന്റെ സന്ദേശവുമായി സമ്മേളിപ്പിക്കാൻ പോകയാണെന്നു നിങ്ങൾ പ്രഖ്യാപിക്കുമ്പോൾ—ഒരാരംഭത്തിനു സഹായകമെന്ന നിലയിൽ എനിക്കു സ്വയം സമ്പാദിക്കാൻ കഴിയാത്ത ജീവിതസൗകര്യങ്ങൾ എനിക്കു നൽകാമെന്നു നിങ്ങൾ പറയുമ്പോൾ— നിങ്ങളെ ഞാൻ വിശ്വസിക്കുന്നു.

ജനനംകൊണ്ടും പാരമ്പര്യംകൊണ്ടും ഞാനൊരു സമാധാനപ്രേമിയാണെന്നു നിങ്ങൾക്കറിയാമല്ലോ. 'മന്ത്രങ്ങളു'ടെ കാലം കഴിഞ്ഞുപോയെന്നും, ഇന്ത്യയ്ക്കു സ്വതന്ത്രമായ ഒരു പാത രൂപപ്പെടുത്തിയെടുക്കാനും ഒരുവേള അതിന്റെകൂടെത്തന്നെ ഇരുട്ടിൽ തപ്പിത്തടയുന്ന പുറമേയുള്ളവർക്കു സഹായഹസ്തം നൽകാനുംവേണ്ടി വിയർപ്പിന്റേയും കണ്ണീരിന്റേതുമായ യജ്ഞത്തിൽ ഞാനും നിങ്ങളുടെകൂടെ പങ്കെടുക്കണമെന്നും

പറയുമ്പോൾ നിങ്ങളുടെ ഭാഷ എനിക്കു മനസ്സിലാക്കാൻ കഴിയുന്നുണ്ടു്. അടുത്ത പ്രദേശങ്ങളിൽ ചിലർ തങ്ങൾക്കുവേണ്ടി സൃഷ്ടിച്ചതാണെന്നവകാശപ്പെടുന്ന നടക്കാവുകൾ രക്തപങ്കിലവും അപകടപൂർണ്ണവുമാണെന്നും, മാർഗ്ഗത്തെപ്പറ്റിയുള്ള പരിഗണനകൂടാതെ ലക്ഷ്യം നേടിയതിൻെറ ഉദാഹരണങ്ങളാണു് അവയെന്നും, അതുകൊണ്ടു് മണ്ണിൻെറ മകനായ എനിക്കു് അതു നിഷിദ്ധമാണെന്നും നിങ്ങൾ പറയുമ്പോൾ അതു വിശ്വസിക്കാൻ ഞാൻ തയാറാണു്.

എനിക്കു നിങ്ങളിൽ പരിപൂർണ്ണമായ വിശ്വാസമുണ്ടു്. അതുകൊണ്ടു് വെയിലത്തെ എൻെറ വിനോദവും ജാതിയുടേയും വിശ്വാസത്തിൻേറയും മതത്തിൻേറയും മററു് ആയിരം കാര്യങ്ങളുടേയും പേരിൽ അയൽക്കാരുമായുള്ള എൻെറ ശണ്ഠകളും ഞാൻ കൈവെടിഞ്ഞു. നൂററാണ്ടുകളായി അനുഭവിച്ചുകൊണ്ടിരുന്ന ചൂഷണങ്ങളൊക്കെയുണ്ടായിരുന്നിട്ടും എന്നിൽ അവശേഷിക്കുന്ന ജീവശക്തിക്കു തെളിവാണു്, നിങ്ങളുടെ ശിരശ്ചലനംകൊണ്ടുള്ള അനുജ്ഞയുണ്ടാകുമ്പോൾ റോഡുകളും സ്കൂളുകളും ആസ്പത്രികളും കിണറുകളും കൃഷിയിടങ്ങളും സാമൂഹ്യകേന്ദ്രങ്ങളും വർദ്ധിച്ച വിളവുമൊക്കെയുണ്ടാക്കാൻ ഞാൻ പ്രാപ്തനായിരിക്കുന്നതും, നട്ടെല്ലു വളഞ്ഞിട്ടും കൈകാലുകൾ തളർന്നുപോയിട്ടും സംസ്ഥാനവിഹിതത്തോളം വരുന്ന സംഭാവന നൽകാൻ എനിക്കു കഴിയുന്നതും.

ഭയം കൈവെടിഞ്ഞു് ഗ്രാമസേവകനിലും അയാൾക്കു മാർഗ്ഗദർശനം നല്കുന്നവരിലും വിശ്വാസമർപ്പിക്കാൻ നിങ്ങൾ എന്നോടാവശ്യപ്പെട്ടു. നിങ്ങളുടെ നിർദ്ദേശം സ്വീകരിച്ചതിനെപ്പററി എനിക്കു വ്യസനിക്കേണ്ടിവന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ ഗ്രാമസേവകൻ ഇതേവരെ ജനങ്ങളുടെ ഭൃത്യൻ എന്ന നിലയിലാണു് പെരുമാറിയിട്ടുള്ളതു്. അതിൻെറ മുകളിലെ പടികളിലുള്ളവരും 'ഇന്നല'ത്തെ ഉന്മത്തതയുടെ തകരാറുണ്ടായിരുന്നിട്ടും എൻെറ ഗുണത്തിനുവേണ്ടി ഗ്രാമസേവകനോടു സഹകരിച്ചു പ്രവർത്തിക്കുന്നവിഷയത്തിൽ അങ്ങേയററം ഉത്സാഹിക്കുന്നുണ്ടു്. ഗോൾഫ് കളിസ്ഥലത്തിനും ക്ലബ്ബിലെ മദ്യശാലയ്ക്കും വെളിയിൽ വളരെ അപൂർവ്വമായി മാത്രം കണ്ടുകിട്ടിയിരുന്ന ചിലരെ മദ്ധ്യവേനൽക്കാലത്തെ

കൊടുവെയിലിലും കാലവർഷക്കെടുതിയിലെ പെരുമഴയിലും എൻെറ അസംസ്കൃതസാഹചര്യത്തിൽ പെരുമാറാനും പ്രവൃത്തിയെടുക്കാനും സന്നദ്ധരാക്കിയെടുത്തതു് വാസ്തവത്തിൽ അത്ഭുതംതന്നെയാണു്. ഇതു് എന്നെ സംതൃപ്തനാക്കുന്നു. ഇതിനു നിങ്ങളെ ഞാൻ ആശീർവ്വദിക്കുന്നു.

'മുടിയനായ പുത്ര'നെപ്പോലെ നഗരങ്ങളിലെയും പട്ടണങ്ങളിലെയും ആകർഷണത്തിനു വിധേയനായി വർഷങ്ങൾക്കുമുമ്പുതന്നെ സ്വന്തം ഗൃഹമുപേക്ഷിച്ചുപോയ എന്റെ പ്രതിനിധി, എൻെറ ക്ഷേമത്തെപ്പററി, വദ്ധിച്ചുവരുന്ന താല്പര്യത്തോടെ, ഒരു അയൽക്കാരനെന്ന നിലയിൽ, അന്വേഷിച്ചുതുടങ്ങിയിട്ടുണ്ടു്. എനിക്കു് ഇനിയും ലഭിക്കാനിരിക്കുന്ന സൗകര്യങ്ങളെപ്പററി അയാൾ പറയുന്നു. ഞാൻ അനുകൂലഭാവത്തിൽ മന്ദഹസിക്കുന്നു. അനുഗൃഹീതനായ എൻെറ അയൽക്കാരൻ ഒരുവേള, എനിക്കു് ആവേശവും മാർഗ്ഗദർശനവും നല്കാൻവേണ്ടി അയാളുടെ ഭവനത്തിലേക്കു മടങ്ങിയേക്കുമെന്നുള്ള അതിമോഹംകൊണ്ടു് അതീവസന്തുഷ്ടനാകയും ചെയ്യുന്നു. അകലെയുള്ള നമ്മുടെ അമേരിക്കൻ അയൽക്കാരും യന്ത്രോപകരണങ്ങൾ ഇറക്കുമതിചെയ്തുതന്നും സാങ്കേതിക സഹായം നൽകിയും ഈ മഹാപ്രസ്ഥാനത്തിൽ പങ്കുകൊള്ളുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. എൻെറ പ്രശ്നം എൻെറ ഭുജത്തിൽനിന്നുയർത്തപ്പെട്ടു് വിശാലചക്രവാളത്തിൽ പ്രതിഷ്ഠിക്കപ്പെടുകയും, അങ്ങനെ എനിക്കു് സാന്ദർഭികമായി ഇനിയും രൂപംപ്രാപിച്ചുവരേണ്ട 'ഏകലോക'ത്തിൻെറ ഒരു പ്രാരംഭപരിചയം നല്കുകയും ചെയ്യുന്നതിനാൽ ഇക്കാര്യത്തിൽ എനിക്കു താല്പര്യം തോന്നുന്നു.

ഞാൻ ഇപ്പറഞ്ഞതിൽനിന്നെല്ലാം ഒരു പൗരൻ എന്ന നിലയിൽ ഞാൻ എത്രയധികം വിശ്വസ്തനാണെന്നും 'സഹവർത്തിത്വ'ത്തിൽ അധിഷ്ഠിതമായ സംയുക്തസമൂഹസൃഷ്ടി എന്ന നിങ്ങളുടെ ലക്ഷ്യത്തിലേക്കു നിങ്ങളോടൊപ്പം സഞ്ചരിക്കാൻ ഞാൻ എത്രവളരെ സന്നദ്ധനാണെന്നും നിങ്ങൾക്കു വേഗം മനസ്സിലാകുമല്ലൊ. എനിക്കുള്ള സമസ്തവും, എൻെറ സ്വാധീനവലയത്തിൽ വരുത്താൻ കഴിയുന്ന എൻെറ സ്വന്തക്കാരിലും ബന്ധുക്കളിലുംനിന്നു ശേഖരിക്കാൻ കഴിയുന്നതും,

മുഴവൻ ഇതിലേക്കു സംഭാവനചെയ്യാൻ ഞാൻ തയാറാണ്. എൻെറ പ്രാദേശികപ്രതിനിധിയും സംസ്ഥാന ഉദ്യോഗസ്ഥന്മാരും (ഒട്ടും പരാതിപറയാതെ, നിശ്ചയിക്കപ്പെട്ടുന്ന തോതിലുള്ള ശമ്പളം കൊടുത്തു്, എൻെറ കൂനിയ മുതുകിന്മേലാണ് അവരെ ഞാൻ കൊണ്ടുനടക്കുന്നതെന്നു നിങ്ങൾക്കറിയാമല്ലോ.) പറയുന്നതു ചെവിക്കൊള്ളാനും അവർ നല്കുന്ന മാൎഗ്ഗദൎശനമനുസരിച്ച് ഈ സാമൂഹ്യപ്രസ്ഥാനത്തിനുവേണ്ടി എനിക്കു കഴിവുള്ളതൊക്കെ ചെയ്യാനും ഞാൻ തയാറാണ്. കഴിഞ്ഞകാലത്തെ എൻെറ കയ്പുററ അനുഭവങ്ങളെ ഗണ്യമാക്കാതെ ഇതൊക്കെ ചെയ്യാൻ ഞാൻ സന്നദ്ധനാണ്. കാരണം, നിങ്ങളെ ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു.

അനക്ഷരനായ ഒരു കർഷകൻെറ മകനാണ് ഞാൻ. ഞാൻ ഉത്ഭവിക്കുന്നു, വളരുന്നു, വാടുന്നു, നിശ്ശബ്ദതയിൽ അപ്രത്യക്ഷനാകുന്നു. എനിക്കേതായാലും ഇത്രമാത്രമറിയാം—അതായതു് ഒരാൾക്കു് ഒരേ ശ്വാസത്തിൽ നന്മയും തിന്മയും കൈകാൎയ്യംചെയ്യാൻ കഴികയില്ലെന്നു്; ഒരുതുള്ളി രക്തവും ചിന്താതെതന്നെ വിപ്ലവം ഉണ്ടാക്കാൻ കഴിയുമെന്നു്. പക്ഷേ, ചില ചില്ലറ ശണ്ഠകളൊക്കെ ഒഴിച്ചുകൂടാവുന്നതല്ല. ഉപരിതലവായുവിൽ ചില ചലനങ്ങളും സ്ഥാനഭ്രംശങ്ങളും സംഭവിപ്പിച്ചുകൊണ്ടാണ് ഋതുക്കൾതന്നെയും ആഗമിക്കുന്നതു്. ആ ചലനങ്ങൾ കുറെ കുറഞ്ഞ അളവിലാണെങ്കിലും ഭൂമിയെ സ്പൎശിക്കാതിരിക്കയുമില്ല. അതുകൊണ്ടു് 'സുരക്ഷിതമായ നിലപാടെടുക്കലി'നും അതിൻേറതായ പരിമിതികളുണ്ടെന്നും, മൗലികമായ പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്ന വ്യാപകമായ തീരുമാനങ്ങളാൽ പിൻതുടരപ്പെടാത്ത പക്ഷം സമഗ്രവും സൎവ്വംകഷവുമായ തോതിൽ സംവിധാനം ചെയ്യപ്പെട്ടിരിക്കുന്ന ഇന്ത്യൻ സാമൂഹ്യവികസനപദ്ധതിയിലെ വികസനപ്രവൎത്തനങ്ങൾ—അതിൻെറ വൈപുല്യവും സാഹചൎയ്യങ്ങളുമൊക്കെ കണക്കിലെടുത്താലും—പഴയകാലത്തെ 'മന്ത്രം'പോലെ പരിഗണിക്കപ്പെടുന്ന പരിണാമമുണ്ടാകും.

ഞാൻ നിങ്ങളുടെ ഒപ്പം—വേണ്ടിവന്നാൽ ഇതിൻെറ അന്ത്യംവരെ—ഏതു ക്ലേശവും സഹിച്ചു സഞ്ചരിക്കാമെന്നു

മുകളിൽ പ്രതിജ്ഞയെടുത്തുകഴിഞ്ഞു. അതു ഞാൻ വൃഥാ പറഞ്ഞതല്ല; അതിനൊരുമ്പെട്ടുകൊണ്ടുതന്നെയാണ്. എങ്കിലും ഞാനും നിങ്ങളുംകൂടെ പണിതീർക്കുന്ന പാത, കരിഞ്ചന്തക്കാർക്കും മായംചേർക്കൽകാർക്കും മറ്റു കൊള്ളരുതാത്ത കൂട്ടർക്കും സുഗമസഞ്ചാരത്തിനായിട്ടാണ് തീരുന്നതെങ്കിൽ—സാങ്കേതിക വിജ്ഞാന സജ്ജീകരണങ്ങൾ പ്രത്യേകം ചിലരുടെ കുത്തകയാകാനാണെങ്കിൽ—എൻെറയും എൻെറ അയൽക്കാരുടെയും സന്താനങ്ങളുൾപ്പെടെ ഭൂരഹിതരും തൊഴിൽരഹിതരുമായികഴിയുന്ന വർദ്ധിച്ചുവരുന്ന ജനസമൂഹം ഇനിയും അനവസാനമായ അരക്ഷിതത്വത്തിൽ കഴിയണമെന്നാണെങ്കിൽ—എൻെറ സന്താനങ്ങൾ എൻെറ കാലത്തിനുശേഷം എൻെറ കാൽപ്പാടുകളിൽ തുടന്നില്ലെന്നുവരാം എന്നു ഞാൻ ഭയപ്പെടുന്നു. അങ്ങനെ സംഭവിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കയില്ലെന്ന് എനിക്കുറപ്പുമുണ്ട്. എങ്കിലും, വമ്പിച്ച വില നൽകാതെ ഒരു രാഷ്ട്രവും മഹത്വത്തിലേക്കുയന്നിട്ടില്ല എന്ന കാര്യത്തിൽ ഞാൻ നിങ്ങളോടു യോജിക്കുന്നു. നാം ഒരു വമ്പിച്ച പരിവത്തനത്തിനുവേണ്ടിയാണു പ്രവത്തിക്കുന്നതെന്ന കാര്യത്തിലും ഞാൻ യോജിക്കുന്നു.

വലിയ സംഭവങ്ങൾ അന്തർഭാഗത്തു സംത്രാസമുണ്ടാക്കിക്കൊണ്ടിരിക്കയാണ്. അടിത്തറയിലെ മണ്ണ് ഒഴുകിപ്പോകയാണ്; മുകളിലെ മന്ദിരഭാഗത്തിൻെറ ഉൾഭാഗം വിണ്ടുകീറുകയാണ്. വില നൽകപ്പെട്ടുതുടങ്ങി; ഇതേവരെ ചെറിയ ആളുകളുടെ സംഘങ്ങൾ മാത്രമെ അതിൽ പെട്ടിട്ടുള്ളുവെങ്കിലും വലിയ ആളുകൾ സംഘംസംഘമായി മുമ്പോട്ടുവന്ന് വലിയ വില നൽകാൻ കിടക്കുന്നതേയുള്ളു; എന്നിട്ടുവേണം കുഴിയിൽനിന്നു കുന്നിലേക്കുള്ള പ്രയാണമാരംഭിക്കാൻ. വഴിക്കവലയ്ക്കിപ്പുറമുള്ള വളവിൽവച്ചു നിങ്ങൾക്കു മുന്നറിവു തരാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. മഹത്തായ പ്രാരംഭത്തിനു നാന്ദിയായി ഞാൻ നിങ്ങളുടെ മുമ്പിൽ എൻെറ ശിരസ്സു നമിച്ചുകൊള്ളട്ടെ.

## ഒരു ക്ഷണം

ഇന്ത്യയിലെ സാമൂഹ്യവികസനപദ്ധതിക്കു വല്ലതും ഒരത്ഥമുണ്ടായിരിക്കണമെങ്കിൽ—അതു് ഇനിയും രൂപംപ്രാപിക്കേണ്ട 'നവലോക'ത്തിൻെറ മുന്നോടിയായി പ്രയോജനപ്പെടണമെന്നുണ്ടെങ്കിൽ—ജനങ്ങളുടെ ആത്മാവിലെ നിശ്ശബ്ദമായ രക്തരഹിതവിപ്ലവമായി അതിനെ ആസൂത്രണംചെയ്യേണ്ടതുണ്ടു്. സ്വന്തം ജന്മദേശത്തു് അഭയാത്ഥികളായി കഴിഞ്ഞുകൂട്ടുന്ന മുപ്പത്തിയഞ്ചുകോടി ഇന്ത്യൻപൗരന്മാരെ 'നവലോക'ത്തിലെ പൗരന്മാരായി പുനരധിവാസം ചെയ്യിപ്പിക്കേണ്ടിയിരിക്കുന്നു. ഇരുന്നൂറു വഷകാലത്തെ അടിമത്തത്തിൻെറ പ്രേതബാധ നമ്മുടെ കഴുത്തിൽ കൊടിയ ഭാരമായി തൂങ്ങിക്കിടക്കുന്നു; നമ്മുടെ അബോധമനസ്സിൽ പേടിസ്സ്വപ്നമായി അവശേഷിക്കുന്നു. അതിനെ ആവാഹിച്ചു മാറ്റേണ്ടതുണ്ടു്.

ഒരുകാലത്തു് ലോകത്തിൻെറ മുഴുവൻ അസൂയയ്ക്കു വിഷയമാകത്തക്കവിധം വിശിഷ്ടമായ കലാസമ്പത്തും കൈവിരുതും ഒക്കെ ഇന്ത്യയ്ക്കുണ്ടായിരുന്നു. എല്ലാ രാജ്യക്കാരും അതുകണ്ടു് അത്ഭുതസ്തബ്ധരും ആകൃഷ്ടരുമായിത്തീന്നിരുന്നു. അവയെ പുനജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു. പുതിയ അടിസ്ഥാനത്തിലല്ല; പഴയ അടിസ്ഥാനത്തിൽത്തന്നെ മാറിവരുന്ന കാലത്തിനനുയോജ്യമായ തരത്തിൽ ഇന്ത്യയുടെ ആത്മാവിനു പുനരുജ്ജീവനം നൽകി വത്തമാനകാലത്തിൻെറ ബോധം ആവേശിപ്പിക്കയും ഭാവിയുടെ ദർശനത്തിനു പ്രാപ്തയാക്കുകയുമാണു ചെയ്യേണ്ടതു്. അല്ലാത്തപക്ഷം ഇറക്കുമതിചെയ്യപ്പെടുന്ന പണവും സാങ്കേതികസൗകര്യങ്ങളും അന്തഃസത്തയില്ലാത്ത ബാഹ്യരൂപം സൃഷ്ടിക്കുന്ന യത്നത്തിൽ ദുർവ്യയം ചെയ്യപ്പെട്ടുപോകും. എല്ലാം കഴിയുമ്പോൾ അവശേഷിക്കുന്നതു്, ഒരുവേള, പരസ്പരം പൊരുത്തപ്പെടാത്ത ഒരു വ്യവസ്ഥിതിയായിരിക്കും. ഒരു പുതിയ സമരം അതോടെ ആരംഭിക്കുമെന്നുള്ളതു നിശ്ചയമാണു്. വ്യത്യസ്തവും ചുരുങ്ങിക്കൂടിയതുമായ ഇന്നത്തെ ലോകത്തിൽ അതു മററുള്ളവരെക്കൂടെ ആപത്തിലേക്കു വലിച്ചിഴച്ചേക്കും.

അതുകൊണ്ടു് സാമൂഹ്യവികസനപ്രസ്ഥാനത്തിൻെറ

ആവശ്യത്തിനുവേണ്ടി ഇന്ത്യയ്ക്കു പുറത്തുനിന്നു ലഭിക്കുന്ന പണം ഒരേ മാർഗ്ഗത്തിൽമാത്രമൊഴുകുന്ന ഒരു ദാനമാകരുതു്; 'കൊടുക്കുകയും എടുക്കുകയും' ചെയ്യുന്ന ഒരു വ്യവസ്ഥിതിയായിരിക്കണം. അല്ലാത്തപക്ഷം രണ്ടുകൂട്ടരുടേയും കൈകൾ കളങ്കിതങ്ങളാകും. ഇന്ത്യയുടെ ജീവിതത്തിൽ അചഞ്ചലത ഒരു രോഗമായിത്തന്നെ വളന്നിരുന്നു. ശക്തികേന്ദ്രമായ പാശ്ചാത്യദേശത്താകട്ടെ അനവസാനമായ അസ്വാസ്ഥ്യതയും അതുപോലെതന്നെ ഒരു രോഗമായിത്തീന്നിരുന്നു. പൂവ്വപശ്ചിമദേശങ്ങൾ ഒരു വിവാഹബന്ധത്തിൽ ഏർപ്പെട്ടെങ്കിൽ മാത്രമേ വളന്നുവരുന്ന പുതിയ ലോകത്തിനെ ശരിയായ രൂപം നൽകി വാർത്തെടുക്കാൻ കഴിയൂ. ഇന്ത്യ പൂവ്വദിക്കാകുന്ന കറപ്പിനേയും അമേരിക്ക പശ്ചിമനാടാകുന്ന പനിയെയുമാണ് പ്രതിനിധീകരിക്കുന്നതു്. പുതിയ സംയോഗത്തിൽ അവ തമ്മിൽ സന്ധിക്കുന്നു എന്നതു വിധിനിണ്ണായകമായ കാര്യമാണു്. പാശ്ചാത്യരാജ്യങ്ങൾക്കു് കറപ്പിന്റെ ഒരു മാത്ര ആവശ്യമാണു്. പൂവ്വദിക്കിനു് ആ പനി ഒന്നു പിടികേണ്ടതുണ്ടു താനും. ആ സംയോഗത്തിൻെറ ഫലമായി അവശേഷിക്കുന്ന മിച്ചം, ഒരുവേള, ലോകത്തെ രണ്ടായി പിളക്കുമെന്നു ഭയപ്പെടുത്തുന്ന വിരുദ്ധാദർശങ്ങളുടെ വിഷയത്തിൽ, ഒരു പരിഹാരമായി പ്രയോജനപ്പെട്ടേക്കാം.

അതുകൊണ്ടു് ഇന്ത്യയുടെ സാമൂഹ്യവികസനവിഷയത്തിൽ ലഭിക്കുന്ന സാങ്കേതികസഹായം ഉപയുക്തമാക്കുന്നതു തികച്ചും പുതിയ മാതൃകയിലായിരിക്കണം. അഭയാത്ഥികളെ അവർ മുറുകെ ആശ്ലേഷിക്കുന്ന പഴയ ബന്ധങ്ങളിൽനിന്നു പറിച്ചുമാററി പകരം അവരുടെ പരിചയത്തിനും പാരമ്പര്യത്തിനും കേവലം അന്യമായ ഒരടിസ്ഥാനത്തിൽ നട്ടുവളത്താനായിരിക്കരുതു്, ഉന്നം. നേരേമറിച്ചു് പഴയ രീതികളെ പുനരുദ്ധരിക്കാനും പുതിയ ലോകത്തിൻെറ മാതൃകയിൽ അവയ്ക്കു പുനരുജ്ജീവനം നൽകാനുമാണു് ശ്രമിക്കേണ്ടതു്. അപ്പോൾ, ഇന്ത്യയ്ക്കു സാങ്കേതികസഹായം നൽകാൻ സന്നദ്ധരായ സുഹൃത്തുക്കൾ ഒരു കുരിശുയുദ്ധമനോഭാവത്തോടെയല്ല മുന്നോട്ടു വരേണ്ടതു്. പൗരാണികമനുഷ്യൻെറ ഈ തൊട്ടിലിനടുത്തേക്കു് ഏററവും വണക്കത്തോടെ വേണം അവർ

വരാൻ. ആദ്യമായി അവർ ജീവിതമാകുന്ന ഈ ഗംഗയിൽ ഒന്നു മുങ്ങിക്കളിക്കണം. എന്നിട്ടുവേണം, അസ്വാതന്ത്ര്യത്തിൽ ആണ്ടുപോയ സഹോദരന്—സഹജീവിക്ക്—സഹായഹസ്തം നീട്ടാൻ; അവനെ പ്രേതബാധയുടെ പേടിസ്വപ്നത്തിൽനിന്നുണർത്തിയെടുക്കാൻ.

ഇന്ത്യയിൽ സാമൂഹ്യവികസനപ്രസ്ഥാനം നടപ്പാക്കുന്നതു് ഈ രീതിയിൽത്തന്നെ വേണം. ബാഹ്യമോ ആഭ്യന്തരമോ ആയ ഏതു ശ്രമവും നന്മനസ്സോടെ സ്വീകരിക്കപ്പെടണമെന്നുണ്ടെങ്കിൽ, അതു് ഈ മാതൃകയുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിയിരിക്കണം. ജലസേചനം, നിലം നികത്തിയെടുക്കൽ, ആധുനികസാങ്കേതികസമ്പ്രദായങ്ങളുടേയും യന്ത്രസാമഗ്രികളുടേയും ഉപയോഗം, രാസവളപ്രയോഗം എന്നിവയെല്ലാം നല്ല മാർഗ്ഗങ്ങളാണ്. അതുപോലെതന്നെയാണ് വ്യവസായങ്ങളിലെ ആധുനികരീതിയിലുള്ള ഉല്പാദനവിതരണങ്ങളും, ഗൃഹനിർമ്മാണമാതൃകകളും, വയോജനങ്ങളുടേയും ശിശുക്കളുടേയും വിദ്യാഭ്യാസവും. പക്ഷേ, ഇതെല്ലാം മൗലികമായ ഒരു ലക്ഷ്യത്തിലേക്ക്—മനുഷ്യനിലേക്ക്—ഉള്ള മാർഗ്ഗമാണ്. മനുഷ്യൻ അവൻെറ സാഹചര്യങ്ങളുടെ സൃഷ്ടിയാണെന്നതു വാസ്തവം. അതുപോലെതന്നെ വാസ്തവമാണ്, സാഹചര്യങ്ങൾ മനുഷ്യൻെറ സൃഷ്ടിയാണെന്നതും. ഭൗതികസാഹചര്യങ്ങളുടെ രൂപവല്ക്കരണം താരതമ്യേന പ്രയാസം കുറഞ്ഞതാണ്. എന്നാൽ മാനുഷികസാഹചര്യങ്ങളിലേക്കുള്ള പ്രയാണത്തിൽ കുറേക്കൂടെ കുത്തനെയുള്ള മല കയറണം. കാലത്തിൻെറ തിരക്കിൽപ്പെട്ടു് ഈ അടിസ്ഥാനപരമായ വ്യത്യാസം നാം മറന്നുപോകുന്നു—ഫലമോ, ചാപിള്ളയുടെ ജനനമെന്ന ദുരന്തത്തെ നാം അഭിമുഖീകരിക്കേണ്ടിവരുന്നു.

സാവധാനത്തിലെങ്കിലും ക്രമമായി, നവലോകത്തിന്റെ രൂപീകരണം നടന്നുകൊണ്ടിരിക്കയാണ്. ബീജം രൂപംകൊള്ളുകയാണ്. അതിർത്തികളുടെ പ്രതിബന്ധമൊന്നുമില്ല. ലോകത്തിൻെറ എല്ലാഭാഗത്തുമുള്ള സുഹൃത്തുക്കൾക്കും സഖാക്കൾക്കും 'നവയുഗ'ത്തിൻെറ ആഗമനത്തെ ത്വരിപ്പിക്കുന്നതിൽ അവരുടെ പങ്കു വഹിക്കാൻ സ്വാതന്ത്ര്യമുണ്ടു്. അവരുടെ സഹായം സ്വാഗതംചെയ്യപ്പെടും.

# III

## ഫലിക്കുന്ന അംഗുലി ആലേഖനം തുടരുന്നു

# ഇന്ത്യയിലെ സാമൂഹ്യവികസന പദ്ധതികൾ

1947 ആഗസ്റ്റ് 15-ാംതീയതിയിലെ വിധിനിർണ്ണായകമായ രാത്രിയിൽ ഉയൎന്ന ഘണ്ടാരവം കേട്ടമാത്രയിൽ ലക്ഷോപലക്ഷം ജനങ്ങളുടെ കണ്ഠങ്ങളിൽനിന്നു് ഏകകാലത്തുയൎന്ന 'ഇങ്കിലാബ് സിന്ദാബാദ്' എന്ന ജയനിർഘോഷം അന്തരീക്ഷത്തെ ഭേദിച്ചുകൊണ്ടു് ദിക്കെങ്ങും മാറെറാലികൊണ്ടു. വിദേശീയഭരണം അവസാനിച്ചു. നാട്ടുകാർ ഭരണമേല്ക്കണം. കോളണിഭരണക്കാരാൽ തിരഞ്ഞെടുക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥന്മാരെ ഒരു നവീനലക്ഷ്യത്തിനുവേണ്ടി പ്രവൎത്തിക്കുമാറു് പുതിയതായി ജ്ഞാനസ്നാനംചെയ്യിച്ചെടുക്കണം. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ രക്തവും വിയൎപ്പും ചൊരിഞ്ഞിരുന്ന ജനപ്രതിനിധികൾ ഇനി പുതിയ രീതിയിൽ കടിഞ്ഞാൺ പിടിക്കാൻ പരിശീലിക്കേണ്ടിയിരിക്കുന്നു. ഇപ്രാവശ്യം കൂടുതൽ ക്ലേശകരവും ഉത്സാഹജന്യവുമായ ഒരു പുതിയ ജോലിക്കാണു് അവർ തയാറാകേണ്ടതു്—അതായതു്, കഴിഞ്ഞുപോയ നൂററാണ്ടുകളുടെ തകൎന്നുപോയ അവശേഷങ്ങളെ തുത്തുമാറ്റുക, പുണ്യഭൂമിയെ ബാധിച്ചിരിക്കുന്ന പിശാചുക്കളെ ഉച്ചാടനംചെയ്യുക, ആയിരത്തിലധികം വൎഷങ്ങളായിട്ടു് സമുദ്രത്തിലെ തിരമാലകളും ഹിമാലയത്തിലെ ഹിമശേഖരവും യാതൊന്നിനുവേണ്ടി നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരുന്നുവോ ആ 'നവഭാരത'ത്തിൻെറ അടിത്തറ പുതിയതായി പണിതുയൎത്തുക, എന്നിവയൊക്കെ. പുതിയ സാമ്രാജ്യങ്ങൾ കൊടുങ്കാററുപോലെ വരുകയും പോകുകയും ചെയ്യുന്നതു മൂകസാക്ഷികളായി നോക്കിനിന്നു ശീലിച്ച ഇന്ത്യയിലെ കോടാനുകോടി ജനങ്ങളെ പുതിയ യാഥാൎത്ഥ്യത്തെപ്പററി ബോധവാന്മാരാക്കേണ്ടിയിരിക്കുന്നു—അതായതു് ഒരു പേ

ടിസ്സ്വപ്നത്തിന്റെ നിവാരണവും പുതിയതായി ലഭിച്ച സ്വാതന്ത്ര്യത്തിൽനിന്നുല്പന്നമായ അവകാശങ്ങളും ബാദ്ധ്യതകളും. അടുത്ത ജോലി ജനങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥന്മാർ എന്നീ മൂന്നുകൂട്ടരേയും ഒന്നിച്ചുകൂട്ടുന്നതാണ്. ഓരോ കൂട്ടരും അവനവന്റെ ധർമ്മം നിർവ്വഹിക്കവേതന്നെ അന്തിമ ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ മൂന്നുകൂട്ടരും കൈക്കുകൈ കോർത്തുപിടിച്ച് ഏകമനസ്സോടെ നീങ്ങണം—ആ ലക്ഷ്യമോ 'നവഭാരതം'—'നവലോകം'—'നവചക്രവാളം.'

ജനങ്ങളുടെ അനുമതിയോടെ രാജ്യത്തെ പുനർനിർമ്മാണംചെയ്യാനുള്ള ഇന്ത്യാഗവണ്മെന്റിന്റെ ആദ്യത്തെ സംഘടിതയത്നമായിട്ടാണ് പഞ്ചവത്സരപദ്ധതി രൂപപ്പെടുത്തിയിട്ടുള്ളതു്. ഊഹഗോചരമല്ലാത്ത സ്വഭാവവിശേഷങ്ങളോടുകൂടിയ അതിശക്തങ്ങളായ നദികളിലെ വെള്ളം അണകെട്ടി തടഞ്ഞുനിർത്തി അതുകൊണ്ടു് കൃഷിയാവശ്യങ്ങൾക്കുള്ള ജലസേചനം നിർവ്വഹിക്കയും അലകതകശക്തിയുൽപാദിപ്പിച്ച് ഗ്രാമപ്രദേശങ്ങൾക്കു് വെളിച്ചവും ഊർജ്ജവും നൽകുകയും ചെയ്യുക, രണ്ടാംലോകമഹായുദ്ധത്തിന്റെ ആവശ്യത്തിനുപയോഗപ്പെടുത്തപ്പെട്ടു് തേയ്മാനവും കേടും സംഭവിക്കയാൽ ഉപയോഗശൂന്യമായിത്തീർന്നിരുന്ന റെയിൽവേകൾ പുനർനിർമ്മാണം ചെയ്യുക, ഗതാഗതസൗകര്യത്തിനുവേണ്ടി നല്ല റോഡുകളുണ്ടാക്കുക, വ്യവസായത്തൊഴിലാളികൾക്കു ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുക, 'കൂടുതൽ ഭക്ഷ്യധാന്യം ഉൽപാദിപ്പിക്കുന്ന' പ്രസ്ഥാനത്തിന്റെ ത്വരിതമായ പുരോഗതിക്കുവേണ്ടി ചെറുകിട ജലസേചനസൗകര്യവും ബന്ധപ്പെട്ട മറ്റു സൗകര്യങ്ങളും നൽകുക, ജനങ്ങൾക്കു വിദ്യാഭ്യാസത്തിനും ശുചീകരണത്തിനും വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നിവയെല്ലാം പദ്ധതിയുടെ അംശങ്ങളാണ്. അതനുസരിച്ചു് കാര്യങ്ങൾ നടന്നുതുടങ്ങി. ജനങ്ങളിൽനിന്നു നേടിയ അധികാരപത്രത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി പുരോഗമിച്ചു. സ്വപ്നത്തിലെ ദ്വീപുകളെന്നോണം വിശാലമായ ഗവേഷണസ്ഥാപനങ്ങളും വമ്പിച്ച ഫാക്ടറികളും ഉയന്നുവന്നുതുടങ്ങി. എന്നാൽ ആക്കുവേണ്ടിയാണോ പദ്ധതി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്, ആ ജനങ്ങളെ എങ്ങും കാണാനുണ്ടായി

രുന്നില്ല. മന്ദിരത്തിന്റെ പണി പുരോഗമിക്കയാണ്. പക്ഷേ, അടിസ്ഥാനം ഇപ്പോഴും അന്തരീക്ഷത്തിലാണ്. കാരണം, ഒരു രാജ്യം നിലകൊള്ളുന്നതു് മന്ദിരങ്ങളിലോ ഉദ്യാനങ്ങളിലോ നടക്കാവുകളിലോ ഒന്നുമല്ല, അവിടെ അധിവസിക്കുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ഭുജങ്ങളിലാണ്. കാര്യം വ്യക്തമായി. അപ്പോൾ ഒരു പുതിയ പദ്ധതി രൂപപ്പെടേണ്ടിയിരിക്കുന്നു; കാണാനില്ലാത്ത കണ്ണി—അതായതു് ജനങ്ങളെ—ബന്ധപ്പെടുത്തുന്ന ഒരു പദ്ധതി. ആ പദ്ധതി, ഭൗതികവും ധിഷണാപരവും ആത്മീയവുമായ ഒരു സത്തയുൾക്കൊള്ളുന്നതാവണം. ജനങ്ങളിൽനിന്നുത്ഭവിക്കുന്നതും ജനങ്ങൾക്കുവേണ്ടി നടത്തുന്നതും ജനങ്ങളാൽത്തന്നെ നടത്തപ്പെടുന്നതുമായിരിക്കണം അതു്. ഈ അന്വേഷണം സാമൂഹ്യവികസനപദ്ധതിയുടെ രൂപീകരണത്തിലേക്കു നയിച്ചു—ഇന്ത്യൻ പഞ്ചവത്സരപദ്ധതിയുടെ ഒരു അനുബന്ധം; എങ്കിലും വാസ്തവത്തിൽ അതിനു് അടിസ്ഥാനശിലയും. 'പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തിനാവശ്യമായ ഊർജ്ജം സംഭാവനചെയ്യുന്ന ഡൈനാമൊ' ആണിതെന്നാണ് ഈ പുതിയ പ്രസ്ഥാനത്തിൻെറ നാമകരണമുഹൂർത്തത്തിൽ അനുഗ്രഹിച്ചുകൊണ്ടു പ്രധാനമന്ത്രി പറഞ്ഞതു്. 1952-ൽ എല്ലാ സംസ്ഥാനങ്ങളിലും ഏകകാലത്തുതന്നെ സാമൂഹ്യവികസനപരിപാടിയുടെ പ്രവർത്തനമാരംഭിച്ചു. 'രാഷ്ട്രപിതാവും' 'വാളെടുക്കാത്ത പടയാളി'യുമായ മഹാത്മാഗാന്ധിയുടെ ജന്മദിനത്തിലായിരുന്നു പ്രസ്ഥാനത്തിൻെറ ഉത്ഘാടനം. 55 പ്രോജക്ടുകളാണ് ആദ്യം ആരംഭിച്ചതു്; ഓരോന്നും ഏതാണ്ടു് രണ്ടുലക്ഷം ജനങ്ങളെ ഉൾക്കൊള്ളുന്ന മുന്നൂറോളം ഗ്രാമങ്ങൾ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നു ബ്ലോക്കുകളായി തിരിക്കുന്നതായിരുന്നു സമ്പ്രദായം. ഓരോ പ്രോജക്ടിനും 65 ലക്ഷം രൂപാവീതം മുടക്കണമെന്നായിരുന്നു പ്രാരംഭത്തിലെ കണക്കുകൂട്ടലെങ്കിലും ഉത്ഘാടനത്തിനുശേഷം, അനുഭവത്തിൻെറ വെളിച്ചത്തിൽ, 45 ലക്ഷം രൂപാ മതിയാകുമെന്നുകണ്ടു്, അപ്രകാരം കുറവുചെയ്തു.

ഈ പരിപാടിയുടെ ഭാഗമായി, കൃഷിയെ സംബന്ധിച്ചടത്തോളം ഗുണക്കൂടുതലുള്ള വിത്തു്, കമ്പോസ്റ്റ്‌വളം, രാസ

വളങ്ങൾ, നല്ലയിനം കാർഷികോപകരണങ്ങൾ എന്നിവ നൽകുക, പരിഷ്കൃതമായ കൃഷിസമ്പ്രദായത്തിൽ പരിശീലനവും പഴവർഗ്ഗങ്ങളുടെയും സസ്യങ്ങളുടെയും കൃഷിയിൽ പ്രോത്സാഹനവും നല്കുക, നിലം നികത്തിയെടുക്കൽ കയ്യാല പിടിപ്പിക്കൽ തുണ്ടുഭൂമികൾ ഒന്നിച്ചുചേക്കൽ എന്നിവയ്ക്കെല്ലാം സഹായം നൽകുക, എന്നിതൊക്കെ ചെയ്തുകൊടുക്കും. നല്ലയിനം പക്ഷിവർഗ്ഗങ്ങൾ, കന്നുകാലി, ആട്, മത്സ്യം മുതലായവകളെ വളത്താനും കൃത്രിമഗർഭോല്പാദനത്തിനും മൃഗചികിത്സയ്ക്കും വേണ്ട സൗകര്യങ്ങൾ ജന്തുക്കളെ വളത്തുന്ന വിഷയത്തിൽ ചെയ്തുകൊടുക്കപ്പെടും. ജലസേചനസംബന്ധമായി കിണറുകൾ, കുളങ്ങൾ, കുഴൽക്കിണറുകൾ, ചെറിയ അണക്കെട്ടുകൾ, യന്ത്രസഹായത്തോടെ ആറുകളിൽനിന്നു വെള്ളം തിരിച്ചുവിടൽ മുതലായ സൗകര്യങ്ങളുണ്ടാക്കും. ഗ്രാമറോഡുകളും അവ വന്നുചേരുന്ന ഉപറോഡുകളും നിർമ്മിക്കുക, പാലങ്ങൾ കലുങ്കുകൾ നടപ്പാതകൾ എന്നിവയുണ്ടാക്കുകയും യാന്ത്രികവാഹനങ്ങളും ജന്തുക്കളെ ഉപയോഗിച്ചു നടത്തുന്ന വാഹനങ്ങളും ഉപയോഗിച്ചുള്ള ഗതാഗതസമ്പ്രദായങ്ങളെ പ്രോത്സാഹിപ്പിക്കയുമൊക്കെയാണു് ഗതാഗതവിഷയത്തിൽ ചെയ്യുക. പൊതുജനാരോഗ്യത്തിൻെറ കാര്യത്തിൽ കുടിക്കാനുള്ള ജലം ലഭിക്കാനുള്ള സൗകര്യവും അഴുക്കുചാലുകളുടെ നിർമ്മാണവും പരിസരശുചീകരണവും പകർച്ചവ്യാധികളെ തടയാനുള്ള നടപടികളും രോഗികൾക്കു ചികിത്സാസൗകര്യവും മാതാക്കൾക്കും ശിശുക്കൾക്കും ആവശ്യമായ പരിചരണസൗകര്യവും എല്ലാം ശ്രദ്ധിക്കപ്പെടും. ഗ്രാമവ്യവസായങ്ങളുടെ വിഷയത്തിൽ, നിലവിലുള്ള തൊഴിൽക്കാക്കു് കൂടുതൽ ഫലപ്രദമായ വിദഗ്ദ്ധസാങ്കേതികോപദേശവും നല്ല ഉപകരണങ്ങളും പണിയായുധങ്ങളും നൽകപ്പെടുകയും പുതിയ പണിക്കാരെ പരിശീലിപ്പിച്ചെടുക്കുകയും ഗ്രാമത്തിലെ ദൈനംദിനാവശ്യത്തിനു സ്വയംപര്യാപ്തമാകത്തക്കവിധം ഭക്ഷ്യവിഭവങ്ങളുടെ ശാസ്ത്രീയസംഭരണനിർമ്മാണങ്ങളും ബന്ധപ്പെട്ട വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യും. ഗ്രാമങ്ങളിൽ കൂടുതൽ കാററും വെളിച്ചവും കയറുമാറുള്ള നല്ല ഭവനങ്ങൾ നിർമ്മിക്കുക, വൃത്തിഹീനമായ

ചാളപ്പുരകളുടെ കേന്ദ്രങ്ങൾ ഇല്ലാതാക്കുക, കുട്ടികൾക്കും പ്രായമായവക്കും ഉപയോഗിക്കാൻവേണ്ടി ഉദ്യാനങ്ങളും കളിസ്ഥലങ്ങളും ഉണ്ടാക്കുക, ഗ്രന്ഥശാലകൾ പഞ്ചായത്തുഭവനങ്ങൾ തുടങ്ങിയ പൊതുമന്ദിരങ്ങളും മനുഷ്യരെയും മൃഗങ്ങളെയും ചികിത്സിക്കാനുള്ള സൗകര്യത്തോടൊപ്പംതന്നെ വിദ്യാഭ്യാസപ്രവർത്തനത്തിനും ഭരണകാര്യനിർവ്വഹണത്തിനുമൊക്കെ പ്രയോജനപ്പെടുത്താവുന്നതും അതേസമയം ഗ്രാമീണജനങ്ങൾക്ക് അവരുടെ ഉല്പന്നങ്ങളുടെ സംഭരണവിപണനങ്ങൾക്കുംകൂടെ ഉപയോഗപ്പെടുന്നതുമായ കേന്ദ്രങ്ങളും ഒക്കെ നിർമ്മിക്കുന്നതാണ് ഗൃഹനിർമ്മാണവിഭാഗത്തിലെ പരിപാടികൾ. വിദ്യാഭ്യാസമണ്ഡലത്തിലാകട്ടെ പ്രൈമറിയും സെക്കൻഡറിയും വിദ്യാഭ്യാസത്തെ വിപുലീകരിക്കുക, പുതിയ വിദ്യാഭ്യാസത്തിൻെറ അവിഭാജ്യഘടകമായി തൊഴിൽ അഭ്യസനവും കരകൗശലപരിശീലനവും നൽകുക, വയോജനവിദ്യാഭ്യാസത്തിനുപുറമെ നാടൻകളികളും നാടൻ കലാപ്രകടനങ്ങളും കവിസമ്മേളനങ്ങളും നൃത്ത്-സംഗീത-പാരായണസങ്കീർത്തനങ്ങളൊക്കെയുൾപ്പെടുന്ന സാമൂഹ്യവിദ്യാഭ്യാസസമ്പ്രദായം നടപ്പാക്കുക എന്നതൊക്കെയാണ് ലക്ഷ്യം. പ്രോജക്റ്റിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള പൊതുപ്രവത്തനങ്ങളെ ചുറ്റിയുള്ള സാമൂഹ്യവും സാമ്പത്തികവുമായ കാര്യങ്ങളിൽ സമൂഹത്തെ കൂടുതൽ ദൃഢമായി ബന്ധിക്കാൻതക്കവിധം സഹകരണപ്രസ്ഥാനവും പഞ്ചായത്തുപ്രസ്ഥാനവും പ്രോത്സാഹിപ്പിക്കപ്പെടണം.

മനസ്സും വിഭവങ്ങളും വിദേശീയഭരണാധികാരികൾ സജ്ജമാക്കിയ വ്യാപാരനിരതവും നിയമവിധേയവുമായ പട്ടണങ്ങളിലേക്ക് അവിരാമമായി സഞ്ചരിച്ചുകൊണ്ടിരിക്കയായിരുന്നു. ഈ മണ്ണിന് അന്യമായ ഒരു ജീവിതസമ്പ്രദായം നമ്മുടെ ഹിതത്തിനു വിപരീതമായി അടിച്ചേല്പിക്കപ്പെടുകയായിരുന്നു. കഴിഞ്ഞ കുറെ ദശകങ്ങൾക്കിടയിൽ ഈ ഏകമാർഗ്ഗചലനംകൊണ്ടു് ഗ്രാമീണഭാരതത്തിൽ അനുക്രമം വികസിച്ചുവന്നുകൊണ്ടിരുന്ന വിടവു നികത്തുവാൻവേണ്ടിയാണ് ഈ വിവിധോദ്ദേശസമീപനം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഉടനെ ആവശ്യമായിട്ടുള്ളതു് ഭക്ഷ്യമണ്ഡലത്തിൽ കൂടുതൽ ഉല്പാ

ദനമാണ്. പ്രയത്നിക്കാൻ സന്നദ്ധതയുള്ള കരുത്തുററ കരങ്ങളാണ് ഉല്പാദനത്തിനാവശ്യം. കരുത്തുള്ള കരങ്ങളാകുമ്പോൾ ശിരസ്സും ഹൃദയവും കരുത്തുള്ളതായിരിക്കുമെന്നും ശുദ്ധമായ രക്തമായിരിക്കും സിരകളിൽ പ്രവഹിക്കുന്നതെന്നും സ്വഭാവം ഉത്സാഹമുള്ളതായിരിക്കുമെന്നും ഉള്ളതു് ന്യായമായി സങ്കല്പിക്കാവുന്നതാണ്. മനുഷ്യശരീരം അവിഭാജ്യമായ ഒററ ഘടകമാണ്. അതുപോലെതന്നെ അവിഭാജ്യവും വിവിധോദ്ദേശസ്വഭാവയുക്തവുമായിരിക്കണം ഗ്രാമജീവിതത്തോടുള്ള നമ്മുടെ ഭൗതികസമീപനവും എന്നുള്ളതു് ഒഴിച്ചുകൂടാവുന്നതല്ല. നികത്താൻ പ്രയാസമാംവിധം വികസിച്ച വിടവാണുള്ളതെങ്കിലും അവിടെ വേഗം മാംസം വളൻവന്നു നികരത്തക്കവിധം മരുന്നുചെയ്യു് മുമ്പോട്ടുള്ള യാത്രയ്ക്കു തക്കവിധം ശരീരത്തെ സജ്ജമാക്കേണ്ടിയിരിക്കുന്നു.

മാനസികതലത്തിലും പരിപാടി ഇതേതരത്തിൽ സവ്വംകഷമാണ്. കുട്ടികൾക്കും പ്രായമായവക്കുമുള്ള വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ വിപുലമായ വികസനത്തിനുള്ള ഏപ്പാടുണ്ടു്. മാനസികവ്യായാമത്തിനുള്ള മണ്ഡലവും തുറന്നുകിടക്കുകയാണ്. ഓരോരുത്തരുടെയും ആവശ്യവും കഴിവും കണക്കിലെടുത്തുകൊണ്ടും, എന്നാൽ എല്ലാപേരും ഒത്തുപിടിച്ചു മുമ്പോട്ടു പോകത്തക്കവിധവും പരിപാടി സംവിധാനം ചെയ്യേണ്ട ചുമതല സമൂഹത്തിൻേറതാണ്. ഓരോ പ്രത്യേക കൃഷിയിടത്തിലേയും വിളവെട്ടപ്പിൻേറയും ജലസേചനസമ്പ്രദായത്തിൻേറയും കാര്യത്തിലായാലും, ഗ്രാമവിദ്യാലയത്തിൻ്റേയും ഗ്രന്ഥശാലയുടേയും പഞ്ചായത്തുമന്ദിരത്തിൻ്റേയും സ്ഥാനനിർണ്ണയത്തിലായാലും, റോഡുനിർമ്മാണകാര്യത്തിലായാലും, മനുഷ്യരുടേയും മൃഗങ്ങളുടേയും ചികിത്സാസൗകര്യത്തിൻെറ വിഷയത്തിലായാലും ഗ്രാമവികാസമണ്ഡലം മുഖാന്തരം പ്രതിനിധീകരിക്കപ്പെടുന്ന വ്യക്തികളുടെ അഭിപ്രായത്തിനാണു പ്രാബല്യമുള്ളതു്. അവസാനതീരുമാനമെടുക്കേണ്ടതു് ഗ്രാമത്തിൻെറ പ്രതിനിധികളും ആ പ്രദേശത്തെ ജില്ലാബോർഡ് പ്രതിനിധിയും സംസ്ഥാനനിയമസഭാംഗവും പാർലമെൻ്റംഗവും എല്ലാമുൾപ്പെട്ട ബ്ലോക്ക്ഡവലപ്പ്മെൻറ് കമ്മിറ്റിയാണ്. ഉദ്യോഗസ്ഥന്മാരുമുണ്ടായിരിക്കും അതിൽ—ഗ്രാമതല

ത്തിൽ പ്രവൎത്തിക്കുന്ന ഉദ്യോഗസ്ഥൻമുതൽ (Village level worker) ജില്ലാതലത്തിൽ ഗവണ്മെൻറിൻെറ ഏററവും ഉയൎന്ന പ്രതിനിധിയായ ഡിസ്ട്രിക്ട് കളക്ടർവരെയുള്ളവർ. അങ്ങനെ അടിസ്ഥാനപരമായ കാര്യങ്ങൾ തുടങ്ങി, കൂടിയാലോചനകളിലൂടെയാണു്, ഓരോ പദ്ധതിക്കും രൂപംനല്കി പ്രവൃത്തിയിൽ കൊണ്ടുവരുന്നതു്.

ആത്മീയവശത്തു് അസാധാരണമായ ഒരു വെല്ലുവിളിയെയാണു് ഈ ത്രിമുഖപദ്ധതിക്കു് അഭിമുഖീകരിക്കേണ്ടിയിരിക്കുന്നതു്. പരിപാടിയുടെ നിൎവ്വഹണത്തിനു് മൂന്നു ഘടകങ്ങളുടെ സമ്മതത്തോടെയുള്ള സംയോഗം ആവശ്യമാണു്. ജനങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥന്മാർ, ഈ മൂന്നു കൂട്ടരും പരിപാടിയുടെ എല്ലാ ഘട്ടത്തിലും, എല്ലാ അംശത്തിലും ഒററഘടകമെന്നപോലെ യോജിച്ചുനിന്നു പ്രവൎത്തിക്കണം. ഗവണ്മെൻറിൻെറ ധനശേഷി പരിമിതമാകയാൽ—അതു് ഒരുവേള മറെറാരുരൂപത്തിൽ ഒരു വലിയ അനുഗ്രഹമാണെന്നുവേണം കണക്കാക്കാൻ—ഗവണ്മെൻറിൽനിന്നു കിട്ടുന്ന വിഹിതത്തെ ജനങ്ങൾ, പണവും സാധനസാമഗ്രികളും കായികപ്രയത്നവുമൊക്കെയായി നല്കപ്പെടുന്ന തങ്ങളുടെ വിഹിതവും ചേൎത്തു പോഷിപ്പിക്കണം. വ്യക്തിപരമായ സ്വന്തം നിലനില്പിൽ കൂടുതൽ തല്പരരായി കാണപ്പെടുന്ന ജനപ്രതിനിധികൾ തങ്ങളുടെ സ്വന്തം വികാരങ്ങളും മോഹങ്ങളും കുഴിച്ചുമൂടിയിട്ടു് ഈ സംഘടനത്തിൽ സംബന്ധിച്ചെങ്കിൽ മാത്രമേ അവർ പ്രതിനിധീകരിക്കുന്നതായി കരുതപ്പെടുന്ന ജനങ്ങളിൽനിന്നു ശരിയായ ശബ്ദത്തിലുള്ള പ്രതിദ്ധ്വനിയുയൎത്തുവാൻ അവൎക്കു കഴിവുണ്ടാകയുള്ളു. ആ ജനങ്ങളുടെ വിശ്വാസം നേടുന്നതാണു്, വോട്ടെടുപ്പെന്ന ചതുരംഗക്കളി വരുമ്പോൾ വിജയംനേടാനുള്ള കരുനീക്കം. അതായതു്, ജനപ്രതിനിധികൾ അവരുടെ സ്വന്തം അഭിപ്രായങ്ങളും അഭിലാഷങ്ങളുമെല്ലാം പൊതുജനാഭിപ്രായത്തിനനുസരിച്ചു കോതിയൊതുക്കിക്കൊണ്ടു് ജനങ്ങളോടൊത്തു ചിന്തിക്കയും ഈ ബഹുജനപ്രസ്ഥാനത്തിൽ അവരുടെ ഒപ്പംനിന്നു പ്രവൎത്തിക്കയും ചെയ്യണമെന്നു താല്പൎയ്യം.

അതുപോലെതന്നെ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും

ഇത്തരം ഒരു പ്രതികരണമുണ്ടാകണം. അതു മററുള്ളവരുടേതിനോട്ട സമാന്തരമായിപ്പോകയും വേണം. അല്ലെങ്കിൽ സംഘഗാനത്തിൻെറ രാഗവും താളവും തെററിയിട്ട് കൂട്ടനിലവിളിപോലെയായിപ്പോകാനിടയുണ്ട്. ജനങ്ങളിൽനിന്നു് ഒററപ്പെട്ട ദന്തഗോപുരങ്ങളിൽ കഴിഞ്ഞുകൂടിയിരുന്ന സക്കാരുദ്യോഗസ്ഥന്മാരുടെ മനോഭാവത്തിൽ മൗലികമായ വ്യത്യാസം വന്നെങ്കിൽ മാത്രമേ 'നവഭാരത'ത്തിലെ ജനത എന്ന പുതിയ യജമാനനെ സേവിക്കാൻ അവക്കു പ്രാപ്തിയുണ്ടാകൂ. ഗവണ്മെൻറിലെ പല ഉദ്യോഗസ്ഥന്മാർ പല ലക്ഷ്യങ്ങളുമായി ഗ്രാമീണനെ സമീപിക്കുന്ന സമ്പ്രദായം മാറിയിട്ട് പദ്ധതിയുടെ വിവിധോദ്ദേശസ്വഭാവത്തിനനുരൂപമായി, ഒരേ ഉദ്യോഗസ്ഥൻെറ വിവിധോദ്ദേശസമീപനമുണ്ടാകണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. വില്ലേജ് ലെവൽ വക്കർ അഥവാ ഗ്രാമസേവകൻ എന്നറിയപ്പെടുന്ന ഉദ്യോഗസ്ഥൻ സാധാരണയായി കൃഷികാര്യങ്ങളെപ്പറ്റി പ്രാഥമികപരിചയമുള്ള ഒരു ചെറുപ്പക്കാരനായിരിക്കും. കൃഷി, കന്നുകാലിവളത്തൽ, പൊതുജനാരോഗ്യം, സഹകരണം, സാമൂഹ്യവിദ്യാഭ്യാസം എന്നീ വിഷയങ്ങളിലൊക്കെ വികസനപ്രവത്തനത്തിനാവശ്യമായ പ്രത്യേക പരിശീലനവും താല്പര്യവുമുള്ള ആളുമായിരിക്കണം അയാൾ. കുടിൽവ്യവസായങ്ങളിലും ഗ്രാമവ്യവസായങ്ങളിലും അല്പമൊക്കെ പരിജ്ഞാനവും അയാൾക്കുണ്ടായിരിക്കും. 60—70000 ജനസംഖ്യ വരുന്ന 100 ഗ്രാമങ്ങളുടെ ഒരു ബ്ലോക്കിൽ 10 ഗ്രാമസേവകന്മാർ പ്രവത്തിക്കുന്നുണ്ടാകും.

ബ്ലോക്കിൻെറ ഭരണപരമായ കാര്യങ്ങൾ നിവ്വഹിക്കാൻ ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർ എന്ന ഒരു ഉദ്യോഗസ്ഥനുണ്ട്. വിദഗ്ദ്ധരായ ഒരുകൂട്ടം ആളുകൾ അയാളെ സഹായിക്കാനുമുണ്ട്; കൃഷി, കാലിവളത്തൽ, സഹകരണം, പഞ്ചായത്തു്, പൊതുജനാരോഗ്യം, ഗ്രാമമരാമത്തു്, സാമൂഹ്യവിദ്യാഭ്യാസം, ഗ്രാമവ്യവസായങ്ങൾ, സ്ത്രീജനോന്നമനപ്രവത്തനങ്ങൾ തുടങ്ങി ഓരോ വിഷയത്തിനും പ്രത്യേകം പ്രത്യേകം വൈദഗ്ദ്ധ്യം നേടിയവർ. ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസർ ഡിസ്ട്രിക്ട് കളക്ടരുടെ കീഴിലും മററു വിദഗ്ദ്ധ സഹപ്രവത്തകർ അതാതു വിഷയത്തിൽ ജില്ലാതല

ത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ കീഴിലുമാണ്. പദ്ധതിപ്രവർത്തനം സംബന്ധിച്ച് കളക്ടരുടെ ഉത്തരവാദിത്വം ഡവലപ്പ്മെൻറ് കമ്മീഷണരോടും മററു ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ ഉത്തരവാദിത്വം അതാതു വിഷയത്തിൽ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരോടുമാണ്. സംസ്ഥാനമുഖ്യമന്ത്രി അദ്ധ്യക്ഷനും മററു വികസനവകുപ്പുമന്ത്രിമാർ അംഗങ്ങളുമായുള്ള സംസ്ഥാന വികസനകമ്മിററിയോടാണ് ഡവലപ്പ്മെൻറ് കമ്മീഷണർക്ക് ഉത്തരവാദിത്വമുള്ളതു്. കേന്ദ്രതലത്തിൽ നോക്കുമ്പോൾ പദ്ധതിനിർവ്വഹണത്തിൻെറ ഉത്തരവാദിത്വം പദ്ധതിയുടെ ചുമതലവഹിക്കുന്ന മന്ത്രിക്കാണ്. പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള ഒരു കേന്ദ്രക്കമ്മിററിയുടെ ചുമതലയിലാണ് വകുപ്പുമന്ത്രി പ്രവർത്തനംനടത്തുന്നതു്.

ഗ്രാമസേവകന്മാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാർക്ക് വികസനപ്രവർത്തനത്തിലും വിവിധോദ്ദേശസമീപനസമ്പ്രദായത്തിലും പ്രത്യേകം പരിശീലനം നല്കപ്പെടുന്നുണ്ടു്. സാമൂഹ്യവിദ്യാഭ്യാസപ്രവർത്തകർക്ക് അഞ്ചുമാസം നീണ്ടുനില്ക്കുന്ന പ്രത്യേക പരിശീലനവും നൽകാറുണ്ടു്. പൊതുജനാരോഗ്യ ഉദ്യോഗസ്ഥൻ തുടങ്ങിയ മററു വിദഗ്ദ്ധന്മാർക്കും പരിശീലന സൗകര്യങ്ങൾ നല്കപ്പെടുന്നുണ്ടു്. ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസറന്മാർക്കും അവരുടെ ജോലികാര്യത്തിലും സമീപന രീതിയുടെ വിഷയത്തിലുമൊക്കെ പരിശീലനത്തിനുള്ള ഏർപ്പാടുണ്ടു്. ഗ്രാമസേവകൻമുതൽ ഡവലപ്പ്മെൻറ് കമ്മീഷണർവരെയുള്ള എല്ലാ ഉദ്യോഗസ്ഥന്മാർക്കും പ്രത്യേക വിഷയങ്ങളിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധന്മാർക്കും അവരവർ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ താല്പര്യം നിലനിത്താനും വൈഭവം കൈവരുത്താനും ഉദ്ദേശിച്ചുകൊണ്ടു് ഇടയ്ക്കിടയ്ക്കു സെമിനാറുകൾ സംഘടിപ്പിക്കാറുമുണ്ടു്. അങ്ങനെ വികസനപ്രവർത്തനങ്ങളുടെ എല്ലാ ഘടകങ്ങളും തമ്മിൽ സമരസപ്പെടുത്തി മുമ്പോട്ടു കൊണ്ടുപോകാൻ കഴിയുന്നുണ്ടു്. ഗ്രാമത്തിലെ വ്യക്തിയിൽനിന്നുണ്ടാകുന്ന പ്രാഥമികതീരുമാനമാണ് ഈ ഏകമാർഗ്ഗാധിപത്യത്തിന്റെയും അതിനോടു ബന്ധപ്പെട്ട യത്നത്തിൻെറയും രൂപത്തിൽ തിരിച്ചു് അവൻെറ അടുത്തുതന്നെ

ചെന്നെത്തുന്നതു്. പദ്ധതിയുടെ നിർവ്വഹണവും പടിപടിയായുള്ള പുരോഗതിയും ഓരോ ഘട്ടമായുള്ള വികസനവും, 'നവഭാരത'ത്തിൽ ഭരണപരവും സാങ്കേതികവുമായ കഴിവിൻെറയും മണ്ണിനോട്ടും കുമ്മായത്തോടും വിയപ്പിനോട്ടുമുള്ള സമരത്തിൽ—ആ സമരമാണു് ഇന്ത്യയുടെ മഹാശത്രുക്കളായിരുന്ന ജാതിപരിഗണനയേയും വർഗ്ഗീയചിന്തയേയും തകർത്തു നിലംപരിശാക്കേണ്ടതു്—ജനങ്ങളും ജനപ്രതിനിധികളും സക്കാരുദ്യോഗസ്ഥന്മാരും പ്രകടമാക്കുന്ന ഏകമതീഭാവത്തിന്റെയും പരസ്പര സഹകരണത്തിൻെറയും തോതളക്കുവാനുള്ള മാനദണ്ഡമായിത്തീന്നിട്ടുണ്ടു്, ഇന്നു്.

ഒരു പരീക്ഷണമെന്നനിലയിൽ ആരംഭിച്ച സാമൂഹ്യവികസനപദ്ധതിയെന്ന ആശയം, ദേശീയവികസനസവ്വീസ് എന്ന സ്ഥിരമായ സ്ഥാപനത്തിൽ ഒരു പുതിയ വികസനവിഭാഗമായി രൂപംപ്രാപിച്ചിരിക്കയാണു്. ഇതു് ഇന്നത്തെ നിയമ-നീതി-നികുതി അധിഷ്ഠിതമായ ഭരണകൂടത്തോടു ബന്ധിച്ചിരിക്കയാണു്. ഈ പ്രസ്ഥാനത്തിൽ ഗവണ്മെൻറ് നാളിതുവരെ മുടക്കിക്കഴിഞ്ഞിട്ടുള്ള മൊത്തം തുകയേക്കാൾ വലിയ ഒരു സംഖ്യ, ജനങ്ങൾ പണവും സാധനങ്ങളും പ്രയത്നവുമായി നൽകിക്കഴിഞ്ഞിട്ടുണ്ടു്. അവക്കു് ഇനിയും കൂടുതൽ ചെയ്യാൻ കഴിയും. എന്നാൽ, മറെറാരു ലക്ഷ്യത്തോടെ ആദ്യകാലത്തു രൂപീകരിച്ചതും കാലപ്പഴക്കംകൊണ്ടു് ചേർപ്പുകളിലൊക്കെ തുരുമ്പും അഴക്കും പിടിച്ചു് കുറെയൊക്കെ പ്രവത്തനക്ഷമത നഷ്ടപ്പെട്ടതുമായ ഗവണ്മെൻറുയന്ത്രം, ജനങ്ങളുടെ യത്നത്തിനൊത്തു നീങ്ങാനുള്ള പ്രാപ്തി, ഇനിയും പൂണ്ണമായി നേടിക്കഴിഞ്ഞിട്ടില്ല. ജനപ്രതിനിധികളുടെ നിലയും വ്യത്യസ്തമല്ല. വിദേശഭരണത്തോടുള്ള സമരത്തിൽ അവരുടെ യത്നം സ്തുത്യർഹമായിരുന്നു എന്നിരിക്കിലും, ദേശീയനിലവാരത്തിൽ സംയുക്തപ്രയത്നവും സുനിയന്ത്രിതമായ പ്രതിഭാശക്തിയും ആവശ്യമുള്ള നിമ്മാണാത്മകമായ പ്രവത്തനത്തിൻേറതായ നൂതനമനോഭാവം ഇനിയും വളന്നുവരേണ്ടതായിട്ടിരിക്കുന്നു. ബലപ്രയോഗം നാം നിഷിദ്ധമായി കരുതുന്നതിനാൽ നമ്മുടെ ആളുകളെ സംബന്ധിച്ചിടത്തോളം ആ മനോഭാവം താനേ വളന്നുവരേണ്ടതായിട്ടാണിരിക്കുന്നതു്.

അതുകൊണ്ടു് മനുഷ്യന്റെ മനസ്സു് സ്വയം ഒരു പുതിയ നില പാടിലേക്കു വളരുകയാണു വേണ്ടതു്. ഈ മണ്ഡലത്തിൽ ഒററമൂലിചികിത്സ അപകടകരമാണു്. ദീർഘവും കഠിനവുമായ പ്രയത്നം വേണ്ടിയിരിക്കുന്നു. പുരോഗതി മന്ദവും ക്രമാനുഗതവുമായിരിക്കാനേ തരമുള്ളു.

'നവഭാരത'ത്തിന്റെ ഭരണഘടനയിൽ വിഭാവനം ചെയ്യുന്ന ക്ഷേമരാഷ്ട്രം എന്നതാണു് ഈ പുതിയ അന്വേഷണത്തിന്റെയും പ്രയത്നത്തിന്റെയും ലക്ഷ്യം. ഇതു വിജയിക്കുന്നുവെങ്കിൽ—വിജയിച്ചേ തീരൂ—വികസനമണ്ഡലത്തിൽ ഇന്ത്യയുടെ തനതായ സംഭാവനയായിരിക്കും അതു്. വികസനമെന്ന സങ്കല്പവും മാദ്ധ്യമവും അപ്പോൾ സാമ്പത്തികവും രാഷ്ട്രീയവുമായ വല്ല ലക്ഷ്യവും നേടുന്നതിനു മാത്രമല്ല, വ്യക്തിയുടെ ശരീരവും മനസ്സും ആത്മാവും എല്ലാം താളാത്മകമായി ലയിച്ചു് ഒന്നാകുന്നതിനും സഹായിക്കത്തക്കവിധം വിശാലമാക്കാനും ഇന്ത്യയ്ക്കു കഴിയും. ഇന്നത്തെ ലോകത്തിനനുരൂപമായിരിക്കണം—വിദൂരചക്രവാളംവരെ കൈകൾ നീട്ടി വിതരണം ചെയ്യാവുന്ന ഇന്ത്യയുടെ സാംസ്കാരികപാരമ്പര്യങ്ങൾക്കു പൊരുത്തപ്പെട്ടതുമായിരിക്കണം— ആ ലയനം. ഇന്ത്യ വിജയം നേടുമോ? മുമ്പു് അവൾ വിജയിച്ചിട്ടുണ്ടു്. ഇന്ത്യയുടെ തത്വശാസ്ത്രം ലോകത്തിലെ എല്ലാ തത്വശാസ്ത്രങ്ങളും ഒന്നുചേർന്നതിന്റെ സത്താണു്. അവൾ എല്ലാവക്കും അഭയം നൽകിയിട്ടുണ്ടെന്നും ആരോടും വിദ്വേഷം പുലത്തിയിട്ടില്ലെന്നും ഉള്ള കാര്യത്തിനു് ചരിത്രത്തിന്റെ താളുകൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. മഹാനായ രക്തസാക്ഷിയുടെ ജന്മദിനസ്മാരകമായി 1952 ഒക്ടോബർ 2-ാം തീയതി നാം നട്ട ചെറുവിത്തു്, ഒരുവേള ഏകലോകത്തിനുള്ള വിള നൽകിക്കൂടായ്കയില്ല. അതു ഭാവിയുടെ കാര്യമാണു്. ഇപ്പോഴാകട്ടെ, ഗ്രാമീണൻ കൈയിൽ മൺവെട്ടിയുമേന്തി, തനിക്കു ലഭിച്ച പുതിയ സുഹൃത്തുക്കളായ ജനപ്രതിനിധിയുടെയും സക്കാരുദ്യോഗസ്ഥന്റെയും ഒപ്പം പ്രയത്നസന്നദ്ധനായി നിലകൊള്ളുകയാണു്.

## ഇന്നലെയും ഇന്നും നാളെയും

ഈ ഉപഭൂഖണ്ഡത്തെ അധിവസിക്കുന്ന വമ്പിച്ച ജനാവലിയുടെപേരിലാണു് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം നടത്തപ്പെട്ടതു്. ആ ജനങ്ങളിൽ 82 ശതമാനവും നാട്ടിൻപുറത്തു താമസക്കാരുമായിരുന്നു. നാം കലർപ്പില്ലാത്ത ജനാധിപത്യത്തിൽ ഉറപ്പായി വിശ്വസിക്കയും അതിനെ പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ഉറപ്പിക്കയും ചെയ്തു. ജനാധിപത്യത്തെ കടലാസിൽ കുററമററതും പൂർണ്ണവുമാക്കാൻ കഴിയും. എന്നാൽ യഥാർത്ഥജീവിതത്തിലും അതു് അങ്ങനെതന്നെ അനുഭവപ്പെടണമെന്നുണ്ടെങ്കിൽ, അതിൽ അന്തർഭവിച്ചിരിക്കുന്ന അവകാശങ്ങളെയും ചുമതലകളെയും പററി പ്രായപൂർത്തിയായവരിൽ ബഹുഭൂരിഭാഗവും ബോധവാന്മാരായിരിക്കണം. പാർലമെന്ററി സമ്പ്രദായം തലസ്ഥാനത്തുനിന്നു് നമ്മുടെ ഓണംകേറാമൂലകളായ ഗ്രാമങ്ങളിലേക്കും സംക്രമിക്കണം. സ്വയംനിർണ്ണയാവകാശമുള്ള സംസ്ഥാനനിയമസഭകൾ മുതൽ ഗ്രാമപ്പഞ്ചായത്തുവരെ പല തലത്തിലുള്ള പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളുണ്ടായിരിക്കണം; അവ എല്ലാത്തലത്തിലുമുള്ള ആളുകളുടെ തല, ഹൃദയം, കൈയ്, ഇവയെ യഥാർഹം പ്രതിനിധീകരിക്കുന്നതുമായിരിക്കണം. ഇന്ത്യയിലെ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾ—ഡിസ്ട്രിക്ട് ബോർഡുകളായാലും താലൂക്കുബോർഡുകളായാലും ഗ്രാമപ്പഞ്ചായത്തുകളായാലും—അവ രൂപമെടുത്ത സ്ഥലങ്ങളിലെല്ലാം സാമ്പത്തികശേഷിയുടെ പരിമിതികൊണ്ടും, പണത്തെയും ജാതിയെയും സമുദായത്തെയും അടിസ്ഥാനമാക്കിയുള്ള അഭ്യന്തരകലഹംകൊണ്ടും അഴുകിപ്പോകയാണു ചെയ്തിട്ടുള്ളതു്. അതുകൊണ്ടു് ജനലക്ഷങ്ങൾക്കു പെട്ടെന്നു് ആശ്വാസം സിദ്ധിക്കുമാറുള്ള വല്ലതും ഉടനേ ചെയ്യേണ്ടതുണ്ടായിരുന്നു; അതുപോലെതന്നെ, ജനങ്ങളെയും അവരുടെ പ്രതിനിധികളെയും ഉൾക്കൊള്ളുന്നതും വേഗത്തിൽ നടപ്പിൽ വരുത്താവുന്നതുമായ ഒരു പദ്ധതിയും രൂപീകരിക്കേണ്ടിയിരുന്നു.

പുതിയ പരിതഃസ്ഥിതികൾക്കു തീരെ അനുയോജ്യമ

ല്ലാത്ത ഒരു രീതിയിൽ സംവിധാനംചെയ്യപ്പെട്ട ഭരണകൂടമാണ് സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് നിലവിലുണ്ടായിരുന്നതു്. ജനങ്ങളെ അടിച്ചമത്തിവച്ചുകൊണ്ടിരിക്കാനും, അവർ വിപ്ലവത്തിനു മുതിരാതെ കാത്തുകൊണ്ടു് അവരുടെ സത്ത ഊററിയെടുക്കാനും ഉന്നിക്കൊണ്ടു സംവിധാനംചെയ്ത ഭരണക്രമമായിരുന്നു അതു്. രാഷ്ട്രനിർമ്മാണപരമായ വിഭാഗങ്ങൾ മുമ്പും പ്രവത്തിച്ചുകൊണ്ടിരുന്നെങ്കിൽ അതു് ലോകബോധ്യത്തിനു വേണ്ടി നടത്തിയിരുന്നുവെന്നല്ലാതെ അതിൽനിന്നു് എന്തെങ്കിലും പ്രയോജനമുണ്ടാകണം എന്നു് ഉദ്ദേശിക്കപ്പെട്ടിരുന്നില്ല. ഒന്നുംതന്നെ പുരോഗമിക്കാതെ എല്ലാററിനേയും നിശ്ചലമായി നിലനിത്തിക്കൊണ്ടുപോകുന്നതിൽ വൈദഗ്ദ്ധ്യം നേടിയവരായിരുന്നു, ഗവണ്മെൻറുദ്യോഗസ്ഥന്മാർ. സ്വാതന്ത്ര്യത്തിനുമുമ്പ് കേന്ദ്രത്തിൽ വൈസ്രോയിയും സംസ്ഥാനങ്ങളിൽ ഗവണ്ണറന്മാരുമായിരുന്നു, ഭരണകൂടത്തിനു കല്പനകൊടുക്കാൻ അധികാരികൾ. ബ്രിട്ടീഷ്ഭരണത്തെത്തുടന്നു് ജനാധിപത്യഭരണം വന്നപ്പോൾ അതു് ഇന്ത്യക്കു തികച്ചും പുതിയ ഒരു അനുഭവമായിരുന്നു. ഈ ജനാധിപത്യശിശുവിൻെറ ആവിർഭാവത്തോടെ ഒറ്റരാത്രികൊണ്ടു് വൈസ്രോയിയുടെയും സംസ്ഥാനഗവർണ്ണർമാരുടെയും സ്ഥാനത്തു് ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുൾപ്പെട്ട മന്ത്രിസഭകൾ അധികാരത്തിൽവന്നു. ഏകശാസനഭരണത്തിൻെറ സ്ഥാനത്തു് കൂട്ടായ ആലോചനയുടെയും പരസ്പരസഹകരണത്തിൻെറയും പ്രവത്തനം നിലവിൽവന്നു. ഈ പുതിയ സമ്പ്രദായം വളരാനും വേരുപിടിക്കാനും കുറെക്കാലം കൂടിയേകഴിയൂ. കഴിഞ്ഞ കാലത്തിൻെറ പാരമ്പര്യങ്ങൾ ആ പ്രക്രിയയെ കൂടുതൽ ക്ലേശകരമാക്കുന്നുമുണ്ടു്. പാറപോലെ ഉറച്ച ഒരു നിർവ്വികാരയന്ത്രത്തെ നയിക്കുകയും ചലിപ്പിക്കുകയും ചെയ്യുന്ന ജോലി ഒരു ഏകശാസനാസമ്പ്രദായത്തിൽനിന്നു് ജനകീയ ഭരണസമ്പ്രദായത്തിലേക്കു കൈമാറിയപ്പോൾ അതു് സ്വാഭാവികമായിത്തന്നെ പ്രയാസംനിറഞ്ഞ ഒരു പരിവത്തനമായിരുന്നു.

ജനാധിപത്യം പുലരണമെന്നുണ്ടെങ്കിൽ ഗ്രാമങ്ങളെ പുനരുജ്ജീവിപ്പിക്കേണ്ടിയിരുന്നു; ഉടൻ സാധിക്കേണ്ട ലക്ഷ്യ

മെന്ന നിലയിൽ ഗ്രാമപുനരുദ്ധാരണത്തിനു മുഖ്യസ്ഥാനം നല്ലേണ്ടിയിരുന്നു. എന്തുകൊണ്ടെന്നാൽ കൃഷിയായിരുന്നു നമ്മുടെ മുഖ്യവ്യവസായം; ജീവനെ രക്ഷിച്ചുകൊണ്ടുപോകാനുള്ള ഏക ഉപാധിയും. ഇതിനു ശ്രമിക്കണമെന്നുണ്ടെങ്കിൽ ഗ്രാമങ്ങളെ ഉണർത്തുകയെന്നതാണ് ആദ്യമായി ചെയ്യേണ്ടിയിരുന്നതു്—ആവശ്യമെങ്കിൽ കുറെ ഒച്ചപ്പാടോടുകൂടിത്തന്നെ. നമ്മുടെ നാട്ടിൻപുറം ഒരു അതികായനാണ്. തൊട്ടുണർത്തുന്നതു സൂക്ഷിച്ചുവേണ്ട കാര്യമാണ്. 'പട്ടിവാൽ' നിവർക്കുന്നതുമാതിരി ദുഷ്കരമായ വല്ല ജോലിയും കൊടുക്കാനില്ലെങ്കിൽ ഉണർത്താൻപോകുന്നതു് ആപൽക്കരമായ സംരംഭമായിരിക്കും.

തൽക്കാലപ്രശ്നത്തിനു യുക്തിയുക്തമായ പരിഹാരമെന്ന നിലയിലാണ് ഇന്ത്യയിലെ സാമൂഹ്യവികസനപദ്ധതി ഉത്ഭവിച്ചതു്. ഏതാനും തിരഞ്ഞെടുക്കപ്പെട്ട സ്ഥാനങ്ങളിൽ മാത്രം പ്രാരംഭിക്കപ്പെട്ട പ്രസ്ഥാനം ഇന്നു രാജ്യത്തിന്റെ ഭൂരിഭാഗത്തെയും ആശ്ലേഷിച്ചുകഴിഞ്ഞിരിക്കുന്നു. രാഷ്ട്രനിർമ്മാണപരമായ എല്ലാ പ്രവർത്തനങ്ങളുടെയും—കൃഷി, കാലിവളർത്തൽ, ജലസേചനം, ഗ്രാമവ്യവസായങ്ങൾ, വിദ്യാഭ്യാസം, സാമൂഹ്യവിദ്യാഭ്യാസം, പൊതുജനാരോഗ്യം, ഗതാഗതസൗകര്യം, ഗ്രാമഭവനനിർമ്മാണം, സഹകരണം, പഞ്ചായത്ത് തുടങ്ങിയവയുടെയെല്ലാം—സംയുക്താഘാതമാണ് അനുഭവപ്പെടുന്നതു്. കേന്ദ്രത്തിലെ വിവിധ ഡിപ്പാർട്ടുമെൻറുകളും സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളും ഈ വിഷയങ്ങളെ പ്രത്യേകം പ്രത്യേകമായി കൈകാര്യംചെയ്തുപോരികയായിരുന്നു. പൊതുലക്ഷ്യം സാധിക്കുന്നതിനുവേണ്ടി ഇവയെയെല്ലാംകൂടെ കേന്ദ്രീകരിക്കുന്നതെങ്ങനെ? വിവിധ ഡിപ്പാർട്ടുമെൻറുകളിൽനിന്നു വരുന്നവരെങ്കിലും അവരവരുടെ ഡിപ്പാർട്ടുമെൻറുകളുമായി ഒരയഞ്ഞ ബന്ധംമാത്രം പുലർത്തുന്ന പല ഡിപ്പാർട്ടുമെൻറുപ്രതിനിധികൾ പ്രവൃത്തിയെടുക്കുന്നതും എല്ലാക്കാര്യങ്ങളും നടക്കത്തക്കവിധം സ്വയംപര്യാപ്തതയുള്ളതുമായ പുനർനിർമ്മാണഘടകങ്ങളായി ഈ പൈലറ്റ്പ്രോജക്റ്റുകളെ പ്രവർത്തിപ്പിക്കാനാണ് നാം തീരുമാനമെടുത്തതു്; ആ തീരുമാനം ബുദ്ധിപൂർവ്വമായിരുന്നു എന്ന് ഇപ്പോൾ ബോദ്ധ്യമാകയും ചെയ്തു. ജനങ്ങളുടേതായ ഒരു

പരിപാടി ഗവണ്മെൻറുയന്ത്രത്തിൻെറ മാത്രം പ്രവത്തനം കൊണ്ടു വിജയിപ്പിക്കാൻ കഴികയില്ല. അതുകൊണ്ടു് ആസൂത്രണവിഷയത്തിലും ബ്ലോക്കടിസ്ഥാനത്തിൽ പ്രവത്തനങ്ങളെ പ്രത്യവലോകനം ചെയ്യുന്ന കാൎയ്യത്തിലും എങ്കിലും പൊതുജനപ്രതിനിധികളെ പങ്കെടുപ്പിക്കേണ്ടിയിരുന്നു. ആസൂത്രണവും നിൎവ്വഹണവും ജനകീയസ്ഥാപനങ്ങളിൽ—പഞ്ചായത്തുകൾ, സഹകരണസംഘങ്ങൾ, അവയില്ലാത്തിടത്തു് വികാസമണ്ഡലങ്ങൾ അഥവാ ഗ്രാമമംഗളസമിതികൾ അല്ലെങ്കിൽ ഇക്കാൎയ്യത്തിനുവേണ്ടി രൂപീകരിക്കുന്ന താല്ക്കാലികസംഘടനകൾ. എന്നിവയാണു് ഉദ്ദേശിക്കപ്പെടുന്നതു്—നിക്ഷേപിക്കേണ്ടിയിരിക്കുന്നു. ബ്ലോക്കുതലത്തിലും ഗ്രാമതലത്തിലുമുള്ള ഈ പ്രതിനിധിസഭകൾക്കു് ഉപദേശസമിതികളായി പ്രവൎത്തിക്കാമെന്നേയുള്ളു. അവസാനതീരുമാനമെടുക്കാനുള്ള അധികാരം ഇപ്പോൾ ഗവണ്മെന്റിലാണു് നിക്ഷിപ്തമായിരിക്കുന്നതു്. പദ്ധതിയുടെ നിൎവ്വഹണത്തിനു പ്രത്യേകം തുക വകയിരുത്തേണ്ടതുണ്ടായിരുന്നു. അതുപോലെതന്നെ, ഗ്രാമംമുതൽ കേന്ദ്രഗവണ്മെൻറുവരെ വ്യാപിച്ചുകിടക്കുന്ന തരത്തിൽ ഒരു അനൗദ്യോഗികസംഘടന രൂപീകരിച്ചു്, ഗവണ്മെൻറുപ്രവത്തനത്തെ സഹായിക്കാനും, എല്ലാ ഘട്ടത്തിലും വഴിതെററാതെ നടത്തിക്കൊണ്ടുപോകുന്നതിൽ കരുതലെടുക്കാനും തക്കവിധം അതിനെ പ്രവൎത്തിപ്പിക്കേണ്ടതുണ്ടായിരുന്നു.

മല, മുഹമ്മദിൻെറ അടുത്തേക്കു ചെല്ലുന്നില്ലെങ്കിൽപിന്നെ, മുഹമ്മദ് മലയുടെ അടുത്തേക്കു ചെല്ലുകതന്നെയേതരമുള്ളു. നമ്മുടെ സാങ്കേതികഡിപ്പാൎട്ടുമെന്റുകൾ പ്രായേണ വെറും പ്രദർശനവസ്തുക്കളായി കഴിഞ്ഞുകൂടുകയായിരുന്നു. രണ്ടുലക്ഷംമുതൽ പത്തുലക്ഷംവരെ ആളുകളുടെ കാൎയ്യത്തിൽ ചുമതലപ്പെട്ട തഹശീലുകൾ പണമില്ലാതെ ഞെരുങ്ങുകയായിരുന്നു. പണമായോ സാങ്കേതികോപദേശരൂപത്തിലോ സാധനങ്ങളായോ സഹായം ജനങ്ങളിലേക്കു പ്രവഹിക്കണമെന്നുണ്ടെങ്കിൽ ഗവണ്മെൻറുസംഘടനതന്നെ നേരിട്ടു ജനങ്ങളുടെ അടുത്തു ചെന്നെത്തണമായിരുന്നു. അതുകൊണ്ടാണു് 60,000 മുതൽ 70,000 വരെ ആളുകളെ ഉൾക്കൊള്ളുന്ന ബ്ലോക്കുകളുണ്ടാക്കി ബ്ലോക്ക്ഡവലപ്പ്മെന്റ് ആഫീസറന്മാരുടെ നിയ-

ന്ത്രണത്തിൽ കൃഷി, കാലിവളത്തൽ, സഹകരണം, സാമൂഹ്യവിദ്യാഭ്യാസം, ഗ്രാമമരാമത്തുപണികൾ, പൊതുജനാരോഗ്യം, ഗ്രാമവ്യവസായങ്ങൾ എന്നിങ്ങനെ വിവിധവിഷയങ്ങളിൽ വികസനആഫീസർമാർ പ്രവത്തിക്കുന്ന ബ്ലോക്ക്തലസ്ഥാനം എന്ന സങ്കല്പം രൂപംകൊണ്ടതു്. ഈ സംഘടനയുടെ ബഹുമുഖസാദ്ധ്യതകളെ ഗ്രാമീണനിലേക്കു പകൎന്നുകൊടുക്കാനുള്ള ഉദ്യോഗസ്ഥനാണ് ഗ്രാമസേവകൻ. കൃഷിയിൽ അടിസ്ഥാനപരമായ പരിശീലനം നല്ലപ്പെട്ടിട്ടുള്ള ഇയാൾക്കു് ഗ്രാമവികസനസംബന്ധമായ എല്ലാവിഷയങ്ങളിലും ഒരു പ്രാഥമികപരിചയമുണ്ടായിരിക്കുമാറു് പരിജ്ഞാനം ലഭിച്ചിട്ടുണ്ടു്. ആറേഴായിരംവരുന്ന ജനസംഖ്യയുള്ള ഏതാണ്ടു പത്തു ഗ്രാമങ്ങളുടെ ചുമതലയാണു് ഗ്രാമസേവകനുള്ളതു്. തൻെറ ചുമതലയിലുള്ള ഗ്രാമീണജനതയുടെ എല്ലാ ആവശ്യങ്ങൾക്കും വേണ്ടതു ചെയ്തുകൊടുക്കേണ്ടതു് അയാളുടെ ജോലിയാണു്. ജനങ്ങളുടെ തദ്ദേശസ്ഥാപനങ്ങളെ വൎദ്ധിച്ചതോതിൽ തന്റെ പ്രവത്തനങ്ങളുമായി ബന്ധിപ്പിച്ചു് അവർ മുഖാന്തരമാണു് ഇതൊക്കെ നടത്തേണ്ടതു്. 1952 ഒക്ടോബർ മാസം 2-ാംതീയതി പദ്ധതി ഉൽഘാടനംചെയ്യപ്പെട്ടു; അല്പമാസങ്ങൾക്കുള്ളിൽത്തന്നെ പദ്ധതിയുടെ പരിധിയിൽപ്പെട്ട ജനങ്ങൾ മാന്ത്രികദണ്ഡിൻെറ സ്പർശമേററമാതിരി ഉണന്നെണീററുകഴിഞ്ഞു. പദ്ധതിനിൎവ്വഹണത്തിനാവശ്യമായ പണത്തിൻെറ നിയന്ത്രണത്തിനധികാരിയായ ഗവണ്മെൻറു യന്ത്രം പണസഞ്ചിയുടെ കെട്ടഴിച്ചുവിടുന്ന പ്രക്രിയക്കു സജ്ജമായിത്തീരുന്നതിനുമുമ്പുതന്നെ ജനങ്ങളുടെ ശ്രമഫലമായി റോഡുകളും സ്കൂളുകളും പഞ്ചായത്തുകെട്ടിടങ്ങളും പാലങ്ങളും കലുങ്കുകളും ചെറുനടപ്പാതകളും ഉണ്ടായിത്തുടങ്ങിക്കഴിഞ്ഞു. ഉറങ്ങിക്കിടന്നവനുണന്നു. കൂനൻ മൺവെട്ടിയും തുമ്പയുമായി നിവന്നുനിന്നു. അത്ഭുതകരമായ ഒരു മുന്നേററംതന്നെയായിരുന്നു അതു്. അതേവരെ പിൻതിരിപ്പൻമനോഭാവത്തിന്റെ കുടിയിരുപ്പായിരുന്ന ഗ്രാമങ്ങൾ ഉണരുകയായിരുന്നു; നവഭാരതത്തിന്റെ ഭൂപടത്തിൽ മാന്യമായ സ്ഥാനമവകാശപ്പെട്ടുകൊണ്ടു നിലയുറപ്പിക്കയായിരുന്നു.

ഒരു പരമാധികാരഗവണ്മെൻറിൻെറകീഴിൽ രണ്ടു ഗവ

ണ്മെന്റുകൾക്കു പ്രവത്തിക്കാനുള്ള അവസരമില്ലെന്നും പൈലറ്റ് പ്രോജക്റ്റുകൾ തെളിയിച്ചു. ഗവണ്മെൻറിന്റെ രാഷ്ട്രനിമ്മാണപരമായ എല്ലാ പ്രവത്തനങ്ങളുമുൾക്കൊള്ളുന്ന ഗ്രാമപുനരുദ്ധാരണപരിപാടി പുരോഗമിക്കണമെന്നുണ്ടെങ്കിൽ ഗവണ്മെൻറിന്റെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ പദ്ധതി പ്രവത്തനത്തിൽ മുൻകൈ എടുക്കണമെന്നുള്ളതു് പ്രധാനമായ കായ്യമാണു്. കേന്ദ്രത്തിലെ സാമൂഹ്യവികസനകാര്യമന്ത്രി, സംസ്ഥാനങ്ങളിലെ ഡവലപ്പ്മെന്റ് കമ്മീഷണർമാർ, ജില്ലാഡവലപ്പ്മെന്റ് ആഫീസറെന്ന നിലയിൽ കലക്ടർ, ബ്ലോക്കിൽ ബ്ലോക്ക്ഡവലപ്പ്മെൻറ് ആഫീസർ, ഗ്രാമത്തിൽ ഗ്രാമസേവകൻ എന്നിവരെല്ലാം വിവിധ വികസനപ്രവത്തനങ്ങളിൽ അതതു ഡിപ്പാർട്ടുമെന്റുകളുടെ സേവനം സംയോജിപ്പിക്കുന്നതിനും ഭരണപരമായ കായ്യങ്ങളിൽ സഹായിക്കുവാനുമാണു് പ്രവത്തിക്കുന്നതു്. ഗവണ്മെന്റിന്റെകീഴിൽ പ്രവത്തിക്കുന്ന സാങ്കേതികവിദഗ്ദ്ധന്മാരെന്ന നിലയിലാണു് അവരെ കണക്കാക്കേണ്ടതു്. വൻതോതിലുള്ള തൊഴിലില്ലായ്മ നിലവിലുണ്ടായിരുന്നിട്ടും പദ്ധതികളുടെ പ്രവർത്തനാരംഭദശയിൽ നമ്മുടെ മനുഷ്യശക്തിയിൽ പരിശീലനത്തിന്റെയും പരിചയത്തിന്റെയും കലശലായ അഭാവം അനുഭവപ്പെട്ടു. നമ്മുടെ പരിശീലന-ഗവേഷണകേന്ദ്രങ്ങളെ ബാധിച്ചിട്ടുള്ള യഥാത്ഥവിവരമില്ലായ്മ തെളിഞ്ഞുകാണാറായതു് ഈ ഘട്ടത്തിലാണു്. ന്യൂനപക്ഷത്തിൻെറ നുകം ചുമക്കാനുള്ള ബാധ്യത നിഷേധിക്കാനുള്ള തന്റേടം ഭൂരിപക്ഷത്തിനുണ്ടാകാൻ സഹായിക്കുന്ന സാമൂഹ്യസംഘടനകളുടെ വളർച്ചയെ തടയുകയും മുരടിപ്പിക്കയും ചെയ്യുന്ന സാമുദായികവും പ്രാദേശികവുമായ താല്പയ്യങ്ങൾ മുഴച്ചുകണ്ടു. ഗ്രാമതലത്തിൽ പ്രവത്തിക്കുന്ന കാര്യത്തിൽ ഗവണ്മെന്റിന്റെ സാധാരണ സംവിധാനം എത്ര അസന്നദ്ധമാണെന്നു വ്യക്തമായി. ഗവണ്മെൻറിൻേറയും സ്ഥാപിതതാല്പയ്യക്കാരായ ന്യൂനപക്ഷത്തിൻേറയും മനോഭാവം എത്ര ആഴത്തിൽ ഉറച്ചുനില്ക്കുന്നതാണെന്നും അവരുടെ കോട്ടയുടെ മേലുള്ള ഏതാക്രമണത്തേയും ചെറുക്കാൻ എത്ര നിബ്ബന്ധബുദ്ധിയോടെയാണു് അവർ നിലകൊള്ളുന്നതെന്നും കാണാറായി.

രോഗം കണ്ടുപിടിക്കുന്നതുകൊണ്ടു് പരിഹാരത്തിൻെറ അർദ്ധഭാഗമേ ആകുന്നുള്ളു. മറേറ പകുതിയുടെ കാര്യംകൂടെ അക്കൂട്ടത്തിൽത്തന്നെ ശ്രദ്ധിക്കേണ്ടതാണു്. ഡാക്ടറന്മാരേയും ബന്ധപ്പെട്ട ആരോഗ്യവകുപ്പുപ്രവർത്തകരേയും കൃഷിവിദഗ്ദ്ധരേയും മൃഗചികിത്സാവിദഗ്ദ്ധരേയും എഞ്ചിനീയറന്മാരേയും വിദ്യാഭ്യാസവിദഗ്ദ്ധന്മാരേയും അദ്ധ്യാപകരേയും നിർമ്മാണത്തിലിരിക്കുന്ന ക്ഷേമരാഷ്ട്രത്തിലെ അവസാന കണ്ണികളായ ഗ്രാമസേവകന്മാരേയും ഗ്രാമസേവികകളേയും പരിശീലിപ്പിക്കാനുള്ള സ്ഥാപനസൗകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ടു്. ഗ്രാമപ്രവർത്തകന്മാരുടെ പരിശീലനത്തിനുവേണ്ടിയുള്ള സ്ഥാപനങ്ങളെ പുതിയ പാഠപദ്ധതിയുടെ അവിഭാജ്യഘടകമായ പ്രായോഗികപരിശീലനത്തിലൂടെ ഗ്രാമപ്രദേശങ്ങളുമായി വർദ്ധമാനമായതോതിൽ ബന്ധപ്പെടുത്തിവരുന്നു. സർവ്വകലാശാലകളിൽ അദ്ധ്യയനംചെയ്യുന്ന വിദ്യാർത്ഥികളെപ്പോലും, ഭാരതസേവക്സമാജം തുടങ്ങിയ അനൗദ്യോഗികസംഘടനകൾ മുഖാന്തരവും പ്രതിരോധവകുപ്പ്സംഘടിപ്പിക്കുന്ന നാഷനൽ കേഡറ്റ്കോർ-എ. സി. സി. ക്യാമ്പുകൾ നടത്തിയും ഗ്രാമസേവകരുടെ ഒപ്പം അവരുടെ മണ്ഡലത്തിലെ പ്രത്യേക പരിശീലനം നൽകിയും, പതിനായിരക്കണക്കിനു ഗ്രാമങ്ങളുമായി സമ്പർക്കത്തിൽപ്പെടുത്തുന്നുണ്ടു്. കൃഷി, കാലിസംരക്ഷണം എന്നിവയിൽ ഗവേഷണംനടത്തുന്ന കേന്ദ്രങ്ങളെ അവയുടെ പരിസരങ്ങളിലുള്ള ഗ്രാമങ്ങളിൽക്കൂടി പ്രവർത്തിക്കാൻ ഏർപ്പാടുചെയ്തു് ഗ്രാമീണരുമായി സമ്പർക്കപ്പെടുത്തിവരുന്നു. കേന്ദ്രശാസ്ത്രീയ ഗവേഷണവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷനൽ സയൻസ് ലാബറട്ടറികൾ അവരുടെ ചെറുഘടകങ്ങൾ ഗ്രാമങ്ങളിൽ സ്ഥാപിച്ചു പ്രവർത്തിക്കാൻ ഏർപ്പാടുചെയ്തിട്ടുള്ളതു് ജനങ്ങളുടെ ദൈനംദിനാവശ്യങ്ങളിൽ സഹായിക്കാനും ഗവേഷകർക്കു സാഹചര്യങ്ങളിൽനിന്നു വിജ്ഞാനം നേടാനും പ്രയോജനപ്പെടുന്നു.

കൂടുതൽ കൂടുതൽ ഗ്രാമവാസികൾ ഭാരതദർശനയാത്രാസംഘങ്ങളിൽ ചേർന്നു് ഇന്ത്യയിൽ ഉടനീളം നടന്നുകൊണ്ടിരിക്കുന്ന അഭിനവതീർത്ഥാടനങ്ങളിൽ പങ്കെടുക്കുന്നു. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും സമ്മേളിച്ചു് തുറന്ന ചർച്ച

നടത്തുന്ന ജില്ലാസെമിനാറുകളിൽ അവരുടെ നേതാക്കന്മാർ സംബന്ധിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട സംഘങ്ങൾക്കു തങ്ങളുടെ പ്രദേശങ്ങൾക്കുപുറത്തുള്ള സ്ഥലങ്ങളിൽ സഞ്ചരിച്ച് അവരുടെ വിജ്ഞാനചക്രവാളം വികസിപ്പിക്കാൻ സൗകര്യപ്പെടുത്തുന്ന പുതിയ പരിപാടികളും രൂപീകരിച്ചുവരുന്നു. പണ്ട് ഗ്രാമീണർക്ക് ഉദ്യോഗസ്ഥന്മാരെ ഭയമായിരുന്നു. ഇന്നാകട്ടെ, അവർ ഉദ്യോഗസ്ഥന്മാരോടു തങ്ങളുടെ അഭിപ്രായങ്ങൾ ഭയംകൂടാതെ തുറന്നുപറയുന്നു. രാഷ്ട്രതലസ്ഥാനംവരെയുള്ള തങ്ങളുടെ പ്രതിനിധികളെ സമീപിച്ചു കാര്യം പറയാൻ അവർക്കിപ്പോൾ സങ്കോചമില്ല. മുമ്പ്, കായികാദ്ധ്വാനം ആക്ഷേപമായി ഗണിച്ചിരുന്ന നില മാറി. ഇന്ന് അതിന് ഒരു പുതിയ മാന്യത കൈവന്നിരിക്കുന്നു. ഇന്ത്യയിലെമ്പാടുമുള്ള ഗ്രാമീണർ, പണമായും സാമഗ്രികളായും പ്രയത്നമായും നൽകാൻ അവരോടാവശ്യപ്പെട്ടതത്രയും—സാമൂഹ്യക്ഷേമപരിപാടിയിലും അവർക്കു പ്രത്യേകം താല്പര്യമുള്ള മററു പരിപാടികളിലും—നൽകിയിരിക്കുന്നു. പ്രസ്ഥാനത്തിൽ ഗവണ്മെൻറിനു മൊത്തത്തിൽ ചെലവായ സംഖ്യയുടെ അറുപതുശതമാനവും ജനങ്ങൾ പൊതുതാല്പര്യമുള്ള പദ്ധതികൾക്കു സംഭാവനയായി നൽകിയതാണ്. കൃഷിമുതൽ പുതിയ ഭവനനിർമ്മാണംവരെ വിവിധ തുറകളിൽ വ്യക്തികൾ വൻതോതിൽ മുതലിറക്കിയിട്ടുള്ളതിനെ കണക്കിലെടുക്കാതെയാണ് ഇത്. ഗവണ്മെൻറുയന്ത്രത്തിൽ—പ്രത്യേകിച്ച് കേന്ദ്രംമുതൽ ജില്ലാതലംവരെ—ഈ വികസനപരിപാടിയുടെ സംയുക്തസ്വഭാവം പരിപാലിച്ചു നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരായവരുടെ മനോഭാവത്തിൽ സംഭവിച്ചിട്ടുള്ള അത്ഭുതകരമായ പരിവർത്തനം അനുഭവിച്ചെങ്കിൽത്തന്നെയേ ബോധ്യപ്പെടാനാകൂ. കാണത്തക്ക നേട്ടങ്ങളെ പരിഗണിച്ചാൽ പദ്ധതിയുടെ വിജയത്തെപ്പററി ന്യായമായി അഭിമാനിക്കാൻ വകയുണ്ട്. ഗ്രാമജീവിതത്തോടു ബന്ധപ്പെട്ട കൃഷിയുടെയോ മററു കാര്യങ്ങളുടെയോ ചിത്രത്തിലേക്കു നോക്കിയാൽ എല്ലാ രംഗങ്ങളിലും മുമ്പുണ്ടായിരുന്നതിനേക്കാൾ 100 മുതൽ 300 ശതമാനം വരെ ശ്രദ്ധ കൂടുതൽ വന്നിട്ടുണ്ടെന്നു കാണാം. ഭക്ഷ്യവിഭവങ്ങളുടെ വർദ്ധമാനമായ ഉല്പാദനത്തിൽത്തന്നെ പ്രസ്ഥാ

നത്തിൻെറ സംഭാവന അഗണ്യമല്ലെന്നുള്ളതിനു് നാഷനൽ സാംപിൾ സർവ്വെയുടെ കലാകാലങ്ങളിലുള്ള പഠനത്തിൽ ലഭിച്ച വിവരങ്ങൾ സാക്ഷ്യംവഹിക്കുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും പദ്ധതിനിർവഹണത്തിൽ കാര്യമായ കുറവുകൾ പറയാനുണ്ടു്. ഈ കുറവുകൾ പരിഹരിക്കാതെ ഇന്നുവരെയുള്ള നേട്ടം പുലർത്തിക്കൊണ്ടു പോകാനോ കൂടുതൽ നേട്ടങ്ങളുണ്ടാക്കാനോ കഴികയില്ല. ഉദ്യോഗസ്ഥന്മാരിൽ ഉണ്ടായി എന്നു മുമ്പു വിവരിക്കപ്പെട്ട മനംമാററം ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസറന്മാരിലും ഗ്രാമസേവകരിലും പൂർണ്ണമായ അളവിൽ ഉണ്ടായിക്കഴിഞ്ഞിട്ടില്ല. പാർലമെൻറിലോ സംസ്ഥാനനിയമസഭയിലോ സംബന്ധിക്കാൻ നിർബ്ബദ്ധരെന്നനിലയിൽ ഒരു വർഷത്തിൽ അധികദിവസവും ഗ്രാമത്തിനുവെളിയിൽ കഴിച്ചുകൂട്ടേണ്ടിവരുന്നവരാണു് നമ്മുടെ ജനനേതാക്കന്മാരിൽ വളരെപ്പേരും; അതുകൊണ്ടു്, ഗ്രാമപ്രദേശങ്ങളിൽ ഒരു 'ഊർജ്ജശൂന്യം' അനുഭവപ്പെടുന്നു. രണ്ടു ശക്തികൾ പരസ്പരം അഭിമുഖമായി നില്ക്കുകയാണു്—പിൻതുടർച്ചാവകാശംവഴിയും മററും നേതൃത്വം അവകാശപ്പെടുന്ന ഭൂവുടമകൾ, പണവ്യാപാരികൾ, പുരോഹിതന്മാർ തുടങ്ങിയവരുൾപ്പെട്ട ന്യൂനപക്ഷം തങ്ങളുടെ ഭാവി അപകടത്തിലാണു് എന്നു കണ്ടിട്ടു്; ഈ ന്യൂനപക്ഷത്തെ അവരർഹിക്കാത്ത ആഭാടങ്ങളിൽ പോററിപ്പോന്ന—ക്ലേശിച്ചു പണിയെടുക്കുന്ന—കോടാനുകോടികളുടേതായ ഭൂരിപക്ഷം മറുവശത്തു്. ഈ പരിഗണനകളെ ഗണ്യമാക്കാത്ത നേതൃത്വത്തിൻെറ സഹായമുള്ളിടത്തു്, ഗ്രാമസേവകരടക്കമുള്ള തൻെറ മുഴുവൻ സംഘത്തിൻെറയും സഹകരണത്തോടെ, പുതുതായി സ്വാതന്ത്ര്യംനേടി പുനർനിർമ്മാണപ്രവർത്തനത്തിൽ പരസ്പരം മത്സരിച്ചു മുന്നേറുന്ന ജനങ്ങളുടെ പുതിയ ഭൃത്യനായി പ്രവർത്തിച്ചു വിജയിക്കാൻ ബ്ലോക്ക് ആഫീസർക്കു കഴിയും. നേതൃത്വത്തിനു് ആ ചിന്താസ്വാതന്ത്ര്യമില്ലാത്തിടത്തു്—കഷ്ടമെന്നു പറയട്ടെ, നാട്ടിൻപുറത്തു മിക്കയിടത്തെയും നില ഇതാണുതാനും—പദ്ധതിയുടെ പ്രയോജനം താരതമ്യേന കുറച്ചുപേർക്കു മാത്രം കൂടിയ അളവിൽ ലഭിക്കുകയും, ഭൂരിപക്ഷം ആളുകളും റോഡുകൾ കലുങ്കുകൾ കിണറുകൾ ഗ്രാമവിദ്യാലയങ്ങൾ

ആരോഗ്യകേന്ദ്രങ്ങൾ പ്രസവശുശ്രൂഷാകേന്ദ്രങ്ങൾ പഞ്ചായത്തുമന്ദിരങ്ങൾ പൊതുസാമൂഹ്യമന്ദിരങ്ങൾ തുടങ്ങി കൂട്ടായ പ്രയത്നമാവശ്യമായ കാര്യങ്ങളിൽ പണിയെടുക്കുകയുമാണ് ഫലം. സാമ്പത്തികപ്രയോജനം വീതപ്രകാരവും ന്യായമായും അവർക്കു ലഭിക്കുന്നില്ല. ഗ്രാമസേവകനുൾപ്പെടെയുള്ള ബ്ലോക്ക് ഉദ്യോഗസ്ഥന്മാർ അവരറിയാതെതന്നെ താരതമ്യേന കൂടുതൽ സമ്പന്നരായവരുടെ കയ്യാളുകളായിപ്പോകുന്നു.

ഭൂമി പരിമിതവും ഭൂമിയില്ലാത്ത വേലക്കാർ അധികവുമാകയാൽ സമൂഹത്തിലെ ഈ വിഭാഗത്തിനു സ്ഥിരമായ തൊഴിൽ നല്കുവാനുള്ള സാദ്ധ്യത വികസിപ്പിക്കുന്നതിൽ കാര്യമായ വിജയമുണ്ടായിട്ടില്ല. ഗ്രാമവ്യവസായവികസനപരിപാടി അതിന്റെ ആദർശാത്മകമായ സംഘട്ടനത്തിൽനിന്നു പുറത്തുകടന്ന് കൈറാട്ടുമുതൽ യന്ത്രംവരെയുള്ള പരമ്പരയുൾക്കൊള്ളുന്ന ഒരു സംയുക്തപരിപാടി അംഗീകരിച്ചതു് ഇപ്പോൾ മാത്രമാണ്; അതിനു് ഇനിയും വേരുപിടിക്കേണ്ടിയിരിക്കുന്നു. കൃഷിയുടെ മണ്ഡലത്തിൽ വിപണനത്തിന്റെ പ്രശ്നം ഉത്ഭവിക്കുന്നില്ലെന്നിരിക്കിലും വ്യവസായമണ്ഡലത്തിൽ അതു് ഒരു പ്രധാനപ്പെട്ട പ്രതിബന്ധമാണ്. ഉല്പാദനത്തേയും ഉപയോഗത്തേയും പരസ്പരം ബന്ധപ്പെടുത്തേണ്ടിയിരിക്കുന്നു. നിയന്ത്രണങ്ങളോടുള്ള നമ്മുടെ നൈസർഗ്ഗികമായ വെറുപ്പുമൂലം വേഗത്തിൽ ഫലം ലഭിക്കാനുള്ള സാദ്ധ്യത കുറേക്കൂടെ കുഴപ്പത്തിലാകുന്നു. നമ്മുടെ ഉല്പാദനസമ്പ്രദായങ്ങൾ—പ്രത്യേകിച്ചു ഗ്രാമവ്യവസായങ്ങളിൽ — ഒട്ടൊക്കെ, 2,500 സംവത്സരങ്ങൾക്കുമുമ്പ് നിലവിലിരുന്നതുതന്നെയാണ്. വിജ്ഞാനവും ഉയന്ന സാങ്കേതികപരിചയവും ഒരു രാത്രികൊണ്ടൊന്നും ലഭിക്കുന്നതല്ല. അതുകൊണ്ടു് ഗ്രാമവ്യവസായങ്ങൾവഴി നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ എന്തെങ്കിലും പുരോഗതിയുണ്ടാകണമെങ്കിൽ അതിനു കുറെ കാലതാമസം കൂടിയേ തീരു. ഇതേസമയം ഗ്രാമസമുദായത്തിലെ അധഃസ്ഥിതരായ വിഭാഗത്തിൽ അവകാശബോധം വളരുന്നതിനെ നമ്മുടെ ഭൂവുടമകൾ കഴിവുള്ള വിധത്തിലെല്ലാം ചെറുക്കുകയും ചെയ്യും. എന്തെന്നാൽ, അവർക്ക് കുറഞ്ഞ കൂലിനിരക്കിൽ പണിയെടുക്കാൻ ആളെ കിട്ടണം.

സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പരിപാടിയാണ് കടന്നുകയറാൻ പ്രയാസമുള്ള മറെറാരു പ്രതിബന്ധം. നമ്മുടെ പുരുഷന്മാർ—അവരിലെ വലിയ ഭൂരിഭാഗമെങ്കിലും—1,300 കൊല്ലങ്ങളായിട്ട് സാമൂഹ്യമായ ക്രൂരതകൾക്കു വിധേയരായി കഴിയുകയായിരുന്നു. സ്ത്രീകളാകട്ടെ അതിനും വളരെ മുമ്പുമുതൽ അടിമത്വമനുഭവിക്കയാണ്. നല്ലപോലെ ആലോചിച്ചതിനുമേൽ അഴിച്ചുവിടേണ്ട ഒരു കന്യാശക്തിയാണ് സ്ത്രീകൾ. സമൂഹത്തെ പുരുഷനെന്നും സ്ത്രീയെന്നും ക്'ണപ്തമായി വേർതിരിക്കുമ്പോൾ ഒരു വസ്തുത അവശേഷിക്കുന്നു; കാര്യമായ എന്തെങ്കിലും പ്രയത്നം വേണ്ടിവരുന്നിടത്ത് സ്ത്രീതൊഴിലാളികൾ ഒഴിച്ചുകൂടാത്ത ഒരാവശ്യമാണെന്ന്. ഒരു ജനാധിപത്യവ്യവസ്ഥിതിയിൽ—പ്രത്യേകിച്ച് വളന്നുവരുന്ന ജനാധിപത്യത്തിൽ—പാർലമെൻറിലെയും സംസ്ഥാനനിയമസഭകളിലെയും അംഗങ്ങൾക്ക് ഒരു ദ്വിമുഖകത്തവ്യമുണ്ട്; നിയമനിർമ്മാണപരവും നിർമ്മാണാത്മകവുമായ കത്തവ്യങ്ങൾ. നിയമസഭാസാമാജികക്ക് നിമ്മാണാത്മകപ്രവത്തനങ്ങൾ ശൂന്യതയുടെ അന്തരീക്ഷത്തിൽ ചെയ്യാൻ കഴിയുന്നതല്ല. നിയമസഭാംഗങ്ങൾക്കു വ്യക്തമായ സ്ഥാനമുള്ളതും ബുദ്ധിപൂർവ്വം സംവിധാനംചെയ്യപ്പെട്ടിട്ടുള്ളതുമായ പരിപാടികളോടു ബന്ധപ്പെട്ടതായിരിക്കണം അവ. ഗ്രാമത്തിലെ ആളുകൾക്കു കൂടുതൽ വിശാലമായ നേതൃത്വം നല്കി ഒരു പുതിയ സാമൂഹ്യവീക്ഷണത്തിനു സജ്ജരാക്കാൻ അവക്കു മാത്രമേ കഴിയൂ. ബ്ലോക്ക് ഡവലപ്പ്മെൻറ് കമ്മിററികളും ജില്ലാ ഡവലപ്പ്മെൻറ് കമ്മിററികളുമൊക്കെ രൂപീകരിച്ചുവെങ്കിലും ചുവട്ടിലെ തലത്തിലുള്ള ആളുകളുമായുള്ള സമീപനത്തിൻെറ കാര്യത്തിൽ ഗവണ്മെൻറുയന്ത്രവും ജനപ്രതിനിധികളും തമ്മിൽ വലിയ അന്തരമുണ്ടായിരുന്നു. ഇതിൻെറ ഉത്തരവാദിത്വം ഈ രണ്ടുകൂട്ടക്കും ഏതാണ്ടു തുല്യവുമാണ്.

ബഹുമുഖപരിപാടികളാണ് പദ്ധതിക്കുള്ളതെങ്കിലും, പ്രവത്തനം ഫലപ്രദമാകണമെങ്കിൽ അതിൻെറ ആഘാതം ഒന്നായിട്ടുണ്ടാകണം. പദ്ധതിനടത്തിപ്പിൽ മുൻകൈ എടുക്കാനുള്ള ചുമതല ഇപ്പോഴും ഭരണയന്ത്രത്തിലാണു നിക്ഷിപ്തമായിരിക്കുന്നതു്. പ്രത്യേകവിഭാഗങ്ങൾ കൈകാര്യംചെയ്യുന്ന

വിവിധ വികസനഏജൻസികളിലേക്ക് അതു് ഇനിയും പകരേണ്ടിയിരിക്കുന്നു. കുറെയൊക്കെ പ്രവൃത്തിരംഗത്തു നേട്ടുന്ന പരിചയംകൊണ്ടും, കുറെയൊക്കെ സംസ്ഥാനനിയമസഭകളിലും പാർലമെൻറിലും പ്രകടമാകുന്ന പൊതുജനാഭിപ്രായത്തിൻെറ സമ്മർദ്ദംകൊണ്ടും വേണം മുൻകൈ എടുക്കാനുള്ള ഈ കഴിവു് ഡിപ്പാർട്ടുമെൻറുകൾക്കു് ഉണ്ടാകാൻ. ശാശ്വതസ്വഭാവമുള്ള ഏതു പുനർനിർമ്മാണപരിപാടിയും—പ്രത്യേകിച്ചും 1,300 കൊല്ലമായിട്ടു് ഉറക്കത്തിലാണ്ടുകിടന്നു് അധഃപതിച്ചുപൊയ്ക്കൊണ്ടിരുന്ന 36 കോടി ജനങ്ങളുടെ കാര്യത്തിലാകുമ്പോൾ—അതിൻെറ പുരോഗതി കുറച്ചൊന്നു വളഞ്ഞുപുളഞ്ഞ വഴിയിലാകാതെ തരമില്ല; കുറുക്കുവഴിയൊന്നുമില്ല.

ചുരുക്കിപ്പറഞ്ഞാൽ ഇതാണു നില. ഗവണ്മെൻറുയന്ത്രം പ്രവർത്തിച്ചുകൊണ്ടിരുന്നു. ജനങ്ങൾ ആവശ്യപ്പെട്ട അളവിൽത്തന്നെ സ്വയംസഹായപ്രവർത്തനവും നടത്തിയിട്ടുണ്ടു്. എങ്കിലും ആത്മവിശ്വാസം ഇനിയും വളൎന്നുവരേണ്ടിയിരിക്കുന്നു. സമൂഹത്തിൽ ഇന്നു സാധാരണ കാണാനില്ലാത്ത റോബിൻസൺക്രൂസോമാരുടെ കാര്യത്തിലൊഴികെ സ്വാശ്രയത്വം സമൂഹത്തിൻെറ അടിസ്ഥാനത്തിലായിരിക്കണം. ശാശ്വതമായ വളർച്ചയുള്ള സ്ഥാപനമെന്നനിലയിൽ സമൂഹത്തെ വാർത്തെടുക്കുന്നതു് നേതാക്കന്മാരെ കേന്ദ്രമാക്കിക്കൊണ്ടായിരിക്കണം; സ്വന്തകാര്യവ്യഗ്രന്മാരായ നേതാക്കളായിരിക്കരുതു്, സമൂഹത്തെ നയിക്കുന്ന നേതാക്കന്മാരായിരിക്കണം, അവർ; സ്വതന്ത്രമായ തിരഞ്ഞെടുപ്പിലൂടെ നേതൃത്വത്തിലെത്തുന്നവരുമായിരിക്കണം. ഒരു നല്ല ഭരണക്രമത്തിനു് അത്തരം നേതാക്കന്മാരെ വളർത്തിയെടുക്കാൻ കഴിയും. നേതാക്കന്മാരെ സൃഷ്ടിക്കാൻ അതിനു കഴികയില്ല. ജനാധിപത്യസംവിധാനത്തിൽ ഗവണ്മെൻറുയന്ത്രത്തിൻെറ ജോലി, ജനങ്ങളുടെ അനുജ്ഞയെ സത്യസന്ധതയോടും പ്രാപ്തിയോടും ഊർജ്ജസ്വലതയോടുംകൂടി നടപ്പിലാക്കുകയെന്നതാണു്. വർഗ്ഗപരമോ കക്ഷിപരമോ ആയ മത്സരങ്ങളിൽ പക്ഷംപിടിക്കാനോ പങ്കെടുക്കാനോ അതിനു കാര്യമില്ല. ഗ്രാമതലത്തിൽ ഭരണം നടത്തിയുള്ള പാരമ്പര്യത്തോടുകൂടിയ ഭരണയന്ത്രം സ്വയം മുൻകൈയെടുത്തു് പ്രാമാണ്യം കുറഞ്ഞ നിലയിലുള്ള പ്രവർത്തന

ത്തിനു സന്നദ്ധമാകണമെന്നു പ്രതീക്ഷിക്കുന്നതു് ഏതാണ്ടു് അസാദ്ധ്യമായതിനെ പ്രതീക്ഷിക്കുന്നതിനു തുല്യമാണു്. എല്ലാ തലത്തിലുമുള്ള നേതാക്കന്മാർ, ചുമതലയേറെറടുക്കാനും പ്രസ്ഥാനത്തിൽ വിടവും തകരാറും നേരിടുമ്പോൾ ഉപദേശവും പരിഹാരനിർദ്ദേശവും നല്കി നേർവഴിയിൽ നയിക്കാനും തയാറാകണം. നമ്മുടെ ജനാധിപത്യം ഉറപ്പുള്ളതായിത്തീരണമെന്നുണ്ടെങ്കിൽ, പ്രവത്തന ഏജൻസിയായ ഗവണ്മെൻറു യന്ത്രം എപ്പോഴും ജാഗ്രതയോടും സന്നദ്ധതയോടുംകൂടി വത്തിക്കണമെന്നും, അതിനു സമാന്തരമായിത്തന്നെ ജനങ്ങളുടെ ഏജൻസിയും അതേതോതിൽ കരുത്തും ജ്ഞാനവും വളത്തിയെടുക്കണമെന്നും ഉള്ളതു് ഏററവും പ്രധാനമായ കാര്യമാണു്.

ഈ പദ്ധതിപ്രകാരം ആരംഭിക്കപ്പെട്ടിട്ടുള്ള പരിശീലനകേന്ദ്രങ്ങൾ അവിടെ പരിശീലനം നേടുന്ന പ്രവത്തകരിൽ, തങ്ങൾ ഒരു മഹാസന്ദേശത്തിൻെറ നിവ്വഹണത്തിനു് അപ്പണംചെയ്യപ്പെട്ടവരാണു് എന്ന ഒരു ആന്തരികപ്രചോദനം ആവേശിപ്പിക്കുവാൻകൂടിയായിട്ടു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണു്. ഈ സ്ഥാപനങ്ങളോടു് അനുദ്യോഗസ്ഥപ്രതിനിധികൾ കൂടുതലായി ബന്ധപ്പെടുകയും കൂടുതൽ പരിചയസമ്പത്തു ലഭിക്കയും ചെയ്യുന്നതോടുകൂടി പില്ക്കാലം ലഭിക്കുന്ന പരിശീലനം ഗുണത്തിൽ മെച്ചമായിത്തീരുമെന്നുള്ള കാര്യം നിശ്ചയമാണു്. മുകളിൽമുതൽ ചുവടുവരെ പല തലത്തിലുള്ള പരിശീലനസ്ഥാപനങ്ങൾക്കെല്ലാം മാർഗ്ഗദർശനം നല്കുന്ന കേന്ദ്രഘടകം സാമൂഹ്യവികസനകേന്ദ്ര ഇൻസ്റ്റിററ്യൂട്ടു് (The Central institute of Community Development) ആയിരിക്കും. നാം പ്രതീക്ഷിക്കുന്ന ഗുണവിശേഷത്തോടുകൂടിയ പരിശീലനം നല്കാൻ കഴിയണമെന്നുണ്ടെങ്കിൽ ഈ പരിപാടിയിൽ അനുദ്യോഗസ്ഥർ അവരുടെ പങ്കു ശരിയായി നിവ്വഹിക്കണം. എന്തൊക്കെ പ്രയാസങ്ങളെ നേരിട്ടും, പ്രസ്ഥാനത്തെ രാജ്യത്തിലൊട്ടാകെ വ്യാപിപ്പിക്കുവാൻ ഏല്പട്ടത്തിട്ടുള്ള തീരുമാനം, നടപ്പിലാക്കുകതന്നെ വേണം. രാജ്യത്തിൻെറ ഒരു ഭാഗത്തും, നിലവിലുള്ള ഒരു ഡിപ്പാർട്ടുമെൻറിനും, സംയുക്തപരിശ്രമത്തിൻെറ ഭാഗമായിട്ടല്ലാതെയുള്ള സ്വന്ത പ്രയത്നത്തിനുള്ള

പഴുതിടാതെ കരുതുന്നതിനും ഇതാവശ്യമാണ്. സംയുക്തപ്രയത്നം എന്ന ആശയം അഭിവ്യഞ്ജിപ്പിക്കുന്ന വിശാലപരമാധികാരത്തിനു കീഴ്പ്പെടേണ്ടിനില്ക്കണം, ഡിപ്പാർട്ടുമെൻറുകളുടെ സ്വന്തമായ ഔൽകൃഷ്ട്യം. പലരെ സംബന്ധിച്ചും തെല്ലൊരു അസ്വാസ്ഥ്യജനകമായ തീരുമാനമാണിതു്. അതുകൊണ്ടു് ദേശീയവികസനപ്രസ്ഥാനം വിഭാവനചെയ്യുന്ന ക്ഷേമരാഷ്ട്രഭരണകൂടത്തിൻെറ കെട്ടുറപ്പുള്ള മാതൃക സൃഷ്ടിക്കുന്നതിലേക്കു വേണ്ടി മനുഷ്യസാദ്ധ്യമായടത്തോളം വേഗത്തിൽ ഈ പരിവത്തനം വരുത്തേണ്ടതാണു്.

. കേന്ദ്ര മന്ത്രിസഭാവകുപ്പുകൾ, ജീവപ്രധാനമായ ഈ പരിപാടിയിൽ തങ്ങളുടെ പങ്കു് യഥാവിധി നിവ്വഹിച്ചുതുടങ്ങി. മന്ത്രിസഭയിലെ സാമൂഹ്യവികസനവകുപ്പും ഭക്ഷ്യ-കൃഷിവകുപ്പും വാണിജ്യ-വ്യവസായവകുപ്പും കേന്ദ്ര സാമൂഹ്യക്ഷേമബോർഡും തമ്മിൽ സഹകരിച്ചു പ്രവത്തിക്കുന്നതിനു വ്യക്തമായ നിബന്ധനകൾതന്നെ ഉണ്ടാക്കിയിട്ടുണ്ടു്. കേന്ദ്രത്തിലെ മറ്റു മന്ത്രിസഭാവകുപ്പുകളുമായും സംയുക്തപ്രവത്തനത്തിനു സഹായകമായ നടപടിക്രമങ്ങൾ രൂപീകരിച്ചുവരുകയാണു്. പ്രധാനമന്ത്രി അദ്ധ്യക്ഷനും പ്ലാനിംഗ് കമ്മിഷൻ അംഗങ്ങൾ, ഭക്ഷ്യ-കൃഷിമന്ത്രി, സാമൂഹ്യവികസനവകുപ്പുമന്ത്രി എന്നിവർ അംഗങ്ങളുമായുള്ള കേന്ദ്രപ്രവത്തകസമിതിയാണു് ഈ പദ്ധതിപ്രവത്തനത്തിൻെറ സംയുക്തസ്വഭാവം പുലത്തിക്കൊണ്ടുപോകാനുള്ള ഉത്തരവാദിത്വം വഹിക്കുന്നതു്. ഇതുപോലുള്ള സംയുക്തപ്രവത്തനസൗകയ്യം സംസ്ഥാനതലത്തിലും കൂടിയ അളവിൽ ലഭിക്കുമാറു വേണ്ടതു ചെയ്യുന്നുണ്ടു്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി വളരെ താല്പയ്യമെടുത്തുതുടങ്ങിയിട്ടുമുണ്ടു്.

സാമൂഹ്യവികസനപരിപാടി മുമ്പു നടന്നിരുന്നതു് മിക്കവാറും ഗവണ്മെൻറിൻെറ ഒരു കായ്യമെന്നപോലെയാണു്. ജനങ്ങൾക്കു് ഒരു അയഞ്ഞ ബന്ധമേ അതിനോടുണ്ടായിരുന്നുള്ളു. യഥാത്ഥ സാമൂഹ്യവികസനപ്രസ്ഥാനമായി അതു വളർച്ചപ്രാപിക്കണമെന്നുണ്ടെങ്കിൽ നേതാക്കളെ കേന്ദ്രമാക്കിക്കൊണ്ടുള്ള സാമൂഹ്യഘടകങ്ങൾ ശരിയായ സ്ഥാപനങ്ങ

ളായി രൂപംപ്രാപിക്കണം. ജനാധിപത്യത്തിൽ തങ്ങളുടെ കഴിവുകൾക്കുള്ള പരിമിതി ഗവൺമെൻറുയന്ത്രം ഇപ്പോൾ ധരിച്ചുകഴിഞ്ഞിട്ടുണ്ട്. അതു് കൈകൾ മലർത്തി സഹായത്തിനഭ്യർത്ഥിക്കയാണു്—ഉയന്ന മണ്ഡലങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും ഇതു ശരിയാണു്. ഈ പ്രസ്ഥാനം അതിൻെറ നിലനില്പിനുവേണ്ടി നിരന്തരമായി ഗവൺമെൻറിൻെറ ഔദാര്യത്തെ പ്രതീക്ഷിക്കുന്ന ഒരു വികസനപ്രവത്തനമായിരിക്കണമോ, അതല്ല സമൂഹത്തിൻെറ ശക്തിയെ ആശ്രയിച്ചു വളന്നു് സ്വന്തം നിലനില്പിനു സഹായിക്കുന്ന ഒരു സ്വാശ്രയ പ്രസ്ഥാനമായിരിക്കണമോ എന്നതിനുള്ള മറുപടി, ഗവൺമെൻറുയന്ത്രം കൈകാര്യംചെയ്യുന്നവരും പാർലമെൻറിലും സംസ്ഥാനനിയമസഭകളിലുംകൂടെ ജനങ്ങളുടെ അനൗദ്യോഗികസ്ഥാപനങ്ങളെ കൈകാര്യംചെയ്യുന്നവരും ഒക്കെ കമ്മക്ഷേത്രത്തിൽ എങ്ങനെ സന്ധിക്കയും പരസ്പരം പെരുമാറുകയുംചെയ്യുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നതു്. വ്യാവസായികയുഗത്തിൻെറ പ്രയോജനം ലഭിക്കാതെ രണ്ടുനൂററാണ്ടുകാലം മുഴുവൻ അവഗണിക്കപ്പെട്ടുകിടന്ന ഏഷ്യയിലേയും ആഫ്രിക്കയിലേയും അവികസിതപ്രദേശങ്ങളുടെ പുനരുജ്ജീവനത്തിനുള്ള മാതൃക ഇന്ത്യയുടെപക്കൽ കണ്ടെത്തിയിരിക്കുന്നു എന്നുവേണം വിചാരിക്കാൻ. പുതുയുഗം ആഗമിക്കുന്നു. ലോകത്തിൻെറ വിദൂരഭാഗങ്ങളിൽനിന്നു് അണുവിസ്ഫോടനം പ്രത്യാശയുടേയും ജീവിതത്തിൻേറയും സന്ദേശം നമ്മുടെ അടുത്തെത്തിക്കുന്നു. പ്രയോജനം നൽകാതെ കടന്നുപോയ യുഗങ്ങളിലെ പോരായ്മകൂടെ നാം നികത്തിയെടുക്കേണ്ടിയിരിക്കുന്നു. ലഭിക്കാതെപോയ ഭൗതികനേട്ടങ്ങൾക്കുവേണ്ടിയുള്ള പരക്കംപാച്ചിലിൽ മനുഷ്യനെ വിസ്മരിക്കാനുള്ള പ്രേരണ കലശലായിരിക്കും. പ്രാപിക്കാനുള്ള മഹാലക്ഷ്യത്തിലേക്കുള്ള മാർഗ്ഗത്തിൻെറ ഒരു ദർശനം ഇന്ത്യയിലെ സാമൂഹ്യവികസനപദ്ധതിയിൽനിന്നു ലഭിക്കുന്നുണ്ടു്. ജനങ്ങളും ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും കൈക്കുകൈ കോത്തുപിടിച്ചു പുരോഗമിക്കയാണു് ആവശ്യമെങ്കിൽ, പദ്ധതിപ്രവത്തനത്തിൻെറ ചുമതല, ഇതിൽ ഏതെങ്കിലും ഒരു ഘടകത്തിൻെറ മാത്രം കുത്തകയായിരുന്നുകൂടാ.

THE KOTTAYAM PUBLIC LIBRARY KOTTAYAM

# ആസൂത്രണത്തിൻെറ ചുമതല ജനങ്ങൾക്കുതന്നെ

കറുത്ത മണ്ണിൽ പരുത്തിച്ചെടികൾ പൂവിട്ടുനില്ക്കുന്നു. കിണറിനോട്ടു ചേൻറുള്ള ചരിഞ്ഞ തട്ടിൽ കാളകൾ മുമ്പോട്ടും പുറകോട്ടും നടന്നുകൊണ്ടിരിക്കുന്നു. കൃഷിക്കാരൻ കിണററിൽ നിന്നുയൻറുവരുന്ന തുകൽത്തൊട്ടികളിലെ വെള്ളം തിരിച്ചു വിട്ടുകൊണ്ടു നില്ക്കുന്നു. അസ്തമനസൂര്യൻെറ പ്രകാശത്തിൽ കുളിച്ചു് അകലെ നില്ക്കുന്ന മലയിൽനിന്നൊഴുകിവരുന്ന ഒരു തോട്ടു കാണാനുണ്ടു്. തോട്ടു തീരെ വററിയിട്ടു് ഒരു ചെറിയ നീരൊഴുക്കേ കാണാനുള്ളു.

തോട്ടിന്റെ അരികിൽ അല്പം ഉയൻറഭാഗത്താണു് പഞ്ചായത്തുഭവനം. നിരപ്പല്ലാത്ത നാട്ടിൻപുറത്തെ ആകെ അവലോകനംചെയ്തുകൊണ്ടാണു് അതിൻെറ നില. തരിശായിക്കിടക്കുന്ന പുല്ലുപിടിച്ച ഭൂമിയിൽ ഗ്രാമീണർ സമ്മേളിച്ചിരിക്കുന്നു. പരന്നുതുടങ്ങിയ ഇരുളിൽ മങ്ങിയ പ്രകാശരേഖകളുതിത്തുകൊണ്ടു് ഹരിക്കേൻ വിളക്കു് കത്തിനില്ക്കുന്നു. വിളക്കിൻെറ മുമ്പിലിരിക്കുന്ന രജിസ്റ്ററിൽ ഗ്രാമത്തിലെ ഓരോ ആളുകളുടേയും ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരങ്ങളെല്ലാമുണ്ടു്. അടുത്ത വിളവെടുപ്പിൻെറ രീതി, അവരവരുടെ പക്കലുള്ള വിത്തിൻെറ വിവരം, കൂട്ടതലായി ഓരോരുത്തക്കും ആവശ്യമുള്ളതിൻെറ പട്ടിക, എന്നിതൊക്കെ ഗ്രാമീണർ ചച്ച്ചയ്ക്കു വിഷയമാക്കുന്നു. രാസവളത്തെപ്പററിയും അതു വാങ്ങുന്നതിനാവശ്യമായ പണം പൊതുവിൽ കടംവാങ്ങേണ്ടതിനെപ്പററിയും അവരാലോചിക്കുന്നു. ഗ്രാമത്തിൻെറ ആവശ്യത്തിനു വേണ്ടി റോഡുകളും ഗൃഹങ്ങളും അഴുക്കുചാലുകളും ശുചീകരണസജ്ജീകരണങ്ങളും പുതിയ പഞ്ചായത്തുകെട്ടിടവും പൊതുസമ്മേളനത്തിനുള്ള മൈതാനവും ഉദ്യാനങ്ങളും വിറകുമരം വളത്താനുള്ള വനവും സ്കൂളുകളും ചികിത്സാസൗകര്യങ്ങളും വഴിവിളക്കുകളുമൊക്കെ ഉണ്ടാക്കുന്നതിനുള്ള പരിപാടികൾ അവർ ആസൂത്രണംചെയ്യുന്നു. ഗ്രാമവ്യവസായങ്ങളേയും ചെറുകിടവ്യവസായങ്ങളേയുംപററിയും ഏററവും കൊടിയ ശാപമായ ദാരിദ്ര്യത്തെ ഉച്ചാടനംചെയ്യാനുള്ള

മാർഗ്ഗങ്ങളെപ്പററിയും അവർ ചർച്ചചെയ്യുന്നു. അടുത്തുള്ള തോട്ടിലൂടെ മഴക്കാലത്തു് ഒഴുകിവരുന്ന വെള്ളം കെട്ടിനിർത്തി വേനല്ക്കാലത്തു് ഉണക്കുതട്ടുന്ന നിലങ്ങളിൽ ജലസേചനം നടത്താനുള്ള സാധ്യതയും അവരുടെ ആലോചനയ്ക്കു വിഷയമാകുന്നു.

"അണകെട്ടിച്ചുതന്നു് നമ്മുടെ ഐശ്വര്യജീവിതത്തിനാവശ്യമായതൊക്കെ നടപ്പാക്കാനുള്ള ചുമതല, നാം പ്രധാനമന്ത്രിസ്ഥാനത്തു് അവരോധിച്ചിട്ടുള്ള പണ്ഡിററ് നെഹ്റുവിൻേറതാണു്. നമ്മുടെ ജന്മാവകാശമായ ഈ ജീവിതസൗകര്യങ്ങൾക്കുവേണ്ടി നമ്മൾ എന്തിനു തലപുകഞ്ഞാലോചിക്കയും മാംസപേശികളെ പ്രവർത്തിപ്പിക്കയും ചെയ്യുന്നു?" അസംതൃപ്തനായ ഒരുവൻ സ്വരമുയർത്തി. ചുററും കോപാകുലമായ പ്രതിഷേധശബ്ദമുയർന്നു് നിശയുടെ നിശ്ശബ്ദതയെ ഭഞ്ജിക്കുമ്പോൾ ഒരു യുവാവിൻെറ ശബ്ദം ആ കോലാഹലത്തിനുപരി മുഴങ്ങി സന്ദർഭത്തെ നിയന്ത്രണാധീനമാക്കുന്നു. ഒരു ദീർഘമായ വിശദീകരണംകൊണ്ടു് തല്ക്കാലനില വ്യക്തമാക്കപ്പെടുന്നു. 5,50,000 ഗ്രാമങ്ങളാണു് ഇന്ത്യയിലുള്ളതെന്നു് അനുസ്മരിപ്പിച്ചുകൊണ്ടു് കഴിഞ്ഞ രണ്ടായിരം വർഷങ്ങൾക്കുള്ളിൽ ഈ നാട്ടിലുണ്ടായിട്ടുള്ള കലാപങ്ങളും നാശങ്ങളും വിവരിക്കയും, ചൈനയുൾപ്പെടെയുള്ള ഇതരരാജ്യങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ കാർഷികവിളയുടെ തോതു് എത്ര മോശമാണെന്നതു വ്യക്തമാക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെയുള്ള നമ്മുടെ മണ്ണിൽനിന്നുപോലും തുല്യമായ മററു ഗ്രാമങ്ങളിൽ ചിലർ, കൂടുതൽ നല്ല വിത്തും കമ്പോസ്റ്റുവളവും പച്ചിലവളവും മെച്ചമായ കൃഷിയായുധങ്ങളുമൊക്കെ ഉപയോഗിച്ചും കൂടുതൽ ശ്രദ്ധയോടുകൂടിയും കൃഷിചെയ്തു സാധാരണ ലഭിക്കുന്നതിൻെറ അനേകമിരട്ടി വിള ഉല്പാദിപ്പിച്ചു് 'കൃഷിപണ്ഡിററ്' എന്ന ബഹുമതിയും സമ്മാനങ്ങളും നേടാറുണ്ടു് എന്ന കാര്യം ഓർമ്മിപ്പിക്കപ്പെടുന്നു. അംബരചുംബികളുടേയും മോട്ടോർ വാഹനങ്ങളുടേയും ടെലഫോണിൻേറയും റേഡിയോവിൻേറയും, പാലിൻേറയും ആഹാരത്തിൻേറയും കണക്കില്ലാത്ത ഡോളറിൻേറയും നാടായ അമേരിക്ക മുന്നൂറു കൊല്ലംമുമ്പുവരെ വന്യജന്തുക്കളുടെ ആവാസസ്ഥാനമായ

കാനനഭൂമിയായിരുന്നുവെന്നും, ഇന്നു് അതു സന്തോഷത്തിന്റേയും സംതൃപ്തിയുടേയും കളിപ്പന്തലായിത്തീന്നിട്ടുള്ളതു്, അവിടത്തെ ആളുകൾ ഈശ്വരനേയും പ്രസിഡണ്ടിനേയും അവരുടെ പാട്ടിനു വിട്ടിട്ടു് മൺവെട്ടിയും ചുറ്റികയുമേന്തി പണിയെടുക്കാനുള്ള വിവേകം കാണിച്ചതുകൊണ്ടാണെന്നും ആ യുവാവു പ്രസ്താവിച്ചു. നേരം വളരെ ഇരുട്ടി. അടുത്ത ദിവസം സമ്മേളിക്കാനായി 'വികാസമണ്ഡലം' തല്ക്കാലം പിരിഞ്ഞു.

മറെറാരു ബ്ലോക്കിലെ വികാസമണ്ഡലം ഗ്രാമത്തിലെ കുളങ്ങളിൽ (അതിന്മേലുള്ള നികുതി വേണ്ടെന്നുവച്ചതോടുകൂടി കുളങ്ങളൊക്കെ പൊതു ഉടമയിലായല്ലോ.) മീൻകുഞ്ഞുങ്ങളെ വിതച്ചു മത്സ്യക്കൃഷി ചെയ്തു പരീക്ഷിച്ചു. മൂന്നുവഷം മുമ്പു വളത്താനാരംഭിച്ച മത്സ്യക്കുഞ്ഞുങ്ങൾ ഇപ്പോൾ 36 റാത്തൽവീതം തൂക്കംവരുന്ന വൻമത്സ്യങ്ങളായിത്തീന്നിരിക്കുന്നു. രണ്ടുമാസംമുമ്പു വളത്താൻ തുടങ്ങിയവയ്ക്കു് ഇപ്പോൾത്തന്നെ ഒരു റാത്തൽ ഭാരം ഉണ്ടു്. ശരാശരി അഞ്ചേക്കർ വിസ്തീണ്ണത്തിന്റെ കണക്കിൽ ഓരോ ഗ്രാമത്തിലും ശരാശരി അഞ്ചു കുളമുണ്ടാകും. വിദഗ്ദ്ധന്മാരുടെ കണക്കനുസരിച്ചു് ഒരേക്കറിൽ ആയിരം മത്സ്യത്തെ വളത്താം. കാപ്പ് എന്ന ഇനത്തിൽപ്പെട്ട ഒരുതരം ശുദ്ധജലമത്സ്യത്തെയാണു് ഇപ്പോൾ വളത്തി പരീക്ഷിച്ചുകൊണ്ടിരിക്കുന്നതു്. സസ്യഭുക്കായ ഈ മത്സ്യം തടിച്ചുരുണ്ട ഒരിനമാണു്. ഗ്രാമത്തിലെ അഴുക്കുകളൊക്കെ ഒഴുകിവീണിട്ടു് കുളത്തിന്റെ അടിത്തട്ടിൽ വളന്നുവരുന്ന ഒരു വക പായലാണു് ഇതിന്റെ ആഹാരം. ഈ മത്സ്യക്കൃഷി പ്രസ്ഥാനത്തിൽനിന്നു് ഗ്രാമത്തിലെ ഓരോ കുടുംബത്തിനും ശരാശരി നൂറു റാത്തൽ മത്സ്യം കിട്ടുമെന്നു കണക്കുകൂട്ടിയാൽ കാണാം. ഇതിനുപുറമേ, മീൻപിടിത്തക്കാരുടെ കൂലി മുതലായതൊക്കെ നീക്കിയാലും ആണ്ടിൽ ശരാശരി നൂറു രൂപയും ലഭിക്കും. മത്സ്യക്ഷാമമനുഭവിക്കുന്ന കൽക്കട്ടയിൽ മത്സ്യപ്രളയംതന്നെയുണ്ടാക്കാൻ കഴിയുമെന്നാണു് 'വികാസമണ്ഡല'ങ്ങളുടെ പ്രതീക്ഷ. സീറിനു് (seer) ഒരു രൂപാപ്രകാരം അവിടെ മത്സ്യം നല്കാൻ കഴിയുമെന്നു് അവർ വിചാരിക്കുന്നു. അതിൽനിന്നുള്ള വരുമാനംകൊണ്ടു് ഗ്രാമത്തിലെ വിവിധോ

ദ്ദേശസംഘത്തിനു് ആവശ്യമായ മൂലധനത്തിൻെറ അടിസ്ഥാനമിടാമെന്നും അവർ ആഗ്രഹിക്കുന്നു. അഞ്ചുലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഇതേവരെ കുളങ്ങളിൽ നിക്ഷേപിച്ചുകഴിഞ്ഞു. ഇനിയും വദ്ധിച്ചതോതിൽ നിക്ഷേപിക്കപ്പെടാൻ പോകയാണു്. വെള്ളത്തിൽത്തന്നെ ജീവിക്കുന്നവരും കരയിൽ രണ്ടുകാലിൽ നടക്കുന്നവരുമായ ദുർമ്മോഹികളായ കൊള്ളക്കാരിൽനിന്നു് ഇവരെ എങ്ങനെയാണു രക്ഷിക്കുക എന്നുള്ളതുമാത്രമാണു് പ്രശ്നം. പണവ്യാപാരികളും കരിഞ്ചന്തക്കാരും ഈ കുളങ്ങൾ കയ്യടക്കാൻവേണ്ടി സംഘങ്ങൾ രൂപീകരിക്കാൻ വെമ്പിനടക്കുകയാണു്. ഈ അപകടത്തിൻെറ ഗൗരവം, മദ്ധ്യപ്രദേശ്ഗവണ്മെൻറും പുതുതായി വളൎന്നുവരുന്ന വികാസമണ്ഡലങ്ങളും നല്ലപോലെ അറിയുന്നുണ്ടു്.

പ്ലാനിങ്ങ് കമ്മീഷൻ പദ്ധതിയുണ്ടാക്കുന്നതു് രാജ്യത്തെയൊട്ടാകെ കണക്കിലെടുത്തുകൊണ്ടാണു്. ചുവട്ടിൽനിന്നു മുകളിലേക്കു് ആസൂത്രണംചെയ്യപ്പെടാതിരിക്കുന്നപക്ഷം, പദ്ധതി, സാധാരണക്കാരെ സംബന്ധിച്ചടത്തോളം നിരത്ഥകമായിരിക്കും. മരം പൂൎണ്ണമായ വളർച്ചയെത്തിക്കഴിയുമ്പോൾ, ശാഖകളും ചുള്ളിക്കമ്പുകളും ഇലകളും തടിയുമെല്ലാം ഭൂമിയിൽ ആഴത്തിലും പരന്നും വളരുന്ന വേരുകൾമുഖാന്തരം ഭൂമിയോടു ദൃഢമായി ബന്ധപ്പെട്ടിരിക്കത്തക്കവിധം വേണം പദ്ധതിയുടെ ആസൂത്രണം. ചുവട്ടിൽനിന്നാണു മരം വളൎന്നുയരേണ്ടതു്. സാമൂഹ്യവികസനപദ്ധതിയിലെ ഉദ്യോഗസ്ഥന്മാൎക്കു വെള്ളംകോരികളും തോട്ടം സൂക്ഷിപ്പുകാരുമായി പ്രവൎത്തിക്കാനേ കഴിയൂ. അകളങ്കിതരായ ഈ ഗ്രാമീണസ്ത്രീപുരുഷന്മാരുടെ കണ്ണുകളിലും ശബ്ദത്തിലും എൻെറ ചേതന ദർശിക്കുന്നതു് പൗരാണികഭാരതം പുനരുത്ഥാനത്തിനുവേണ്ടി ആവേശത്തോടെ മുന്നോട്ടു പായുന്നതാണു്. 'മന്ത്രം' ഉരുവിടുകയും സ്ഥിതിവിവരക്കണക്കുകൾകൊണ്ടു കൺകെട്ടുവിദ്യ കാണിക്കയും ചെയ്യുന്ന നമ്മേക്കാൾ നന്നായി ജീവിതത്തെ മനസ്സിലാക്കിയിട്ടുള്ളവരാണു് അവർ. 'മനുഷ്യൻെറ മതം' ജന്മമെടുക്കാൻവേണ്ടി നോവുകൊള്ളുന്നതു ഞാൻ കണ്ടു. 'ഭാവിയുടെ ശില്പികൾ' ഭൂതകാലത്തിൻെറ ചാമ്പലിൽനിന്നു്—നമ്മുടെ നാട്ടിൻപുറത്തു് സംസാരശക്തിയില്ലാതെ കിടക്കുന്ന മണ്ണിൽനിന്നു്—വേണം

ഉയന്നുവരാൻ എന്നു പ്രധാനമന്ത്രി പറഞ്ഞതിൻെറ പൊരുൾ ആദ്യമായി എനിക്കു വിളങ്ങിക്കിട്ടി.

## ചലിക്കുന്ന അംഗുലികൾ ആലേഖനം തുടരുന്നു

ബുദ്ധിമാന്മാരുടെ സന്നിധിയിലാണെങ്കിൽ, മൂകത വിവേകപൂർവ്വമായ നടപടിയാണ്. എന്നാൽ കാനനഭൂമിയിൽ അതിനു ഗൗരവതരമായ പരിമിതികളുണ്ട്. വാക്കുകളുടെ വിദ്യാലയത്തിലാണ് നമ്മുടെ പട്ടണവാസികളുടെ വിദ്യാഭ്യാസം നടന്നിട്ടുള്ളതു്. വാക്കുകളാകട്ടെ, കടലാസിൽ രേഖപ്പെടുത്താനോ സംഘഗാനത്തിൽ ഉപയോഗിക്കാനോ ഉള്ളവയാണ്. തിങ്ങിഞെരുങ്ങി കേന്ദ്രീകൃതമായി ജീവിക്കുന്നതിനാൽ പട്ടണവാസികൾക്കു് അവരുടെ സാന്നിദ്ധ്യം ശ്രദ്ധയിൽ പെടുത്താൻ കഴിയും. അവക്ക് ഒരു പൊതുവായ താല്പര്യമുണ്ട്. 'ഒന്നും ചെയ്യാതെ വല്ലതും' നേടുന്ന പ്രശ്നത്തിൽ, അവക്ക് എന്തെങ്കിലും നിസ്സാരമായ കാരണത്തിൻെറപേരിൽ വലച്ചയിലിരിക്കുന്ന നമ്മുടേതുപോലുള്ള ഒരു ഗവണ്മെൻറിനെ മരവിപ്പിക്കാൻ കഴിയും. ഗ്രാമവാസികളാകട്ടെ; വിശാലമായി ചിതറിക്കിടക്കുകയാണ്. മുമ്പുണ്ടായിരുന്ന ഭരണകത്താക്കൾ അവരെ പരസ്പരം ഭിന്നിച്ചുനില്ക്കാൻ സഹായിച്ചു. അവരുടെ നൈസർഗ്ഗികനേതാക്കൾ എന്തെങ്കിലുമൊക്കെ പ്രേരണയ്ക്കധീനരായി നഗരങ്ങളിലേക്കു് ആകഷിക്കപ്പെട്ടതോടെ ഈ വിഭാഗീയപ്രവണത കൂടുതൽ വളർച്ചപ്രാപിച്ചു. 1947 ആഗസ്റ്റ് 15-നു് നമുക്കു ലഭിച്ച വന്യഭൂവായ ഭാരതത്തിൽ ഏററവും ഉറക്കെ ശബ്ദിക്കുന്നവക്കു നമ്മുടെ വിഭവങ്ങൾ കയ്യടക്കാമായിരുന്നു എന്നതായിരുന്നു നില; ഇതു വളരെ സ്വാഭാവികമായ പരിണാമമായിരുന്നുതാനും. എന്നാൽ ഇന്ത്യയിലെ 5,50,000 നിദ്രാണഗ്രാമങ്ങളിൽ പ്രവത്തനരഹിതമായി വത്തിച്ചിരുന്ന ഇന്ത്യയുടെ ഹൃദയത്തിൻ്റെ വായ് മൂടിക്കെട്ടപ്പെട്ടിരുന്നു. മോഹബദ്ധമായ നയനങ്ങളും പരസ്പരം കൂട്ടിയുരുമ്മുന്ന അസ്ഥികളുടെ ശബ്ദവുംകൊണ്ടല്ലാതെ തങ്ങളുടെ സാന്നിദ്ധ്യത്തെ അറിയിക്കാൻ അവക്കു മാർഗ്ഗമുണ്ടായിരുന്നില്ല. വാസ

സ്ഥാനം നഷ്ടപ്പെട്ട അഭയാർത്ഥികൾക്ക് ആശ്വാസവും പുനരധിവാസസൗകര്യവും നല്കുക എന്ന അടിയന്തിരപ്രശ്നത്തിനു് അല്പമൊരു ആശ്വാസമുണ്ടാകയും ഇന്ത്യയുടെ പ്രാഥമികപൗരന്മാരെപ്പററി ചിന്തിച്ചുതുടങ്ങാനുള്ള പ്രേരണയുദിക്കയും ചെയ്തതോടെ, അധികാരത്തിലിരുന്ന ഭരണകൂടം പ്രശ്നത്തെ അഭിമുഖീകരിച്ചു. വിധിനിർണ്ണായകമായ സമരകാലത്തു് രാഷ്ട്രത്തിനു നല്കിയ പ്രതിജ്ഞ പാലിക്കാനുള്ള ശ്രമത്തിന്റെ ആദ്യത്തെ ഗണനീയമായ അടയാളമാണു് സാമൂഹ്യവികസനപദ്ധതി.

മാറിയെഴുതപ്പെടുന്ന ചരിത്രത്തെ പ്രത്യവലോകനം ചെയ്യുമ്പോൾ, നാം മൂകരെന്നും പ്രയോജനരഹിതമായ പരസ്പരകലഹത്തിനു ജന്മസിദ്ധമായ വാസനയോടുകൂടിയവരെന്നും ഗണിച്ചിരുന്നവർ, വാസ്തവത്തിൽ അങ്ങനെയുള്ളവരല്ലെന്ന വസ്തുത് തെളിയും. തങ്ങളുടെ കഴിവുകളെ ആവിഷ്ക്കരിക്കാനുള്ള അവസരങ്ങളുടെ അഭാവത്താലാണു് അവർ പരസ്പരം കലഹിച്ചുകൊണ്ടിരുന്നതു്. അവരുടെ മൂകത വിവേകത്തിന്റെ ലക്ഷണമായിരുന്നു എന്നു തെളിഞ്ഞു. അവരുടെ കലഹങ്ങൾ സ്വതഃസിദ്ധമായ ആത്മശക്തിയുടെ ലക്ഷണമായിരുന്നു. എവിടെയെല്ലാം ആഹ്വാനം നല്കപ്പെട്ടുവോ അവിടെയെല്ലാം അവർ ഒന്നായി ഉയർന്നു് ആഹ്വാനത്തെ ആദരിച്ചിട്ടുണ്ടു്. ശാസ്ത്രീയസാങ്കേതികസമ്പ്രദായങ്ങൾ അംഗീകരിക്കാൻ ഞങ്ങൾ ചെയ്ത ആഹ്വാനം ഞങ്ങളുടെ പ്രതീക്ഷയേയും കഴിവുകളേയും കവച്ചുവയ്ക്കുന്ന തോതിൽ അവർ ആദരിക്കയുണ്ടായി. അത്ഭുതമെന്നു പറയട്ടെ, ആളുകൾ കൂടുതൽ പിന്നോക്കസ്വഭാവത്തിലുള്ളവരായി കാണപ്പെട്ട സ്ഥലങ്ങളിലാണു് എല്ലാ രംഗങ്ങളിലും അവരുടെ ആനുകൂല്യം കൂടുതൽ ഉദാരമായ തോതിൽ ലഭിച്ചിട്ടുള്ളതു്. ആളുകൾ കൂടുതൽ ബുദ്ധിമാന്മാരായിരുന്നിടങ്ങളിൽ ചർച്ചകൾ അധികവും പ്രവർത്തനം കുറവുമായിരുന്നു. നാം ഇന്നു് അഭിമാനിക്കുന്ന വിദ്യാഭ്യാസം, ആവശ്യമായുള്ളതു യാതൊന്നാണോ അതിനു കടകവിരുദ്ധമായ സമ്പ്രദായത്തിലുള്ളതാണെന്നും, പൊതുവെ പറഞ്ഞാൽ പോക്കററടി എന്ന കല മാത്രമേ അതു് അഭ്യസിപ്പിച്ചിട്ടുള്ളുവെന്നും ആണു് ഇതിൽനിന്നൊക്കെ തെളിയുന്നതു്. സംസ്ഥാന

തലസ്ഥാനംമുതൽ ചുവടററംവരെയുള്ള ഉദ്യോഗസ്ഥന്മാക്ക് ജനങ്ങളോട്ട കാര്യമായ ബന്ധമൊന്നുമുണ്ടായിരുന്നില്ല. ജനങ്ങളും അവരുടെ പ്രതിനിധികളും സംശയദൃഷ്ടിയോടെയാണ് അവരെ നോക്കിയിരുന്നതു്. അതുകൊണ്ടു് തങ്ങളുടെ ശാരീരികമോ മാനസികമോ ആയ ഉന്മേഷത്തെ അഴിച്ചുവിടാൻ അവക്ക മാഗ്ഗമുണ്ടായിരുന്നില്ല. കടലാസ്സിൽ തൊട്ടിലാട്ടം കളിച്ചും മററുള്ളവരുടെ ദൃഷ്ടിയിൽ ഞാണിന്മേൽക്കളി നടത്തിയും ഭിത്തിയിലിരിക്കുന്ന ഘടികാരത്തിനുനേരെ നോക്കി കോട്ടുവായിട്ടും അവർ ആയുസ്സു തള്ളിനീക്കുകയായിരുന്നു. എന്നാൽ സജീവമായ പ്രവത്തനത്തിനു ചുമതലപ്പെട്ടത്തപ്പെട്ടപ്പോൾ ഒററരാത്രികൊണ്ടു് അവരുടെ സ്വഭാവത്തിനു പാടെ പരിവത്തനം സംഭവിച്ചു. ദന്തഗോപുരത്തിൽ കഴിഞ്ഞുകൂടിയവൻ ദന്തവും ഗോപുരവും രണ്ടും കൈവിട്ടു് ഭൂമിയിലേക്ക്—പുതിയ ലക്ഷ്യത്തിലേക്ക്—തലകീഴായി കുതിച്ചുകഴിഞ്ഞു. തൊട്ടിലാട്ടക്കളിയിലെ പ്രഹേളികാപ്രശ്നമാകട്ടെ, ആരു് ആരുടെ അവകാശങ്ങളെ മറികടന്നു് ഉദ്യോഗസോപാനത്തിൽ ഉയന്നുപോകുന്നുവെന്ന ആത്മഹത്യാപരമായ ചിന്തയാകട്ടെ, ഇപ്പോഴില്ല. സംസ്ഥാനതലസ്ഥാനംമുതൽ ഇങ്ങു ചുവട്ടുവരെയുള്ള ഭരണയന്ത്രത്തിൻെറ പ്രവത്തനത്തിൽ കൊഴപ്പും അഴക്കും നിയമേന കാണാകുന്നു. ഭരണയന്ത്രത്തിൽ അലക്തകശക്തി പ്രസരിക്കുന്നു. കമ്പികളിലൂടെ വിദ്യുച്ഛക്തി പായുന്നുണ്ടു്. അറിഞ്ഞോ അറിയാതെയോ അതിൽ ചെന്നു തൊട്ടുന്നആക്കും അതിൻെറ ആഘാതം അനുഭവപ്പെടാതെ തരമില്ല.

1951-ലെ കണക്കനുസരിച്ചു് ഈ രാജ്യത്തിലെ ജനസംഖ്യ മുപ്പത്തിയാറരക്കോടിയായിരുന്നു. ഈ സംഖ്യ എല്ലാകൊല്ലവും നൂററിനു് ഒന്നേകാൽ ഇരട്ടിയെന്ന കണക്കിൽ വർദ്ധിച്ചുകൊണ്ടുപോകയാണു്. രണ്ടായിരം വഷം നീണ്ടുനിന്ന മയക്കത്തിൽനിന്നുണന്നു പുനരുത്ഥാനപ്രവണതയോടെ നിലകൊള്ളുന്ന ഒരു ജനതയുടെ വദ്ധിച്ചുകൊണ്ടുവരുന്ന ആവശ്യങ്ങളെ സാധിച്ചുകൊട്ടുക്കാൻ താരതമ്യേന ചെറുതായ ഒരു ഭരണസംവിധാനത്തിനു കഴിയുകയില്ല. അതുമല്ല, നമ്മുടെ ഹിതാഹിതങ്ങളെ അഗണ്യമാക്കിക്കൊണ്ടു് അണുകയുഗം ആഗമിക്കയും ചെയ്തിരിക്കുന്നു. ഒരു ജനതയെന്ന നിലയിൽ

നമ്മെ സ്പശിക്കാതെ കടന്നുപോയ കഴിഞ്ഞ ഇരുന്നൂറുവർഷക്കാലത്തെ ശാസ്ത്രവിജ്ഞാനത്തിൻെറ വിടവ് നമുക്കു നികത്തേണ്ടതായിട്ടുമുണ്ടു്. ശാസ്ത്രത്തിന്റെ പടച്ചട്ട ധരിച്ചും, രക്തധമനികളിലൂടെ ഇരുപതാം നൂററാണ്ടിൻെറ രണ്ടാം അദ്ധപാദത്തെ ഒഴുക്കിക്കൊണ്ടും, ഈ പുതുയുഗത്തിലെ പ്രവത്തനത്തിൽ തങ്ങളുടെ പങ്കു നിവ്വഹിക്കാൻ സാങ്കേതികവിജ്ഞാനം നേടിയ പ്രവത്തകരുണ്ടാകണം. എങ്കിൽമാത്രമേ നിലവിലുള്ള വിടവു നികത്തുകയും നാം നമുക്കുചുററും നടക്കുന്ന കാര്യങ്ങളുമായി ഒരു ജനതയെന്ന നിലയിൽ പൊരുത്തപ്പെട്ടുപോകയും ചെയ്യുകയുള്ളു. സാങ്കേതികവും ശാസ്ത്രീയവുമായ കാര്യങ്ങളിലെ അടിസ്ഥാനപരമായ അറിവും അതു പ്രയോഗിക്കാനുള്ള പരിചയവും നിർഭാഗ്യവശാൽ ഭരണപരമായ ഒരുത്തരവുകൊണ്ടു് ഉല്പാദിപ്പിക്കാവുന്നതല്ല. നല്ല ഭരണത്തിനു് പരിവത്തനകാലത്തെ ക്ലേശം ലഘൂകരിക്കാൻ കഴിയും. അതിൽ കൂടുതലൊന്നും ചെയ്യാൻ കഴിയില്ല. അതുകൊണ്ടു് ശുദ്ധശാസ്ത്രവും പ്രായോഗികശാസ്ത്രവും കൈകാര്യംചെയ്യുന്ന നമ്മുടെ കോളേജുകളേയും സ്ക്കൂളുകളേയും ഭൂമിയിലേക്കു കുറേക്കൂടെ അടുപ്പിച്ചു കൊണ്ടുവരേണ്ടതുണ്ടു്. അഴുക്കുപുരണ്ട കൈകളുടെ മഹാസന്ദേശം ഈ വിദ്യാമന്ദിരങ്ങളുടെ ദന്തഗോപുരങ്ങളിലെത്തണം; ഗവൺമെൻറുയന്ത്രത്തിൽ പ്രവേശിച്ചു് അവിടെ പരിവത്തനമുണ്ടാക്കിയതുപോലെ. പുനരുജ്ജീവനം നേടിയ ഈ കേന്ദ്രങ്ങളിൽനിന്നു പുറത്തുവരുന്ന നമ്മുടെ സാങ്കേതികവിഭാഗപ്രവത്തകരെ അവരുടെ പുതിയ പദവിക്കനുസരണമായി സ്വീകരിക്കണം. രൂപംപ്രാപിച്ചുകൊണ്ടിരിക്കുന്ന ക്ഷേമരാഷ്ട്രത്തിൻെറ പ്രവത്തനവിഭാഗത്തിൽ പണിയെടുക്കുന്ന സഹോദരമണ്ഡലത്തിലെ അംഗങ്ങളായിത്തീരുന്നതിനു് അവക്കു നാം പരിശീലനം നല്കേണ്ടതുണ്ടു്.

ജനങ്ങളുമായി ഇടപെടുന്ന പ്രാഥമികപരീക്ഷയിൽ ഗവൺമെന്റിൻെറ ഭരണയന്ത്രം അഭിനന്ദനാർഹമായ വിജയം നേടിയിട്ടുണ്ടു്. അടുത്ത പരീക്ഷ കൂടുതൽ കക്കശമായിരിക്കും. നേരിടേണ്ട പ്രശ്നങ്ങൾ കൂടുതൽ പ്രയാസമുള്ളതാണു്. എന്തുകൊണ്ടെന്നാൽ, ഇനി മേലിൽ ഭരണയന്ത്രത്തിൻെറയും അതു കൈകാര്യംചെയ്യുന്നവരുടെയും സ്വഭാവവൈശിഷ്ട്യമാണു്,

അല്ലാതെ അവർ കൈകാര്യംചെയ്യുന്ന രംഗത്തിലെ നിയന്ത്രണത്തിൻെറ സ്വഭാവമല്ല, ഇതേവരെ അവരുടേതുമാത്രമായിരുന്ന ചുമതലയിൽ പങ്കാളികളാകാനുള്ള പ്രേരണയും പ്രചോദനവും ഗവണ്മെൻറിൻെറ സാങ്കേതികവിഭാഗങ്ങൾക്കുകൂടെ ഏതളവുവരെ നൽകാൻ കഴിയുമെന്നു നിശ്ചയിക്കേണ്ടതു്. ചുമതലകൾ പങ്കിട്ടെടുത്തേ മതിയാകൂ. ഭരണയന്ത്രത്തിൻെറ കഴിവുകൾ പരമാവധി ഉപയോഗിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. വികസിച്ചുവരുന്ന പ്രവത്തനചക്രവാളത്തിൽ ചുമതലവഹിക്കാൻ പങ്കാളികളെ കിട്ടാത്തപക്ഷം അതു് സ്വന്തം കഴിവുകളിന്മേൽ തിരിഞ്ഞുപായാനിടയുണ്ടു്. നാം ഇതേവരെ നടത്തിയ ഉഗ്രപ്രയത്നം, നമ്മുടെ പ്രതീക്ഷകൾ സഫലമാക്കുന്ന ഒരു മഹാപ്രസ്ഥാനമായി പരിണമിക്കണമോ അതോ കാഴ്ചക്കാക്കും വിനോദപ്രിയക്കും വേണ്ടിയുള്ള ഒരു മിഥ്യാപ്രകടനമായി പരിണമിക്കണമോ എന്നു തീരുമാനിക്കേണ്ടതു് ഇതാണു്.

കേന്ദ്രമന്ത്രിസഭയിലെ വികസനവകുപ്പുകൾക്കു് സംസ്ഥാനങ്ങളിൽ നേരിട്ടു ചുമതലയില്ല. എങ്കിലും തങ്ങളുടെ പ്രത്യേക വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ആധുനികശാസ്ത്രത്തിന്റെ സന്ദേശം സംസ്ഥാനങ്ങളിലെ ജനങ്ങളുടെ അടുത്തെത്തിക്കുവാൻ സംസ്ഥാനത്തിലെ വികസനപ്രവത്തനങ്ങളിൽ തങ്ങളുടെ പ്രതിനിധികൾ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യം കേന്ദ്രം മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ടു്. ഭക്ഷ്യ-കൃഷിവകുപ്പിലും വാണിജ്യ-വ്യവസായവകുപ്പിലും ആരംഭിക്കപ്പെട്ടിട്ടുള്ള വികസനവിഭാഗം ഈ പ്രസ്ഥാനത്തിൻെറ മുന്നോടികൾ മാത്രമാണു്. ഈ പ്രസ്ഥാനം അഴിച്ചുവിട്ടിട്ടുള്ള മഹാപ്രവാഹത്തിലേക്കു മററുള്ള വിഭാഗങ്ങളും ക്രമേണ വന്നുചേന്നുകൊള്ളും. എന്നാൽ ജനങ്ങളോടു നേരിട്ടു് ഉത്തരവാദിത്വമുള്ള സംസ്ഥാനഡിപ്പാർട്ടുമെൻറുകളുംകൂടെ ആവശ്യത്തിനനുരൂപമായി വേഗത്തിലും വിപുലമായും പ്രവത്തിക്കാൻ തയാറായില്ലെങ്കിൽ കേന്ദ്രമന്ത്രിസഭയിലെ വിവിധവിഭാഗങ്ങളുടെ വികസനപ്രവത്തനംകൊണ്ടു പ്രയോജനം ലഭിക്കയില്ല—സംസ്ഥാനത്തിലെ ഭരണച്ചുമതലവഹിക്കുന്ന വിഭാഗം—അതായതു്

ഡവലപ്പ്മെൻറ് കമ്മിഷണരുടെ ശാഖ—ഇപ്പോൾ സംസ്ഥാന ആസൂത്രണച്ചുമതലയുടെ അച്ചുതണ്ടായി പ്രവത്തിക്കത്തക്ക നില കൈവന്നിരിക്കുന്നു. പക്ഷേ, പ്രവത്തനം വിജയകരമാകണമെങ്കിൽ സംസ്ഥാനത്തിൽ ഭരണപരമായ ചുമതല വഹിക്കുന്ന വിഭാഗം ഭൗതികവും സാമ്പാൎഗ്ഗികവുമായി എത്ര ഉയരണമെന്നു്, സ്വയം വ്യക്തമായി മനസ്സിലാക്കുകയും അതിനു സജ്ജമാവുകയും ചെയ്യേണ്ടതുണ്ടു്.

ഭരണകക്ഷിയും ഗവണ്മെൻറും ഒന്നുതന്നെയായിരിക്കുന്ന—പാർട്ടിയുടെ ഏകാധിപത്യഭരണം നിലവിലിരിക്കുന്ന—രാജ്യങ്ങളിൽ പാറപോലെ ഉറച്ച സ്വയംപൎയ്യാപ്തമായ, ഒരു ഭരണക്കൂടം നിലനിൽക്കുക സാദ്ധ്യമായേക്കാം. ഈ സമ്പ്രദായം നിലവിലിരിക്കുന്ന രാജ്യങ്ങളിൽത്തന്നെയും അതിനു് എത്ര സ്ഥിരതയുണ്ടായിരിക്കുമെന്ന കാൎയ്യം സംശയമാണു്. സാമ്യവാദിമാതൃക (Socialist pattern) നടപ്പിൽവരുത്താൻ പ്രതിജ്ഞയെടുത്തിട്ടുള്ള നമ്മുടേതുപോലുള്ള ഒരു ജനാധിപത്യവ്യവസ്ഥിതിയിൽ ഗവണ്മെൻറു്, ജനങ്ങളുടെ ഹിതം നടപ്പിൽവരുത്താനുള്ള ഒരു പ്രവത്തനോപാധിമാത്രമാണു്. പ്രവത്തനത്തിൻെറ എല്ലാ അംശങ്ങളിലും ജനപ്രതിനിധികളും ഗവണ്മെൻറും സഹകരിച്ചുകൊണ്ടിരിക്കണം. കേന്ദ്രത്തിലെ ഗവണ്മെൻറുയന്ത്രത്തെ യൂണിയൻ പാർലമെൻറ് നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനഗവണ്മെൻറുകളും സംസ്ഥാന നിയമസഭകളും തമ്മിലും ഇതേ ബന്ധംതന്നെ നിലവിലിരിക്കുന്നു. എന്നാൽ നമുക്കിന്നുള്ള പുനഃസംഘടിതസംസ്ഥാനങ്ങളിലെ നിയമസഭകൾ ജനങ്ങൾ കഴിഞ്ഞുകൂടുന്ന തറനിരപ്പിൽനിന്നു വളരെ ഉയരെയും അകലെയുമാണു് സ്ഥിതിചെയ്യുന്നതു് എന്നതിനാൽ, അവ ജനങ്ങളുടെ അഭിപ്രായവിനിമയത്തിനുള്ള വേദി എന്ന നിലയിൽ പ്രയോജനപ്പെടുകയില്ല. ഉയരത്തിൽനിന്നുല്പതിച്ചു ലഭിക്കുമ്പോൾ ജനാധിപത്യത്തിന്നു് അതിൻെറ ശരിയായ സ്വഭാവമുണ്ടാകാൻ സാദ്ധ്യമല്ല. ചിന്തയിലും പ്രവൃത്തിയിലും ഇരുഭാഗത്തേക്കും പ്രവഹിക്കുന്ന സ്വഭാവം ജനാധിപത്യത്തിനു കൈവരുമ്പോഴാണു് അതു പ്രയോജനകരമാകുക. അതുകൊണ്ടു് ജനാധിപത്യമെന്നതു് ഒരുതരം പുതിയ ഫ്യൂഡലിസമായിത്തീരാതിരിക്കണമെന്നു

ണ്ടെങ്കിൽ സംസ്ഥാനനിയമസഭകളിൽനിന്നു ഗ്രാമപ്പഞ്ചായ ത്തുവരെ ഒരു അഭംഗശൃംഖല—ഇടയ്ക്കുള്ള ജനകീയഘടകങ്ങ ളോട്ടുകൂടി—ഉണ്ടാകേണ്ടതു് ഒഴിച്ചുകൂടാൻവയ്യാത്ത ആവശ്യ മാണു്. ജനാധിപത്യത്തെ ജനങ്ങളുടെ നിരപ്പുവരെ എത്തി ക്കുന്നില്ലാത്തപക്ഷം ഈ പരാജയം സംഭവ്യമാണെന്നതിന്റെ ലക്ഷണങ്ങൾ ഇപ്പോൾത്തന്നെ കാണാനുണ്ടു്.

സംസ്ഥാനനിയമസഭകളുടെ അടുത്തു താഴത്തെ പടിയാ യി ജനകീയാഭിപ്രായവിനിമയത്തിനുള്ള സ്ഥാപനം ഏതു തലത്തിലുള്ളതായിരിക്കണമെന്നതിനെപ്പററി ഒരു തീർച്ച യെടുക്കാൻ സാമൂഹ്യവികസനപരിപാടി കൈകാര്യം ചെയ്യു ന്ന സംഘടനയ്ക്കു കഴിയുകയില്ല. എന്നാൽ ആ തീരുമാനത്തി ലേക്കുള്ള പ്രയാണം ത്വരിപ്പിക്കാൻ അതിനു കഴിയും. അതി ൻെറ സംവിധാനഘട്ടത്തിൽ, അതുകൊണ്ടുദ്ദേശിക്കപ്പെട്ടിരു ന്ന പ്രയോജനങ്ങളിലൊന്നാണു് ഇതെന്നുള്ളതുകൊണ്ടു് ഈ ജോലി നിർവ്വഹിക്കാൻ അതു ബാദ്ധ്യസ്ഥവുമാണു്. ഭാഗ്യവ ശാൽ ഇന്നു് ഗവണ്മെൻറു് ഈ പ്രശ്നം പരിഗണനയ്ക്കെടുത്തി രിക്കയാണു്. നാം അഴിച്ചുവിട്ട വൈരുദ്ധ്യങ്ങൾക്കും ഇതിൽ ഒരു പങ്കുണ്ടെന്നു നിശ്ചയമായും സമ്മതിക്കണം. അടുത്ത പ ടിയായുള്ള ജനകീയ അഭിപ്രായപ്രകടനോപാധി ഏതായി രിക്കണമെന്നതിനെപ്പററി അധികം താമസിയാതെ തീരുമാ നമുണ്ടാകും. ഏതായാലും ഇക്കാര്യത്തിൽ പെട്ടെന്നു് ഒരു നി ർദ്ദേശമുണ്ടാകാത്തതു് പ്രവർത്തനപുരോഗതിക്കു വിലങ്ങുതടിയാ കേണ്ടതില്ല. ഗ്രാമപ്പഞ്ചായത്തുപ്രസ്ഥാനത്തിനു് ഇന്ത്യയോ ളംതന്നെ പഴക്കമുണ്ടു്. നമ്മുടെ സാമാന്യജനതയുടെ സിരക ളിൽ പഞ്ചായത്തുപാരമ്പര്യം ഒഴുകുന്നുണ്ടു്. ഭരണപരമായ മേൽനോട്ടത്തിനു വിധേയമായും സാങ്കേതികകാര്യങ്ങളിൽ സ ഹായം ചെയ്തുകൊടുത്തും വികസനപരിപാടികൾ പഞ്ചായ ത്തുകളെ ഏല്പിച്ചുകൊടുത്തു ചെയ്യിച്ചാൽ അവയെ ആരോഗ്യ മുള്ള സ്ഥാപനങ്ങളായി വളർത്തിയെടുക്കാവുന്നതാണു്. അ ങ്ങനെ ചെയ്യുന്നതു് അപകടകരമായേക്കുമെന്ന ഭയം കൈ വെടിയണം. ഗവണ്മെൻറിൻെറ ഭാഗത്തു് സാങ്കേതികമായ കഴിവും ഉത്തമവിശ്വാസത്തോടെ പ്രവർത്തിക്കാനുള്ള ആത്മാ ർത്ഥതയുമുണ്ടായിരിക്കുന്നപക്ഷം, ഇന്നും ആന്തരികമായി തക

രാറൊന്നും തട്ടാതെ നിലകൊള്ളുന്ന നമ്മുടെ സാധാരണ ജന സഞ്ചയം, തങ്ങളുടെ പഞ്ചായത്തുകളിലേക്കു് അർഹതയുള്ള ആളുകളെ വിവേകപൂർവ്വം തിരഞ്ഞെടുത്തുകൊള്ളും. സംഭവങ്ങളുടെ യുക്തിയുക്തമായ പരിണാമംകൊണ്ടുതന്നെ ഗ്രാമങ്ങളിലെ സ്ഥാപിതതാല്പര്യക്കാർ അവരുടെ സംശയാതീതമായ ബുദ്ധിയും സഹജവാസനയും സമൂഹത്തിന്റെ നന്മയ്ക്കുതകുന്ന പ്രവർത്തനങ്ങളിലേക്കു തിരിച്ചുവിടാൻ—സ്വന്തം കീശയുടെ താല്പര്യത്തെ വിഗണിച്ചുപോലും—നിർബ്ബന്ധിതരാകും.

സാമാന്യം വിവേകത്തോടുകൂടി പഞ്ചായത്തുകൾ തിരഞ്ഞെടുക്കപ്പെടുകയും ഗവണ്മെൻറുദ്യോഗസ്ഥന്മാരുമായി പ്രവർത്തനച്ചുമതലകൾ പങ്കിട്ടെടുത്തു പ്രാപ്തിയോടെ ചെയ്യാൻ അവരെ പരിശീലിപ്പിച്ചെടുക്കാൻ കഴിയുകയും ചെയ്താൽ അവർക്കു് ബ്ലോക്കു് ഡവലപ്പ്മെൻറ് കമ്മിററികളിലേക്കുള്ള അവരുടെ പ്രതിനിധികളെ ശരിയായ നിലയിൽ തിരഞ്ഞെടുക്കാനും കഴിയും. അങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾക്കു് ബ്ലോക്കിനെ പൊതുവിൽ ബാധിക്കുന്ന കൂടുതൽ വിശാലമായ പ്രശ്നങ്ങൾ ചർച്ചചെയ്യാനും പൊതു ആസൂത്രണത്തിൽ പങ്കുകൊള്ളാനും കഴിയും. ഈ പര്യവസാനത്തെ വിധിനിർണ്ണായകമായി ബാധിക്കുന്ന മർമ്മപ്രധാനമായ പ്രശ്നം, ഗ്രാമസേവകന്മാരും ബ്ലോക്കു് ഡവലപ്പ്മെൻറ് ആഫീസറന്മാരും ഒടുവിൽ തങ്ങളെത്തന്നെ നയിക്കേണ്ടവരായിത്തീരാനുള്ള നേതൃത്വത്തിനു് അവസരവും പ്രോത്സാഹനവും നൽകാനുള്ള വിശാലവീക്ഷണവും വിവേകവും പ്രകടിപ്പിക്കുമോ അതോ ഗ്രാമനേതൃത്വം വളർത്തിയെടുക്കേണ്ട ആവശ്യത്തേയും മററും പററി പൊള്ളയായ പ്രസംഗങ്ങൾ നടത്തിയിട്ടു് തങ്ങളുടെ കയ്യാളുകളും വാലിൽത്തൂങ്ങികളും ആയി നില്ക്കുന്നവരെമാത്രം പ്രോത്സാഹിപ്പിക്കാൻ മുതിരുമോ എന്നതാണു്. ഒരു പ്രത്യേകകാര്യത്തിൽ നില സംശയാതീതമായി വ്യക്തമാണു്. നമ്മുടെ ഗ്രാമങ്ങളിൽ ജാതിചിന്തയും ജന്മിത്തവും നിലവിലുണ്ടെന്നതു് ഒരു യാഥാർത്ഥ്യമാണു്. പക്ഷേ, അതിനേക്കാൾ വ്യക്തമായ മറെറാരു വസ്തുതയുണ്ടു്. നമ്മുടെ ബ്ലോക്കു് ഡവലപ്പ്മെൻറ് ആഫീസറന്മാരും ഗ്രാമസേവകരും, അവരുടെ യഥാർത്ഥ സ്വഭാവമെന്തായി

രിക്കണമോ അതു് ഇനിയും സമ്പാദിച്ചുകഴിഞ്ഞിട്ടില്ല. ഒരു രാത്രികൊണ്ടുണ്ടാകുന്ന അത്ഭുതങ്ങളൊന്നും നാം പ്രതീക്ഷിക്കേണ്ടതില്ല. പക്ഷേ, വസ്തുതയെപ്പററിയുള്ള ഒരു യാഥാത്ഥ്യബോധം നമുക്കുണ്ടായേ കഴിയൂ.

നാം നമ്മുടെ ചുററിലും കിടക്കുന്ന രാജ്യങ്ങളുമായി നമ്മുടെ നില താരതമ്യപ്പെടുത്തിനോക്കിയാൽ, പാർലമെൻറിലേക്കും സംസ്ഥാനനിയമസഭകളിലേക്കും പ്രതിനിധികളെ തിരഞ്ഞെടുത്തയയ്ക്കുന്ന വിഷയത്തിൽ നമ്മുടെ പ്രവത്തനം അഭിമാനിക്കത്തക്കതായിരുന്നു എന്നുവേണം പറയാൻ. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷമുള്ള കഠിനമായ മലകയററത്തിൽ നാം നേടിയിട്ടുള്ള ക്രമമായ പുരോഗതിയും, നമ്മിൽ മിക്കവരിലും വഗ്ഗപരമായ പരിഗണനകളുള്ള വാസന സജീവമായിരുന്നിട്ടും രാജ്യത്തു നിലനില്ക്കുന്ന താരതമ്യേന സമാധാനപൂണ്ണമായ അന്തരീക്ഷവും, നമ്മുടെ ആളുകളുടെ നൈസഗ്ഗികമായ വിവേകത്തിനു തെളിവാണു്. നമ്മുടെ പാർലമെൻറിൽ നിന്നാകട്ടെ സംസ്ഥാനനിയമസഭകളിൽനിന്നാകട്ടെ, നാം പൂണ്ണത പ്രതീക്ഷിക്കുന്നില്ല. വാസ്തവം പറഞ്ഞാൽ പൂണ്ണത എന്നതുതന്നെ ഒരു മിഥ്യാസങ്കല്പമാണു്. ലോകത്തിനു പൂണ്ണത കൈവന്നുപോയാൽ അതിൻെറ അറുമുഷിപ്പൻ സ്വഭാവം കൊണ്ടു മടുത്തിട്ടു് മനുഷ്യവംശം ഒന്നാകെ മരിച്ചുപോകയും ചെയ്യും. ഇന്നത്തെ നേതൃത്വത്തിൻെറ കാലം അവസാനിക്കുമ്പോൾ ആളുകൾ ഏതുവിധത്തിൽ അവരുടെ നേതാക്കന്മാരെ തിരഞ്ഞെടുക്കും എന്നതാണു് ആളുകളുടെ മനസ്സിനെ മഥിച്ചുകൊണ്ടിരിക്കുന്ന ചോദ്യം. കോളണിഭരണത്തിനെതിരെ പൊരുതിയ ഭടന്മാരെന്ന നിലയിൽ ഇന്നത്തെ നേതാക്കന്മാരെപ്പററി ഏറെക്കാലത്തെ പരിചയമുണ്ടു്, നമുക്കു്. ഭാവിയിലെ നേതൃത്വം—അതു് യഥാത്ഥവും ഫലപ്രദവുമായിത്തീരണമെന്നുണ്ടെങ്കിൽ—ഇന്നു രാഷ്ട്രത്തെ അഭിമുഖീകരിക്കുന്ന ശത്രുക്കളായ വിശപ്പു്, രോഗം, അജ്ഞാനം മുതലായവയോടു സമരംചെയ്യുന്ന ഭടന്മാരിൽ പരിമിതപ്പെട്ടിരിക്കണം അവരുടെ തിരഞ്ഞെടുപ്പു്. ഇപ്പോൾത്തന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുള്ള സമരത്തോടു ബന്ധപ്പെട്ടുകാണാത്തവരെ നാം എങ്ങനെ അറിയാനാണു്? പ്രാഥമികഘട്ടംമുതൽ പോസ്റ്റു് ഗ്രാഡ്വേററ്

ഘട്ടംവരെയുള്ള നേതൃത്വപരിശീലനസൗകര്യം നമ്മുടെ ഭാവി നേതാക്കന്മാൎക്ക നൽകണം. അല്ലെങ്കിൽപ്പിന്നെ അവരെ എങ്ങനെ പരിശീലിപ്പിച്ചെടുക്കാനാണു്? നേതൃത്വപരിശീലനത്തിനുള്ള പ്രാഥമികഘട്ടം വില്ലേജുപഞ്ചായത്താണു്. ബ്ലോക്കും ഡിസ്ട്രിക്റ്റും കമ്മിററികൾ യഥാക്രമം ലോവർ സെക്കണ്ടറിയും ഹയർ സെക്കണ്ടറിയും ഘട്ടങ്ങളാണു്; സംസ്ഥാന നിയമസഭയും പാർലമെൻറും ഗ്രാഡ്വേററും പോസ്റ്റ് ഗ്രാഡ്വേററും ഘട്ടവും. ഒരു ടാഗോറിനെ കണ്ടുകിട്ടിയാൽ ഡോക്ടറേറ്റു നൽകാവുന്നതാണു്. പക്ഷേ, ടാഗോർമാർ അങ്ങനെ സുലഭമായി ഉണ്ടാകുക സാദ്ധ്യമല്ല. നാം വെറും സാധാരണമനുഷ്യരാകയാൽ നമുക്കു് വിദ്യാലയങ്ങളിലെ അഭ്യസനത്തിന്റെ സഹായം കൂടിയേതീരൂ. അതുകൊണ്ടു്, നാളത്തെ നേതൃത്വത്തെ വളൎത്തിയെടുക്കാനുള്ള അടിസ്ഥാനസ്ഥാപനങ്ങൾ, ഗ്രാമവിദ്യാലയങ്ങളായ ഗ്രാമപ്പഞ്ചായത്തും ഗ്രാമസഹകരണസംഘവുമാണു്. ഭാവിയുടെ ഈ വിജയരഹസ്യം മനസ്സിലാക്കാനുള്ള വിവേകവും ദൂരവീക്ഷണവും നമുക്കുണ്ടാകുമോ?

സാമൂഹ്യവികസനപദ്ധതി ഇന്നുവരെ പ്രധാനമായി പുരുഷന്മാരാണു് കൈകാൎയ്യംചെയ്തുവരുന്നതു്. സ്ത്രീകളെ പേരിനുമാത്രം സംബന്ധിപ്പിക്കയും സ്ത്രീകളായ പ്രവൎത്തകരെ ആവശ്യത്തിനനുസരിച്ചു കണ്ടുകിട്ടാനില്ലെന്നു സ്വയം സമാധാനം കണ്ടെത്തുകയുമാണു ചെയ്യുന്നതു്. നമ്മുടെ ജനസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗത്തിലധികമാണു് സ്ത്രീകളും കുട്ടികളും ചേൎന്നാൽ വരുന്ന സംഖ്യ. ജനാധിപത്യത്തിൽ എണ്ണത്തിനു വല്ല അൎത്ഥവുമുള്ളപക്ഷം—അതുണ്ടു് എന്നതിനു സംശയമില്ലതാനും—നമ്മുടെ ജനസംഖ്യയിലെ ഈ മൂന്നിൽ രണ്ടുഭാഗത്തിനോടുള്ള ഉത്തരവാദിത്വം നിറവേററാനുള്ള നടപടികൾ നാം ഊൎജ്ജിതമായി കൈക്കൊള്ളുകതന്നെ വേണം. നൂററാണ്ടുകളുടെ ആഘാതമേററിട്ടും, മദ്യശാലകളിലേയും നൃത്തശാലകളിലേയും പാശ്ചാത്യസംസ്കാരമുൾക്കൊള്ളാനും പ്രചരിപ്പിക്കാനും നാം അങ്ങേയററം ശ്രമിച്ചിട്ടും, ഇനിയും ഇന്ത്യൻസംസ്കാരം നശിക്കാതെ നിലനില്ക്കുന്നുവെങ്കിൽ, അതു് നമ്മുടെ സ്ത്രീകൾ—പുരുഷന്മാരുടെ മൂകരായ പങ്കാളികൾ—അതു് അങ്ങനെ നിലനില്ക്കണമെന്നു കരുതലെടുത്തു

കൊണ്ടാണു്. രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ സ്ത്രീകളു ടേയും കുഞ്ഞുങ്ങളുടേയും ഉന്നമനത്തിനുവേണ്ടി നടത്തിയ പരിശ്രമത്തിൽ ലഭിച്ച വിജയം അസന്ദിഗ്ദ്ധമായി തെളിയിച്ചിട്ടുണ്ടു്, നമ്മുടെ പുരുഷവർഗ്ഗത്തെക്കാൾ ആന്തരികശക്തി ഇന്നും കൂടുതൽ നമ്മുടെ സ്ത്രീകൾക്കാണെന്നു്. രാഷ്ട്രത്തിൻെറ ജീവശക്തിയുടേയും സംസ്കാരത്തിൻേറയും പ്രധാനാധാരമായി ഇന്നും നിലകൊള്ളുന്നതു് അവരാണു്. വ്യക്തമായി രൂപപ്പെടുത്തപ്പെട്ടിട്ടുള്ളതും അവരുടെ ആവശ്യങ്ങൾക്കും പാരമ്പര്യങ്ങൾക്കും പൊരുത്തപ്പെട്ട രീതിയിൽ പ്രവൃത്തിയിൽ വരുത്താവുന്നതുമായ ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ ഒരാഹ്വാനമുണ്ടായാൽ മാത്രം മതി; അവർ രംഗത്തിറങ്ങാൻ തയാറാണു്. മനുഷ്യൻ ഈ ഗ്രഹത്തെ അധിവസിക്കാൻ തുടങ്ങിയിട്ടു കാലം ഏറെയായി. എങ്കിലും നമ്മിലെ ഏറ്റവും ഉത്തമമാതൃകകളെപ്പോലും തിരഞ്ഞെടുത്തു പുറംതൊലി ചുരണ്ടി നോക്കിയാൽ ഉള്ളിലെ നിഷാദനെക്കാണാം. വംശസംരക്ഷിണിയായിട്ടാണു് സ്ത്രീയെ സൃഷ്ടിച്ചിട്ടുള്ളതു്. തന്നോടുതന്നെയോ തൻെറ സന്താനങ്ങളോടോ അന്തസ്സുവിട്ട മട്ടിൽ അവൾ പെരുമാറണമെന്നു പ്രകൃതി പ്രതീക്ഷിച്ചിട്ടില്ല. നമ്മുടെ പരിപാടി ശരിക്കു വേരുപിടിച്ചു വളരണമെന്നുണ്ടെങ്കിൽ പുരുഷൻ, സ്ത്രീ, എന്നിവരിൽനിന്നു കൂടുതൽ വിശ്വാസമർപ്പിക്കാവുന്ന പങ്കാളിയെ നാം തിരഞ്ഞെടുത്തു നമ്മുടെകൂടെ പങ്കുചേർക്കണം. അതുകൊണ്ടു് നമ്മുടെ പരിപാടിയുടെ വിജയവും സ്ഥിരതയും സ്ത്രീയുടെ കൈയിലാണു് സുരക്ഷിതമായിരിക്കുന്നതു്. അവളെ ഉണർത്തണം; അവളെ പങ്കാളിയാക്കണം; അവളെ സമൂഹത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിനു സന്നദ്ധയാക്കിയെടുക്കണം. എന്തുതന്നെ ചെയ്തിട്ടായാലും അതു സാധിച്ചെടുക്കണം. സാമൂഹ്യക്ഷേമബോർഡും സാമൂഹ്യവികസന പദ്ധതിപ്രവർത്തകരും തമ്മിൽ സഹകരണവും സംയുക്ത പ്രവർത്തനവും ഉള്ളതു് ഒരു നല്ല ഭാവിയുടെ പ്രതീക്ഷയുളവാക്കുന്നുണ്ടു്.

രാഷ്ട്രതലസ്ഥാനത്തിൽ അതിവേഗത്തിലുള്ള വികസനം സംഭവിച്ചുകൊണ്ടിരിക്കയാണു്. അല്പം കുറഞ്ഞതോതിലായാലും ഇതുതന്നെയാണു് സംസ്ഥാനതലസ്ഥാനങ്ങളിലു

മെല്ലാം ആവത്തിക്കപ്പെടുന്നതു്. ഗ്രാമപ്രദേശങ്ങളിൽക്കൂടെ അതിൻെറ പ്രതിച്ഛായ കാണാനിടയാകത്തക്കവിധം വല്ലതും ചെയ്യുന്നുണ്ടായിരുന്നെങ്കിൽ ഈ വികസനമൊക്കെ നല്ലതു തന്നെ. ഇതു സംഭവിക്കുന്നില്ലെങ്കിൽ വാതക്കുരുക്കൾ—നമ്മുടെ നഗരങ്ങൾ—സ്വഭാവത്തിലും വലിപ്പത്തിലും കൂടുതൽ ആപൽക്കരമായി വളരും. ഈ വികാസത്തിനുവേണ്ടി ഒഴുക്കുന്ന രക്തവും വിയർപ്പും ജാലകത്തിലൂടെ കാണുന്ന കുട്ടബ്മിനാർപോലെ, ഭാവിയിലേക്കുള്ള സ്മാരകങ്ങൾ നിമ്മിക്കാൻ വേണ്ടി ചെലവാക്കാനല്ല നമ്മുടെ ആഗ്രഹം. നാം വേണ്ടതു ശരിക്കു ചെയ്യുന്നില്ലെങ്കിൽ നാളത്തെ ഗ്രാമങ്ങൾ അവരുടെ ചുമതലകളേക്കാൾ അവകാശങ്ങളെപ്പററി കൂടുതൽ ബോധവാന്മാരായിക്കൊണ്ടു മുന്നേറുവാൻ ഇടയാകും. അണുകയുഗത്തിൻെറ പരിണാമം—വീടു്, ധാരാളം സ്ഥലസൗകയ്യം, വെളിച്ചം, കാററു് എന്നിതെല്ലാം—നാളത്തെ ഗ്രാമങ്ങൾ അവകാശപ്പെടും; ആധുനികശാസ്ത്രം സാധ്യതയുടെ പരിധിയിൽ വരുത്തിയിട്ടുള്ള ശുചീകരണസംവിധാനമുണ്ടായിരിക്കണം; അതുപോലെതന്നെ അഴുക്കുചാലുകളും. ഒരിക്കലും ഉറവവററാത്ത ജലാശയങ്ങളിൽനിന്നു വെള്ളം പമ്പുചെയ്തിട്ടോ കൃത്രിമമഴ പെയ്യിച്ചിട്ടോ നമ്മുടെ നാട്ടിലെ ആയിരക്കണക്കിനു നദികളിലേയും തോടുകളിലേയും വെള്ളം തിരിച്ചുവിട്ടിട്ടോ ഓരോ ഇഞ്ചു ഭൂമിയിലും ജലസേചനം നടത്താൻ കഴിയും. രാജ്യത്തിലെ ഏററവും സമ്പന്നവിഭാഗത്തിനു ലഭിക്കുന്നതരം വിദ്യാഭ്യാസം സാവ്വത്രികമായി ലഭിക്കുമാറുള്ള സ്കൂളുകളും സാമൂഹ്യകേന്ദ്രങ്ങളും ഗ്രാമങ്ങളിലെല്ലാമുണ്ടാകും. ഓരോ ഗ്രാമത്തിനും അടുത്ത ഗ്രാമവുമായി ആധുനികസമ്പ്രദായത്തിലുള്ള ഗതാഗതബന്ധമുണ്ടായിരിക്കും. ഉപജീവനത്തിനുവേണ്ടി ആവശ്യംപോലെ തിരഞ്ഞെടുക്കാൻ വിവിധതുറകളിൽ പണിയുണ്ടായിരിക്കും. ഇന്നത്തെ മുഷിപ്പൻജീവിതസമ്പ്രദായമുണ്ടായിരിക്കയില്ല. പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും കൂടുതൽ ആരോഗ്യമുള്ളവരായിത്തീരും. ജീവിതം സുലഭമായി നൽകുന്ന സമൃദ്ധിയും സുഖവും പൊതുവിൽ പങ്കുവച്ചനുഭവിക്കുന്ന ഒരു വ്യവസ്ഥിതി ജന്തുക്കളുടെ രാജാവായ മനുഷ്യൻെറ വർഗ്ഗത്തിലുണ്ടാകും. ജീവനു് ആപൽക്കരങ്ങളായ

അണുക്കളെ ഉച്ചാടനംചെയ്യാനുള്ള നടപടികൾ സമൂഹം കൈക്കൊള്ളും. നമ്മുടെ സമൂഹത്തിലെ പൊരുത്തപ്പെടാത്ത വിഭാഗത്തിന്ന് പ്രത്യേകം സ്ഥാപനങ്ങളിൽ ശുശ്രൂഷ ലഭിക്കും. അങ്ങനെ നമ്മുടെ ഗ്രാമങ്ങൾ ചൂഷണത്തിനുള്ള രംഗങ്ങളെന്ന നില മാറി നാളത്തെ പരിവർത്തനത്തിനുള്ള ഉറവിടങ്ങളായിത്തീരും.

'മനുഷ്യനെന്ന ലക്ഷ്യം' എന്നതിനാണ് സാമൂഹ്യവികസനപദ്ധതിയിൽ പ്രമുഖസ്ഥാനം കല്പിച്ചിരിക്കുന്നതു്. പ്രകൃതി അതിൻെറ അറവാതിൽ തുറന്നിട്ടിരിക്കയാണ്. ആ ശേഖരത്തിൽനിന്ന് ആവശ്യമുള്ളത്ര എടുക്കാൻ അവനു സ്വാതന്ത്ര്യമുണ്ട്. എല്ലാ കളികൾക്കും അതു് യഥാർത്ഥവിനോദമായിരിക്കണമെങ്കിൽ— കബളിപ്പിക്കൽപ്രസ്ഥാനമല്ലാതിരിക്കണമെങ്കിൽ—അടിസ്ഥാനപരമായ ചില നിയമങ്ങളുണ്ടായിരിക്കണം. നാം കളിക്കുന്ന ഈ കളിയിൽ അടിസ്ഥാനപരമായ നിയമം ഒന്നേയുള്ളു. മറെറല്ലാം അതിൽനിന്നു സ്വാഭാവികമായി ഉത്ഭവിക്കുന്നതാണ്. 'ഒന്നും നൽകാതെ വല്ലതും' എന്നതു മിഥ്യയാകയാൽ പ്രയത്നിക്കാതെ ലഭിക്കുന്ന ആദായം ഈ സംഘടനയ്ക്കു നിഷിദ്ധമാണ്. ഒരു വിപ്ലവമഴിച്ചുവിടാനാണ് പരിപാടികൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. വിപ്ലവം നടപ്പാക്കണമെങ്കിൽ പ്രഥമപടിയായി വേണ്ടതു് അതിനു മുതിരുന്നവർതന്നെ ആന്തരികവിപ്ലവം കൈവരുത്തുകയാണ്. മൗലികകാര്യങ്ങൾകൊണ്ടാണ് നാം പെരുമാറേണ്ടതു്. നമ്മിലില്ലാത്തതു നമുക്കു കൈകാര്യം ചെയ്യാൻ കഴിവുണ്ടാകയില്ല. അതുകൊണ്ടു് നാം ആരംഭിച്ചുവച്ച ആത്മപരിശോധനയിലേക്കുതന്നെ നാം മടങ്ങിയെത്തുന്നു. വിപ്ലവം ഇനിയാണുണ്ടാകേണ്ടതു്. ഇതേവരെ നടന്നതെല്ലാം പരിശീലനം മാത്രമായിരുന്നു.

## IV

## പരിപാടിയിലെ പ്രവത്തകരെപ്പററി ചില ചിന്തകൾ

# ഗ്രാമസേവക്

അഞ്ചരലക്ഷം ഗ്രാമങ്ങളുണ്ട്, ഇന്ത്യയിൽ. നഗരങ്ങളും പട്ടണങ്ങളും ഇടത്തരം പട്ടണങ്ങളുമായി നാലായിരത്തിയഞ്ഞൂറോളം എണ്ണമുണ്ട്. പല വഴികളിൽനിന്നുള്ള സംസ്കാരം, വ്യാപാരം, ഗതാഗതം ഇവ സമ്മേളിക്കുന്ന ഗ്രാമസിരാകേന്ദ്രങ്ങളാണ് സാധാരണഗതിയിൽ നഗരങ്ങളായി രൂപാന്തരപ്പെടാറു്. ഇങ്ങനെയാണ് നമ്മുടെ പഴയകാലത്തെ നഗരങ്ങളും പട്ടണങ്ങളും രൂപംപ്രാപിച്ചതു്. വളരെ പുരാതനമായവ നശിച്ചുതുടങ്ങി. പുരാതനകാലത്തിൻെറ അവശേഷിച്ച പ്രതാപൈശ്വര്യങ്ങളും അങ്ങിങ്ങായി പണ്ഡകൾ, പുരോഹിതന്മാർ, മുള്ളാമാർ എന്നിക്കൂട്ടരെയുമാണ് ഇന്നു കാണാനുള്ളതു്; അക്കൂട്ടത്തിൽത്തന്നെ അന്ധന്മാരെയും ബധിരന്മാരെയും കുഷ്ഠരോഗികളെയും യാചകരെയും. പുതിയ നഗരങ്ങളാകട്ടെ, കാറുകളും ബസ്സുകളും സിനിമയും നിയോൺദീപങ്ങളുമൊക്കെക്കൊണ്ടു വെട്ടിത്തിളങ്ങുന്നു. മഹാപ്രാസാദങ്ങളും കൊട്ടാരങ്ങളും ടാറോ കോൺക്രീറേറാ ചെയ്ത തെരുവുകളും ഉദ്യാനങ്ങളും കൃത്രിമജലനിർഝരികളും മാർബിൾപ്രതിമകളും ഉന്തുവണ്ടിയിലിരിക്കുന്ന കുഞ്ഞുങ്ങളും അവരെ ശുശ്രൂഷിക്കുന്ന ആയമാരുമൊക്കെ നമുക്കു കാണാകുന്നു. ഈ ഗംഭീരനഗരങ്ങളുടെ പരിസരങ്ങളിൽ നാട്ടിൻപുറത്തേക്കു പരന്നുകിടക്കുന്നതായി പാവപ്പെട്ടവരുടെ ചേരികളും അവിടെ നിറയെ യാചകരും, ഉദ്യോഗാന്വേഷികളും, വയറുന്തിയ കുഞ്ഞുങ്ങളും, വഷകാലസായാഹ്നങ്ങളിൽ ദീപപ്രകാശത്തിനടുത്തേക്കു പറന്നെത്തുന്ന ഈയാംപാററകൾ മാതിരി അനവസാനമായ ഒഴുക്കിൽപ്പെട്ടു് നാട്ടിൻപുറത്തുനിന്നെത്തുന്ന ചെറുപ്പക്കാരും കാണപ്പെടുന്നു. ഇങ്ങനെ അതികായന്മാർ വളരുമ്പോൾ മനു

ഷ്യർ അഴുകി നശിക്കുന്നു; നാട്ടിൻപുറത്തെ ഹരിതപീതവണ്ണങ്ങൾ ചാരനിറത്തിനു വഴിമാറിക്കൊടുക്കുന്നു.

ഈ ഏകമാർഗ്ഗവ്യാപാരം ശതവർഷങ്ങളായി തുടൻുകൊണ്ടിരിക്കയാണു്—എല്ലാം 'ഗ്രാമസേവ'യുടെ പേരിലും. വ്യവസായിയായാലും കരിഞ്ചന്തക്കാരനായാലും, വക്കീലായാലും മജിസ്ട്രേട്ടായാലും, വ്യാപാരിയായാലും സാമൂഹ്യപ്രവർത്തകനായാലും, നിയമഭഞ്ജകനായാലും നിയമനിർമ്മാതാവായാലും, ആചാര്യനായാലും തത്വജ്ഞാനിയായാലും, സംഗീതജ്ഞനായാലും കായികാഭ്യാസിയായാലും, എല്ലാവരും ഗ്രാമസേവകന്മാരാണെ് എന്നാണവകാശപ്പെട്ടുന്നതു്; നഗരങ്ങളുടെ നാലതിരുകൾക്കുള്ളിൽ നിന്നുകൊണ്ടു നാട്ടിൻപുറത്തിന്റെ അവകാശാധികാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രതിഫലം ആവശ്യപ്പെട്ടുന്നുമുണ്ടു്, അവർ. ഈ തൊട്ടിലാട്ടക്കളി ഇങ്ങനെ ഹരംപിടിപ്പിക്കുന്ന രസത്തോട്ടുകൂടി അനവസാനമായി തുടൻുപൊയ്ക്കൊണ്ടിരിക്കുമായിരുന്നു, ക്രമമായി കുറഞ്ഞുകൊണ്ടു വരുന്ന ആദായമെന്ന നിയമം അതിന്റെ യുക്തിയുക്തമായ പ്രാബല്യം സ്ഥാപിച്ചില്ലായിരുന്നുവെങ്കിൽ. നാട്ടിൻപുറം ആകെ വരണ്ടുതുടങ്ങിയപ്പോൾ അവിടെനിന്നുള്ള വരുമാനം കുറഞ്ഞു. അതോടെ നഗരങ്ങളിൽ അസ്വാസ്ഥ്യം നാമ്പെടുത്തു. ഗ്രാമങ്ങളിലെ സ്ഥിതിയാകട്ടെ അസഹ്യമായിത്തീൻു. ഗ്രാമങ്ങൾ കേണപേക്ഷിച്ചു: "ഞങ്ങളെ നഗരങ്ങളിലെ ഞങ്ങളുടെ സുഹൃത്തുക്കളിൽനിന്നു രക്ഷിക്കണേ!"

ഇതേവരെ നിലവിലിരുന്ന സമ്പ്രദായത്തെ നേരെ എതിരായ മാർഗ്ഗത്തിൽ തിരിച്ചുവിട്ടുകയാണു് സാമൂഹ്യവികസനപരിപാടിയുടെ ലക്ഷ്യം. അതുകൊണ്ടു് ഈ പുതിയ പശ്ചാത്തലത്തിൽ ഗ്രാമസേവകനു് പ്രത്യേകമായ ഒരു പ്രാധാന്യം കൈവരുന്നുണ്ടു്. ജനങ്ങളുടെ സംയുക്തപ്രവർത്തനംകൊണ്ടു രാജ്യത്തെ പുനരുജ്ജീവിപ്പിക്കുന്ന ജോലിയാണയാളുടേതു്; പ്രയത്നമെന്ന നവീനദിവ്യസിദ്ധാന്തത്തിനുവേണ്ടി അർപ്പണബുദ്ധിയോടെ സന്നദ്ധമാകുന്ന ഒരു പുതുസമൂഹമായി ജനങ്ങളെ നെയ്തിണക്കുകയാണു് അതിനയാൾ ചെയ്യേണ്ടതു്; ആ പ്രയത്നമോ, നിർജ്ജീവാവസ്ഥയിലെത്തിയ വർത്തമാനകാലത്തിൻെറ ചാരത്തിനു മുകളിൽ, മന്ദഹസിക്കുന്ന ഭാവിയെ

കെട്ടിപ്പടുക്കുന്നതും. ഒരു നിശ്ശബ്ദവിപ്ലവത്തിൻെറ മുന്നണിപ്പടയാളിയാണയാൾ. പൊതുവായ പ്രത്യേക പരിശീലനം നൽകപ്പെട്ടിട്ടുണ്ട്, അയാൾക്ക്. നാട്ടിൻപുറത്തെ വൈഷമ്യങ്ങളെയും കുഴപ്പങ്ങളെയും പററി പൊതുവായ ഒരു ധാരണ അയാൾക്കു ലഭിച്ചിട്ടുണ്ട്. പെട്ടെന്നുള്ള പരുക്കൻ പരിഹാരമാർഗ്ഗങ്ങളും അയാൾക്കറിയാം. അയാളുടെ കരുക്കൾ പുറത്തുക്കിയിട്ടിരിക്കുന്ന സഞ്ചിയിലാണ്. എങ്ങനെയാണു കാര്യങ്ങൾ ചെയ്യേണ്ടതെന്നു കാണിച്ചുകൊടുത്തുകൊണ്ട് അയാൾ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു. അയാൾ പണിയെടുക്കുകയാണ്; പ്രസംഗിക്കുകയല്ല അയാളുടെ ജോലി.

'നാട്ടിൻപുറത്തെ അനേകായിരങ്ങളിൽ ഒരുവനാണ് അയാൾ. അവരുടെ ക്ലേശങ്ങളിലും വ്യഥകളിലും അയാൾ പങ്കുകൊള്ളുന്നു. പുതിയ വിനോദങ്ങളിലും കളികളിലും, പാട്ടിലും സംഗീതത്തിലും, മന്ദഹാസത്തിലും പൊട്ടിച്ചിരിയിലും എല്ലാം അയാൾ അവരുടെകൂടെ ചേരുന്നു. സഹജീവികളിലുള്ള വിശ്വാസമാണ് അയാളുടെ മൂലധനം. ചുവട്ടിലെ തലത്തിൽനിന്നു നേട്ടുന്നതും നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്നതുമായ വിജ്ഞാനമാണ് അയാളുടെ ഉപകരണം. പുതുതായി നമുക്കു ലഭിച്ച സ്വാതന്ത്ര്യത്തിൻെറ—1947 ആഗസ്റ്റ് 15-ാംതീയതിയിലെ വിധിനിർണ്ണായകമായ നിശയിൽ ഉറങ്ങിക്കിടക്കവേ നമ്മെ തേടിപ്പിടിച്ചെത്തിയ സ്വാതന്ത്ര്യത്തിൻെറ—അകലെയകലെക്കിടക്കുന്ന നാട്ടിൻപുറത്തിന് ഇനിയും അനുഭവപ്പെടേണ്ടിയിരിക്കുന്ന സ്വാതന്ത്ര്യത്തിൻെറ—ദീപയഷ്ടിവാഹകനാണ് അയാൾ. ഇന്നത്തെ ഗ്രാമസേവകനു് ജനങ്ങളുടേയും ജനങ്ങൾ നടത്തുന്ന അവരുടെ സ്ഥാപനങ്ങളുടേയും പിൻതുണയുണ്ട്. അതുപോലെതന്നെ ഗവണ്മെൻറ്ഡിപ്പാർട്ടുമെൻറുകളുടെ ഗവേഷണകേന്ദ്രങ്ങൾ, വികസനവിഭാഗങ്ങൾ, ഉപകേന്ദ്രങ്ങൾ, എന്നിവയൊക്കെ അയാളുടെ പിന്നിലുണ്ട്. തനിക്കു ലഭിക്കുന്നതോ ലഭിക്കേണ്ടതോ ആയ അറിവും സേവനവും സമാഹരിച്ച് ഉൽഗ്രഥിക്കയും, അതിനെ വിസ്മൃതമായിക്കിടക്കുന്ന കോണുകളിലെത്തിച്ച് അവിടമൊക്കെ ജീവപ്രസരംകൊണ്ട് ഇരമ്പുമാറാക്കുകയും, ആ ജീവദായകശക്തിയെ ചെറുവേരുകളിൽനിന്നു മേല്പോട്ടേ

ക്കയച്ചു് ഉപരിഭാഗങ്ങളിൽ പോഷകാംശത്തിനു ദാഹിച്ചു വാടിവലയുന്ന ശരീരഭാഗങ്ങൾക്കെത്തിച്ചുകൊടുക്കുകയും ചെയ്യുന്ന ജോലിയാണു് അയാളുടേതു്.

ഇന്ത്യ ഒററഘടകമാണു്. ഗ്രാമസേവകന്മാരും ഒററഘടകമായി വർത്തിക്കണം—ഒരു പൊതുലക്ഷ്യത്തിലേക്കു മുന്നേറുന്ന സൈന്യം. ഈ രാജ്യം ഭൂഖണ്ഡസ്വഭാവമുള്ള ഒന്നാണു്. നമ്മുടെ ജനസംഖ്യ വളരെവേഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമാണു്. അധികകാലം കഴിയുന്നതിനുമുമ്പു് നമ്മുടെ എണ്ണം സേനാഘടകങ്ങളുടെ അനുപാതത്തെ കവച്ചുവച്ചുകൊണ്ടു വർദ്ധിക്കും. ഇത്രയധികം ആളുകൾതമ്മിൽ ശാരീരികബന്ധമെന്നതു് ഒരു വിദൂരസ്വപ്നമായി ശേഷിക്കയേയുള്ളു. അതുകൊണ്ടു് അഖിലഭാരതവ്യാപ്തമായ ഈ മഹാസമരത്തിലെ പടയാളികളുടെ പൊതുവിഹാരരംഗമായി പ്രയോജനപ്പെടാനും, തങ്ങൾ മുന്നേറുന്നതു് ഒററപ്പെട്ടാണു് എന്ന വിചാരം ആക്കും ഉണ്ടാകാതിരിക്കാനുംവേണ്ടിയാണു് 'ഗ്രാമസേവക്' എന്ന മാസിക ആരംഭിച്ചിട്ടുള്ളതു്. അവക്കു പരസ്പരം മന്ദഹസിക്കാനും ശുഭാശംസചെയ്യാനും മാത്രമല്ല, തങ്ങളുടെ ശങ്കകളെയും ഭയങ്ങളെയുംപററി തുറന്നു പ്രതിപാദിക്കാനും ഉള്ള പൊതുവേദിയായി 'ഗ്രാമസേവക്' ഉപയോഗപ്പെടുത്താം. ഇനിയും മൂടുപടം നീക്കി പുറത്തു വരേണ്ടിയിരിക്കുന്ന വർഗ്ഗരഹിതസമുദായത്തിന്റെ മുന്നോടിയാണു് അതു്. യാതൊരു സൗജന്യബുദ്ധിയോ ഭയമോ കൂടാതെ ആ മാസികയിൽ എഴുതാൻ ഗ്രാമസേവകനു് അവകാശമുണ്ടു്. മുന്നേറിക്കൊണ്ടിരിക്കുന്ന നിശ്ശബ്ദവിപ്ലവത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയായിരിക്കണം 'ഗ്രാമസേവക്.' അതുമല്ല, താഴെ തറയിൽ നിന്നു പണിയെടുക്കുന്നവനു പറയാനുള്ളതു്, നമുക്കു് അവൻെറ വായിൽനിന്നുതന്നെ നേരിട്ടു കേൾക്കാം. അതു്, അങ്ങുയരത്തിലിരിക്കുന്നവക്കും പ്രയോജനം ചെയ്യാതിരിക്കയില്ല!

# ഗ്രാമസേവകരോട്

'ഗ്രാമസേവക്' ഗ്രാമസേവകരുടെ അഭിപ്രായവിനിമയത്തിനുള്ള രംഗമാകണമെന്നുണ്ടെങ്കിൽ നിങ്ങൾ ചുവടറ്റത്തെ നിങ്ങളുടെ ജോലിയെപ്പററി ചിന്തിക്കാനും, ക്ലേശിക്കാനും, പ്രവൃത്തിയെടുക്കാനും തയാറാകണമെന്നതു പ്രഥമപ്രാധാന്യമഹിക്കുന്ന കാര്യമാണ്. നിങ്ങൾ നിങ്ങളുടെ അഭിപ്രായങ്ങൾ ശങ്കകൂടാതെയും ഒട്ടും ഒളിക്കാതെയും അലങ്കാരപ്രയോഗം ഒന്നും കൂടാതെയും എഴുതിയയയ്ക്കണം. ഈ രാജ്യത്തിനു് അടുത്ത ഇരുപതു വർഷക്കാലത്തേക്കോ ഒരുവേള അതിൽ കൂടുതൽ കാലത്തേക്കോ ആവശ്യമായിട്ടുള്ളതു് അച്ചടക്കമുള്ള ആദിമസമ്പ്രദായത്തിൽ പ്രകടിപ്പിക്കപ്പെടുന്നതും പ്രയോഗത്തിൽ വരുത്തുന്നതുമായ അസംസ്കൃതശക്തിയാണ്. നിങ്ങളുടെ പത്രാധിപരും നിങ്ങളോടു ശരിയായ നീതി കാണിക്കുന്നില്ല എന്നു ഞാൻ വിചാരിക്കുന്നു. 'ചത്ത ഭിത്തി'കൾക്കുള്ളിൽനിന്നു പുറപ്പെടേണ്ടതല്ല 'ഗ്രാമസേവക്.' ഗ്രാമസേവകർ ജോലി ചെയ്യുന്നതു് ഹരിതാഭമായ നാട്ടിൻപുറത്തു് അഴകും സമ്പത്തും ഇടകലന്ന അന്തരീക്ഷത്തിലാണ്. 'ഗ്രാമസേവക്' യാഥാത്ഥ്യത്തെ പ്രതിഫലിപ്പിക്കണമെങ്കിൽ പത്രാധിപരും പത്രത്തിലെ മററു ജോലിക്കാരുംതന്നെ ഹൃദ്യമായി പ്രചോദനമുൾക്കൊള്ളണം. ദൂരെ ചക്രവാളോപരി കാണുന്ന മേഘപാളിയുടെ മീതെ സൂര്യൻ ഉയന്നുവരുന്ന സമയത്തോ, അല്ലെങ്കിൽ വർണ്ണപ്പൊലിമകൊണ്ടു ശബളാഭമായ അന്തിവാനിൽ സൂര്യൻ അസ്തമിക്കുന്ന ഗദ്ധുവിലോ പച്ച മഷിയിൽ വേണം ഇതെഴുതാൻ. സെക്രട്ടേറിയററിൽ ഫയലുകൾ എഴുതിത്തള്ളുന്നതുപോലെയുള്ള നടപടിക്രമത്തിൽ എഴുതാവുന്നതോ നടത്താവുന്നതോ അല്ല, 'ഗ്രാമസേവക്.' പക്ഷേ, പാവപ്പെട്ട പത്രാധിപരെ ഈ മാർഗ്ഗത്തിൽ ചിന്തിപ്പിക്കാൻ നമുക്കെങ്ങനെ കഴിയും? നിങ്ങൾ വെല്ലുവിളികളുയർത്തിയാൽ മാത്രമേ അതു സാദ്ധ്യമാകയുള്ളു.

നിങ്ങളിൽ ഒരു വലിയ വിഭാഗം ആളുകളും പ്രശംസാർഹമാംവിധം പണിയെടുക്കുന്നുണ്ടെങ്കിലും, നിങ്ങൾ പലപ്പോഴും ഉദ്യോഗക്കയറ്റത്തെയോ നിങ്ങൾക്കു ലഭിക്കേണ്ട പ്രത്യേക

സൗകര്യങ്ങളെയോപററി വര്‍ത്തമാനം പറഞ്ഞു കാലം പോക്കുകയാണെന്ന് എന്നു ഞാന്‍ കാണുന്നു. നിങ്ങള്‍ക്കു നിങ്ങളുടെ മണ്ഡലത്തില്‍ ഉദ്യോഗക്കയററം കിട്ടിയേ കഴിയൂ എന്നും അതു് ആര്‍ക്കും തടയാന്‍ കഴിയുകയില്ലെന്നും നിങ്ങള്‍ മനസ്സിലാക്കണം. നിങ്ങള്‍ കര്‍ഷകരുടെകൂടെയാണല്ലോ പണിയെടുക്കുന്നതു്. ഒരു കര്‍ഷകനെങ്കിലും തന്‍െറ തോട്ടത്തില്‍ നട്ടു വളര്‍ത്തുന്ന ചെടികളില്‍നിന്നു കാലമാകുന്നതിനുമുമ്പു ഫലം പ്രതീക്ഷിക്കുന്നില്ല. വാസ്തവം പറഞ്ഞാല്‍ വിവേകശാലിയായ കര്‍ഷകന്‍ തന്‍െറ തോട്ടത്തിലെ ചെടികളില്‍ അകാലത്തുണ്ടാകുന്ന കായ്കള്‍ പറിച്ചുകളയുകയാണു ചെയ്യുന്നതു്. കാലമാകാതെയുണ്ടാകുന്ന കായ്കള്‍ വളരാന്‍ സമ്മതിച്ചാല്‍ അതു് തോട്ടത്തിന്‍െറ ഗുണോല്‍ക്കര്‍ഷത്തെ ഭാവിയില്‍ തകരാറിലാക്കുമെന്നു് അയാള്‍ക്കറിയാം. ഞാനും നിങ്ങളും മററുള്ളവരും നാളത്തേക്കുള്ള തോട്ടം നട്ടുവളര്‍ത്തുകയാണു്. അതു ശരിയായിട്ടാണു നട്ടുവളര്‍ത്തുന്നതെങ്കില്‍ കായ്ക്കുകതന്നെ ചെയ്യും. നിങ്ങള്‍ക്കും അതില്‍ മുതല്‍മുടക്കിയവര്‍ക്കുംതന്നെയാണു് ആ കായ് കിട്ടുന്നതും. അന്യരുടെ തോളത്തുകയറി സവാരിചെയ്തിരുന്നവര്‍—സമൂഹത്തിലെ പരാന്നഭോജികള്‍—ഈ രാജ്യത്തിലെ അല്ല, ലോകത്തിലെമ്പാടും നമ്മുടെ കണ്‍മുമ്പില്‍ത്തന്നെ ചത്തുവീഴുകയാണു ചെയ്യുന്നതു് എന്നു നമുക്കു കാണാം. 'നാളത്തെ' ലോകം ഉപജീവനത്തിനുവേണ്ടി പ്രയത്നിക്കുന്നവരുടേതായിരിക്കും. 'നാളത്തെ' ലോകം പ്രയത്നിച്ചവനു കൂലി നല്‍കാന്‍ തയാറായിരിക്കുമെന്നും നിങ്ങള്‍ മനസ്സിലാക്കണം. 'പരാന്നഭോജി' അസ്തമിച്ചുകൊണ്ടിരിക്കുന്ന ഒരു വര്‍ഗ്ഗമാണു്.

തോട്ടം വച്ചുപിടിപ്പിക്കേണ്ടതെങ്ങനെ, വളമിടേണ്ടതും ചെടികള്‍ വെട്ടിയൊരുക്കേണ്ടതുമെങ്ങനെ, മണ്ണിനു നാശം ചെയ്യുന്ന പരാന്നഭോജികളെ നശിപ്പിക്കേണ്ടതെങ്ങനെ എന്നിവയെയൊക്കെപ്പററി നമുക്കു കുറച്ചുകൂടെ സംസാരിച്ചാലെന്താണു്? നാം സ്വീകരിച്ച സമ്പ്രദായത്തിലനുഭവപ്പെട്ട വിജയപരാജയങ്ങളെപ്പററി പറഞ്ഞു് നമ്മുടെ ചിന്തയിലും അനുഭവത്തിലും മററുള്ളവരെക്കൂടി പങ്കാളികളാക്കുന്നതിലെന്താണു തകരാറു്? ഇതു പദ്ധതിയുടെ അന്തഃസത്തയേയും ഫലത്തെയും അനുകൂലമായി ബാധിക്കും. നിങ്ങള്‍ ബ്ലോക്കു

കേന്ദ്രത്തിൽ പക്ഷത്തിലൊരിക്കലോ മാസത്തിലൊരിക്കലോ യോഗങ്ങൾ നടത്താറുണ്ടോ? നിങ്ങളുടെ വിജ്ഞാനവികസനത്തെ ലക്ഷ്യമാക്കിക്കൊണ്ടു് അനുസ്യൂതമായി നിങ്ങളുടെ അട്ടത്തേക്കൊഴുക്കിവിട്ടുകൊണ്ടിരിക്കുന്ന സാഹിത്യം നിങ്ങൾ വായിക്കാറുണ്ടോ? കാലാകാലങ്ങളിൽ കൂട്ടുന്ന യോഗങ്ങളിൽ വച്ചു് നിങ്ങളുടെ സഹപ്രവൎത്തകരോടും ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസറോടും വികസനോദ്യോഗസ്ഥന്മാരോടുമൊക്കെ ഇങ്ങനെ ലഭിക്കുന്ന സാഹിത്യത്തിൻെറ ഉള്ളടക്കത്തെപ്പററി നിങ്ങൾ ചർച്ചചെയ്യാറുണ്ടോ? നിർഭയമായും നിർദ്ദാക്ഷിണ്യമായും മനസ്സിലുള്ളതു തുറന്നുപറയാൻ നിങ്ങൾക്കു സാധിക്കുന്നുണ്ടോ? അതോ, മറേറതൊരു സൎക്കാരുദ്യോഗസ്ഥനെയുംപോലെ മുകളിൽനിന്നു് ഉത്തരവു സ്വീകരിക്കയും അതു ചുവട്ടിലേക്കയയ്ക്കുകയും ചെയ്തു തൃപ്തിപ്പെടുന്ന സമ്പ്രദായമാണോ നിങ്ങളുടേതു്? ഇതെല്ലാം വളരെ പ്രധാനമായ ചോദ്യങ്ങളാണു്. ഈ വഴിയിൽ ആലോചിക്കയും സംസാരിക്കയും ചെയ്തിട്ടുവേണം നിങ്ങൾക്കു ലാഭവീതം അവകാശപ്പെടാനും വാങ്ങാനും കഴിവുണ്ടാകേണ്ടതു്. ഇങ്ങനെ മാത്രമേ ഗ്രാമീണരുടെ ഇടയിൽ നിങ്ങൾ ചെയ്യുന്ന പ്രവൃത്തി ഫലപ്രദമാക്കാൻ കഴിയൂ. സുഹൃത്തുക്കളെ, നിങ്ങൾക്കു കരുത്തുണ്ടാകണം; നല്ല ഭാവിയുമുണ്ടാകണം. നിങ്ങളുടെ ചുമതലയിലുള്ള ഗ്രാമീണൎക്കു് എന്തു സംഭവിക്കുന്നു എന്നതിനെ ആശ്രയിച്ചാണു് അതു നിൎണ്ണയിക്കപ്പെടുക. അവർ ഭയത്തിൽനിന്നു മുക്തരായിട്ടുണ്ടോ? സ്വയം കുതിച്ചുകയറാനുള്ള ഒരാവേശം അവൎക്കു കൈവന്നിട്ടുണ്ടോ? മററുള്ളവരുമായി സഹകരിച്ചു പ്രവൎത്തിക്കാനുള്ള ഒരു ആന്തരികപ്രേരണ അവൎക്കുണ്ടായിട്ടുണ്ടോ?

മററു മണ്ഡലങ്ങളിലെന്നതുപോലെ നിങ്ങളുടെയും ഒരു യൂണിയൻ സ്ഥാപിക്കാമെന്നു ഞാൻ ഉറപ്പു പറയുന്നു. പക്ഷേ, അതിനുള്ള കാലമാകണം. യൂണിയൻ സ്ഥാപിക്കൽ വിവാഹബന്ധംപോലെയാണു്. ശൈശവവിവാഹം ഇപ്പോൾ അനുവദിക്കപ്പെടുന്നില്ല എന്നു നിങ്ങൾക്കറിയാമല്ലോ. ശൈശവത്തിൽ വിവാഹം ചെയ്താൽ വളച്ച് മുരടിച്ചുപോകുമെന്നുള്ളതാണു് ഇങ്ങനെ നിയന്ത്രണമേൎപ്പെടുത്തിയിരിക്കുന്നതിൻെറ കാരണം. ഈ കത്തു് ഉപസംഹരിക്കുന്നതിനുമുമ്പു്

ഞാൻ ഉറപ്പിച്ചുപറയട്ടെ, ഈ രാജ്യത്തിൽ ജന്മമെടുക്കുന്ന ആരെപ്പോലെയുമുള്ള ഐശ്വരഭാവിയുടെ അവകാശികളാണു് നിങ്ങളും. നിങ്ങളുടെ ഭാവിയുടെ വിധാതാക്കൾ നിങ്ങൾ തന്നെയാണു്. ലോകം നിങ്ങളുടെ പ്രവൎത്തനങ്ങളെ ഉററു നോക്കിക്കൊണ്ടും നിങ്ങളുടെ പ്രവൎത്തനങ്ങളിൽ എല്ലാ സഹായങ്ങളും ചെയ്യാൻ സന്നദ്ധതയോടെയുമാണു് വൎത്തിക്കുന്നതു്. നിങ്ങൾക്കു് എത്രയെങ്കിലും വളരാനവസരമുണ്ടു്; പ്രവൎത്തിക്കുക. പക്ഷേ, ആ പ്രവൎത്തനം നിങ്ങളുടെ വളൎച്ചയ്ക്കുവേണ്ടി മാത്രമാകരുതു്. വളർച്ച ആദ്യമുണ്ടാകേണ്ടതു്, നിങ്ങൾ ആരെ സേവിക്കുന്നുവോ ആ ജനങ്ങൾക്കാണു്. അവൎക്കു വളൎച്ചയുണ്ടാകുന്നതോടെ സ്വാഭാവികമായി നിങ്ങൾക്കും വളൎച്ചയുണ്ടായിക്കൊള്ളും.

## വികസനോദ്യോഗസ്ഥനോട്

സംസ്ഥാനതലസ്ഥാനംമുതൽ ഗ്രാമതലംവരെ നീണ്ടുകിടക്കുന്ന ഭരണച്ചങ്ങലയിലെ പ്രധാന കണ്ണികളാണു് ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസറന്മാരും ഗ്രാമസേവകരും എന്നിരിക്കിലും നിങ്ങളാണു് ബ്ലോക്ക് പ്രവൎത്തനത്തിലെ ഒഴിച്ചുകൂടാൻ വഹിയാത്ത സുപ്രധാന ഘടകം. എന്തുകൊണ്ടെന്നാൽ, നമ്മുടെ ഈ പ്രസ്ഥാനത്തിനു് അതിൻെറ വിവിധ ഭാവങ്ങളിൽ സാങ്കേതികസത്തയുണ്ടോ, അതോ കുറെ സഹായധനവും ഗവണ്മെൻറിലെ ഉദ്യോഗസ്ഥന്മാർ മുഖാന്തരം വിതരണംചെയ്യുന്ന കുറെ ആഹ്വാനവും മാത്രമായി പദ്ധതി സങ്കുചിതപ്പെട്ടുപോകുമോ എന്നതു നിങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. വികസനോദ്യോഗസ്ഥന്മാർ എന്നു് ഈ പശ്ചാത്തലത്തിൽ ഞാൻ പറയുന്നതു് ഓരോ ബ്ലോക്കിലും കൃഷി, കാലിവളൎത്തൽ, സഹകരണം, ഗ്രാമവ്യവസായം, സാമൂഹ്യവിദ്യാഭ്യാസം, മരാമത്തുപണികൾ, പൊതുജനാരോഗ്യം, സ്ത്രീകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനുള്ള പ്രവൎത്തനം എന്നീവക കാൎയ്യങ്ങളിൽ പ്രവൎത്തിക്കാൻ നിയമിക്കപ്പെടുന്ന, അതാതു വിഷയത്തിൽ വൈദഗ്ദ്ധ്യം നേടിയവരെയാണു്. ഒരു വിവിധോദ്ദേശോദ്യോഗസ്ഥനായി പ്രവൎത്തിക്ക

ത്തക്ക തരത്തിലാണ് ഗ്രാമസേവകൻെറ പരിശീലനം എന്നു നിങ്ങൾക്കറിയാമല്ലോ. കൃഷി ഇന്ത്യയിലെ ഏററവും പ്രധാനപ്പെട്ട വ്യവസായമാകയാൽ കൃഷിയുടെ പ്രാഥമികതത്വങ്ങളിൽ സാമാന്യം നല്ല പരിശീലനം ഗ്രാമസേവകനു നല്കപ്പെട്ടിട്ടുണ്ട്. മററു വിഷയങ്ങളിൽ ഏതാണ്ടു പ്രഥമശുശ്രൂഷക്ക് ഉതകുമെന്നു പറയാവുന്ന പരിശീലനമേ അയാൾക്കുള്ളു.

നമ്മുടെ ഗ്രാമങ്ങളും അവിടെ ജീവിക്കുന്ന ആളുകളും ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും കമ്മിയായിട്ടാണു നില. നമ്മുടെ ഗ്രാമീണജനതയുടെ ഇന്നത്തെ ദരിദ്രാവസ്ഥയെ പരിഗണിക്കുമ്പോൾ സാമ്പത്തികസഹായം പ്രധാനമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ അതിനേക്കാൾ എത്രയോ അധികം പ്രാധാന്യമുള്ള കാര്യം, അവരുടെ വരുമാനം വദ്ധിപ്പിക്കാനും അവരെ സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തരാക്കാനും അവരെ ഒരു സമൂഹമെന്ന നിലയിൽ ആത്മവിശ്വാസമുള്ളവരാക്കിത്തീക്കാനും സഹായകമായി വേണ്ടതു ചെയ്തുകൊടുക്കുന്നതാണ്. ഏററവും ആധുനികശാസ്ത്രീയ—സാങ്കേതിക ഉപദേശത്തിൻെറ രൂപത്തിലാണ് അതു നൽകേണ്ടത്. നമ്മുടെ ആളുകളും ലോകത്തിലെ പുരോഗതി നേടിയ നാട്ടുകളിലെ ആളുകളും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് നിങ്ങൾ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? ഏതാണ്ട് മുന്നൂറുവഷങ്ങൾക്കു മുമ്പുവരെ, അന്ന് അറിയപ്പെട്ടിരുന്നതിലേക്ക് ഉന്നതമായ വ്യാവസായികവിജ്ഞാനത്തിൻെറ ഉടമകളായിരുന്ന ഇന്ത്യക്കാർ, ഇപ്പോൾ നമ്മുടെ ആവശ്യത്തിനുള്ള മിക്കവാറും എല്ലാററിനുംതന്നെ വിദേശങ്ങളെ ആശ്രയിക്കേണ്ടിവരത്തക്ക നിലയിൽ ഇത്രമാത്രം അധഃപതിച്ചുപോയതെങ്ങനെ എന്നു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഒന്നു ഞാൻ പറയാം. ഇന്ത്യയിലെ മണ്ണും, ശീതോഷ്ണാവസ്ഥയും, മനുഷ്യരും, ഏററവും പുരോഗമിച്ച വിദേശരാജ്യങ്ങളോടു താരതമ്യപ്പെടുത്തിയാൽപ്പോലും താണതരത്തിലുള്ളതല്ല. ഇന്നു നാം അധഃപതിച്ചുപോയിട്ടുണ്ടെങ്കിൽ അതിനു കാരണം, മുന്നൂറുകൊല്ലം മുമ്പുവരെ നമുക്കുണ്ടായിരുന്ന വ്യാവസായികവിജ്ഞാനം തുരുമ്പിച്ചുപോകാൻ അനുവദിച്ചതും, ആവിയന്ത്രത്തിൻെറ ആഗമനത്തോടെ പാശ്ചാത്യനാട്ടുകളിൽ വിക

സിച്ചുവന്ന വ്യാവസായികയുഗത്തിൻെറ സംഭാവനയായ പുതിയ വ്യാവസായികവിജ്ഞാനത്തെ പ്രയോജനപ്പെടുത്താൻ നാം മുതിരാതിരുന്നതുമാണു്. ഇന്ത്യയെ വീണ്ടും മററു രാഷ്ട്ര ങ്ങൾക്കു സമാന്തരമായി ഉന്നമിപ്പിക്കണമെങ്കിൽ അതിനുള്ള മാർഗ്ഗം, നമ്മുടെ ജീവിതത്തിലും ചുററുപാടുകളിലും ആധുനിക വ്യാവസായികവിജ്ഞാനത്തിന്റെ വെളിച്ചം പരത്താനുള്ള ശ്രമം അനേകംമടങ്ങു വർദ്ധിപ്പിക്കുകമാത്രമാണു്.

നമ്മുടെ ജനങ്ങളിൽ 82 ശതമാനവും ഗ്രാമങ്ങളിലാണു് കഴിഞ്ഞുകൂട്ടുന്നതു്. നമ്മുടെ ആളുകളുടെ ഈ മഹാഭൂരിപക്ഷത്തെ മുമ്പോട്ടു നീക്കാൻ കഴിയുന്നില്ലെങ്കിൽ ഇന്ത്യയ്ക്കു പുരോഗതി സാദ്ധ്യമല്ല. ഈ വസ്തുതയുടെ അംഗീകരണമാണു് സാമൂഹ്യവികസനപദ്ധതിയുടെ പശ്ചാത്തലം. സാമൂഹ്യവികസനബ്ലോക്കുകളിൽ എന്തെല്ലാംതരം ഉദ്യോഗസ്ഥന്മാരാണു ണ്ടായിരിക്കേണ്ടതു് എന്നതു നിർണ്ണയിക്കാനുള്ള മാതൃക കണ്ടു പിടിക്കാനുള്ള പ്രേരണ, നിങ്ങൾ പ്രതിനിധീകരിക്കുന്ന പ്രത്യേക വിഷയത്തിലുള്ള ആധുനികപ്രവണതകളെ പ്രചരിപ്പിക്കേണ്ട ഒഴിച്ചുകൂടാത്ത ആവശ്യത്തെപ്പററിയുള്ള ബോധത്തിൽനിന്നാണുണ്ടായതു്. അങ്ങനെയാണു് നിങ്ങൾ വികസനോദ്യോഗസ്ഥനായി നിയമിതനായതു്. നിങ്ങളെപ്പോലെ തന്നെ അപര്യാപ്തമായ പരിശീലനത്തോടുകൂടിയവർ അദ്ധ്യാപനം നടത്തുന്ന സാങ്കേതികസ്ഥാപനങ്ങളിൽനിന്നുള്ള പരിശീലനമാണു് നിങ്ങൾക്കു ലഭിച്ചിട്ടുള്ളതെന്ന കാര്യം ഞങ്ങൾക്കറിയാം. അതുകൊണ്ടുതന്നെ, ഒററ രാത്രികൊണ്ടു നിങ്ങൾ അത്ഭുതങ്ങളൊന്നും പ്രവത്തിച്ചുകളയുമെന്നുള്ള പ്രതീക്ഷ ഞങ്ങൾക്കില്ല. ഇതൊക്കെയായാലും നിങ്ങൾ തുറന്ന മനസ്സോടെ പ്രവൃത്തിയെടുക്കുമെന്നും വിനീതബുദ്ധിയോടെ പെരുമാറുമെന്നും ആക്കായി നിങ്ങളുടെ സേവനമർപ്പിക്കുന്നുവോ ആ നാട്ടിൻപുറത്തുകാരിൽനിന്നു്,—വിദ്യാവിഹീനരെന്നു കരുതപ്പെടുന്ന ആ ഗ്രാമീണരിൽനിന്നു്—കഴിവുള്ളത്ര കാര്യങ്ങൾ ഗ്രഹിക്കാൻ തയാറാകുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ടു്. ഒന്നോക്കണം; ഇന്ത്യയിലെ അനക്ഷരരായ ഗ്രാമീണർതന്നെയാണു് മുമ്പുണ്ടായിക്കൊണ്ടിരുന്നതിൻെറ പത്തിരട്ടിയിലധികം വിള അതേ മണ്ണിൽനിന്നും അതേ കാലാവസ്ഥയിലും

ഉല്പാദിപ്പിച്ചു് കൃഷിപണ്ഡിററെന്ന ബഹുമതികളും മററു സമ്മാനങ്ങളും നേടിക്കൊണ്ടിരിക്കുന്നതു്. ഗവണ്മെൻറു നേരിട്ടു കൃഷിയിറക്കുന്ന കൃഷിയിടങ്ങൾക്കു് നമ്മുടെ ഏററവും നല്ല കൃഷിക്കാരുടെ കൃഷിയിടങ്ങളോടു് ഉല്പാദനത്തോതിൻെറ കൂട്ടലിലോ മുതലിറക്കിൻെറ കുറവിലോ ഇനിയും മത്സരിക്കാൻ കഴിവുണ്ടായിട്ടില്ല. അതുപോലെതന്നെയാണു് പൊതുജനാരോഗ്യം, വിദ്യാഭ്യാസം, ഗ്രാമവ്യവസായങ്ങൾ മുതലായ രംഗങ്ങളിലേയും സ്ഥിതി. അവിടെയൊക്കെ അനക്ഷരനായ കൃഷീവലപുത്രൻ, ആ രംഗത്തു പണിയെടുക്കുന്ന അഭ്യസ്തവിദ്യനെക്കാൾ എത്രയോ മെച്ചമായ ഫലം കൈവരുത്തിയിട്ടുണ്ടു്.

ഈ ഉദാഹരണങ്ങളൊക്കെ ഞാൻ എടുത്തെടുത്തു പറയുന്നതു് നിങ്ങളെ നാണംകെടുത്താനല്ല, നിങ്ങൾക്കു ലഭിച്ചിട്ടുള്ള താണതരം പരിശീലനത്തിനു നിങ്ങളെ കുററപ്പെടുത്താവുന്നതല്ല എന്നെനിക്കറിയാം. നിങ്ങളുടെ അദ്ധ്യാപകരെപ്പോലും ഞാൻ കുററപ്പെടുത്തുന്നില്ല. ധാർമ്മികമായി അധഃപതിച്ചിരുന്ന ഒരു ഭൂതകാലത്തിൻെറ പിൻതുടർച്ചക്കാരാണു് നമ്മളെല്ലാം. ഒരു തലമുറക്കാലമോ കൂടുതലോ വേണ്ടിവരും, നമുക്കു് നമ്മുടെ നില ശരിപ്പെടുത്തിയെടുക്കാൻ. ഈ ഉദാഹരണങ്ങളൊക്കെ ഞാൻ ചൂണ്ടിക്കാണിക്കുന്നതു് ഇന്ത്യയിൽ ഉത്തമമായ സാങ്കേതികസമ്പ്രദായങ്ങളുടെയോ ആധുനികവിജ്ഞാനത്തിൻെറയോ കുറവില്ലെന്നും അഹംബുദ്ധികൂടാതെ വിനീതമായി നോക്കുന്നവർക്കു് അതു കാണാൻ വിഷമമില്ലെന്നും നിങ്ങളെ ബോദ്ധ്യപ്പെടുത്താൻവേണ്ടി മാത്രമാണു്. നിർഭാഗ്യവശാൽ, ആധുനികസാങ്കേതികമാർഗ്ഗങ്ങളും വിജ്ഞാനവും വളരെ കുറച്ചുപേരുടെ അധീനത്തിൽ മാത്രമേയുള്ളു. ഇന്നു നിലവിലിരിക്കുന്ന അന്തരീക്ഷത്തിൽ ഈ ചുരുക്കം ചിലർക്കു് തങ്ങളുടെ വിജ്ഞാനവും സാങ്കേതികസമ്പ്രദായങ്ങളും ചുററുമുള്ള ആളുകളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനു വേണ്ട പ്രോത്സാഹനം ലഭിക്കുന്നില്ല; സമൂഹത്തിൻെറ ജീവിതത്തെ സമ്പന്നമാക്കുന്നതിനു് അതുമാത്രമേ പ്രയോജനപ്പെടൂ എന്നിരുന്നിട്ടും. ഗ്രാമസഹായക് ക്യാമ്പുകൾ നടത്തിയതാണു് ഇന്ത്യയിൽ സംഘടിതമായി ഈ മാർഗ്ഗത്തിൽ ഉണ്ടായ ആദ്യത്തെ

ഉദ്യമം. ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലെ മുഖ്യമായ ഉദ്ദേശം വിവിധഗ്രാമങ്ങളിലെ പുരോഗമനസ്വഭാവമുള്ള കർഷകർ അവരവരുടെ ചെറുഗ്രാമങ്ങളോടുള്ള സങ്കുചിതമായ ഭക്തിയിൽ അല്പം ഒരയവുവരുത്തി ഒരുമിച്ചുകൂടാൻ പ്രേരിപ്പിക്കുകയെന്നതാണ്. ഇത്തരം ക്യാമ്പുകൾ കൃഷിയേയും ബന്ധപ്പെട്ട കാര്യങ്ങളേയുംപററി നിങ്ങൾക്കു മുമ്പുണ്ടായിരുന്നതിനേക്കാളും നിങ്ങൾക്കു ഭാവനചെയ്യാൻ കഴിയുന്നതിനേക്കാളും വളരെയധികം അറിവു പ്രദാനംചെയ്യും. ഇത്തരം ക്യാമ്പുകൾ ശരിയായ സമ്പ്രദായത്തിൽ സംഘടിപ്പിക്കുന്നപക്ഷം പുരോഗമനസ്വഭാവമുള്ള കർഷകരുടെ അഭിമാനത്തിനുതന്നെ അതുകൊണ്ട് ഒരുൽക്കർഷമുണ്ടാകുന്നതും തങ്ങളുടെ വിജ്ഞാനസമ്പത്ത് അന്യർക്കു പകർന്നുകൊടുക്കുന്ന കാര്യത്തിൽ മുമ്പോട്ടിറങ്ങി പ്രവർത്തിക്കാൻ അവർക്കുതന്നെ ഉത്സാഹമുണ്ടാകുന്നതുമാണ്. കൃഷിയുടെ മണ്ഡലത്തിൽ നടത്തപ്പെടുന്ന ആദ്യത്തെ ഈ ക്യാമ്പുകൾ വിജയിക്കുന്നുവെങ്കിൽ—അങ്ങനെയല്ലാതെ സംഭവിക്കയില്ല—സാമൂഹ്യവികസനപദ്ധതിയിലെ എല്ലാ മണ്ഡലങ്ങളിലും ഈ സമ്പ്രദായം നടപ്പാക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളതു്.

അതുകൊണ്ട്, ഒരു വികസനോദ്യോഗസ്ഥൻ എന്ന നിലയിൽ നിങ്ങളുടെ ജോലി, കഴിവുള്ളത്ര അധികം ആളുകളുമായി സമ്പർക്കംപുലർത്തി, നിങ്ങൾ പഠിച്ചിട്ടുള്ളതു് അവർക്കു പകർന്നു കൊടുക്കുകയെന്നതാണ്. അതുപോലെതന്നെ ഗ്രാമങ്ങളിലെ അന്ധകാരത്തിൽ, അറിയപ്പെടാതെ മൂടിക്കിടക്കുന്ന അനുഭവജ്ഞാനത്തെ സമാഹരിക്കയും അതു മററുള്ളവർക്ക് എത്തിച്ചുകൊടുക്കയും ചെയ്യുന്നതും നിങ്ങളുടെ ചുമതലയാണ്. ഈ പ്രക്രിയയ്ക്കിടയിൽ നിങ്ങൾ സമ്പർക്കപ്പെടുന്ന ഗ്രാമീണരുടെ ഇടയിൽനിന്നും, തങ്ങളുടെ പ്രത്യേകമണ്ഡലങ്ങളിൽ തങ്ങളോളംതന്നെ വിജയിക്കാൻ കഴിഞ്ഞിട്ടില്ലാത്തവർക്കു നേതൃത്വംനൽകാൻ കഴിയുന്ന പുതിയ സഖാക്കളെ നിങ്ങൾക്കു കണ്ടുപിടിക്കാൻ കഴിയുമെന്നുംകൂടെയാണ് ഞങ്ങളുടെ പ്രത്യാശ. ഗ്രാമതലത്തിലെ ഏററവും ഒടുവിലുള്ള ഉദ്യോഗസ്ഥൻ ഗ്രാമസേവകനാകയാൽ, നിങ്ങൾ അയാളെ സഖാവായി അംഗീകരിച്ചുകൊണ്ട് അയാളിലൂടെ പ്രവർത്തിക്കുമെന്നും

അയാൾക്കു ദൈനംദിനപ്രവത്തനങ്ങളിൽ ആവശ്യമായ ഉപദേശങ്ങൾ നൽകുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഒരു സേനാനായകനെപ്പോലെ ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസർ അദ്ധ്യക്ഷതവഹിക്കുന്നതും, തുല്യന്മാരായ അംഗങ്ങളടങ്ങിയതുമായ ഒരു ബ്ലോക്ക്ലെവൽ സംഘടനയിലെ പ്രവത്തകരാണു് നിങ്ങൾ. ചുവട്ടിലെ തലത്തിൽ പ്രവത്തിക്കുന്ന ഗ്രാമസേവകനോടു് സഖാവെന്ന നിലയിൽ നിങ്ങൾ പെരുമാറുന്നതെങ്ങനെ എന്നതിനെ ആശ്രയിച്ചാണു് ബ്ലോക്കുതലത്തിൽ നിങ്ങളുടെ സ്ഥാനം നിണ്ണയിക്കപ്പെടുന്നതു്. ഗ്രാമസേവകനെ നിങ്ങൾ നിങ്ങളുടെ തുല്യനായി കണക്കാക്കി പെരുമാറുന്ന പക്ഷം, ലോകത്തിലെ ഒരു ശക്തിക്കും നിങ്ങളോടു തുല്യതയോടുകൂടെയല്ലാതെ പെരുമാറാൻ കഴികയില്ല. അപ്പോൾ നിങ്ങളും ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസറുമായുള്ള ബന്ധം ഒരു പൊതുലക്ഷ്യത്തിനുവേണ്ടി പ്രവത്തിക്കുന്ന സഖാക്കളുടേതായിത്തീരും; കൂടുതൽ സ്വാഭാവികവും. ഈ രീതിയിലാണോ നിങ്ങളുടെ പ്രവത്തനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു്? ഇതാണു് എനിക്കു നിങ്ങളുടെ മുമ്പിൽ സമപ്പിക്കാനുള്ള പ്രശ്നം.

## പദ്ധതിയിലെ ജോലിക്കാരും പരിശീലനവും

അഞ്ചുവഷം മുമ്പു് ഈ പരിപാടി ആരംഭിച്ചകാലത്തു് ഞങ്ങളെ അഭിമുഖീകരിച്ച വൈഷമ്യം, രാഷ്ട്രനിമ്മാണപരമായി പ്രവത്തിക്കുന്ന വകുപ്പുകളിൽനിന്നുള്ള സാങ്കേതികജ്ഞാനത്തിൻെറ പ്രതിനിധികൾ തഹശീൽവരെയുള്ള തലത്തിൽ—അതായതു് മൂന്നോ നാലോ ബ്ലോക്കുകൾ ചേന്ന ഘടകത്തിനു് ഒന്നു് എന്ന കണക്കിൽ മാത്രമേ കിട്ടാനുണ്ടായിരുന്നുള്ളു എന്നതാണു്. അജ്ഞവും അപൂണ്ണവികസിതവുമായ ജനസമൂഹങ്ങൾക്കു വേണ്ടിയുള്ള ഒരു ആസൂത്രിതസമ്പദ്വ്യവസ്ഥയിൽ—ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും അങ്ങനെയുള്ളവരാണു്—പ്രാരംഭഘട്ടത്തിലെങ്കിലും വികസനപ്രവത്തനത്തിനുള്ള പ്രേരണ മുഖ്യമായി ഗവൺമെൻറിൽനിന്നുതന്നെ

യുണ്ടാകണം. ആ പ്രേരണതന്നെയും, ഭരണപരവും സാമ്പത്തികവുമായ സഹായവും സാങ്കേതികവിജ്ഞാനസംബന്ധിയായ ഉപദേശവും നല്ല അളവിൽ നല്ലാനുള്ള സജ്ജീകരണങ്ങളുടെ അഭാവത്തിൽ, അത്ഥശൂന്യമാണു്. ഗവണ്മെൻറിന്റെ വികസനപ്രവത്തനയന്ത്രം ജനങ്ങളോടു കൂടുതൽ അടുത്തു ചെന്നെങ്കിൽ മാത്രമേ ഇതു സാദ്ധ്യമാകയുള്ളു. ഉദാഹരണമായി നമുക്കു് ഫലപ്രദമായ അദ്ധ്യാപനത്തിനു് സ്കൂളിൽ ഉണ്ടായിരിക്കേണ്ട അദ്ധ്യാപക–വിദ്യാത്ഥി അനുപാതത്തിൻെറ കാര്യം നോക്കാം. സ്വാഭാവികമായി, തഹശീൽ തുടങ്ങി താഴോട്ടുള്ള ഗവണ്മെൻറുയന്ത്രസംവിധാനത്തിൽ വികേന്ദ്രീകരണം നടപ്പാക്കണമെന്ന തീരുമാനത്തിൽച്ചെന്നെത്തി. ഏതാണ്ടു് 66,000 ജനസംഖ്യയുള്ള ബ്ലോക്കാണു് ഓരോ ഘടകമായി തിരഞ്ഞെടുക്കപ്പെട്ടതു്.

ഓരോ ബ്ലോക്കിലും താഴെ വിവരിക്കുന്ന ഡിപ്പാർട്ടുമെന്റുകളുടെ പ്രതിനിധികളുണ്ടായിരിക്കേണ്ടതാണെന്നു ഞങ്ങൾ തീരുമാനിച്ചു: (1) കൃഷി (2) മൃഗസംരക്ഷണം (3) സഹകരണം (4) ഗ്രാമമരാമത്തു് (5) പൊതുജനാരോഗ്യം (6) ഗ്രാമവ്യവസായം. ഒരു ബ്ലോക്കിലെ അറുപതു്–എഴുപതിനായിരംവരുന്ന ജനങ്ങൾക്കു മുഴുവൻവേണ്ടിയാകുമ്പോൾ ഫലപ്രദമായ പ്രവത്തനത്തിനു് ഓരോ സാങ്കേതികവിഭാഗത്തിൻെറയും ഓരോ പ്രതിനിധി മതിയാകയില്ല. അങ്ങനെയാണു് ഗ്രാമതലത്തിലുള്ള വിവിധോദ്ദേശ ഉദ്യോഗസ്ഥനായി പ്രവത്തിക്കാൻ ഗ്രാമസേവകരെ സൃഷ്ടിച്ചെടുക്കുന്ന സങ്കല്പം ഉദയംചെയ്തതു്. വികസനപ്രവത്തനത്തിൻെറ എല്ലാ മണ്ഡലങ്ങളിലും ഒരു പ്രാഥമികപരിചയത്തിനു മതിയായ പരിശീലനം സിദ്ധിച്ചവരും, ജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുമായുള്ള പെരുമാററത്തിൽ എല്ലാക്കാര്യത്തിലും ഗവണ്മെൻറിനെ പ്രതിനിധാനംചെയ്യുന്ന ആളുമാണു് ഗ്രാമസേവകൻ. ആറായിരം–ഏഴായിരം പേക്കു് ഒരാൾ എന്ന കണക്കിൽ ഒരു ബ്ലോക്കിൽ പത്തു ഗ്രാമസേവകന്മാർവീതം പ്രവത്തിക്കത്തക്കവിധമാണു് ഞങ്ങൾ പരിപാടി തയാറാക്കിയതു്. ഗ്രാമസേവകനു് അയാളുടെ പ്രവത്തനത്തിൽ നിരന്തരമായ നേതൃത്വവും സാങ്കേതികമേൽനോട്ടവും ആവശ്യമാണു്. ബ്ലോക്കി

ലെ വികസന ഉദ്യോഗസ്ഥന്മാരിൽനിന്നാണ് അതു ലഭിക്കേണ്ടതു്. ഗവണ്മെൻറിലെ എല്ലാ വകുപ്പുകളെയും പ്രതിനിധീകരിക്കുന്ന ഒരു വിവിധോദ്ദേശോദ്യോഗസ്ഥനായിട്ട് ഗ്രാമസേവകൻ പ്രവത്തിക്കണമെന്നുണ്ടെങ്കിൽ അതിന്റെ യുക്തിയുക്തമായ അടുത്തപടിയാണ് ബ്ലോക്ക്തലത്തിലുള്ള വിവിധ സാങ്കേതികവിഭാഗോദ്യോഗസ്ഥന്മാരുടെ പ്രവത്തനങ്ങളെ സംയോജിപ്പിച്ചുകൊണ്ടുപോകുന്നതിനു് ബ്ലോക്കടിസ്ഥാനത്തിൽ ഒരുദ്യോഗസ്ഥനുണ്ടായിരിക്കണമെന്നുള്ളതു്. ഈ സംയോജനപ്രവത്തനത്തിനുപുറമെ ബ്ലോക്കിൻെറ പൊതുവേയുള്ള ഭരണപരമായ കാര്യങ്ങളും നിർവ്വഹിക്കേണ്ടതു് ഈ ഉദ്യോഗസ്ഥനാണ്. അങ്ങനെയായാൽ സാങ്കേതികോദ്യോഗസ്ഥന്മാക്കു ഭരണപരമായ നൂലാമാലകളിൽനിന്നൊഴിഞ്ഞുനിന്നു് അവരവരുടെ പ്രത്യേകവിഭാഗത്തിൽ നടത്താനുള്ള ജോലികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയും. അങ്ങനെ ഭരണപരമായ കാര്യങ്ങളുടെയും സംയോജനപരിപാടിയുടെയും ചുമതലവഹിക്കുന്ന ആളാണ് ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർ എന്ന പേരിൽ അറിയപ്പെടുന്നതു്.

പദ്ധതിപ്രവത്തനത്തിൻെറ ബ്ലോക്കടിസ്ഥാനത്തിലുള്ള ഭരണകാര്യനിർവ്വഹണം ബ്ലോക്ക് ഡവലപ്പ്മെൻറു് ആഫീസർ നടത്തിക്കൊള്ളുമെന്നിരിക്കിലും, പദ്ധതിയിലെ പരിപാടികൾ പ്രഥമപടിയായി ഗ്രാമീണജനതയുടെ മുമ്പാകെ അവതരിപ്പിക്കുന്നതിനു പ്രത്യേക പരിശീലനമുള്ള ഒരു ഉദ്യോഗസ്ഥൻെറ സഹായംകൂടെ അയാൾക്കു് ആവശ്യമാകുമെന്നു വേഗംതന്നെ ബോദ്ധ്യമായി. അയാളുടെ പ്രാഥമികപ്രവത്തനങ്ങളെത്തുടന്നു് പിന്നെ ബ്ലോക്കിൽ ഓരോ തുറയിലുമുള്ള വികസന ഉദ്യോഗസ്ഥന്മാക്കു് അവരവരുടെ പ്രത്യേക ശാഖയിൽ കൂടുതൽ വിപുലമായി പ്രവത്തിക്കാം. നമ്മുടെ ജനങ്ങളിൽ സ്വാശ്രയബോധം വളത്തുന്നതിനും വികസനപ്രവത്തനങ്ങൾ സ്വയം ആസൂത്രണംചെയ്തു നടപ്പിലാക്കാൻ അവരെ പ്രാപ്തരാക്കാനും ഉന്നിക്കൊണ്ടാണു് പദ്ധതിക്കു രൂപംകൊടുത്തിട്ടുള്ളതു് എന്നതിനാൽ വിവിധ വികസനവിഷയങ്ങളിൽ അവരുടെ വിജ്ഞാനം വികസിപ്പിക്കേണ്ടതു് ആവശ്യമായി വന്നുകൂടി. പ്രായമായ ആളുകളുമായിട്ടാണ് ഇടപെടേ

ണ്ടിയിരുന്നതു് എന്നതുകൊണ്ടു് സാമൂഹ്യവിദ്യാഭ്യാസത്തിന്റെ വികസനം എന്നതായി, വികസനപരിപാടിയിലെ മുഖ്യവും പ്രാഥമികവുമായ ഇനം—അതായതു്, ഗ്രാമീണജനതയുടെ ജീവിതത്തിന്റെ എല്ലാ മുഖങ്ങളേയും സ്പൃശിക്കുന്നതും രാഷ്ട്രനിർമ്മാണപരമായ എല്ലാ കാര്യങ്ങളേയും ഉൾക്കൊള്ളുന്നതുമായ സാമൂഹ്യവിദ്യാഭ്യാസം. അത്തരം സാമൂഹ്യവിദ്യാഭ്യാസം ഒരൊററ ഉദ്യോഗസ്ഥന്റെ മാത്രം ചുമതലയിൽ നടത്താൻ സാദ്ധ്യമല്ലെന്നു വ്യക്തമായിരുന്നു. ബ്ലോക്കിലെ ഉദ്യോഗസ്ഥന്മാരെല്ലാം സംയുക്തമായി വഹിക്കേണ്ട ബാദ്ധ്യതയാണിതു്. സാമൂഹ്യവിദ്യാഭ്യാസപരിപാടിക്കു് അതിന്റെ ബഹുമുഖസ്വഭാവംകൊണ്ടുതന്നെ സംഘടിതമായ പ്രയത്നം ആവശ്യമാണു്. സാധാരണനിലയിലാണെങ്കിൽ ബ്ലോക്ക് ഡവലപ്പ്മെൻറു് ആഫീസറാണു് അതിന്റെ ചുമതല വഹിക്കേണ്ടതു്. എന്നാൽ ഏകാഗ്രചിത്തതയോടുകൂടി ഇക്കാര്യത്തിനുവേണ്ടി സമയം ചെലവാക്കാൻ നിർവ്വാഹമില്ലാത്തതാണു് അയാളുടെ ജോലിയുടെ സ്വഭാവം. അതുകൊണ്ടു് ബ്ലോക്ക് ഡവലപ്പ്മെൻറു് ആഫീസർക്കുവേണ്ടി ഈ ചുമതല നിർവ്വഹിക്കാൻ അയാളുടെകൂടെ പണിയെടുക്കുന്ന ഒരു ഉദ്യോഗസ്ഥനെക്കൂടെ നിയമിക്കേണ്ടതാവശ്യമായിവന്നു. അയാളെ സാമൂഹ്യവിദ്യാഭ്യാസസംഘാടകൻ എന്നു നാമകരണംചെയ്തു. ബ്ലോക്കിലെ പ്രവർത്തനത്തിൽ പുരുഷന്മാരുമായും സ്ത്രീകളുമായും ഇടപെടേണ്ടിയിരുന്നതിനാൽ രണ്ടു സാമൂഹ്യവിദ്യാഭ്യാസസംഘാടകരെവീതം— ഒന്നു് സ്ത്രീകളുടെയിടയിൽമാത്രം പ്രവർത്തിക്കാനും,* ഒന്നു് പുരുഷന്മാരുടെയിടയിൽ മാത്രം പ്രവർത്തിക്കാനും—നിയമിക്കാൻ തീർച്ചപ്പെടുത്തി.

സാമൂഹ്യവിദ്യാഭ്യാസസംഘാടകനു് ശൂന്യതയിൽ പ്രവർത്തിക്കാനാവില്ല. മററു മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന വികസനോദ്യോഗസ്ഥന്മാർക്കു് അവരുടെ പ്രത്യേക വിഷയങ്ങളിൽ പ്രചരണംനടത്താനുള്ള സ്ഥാപനങ്ങളും മററുപാധികളുമുണ്ടു്. കൃഷിവികസനോദ്യോഗസ്ഥനു് കൃഷിപരീക്ഷണകേന്ദ്രം, മാതൃകാകൃഷിയിടം, വിത്തുകേന്ദ്രം മുതലായവയൊക്കെ

* മുഖ്യസേവിക എന്ന ഉദ്യോഗപ്പേരുള്ള ഈ പ്രവർത്തക സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

യുണ്ട്; മൃഗസംരക്ഷണവികസനോദ്യോഗസ്ഥനാണെങ്കിൽ മൃഗാസ്പത്രി, കോഴിവളത്തൽകേന്ദ്രം, കീവില്ലേജ് സെൻറർ, കൃത്രിമഗർഭോല്പാദനകേന്ദ്രം മുതലായതൊക്കെയുണ്ട്; സഹകരണവികസനോദ്യോഗസ്ഥൻെറ മണ്ഡലത്തിൽ സഹകരണ സംഘങ്ങൾ, വിത്ത് ഉപകരണം തുടങ്ങിയവയുടെ വിതരണ കേന്ദ്രം, ഗോഡൗണുകൾ എന്നിവയൊക്കെയുണ്ട്; ആസ്പത്രികൾ, ഗർഭശുശ്രൂഷാകേന്ദ്രങ്ങൾ, ശിശുസംരക്ഷണസ്ഥാപനങ്ങൾ എന്നിതെല്ലാം പൊതുജനാരോഗ്യത്തിൻെറ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻെറ അധീനത്തിലുമുണ്ട്; അങ്ങനെ ഓരോരുത്തർക്കും. സമൂഹ്യവിദ്യാഭ്യാസസംഘാടകനു പ്രവർത്തിക്കണമെങ്കിൽ ബ്ലോക്കിൽ സാമൂഹ്യകേന്ദ്രവും വാർത്താവിനിമയകേന്ദ്രവും ഉണ്ടായിരിക്കണം; അതുപോലെതന്നെ ഗ്രാമങ്ങളിൽ ഗ്രന്ഥശാലകളും വായനശാലകളും ഉല്ലാസകേന്ദ്രങ്ങളും സ്റ്റഡിസ്ക്ളബുകളും ക്യാമ്പുകളും സെമിനാറുകളുമൊക്കെ ഉണ്ടാകണം. അതുകൊണ്ട് സാമൂഹ്യവിദ്യാഭ്യാസസംഘാടകൎക്കു കൈകാര്യം ചെയ്യാൻവേണ്ടി ഈവക സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ആരംഭിക്കാമെന്നു ഞങ്ങൾ നിശ്ചയിച്ചു. എന്നാൽ ഈ സ്ഥാപനങ്ങളെല്ലാം സാമൂഹ്യവികസനപരിപാടിയുടെ തത്വശാസ്ത്രവും ലക്ഷ്യങ്ങളും പ്രവർത്തനരീതിയും പ്രചരിപ്പിക്കാനുള്ള ഉപകരണങ്ങളായിട്ടാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു് എന്നും ഇവ സ്ഥാപിക്കുക എന്നതു പരിപാടിയുടെ ആത്യന്തികലക്ഷ്യമല്ലെന്നും ഉള്ളതു വ്യക്തമായിരുന്നു. മാതൃകാകൃഷികേന്ദ്രം, മൃഗചികിത്സാകേന്ദ്രം, ആശുപത്രി, ഗർഭശുശ്രൂഷാകേന്ദ്രം, സ്കൂൾ എന്നിവയൊക്കെ ആൎക്കുവേണ്ടി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ ആ ഗ്രാമീണരുടെ താല്പര്യത്തിനും ഉത്സാഹപൂർവ്വമായ സഹകരണത്തിനും വിഷയമായിത്തീരാതിരിക്കുന്നപക്ഷം അവ നിഷ്പ്രയോജനമായിപ്പോകുന്നതു പോലെതന്നെയാണ് സാമൂഹ്യവിദ്യാഭ്യാസപ്രസ്ഥാനത്തിൻെറയും നില.

പരിപാടിയിലെ അടുത്ത ഇനം, ജനങ്ങളെ ഒരുമിച്ചുകൂട്ടി സമൂഹങ്ങളും സ്ഥാപനങ്ങളുമായി സംഘടിപ്പിച്ചെടുക്കുകയെന്നതായിരുന്നു. സാമൂഹ്യവികസനപരിപാടിപ്രകാരം പുരോഗതിയും ശാശ്വതത്വവും പ്രാപിക്കുന്നതിനുള്ള കേന്ദ്രബീജം

ഇത്തരം സമൂഹങ്ങളാണ്. അതുകൊണ്ടു് ഈ പുതിയ ഉദ്യോഗസ്ഥൻ— സാമൂഹ്യവിദ്യാഭ്യാസസംഘാടകൻ— ബ്ലോക്കടിസ്ഥാനത്തിലുള്ള കൂട്ടായ പ്രവൎത്തനത്തിലും സംഘടനാപ്രവൎത്തനത്തിലും പ്രത്യേകപരിശീലനം സിദ്ധിച്ചയാൾകൂടെയായിരിക്കുന്നതു് ആവശ്യമാണെന്നുവന്നു. ഒരു ബ്ലോക്കിലെ അറുപതു് എഴുപതിനായിരം വരുന്ന ജനങ്ങളെ മുഴുവൻ കൂട്ടായ പ്രവൎത്തനത്തിനു സംഘടിപ്പിച്ചെടുക്കുന്ന ജോലി, ഏതെങ്കിലും ഒററ ഉദ്യോഗസ്ഥൻ മാത്രം ചുമതലപ്പെട്ടു ചെയ്യുന്നതു സാധ്യമായ കാൎയ്യമല്ല. അതുകൊണ്ടു് സാമൂഹ്യവിദ്യാഭ്യാസ പ്രവൎത്തകൻ ബ്ലോക്കടിസ്ഥാനത്തിലുള്ള മററുദ്യോഗസ്ഥന്മാരുമായി (വികസന ഉദ്യോഗസ്ഥന്മാർ) അടുത്തു സഹകരിച്ചു് എല്ലാവരുംകൂടെ ഒററ ഘടകമായി നിന്നുകൊണ്ടു പ്രവൎത്തിക്കുന്ന വ്യവസ്ഥിതിയാണ് വിഭാവനചെയ്യപ്പെട്ടതു്. ഗ്രാമാടിസ്ഥാനത്തിൽ അയാൾ ഗ്രാമസേവകനും മററുദ്യോഗസ്ഥന്മാരുമായി സഹകരിച്ചു പ്രവൎത്തിക്കണം.

പദ്ധതിയുടെ പ്രാരംഭഘട്ടങ്ങളിൽ കേന്ദ്രത്തിലെ സാമൂഹ്യവികസനവകുപ്പധികൃതൎക്കും സംസ്ഥാനങ്ങളിലെ ഡവലപ്പ്മെൻറ് കമ്മീഷണർമാൎക്കും അവരുടെ കീഴിൽ പ്രവൃത്തിയെടുക്കുന്നവൎക്കും പരിപാടിയുടെ പ്രവൎത്തനത്തിൽ ഏതാണ്ടു് ദൈനംദിനശ്രദ്ധതന്നെചെലുത്തി അതിനെ നയിക്കാൻ കഴിഞ്ഞിരുന്നു. ഇതേവരെ ഉണ്ടായിക്കഴിഞ്ഞ അസാധാരണമായ വളൎച്ചയും ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന വളൎച്ചയുടെ ഗതിവേഗവും പരിഗണിച്ചാൽ, ഓരോ ബ്ലോക്കിന്റെ കാൎയ്യത്തിലും പ്രാരംഭത്തിലുണ്ടായിരുന്നത്ര ശ്രദ്ധ്യാന്തി കാണിക്കാനും നേരിട്ടു കാൎയ്യങ്ങൾ അന്വേഷിക്കാനും മേലിൽ സാദ്ധ്യമായിവരികയില്ല. പരിശോധനയുടെയും നേരിട്ടുള്ള നിയന്ത്രണത്തിന്റെയും ഉപദേശത്തിന്റെയും കാൎയ്യത്തിൽ ഇങ്ങനെ കുറെ അയവുവന്നതിനു പരിഹാരമുണ്ടാക്കേണ്ടതുണ്ടു്. അതിനു നമ്മുടെ ഉദ്യോഗസ്ഥന്മാൎക്കു നല്ലപ്പെട്ടുന്ന പരിശീലനം ഗുണത്തിലും ഉള്ളടക്കത്തിലും കൂടുതൽ മെച്ചപ്പെടണം. ഉദ്യോഗത്തിലിരിക്കെത്തന്നെ അവൎക്കു് ഇടയ്ക്കിടയ്ക്കു പ്രത്യേക പരിശീലനവും നല്കിക്കൊണ്ടിരിക്കണം. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുംനിന്നു് ഈ പ്രസ്ഥാനം സംബന്ധിച്ചു് വർദ്ധമാന

മായ തോതിൽ തയാറാക്കി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന വിജ്ഞേയസാഹിത്യം ഉൾക്കൊള്ളാനുള്ള വാസനയും ആഗ്രഹവും നമ്മുടെ ജോലിക്കാരിൽ വളർത്തുവാനുള്ള മാർഗ്ഗങ്ങളും കണ്ടുപിടിക്കണം.

നമ്മുടെ പരിപാടിയിലെ ഉദ്യോഗസ്ഥന്മാരിൽ ഏററവുമധികം തെററിദ്ധരിക്കപ്പെട്ടിട്ടുള്ളതും വിവാദവിഷയമായിട്ടുള്ളതും സാമൂഹ്യവിദ്യാഭ്യാസസംഘാടകനാണ്. ഇതു വളരെ സ്വാഭാവികമാണ്; പ്രത്യേകിച്ചും ആ ഉദ്യോഗത്തോടു ബന്ധപ്പെടുത്തി സങ്കല്പിച്ചിട്ടുള്ള ജോലിയുടെ സമഗ്രസ്വഭാവം പരിഗണിക്കുമ്പോൾ. എങ്കിലും ഈ ഉദ്യോഗസ്ഥൻെറ ചുമതലകളുടെ സ്വഭാവം കുറേക്കൂടെ വ്യക്തമായി നിർവ്വചിക്കയും സാധ്യതയുടെ പരിധികൾക്കുള്ളിൽ ഒതുങ്ങുമാറ് അതു ചുരുക്കുകയും അങ്ങനെ അയാളെ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കാൻ പ്രാപ്തനാക്കുകയും ചെയ്യാൻ കഴിയുകയില്ലെന്നു ഞാൻ കരുതുന്നില്ല. ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർമാർ പദ്ധതിയിലെ അവരുടെ ജോലി നിർവ്വഹിച്ച സമ്പ്രദായത്തെപ്പററി താരതമ്യേന ആക്ഷേപം കുറവാണ്. ബ്ലോക്കടിസ്ഥാനത്തിലുള്ള ഭരണാധികാരി എന്ന നിലയിലുള്ള അയാളുടെ പ്രവർത്തനത്തിന് അംഗീകൃതമാതൃകയും നിയമങ്ങളുമുണ്ടെന്നതാണ് അതിൻെറ കാരണം. എന്നാൽ ജോലികളുടെ നിർവ്വഹണത്തിൽ അയാൾ വേണ്ടിടത്തോളം വിജയിച്ചിട്ടില്ല. പരിപാടിയുടെ ലക്ഷ്യങ്ങളും തത്വശാസ്ത്രവും സംബന്ധിച്ച ശരിയായ ധാരണയും സങ്കല്പവും ഇനിയും അയാൾ വേണ്ടത്ര ഉൾക്കൊണ്ടുകഴിഞ്ഞിട്ടില്ല എന്നതാണ് ഇതിനു കാരണം. വികസനപ്രവർത്തനങ്ങളോടുള്ള ആഭിമുഖ്യത്തെക്കാളേറെ, ഭരണപരമായ നിയന്ത്രണപ്രവർത്തനങ്ങൾക്കുള്ള പ്രവണതയാണ്—പ്രത്യേകിച്ച് ബ്ലോക്കടിസ്ഥാനത്തിലുള്ള സഹപ്രവർത്തകരുടെ കാര്യത്തിൽ—അവരിൽ കാണപ്പെടുന്നത്. അയാളെപ്പോലെതന്നെ അയാളുടെ മേലധികാരികളും ഇന്നത്തെ കാലത്തിന് ആവശ്യമായ കൂട്ടായ പ്രവർത്തനമെന്ന ആശയത്തിനു കേവലം അന്യരാണ് എന്നതു കൂടുതലൊരു പ്രതിബന്ധമായിത്തീർന്നു.

ഈ പ്രശ്നങ്ങൾക്കൊരു പരിഹാരം കണ്ടെത്തണമെന്നു

ണ്ടെങ്കിൽ പരിശീലനകേന്ദ്രങ്ങളിലുള്ള നമ്മുടെ ഉദ്യോഗസ്ഥന്മാർ, പരിപാടിയെ സംബന്ധിച്ചിടത്തോളം, വിദ്യാത്ഥികളുടെ കാഴ്ചപ്പാട്ടം മനോഭാവവുംതന്നെ സ്വീകരിക്കയും, തമ്മിൽ സഹകരിച്ചു പ്രവത്തിക്കാനുള്ള ഒരു കൂട്ടപ്രവത്തനമനോഭാവം വളത്തിയെടുക്കുകയും വേണം. പരിശീലനകേന്ദ്രങ്ങളിലെ അദ്ധ്യാപകരിൽ ഏററവും ഉയർന്നതരത്തിൽപ്പെട്ടവർകൂടെയും—ഏററവും ഉത്തമമായ സാഹചര്യങ്ങളിൽപ്പോലും—ഒരേ കാര്യംതന്നെ തുടർച്ചയായി ആണ്ടിൽ പല തവണ ആവത്തിച്ചാവത്തിച്ചു പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, മുഷിഞ്ഞുപോകാനിടയുണ്ട്. ഈ പ്രവണതയുണ്ടാകാതിരിക്കാൻ നാം പ്രത്യേകം ചില മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതുണ്ട്. നമ്മുടെ അദ്ധ്യയനസമ്പ്രദായത്തിൽ സ്വീകരിക്കുന്ന പാഠ്യപദ്ധതിയിലെ സമീപനവും അത്ര ശരിയാണോ എന്നെനിക്കു സംശയമുണ്ട്. പരിശീലനകേന്ദ്രങ്ങളെ ചുററിക്കിടക്കുന്ന ഗ്രാമങ്ങളിൽ സാമൂഹ്യവികസനപദ്ധതിപ്രകാരമുള്ള പ്രവത്തനങ്ങൾ നടപ്പിൽവരുത്തുന്നതിൽ നേരിട്ടു പങ്കെടുപ്പിക്കുന്നതാണ് ശരിയായ അദ്ധ്യാപനരീതി. പരിശീലനങ്ങളിൽ പങ്കെടുക്കുന്നവരുടെ ചർച്ചായോഗങ്ങളിൽവച്ച് പ്രവത്തനരംഗത്തു് അനുഭവപ്പെടുന്ന കാര്യങ്ങളെയും പ്രശ്നങ്ങളെയുംപററി കൂടിയാലോചിക്കണം. സാമൂഹ്യവിദ്യാഭ്യാസസംഘാടകരുടെയും ബ്ലോക്ക്ഡവലപ്പ്മെൻറ്ആഫീസറന്മാരുടെയും പരിശീലനത്തിൽ ഒരു അവിഭാജ്യഘടകമാണ് ഇതു്. ബ്ലോക്ക്ഡവലപ്പ്മെൻറ്ആഫീസറന്മാരുടെയും വികസന ഉദ്യോഗസ്ഥന്മാരുടെയും പരിശീലനകേന്ദ്രത്തിൽ പദ്ധതിയുടെ സിദ്ധാന്തഭാഗം പഠിപ്പിക്കുമ്പോൾ, പദ്ധതിയുടെ തത്വശാസ്ത്രം, ലക്ഷ്യങ്ങൾ എന്നിവയിലായിരിക്കണം പരമാവധി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതു്.

പരിശീലനകേന്ദ്രങ്ങളിലെ അദ്ധ്യാപകർ അവരിൽനിന്നു പ്രതീക്ഷിക്കുന്ന ഊജ്ജസ്വലതയോടെ പണിയെടുക്കുകയും പദ്ധതിയുടെ ഏററവും ആധുനികപ്രവണതകൾ മനസ്സിലാക്കിക്കൊണ്ടിരിക്കയും ചെയ്യണമെങ്കിൽ പരിശീലനകേന്ദ്രത്തെ ചുററിയുള്ള ബ്ലോക്ക്പ്രദേശത്തെ വികസനപ്രവത്തനങ്ങളിൽ സജീവമായി പങ്കെടുത്തുകൊണ്ടിരിക്കണം. കേന്ദ്ര

ത്തിലും സംസ്ഥാനത്തിലുംനിന്നു് ഈ വിഷയത്തെപ്പററി പുറപ്പെടുവിക്കുന്ന മുഴുവൻ സാഹിത്യത്തെയുംപററി നടത്തുന്ന സ്റ്റഡിസർക്കിളിൽ, പരിശീലനത്തിലേർപ്പെട്ടിരിക്കുന്നവരോടൊപ്പം അദ്ധ്യാപകന്മാരും പങ്കെടുക്കേണ്ടതും ആവശ്യമാണു്. അതിനുംപുറമെ പ്രവർത്തനരംഗത്തു പരിചയംനേടിയ പുതിയ ആളുകളെ കാലാകാലങ്ങളിൽ മാററിനിയമിച്ചു് പുതുരക്തത്തിൻെറ പ്രയോജനമുണ്ടാക്കേണ്ടതുമാണു്. വിവിധപരിശീലനകേന്ദ്രങ്ങളിലെ അധ്യാപകന്മാരെ ഇടയ്ക്കിടെ പരസ്പരം മാററി നിയമിക്കയും വേണം. തങ്ങൾ ചുമതലപ്പെട്ടിരിക്കുന്ന ജോലികൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതോടൊപ്പംതന്നെ പരിശീലനകേന്ദ്രങ്ങളിലെ അദ്ധ്യാപകർക്കു് തങ്ങളുടെ ബ്ലോക്കു പരിധിക്കു വെളിയിൽ അകലെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബ്ലോക്കുകളിൽ ചെന്നു് അവിടത്തെ പ്രവർത്തന സമ്പ്രദായവുമായി അടുത്തിടപഴകി തങ്ങളുടെ കഴിവുകൾ കൂടുതൽ ഊർജ്ജിതപ്പെടുത്താനുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതുണ്ടു്. അദ്ധ്യാപകരുടെ അത്തരം റിഫ്രഷർകോഴ്സുകൾ, അവർക്കു് ഒഴിച്ചുകൂടാൻവഹിയാത്ത പ്രായോഗികജ്ഞാനം നല്കുന്നതാണു് എന്നതിനാൽ അതു് പ്രയോജനകരമാകുമാറു് ദൈർഘ്യമുള്ളതുമായിരിക്കണം. അതുപോലെതന്നെ ഗ്രാമനേതൃത്വക്യാമ്പുകങ്ങളിലും, പരിശീലനത്തിലിരിക്കുന്നവരും പരിശീലിപ്പിക്കുന്നവരുമായ ഉദ്യോഗസ്ഥന്മാർ സജീവമായി പങ്കുകൊള്ളേണ്ടതാണു്.

ബ്ലോക്ക്ഡവലപ്പ്മെൻറ്ആഫീസർമാർക്കും വികസനോദ്യോഗസ്ഥന്മാർക്കും ജോലിക്കാലത്തിനിടയിൽത്തന്നെ മുമ്മൂന്നുകൊല്ലം കൂടുമ്പോൾ നല്കപ്പെടുന്ന പരിശീലനം വേഗം തന്നെ ഒരു അഖിലേന്ത്യാമാതൃകയിലാക്കേണ്ടതുണ്ടു്. സാമൂഹ്യവികസനം സംബന്ധിച്ച പഠനത്തിനും ഗവേഷണത്തിനുമായി നടത്തപ്പെടുന്ന കേന്ദ്രഇൻസ്റ്റിററ്യൂട്ടിൽ സംഘടിപ്പിക്കപ്പെടുന്ന സ്റ്റഡിസർക്കിളിൻെറ ഏതാണ്ടൊരു മാതൃകയിലായിരിക്കണം ഇത്തരം പരിശീലനം. ഈ പരിശീലനകേന്ദ്രങ്ങൾ തന്നെയാണു് അതിനനുയോജ്യമായ അന്തരീക്ഷം നല്കുന്നതു്. അപ്പോൾ, ഇതേവരെ നമ്മുടെ പ്രവർത്തകർക്കു് പ്രാഥമികപരിശീലനം മാത്രം നല്കിയിരുന്ന നമ്മുടെ പരിശീലനകേന്ദ്രങ്ങൾ,

മേലാൽ, പ്രവൃത്തിരംഗത്തിൽ പ്രായോഗികപരിചയം നേടിക്കൊണ്ട് ഉപരിപരിശീലനത്തിനായി മടങ്ങിവരുന്നവരെക്കൂടെ കൈകാര്യംചെയ്യാൻതക്കവിധം സജ്ജമാക്കേണ്ടതുണ്ട് എന്നു സിദ്ധിക്കുന്നു. അടുത്തപടിയായി ഈ കേന്ദ്രങ്ങൾ ചെയ്യേണ്ടതു് വികസനമണ്ഡലത്തിൽ കുറേ ഗവേഷണത്തിനു തയാറാവുകയാണു്. ഇത്തരം വിശാലമായ കാഴ്ചപ്പാടോടുകൂടെ വേണം, നമ്മുടെ പരിശീലനകേന്ദ്രങ്ങൾ വളൎന്നുവരേണ്ടതു്. പദ്ധതിയുടെ പൊതുവായ ചലനശേഷിക്കനുസൃതമായി സ്വന്തം ചലനശേഷിയുല്പാദിപ്പിക്കുന്ന സജീവഘടകങ്ങളായി ഈ പരിശീലനകേന്ദ്രങ്ങൾ രൂപപ്പെടുന്നില്ലെങ്കിൽ ആ കേന്ദ്രങ്ങളിൽ പരിശീലനംനേടുന്ന ഉദ്യോഗസ്ഥന്മാരിലും ഒരുതരം നിഷ്പന്ദത വന്നുകൂടുമെന്നു ഞാൻ ഭയപ്പെടുന്നു.

11795

## V
## വഴിത്തിരിവിൽ

# പ്രസ്ഥാനം ആരുടേതു്?

വളരെ വർഷങ്ങൾക്കു മുമ്പു നടന്ന കാര്യമാണു്. ഒരു ഡോക്ടർ തൻെറ രോഗിക്കു് എക്സ്റേ ചികിത്സ നല്കുകയായിരുന്നു. രോഗത്തിനുവേണ്ട ചികിത്സ അതല്ലെന്നു് അഭിപ്രായമുണ്ടായിരുന്ന ഞാൻ ചോദിച്ചു: 'ഇതുകൊണ്ടു രോഗിക്കു ഗുണം കിട്ടുമെന്നു നിങ്ങൾക്കുറപ്പുണ്ടോ?' 'രോഗിക്കു് ഒരുവേള ഗുണം കിട്ടിയില്ലെങ്കിലും ഡോക്ടർക്കു ഗുണം കിട്ടുമെന്നു നിശ്ചയമാണു്' എന്നായിരുന്നു ഡോക്ടർ പെട്ടെന്നു മറുപടി പറഞ്ഞതു്. ഫൽഗുനദി ഗയയിൽ എത്തുന്നതോടെ വളരെ അധികം സന്ദർശകരെ ആകർഷിക്കുന്ന ഒരു കേന്ദ്രമായിത്തീരുന്നു. ഈ മഹത്തായ തീർത്ഥാടനകേന്ദ്രത്തിൽ ദൈവങ്ങൾക്കു വഴിപാടു നടത്തിയാൽ പിതൃക്കൾ നേരെ സ്വർഗ്ഗത്തിലേക്കുള്ള കവാടത്തിലൂടെ കടന്നുപൊയ്ക്കൊള്ളുമെന്നാണു പറയപ്പെടുന്നതു്. 'മന്ത്രത്തിൻെറ കാലം കഴിഞ്ഞു; വിഗ്രഹഭഞ്ജകന്മാരുടേതായ ഇക്കാലത്തു വിയർപ്പും കണ്ണീരും മാത്രമേ വിലപ്പോകയുള്ളു; ഇപ്പോൾ അലാഡിൻെറ ദീപം അത്ഭുതങ്ങൾ പ്രവർത്തിക്കാറില്ല' എന്നു നാം ആവർത്തിച്ചു പറയാറുണ്ടു്. എങ്കിലും പെപ്സു സംസ്ഥാനത്തിലെ ധുരി എന്ന സ്ഥലത്തു് ഈയിടെ ഒരു ശിശു നാലു കൈയും നാലു കണ്ണുമായി ജനിച്ചു എന്നു കേട്ടപ്പോൾ ആ ശിശുവിൻെറ ദരിദ്രനായ പിതാവിനെ ഒറ്റരാത്രികൊണ്ടു സ്വത്തുകാരനാക്കി മാററാൻതക്കവിധം വഴിപാടുകളുംകൊണ്ടു് ആളുകൾ അവിടെ ഓടിക്കൂടുകയുണ്ടായി.

സാമൂഹ്യവികസനപദ്ധതിയും ദേശീയവികസനപരിപാടിയും, മൗലികമായി, പുതുതായി സ്വാതന്ത്ര്യം നേടിയ സ്വരാജ്യത്തോടുള്ള അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കു ജനങ്ങളെ ബോധവാന്മാരാക്കാനും അതിൻെറ ശരിയായ നിർവ്വഹണത്തിൽനിന്നനുഭവിക്കുന്ന അവകാശങ്ങൾ മനസ്സി

ലാക്കിക്കൊടുക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. വികസന പ്രവർത്തനത്തിന്, നാം അറിഞ്ഞോ അറിയാതെയോ അതിനെ സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി ദുരുപയോഗപ്പെടുത്താത്ത പക്ഷം, ഇന്ത്യയിൽ മറെറാരു നിർവ്വചനമുണ്ടാകാവുന്നതല്ല. പുരാതനകാലങ്ങളിൽ മററു ചില രാജ്യങ്ങളോടൊപ്പം ഈ രാജ്യവും സംസ്കാരത്തിലും നാഗരികതയിലും അത്യുന്നതമായ സ്ഥാനം പ്രാപിച്ചുവെങ്കിൽ അതിൻെറ കാരണം അക്കാലത്ത് നമ്മുടെ ആളുകൾ ജീവിതത്തെ അവിഭാജ്യവും ഏകവും ആയി സങ്കല്പിക്കയും, പൊതുശേഖരത്തിലേക്ക് ഓരോരുത്തനും അവനവൻെറ കഴിവനുസരിച്ച് നിക്ഷേപിക്കയും അതിൽനിന്ന് ഓരോരുത്തനും ആവശ്യത്തിൻെറ തോതനുസരിച്ച് ഗ്രഹിക്കുകയും ചെയ്ത് സഹവർത്തിത്വമെന്ന മഹത്തായ ആദർശം പ്രാവർത്തികമാക്കുകയും ചെയ്തതാണ്. പ്രാചീനഭാരതീയചിന്തയുടെ സാരസർവ്വസ്വമായ വേദങ്ങളും ഉപനിഷത്തുകളും ആരുടെ സൃഷ്ടിയാണ് എന്ന് ഇതേവരെ നമുക്കു കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. 'ദൈവമാണ് സത്യം; പ്രപഞ്ചം മിഥ്യയാണ്" എന്നു പഴയകാലത്തെ സിദ്ധന്മാർ പറഞ്ഞു. ഈ ഒററ മൗലികസങ്കല്പത്തിൽനിന്നാണ് ചിന്തയുടെ ചട്ടക്കൂട്ടുത്ഭവിച്ചതു്—മനഃശാസ്ത്രംമുതൽ ദൈനംദിനജീവിതത്തിലെ ഭൗതികശാസ്ത്രംവരെ, എല്ലാം. നാം 'പൂജ്യം' എന്നു വ്യവഹരിക്കുന്ന മൗലികഘടകത്തിൻെറ സങ്കല്പത്തിൽ അധിഷ്ഠിതമായ അണുവിസ്ഫോടനത്തിൽ ചെന്നവസാനിക്കുന്ന ആധുനിക ഊർജ്ജതന്ത്രത്തിൻെറ തത്വംതന്നെയാണ് ഒട്ടൊക്കെ ഈ പരിണാമത്തിൻെറയും തത്വം.

അതുകൊണ്ടു വ്യക്തമാകുന്നതു്, ജീവിതമാകുന്ന 'ചാന്ദ്നി ചൗക്കി'ൽ നാം വിജയോൽഘോഷണങ്ങളോടെ പ്രകടിപ്പിക്കുന്ന കണ്ടുപിടിത്തങ്ങളും നവദർശനങ്ങളും എല്ലാം മനുഷ്യനോളംതന്നെ പഴക്കമുള്ള ചിന്തകളെയും സങ്കല്പങ്ങളെയും പററിയുള്ള പുനർവിചാരങ്ങൾ മാത്രമാണെന്നും, മൗലികപ്രതിഭയെന്നതു് സർവ്വസാധാരണമല്ലെന്നുമാണ്. ഇക്കാര്യത്തെപ്പററി അല്പം ദീർഘമായിത്തന്നെ ഉപന്യസിക്കാമെന്നു ഞാൻ കരുതിയതു് അടുത്തകാലത്തായി നമ്മുടെ പ്രസ്ഥാനം അങ്ങാടിസ്ഥലത്തിൻെറ പ്രവണതകൾ അംഗീകരിച്ചുകാണു

ന്നതുകൊണ്ടാണ്. ജനങ്ങൾതന്നെ രൂപംകൊടുക്കുന്നതും ജനങ്ങൾതന്നെ നടപ്പിൽവരുത്തുന്നതും ജനങ്ങൾതന്നെ പൂർണ്ണതയിലെത്തിക്കുന്നതും പൂർണ്ണമായി ജനങ്ങളുടേതും ആയ ഒരു പ്രസ്ഥാനമായിട്ടാണ് ഇതു വിഭാവനചെയ്തിട്ടുള്ളതു്. ഉത്ഭവകാലത്തെ മനുഷ്യൻെറ പ്രവണതകളിൽ ഇന്നത്തെ സാഹചര്യങ്ങൾക്കനുസൃതമായ ഒരു നവോത്ഥാനമുണ്ടാക്കുക എന്നതായിരുന്നു ഉദ്ദേശം. ഈ മഹാസംരംഭത്തിൽ ഉപകരണങ്ങളാകാൻ ദൈവം നമ്മെ നിയോഗിച്ചിരിക്കുന്നു എന്ന ചിന്തയിൽ തങ്ങൾക്കു കൈവന്ന ഭാഗ്യത്തെപ്പററി സ്വയം അനുമോദിക്കേണ്ടതിനു പകരം, നമ്മിൽ ചിലർ, പ്രസ്ഥാനം നമ്മുടെ കണ്ടുപിടിത്തമാണെന്നുള്ള പേററൻറുമുദ്ര കുത്തിയെടുക്കുന്നതിൽ തല്പരരായിത്തീർന്നിരിക്കുന്നുവെന്നു കാണുന്നു. ആ മഠയന്മാരറിയുന്നില്ല, ഈ പ്രസ്ഥാനം എത്രയോ പുരാതനകാലത്തുതന്നെ ആരംഭിച്ചതാണെന്നും ഗർഗാവോൺ, മാർത്താണ്ഡം, ശ്രീനികേതൻ, ബറോഡാ, എററാവാ, നീലോഖേരി, ഫാരിദാബാദ് എന്നിവയെല്ലാം വളരെ പഴയ ഒരു സങ്കല്പത്തിൻെറ ആധുനികപതിപ്പിലെ ഓരോ ചെറുഘടകങ്ങൾ മാത്രമാണെന്നും, എല്ലാ 'മുദ്രനിർമ്മാതാക്കളും മുദ്രവില്പനക്കാരും'കൂടെ ചേർന്നാൽ പോലും ആ മൗലികധാതുവിൽ അണുവോളംപോന്ന വല്ലതും പോലും കൂട്ടിച്ചേർക്കാൻ കഴിയുന്നതല്ലെന്നും.

ഇത്രയും നാം അംഗീകരിക്കുന്നപക്ഷം അതിൻെറ സ്വാഭാവികമായ അനുബന്ധമായി, ജനങ്ങളുടേതായ പ്രസ്ഥാനത്തിൽ കുറുക്കുവഴികൾക്കു സ്ഥാനമില്ലെന്നും, മനുവിൻെറ സൂത്രചതുഷ്ടയംപോലെയുള്ള മുദ്രാവാക്യങ്ങൾ നമുക്കു താല്ക്കാലികവിനോദത്തിനുതകിയേക്കുമെന്നല്ലാതെ നമ്മുടെ പുതിയ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൻെറ ഉപാധികളായ ചോരയും വിയർപ്പും ഒഴിവാക്കാൻ സഹായകമാവില്ലെന്നുംകൂടെ നാം സമ്മതിക്കണം. കടന്നുപോന്ന വഴിയിലേക്കു തിരിഞ്ഞുനോക്കുന്നതു ചിലപ്പോൾ കുറച്ചൊക്കെ പ്രയോജനകരമാണ്; ഇനിയും മുമ്പോട്ടു താണ്ടേണ്ട ദീർഘമായ പാതയിൽ സഞ്ചരിക്കാൻതക്കവിധം തളർന്നുപോയ ആത്മാവിനു് ഉന്മേഷം നല്കുന്ന ഉജ്ജീവനൗഷധം എന്ന നിലയിൽ. എന്നാൽ 'നാളെ'യിലേക്കുള്ള യാത്രയ്ക്കിടയിലും 'ഇന്നലെ'യിൽ ജീവിക്കുന്നതു് ഒരു

ചീത്ത ലക്ഷണമാണ്. അതു് ഒന്നുകിൽ പ്രവൃത്തിയിൽനിന്നു വിട്ടൊഴിഞ്ഞുപോകാനുള്ള പതനത്തിൽ എത്തിയതിന്റെയോ, അല്ലെങ്കിൽ മററുള്ളവരെ വഴിതെററിച്ചുവിട്ടു് അവരെ പോക്കററടിക്കാൻ സൂത്രമാലോചിക്കുന്നതിന്റെയോ ലക്ഷണമാണ്. നമ്മുടെ പരിപാടിയുടെ ഇന്നത്തെ പതനത്തിൽ 'സംതൃപ്തി' യെന്നതു് 'ഒന്നാംനമ്പർ ശത്രു'വാണ്. സംതൃപ്തിയെ അക്ഷരാത്ഥത്തിൽ 'കുടവയറിൻെറ' ഉടമ എന്നു വ്യാഖ്യാനിക്കേണ്ടതില്ല. ഭാവിയെപ്പററി അടിസ്ഥാനരഹിതമായ മോഹനചിത്രങ്ങൾ രചിക്കാൻവേണ്ടി ഭൂതകാലമഹിമാവിനെ കണക്കററു വാഴ്ത്തുന്ന പ്രവാചകന്മാരെയും അക്കൂട്ടത്തിൽ പെടുത്താം. പഴകിയതും വിട്ടുമാറാത്തതുമായ രോഗങ്ങൾക്കു് ഒററമൂലിമരുന്നു നിർദ്ദേശിച്ചുകൊണ്ടു പുതിയ പുതിയ അമൃതധാരകളുമായി രംഗത്തു വരുന്നവരും അക്കൂട്ടത്തിൽ പെടുത്തപ്പെടേണ്ടവർതന്നെ.

മരവിച്ചു മരിച്ചുപോയ ഭൂതകാലത്തിൻെറ അവശിഷ്ടങ്ങളായ ഇത്തരം നിദ്രാണസഞ്ചാരികളെയും ഹഠയോഗികളെയും സാമൂഹ്യവികസനപദ്ധതിപ്രകാരം പ്രവത്തിച്ചുകൊണ്ടിരിക്കുന്ന ജനകീയസംഘടന വളരെ സൂക്ഷിക്കണം. കൊടുമുടിയുടെ അഗ്രഭാഗത്തേക്കുള്ള വഴി വളഞ്ഞുവളഞ്ഞാണു കിടക്കുന്നതു്. അതു് അങ്ങനെയാകാതെ തരമില്ല. കുറുക്കുവഴികൾ സാധാരണ ഉപയോഗിക്കുന്നതു കീഴോട്ടിറങ്ങുമ്പോഴാണ്. അല്ലെങ്കിൽ പിന്നെ, ശരിയല്ലാത്ത കാര്യങ്ങൾക്കൊരുമ്പെട്ടുന്ന കൊള്ളരുതാത്ത മനുഷ്യരാണ് അവ ഉപയോഗിക്കുക. സൂത്രശാലികളായ ന്യൂനപക്ഷം ഉണ്ടാക്കിവയ്ക്കുന്ന കെണികളെപ്പററി ശുദ്ധബുദ്ധികളായ കോടാനുകോടികൾക്കു മുന്നറിവു നല്കേണ്ടതുണ്ടു്. അത്തരം അധർമ്മപ്രവൃത്തികളുടെ ഒരു അനുസ്യൂതധാരയാണ് ഇന്ത്യാചരിത്രം. നമുക്കു് ആ നിലയൊന്നു മാററുക. നാം സ്വാഗതംചെയ്യാൻ കാക്കുന്ന 'നാളെ' ജനങ്ങളുടേതും ജനങ്ങൾക്കുവേണ്ടിയുള്ളതുമായിരിക്കട്ടെ.

## ആരുടെ സ്വാതന്ത്ര്യം?

ചക്രവത്തികൾ വന്നു; പോയി. രാജവംശങ്ങൾ മാറിക്കൊണ്ടിരുന്നു. അവർ ക്ഷേത്രങ്ങൾ, പള്ളികൾ, കാര്യാലോചനാമണ്ഡപങ്ങൾ എന്നിവ അവശേഷിപ്പിച്ചിട്ടു പോയി. അവ പലപ്പോഴും ഒന്നിനുമീതെ ഒന്നായിട്ടാണു പണിയപ്പെട്ടതും. ഡെൽഹി വികസിച്ചിട്ടുണ്ട്; പക്ഷേ, അധികമില്ല. അതുപോലെതന്നെ മററു ചെറിയ തലസ്ഥാനനഗരങ്ങളും. നാട്ടിൻപുറമാകട്ടെ, ഹരിതാഭയോടെ തുടന്നു, കഷകർ പാടം ഉഴുതുമറിച്ചു, കന്നുകാലികളെ വളത്തി, വിള കൊയ്തെടുത്തു, നികുതികൾ ഒടുക്കി. ഹരിതവണ്ണം അഭംഗം തുടന്നു; എന്തെന്നാൽ നഗരങ്ങളിൽ സുഖഭോഗങ്ങളിൽ മുഴുകി കൂത്താടുന്നവർ വളരെയൊക്കെ പാഴ്‌വ്യയംചെയ്തിട്ടുംകൂടെ, അവക്ക് ഉപയോഗിക്കാവുന്ന വിഭവങ്ങളുടെ അളവിനൊരു പരിധിയുണ്ടായിരുന്നു. മഹാരാജാക്കന്മാരും സുൽത്താന്മാരും അവരുടെ അന്തഃപുരസ്ത്രീകളും മുൻകാലങ്ങളെ അപേക്ഷിച്ചു കൂടുതൽ കൂടുതൽ സുന്ദരങ്ങളായ കലാരൂപങ്ങളുടെ സൃഷ്ടിയിൽ താല്പര്യമെടുക്കുകയാൽ കലകളും ശില്പവിദ്യയും വളരെയധികം പുഷ്ടിപ്പെട്ടു.

ആവിയന്ത്രത്തിൻെറ ആഗമനത്തെത്തുടന്നു രംഗത്തിൽ ഒരു പരിവത്തനം സംഭവിച്ചു. ആവശ്യംകഴിഞ്ഞു് അധികമുള്ള അവരുടെ ഉൽപന്നങ്ങൾ കെട്ടിയേല്പിക്കാൻ ബ്രിട്ടീഷ്കാക്കു സ്ഥലം വേണ്ടിയിരുന്നു. ഈ നിർല്ലജ്ജമായ ഏകമാർഗ്ഗവ്യാപാരത്തെ പ്രോത്സാഹിപ്പിക്കാൻ അവക്കു തന്നാട്ടുകാരായ സഹായികളെയും ആവശ്യമുണ്ടായിരുന്നു. ഹരിതവണ്ണം ചാരവണ്ണമായി മാറി. ആസന്നമായ ആപത്തിനെതിരായി ആദ്യം ഇളകിയതു് ഇടത്തരക്കാരായിരുന്നു. പക്ഷേ, തോക്കുകളെയും പീരങ്കികളെയും അഭിമുഖീകരിച്ചാകുമ്പോൾ അത്തരം വിപ്ലവങ്ങളെല്ലാം നിഷ്ഫലങ്ങളാണ്. സമരം ജയിക്കണമെങ്കിൽ കുറേക്കൂടെ വിശാലാധിഷ്ഠിതമായ സഖ്യങ്ങൾ സംവിധാനംചെയ്യേണ്ടതുണ്ടായിരുന്നു. കൂനുപിടിച്ച ഗ്രാമീണനെ മുമ്പോട്ടുവരാൻ ആഹ്വാനംചെയ്തു. എന്തുകൊണ്ടെന്നാൽ ഗ്രാമീണരാണു് ഇന്ത്യൻജനങ്ങളിലെ ബഹുഭൂരിപക്ഷം.

അവന്റെ വയറു് ഒട്ടി, നട്ടെല്ലിൽ തൊട്ടിരുന്നു. ഒരുതുണ്ടു തുണി കൊണ്ടു കഷ്ടിച്ചാണു് അവൻ നഗ്നത മറച്ചിരുന്നതു്. വളക്കൂറില്ലാത്ത ദരിദ്രഭൂമിക്കു നൽകാൻ കഴിയുന്ന അല്പം വല്ലതും കൊണ്ടു വേണ്ടിയിരുന്നു, അവനു കഴിച്ചുകൂട്ടാൻ. അവനു നഷ്ടപ്പെടാൻ ഒന്നുമുണ്ടായിരുന്നില്ല. തൻെറ കൂട്ടത്തിൽപ്പെട്ടയാൾ തന്നെയാണു് തന്നെ ആഹ്വാനംചെയ്യുന്നതെന്നു ബോദ്ധ്യമായപ്പോൾ അവൻ അതിനെ മാനിക്കാൻ തയ്യാറായി. ആ സമരം 1947 ആഗസ്റ്റ് 15-ാം തീയതി പര്യവസാനിച്ചു. പിരിഞ്ഞുപോകുന്ന യജമാനന്മാർ അറകളുടെയും ഭാവിയുടെയും താക്കോൽ നമ്മെ ഏല്പിച്ചിട്ടു പോയി. ദീർഘകാലത്തെ ഘോരസമരത്തിൻെറ അന്ത്യത്തിൽ അവശേഷിച്ച നേതാക്കന്മാർ രാഷ്ട്രത്തിന്റെ പ്രാതിനിധ്യം വഹിച്ചു് താക്കോലുകൾ ഏററുവാങ്ങി. ആരുടെ രക്ഷാധികാരികളായിട്ടാണോ ആ താക്കോലുകൾ ഏററുവാങ്ങിയതു്, ആ പ്രായപൂർത്തിവരാത്തവരെ ഏല്പിച്ചുകൊടുക്കാനുള്ളതാണു് ആ സ്വത്തുക്കൾ. പുതിയ ചുമതല വഹിക്കത്തക്കവിധം അവരെ വളർത്തി പ്രായപൂർത്തിയാക്കിയെടുക്കണം. ആദ്യമായിത്തന്നെ അവരെ വിശപ്പു്, രോഗം, അജ്ഞത എന്നിവയിൽനിന്നു മുക്തരാക്കണം.

വൈദേശികശത്രുവിനോടുള്ള സമരം ഒരു പ്രത്യേക കാര്യമാണു്. എന്നാൽ സ്വന്തം നാട്ടിനകത്തുതന്നെയുള്ള ശത്രുവിനോടാണു് നേരിടേണ്ടതെന്നുവരുമ്പോൾ അതു കാര്യം വേറെയാണു്. ഇതിനു് നേതാക്കന്മാൎക്കു സത്യസന്ധതയും കലശലായ ദേശഭക്തിയും ഉണ്ടായിരിക്കേണ്ടതിനുപുറമേ, ഭരണപരവും സാങ്കേതികവുമായ കരതിർന്ന കഴിവും പ്രശസ്തിയെപ്പററി പരിഗണനയില്ലാതെ പുരോഗമിക്കാനുള്ള പ്രേരണയാൽ പ്രചോദിതരായ സഹസ്രക്കണക്കിനാളുകളുടെ നിരന്തരമായ പ്രയത്നസന്നദ്ധതയും ആവശ്യമാണു്. നമുക്കു കൈമാറിക്കിട്ടിയ ഭരണസംവിധാനത്തിനുള്ളിൽ പ്രവൎത്തിച്ചിരുന്ന ഉദ്യോഗസ്ഥന്മാർ—ഭരണവിഭാഗത്തിലായാലും ശരി, സാങ്കേതികവിഭാഗത്തിലായാലും ശരി—കടലാസ്സും പെൻസിലും കൈകാര്യംചെയ്യുന്ന കലയിൽ അസാധാരണ സമൎത്ഥന്മാരായിരുന്നു. ഇങ്ങനെ കൈവന്ന പൂൎവ്വസ്വത്തിൻെറ അടിസ്ഥാനത്തിൽ വേണ്ടിയിരുന്നു, നമ്മുടെ നേതാക്കന്മാൎക്കു നവഭാ

രതം എന്ന ജോയിൻറുസ്റ്റോക്ക് സംഘടനയിൽ പ്രതികരണ സ്വഭാവവും ഉത്തരവാദിത്വവുമുള്ള പൗരന്മാരെന്ന നിലയിൽ 'മൂകലക്ഷങ്ങൾക്കു കഴിഞ്ഞുകൂടാനുള്ള മഹാപ്രാസാദങ്ങൾ' പണിഞ്ഞെടുക്കാൻ. ഗവണ്മെൻറിനെയും ജനങ്ങളെയും തമ്മിൽ ബന്ധിക്കുന്ന ഏകകണ്ണി, ഒരാൾ ഉൽപാദകനും അപരൻ തവണകളായി സംഖ്യയടച്ചുതീർക്കുന്ന ഉപഭോക്താവുമാണു് എന്ന ബന്ധമായിരുന്നു. 'നിങ്ങളുടെ വിശ്വസ്തഭൃത്യൻ' എന്നൊപ്പിടുന്നവർ വളരെക്കാലം ജനങ്ങളെ മിരട്ടി ഒതുക്കി നിർത്തിയിരുന്നുവെന്നുതന്നെയല്ല, അവരെപ്പററി ജനങ്ങൾക്കു വലിയ ഭയവുമായിരുന്നു.

നമ്മുടെ ആളുകളെല്ലാം—ഗവണ്മെൻറുദ്യോഗസ്ഥന്മാരും രാഷ്ട്രീയനേതാക്കളുമൊക്കെ—ഒരേ മണ്ണിൽനിന്നു വാർത്തെടുക്കപ്പെട്ടവരാണു്. പുതിയ ഭരണയന്ത്രം കൈകാര്യം ചെയ്യാൻ കൂടുതൽ മെച്ചപ്പെട്ട ആളുകളെ കിട്ടുക സാദ്ധ്യമായിരുന്നില്ല. അതുമല്ല, ചുററും പ്രസരിച്ചിരുന്ന അജ്ഞതാന്ധകാരത്തിൽ ഗവണ്മെൻറിൻെറ സംവിധാനക്രമത്തിൽ എന്തെങ്കിലും ഗൗരവമായ വ്യതിയാനം വരുത്തുന്നതു് എന്തും സംഭവിക്കാൻ സാദ്ധ്യതയുള്ള കുഴപ്പങ്ങൾ ക്ഷണിച്ചുവരുത്തിയേനെ. ബ്രിട്ടീഷ്ഭരണാധികാരികൾ വിട്ടുപോയി എന്നതു വാസ്തവമാണെങ്കിലും ഒരവസരം പാർത്തുനടക്കുന്ന വിദ്രോഹശക്തികൾ ബ്രിട്ടീഷ് ഗവണ്മെൻറിൻെറ പ്രേതംകണക്കേ അന്തരീക്ഷത്തിൽ അങ്ങിങ്ങു ചുററിത്തിരിയുന്നുണ്ടായിരുന്നു. നിലവിലുള്ളതും നിരന്തരവുമായ അടിസ്ഥാനത്തിൽത്തന്നെ മുമ്പോട്ടു പോകയാണു വേണ്ടതെന്ന തീരുമാനം സ്വാഭാവികമായി ഉണ്ടായി; അതു ബുദ്ധിപൂർവ്വവുമായിരുന്നു. അതുകൊണ്ടു നിലവിലുള്ള യന്ത്രത്തിൽനിന്നുതന്നെ ഏററവും പ്രയോജനപ്പെടുന്നതെന്നു തോന്നിയ അംശങ്ങളടങ്ങിയ ഒരു ഭാഗം തിരഞ്ഞെടുത്തു് പ്രാഥമികപരീക്ഷണമെന്ന നിലയിൽ നാട്ടിൻപുറത്തെ ചില പ്രദേശങ്ങൾ പ്രത്യേകം തിരഞ്ഞെടുത്തു് അവിടെ പുനരുജ്ജീവനപ്രവർത്തനങ്ങൾ നടത്താൻ അവരെ ചുമതലപ്പെടുത്തി. ഗ്രാമപ്രദേശത്തിലെ ജനങ്ങളുമായി ഇടപെടുന്ന ഭരണപരവും സാങ്കേതികവുമായ ഘടകങ്ങൾ ഒരുമിച്ചു പ്രവർത്തിച്ചു് ഗ്രാമതലത്തിൽ സംയുക്താഘാതമേല്പിക്കണം

എന്നതായിരുന്നു ആശയം. ജീവിതം അവിഭാജ്യമായ ഒററ ഘടകമാകയാൽ കൃഷി, ഗ്രാമവ്യവസായങ്ങൾ എന്നിവതുടങ്ങി വിനോദങ്ങളും കുടുംബാസൂത്രണവുംവരെയുള്ള എല്ലാ കാര്യങ്ങളെയും അതിൻെറ പരിധിക്കുള്ളിൽ ഒതുക്കി പ്രവത്തിക്കുന്ന ഒരു സംവിധാനമാണു് പദ്ധതിയിൽ വിഭാവന ചെയ്തിരുന്നതു്. ഭൗതികലക്ഷ്യങ്ങളുടെ നിവ്വഹണത്തിനുള്ള പരിശ്രമത്തോടൊപ്പംതന്നെ, ഗവണ്മെൻറുയന്ത്രത്തെയും അതിൻെറ വിഭവങ്ങളെയും അത്യാവശ്യമുള്ള മാത്രയിൽ മാത്രം ഉപയോഗിച്ചുകൊണ്ടു് സ്വന്തം ചലനശേഷിയാൽ പുരോഗമിക്കുന്ന, സ്വാശ്രയശക്തിയുള്ള, സാമൂഹ്യഘടകങ്ങളെ രൂപപ്പെടുത്തിയെടുക്കുകയെന്നതു് സവ്വപ്രധാനമായ ലക്ഷ്യമാണു്.

ഒരു പ്രസ്ഥാനമായി വളന്നുകഴിഞ്ഞിരിക്കുന്ന ഈ പരിപാടി നാട്ടിൽ മാത്രമല്ല, ലോകത്തിൻെറ വിശാലചക്രവാളത്തിനുള്ളിലും അഭിനന്ദനമാജ്ജിച്ചിരിക്കുന്നു. ഇന്ത്യൻ ഭൂപടത്തിലെ തങ്ങളുടെ നഷ്ടപ്പെട്ടുപോയ സ്ഥാനം വീണ്ടെടുക്കാൻ വേണ്ടി നമ്മുടെ ഗ്രാമവാസികൾ നടത്തുന്ന പ്രയത്നം കാണുവാനായി വിവിധരാജ്യങ്ങളിൽനിന്നു സഹസ്രക്കണക്കിനാളുകൾ വന്നുപൊയ്ക്കൊണ്ടിരിക്കുന്നു. നമ്മുടേതുപോലുള്ള ഇതര രാജ്യങ്ങളിലും ഈ പരിപാടി അനുകരിക്കപ്പെട്ടുവരുന്നു. ഉദാരമായ അനുമോദനങ്ങൾക്കും നിഷ്കരുണമായ വിമശനത്തിനും ഈ പരിപാടി ശരവ്യമായിത്തീന്നിട്ടുണ്ടു്. പരിപാടിയുടെ ന്യൂനതകളും നികത്തേണ്ട വിടവുകളും ചൂണ്ടിക്കാണിച്ചുകൊണ്ടു്—പ്രോഗ്രാം ഇവാല്യവേഷൻ സംഘടനയുടെ റിപ്പോർട്ടുകൾ ഒന്നിനുപുറകേ ഒന്നായി വളരെയെണ്ണം ലഭിച്ചിട്ടുണ്ടു്. ഗവണ്മെൻറിൻെറ ചുമതലയിൽ ഇന്ത്യയിൽ നടക്കുന്ന മറേറതെങ്കിലും പരിപാടി, ഗവണ്മെൻറുപക്ഷത്തുനിന്നും അനൗദ്യോഗികസംഘടനകളിൽനിന്നും ഉള്ള കർശനപരിശോധനയ്ക്കു്, ഇത്ര വിപുലമായ തോതിൽ വിഷയമായിട്ടില്ല. ഇത്തരം പരിശോധനയും സ്വയംവിമർശനവുമെല്ലാം പരിപാടിയുടെ കരുത്തിനെയാണു കാണിക്കുന്നതു്.

പരിപാടിയെ അനുമോദിക്കുന്നവരും വിമർശിക്കുന്നവരുമെല്ലാം ഇന്ത്യയിൽ രൂപപ്പെട്ടുവരുന്നതരത്തിലുള്ള പദ്ധതി സങ്കല്പം അടിസ്ഥാനപരവും പ്രയോഗത്തിൽ സാവ്വജനീനവു

മാണെന്ന കാര്യത്തിൽ യോജിക്കുന്നു. അടിസ്ഥാനം കരുത്തുള്ളതും ശാശ്വതമായി നിലനില്ക്കുന്നതുമാകണമെങ്കിൽ പരിപാടിയുടെ രൂപം മറെറാന്നാകാൻ സാധ്യമല്ലെന്നും അവർ സമ്മതിക്കുന്നു. ഉണ്ടായിട്ടുള്ള ഭൗതികനേട്ടങ്ങളുടെ കാര്യത്തിൽ പരിപാടിക്കു് അഭിമാനിക്കാം; കൃഷി, മൃഗസംരക്ഷണം, ചെറുകിടജലസേചനം, ഗ്രാമഗതാഗതസൗകര്യങ്ങൾ, ഗ്രാമവിദ്യാലയങ്ങൾ, വയോജനവിദ്യാഭ്യാസം, സാമൂഹ്യകേന്ദ്രങ്ങൾ, പൊതുജനാരോഗ്യപ്രവത്തനങ്ങൾ, ഗ്രാമഗൃഹനിർമ്മാണം, സഹകരണപ്രസ്ഥാനം, പഞ്ചായത്തുകൾ, എന്നുവേണ്ട ഗ്രാമജീവിതത്തെ സ്പർശിക്കുന്ന എല്ലാ രംഗങ്ങളിലും സജീവവും സത്വരവുമായ പ്രവത്തനം നടന്നിട്ടുണ്ടു്. എന്നാൽ പ്രവത്തനം നടക്കുന്ന പ്രദേശങ്ങളിൽ ഗവണ്മെന്റുപ്രവത്തനത്തിൻെറ ആവത്തനസ്വഭാവം അഥവാ ഇരട്ടിപ്പു് ഒഴിവാക്കുന്നപക്ഷം കൂട്ടതൽ നേട്ടങ്ങളുണ്ടാക്കാൻ കഴിയുമായിരുന്നു എന്നു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്. ആസൂത്രണം ശരിക്കു് ജനങ്ങളുടെ ആവശ്യങ്ങളെ കണക്കിലെടുത്തുകൊണ്ടായിരിക്കയും പരിപാടിയുടെ നിർവ്വഹണത്തിൽ ജനങ്ങളുടെ സഹകരണം കുറേക്കൂടെ സജീവമായതോതിൽ ഉണ്ടായിരിക്കയും ചെയ്തിരുന്നുവെങ്കിൽ കുറേക്കൂടെ വലിയതോതിൽ വിജയമുണ്ടാകുമായിരുന്നു. പരിപാടിയെപ്പററി ഉയന്നുകേട്ടിട്ടുള്ള ഏററവും വലിയ ആക്ഷേപം, ഉല്പാദനവർദ്ധനവിൻെറ കാര്യത്തിലല്ലാതെ അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യത്തിൽ വേണ്ടത്ര താല്പര്യമില്ലെന്നും സ്വയം സംരക്ഷണസജ്ജമാകത്തക്ക സംയുക്തജനകീയോത്സാഹത്തിൻെറ അഭാവമുണ്ടെന്നുമുള്ളതാണു്.

രണ്ടാംപഞ്ചവത്സരപദ്ധതിയിലെ വിവിധപരിപാടികളുടെ പ്രവത്തനം പരിശോധിച്ചു് പരിപാടിയുടെ പ്രവത്തനമാതൃകയിലും ഫലപ്രദമായ പ്രവത്തനത്തിനും ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കാൻ കേന്ദ്രമന്ത്രിസഭാകൗൺസിലും പ്ലാനിംഗ്കമ്മീഷനും സംസ്ഥാനമന്ത്രിമാരും അംഗങ്ങളായ ദേശീയവികസനകൗൺസിൽ പ്ലാൻപ്രോജക്ട്സ്കമ്മിററി എന്ന പേരിൽ ഒരു സമിതിയെ നിയമിക്കയുണ്ടായി. സാമൂഹ്യവികസനപരിപാടി ഇന്ത്യയിലെ ഏറ്റവും

പ്രധാനവിഭാഗമായ ഗ്രാമീണജനതയുടെ പ്രവത്തനങ്ങളെ ഉൾക്കൊള്ളുന്നതാണെന്നുള്ളതുകൊണ്ടു് പ്ലാൻപ്രോജക്ട്സ് കമ്മിററി അവരുടെ അന്വേഷണപരിപാടിയിലെ സവ്വപ്രധാനവും പ്രഥമവുമായ ഇനമായി സാമൂഹ്യവികസനപരിപാടിയുടെ പ്രവത്തനംതന്നെ തിരഞ്ഞെടുത്തു. പാർലമെന്റിലെ എസ്റ്റിമേറ്റ്സ്കമ്മിററി ചെയർമാൻ ബൽവന്ത്റായി മെഹ്താ അദ്ധ്യക്ഷനും ഉദ്യോഗസ്ഥാനുദ്യോഗസ്ഥരായ മറ്റു കഴിവുററ ഏതാനും പേർ അംഗങ്ങളുമായി ഒരു പഠനസംഘത്തെ നിയമിച്ചു. പരിപാടിയെപ്പററി വിശദവും വിപുലവുമായ പഠനംനടത്തി റിപ്പോർട്ട സമപ്പിക്കാൻ ചുമതലപ്പെടുത്തിയിരുന്ന ആ സംഘം അവരുടെ ജോലി പൂത്തിയാക്കിയിട്ടുണ്ടു്; റിപ്പോർട്ടിനു് അവസാനരൂപം നൽകിക്കഴിഞ്ഞു. ആ റിപ്പോർട്ടു് പത്രങ്ങളിൽ വിപുലമായതോതിൽ പരാമശിക്കപ്പെട്ടിട്ടുണ്ടു്. പ്രോഗ്രാം ഇവാല്യവേഷൻസംഘടന നേരത്തെ അംഗീകരിച്ചിരുന്ന തീരുമാനങ്ങളെ പ്രബലപ്പെടുത്തുന്നതായിരുന്നു, ഈ റിപ്പോർട്ടും; ഇതു കുറേക്കൂടെ വിപുലവും വിശദാംശങ്ങളെ പ്രത്യേകം എടുത്തു പരാമശിക്കുന്നതുമാണു് എന്നുമാത്രം. മൗലികപ്രാധാന്യമർഹിക്കുന്ന ഏതാനും ശുപാശ്കൾ അവർ ചെയ്തിട്ടുള്ളതിൽ ഒരെണ്ണമെങ്കിലും കുറെ വിപ്ലവസ്വഭാവത്തോടുകൂടിയതാണു്. ആ റിപ്പോർട്ടിലെ ശുപാശ്കളെ ചുവടെ കൊടുത്തിരിക്കുന്നപ്രകാരം സംഗ്രഹിക്കാം:

1) ഈ പരിപാടിയുടെ പ്രവത്തനത്തെ പുനരവലോകനം ചെയ്യാൻ കൂടിയ• ഡവലപ്പ്മെൻറുകമ്മീഷണറന്മാരുടെ പല യോഗങ്ങളിൽ ശുപാശ്ചെയ്ത പല നടപടിക്രമങ്ങളും പ്രവത്തനസമ്പ്രദായങ്ങളും എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെ നിർബന്ധമായി അനുവത്തിക്കപ്പെടുന്നില്ല. എല്ലാ സംസ്ഥാനങ്ങളും ആ തത്വങ്ങളെ അനുസരിക്കേണ്ടതാണെന്നു റിപ്പോർട്ടു് സൂചിപ്പിക്കുന്നു.

2) പരിപാടിയുടെ വികസനം വളരെവേഗത്തിലായിപ്പോകയാൽ പ്രവത്തകരായി തെരഞ്ഞെടുക്കപ്പെടുന്നവരുടെ യോഗ്യതാംശം കുറവായിവരുന്നു. അതുകൊണ്ടു് രണ്ടാം പഞ്ചവത്സരപദ്ധതിയുടെ കാലാവധി തീരുന്നതിനുമുൻപു് പരിപാടി രാജ്യമൊട്ടാകെ വ്യാപിപ്പിക്കത്തക്കവിധം തിരക്കു

കൂട്ടുന്നതു് ആശാസ്യമല്ലെന്നു കരുതപ്പെടുന്നു. ഒരു മൂന്നുവഷ കാലംകൂടെയെടുത്തു പരിപാടിയുടെ വികസനം പൂത്തിയാക്കത്തക്കവിധം വികസനപദ്ധതി പുനഃസംവിധാനംചെയ്യണം.

3) സാമൂഹ്യവികസനപരിപാടി അവിരാമമായി നടന്നു കൊണ്ടിരിക്കേണ്ട ഒന്നാകയാൽ, ഗ്രാമവാസികളും നഗരവാസികളും തമ്മിൽ ഇന്നു നിലവിലുള്ള വ്യത്യാസങ്ങൾ സാമാന്യമായി പരിഹൃതമാകുന്നതുവരെ, അതിനുവേണ്ടി ബജറ്റിൽ വകയിരുത്തിക്കൊണ്ടിരിക്കേണ്ടതാണു്.

4) ഗവണ്മെൻറു ചെയ്യുന്ന പ്രവത്തനങ്ങളിൽ വന്നുകൂടുന്ന ഇരട്ടിപ്പു് ഒഴിവാക്കുകയും ജനങ്ങളുടെ പ്രചോദനം സംയുക്തസ്വഭാവത്തോടെ ഉറച്ച അടിസ്ഥാനത്തിൽ വളരുകയും ചെയ്യണമെന്നുണ്ടെങ്കിൽ ആദ്യമായി വേണ്ടതു് ഗവണ്മെൻറു പ്രവത്തനങ്ങളെ വികേന്ദ്രീകരിക്കയും ഗവണ്മെൻറിൻെറ അധികാരങ്ങൾ നിയമപ്രകാരം സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഗ്രാമപ്പഞ്ചായത്തുകൾ, പഞ്ചായത്തുസമിതികൾ, ജില്ലാപരിഷത്തുകൾ തുടങ്ങിയ ജനകീയസ്ഥാപനങ്ങളിലേക്കു പകന്നു കൊടുക്കുകയുമാണു്.

5) സൗകര്യങ്ങൾ നൽകുന്നകാര്യത്തിൽ പരിപാടി കാണിക്കുന്ന താല്പര്യം സാമ്പത്തികപ്രവത്തനങ്ങളിലേക്കു തിരിയണം. സൗകര്യങ്ങൾ വർദ്ധമാനമായതോതിൽ വികസിച്ചു വരണമെന്നുണ്ടെങ്കിൽ വികസനത്തിനുമുമ്പായി ഉൽപാദനമുണ്ടാകണം; മറിച്ചല്ല വേണ്ടതു്.

ആദ്യം പറഞ്ഞ കാര്യങ്ങൾ അധികവും ഭരണപരമായ മണ്ഡലങ്ങളോടു ബന്ധപ്പെട്ടതാണു്. അതു മുറയ്ക്കു് ഓരോന്നായി എടുത്തു പരിഗണിക്കയും നടപ്പിൽവരുത്തുകയും ചെയ്യുന്നതാണു്. എന്നാൽ ഒടുവിൽ പറഞ്ഞ രണ്ടു കാര്യങ്ങളും പൊതുവേദിയിൽ ചർച്ചചെയ്യപ്പെടേണ്ടവയാണു്. എന്തുകൊണ്ടെന്നാൽ, ഈ ശുപാർശകൾ ശരിക്കു വിലയിരുത്തുകയും പ്രവൃത്തിയിൽ കൊണ്ടുവരുകയും ചെയ്യണമെങ്കിൽ അതേപ്പററി ഈ നാട്ടിലെ ജനങ്ങൾക്കു ശരിയായി മനസ്സിലായിരിക്കണം.

ഒടുവിലത്തെ ഇനംതന്നെ ആദ്യമായെടുക്കാം. പരിപാടിയുടെ ആദ്യത്തെ ആഘാതമുണ്ടാകുമ്പോൾ ഗ്രാമീണരുടെ പ്രവണത, അവർ തലമുറകളായി നടത്തിക്കൊണ്ടിരിക്കുന്ന

മാതൃകയിലുള്ള കൃഷിസമ്പ്രദായത്തിൻെറ മുഷിപ്പൻ സ്വഭാവത്തെ അല്പകാലത്തേക്കു വിസ്മരിച്ചുകളയാനാണെന്നു തോന്നുന്നു. തങ്ങളുടെ കഷ്ടിപിഷ്ടിയായുള്ള ജീവിതരീതിയും ഏറെക്കാലമായിട്ട നിശ്ശബ്ദമായി സഹിച്ചുകൊണ്ടിരിക്കുന്ന ചൂഷണവും മറന്നുകളയണമെന്ന് അവർ ആഗ്രഹിക്കുന്നു. ശരിയായിട്ടായാലും തെററായിട്ടായാലും, ഇഷ്ടികവിരിച്ച പാതകളും മോട്ടോറോടിക്കാവുന്ന റോഡുകളും ഒന്നാംതരം കെട്ടിടങ്ങളിൽ നടത്തുന്ന സ്കൂളുകളും ആശുപത്രികളും സാമൂഹ്യകേന്ദ്രങ്ങളുമൊക്കെയാണ് അന്തസ്സായിട്ടുള്ളവയെന്ന് അവർ വിചാരിച്ചുതുടങ്ങിയിരിക്കുന്നു. അപ്പോൾ പിന്നെ കൃഷിസംബന്ധമായ സർവ്വപ്രധാനമായ ആവശ്യങ്ങളെക്കാളുപരിയായി മുൻപറഞ്ഞ സൗകര്യങ്ങൾക്കുവേണ്ടി ജനങ്ങൾ ആവേശപൂർവ്വം ആവശ്യപ്പെടുന്നതിൽ—അങ്ങനെയാണു സംഭവിച്ചുകൊണ്ടിരിക്കുന്നതും—അത്ഭുതപ്പെടാൻ കാര്യമില്ല. ഗവണ്മെൻറുദ്യോഗസ്ഥന്മാർക്ക്—എന്നു പറയാനില്ല, എന്തെങ്കിലും പണിയിലേർപ്പെട്ടിരിക്കുന്ന എല്ലാവർക്കുംതന്നെ—എടുത്തു കാട്ടാവുന്ന ഫലം ലഭിക്കുന്ന എന്തെങ്കിലും ഇനം കൈകാര്യംചെയ്യാനാണ് താല്പര്യമെന്ന വസ്തുതയും വിസംവദിക്കാവുന്നതല്ല; ശ്രദ്ധാർഹമായ നേട്ടമായിട്ട് അവർക്കു ചൂണ്ടിക്കാണിക്കാവുന്ന എന്തെങ്കിലും വേണം. കൃഷി, കന്നുകാലിസംരക്ഷണം, പൊതുജനാരോഗ്യം തുടങ്ങിയ ഗവണ്മെൻറിന്റെ സാങ്കേതികവകുപ്പുകൾ അടുത്തകാലംവരെ അതിലെ ഉദ്യോഗസ്ഥന്മാരുടെ ഉപജീവനമാർഗ്ഗമായിട്ടും വെറും പ്രകടനഘടകങ്ങളായും കഴിഞ്ഞുകൂട്ടുകയായിരുന്നു. അവയ്ക്ക് ചുവട്ടിലെ ഭൂമിയുമായി വളരെ കുറഞ്ഞ ബന്ധം മാത്രമേ ഉണ്ടായിരുന്നുള്ളു. അതുകാരണം അവരവരുടെ മണ്ഡലങ്ങളിൽ വളർച്ചയ്ക്കുള്ള അവസരവുമുണ്ടായിരുന്നില്ല.

ഡവലപ്പ്മെൻറ് കമ്മീഷണറന്മാരുടെ തുടർച്ചയായുള്ള യോഗങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ സെമിനാറുകളിലും തീരുമാനങ്ങളെടുത്തിട്ടുള്ളത്, ഗ്രാമതലത്തിൽ പ്രവൃത്തിയെടുക്കുന്ന ഉദ്യോഗസ്ഥനായ ഗ്രാമസേവകൻെറ ജോലിയുടെ മുഖ്യഭാഗം, കൃഷിയിലും ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതായിരിക്കണമെന്നാണ്.

ദേശീയമായി ഇതിനു കല്പിക്കപ്പെടുന്ന പ്രാധാന്യത്തിനനുഗുണമായ ഫലം കാണുന്നില്ലെങ്കിൽ അതിനുള്ള പ്രതിവിധി, ഏതിനാണു് പ്രാധാന്യം കല്പിക്കേണ്ടതു് എന്നു് ആവൎത്തിച്ചു് ഊന്നിപ്പറയുന്നതിലല്ല, ഗ്രാമത്തിലെ എല്ലാ കുടുംബങ്ങൾക്കും പ്രയോജനപ്പെടത്തക്കവണ്ണം കാലാകാലങ്ങളിൽ വിഭവങ്ങളും വായ്പയും സാങ്കേതികസഹായവും നൽകുന്നതിലാണു്, സ്ഥിതിചെയ്യുന്നതു്. ഇതിനു് കൃഷി, കന്നുകാലിസംരക്ഷണം, ചെറുകിട ജലസേചനം, സഹകരണം, ഗ്രാമവ്യവസായങ്ങൾ തുടങ്ങിയ ഡിപ്പാർട്ടുമെൻറുകളുടെ ഭരണപരമായ കഴിവിലും സാങ്കേതികജ്ഞാനത്തിലും വലിയതോതിൽ വികാസം സംഭവിക്കേണ്ടതുണ്ടു്. സ്വാഭാവികമായിത്തന്നെ ഇവയുടെ വളൎച്ച സാവധാനത്തിലാകാനേ തരമുള്ളു. അതുകൊണ്ടു് ഈ മണ്ഡലങ്ങളിൽ പൂൎണ്ണഅളവിലുള്ള ഫലം സിദ്ധിക്കാനുള്ള പ്രയത്നം കുറെ കാലമെടുത്തും ക്രമേണയുമേ ചെയ്യാൻ സാധിക്കയുള്ളു.

ജനകീയാടിസ്ഥാനത്തിലുള്ള അധികാരവികേന്ദ്രീകരണത്തെപ്പററിയുള്ള ശുപാർശയുടെ കാൎയ്യമാണെങ്കിൽ ഇതേവരെ ചിന്തയിലും പ്രവൃത്തിയിലും ഉള്ള ഊൎജ്ജിതം മുഴവൻ നമ്മുടെ ഗ്രാമങ്ങളിൽനിന്നു ശക്തികേന്ദ്രങ്ങളായ പട്ടണങ്ങളിലേക്കു് അഭംഗുരമായി ഒഴുകിക്കൊണ്ടിരിക്കയായിരുന്നു എന്ന വസ്തുത തക്കംകൂടാതെ അംഗീകരിക്കപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു. ഗ്രാമങ്ങൾക്കു് ആത്മവിശ്വാസത്തോടെ വളൎന്നുവരാൻ കഴിയണമെങ്കിൽ താഴത്തെ പടിമുതൽതന്നെ ഗ്രാമീണരുടെ സ്ഥാപനങ്ങൾ സ്വയം ഉത്ഭവിച്ചു വളരണം. ഇത്തരം സ്ഥാപനങ്ങളുടെ അഭാവത്തിൽ ആളുകൾ തറയും മുറയുമില്ലാത്ത ഒരു വെറും ജനക്കൂട്ടത്തെപ്പോലെ പെരുമാറുകയും, ജനങ്ങളുടെ ഉത്സാഹത്തെ നിലനിൎത്തിക്കൊണ്ടുപോകാൻ തക്ക സ്ഥിരസ്വഭാവത്തോടുകൂടിയ ഒരു പ്രചോദനമില്ലാത്ത കാരണത്താൽ പുനരുജ്ജീവനശ്രമങ്ങൾക്കു നൈരന്തൎയ്യമില്ലാതെ തീരുകയും ചെയ്യും. ഗവണ്മെൻറന്ന സ്ഥാപനം അതിന്റെ സൃഷ്ടിയുടെ സ്വഭാവംകൊണ്ടുതന്നെ ഒരുപകരണമാണു്. നൽകപ്പെടുന്ന നിൎദ്ദേശങ്ങൾ നടപ്പിൽവരുത്താൻ മാത്രമേ ഉപകരണത്തിനു് കഴിവുണ്ടാകയുള്ളു. ഉപകരണത്തിനു് ഭൗതികസാഹായ്യങ്ങളുണ്ടാക്കിക്കൊടുക്കാൻ മാത്രമേ കഴിയൂ.

കാലാവസ്ഥ നിർമ്മിക്കാൻ അതിനു കഴിവില്ല. ജനങ്ങളുടെ നേതൃത്വത്തിനുമാത്രം ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരു അഗ്നി സ്ഫുലിംഗം, ആ കാലാവസ്ഥയ്ക്കു് ആവശ്യമുണ്ടു്. ഗ്രാമങ്ങളിലെ നേതൃത്വം ഏറെക്കാലമായി ഗ്രാമങ്ങളെവിട്ടു് അകലെ പോയിരിക്കയാണു്. ഇങ്ങനെയിരിക്കെ അന്ധകാരമയമായ ഈ ശൂന്യതയിൽ താണതലത്തിലുള്ള ഗവണ്മെന്റുദ്യോഗസ്ഥന്മാർ കയറി നിറയുന്നതു് അത്ഭുതമാണോ?

ബലവന്ത്റായ് മെഹ്താപഠനസംഘത്തിന്റെ ശുപാർശകൾ നടപ്പിൽവരുത്തുമ്പോൾ—പ്രായോഗികമായി അതിന്റെ രൂപം എന്തുതന്നെയായാലും—ഇന്നു് ഉദ്യോഗസ്ഥന്മാർ കൈകാര്യംചെയ്യുന്ന അധികാരങ്ങൾ ചുവട്ടിലുള്ള ജനപ്രതിനിധികളിലേക്കു കൈമാററംചെയ്യേണ്ടിവരും. ഈ പുതിയ നേതൃത്വം ഉയർന്നുവരുമ്പോൾ—ഉയർന്നുവരുന്നുവെങ്കിൽ അപ്പോൾ—അതു് പല സ്ഥാപിതതാല്പര്യങ്ങളുമായും സംഘട്ടനത്തിലെത്താതെ തരമില്ല. ദേശീയനിലവാരത്തിലും സംസ്ഥാനനിലവാരത്തിലുമുള്ള നേതാക്കന്മാർ ജനങ്ങളിലേക്കുള്ള ഈ അധികാരകൈമാററത്തിനനുകൂലികളും അതു വളരെക്കാലം മുമ്പുതന്നെ നടക്കേണ്ടതായിരുന്നു എന്ന അഭിപ്രായക്കാരും ആണു് എന്നിരിക്കിലും ഉദ്യോഗസ്ഥമണ്ഡലത്തിലും രാഷ്ട്രീയമണ്ഡലത്തിലും ചുവട്ടിലെ പടികളിലുള്ളവർക്കു് ഈ പരിവർത്തനത്തോടു ശക്തിയായ എതിർപ്പുണ്ടായിരിക്കും. ഒരുവശത്തു പ്രവൃത്തിപ്പിള്ളയും പാർവ്വത്യകാരും തഹശീൽദാരുമുൾപ്പെട്ട ഉദ്യോഗസ്ഥവൃന്ദവും, നടുവിൽ ജന്മി, പണവ്യാപാരി, വർത്തകൻ, ചെറുകിടകൺട്രാക്ടർ എന്നിവരുൾപ്പെട്ട ചൂഷകപ്പരിഷയും, മറേറത്തലയ്ക്കൽ ജനങ്ങളെ കബളിപ്പിച്ചു നേതൃത്വം പുലർത്തുന്ന കപടനേതാക്കന്മാരും എല്ലാം ചേർന്ന അവിശുദ്ധ കൂട്ടുകെട്ടാണു് പുരോഗതിയുടെ മാർഗ്ഗത്തിലുള്ള ഏററവും വലിയ പ്രതിബന്ധമായിത്തീരാൻപോകുന്നതു്.

ചുരുക്കിപ്പറഞ്ഞാൽ, സാമൂഹ്യവികസനപരിപാടി, ചുരുങ്ങിയ കാലയളവിനുള്ളിൽ, അതിന്റെ ചൈതന്യദായകശക്തികൊണ്ടു് ഇന്ത്യയിലെ ജനങ്ങൾക്കു് ലോകദൃഷ്ടിയിൽ ഒരു സമുന്നതപരിഗണന നേടിക്കൊടുത്തു. അതിന്റെ ഭൗതികനേട്ടങ്ങൾ അഭിമാനിക്കത്തക്കവയാണു്. എന്നാൽ

ഏറ്റവും പ്രധാനമായ കാര്യം അതല്ല; രാഷ്ട്രീയമോ ഭരണപരമോ ആയ മുദ്രാവാക്യങ്ങൾകൊണ്ടു് ഒരുകൂട്ടർ മറ്റൊരുകൂട്ടരെ ചൂഷണംചെയ്യുന്നതല്ല, മനുഷ്യൻ ജീവിക്കയും മറ്റുള്ളവരെ ജീവിക്കാൻ അനുവദിക്കുകയും ചെയ്യുന്നതാണു് ജനാധിപത്യസങ്കല്പത്തിന്റെ യഥാത്ഥസ്വഭാവം എന്നുള്ള വസ്തുതയിൽ പ്രകാശം പരത്തിയതാണു് പ്രാധാന്യമഹിക്കുന്ന കാര്യം. സേവക്കാക്കു നക്കാപ്പിച്ചയെറിഞ്ഞുകൊടുത്തുകൊണ്ടു തങ്ങൾക്കു വളന്നു പുഷ്ടിപ്പെടാൻതക്ക വളക്കൂറുള്ള മണ്ണാണു് ഇന്ത്യയിലേതു് എന്നു സാമ്രാജ്യമോഹികൾ കണ്ടു. ബ്രിട്ടീഷ്ഭരണാധികാരികൾ പൊയ്പ്പോയെങ്കിലും ബ്രിട്ടീഷ്ഭരണാധികാരത്തെ നിലനിത്തുന്ന നെടുംതൂണുകളായി പ്രവത്തിച്ചിരുന്ന സേവകപ്പരിഷയുടെ സാമ്രാജ്യചിന്ത ഇനിയും അസ്തമിച്ചിട്ടില്ല. ഇന്ത്യയിലെ ജനങ്ങളുടെ ബഹുഭൂരിപക്ഷവും ഗ്രാമങ്ങളിലാണു് കഴിഞ്ഞുകൂട്ടുന്നതു്. അവർ സാമ്രാജ്യശക്തിയുടെ ഭാരം പേറാൻതുടങ്ങിയിട്ടു പല നൂററാണ്ടുകളായി. അവരെ ആ നീരാളിപ്പിടിയിൽനിന്നു മോചിപ്പിക്കണമെന്നുണ്ടെങ്കിൽ, ജനാധിപത്യമെന്നതു പാർലമെൻറുമന്ദിരത്തിനുള്ളിലും സംസ്ഥാനനിയമസഭകൾക്കുള്ളിലും പരിമിതപ്പെട്ടുനിന്നാൽ മതിയാകയില്ല. ജനാധിപത്യവ്യവസ്ഥിതി മുകളിൽനിന്നു ചുവട്ടുവരെ സംക്രമിച്ചേതീരൂ. അടുത്തതായി സാമൂഹ്യവികസനപരിപാടി ഏതുമാഗ്ഗമാണു് സ്വീകരിക്കുന്നതെന്നതിനെ ആശ്രയിച്ചാണു്, നാം ജനാധിപത്യത്തിന്റെ മാഗ്ഗത്തിലേക്കാണോ അതിനു കടകവിരുദ്ധമായ മാഗ്ഗത്തിലേക്കാണോ പോകുന്നതെന്നു നിണ്ണയിക്കപ്പെടുക.

## ഒരു പുതിയ ജോലി

പ്രാരംഭഘട്ടത്തിൽ കേന്ദ്രമന്ത്രിസഭയിലെ സാമൂഹ്യവികസനവകുപ്പിൻെറ ജോലി, ഗവണ്മെന്റിൻെറ നയം നടപ്പിലാക്കുന്നതിനു്—അതായതു് 'ഗ്രാമങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ ജീവിതത്തിൽ ഒരു പരിവത്തനപ്രക്രിയ നടപ്പിൽവരുത്താനുള്ള മാർഗ്ഗവും ഉപകരണവുമാണു് യഥാക്രമം സാമൂഹ്യവികസനപദ്ധതിയും ഗ്രാമവികസനവും'

എന്ന നയം പ്രാവത്തികമാക്കുന്നതിനു്—വേണ്ടി കേന്ദ്രഗവണ്മെന്റുമന്ത്രിമാരുടേയും മറുവശത്തു് ഡവലപ്പ്മെന്റു കമ്മീഷണർമാരുടേയും സംസ്ഥാനഗവണ്മെൻറുകളുടേയും ഇടയിൽ ഒരു 'ദൗത്യവാഹകസംഘടന'യായി പ്രവത്തിക്കുക എന്നതായിരുന്നു. കേന്ദ്രമന്ത്രിസഭാവകുപ്പുകളുടേയും സംസ്ഥാനഗവണ്മെൻറുകളുടേയും പരിപാടികളനുസരിച്ചുള്ള വികസനപ്രവത്തനങ്ങളുടെ ഭൂരിഭാഗവും നടത്താനുദ്ദേശിക്കപ്പെട്ടിരുന്നതു് വികസനബ്ലോക്കുകളിലൂടെയാണു്. ഇങ്ങനെ പദ്ധതി നടപ്പിലാക്കുന്നതിനു വിവിധ മന്ത്രിസഭാവകുപ്പുകൾക്കും വിവിധ ഡിപ്പാർട്ടുമെൻറുകൾക്കും സംയുക്തമായി പ്രവത്തിക്കാനുള്ള ഒരു സംഘടനയാണു് വികസനപ്രസ്ഥാനരൂപീകരണംകൊണ്ടു് സാമൂഹ്യവികസനവകുപ്പു കെട്ടിപ്പട്ടത്തതു്.

ഈ മന്ത്രിസഭാവകുപ്പിൻെറ മേൽപ്പറഞ്ഞ ജോലിയെ സംബന്ധിച്ചു് പ്ലാൻ പ്രോജക്റ്റ് പഠനസമിതി ചുവടെ കാണിക്കുംപ്രകാരം ശുപാർശചെയ്തു:

"മുൻപു ചെയ്തിട്ടുള്ള പ്രസ്താവനകളുടെ സ്വാഭാവികഫലമായി ചൂണ്ടിക്കാണിക്കാനുള്ളതു് കൃഷി, സാമൂഹ്യവിദ്യാഭ്യാസം, ആരോഗ്യം, ഗ്രാമവ്യവസായങ്ങൾ, തുടങ്ങിയ മണ്ഡലങ്ങളിൽ കേന്ദ്രഗവണ്മെന്റു ചുമതലപ്പെട്ടു നടത്തേണ്ട കാര്യങ്ങൾ അതാതിനു ബന്ധപ്പെട്ട മന്ത്രികാര്യാലയങ്ങൾതന്നെ ചുമതലപ്പെട്ടു നടത്തുകയും, സാമൂഹ്യവികസനമന്ത്രികാര്യാലയം ബ്ലോക്കുപ്രദേശങ്ങളിൽ അവയുടെ പ്രവത്തനങ്ങളെ സംയോജിപ്പിച്ചുകൊണ്ടുപോകാൻ മാത്രം മുതിരുകയും ചെയ്യണമെന്നാണു്. അതോടുകൂടെത്തന്നെ, ഗ്രാമീണവികസനത്തിൻെറ ചില അംശങ്ങളെപ്പററി ഇന്നു് അവ കൈകാര്യം ചെയ്യുന്ന മന്ത്രികാര്യാലയങ്ങൾക്കു് വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയുന്നില്ലെന്നും ഞങ്ങൾക്കറിയാം. ഇതിൽ സഹകരണം, ഗ്രാമസ്വയംഭരണസ്ഥാപനങ്ങൾ, എന്നിവ എടുത്തുപറയേണ്ടതായിട്ടുണ്ടു്. ഇവ രണ്ടും സാമൂഹ്യവികസനപരിപാടിയുമായി അത്ര അടുത്തു ബന്ധപ്പെട്ട വിഷയങ്ങളാകയാൽ അവ ഒരേമന്ത്രികാര്യാലയത്തിൻെറ ചുമതലയിലാകുന്നതു നന്നായിരിക്കുമെന്നു ഞങ്ങൾ കരുതുന്നു—രാജ്യത്താകെയുള്ള ഗ്രാമവികസനപ്രവൎത്തനങ്ങളെ സംയോജിപ്പിച്ചു കൊണ്ടുപോകുന്ന ഒരു

മന്ത്രികാര്യാലയം. ഭാവിയിൽ വികസനപ്രവർത്തനങ്ങളുടെ മുഖ്യചുമതല ഗ്രാമപ്പഞ്ചായത്തുകൾക്കും ഗ്രാമസമിതികൾക്കും ആയിരിക്കേണ്ടതാണെന്നു മുമ്പൊരിടത്തു ഞങ്ങൾ എടുത്തു പറഞ്ഞിട്ടുണ്ട്. ഗ്രാമീണോല്പാദനശ്രമങ്ങളിൽ സഹകരണ സ്ഥാപനങ്ങൾക്കുള്ള പ്രാധാന്യവും അവയെ താരതമ്യേന അവഗണിച്ചിരിക്കുന്ന വസ്തുതയും ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഈ രണ്ടു വിഷയങ്ങളും നയരൂപീകരണത്തെ സംബന്ധിച്ചിട ത്തോളം ഒരേ മന്ത്രികാര്യാലയത്തിൻെറ കീഴിലാക്കുകയും അ തിനു് ഗ്രാമവികസനപ്രവർത്തനങ്ങളുടെ സമന്വയപ്രക്രിയ യുടെ അധികാരം നല്കുകയും ചെയ്യുന്നതു്, ഞങ്ങളുടെ അഭി പ്രായത്തിൽ, കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും കുറേക്കൂടി ഫലപ്രദമായി കാര്യങ്ങൾ നടക്കാൻ സഹായകമാകും.''

ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ മൗലികപ്രാധാ ന്യമുള്ള പ്രവർത്തനത്തിനുത്തരവാദിത്വം വഹിക്കുന്ന രണ്ടു വകുപ്പുകളും—അതായതു് പഞ്ചായത്തും സഹകരണവും— ഈ മന്ത്രികാര്യാലയത്തിൻെറ കീഴിലേക്കു മാററിക്കഴിഞ്ഞി രിക്കുന്നു. ഗവണ്മെൻറിൻെറ ചുമതലയിൽ ആരംഭിച്ചതും ഗവണ്മെൻറിൻെറ നിയന്ത്രണത്തിലും നേതൃത്വത്തിലും തുടരു ന്നതുമായ ഒരു പദ്ധതിക്കു ജനങ്ങളെ മുഴുവൻ ഉൾക്കൊള്ളാ നാകട്ടെ അവരുടെ അതിവേഗം വളൎന്നുവരുന്ന ആവശ്യങ്ങ ളെ സംതൃപ്തിപ്പെടുത്താനാകട്ടെ കഴിയുകയില്ലെന്നൊരു ബോ ദ്ധ്യം കേന്ദ്രമന്ത്രികാര്യാലയത്തിനും സംസ്ഥാനഗവണ്മെൻറു കൾക്കും ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. പദ്ധതി വളരുകയും നില നില്ക്കുകയും ചെയ്യണമെങ്കിൽ ഗ്രാമതലത്തിലും ബ്ലോക്കുതല ത്തിലും ജനകീയസ്വഭാവമുണ്ടാവുകയും ആസൂത്രണത്തിനും നിർവ്വഹണത്തിനുമുള്ള ചുമതല ജനങ്ങളിലേക്കു പകരുകയും വേണം. അതുകൊണ്ടു് ഈ മന്ത്രികാര്യാലയം പ്രധാനമായി ശ്രദ്ധചെലുത്തുന്നതു് പഞ്ചായത്തുകൾ, സഹകരണസംഘ ങ്ങൾ, അവയോടു ബന്ധപ്പെട്ട ഇതര സംഘങ്ങൾ, ആദിയായ ജനകീയസംഘടനകൾ ഉണ്ടാക്കിയെടുക്കുന്നതിലായിരിക്കും. ബ്ലോക്കുതലത്തിലും ജില്ലാതലത്തിലും ഇവയുടെ ഉപരിഘടക ങ്ങളും ഉണ്ടാക്കപ്പെടും. ഈ നിർമ്മാണപ്രക്രിയയോടു സമാന്ത രമായിട്ടോ അതിനു മുമ്പായോ ജനങ്ങൾക്കും അവരുടെ പ്രതി

നിധികൾക്കും മുകൾമുതൽ ചുവട്ടുവരെയുള്ള ഗവണ്മെൻറുദ്യോഗസ്ഥന്മാക്കും, അവരിൽനിന്നു പ്രതീക്ഷിക്കപ്പെടുന്ന പുതിയ സമീപനസമ്പ്രദായത്തിലും ജോലിയിലും പരിശീലനം നൽകേണ്ടതുണ്ട്; പദ്ധതിയുടെ തത്വശാസ്ത്രത്തേയും സ്വഭാവത്തേയുംപററി അവക്കു സാധാരണ നൽകപ്പെടുന്ന പരിശീലനത്തിനുപുറമേയാണ് ഇത്. മന്ത്രികാര്യാലയത്തിൻെറ മററെല്ലാ പ്രവത്തനങ്ങളും മുകളിൽ പറയപ്പെട്ട സമൂഹത്തിൻേറയും സാമൂഹ്യസംഘടനകളുടേയും വികസനത്തിനു സഹായകമായും അവക്കു സവ്വമുഖ്യമായ പ്രാധാന്യം കല്പിച്ചുകൊണ്ടും സംവിധാനംചെയ്യേണ്ടതാണ്.

ഈ പരിതഃസ്ഥിതിയിൽ മന്ത്രികാര്യാലയത്തിലെ സാങ്കേതികോപദേഷ്ടാക്കളുടെ ജോലി പ്രധാനമായി ചുവടെ വിവരിക്കുന്നവയായിരിക്കും:

1. പ്രധാനമായി ജനങ്ങളുടെ കായികപ്രയത്നത്തെ ആശ്രയിച്ചും സാമൂഹ്യവികസനത്തിനു വകയിരുത്തിയിട്ടുള്ള സംഖ്യയെ മൂലധനബീജമായി ഉപയോഗിച്ചും ജനകീയസംഘടനകൾക്കുതന്നെ പ്രാവത്തികമാക്കാവുന്ന ഒരു വികസന പരിപാടിക്കു രൂപംകൊടുക്കുകയും അതിൻെറ പ്രവത്തനരംഗത്തിൽ മേൽനോട്ടം വഹിക്കുകയും ചെയ്യുക.

2. പ്രവത്തനരംഗത്തു് അനുഭവപ്പെടുന്ന പ്രശ്നങ്ങളെപ്പററി ഗവേഷണംനടത്താൻ കേന്ദ്രമന്ത്രികാര്യാലയങ്ങളെ സഹായിക്കയും ഗവേഷണഫലങ്ങളെ പ്രവത്തനരംഗത്തേക്കു വികസിപ്പിക്കുകയും ചെയ്യുക.

3. പ്രത്യേകം പഠനങ്ങൾനടത്തി പരിപാടിയുടെ നിവ്വഹണത്തിൽ ജനകീയസംഘടനകൾക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും കണ്ടുപിടിക്കയും അതു കേന്ദ്രമന്ത്രികാര്യാലയങ്ങളെ അറിയിച്ച് പരിപാടി ജനകീയാവശ്യങ്ങൾക്കു പ്രയോജനപ്പെടുമാറുള്ള പരിഷ്കാരങ്ങൾ ഏർപ്പെടുത്താൻ അവക്കു സൗകര്യം നൽകുകയും ചെയ്യുക.

4. രാജ്യത്തിലൊട്ടാകെ ഒരു പരിധിയിൽ കുറയാത്തതരത്തിലുള്ള വളർച്ചയുണ്ടാകത്തക്കതരത്തിലും, സംസ്ഥാനങ്ങളിലെ പ്രവത്തനപരിപാടി പരമാവധി ബ്ലോക്കടിസ്ഥാനത്തിലായിരിക്കത്തക്കവിധത്തിലും, മൂന്നാംപഞ്ചവത്സരപദ്ധ

തിസംവിധാനത്തോടുള്ള സമീപനത്തിൽ സ്വാധീനം ചെലു ത്തുക; ഓരോ മന്ത്രികാര്യാലയത്തിൻേറയും പരിപാടികൾ ആരംഭിക്കാനും രൂപപ്പെടുത്താനും പ്രാവർത്തികമാക്കാനും അവക്കു സഹായകമായിരിക്കാൻവേണ്ടി അവരുമായി അനു സ്യൂതമായി ബന്ധം പുലർത്തിക്കൊണ്ടിരിക്കയുംവേണം.

ചുവടെ പറയുന്ന കാര്യങ്ങൾകൂടെ മന്ത്രികാര്യാലയം ചെയ്യേണ്ടതാണു്:

1. സംസ്ഥാനങ്ങളിലെ പരിപാടിനിർവ്വഹണത്തെപ്പ ററി മേൽനോട്ടവും പരിശോധനയും നിർവ്വഹിക്കാൻ ബന്ധ പ്പെട്ട കേന്ദ്രമന്ത്രികാര്യാലയങ്ങളെ സഹായിക്കണം.

2. സംസ്ഥാനത്തെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകൾ ബ്ലോക്കിനെ ആസൂത്രണത്തിനും വികസനത്തിനുമുള്ള കേന്ദ്ര ഘടകമായി അംഗീകരിക്കുന്നതിനുവേണ്ട നടപടി നടത്തണം.

3. ഉയർന്നതരം ഉദ്യോഗസ്ഥന്മാരെയും അനുദ്യോഗസ്ഥ രേയും പരിശീലിപ്പിച്ചെടുക്കുന്നതിനും, സർവ്വകലാശാലകൾ, സംസ്ഥാനഗവണ്മെൻറുകൾ, നമ്മുടെ പരിശീലനകേന്ദ്ര ങ്ങൾ, മററു സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധം പു ലർത്തി ഗവേഷണസമ്പ്രദായം വളർത്തുന്നതിനും, കേന്ദ്രപഠ ന–ഗവേഷണ ഇൻസ്റ്റിററ്യൂട്ടിൻെറ സഹായത്തോടെ ഒരു പരിപാടി രൂപപ്പെടുത്തിയെടുക്കുക.

ഈ മന്ത്രികാര്യാലയത്തിൻെറ മുഖ്യ ഉപാധിയായ ജന കീയസംഘടനകൾക്കു്, ബ്ലോക്കുദ്യോഗസ്ഥന്മാരുടെ സാങ്കേ തികോപദേശവും സാമൂഹ്യവികസനപദ്ധതിപ്രകാരം ബ്ലോ ക്കു് അടിസ്ഥാനത്തിൽ നല്കാവുന്ന ചെറിയ സാമ്പത്തികസ ഹായവുംകൊണ്ടു് സ്വന്തം കഴിവുകൾ ഉപയോഗപ്പെടുത്തി പരിപാടി പ്രാവർത്തികമാക്കുന്നതിനിടയ്ക്കു ലഭിക്കുന്ന ദൈനം ദിനാനുഭവങ്ങളിലൂടെയല്ലാതെ പരമാവധി വളർച്ചനേടാൻ കഴിവില്ലെന്നും ഇപ്പോൾ വ്യക്തമായിട്ടുണ്ടു്. ഈ രീതിയിൽ പ്രവർത്തിക്കുമ്പോൾ സാമൂഹ്യവികസനപരിപാടി, അടിസ്ഥാ നപരമായ ഗ്രാമീണസ്ഥാപനങ്ങളുടെ ഉത്ഭവത്തിനും വളർച്ച യ്ക്കും സഹായിക്കുന്നതോടൊപ്പം ഗ്രാമത്തിൻെറ വികസനത്തെ സംബന്ധിച്ച എല്ലാ പ്രശ്നങ്ങളെയുംസംബന്ധിച്ച ജനങ്ങളുടെ അഭിപ്രായത്തെ പ്രതിഫലിപ്പിച്ചുകൊണ്ടിരിക്കയും ചെയ്യും.

# VI

## ജനാധിപത്യം പ്രയോഗത്തിൽ

# നമ്മുടെ സാമ്യവാദിമാതൃക

'സമ്പൂൎണ്ണശാന്തിയുടേതായ ലോകം നിൎജ്ജീവലോകമാണു്.' വളരെക്കാലംമുമ്പു് നമ്മുടെ പ്രധാനമന്ത്രി ലോകത്തെപ്പററിയുള്ള ആൎജ്ജിതജ്ഞാനം പ്രകടമാക്കിയതു് ഇങ്ങനെയാണു്. അതിൽ അന്തൎഭവിച്ചിട്ടുള്ള കാൎയ്യങ്ങൾ ഇടയ്ക്കിടെ എൻെറ മനസ്സിൽ എത്തിനോട്ടംനടത്താറുണ്ടു്. പൂൎണ്ണതയെന്നതു് ഒരു മിഥ്യയാണെന്നും ഭൂരിപക്ഷം ആളുകളും എല്ലാക്കാലത്തുംതന്നെ യാതൊരഭിപ്രായത്തോടും ദൃഢബന്ധമില്ലാതെ നിലകൊള്ളുന്നവരായിരിക്കുമെന്നും കാണാൻ കഴിഞ്ഞതു് എന്നെ സന്തുഷ്ടനാക്കി. മൗലികമായി നല്ലവരും മൗലികമായി ചീത്തയാളുകളും ന്യൂനപക്ഷങ്ങളാണു്. രണ്ടിലും പെടാത്ത ബഹുഭൂരിപക്ഷം ഈ രണ്ടു വിഭാഗങ്ങളുടെയും ഇടയിൽ നിന്നുകൊള്ളും. ആഴംകൊണ്ടും സാന്ദ്രതകൊണ്ടും പരസ്പരവിരുദ്ധമായ രണ്ടു പരകോടികളിലേക്കു് അനന്തമായി പിടിച്ചുവലിക്കുന്ന ശക്തികളെയാണു് ഈ രണ്ടു വിഭാഗങ്ങൾ പ്രതിനിധീകരിക്കുന്നതു്. ജീവിതം മരവിച്ചു നിന്നുപോകാതെ ഒഴുകാൻ സഹായിക്കുന്നതു് ഈ പിടിവലിയാണു്. ഈ എതിരൊഴുക്കുകളുടെ ഗതിയിൽ ഇടപെടാത്തപ്രകാരം വേണം ജീവിതത്തിലെ കാൎയ്യങ്ങളെ നിയന്ത്രിക്കേണ്ടതു്. എങ്കിലും ജീവിതത്തിൻെറ ലക്ഷ്യം തെററിപ്പോകാതിരിക്കത്തക്കവിധം സ്വയം നിയന്ത്രിക്കുന്ന വ്യവസ്ഥകൾ ഉറപ്പാക്കുകയും വേണം. ഈ വ്യാഖ്യാനം ശരിയാണെങ്കിൽ നമ്മുടെ സമൂഹത്തിലെ സോഷ്യലിസ്റ്റ്‌വ്യവസ്ഥിതി, ഇന്ത്യയിൽ പലരും കലശലായി താല്പൎയ്യപ്പെട്ടുന്നതും അയൽനാട്ടുകളിൽ ചിലേടത്തു രൂപപ്പെട്ടുവരുന്നതുമായ 'രാഷ്ട്രരാജി'നെയെന്നപോലെതന്നെ പലരും സ്വപ്നംകാണുന്ന ആദൎശഗ്രാമവ്യവസ്ഥിതിയായ 'രാമരാജ്യ'ത്തെയും അംഗീകരിച്ചുകൂടാ.

ഇതിൻെറ അത്ഥം, സോഷ്യലിസ്റ്റ് മാതൃകയിലുള്ള നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയിൽ നാം ആസൂത്രിതപദ്ധതികളുണ്ടാക്കുന്നതു് ജീവിതത്തിലെ കാര്യങ്ങളിൽ ജനങ്ങൾ വിപുലമായതോതിൽ സംബന്ധിക്കത്തക്കവിധം വേണമെന്നാണ്; ആ മാതൃകകൾ പരസ്പരം മത്സരിക്കവേതന്നെ പരസ്പരം സഹായകമായി പ്രവത്തിക്കുന്നവയുമായിരിക്കണം. എല്ലാ മണ്ഡലങ്ങളിലുംതന്നെ ചുവടെ വിവരിക്കുന്ന നാലിനങ്ങളിൽ (വിശാലമായ ഒരു വിഭജനക്രമമാണിതു്) പ്രവത്തനം നടക്കാനുള്ള സൗകര്യമുണ്ടായിരിക്കണം:

1. പൊതുമേഖല.
2. കൂട്ടുചേൎന്നുള്ള പ്രവത്തനമേഖല.
3. സഹകരണമേഖല.
4. വ്യക്തികളുടെ മേഖല.

പൊതുമേഖലയിലെ പ്രവത്തനങ്ങൾ ജനങ്ങളെ മുഴുവൻ പ്രതിനിധീകരിച്ചുകൊണ്ടു് ഗവണ്മെന്റു് മുൻകൈ എടുത്തു ചെയ്യേണ്ടതാണ്. കൂട്ടുചേൎന്നുള്ള പ്രവത്തനമേഖലയെന്നതിൽ ആളുകൾ സംഘമായി ചേൎന്നു് ആദായത്തിനുവേണ്ടിയോ പൊതുതാല്പര്യത്തെ മുൻനിൎത്തിയോ പ്രവൎത്തിക്കുന്നതിനെയാണ് വിവക്ഷിക്കുന്നതു്. സഹകരണമേഖലയിലാകട്ടെ, ഒററയ്ക്കു പ്രവത്തനത്തിലേർപ്പെടാനുള്ള സൗകര്യങ്ങളും സാഹചര്യങ്ങളുമില്ലാത്തവൎക്കു് സമൂഹത്തിൻെറ സേവനത്തെയും പ്രയോജനത്തെയും ലക്ഷ്യമാക്കി സഹകരിച്ചു സംയുക്തപ്രവത്തനം നടത്താൻ സൗകര്യപ്പെടുന്നു. വ്യക്തികളുടെ മണ്ഡലത്തിൽ, അവനവന്റെ ആദായത്തിനോ പൊതുനന്മയ്ക്കോ വേണ്ടിയോ സ്വന്തം നിലനില്പിനുവേണ്ടിയോ ഉള്ള വ്യക്തിപരമായ പ്രവത്തനമാണ് നടക്കുന്നതു്. ഒരു സോഷ്യലിസ്ററു സമൂഹമായിത്തീരണം നാമെന്നുണ്ടെങ്കിൽ ഈ നാലുമണ്ഡലങ്ങളും വളരാനും പരസ്പരം സഹകരിക്കാനുമുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതു് ഒഴിച്ചുകൂടാവുന്നതല്ലെന്നു തോന്നുന്നു. ഇതിൽ ഒന്നുംതന്നെ കുത്തകസമ്പ്രദായത്തിൽ വളരാതെ നാം കരുതണം. ഒരു മേഖല മറെറാന്നിനെ ശല്യപ്പെടുത്താതെയും ആക്രമിച്ചു കീഴ്പ്പെടുത്താതെയും സമതുലിതാവസ്ഥയിൽ സഹവത്തിച്ചു മുമ്പോട്ടു പോകത്തക്കവിധം സാമൂഹ്യശക്തികൾ

നിയമസഭകളിലൂടെ ശബ്ദമുയർത്തണം. ഈ തത്വം നാം അംഗീകരിക്കുന്നുവെങ്കിൽ അതിന്റെ യുക്തിയുക്തമായ സ്വാധീനശക്തി നമ്മുടെ ജീവിതത്തിന്റെ പ്രാഥമികമണ്ഡലങ്ങളിലേക്കു പ്രസരിക്കണം. അപ്പോൾ നമ്മുടെ സോഷ്യലിസ്ററു മാതൃക ചുവടെ വിവരിക്കുംപ്രകാരമായിരിക്കും രൂപംപ്രാപിച്ചുവരുക:

സംസ്ഥാനത്തിന്റെ ചുമതലയിൽ വൻകിട വ്യവസായങ്ങളുണ്ടാകണം. മുഖ്യമായ എല്ലാ കേന്ദ്രങ്ങളെയും അടച്ചുപിടിച്ചുകൊണ്ടായിരിക്കണം ഇവയുടെ സംവിധാനം. അല്ലാത്തപക്ഷം വ്യവസായലോകത്തിലെ നിക്ഷിപ്തതാല്പര്യക്കാർ സംസ്ഥാനത്തെ കുഴപ്പത്തിൽക്കൊണ്ടു ചാടിക്കും. ഇവയോടനുബന്ധിച്ച്, വ്യക്തികളുടെയും സമൂഹങ്ങളുടെയും ഉടമയിൽ നടത്താവുന്ന ഉപവ്യവസായങ്ങൾ ഉണ്ടായിരിക്കും. ചെറുകിടവ്യവസായങ്ങളിലും വീട്ടിലിരുന്നുകൊണ്ടുതന്നെ നടത്താവുന്ന വ്യവസായങ്ങളിലും ഗ്രാമീണ കൈത്തൊഴിലുകളിലും പ്രവർത്തിക്കത്തക്കവിധം തൊഴിൽക്കാരെ കൂടുതൽ കൂടുതലായി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കും. ഇടത്തരം വ്യവസായികൾ സ്വന്തനിലയിൽ ചെറുകിടവ്യവസായങ്ങളിൽ—മുഖ്യമായി നിത്യോപയോഗസാധനങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങളിൽ—ഏർപ്പെടും. കുത്തകസമ്പ്രദായം രാജ്യരക്ഷയോടുബന്ധപ്പെട്ട വ്യവസായങ്ങളിലൊഴികെ, സംസ്ഥാനങ്ങൾ പൊതുമേഖലയിൽ നടത്തുന്ന വ്യവസായങ്ങളിൽപ്പോലും ഉണ്ടായിരിക്കയില്ല. നമ്മുടെ സമ്പദ്‌വ്യവസ്ഥയിലെ സർവ്വപ്രധാനഘടകമായ കൃഷിയുടെ കാര്യത്തിലും ഇതേ മാതൃകയായിരിക്കും അനുവർത്തിക്കപ്പെടുക. മററുള്ളവർക്കു മാതൃകയായും പരിശീലനകേന്ദ്രമായും ഉപയോഗിക്കുവാൻ വലിയ കൃഷിയിടങ്ങൾ സംസ്ഥാനംവകയായി ഉണ്ടായിരിക്കും. ഉത്സാഹത്തിന്റെയും വിജ്ഞാനത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ രൂപംകൊള്ളുന്ന സ്വകാര്യ ഉടമയിലുള്ള കൃഷിയിടങ്ങളും ഉണ്ടായിരിക്കും. ചെറുകിട കൃഷിക്കാരുടെ സഹകരണാടിസ്ഥാനത്തിലുള്ള കൂട്ടുകൃഷിസമ്പ്രദായം വൻതോതിലുണ്ടായിരിക്കും. പ്രത്യേക താല്പര്യവും ഉത്സാഹവും പരിചയവും അനുസരിച്ചു

നിലനിൽത്തിപ്പോരുന്ന വ്യക്തികളുടെ കൃഷിയിടങ്ങളും ഉണ്ടായിരിക്കും.

രാജ്യത്തിലുടനീളമുള്ള വിദ്യാഭ്യാസം—കല, സാഹിത്യം, ശാസ്ത്രം, സാങ്കേതികവിഷയങ്ങൾ എന്നിവയിലെല്ലാമുള്ളതു്—ഒരേ മാതൃകയിൽവേണം പുരോഗമിക്കാൻ. ഉയന്ന വിദ്യാഭ്യാസം—പ്രത്യേകിച്ചു് ശാസ്ത്രത്തിലും സാങ്കേതികവിഷയങ്ങളിലുമുള്ളതു് — ഗവണ്മെൻറിൻെറ ചുമതലയിലായിരിക്കണം. ബാക്കിയുള്ളതു കഴിവുള്ളത്ര വിശാലമായി പ്രാദേശികസ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, സഹകരണസ്ഥാപനങ്ങൾ, പ്രാദേശികസഭകൾ, പ്രൈവറ്റ് ഏജൻസികൾ എന്നിവയുടെ ചുമതലയിൽ വീതിച്ചുകൊടുത്തു നടത്തേണ്ടതാണ്. അടുത്തകാലത്തായിട്ടു് ഗവണ്മെൻറുവിഭാഗം വികസിച്ചു് ഗ്രാമങ്ങളിലെ പ്രാഥമികവിദ്യാഭ്യാസത്തെക്കൂടെ ഗ്രസിക്കാനുള്ള ഒരു പ്രവണത വളൻകാണുന്നുണ്ടു്. സർവ്വകലാശാലകളുടെ കാര്യത്തിലാണെങ്കിൽ, അവയെ എല്ലാക്കാലവുംതന്നെ ഗവണ്മെൻറു നിയന്ത്രിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. സ്ഥാനോന്നതിനിൎണ്ണയകാര്യത്തിലെ ഗവണ്മെന്റിന്റെ നയംമൂലം ഒരു സർവ്വകലാശാലാ വൈസ് ചാൻസലർപോലും താൻ തരത്തിൽ താണ ആളാണെന്നു വിചാരിക്കേണ്ടിവരുന്നു. ഇതൊക്കെക്കൊണ്ടു് സർവ്വകലാശാലകൾപോലുള്ള സ്വതന്ത്രസ്വയംഭരണസ്ഥാപനങ്ങളിൽനിന്നു്, യഥാർത്ഥത്തിൽ ഉത്തമമായ കഴിവുള്ളവർ വർദ്ധമാനമായ തോതിൽ ഗവണ്മെന്റുദ്യോഗങ്ങൾ സ്വീകരിച്ചുപോകാനും മൂന്നാംതരക്കാർ മാത്രം ബാക്കിയാകാനും ഇടയാകുന്നു. അവരാണെങ്കിലോ പരസ്പരമുള്ള ശണ്ഠയിൽ കാലംപോക്കുകയും ചെയ്യും. ഈ പ്രവണതകളെല്ലാം ദൃഢവ്രതത്തോടെ ഉച്ചാടനംചെയ്യേണ്ടതാണ്.

ശുദ്ധമണ്ഡലത്തിലും പ്രവൃത്തിമണ്ഡലത്തിലുമുള്ള (Pure and applied) ഗവേഷണവും ഇതേ മാതൃകയെ പിൻതുടരണം. മൗലികപ്രാധാന്യമുള്ളതും ദീർഘകാലം നീണ്ടുനില്ക്കുന്ന മുതൽമുടക്കാവശ്യമായതും ചുരുങ്ങിയ കാലയളവിലെങ്ങും ആദായകരമാകാൻ സാദ്ധ്യതയില്ലാത്തതും ആയ ഗവേഷണങ്ങൾ പൊതുമേഖലയിൽ ഗവണ്മെന്റിൻെറ നിയന്ത്രണത്തിൽ നടത്തേണ്ടതാണ്. അത്തരം ഗവേഷണം ഗവണ്മെന്റുസ്ഥാപന

ങ്ങളിലും സർവ്വകലാശാലകളിലും സ്വകാര്യസ്ഥാപനങ്ങളിലും നടത്തേണ്ടതാണ്. ഉടനെ ഫലം നല്ലേണ്ടതരത്തിലുള്ള പ്രായോഗികമണ്ഡലത്തിലെ ഗവേഷണങ്ങൾ, പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾ, സഹകരിച്ചു സംയുക്തപ്രവർത്തനത്തിനു സന്നദ്ധത കാണിക്കുന്ന സ്ഥാപനങ്ങൾ, ഗവൺമെൻറിൻെറ സഹായധനത്തോടുകൂടി നടത്തുന്ന സ്വകാര്യസ്ഥാപനങ്ങൾ, എന്നിവയിൽവേണം നടത്താൻ. കൃഷി വ്യവസായം മുതലായ മണ്ഡലങ്ങളിലും, പൊതുജനാരോഗ്യം വിദ്യാഭ്യാസം മുതലായ തുറകളിലും, മത്സരിച്ചുള്ള പ്രയത്നവും ദ്രുതമായ പ്രവർത്തനവും പ്രോത്സാഹിപ്പിക്കുവാൻവേണ്ടി, ഗവേഷണച്ചുമതല വിശാലമായ അടിസ്ഥാനത്തിൽ വിഭജിച്ചു നല്ലേണ്ടതാണ്. ഉദ്യോഗസോപാനത്തിലെ പടിപടിയായുള്ള കയററത്തിനു മറെറല്ലാററിനേക്കാളും മുഖ്യമായ സ്ഥാനം മനസ്സിൽ സങ്കല്പിച്ചിട്ടുള്ള ഗവൺമെൻറുദ്യോഗസ്ഥന്മാരിലേക്കു സങ്കുചിതപ്പെടുത്തി നിർത്തിക്കൊണ്ട്, ഗവേഷണത്തിൻെറ മേൽ കുത്തകാവകാശമെടുക്കാനുള്ള ഗവൺമെൻറിൻെറ വർദ്ധമാനമായ പ്രവണത, സ്വന്തം പരാജയത്തെ സ്വയം ക്ഷണിച്ചുവരുത്തുന്ന ഒരു പ്രക്രിയയായിരിക്കും. കുറഞ്ഞുവരുന്ന വരുമാനത്തിൻെറ നീതി എന്ന തത്വം ഇപ്പോൾത്തന്നെ പ്രയോഗത്തിൽ വന്നുതുടങ്ങിയിരിക്കുന്നു.

ഉയർന്നതരം വിജ്ഞാനം, യന്ത്രപ്രവർത്തനപരിചയം, സൗകര്യങ്ങൾ, എന്നിവയൊക്കെ— പ്രാഥമികോല്പാദനത്തിൻെറ മണ്ഡലത്തിലായാലും ശരി, ക്ഷേമപ്രവർത്തനങ്ങളിലായാലും ശരി—ഇന്നു മിക്കവാറും ഗവൺമെൻറിൻെറ പ്രവർത്തനപരിധിക്കുള്ളിൽ പരിമിതിപ്പെട്ടു നില്ക്കുകയാണ്. ദീർഘകാലവീക്ഷണത്തിൽ ഇതിനേക്കാൾ വിനാശകരമായ ഒരു സമ്പ്രദായമില്ല. കൂട്ടുചേർന്നു നടത്തുന്ന പ്രവർത്തനങ്ങളും സഹകരണസ്ഥാപനങ്ങളും സ്വകാര്യമേഖലയിലെ പ്രവർത്തനങ്ങളും എല്ലാം ഒരുപോലെ വികസനപ്രവർത്തനങ്ങൾക്കു ചുമതലപ്പെടുത്തപ്പെടണം. താല്പര്യങ്ങളുടേയും പ്രത്യേക സൗകര്യങ്ങളുടേയും പരിഗണനയോടുകൂടി ഗവൺമെൻറിൽനിന്നു സഹായധനം നല്കിയും എല്ലാ സ്ഥലത്തും വ്യാപകമായി പ്രയോജനപ്പെടത്തക്കവിധം വിഭജിച്ചും ഇതു വിതരണംചെയ്യണം.

എല്ലാവക്കും തുല്യാദായം സിദ്ധിക്കുകയെന്നതു് പ്രയോഗികമായി അസാദ്ധ്യമാണെന്നതോ പോകട്ടെ, അതു് ഒരു സിദ്ധാന്തമെന്ന നിലയിൽപ്പോലും സ്വീകാര്യവുമല്ല. വായുവിൻെറ മദ്ദത്തിൻേറയും ശീതോഷ്ണാവസ്ഥയുടേയും വ്യത്യാസത്തിനനുഗുണമായി അന്തരീക്ഷത്തിൽ സ്ഥിതിവ്യത്യാസങ്ങളുണ്ടാകയും വായു ക്ഷുബ്ധമാകയും ഋതുഭേദങ്ങൾ സംഭവിക്കയുംചെയ്യുന്നു. ഭൂമിയിലെ ഉന്നതതലങ്ങളും അഗാധതലങ്ങളും ചേൻ്റിട്ടുള്ള സ്ഥിതിയാണു് അതിൻെറ സമതുലിതാവസ്ഥ പാലിച്ചുകൊണ്ടുപോകുന്നതു്. ഔന്നത്യങ്ങളും അഗാധതകളും തമ്മിലുള്ള അന്തരം അത്യധികമാകുമ്പോൾ മാത്രമാണു് പ്രശ്നമുത്ഭവിക്കുക. അതിനു പ്രകൃതി കണ്ടുപിടിച്ചിട്ടുള്ള പ്രതിവിധിയാണു് ഭൂമികുലുക്കങ്ങൾ. ചരിത്രകാലത്തു മുഴവനും മനുഷ്യനും ഇതേ പ്രതിവിധിയെത്തന്നെ ആശ്രയിച്ചിട്ടുണ്ടു്— വിപ്ലവങ്ങളിലൂടെ. ഇന്ത്യയിൽ ഒരു വിപ്ലവത്തിൻെറ ഭീകരതകളും യാതനകളും കൂടാതെകഴിക്കണമെന്നുള്ള കാര്യത്തിൽ നമുക്കു് ആകാംക്ഷയുണ്ടു്. അതിനു നാം ചെയ്യേണ്ടതു് സാവ്വത്രികമായ സാമൂഹ്യവിദ്യാഭ്യാസംകൊണ്ടു് ജനങ്ങളെ ബോധവാന്മാരാക്കി, ഐശ്വര്യപരകോടിയിലെത്തിയ സമൃദ്ധിയും പാതാളസമാനമായ ദുരിതവും തമ്മിലുള്ള അന്തരം കുറയ്ക്കുത്തക്ക നിയമങ്ങൾ നിമ്മിക്കാനും നടപ്പിൽ വരുത്താനും പൊതുജനാഭിപ്രായത്തിൻെറ പിൻബലമാജ്ജിക്കുകയാണു്. താരതമ്യേനയുള്ള സമൃദ്ധിയും ദാരിദ്ര്യവും സ്വയംനിയന്ത്രണത്തിൽ ചലനാത്മകമാകുമാറുള്ള ഏപ്പാടുകളും ഉണ്ടാകണം. എങ്കിൽ മാത്രമേ മററു രാജ്യങ്ങളിൽ സംഭവിച്ച മാതിരിയുള്ള വിശം വിററപ്പിക്കുന്ന വിപ്ലവങ്ങളെ നമുക്കു് ഒഴിവാക്കാൻ കഴിയൂ.

ജനങ്ങൾക്കുള്ള സാമൂഹ്യവിദ്യാഭ്യാസം, ഗവണ്മെൻ്റിനും രാഷ്ട്രീയകക്ഷികളുടെ പ്രവത്തനത്തിനും, ഫലപ്രദമാംവിധം നിവ്വഹിക്കാൻ കഴിയും. അങ്ങനെയാകുമ്പോൾ വിവേകമുള്ള ഒരു ഗവണ്മെൻറിനു് വ്യക്തികളുടെ വരുമാനത്തിലുള്ള അന്തരം ഒരുമാതിരി ന്യായമായിരിക്കത്തക്കപ്രകാരം നിയമനിമ്മാണം ചെയ്യാനും കഴിയും. മിച്ചംവരുന്നതു സംസ്ഥാനത്തിന്റെ വരുമാനമായി മുതൽക്കൂട്ടുകയും ഉപജീവനത്തിനുവേണ്ടി

പണിയെടുക്കാൻ തയാറുള്ള എല്ലാ പൗരന്മാക്കും ഏററവും മിതമായ ജീവിതത്തോതു പുലത്താനാവശ്യമായതു കരുതിക്കൊണ്ടു്, ആ സംഖ്യ പൊതു ആവശ്യങ്ങൾക്കും വികസന പ്രവത്തനങ്ങൾക്കുമായി മുടക്കാവുന്നതുമാണു്. വ്യക്തമായ ചിന്താഗതിയും ഏകാഗ്രമായ പ്രവത്തനവ്യഗ്രതയും യഥാത്ഥമായ വിശ്വാസവുമുള്ള പക്ഷം ഇതു സാധിക്കുക, വിഷമമുള്ള കാര്യമല്ല. ഇന്ത്യയിൽ പടുത്തുയത്തുവാൻ നാം പ്രതിജ്ഞയെടുത്തിട്ടുള്ള സോഷ്യലിസ്റ്റ് മാതൃകയിലുള്ള സാമൂഹ്യവ്യവസ്ഥയുടെ രൂപരേഖ നൽകാനുള്ള ശ്രമം നടത്തേണ്ട കാലം അതിക്രമിച്ചിട്ടുണ്ടു്. ജനങ്ങൾക്കു വ്യക്തമായ ഒരു ബോധമുണ്ടാകാനും നയരൂപീകരണത്തിനു ചുമതലപ്പെട്ടവരുടെ പ്രവത്തനത്തിൻെറ സുഗമതക്കും ഇതു സഹായകമായിരിക്കും. ഏകാധിപത്യരാജ്യങ്ങളിലെ നിവ്വികാര പരബ്രഹ്മമാതൃകയിൽ രൂപം പ്രാപിക്കാതിരിക്കണമെന്നുണ്ടെങ്കിൽ, പൊതുമേഖല ഒരു സമതുലിതമാതൃകയുടെ ഭാഗമാക്കി വളത്തിയെടുക്കാൻ നാം നിശ്ചയദാർഢ്യത്തോടെ പ്രവത്തിക്കണം; കൂട്ടുചേന്നുള്ളതും സഹകരണമേഖലയിലുള്ളതും സ്വകാര്യമേഖലയിലുള്ളതുമെല്ലാം മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള തോതിൽ അതിനു സമാന്തരമായി വളന്നുവരികയും വേണം. പിന്തിരപ്പത്തത്തിൻേറതായ ഒരു പ്രതികരണം കൂടാതെകഴിക്കണമെന്നുണ്ടെങ്കിൽ ഈ വളർച്ച അനിയന്ത്രിതമായി നടക്കാൻ അനുവദിച്ചുകൂടാ. അവ്യക്തതയെന്നതു് ദുമ്മോഹികളായ ഉദ്യോഗസ്ഥന്മാക്കും, ദുമ്മോഹികളായ രാഷ്ട്രീയക്കാക്കും, ദുമ്മോഹികളായ വ്യവസായികൾക്കും മാത്രമേ സഹായകമാകൂ. ഇപ്പോൾത്തന്നെ ഇവരുടെ പ്രവത്തനം സാമാന്യം വലിയതോതിൽ ആരംഭിച്ചിട്ടുണ്ടെന്നുള്ളതു നമുക്കു കാണാവുന്നതാണു്.

ഭരണത്തിൻെറ സ്വഭാവത്തെ സംബന്ധിച്ചിടത്തോളം വൻതോതിൽ നടക്കുന്ന വ്യവസായസ്ഥാപനങ്ങളിലെ നില—ഗവണ്മെൻറുടമയിലുള്ളതായാലും കോപ്പറേഷനുകളിലായാലും—ഏതാണ്ടൊന്നുതന്നെയാണു്. ഏതായാലും ഇന്ത്യയിലെ നിലക്കു് അടിസ്ഥാനവ്യവസായങ്ങളെല്ലാംതന്നെ, പൊതുമേഖലയിൽ വലിയ കോപ്പറേഷനുകൾ രൂപീകരിച്ചു് അവമുഖാന്തരം വേണം നടത്താനെന്നുള്ളതു് സാമാ

ന്യയുക്തിക്കു ചേന്നതാണു്. നിയമസഭകളുടെയും പത്രലോക ത്തിൻെറയും പൊതുജനങ്ങളുടെയും സന്നിഷ്കർഷമായ പരി ശോധനാപരിധിക്കു വെളിയിൽ, വളരെയകലെ, ഇരുന്നുകൊ ണ്ടു് ഉത്സാഹപ്രകർഷത്തോടും പ്രാപ്തിയോടുംകൂടെ പ്രവൃത്തി യെടുക്കാൻ കഴിയുന്ന ഉദ്യോഗസ്ഥന്മാർ ചുരുക്കമാണു്. വള രെക്കാലത്തേക്കുകൂടെ അതു് അങ്ങനെയായിരിക്കയും ചെയ്യും. എല്ലാത്തരം പ്രവൎത്തനങ്ങളെയും ഉൾക്കൊള്ളുന്നതരത്തിൽ ഒരു ക്രമവും മുറയുമില്ലാത്ത സമ്പ്രദായത്തിൽ ഉള്ള വിക സനനടപടികൾ വിപുലമായതോതിൽ പൊതുമേഖലയിൽ സ്വീകരിച്ചാൽ അതു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാൎക്കു കുറെ പ്രാമാണ്യവും ഗൗരവവും കൈവരുത്തിയേക്കാമെന്നിരിക്കി ലും, കാൎയ്യപ്രാപ്തിയോ, സത്യസന്ധതയോ വളൎന്നുവരാൻ അതു സഹായകമാകയില്ല. അനുഭവങ്ങളെ വച്ചുകൊണ്ടു നോക്കി യാൽ ഈ സമ്പ്രദായം വളരെ ആപല്ക്കരമാണു് എന്നുവേണം പറയാൻ.

അടുത്തതായി പരിഗണിക്കേണ്ട സംഗതി, ഭരണം നട ത്തുന്നതു ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു രാഷ്ട്രീയ കക്ഷിയാണെന്നിരുന്നാലും ഗവൺമെൻറിൻെറ പദ്ധതികളെ ല്ലാം രാജ്യത്തിനു പൊതുവേ ബാധകമാണെന്നതാണു്. അവ യിൽ എല്ലാ കക്ഷികൾക്കും സംബന്ധിക്കാനും സഹകരിക്കാ നും അവസരമുണ്ടായിരിക്കണം—പ്രത്യേകിച്ചും ഒരു രാഷ്ട്ര മെന്ന നിലയിലുള്ള നമ്മുടെ വളർച്ചയുടെ ഈ പ്രാഥമികഘ ട്ടത്തിൽ. ദേശീയപുനർനിൎമ്മാണപരിപാടിയെ ഗവൺമെൻറു യന്ത്രംമുഖേന നിയന്ത്രിച്ചുകൊണ്ടുപോകാനുള്ള ശ്രമം, ഗവ ൺമെൻറിലും പൊതുജനങ്ങളുടെയിടയിലുമുള്ള ഏററവും പി ന്തിരിപ്പൻശക്തികളുടെ ദുരാരോഹമായ ഐക്യനിര സൃഷ്ടി ക്കാനായിരിക്കും സഹായിക്കുക. സംസ്ഥാനനിയമസഭയുടെ കൈയെത്താൻ പ്രയാസമുള്ള താഴത്തെ തലങ്ങളിലാണു് ഈ ആപത്തു് ഏററവും കൂടുതലായി ഉണ്ടാകാവുന്നതു്. സാമൂഹ്യ മായ പൊരുത്തക്കേടുകൾ മിക്കതിൻെറയും അടിസ്ഥാനകാര ണം ഉള്ളിലുള്ളതു പുറത്തേക്കു പ്രകടിപ്പിക്കാനുള്ള ഉപാധി കളുടെ അഭാവമാണു്. ജനങ്ങളിലെ വിവിധവിഭാഗങ്ങൾ തമ്മിലും രാഷ്ട്രീയകക്ഷികൾ തമ്മിലും ഓരോ കക്ഷികൾക്കു

ളളിലും ഇന്നു നിലവിലിരിക്കുന്ന മത്സരങ്ങളും കുഴപ്പങ്ങളും ഈ അഭിപ്രായത്തെ സ്ഥിരീകരിക്കുന്നവയാണു്; ആപൽസൂചകമായ ലക്ഷണങ്ങളാണു്, അവ.

## ഒരു രണ്ടാം സമരമുഖത്തെപ്പററിയുള്ള ചിന്തകൾ

ന്യൂനപക്ഷത്തിനു ഭൂരിപക്ഷത്തിൻെറമേലും ഒരു രാഷ്ട്രത്തിനു മറെറാരു രാഷ്ട്രത്തിൻെറമേലും അധികാരം നടത്തണമെന്നു മോഹമുണ്ടാകുന്നതു് അതിൽനിന്നു സാമ്പത്തികമോ രാഷ്ട്രീയമോ ആയ പ്രയോജനം സിദ്ധിക്കാനുള്ളതുകൊണ്ടാണു്—'ഒന്നും നൽകാതെ വല്ലതും'. എന്നാൽ 'ഭരണീയ'രിലെ ഗണനീയമായ ഒരംശം 'കൊള്ളമുതലി'ൻെറ വിഭജനത്തിൻെറ കാര്യത്തിൽ 'ഭരണാധികാരി'കളുമായി പരസ്പരധാരണയുണ്ടാക്കിയിട്ടില്ലാത്തപക്ഷം ഇങ്ങനെയൊന്നു സംഭവിക്കാൻ സാദ്ധ്യമല്ല. സ്വതന്ത്രപൗരന്മാരെന്നനിലയിൽ അവക്കുള്ള അവകാശങ്ങളെയും സ്വന്തം സ്വാതന്ത്ര്യം വിനിയോഗിക്കയും നിലനിത്തുകയും ചെയ്യുന്നതിനുള്ള ചുമതലകളെയും സംബന്ധിച്ചിടത്തോളം 'ഭരണീയ'രെ അജ്ഞരാക്കി പുലത്താൻ കഴിയുന്നിടത്തോളംകാലം മാത്രമേ ഈ പ്രകൃതിവിരുദ്ധമായ ഏകമാഗ്ഗവ്യാപാരം തുടന്നുകൊണ്ടുപോകാൻ കഴിയൂ. 'ഭരണീയ'രെ അജ്ഞതയിൽ പുലത്തേണ്ടതു് ഈ അന്യായ'ഭരണാധികാരി'കളുടെ താല്പര്യത്തിനനുഗുണമാണു്. സത്യസന്ധതയെന്നതു് എക്കാലവും ഒരു ആപേക്ഷിക ഗുണവിശേഷമായിരിക്കുന്നതുപോലെതന്നെ, ജനാധിപത്യവും അനുഭവത്തിൽ ഒരിക്കലും പൂണ്ണമായി പ്രാപിക്കാൻകഴിയാത്ത തരത്തിൽ പിൻവാങ്ങി പൊയ്ക്കൊണ്ടിരിക്കുന്ന ഒരു ലക്ഷ്യമാണു്. സ്വാതന്ത്ര്യത്തിൻെറയും അടിമത്വത്തിൻെറയും ശക്തികൾ തമ്മിലുള്ള മത്സരമാണു് ജീവിതം. അതില്ലാതെയായാൽ ചലനരാഹിത്യം സംഭവിക്കുന്നു. മനുഷ്യൻെറ ലോകം ഇന്നും ശൈശവദശയിലാണു്— രൂപംപ്രാപിച്ചുവരുന്ന ഘട്ടം. അതു് ഇനിയും കോടികോടി വഷങ്ങളിലേക്കും അങ്ങനെതന്നെ തുടരും. മനസ്സിൻെറ പാരതന്ത്ര്യത്തിൽനിന്നു മുക്തി

നേടിയവരും ശരീരത്തിൻെറ പാരതന്ത്ര്യത്തിൽനിന്നു മുക്തി നേടാൻ ശ്രമിക്കുന്നവരുമായ നേതാക്കന്മാരുടെ വാത്സല്യപൂർണ്ണമായ പരിചരണവും നിയന്ത്രണവുമില്ലാതെ, പാരതന്ത്ര്യമനുഭവിക്കുന്ന ഭൂരിപക്ഷത്തിനു് അവരുടെ മോചനത്തിനുവേണ്ടിയുള്ള ശ്രമം നടത്താൻ കഴിവുണ്ടാകയില്ല. ചിന്തയുടെയും പ്രവൃത്തിയുടെയും മണ്ഡലത്തിൽ അത്തരം നേതൃത്വം അലഭ്യമായിത്തീരുകയും ഭരണീയരുടെ ഉപബോധമനസ്സിൽപ്പോലും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രേരണ ഇല്ലാതായിത്തീരുകയും ചെയ്യുമ്പോൾ മാത്രമേ അന്ധകാരത്തിൻെറയും നിശ്ചലതയുടെയും ആധിപത്യമുണ്ടാകൂ.

ലോകചരിത്രത്തിൽ സമാനമായ ഒരുദാഹരണം ചൂണ്ടിക്കാണിക്കാനില്ലാത്തമട്ടിൽ, മുമ്പെങ്ങുമുണ്ടാകാത്തതോതിൽ, ഇന്ത്യയിൽ നേതൃത്വം വളൻവന്നു. വിദേശഭരണത്തിൽനിന്നു മോചനം നേടാനുള്ള ആന്തരികപ്രേരണയും മനുഷ്യരുടെ ഉപബോധമനസ്സിൽ വലിയ ചലനമുണ്ടാക്കി. അങ്ങനെയാണു് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം നടത്താൻ കഴിഞ്ഞതു്. 1918-ൻെറയും കുറേക്കൂടെ പ്രധാനമായി 1945-ന്റെയും സ്വാഭാവികപരിണാമങ്ങൾ ലോകവ്യാപ്തമായ ചില ശക്തികളെ അഴിച്ചുവിട്ടു. അതു നമ്മുടെ സമരത്തിനു കുറേക്കൂടെ ശക്തി കൈവരുത്തി. നാം ഒരു അജയ്യശക്തിയായി വളൻ. സ്വാതന്ത്ര്യം ലഭിച്ചു; പക്ഷേ, കഷ്ടം, സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ജനങ്ങളുടെ സമരം നിലച്ചു; അതു് ആരും ശ്രദ്ധിക്കാതെ കടന്നുപോയി എന്നുതന്നെ പറയാം. സ്വാതന്ത്ര്യപ്രാപ്തിയെ തുടൻവന്ന വിമോചനോന്മേഷം താരതമ്യേന കുറച്ചുപേക്കുമാത്രമേ ബാധകമായിരുന്നുള്ളൂ. അവർ ഉടൻതന്നെ പുതുതായി രൂപംകൊണ്ട ഒരു സംസ്ഥാനത്തിന്റെ ഭരണമേറ്റെടുക്കുകയും ശതവർഷങ്ങൾ നീണ്ടുനിന്ന വിദേശഭരണംകൊണ്ടു നേരിട്ട കെടുതികളില്ലാതാക്കാനുള്ള പ്രയത്നമാരംഭിക്കയും ചെയ്തു. തറയിൽ നിൽക്കുന്ന ചെറുകുന്നുകൾക്കാവശ്യമായ ശുശ്രൂഷണം നൽകാനുള്ള സാവകാശം അവക്കു ലേശവുമുണ്ടായിരുന്നില്ല. പ്രകൃതിക്കു ശൂന്യതയിഷ്ടമല്ല. സമൂഹത്തിൻെറ അന്ധകാരമയമായ അറകളിലെ പിന്തിരിപ്പന്മാർക്കൂടെ വന്നുകൂടി ശൂന്യതയിൽ നിറയുന്നതു സ്വാഭാവി

കമായിരുന്നു. ജനാധിപത്യത്തിനു് ഒരു സ്ഥിരതയുണ്ടാകണമെങ്കിൽ നിർമ്മാണാത്മകസ്വഭാവത്തോടുകൂടിയ ഒരു ജനാധിപത്യപ്രതിപക്ഷം സമാന്തരമായി പ്രവർത്തിച്ചുകൊണ്ടിരുന്നാലേ മതിയാകൂ. ഗവണ്മെൻറു് അതിർകടന്നു പ്രവർത്തിക്കാതെയും കൃത്യവിലോപം വരുത്താതെയും സൂക്ഷിക്കാൻ പ്രതിപക്ഷത്തിനു കഴിയും. പക്ഷേ, ആരോഗ്യകരമായ പ്രതിപക്ഷം വളർന്നുവരാൻ കാലം പിടിക്കും. സമുദായവാദം, ഭാഷാവാദം, ജാതിപരിഗണന, ജന്മിത്വം എന്നിതൊക്കെ നമുക്കു ലഭിച്ച ദേശീയപാരമ്പര്യങ്ങളാണു്. ഇതെല്ലാം കൂട്ടുന്നതിൽനിന്നാണെന്നു തോന്നുന്നു, സാമൂഹ്യവിരുദ്ധശക്തികൾ ഉത്ഭവിക്കുന്നതു്. വിദേശശക്തി പോയി. ചുവട്ടിലെ തലങ്ങളിലെ പിന്തിരിപ്പൻചിന്താഗതിയുടെയും നിശ്ചലതയുടെയും അന്ധകാരത്തിൽ തപ്പിത്തിരയുന്ന ജനലക്ഷങ്ങളുടെയിടയിൽ വിജ്ഞാനവികിരണംചെയ്യുന്ന പുരോഗമനശക്തികളെ സമാഹരിക്കാനുള്ള ഉത്തേജനം എങ്ങനെയുണ്ടാകും? സ്വതന്ത്രഭാരതമെന്ന ജോയിൻറ്സ്റ്റോക്കുസംഘത്തിൽ, വിസ്മൃതരായിക്കിടന്ന എല്ലാ കുടുംബങ്ങളേയും പങ്കാളികളാക്കാനും അങ്ങനെ സ്വാതന്ത്ര്യത്തിൻെറ പ്രമാണം ശൂന്യതയിലുംകൊണ്ടെത്തിക്കാനുമാണു് സാമൂഹ്യവികസനപരിപാടിയുണ്ടായതു്. നൂറ്റാണ്ടുകളായിട്ടു ശാരീരികമായും മാനസികമായും പട്ടിണികിടക്കുന്ന ഈ പുരുഷന്മാരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും അടുത്തേക്കു് ഈ സന്ദേശവും ആഹ്വാനവുമായി വെറുംകൈയോടെ ചെല്ലാവുന്നതല്ല. പ്രധാനമായ മററാവശ്യങ്ങളൊക്കെയുണ്ടെന്നിരിക്കിലും ഇതിനുവേണ്ടി പണവും സാങ്കേതികസഹായവും നീക്കിവച്ചേ മതിയാകുമായിരുന്നുള്ളു. ഈ പുതിയ സന്ദേശത്തിൻെറ നിർവ്വഹണത്തിനു്, അർപ്പണബുദ്ധിയോടെ പ്രവർത്തിക്കുന്ന ഒരു ഗവണ്മെൻറുവിഭാഗത്തിനു മാത്രമേ ഈ പരിപാടിയുടെ ആരംഭമിടാൻ കഴിയുമായിരുന്നുള്ളു.

മനുഷ്യസത്തയിൽ അന്തർലീനമായ ഈശ്വരാംശത്തെപ്പററിയും നന്മയായതേതു് തിന്മയായതേതു് എന്നും ഉള്ള കാര്യങ്ങളെപ്പററി ഇത്രയധികം ചർച്ചനടത്തിയിട്ടുള്ള കൂട്ടർ നമ്മേപ്പോലെ ലോകത്തിൽ വേറെ ഉണ്ടായിരിക്കയില്ല. ഈ

ചർച്ചകളെല്ലാം ആത്മീയവും ഭൗതികവുമായ പട്ടിണിയിലേക്കേ നയിച്ചിട്ടുള്ളു എന്നതിനു ചരിത്രം സാക്ഷ്യംവഹിക്കുന്നു; അല്പംപേർമാത്രം കൊള്ളക്കാരും പരാന്നഭോജികളുമായി വളർച്ചപ്രാപിച്ചു. അതുകൊണ്ടു് ജനങ്ങളോടുള്ള പുതിയ സമീപനത്തിൽ പ്രസംഗത്തിനുപകരം പ്രവൃത്തി ഉപാധിയാക്കാമെന്നു ഞങ്ങൾ തീരുമാനിച്ചു. ഭൗതികവും മാനസികവുമായ ക്ലേശങ്ങളൊക്കെയുണ്ടായിരുന്നിട്ടും നാട്ടിൻപുറത്തെ ആളുകൾക്കു സാരമായ തകരാറു സംഭവിച്ചിരുന്നില്ല. അവക്കൊരു സംയുക്തസ്വഭാവവുമുണ്ടായിരുന്നു. അതിനനുരൂപമായ ഒരു സമീപനംകൊണ്ടേ അവരുടെമേൽ വൈകാരികമായ ഒരാഘാതമേല്പിക്കാൻ കഴിയുമായിരുന്നുള്ളു. സാഹചര്യങ്ങളിൽ ഭൗതികമേന്മ വരുത്തുകയാണു് പ്രത്യക്ഷമായ ലക്ഷ്യമെന്നിരുന്നാലും, പരിപാടിക്കു് അതിൻെറ ആത്മീയവശങ്ങളുണ്ടായിരുന്നു. ജനങ്ങളുടെ വളർച്ചമുറ്റി തളന്നു വശായ ആത്മീയശക്തിയും കഴിവുകളും പുനരുജ്ജീവിപ്പിക്കാൻ ഉതകണമെന്നതാണു് പരിപാടിയുടെ ആന്തരമായ ഉദ്ദേശം. ജനങ്ങൾകൂടെ പങ്കുകൊള്ളുന്നതും ഗവണ്മെൻറിൻേറതുമായ ഒരു പരിപാടിയായിട്ടേ പ്രസ്ഥാനം സമാരംഭിക്കാൻ കഴിയുമായിരുന്നുള്ളു.

ചരിത്രപരമായ ഒരു വീക്ഷണകോണത്തിൽക്കൂടെ നോക്കുമ്പോൾ ഏഴുവഷക്കാലത്തെ ഏകാഗ്രതയോടെയുള്ള പരിശ്രമമെന്നതു്—ഒരു ദേശീയസമരമുഖത്തു്—വളരെ ഹ്രസ്വമായിത്തോന്നാം. എന്നാൽ, യാതൊരു ലക്ഷ്യത്തിലെത്താനാണോ നാം യാത്രയാരംഭിച്ചതു്, അവിടെച്ചെന്നെത്താൻ, നാം ഏതു മാഗ്ഗത്തിലൂടെയാണു് സഞ്ചരിക്കേണ്ടതെന്നതിനുള്ള സൂചികകൾ നല്കാനുള്ള അവസരമെന്നനിലയിൽ ഈ ദൈഘ്യം ധാരാളമാണു്. വിദേശങ്ങളിൽനിന്നു വന്ന സന്ദർശകരായിട്ടും നമ്മുടെ നാട്ടുകാരായിട്ടുമുള്ള കാര്യവിവരമുള്ള ആളുകളുടെ അഭിപ്രായങ്ങളിൽനിന്നും, പ്രോഗ്രാം ഇവാല്വേഷൻ സമിതിയുടെയും മററു കമ്മിററികളുടെയും റിപ്പോർട്ടുകളിൽനിന്നും, വ്യക്തിപരമായും സംഘംചേന്നും നടത്തിയ സന്ദർശനങ്ങളിൽനിന്നും പൊതുവായ ചില പ്രവണതകൾ അറിയാനിടവന്നു. അവയെ നിഷ്പക്ഷമതിത്വത്തോടെ വിശകലനം

ചെയ്യാനുള്ള കാലമായിട്ടുണ്ട്. നമുക്ക് അഭിമാനിക്കത്തക്ക, ഗണനീയമായ, ഭൗതികനേട്ടങ്ങളുണ്ടായിട്ടുണ്ട്; കാര്യമായ അളവിൽ ജനങ്ങളുടെ ഉത്സാഹപൂർണ്ണമായ സഹകരണവും പങ്കാളിത്വവുമുണ്ടായിട്ടുണ്ട്; എന്നൊക്കെയിരിക്കിലും വളന്നുവരുന്ന ജനകീയസ്ഥാപനങ്ങളിൽ നിർബ്ബന്ധമായി ഉണ്ടായിരിക്കേണ്ട ആത്മവിശ്വാസയുക്തമായ സ്വാശ്രയശീലത്തിൻെറ വിളുമ്പിൽപ്പോലും നാം സ്പർശിച്ചിട്ടില്ലെന്നു് അങ്ങനെ പരിശോധിക്കുമ്പോഴാണു് വെളിവാകുന്നതു്. പ്രവൎത്തനമേഖലയ്ക്കുള്ളിലെ കർഷകജനതയുടെ കഷ്ടിച്ചു് ഇരുപതു ശതമാനത്തെ മാത്രമാണു് പരിപാടി ആശ്ലേഷിച്ചിട്ടുള്ളതെന്നു് ഭക്ഷ്യരംഗം പരിശോധിച്ചാൽ കാണാം. എങ്കിലും ഇന്ത്യയിൽ നിലവിലിരുന്ന ഉല്പാദനത്തോതു് അത്രയധികം മോശമായിരുന്നതിനാൽ, കൃഷിക്കു വിധേയമാക്കിയ ഓരോ തുണ്ടു ഭൂമിയിലും പ്രകടമായ വിളവദ്ധനയുണ്ടാക്കിക്കാണിക്കുകയെന്നതു് ഏററവും നിഷ്പ്രയാസമായ കാര്യമായിരുന്നു. ഗവണ്മെൻറിനെപ്പററി ഗ്രാമീണജനതയ്ക്കുണ്ടായിരുന്ന ഭയത്തിൽനിന്നു് അവരെ നാം മുക്തരാക്കി എന്നതു വാസ്തവം; നാം നിശ്ചയമായും പ്രത്യാശയുണത്തിയിട്ടുണ്ടു്; ജനങ്ങൾ ഒരുമിച്ചു ചേന്നാൽ അവക്കു് എന്താണു് ചെയ്യാൻ കഴിയുക എന്നും നാം തെളിയിച്ചു. പക്ഷേ, സ്ഥിരമായി നിലനില്ക്കുന്ന ഒരുദ്യമത്തിൻെറ സൃഷ്ടിക്കുതക്കവിധം ഈ ഉത്സാഹപ്രകഷത്തെ പ്രയോജനപ്പെടുത്താൻ നാം മുതിന്നിട്ടില്ല. നാം ഇതേവരെ കൈനീട്ടി തൊട്ടിട്ടുള്ള ഈ ഇരുപതു ശതമാനത്തോടടുത്ത കർഷകർ തന്നെ ഗ്രാമസമൂഹത്തിലെ താരതമ്യേന ഭേദപ്പെട്ട സാമ്പത്തികനിലയുള്ളവരാണു്. ഗവണ്മെൻറിൽനിന്നു് ഏതു നിലയിലും ആനുകൂല്യം നേടുന്നവരാണവർ. അവക്കാവശ്യമായ സഹായം സംഘടിതമായരീതിയിൽ അവരുടെ അടുത്തെത്തിച്ചുകൊടുത്തു് അവരുടെ ഭാരം അല്പം ലഘൂകരിക്കുകയായിരുന്നു നാം ചെയ്തതു് എന്നുവരാം.

തിരഞ്ഞെടുക്കപ്പെട്ട കുറെ കർഷകരിൽമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതുകൊണ്ടൊന്നും അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യാപ്രശ്നത്തെ അഭിമുഖീകരിക്കുന്ന ഭക്ഷ്യദൗർലഭ്യത്തിനു പരിഹാരമുണ്ടാകയില്ല. പരിഷ്കൃതകൃഷിസ-

മ്പ്രദായങ്ങൾ കൂട്ടതൽ കൂട്ടതലായി പ്രയോഗിക്കുന്നതുകൊണ്ട മാത്രമേ വദ്ധിച്ചയളവിൽ വിള കിട്ടുകയുള്ളു. കുറഞ്ഞ കൂലിക്കു വേലക്കാരെ കിട്ടിയാൽമാത്രമേ വലിയ കൃഷിയിടങ്ങൾ ആദായകരമായിരിക്കു എന്ന വസ്തുതയിൽനിന്നുത്ഭവിക്കുന്നതും വൻകിട ഭൂവുടമകളുടെയും (ന്യൂനപക്ഷം) ചെറുകിട ഭൂവുടമകളുടെയും (ഭൂരിപക്ഷം) ഇടയിൽ നിലവിലുള്ളതുമായ വൈരുദ്ധ്യങ്ങൾക്കു പരിഹാരമുണ്ടാക്കാനെന്നല്ല, അതിനെപ്പററി കായ്യമായി ശ്രദ്ധിക്കാൻതന്നെ നിർഭാഗ്യവശാൽ നമുക്കു കഴിഞ്ഞിട്ടില്ല. ചെറുകിട ഭൂവുടമകൾ പരിഷ്കൃതസമ്പ്രദായത്തിൽ കൂട്ടതൽ ശ്രദ്ധാപൂവ്വം കൃഷിചെയ്യാൻ മുതിരുന്നപക്ഷം കുറഞ്ഞ കൂലിക്കു വേലക്കാരെ കിട്ടുന്നതു് അസാദ്ധ്യമാകും. ഭൂമിയില്ലാത്തവരുടെ പ്രശ്നത്തിൽ നാം സ്പർശിച്ചിട്ടേയില്ല. കോഴിക്കൃഷി, മത്സ്യക്കൃഷി, കൈത്തൊഴിലുകൾ എന്നിവയിലൂടെയൊക്കെ അവക്കു് ഉപജീവനത്തിനു വക കിട്ടുമാറു വേണ്ടതു ചെയ്യാമായിരുന്നു. പക്ഷേ, അതിനു വൻതോതിലുള്ള ശ്രമമാവശ്യമാണു്. ഈ പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്ന ജോലിക്കു് ആവശ്യമുള്ളത്ര ആൾക്കാരെ നമുക്കു ലഭിച്ചില്ല; അതല്ലാത്തപക്ഷം പ്രകടനപരമായി വല്ലതുമൊക്കെ ചെയ്തുകാണിക്കാനുള്ള ആവേശത്തിനിടയിൽ ഇക്കായ്യം നമ്മുടെ ഓമ്മയിൽപ്പെടാതെപോയി.

60,000 മുതൽ 1,00,000 വരെ ജനങ്ങളെ ഉൾക്കൊള്ളുന്ന ഒരു ബ്ലോക്കിന്റെ കാര്യമന്വേഷിക്കാൻ ഒരു വികസനോദ്യോഗസ്ഥൻ മാത്രമാണു് (വേണ്ടത്ര പരിചയമില്ലാത്തതും) ഉള്ളതെന്നു നമുക്കറിയാം. 1500 കുടുംബത്തിനു് ഒരു ഗ്രാമസേവകൻവീതമാണു് നമുക്കുള്ളതു്. നമുക്കു നല്കാൻ കഴിയുന്ന സഹായങ്ങളും പരിഷ്കൃതസമ്പ്രദായങ്ങളും സ്വീകരിക്കാൻ തയാറുള്ള—ഗ്രാമസമൂഹത്തിൻെറ ഉപരിതലത്തിലുള്ള—ന്യൂനപക്ഷത്തിലേക്കു് അവരുടെ പ്രവത്തനം കേന്ദ്രീകരിക്കുന്നുവെങ്കിൽ അതിനു് അവരെ കുററപ്പെടുത്തിക്കൂടാവുന്നതല്ല. ഏററവും നല്ല ഗ്രാമസേവകനുപോലും ഏകകാലത്തു് നൂറുനൂററമ്പതിൽ കൂട്ടതൽ കുടുംബങ്ങളുടെ കാര്യം അന്വേഷിക്കാൻ സാദ്ധ്യമാകയില്ല. അപ്പോൾ ഗവണ്മെൻറിന്റെ സ്വാഭാവികമായ പ്രതികരണം കൂട്ടതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചുകളയാം

എന്നതായിരിക്കും. പക്ഷേ, നമുക്ക് അതു ചെയ്യാൻ സാദ്ധ്യമല്ല; ഒന്നാമതായിത്തന്നെ കൂടുതലായി നിയമിക്കുന്നവക്കു ശമ്പളം കൊടുക്കാനുള്ള സാമ്പത്തികശേഷി നമുക്കില്ല; ഇപ്പോഴത്തെരീതിയിൽ ആളുകളെ പരിശീലിപ്പിച്ചെടുക്കാനുള്ള സൗകര്യംപോലും നമുക്കില്ല; അതുമല്ല, ചുവട്ടിലെ തലത്തിൽ കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കയെന്നുവച്ചാൽ മുകളിലേക്ക് അതിനനുസരണമായി പരിശോധനോദ്യോഗസ്ഥന്മാരെയും നിയമിക്കേണ്ടിവരും. പ്രവൃത്തിരംഗത്തു പരിശീലനം—അതും വർഷങ്ങൾ നീണ്ടുനില്ക്കുന്ന പരിശീലനം—നേടിയ ആളുകളെ വേണം പരിശോധനക്കു നിയമിക്കാൻ; അങ്ങനെ ആളെ കിട്ടാനുമില്ല. ആ പരിശീലനത്തിന്റെയും പരിചയത്തിന്റെയും കാര്യത്തിൽ കുറുക്കുവഴികളൊന്നുമില്ല. അങ്ങനെയിരിക്കെ കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു് നിലവിലുള്ള കുഴപ്പത്തെ കൂടുതൽ വഷളാക്കാൻമാത്രമേ പ്രയോജനപ്പെടൂ. ഇനിയൊരു കാര്യം, വളരെയധികം സക്കാരുദ്യോഗസ്ഥന്മാർ പ്രവത്തനരംഗത്തു വരുന്നതോടെ—അവർ പ്രാപ്തന്മാരായിരിക്കുന്നപക്ഷം—ഫലപ്രദമായി പ്രവത്തിക്കണമെന്നുള്ളപക്ഷം അവർ പ്രാപ്തന്മാരായിരുന്നേ മതിയാകൂതാനും—ജനങ്ങൾക്കു സ്വയം സഹായകമായി പ്രവത്തിക്കാനുള്ള താല്പര്യം കുറഞ്ഞുപോകാനുള്ള സാദ്ധ്യതയുണ്ടു് എന്നതു് ഒരു വസ്തുതയുമാണു്. അപ്പോൾ പിന്നെ എന്താണൊരു പോംവഴി?

ഈ പ്രശ്നമുണ്ടാകുമെന്നു ഞങ്ങൾ ജന്മവാസനകൊണ്ടു മുൻകൂട്ടിക്കണ്ടു എന്നു തോന്നിപ്പോകും. എന്താണു പോംവഴിയെന്നു ഞങ്ങളും അന്വേഷിച്ചുകൊണ്ടിരുന്നു. ഒരു കൊല്ലം മുമ്പുമുതൽ ഞങ്ങൾ ഗ്രാമസഹായകരെ പരിശീലിപ്പിക്കുന്ന പ്രസ്ഥാനമാരംഭിച്ചു. ഓരോ ഗ്രാമത്തിലും അഞ്ചു ഗ്രൂപ്പുകളിലായി പ്രവത്തിക്കുന്ന 25 ഗ്രാമസഹായകർ വീതം ഉണ്ടായിരിക്കത്തക്കവിധത്തിലാണു് സംവിധാനം. കാർഷികഗ്രാമസഹായകരുടെ ആദ്യത്തെ സംഘത്തെ രൂപപ്പെടുത്തിയെടുക്കുകയാണു് കഴിഞ്ഞ അഞ്ചു കൊല്ലമായിട്ടു്. എന്നാൽ അവക്കു ദൈനംദിനം പോഷകവിഭവം നല്കമാറുള്ള സ്ഥാപനങ്ങൾ ചുവട്ടിലോ മുകളിലോ ഇല്ലായ്കയാൽ ഒന്നിനോടും ബന്ധപ്പെ

ടാതെ ത്രിശങ്കുസ്വർഗ്ഗത്തിലാണ് അവരുടെ നില. ഗ്രാമപ്പഞ്ചായത്തുകളിലെ ഉപസമിതികളിൽ ഇവരെ സഹായകാംഗങ്ങളായി നിയമിച്ച് അങ്ങനെ അവരെ പഞ്ചായത്തുകളുമായി ബന്ധപ്പെടുത്താമെന്നൊരു തീരുമാനം ഞങ്ങൾ മൗണ്ട് ആബുവിൽവച്ചു ചെയ്തു. ബ്ലോക്ക് ഡവലപ്പ്മെൻറു കമ്മിററികളിലെ തത്തുല്യമായ ഉപസമിതികളിൽനിന്ന് അവക്കു കുറെ സംഘടിതമായതോതിൽ നേതൃത്വം നല്കപ്പെടുമെന്നു ഞങ്ങൾ പ്രതീക്ഷിച്ചു. പ്രവൎത്തനരംഗത്തിൽ ഇത്തരം ഉപസമിതികൾ ഫലപ്രദമായിരിക്കണമെന്നുണ്ടെങ്കിൽ അവ ബന്ധപ്പെട്ടിരിക്കുന്ന മുഖ്യസംഘടനകൾക്ക് ഈ പുതിയ സ്ഥാപനങ്ങളും തങ്ങളുമായുള്ള ബന്ധത്തെയും ഉത്തരവാദിത്വത്തെയുംപററി വ്യക്തമായ ഒരു ധാരണയുണ്ടായിരുന്നേ തീരു എന്നതിനു സംശയമില്ല. ബ്ലോക്ക് ഉപദേശകസമിതിയെന്ന പേരു മാററി ബ്ലോക്ക് വികസനസമിതിയെന്ന പുതിയ പേരു നല്കണമെന്നു തീരുമാനിക്കപ്പെട്ടു. ബലവന്ത്റായ്പാനസമിതി ശുപാൎശചെയ്തിട്ടുള്ളതും തത്വത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും അംഗീകരിച്ചിട്ടുള്ളതുമായ സ്റ്റാറ്റ്യൂട്ടറി ബ്ലോക്ക് പഞ്ചായത്തുസമിതികളുടെ രൂപീകരണത്തിൻെറ പ്രാരംഭപടിയായിട്ടാണ് ഈ ബ്ലോക്ക് വികസനസമിതികളെ സങ്കല്പിച്ചിട്ടുള്ളത്.

പക്ഷേ, ഇവിടെ വീണ്ടും പറയേണ്ടിയിരിക്കുന്നു, 'മോഹങ്ങൾ അശ്വങ്ങളാണെങ്കിൽ യാചകന്മാർ അശ്വാരൂഢരായി സഞ്ചരിക്കും' എന്ന്. സജീവമായ ഒരു പരിപാടിയിൽ നേരിട്ടു രംഗത്തിറങ്ങിയുള്ള പ്രവൎത്തനത്തിനു പകരം ഭരണപരമായ ഉത്തരവുകൊടുക്കൽ പ്രയോജനപ്പെടുകയില്ല. അപ്പോൾ സ്വാഭാവികമായി, പഞ്ചായത്തുപ്രസിഡൻറുൾപ്പെടെയുള്ള ഗ്രാമപ്പഞ്ചായത്ത് അംഗങ്ങളേയും ഗ്രാമസഹകരണസംഘം പ്രവൎത്തകരേയും ബ്ലോക്ക്വികസനസമിതിയംഗങ്ങളേയുമെല്ലാം യഥായോഗ്യം പരിശീലിപ്പിക്കേണ്ടത് ആവശ്യമാണെന്നുവന്നു.

'പഞ്ചായത്തുകൾ' എന്ന വിഷയം സാമൂഹ്യവികസനമന്ത്രികാൎയ്യാലയത്തിന്റെ മുഖ്യ ചുമതലയായിവച്ചിരിക്കയാണ്. പഞ്ചായത്തുകാൎയ്യദർശികളും പ്രവൎത്തകരുമായി ആളുകളെ

പരിശീലിപ്പിച്ചെടുക്കുന്ന പ്രവൃത്തി മന്ത്രികാര്യാലയം ആരംഭിച്ചുകഴിഞ്ഞു. അഖിലേന്ത്യാ സഹകരണയൂണിയനും റിസർവ്വ്ബാങ്കും സഹകരണസംഘടനകളിൽ പ്രവർത്തിക്കത്തക്കവിധം ആളുകളെ പരിശീലിപ്പിക്കുന്നുണ്ട്. ഇത്തരം പ്രവർത്തകർക്കുള്ള പരിശീലനം സ്ഥാപനങ്ങളിലും ക്യാമ്പുകളിലുമായിട്ടാണ് നല്കപ്പെടുന്നതു്; സ്ഥാപനങ്ങളിലെ പരിശീലനത്തിന്റെ തുടർച്ച ക്യാമ്പുകളിൽ. ഉദ്യോഗസ്ഥന്മാരുടേയും അനുദ്യോഗസ്ഥന്മാരുടേയും സംയുക്തപരിശ്രമം ഈ പരിശീലനത്തിനാവശ്യവുമാണ്. ഈ പ്രവർത്തകർക്കു നൽകപ്പെടുന്ന പരിശീലനത്തിലെ പാഠപദ്ധതിയിൽ സാമൂഹ്യവികസനത്തിന്റെ വിവിധ വശങ്ങളെപ്പററിയുള്ള പഠനവും ഉൾപ്പെട്ടിരിക്കത്തക്കവിധവും പരിശീലനം നൽകുന്നവർക്കുതന്നെ ആവശ്യമായ അടിസ്ഥാനപരമായ ജ്ഞാനവും ശരിയായ വീക്ഷണഗതിയും ഉണ്ടായിരിക്കത്തക്കവിധവും ഉറപ്പുവരുത്തേണ്ടതു് സാമൂഹ്യവികസനമന്ത്രികാര്യാലയത്തിൻെറ ചുമതലയാണ്.

ഇനിയിപ്പോൾ നാം ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു കൂട്ടരുടെ കാര്യത്തിലേക്കു വരുകയാണ്. അവരെ പരിശീലിപ്പിക്കുന്ന കാര്യം നാം ഇതേവരെ വിഗണിച്ചിരിക്കയായിരുന്നു. ഇപ്പോൾത്തന്നെ ബാധിച്ചുതുടങ്ങിയിട്ടുള്ള നിർജ്ജീവതയുടെ മാർഗ്ഗത്തിലേക്കു പ്രസ്ഥാനം കൂടുതൽ കൂടുതൽ വഴുതിപ്പോകാതിരിക്കണമെന്നുണ്ടെങ്കിൽ ഈ കൂട്ടർക്കു പരിശീലനം നല്കുന്ന ജോലി ഉടനെ ആരംഭിക്കേണ്ടിയിരിക്കുന്നു. ബ്ലോക്കു് ഡവലപ്പ്മെൻറു് കമ്മിററിയംഗങ്ങളെയാണ് ഞാൻ ഉദ്ദേശിക്കുന്നതു്. മൗണ്ടു് ആബുവിൽവച്ചു് എടുക്കപ്പെട്ട തീരുമാനപ്രകാരം ബ്ലോക്കു്പഞ്ചായത്തു് സമിതികളുടെ ജോലി താല്ക്കാലികമായി ഏറെറടുത്തു ചെയ്യേണ്ടതും നിയമനിർമ്മാണത്തിൻെറ പ്രാരംഭമായി പാരമ്പര്യങ്ങൾ സൃഷ്ടിക്കേണ്ടതും അവരാണ്. പഞ്ചായത്തുപ്രവർത്തകർ, ഗ്രാമസഹായകർ, സഹകരണസംഘപ്രവർത്തകസമിതിയംഗങ്ങൾ, എന്നിവരുടെയൊക്കെ പരിശീലനകാര്യം ഒരു പരിധിവരെ ബ്ലോക്കു് സംഘടനയെ വിശ്വസിച്ചേല്പിക്കാമെന്നിരിക്കിലും ബ്ലോക്കു് ഡവലപ്പ്മെന്റു് കമ്മിറ്റിയംഗങ്ങളെ പരിശീലിപ്പിക്കുന്ന കാര്യം അവരെ ഏല്പിച്ചുകൂടുന്നതല്ല. ശമ്പളം പററുന്ന ഒരു രക്ഷാക

ത്താവ് തന്റെ സംരക്ഷണയിലിരിക്കുന്ന കുട്ടിയെ തന്റെ യജമാനനാകാൻ പരിശീലിപ്പിച്ച യാതൊരുദാഹരണവും ചരിത്രത്തിലില്ല. സാധാരണമനുഷ്യരായ ബ്ലോക്കുദ്യോഗസ്ഥന്മാരിൽനിന്ന് അമാനുഷമായ യാതൊന്നും നാം പ്രതീക്ഷിച്ചുകൂടാ. നമുക്ക് ഈ പരിശീലനച്ചുമതല ഒരുവേള ജില്ലാഉദ്യോഗസ്ഥന്മാരെ ഏല്പിക്കാമായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ ജില്ലാകളക്റ്റർമാർ പരിപാടിയിൽ ആവശ്യമായ ഭരണപരമായ മേൽനോട്ടം വഹിക്കയെന്ന പരിമിതമായ ചുമതലതന്നെ നടത്തിക്കൊണ്ടുപോകാൻ വിഷമിക്കുന്നതായിട്ടാണ് കാണുന്നതു്. അപ്പോൾപ്പിന്നെ ബ്ലോക്ക് ഡവലപ്പ്മെൻറുകമ്മിററിയംഗങ്ങളെ പരിശീലിപ്പിക്കുന്ന ജോലികൂടെ ഈ ഉദ്യോഗസ്ഥന്മാരെ ഏല്പിച്ചാൽ അതൊരു വഴിപാടുനടത്തലിന്റെ മട്ടിലേ അവസാനിക്കൂ; അതിന് ആരേയും കുററംപറഞ്ഞിട്ടു കാര്യവുമില്ല. വഴിപാടുനടത്തുന്ന രീതിയിലുള്ള പ്രവർത്തനം നാം വിഷൂചികയെപ്പോലെ വർജ്ജിക്കേണ്ടതാണ്. ഗവണ്മെന്റിൽ ആ സമ്പ്രദായം നിറഞ്ഞു തുളുമ്പിനില്ക്കുകയാണ്. അപ്പോൾപ്പിന്നെ എന്താണു പരിഹാരം?

സാമൂഹ്യവികസനമന്ത്രികാര്യാലയം പൊതുവായ ഒരു പരിഹാരം കണ്ടുപിടിച്ചേ മതിയാകൂ എന്നു തോന്നുന്നു. ഇതിനുവേണ്ടി മന്ത്രികാര്യാലയത്തിന് അതിൻെറ സ്വന്തം സ്ഥാപനങ്ങളും ഗവണ്മെൻറിൻെറ സ്ഥാപനങ്ങളും ജനങ്ങളുടെ സ്ഥാപനങ്ങളും സംഘടനകളും എല്ലാം ഉപയോഗപ്പെടുത്തേണ്ടിവരും. ഉദാഹരണമായി, വിദ്യാഭ്യാസവകുപ്പു സ്ഥാപിച്ചിട്ടുള്ളതും ഈ പ്രവർത്തനത്തിനുതക്കവിധം സജ്ജമാക്കാൻ കഴിയുന്നതുമായ ഗ്രാമീണവിദ്യാലയങ്ങളെ ഞങ്ങൾക്കുപയോഗപ്പെടുത്താം. അതുപോലെ രാജ്യത്തിൽ പൂർണ്ണമായി അനുദ്യോഗസ്ഥ ചുമതലയിൽ നടക്കുന്നതോ സർക്കാർധനസഹായത്തോടെ നടത്തപ്പെടുന്നതോ ആയ സ്ഥാപനങ്ങളെയും ഉപയോഗപ്പെടുത്താൻ ശ്രമിക്കണം. സർവ്വസേവാസംഘം, ഭാരത് സേവക് സമാജ്, അഖിലേന്ത്യാ സഹകരണ യൂണിയൻ, അടുത്തകാലത്തു് ആരംഭിച്ചിട്ടുള്ള ഇന്ത്യൻ പഞ്ചായത്തു യൂണിയൻ, കസ്തൂർബാ ട്രസ്റ്റ്, ഗാന്ധിസ്മാരകനിധി, ആദിമജാതി സേവാസംഘം, സെർവൻറ്സ് ഓഫ് ഇന്ത്യാ സൊ

സൈററി, അധഃകൃതവർഗ്ഗസംഘടന തുടങ്ങിയ നിരവധി സേവനസംഘങ്ങൾ എവിടെയെല്ലാമുണ്ടോ അവയെയെല്ലാം നാം ഉപയോഗപ്പെടുത്തണം. ഈ ഒരുസംഘടനക്കും അഖിലേന്ത്യാ അടിസ്ഥാനത്തിൽ തനിച്ച് ഈ പരിപാടി കൈകാര്യംചെയ്യാൻ, വ്യക്തമായ കാരണങ്ങളാൽ, സാധ്യമല്ല. അതുകൊണ്ട് ഞങ്ങൾക്കു തൃപ്തികരമാംവണ്ണം പരിശീലനം നല്കാൻ സഹായകമായി ഓരോ പ്രദേശങ്ങളിലുമുള്ള ഏജൻസികളെയോ സ്ഥാപനങ്ങളെയോ അതാതു സ്ഥലങ്ങളിൽ മാത്രം ഉപയോഗപ്പെടുത്തും. അതുമല്ല, സാമൂഹ്യവികസനമന്ത്രികാര്യാലയത്തിൻെറ നേരിട്ടുള്ള ചുമതലയിൽ നടത്തുന്ന പരിശീലനകേന്ദ്രങ്ങളിൽ അവരുടെ പ്രധാന പ്രവർത്തകരെ അയച്ച്, പരിശീലിപ്പിക്കാനുള്ള പരിശീലനം നേടാൻ, ഏർപ്പാടുചെയ്യാൻ അവർ തയാറുമുണ്ടായിരിക്കണം. ഈ പരിപാടിയിൽ പങ്കെടുക്കാൻ തയാറുള്ള നമ്മുടെ എം. പി. സുഹൃത്തുക്കളുടേയും എം. എൽ. എ. സുഹൃത്തുക്കളുടേയുംകൂടെ സേവനം ഇതിലേക്കാവശ്യപ്പെടണം. ക്യാമ്പുകളിലും സ്റ്റഡിസക്കിളുകളിലും സംബന്ധിച്ച് അടിസ്ഥാന പാഠപദ്ധതിയിൽ ഒരു സാമാന്യജ്ഞാനം സമ്പാദിച്ചിരുന്നാലേ അവക്കും ഫലപ്രദമായി സേവനമനുഷ്ഠിക്കാൻ കഴിയൂ.

പദ്ധതിയുദ്യോഗസ്ഥന്മാക്കു പരിശീലനം നല്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും സഹകരിച്ചു പ്രവർത്തിക്കുന്നതിനു് ഞങ്ങൾ വളരെ ഉയന്ന പ്രാധാന്യം കല്പിച്ചിരിക്കയാണു്. അനുദ്യോഗസ്ഥന്മാരുടെ പരിശീലനവിഷയത്തിൽ ഇതു പ്രത്യേകിച്ചും കൂടുതൽ പ്രധാനമാണു്. ജനാധിപത്യവ്യവസ്ഥിതിയിൽ, ഉദ്യോഗസ്ഥന്മാക്കു് രാഷ്ട്രീയകാലാവസ്ഥയിലെ വ്യതിയാനങ്ങളുടെ ബാധയേല്ക്കാതെ നിന്നുകൊണ്ടു് സുരക്ഷിതവും ഭേദപ്പെട്ടതുമായ തങ്ങളുടെ ജോലി തുടന്നുകൊണ്ടുപോകാം. ഭരണത്തിനുറപ്പുനൽകാനാവശ്യമായ മാനസികസ്വാതന്ത്ര്യത്തോടുകൂടിയ ഉരുക്കു ചട്ടക്കൂടായിട്ടു പ്രവർത്തിക്കാൻ അവരെ പ്രാപ്തരാക്കിത്തീക്കുന്നതിനുവേണ്ടിയാണു് ഇതു്. എന്നാൽ വളന്നുകൊണ്ടിരിക്കുന്നതും കാലാകാലങ്ങളിൽ പുനജ്ജീവനം നല്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ജനപ്രതിനിധിസംഘത്തിൻെറ 'ഇച്ഛാശക്തി'യുടെ

ആഘ്ലാതമേററുകൊണ്ടിരുന്നില്ലെങ്കിൽ ഈ ഉരുക്കുചട്ടക്കൂട്ട കേവലം മൃതമായ ഒന്നായിരിക്കും. ജനപ്രതിനിധികൾ ജനങ്ങളുടെ നാഡിമിടിപ്പിനെ പ്രതിനിധാനംചെയ്യണം. തങ്ങളുടെ ഹിതങ്ങൾ നടപ്പിൽവരുത്താൻതക്കവിധം ഉരുക്കുചട്ടക്കൂടിനെ അവർ നയിക്കണം. എല്ലാ പരിപാടികളിലും ജനങ്ങളുടെ ഭാഗഭാഗിത്വമുണ്ടാകുമാറുള്ള ഉത്തേജനം അവർ നൽകണം. ഉരുക്കുചട്ടക്കൂട്ട് ജനാധിപത്യവ്യവസ്ഥിതിയിൽ പ്രവർത്തനത്തിനുള്ള ഉപകരണമാണ്; അതിന് ആവശ്യമായ ഉത്തേജനവും പ്രവർത്തനശേഷിയും നൽകേണ്ടതു് ജനപ്രതിനിധികളാണ്. ഇതു രണ്ടുംകൂടെ സമ്മേളിക്കുമ്പോൾ പ്രസ്ഥാനം ജനങ്ങളുടെ അട്ടത്തേക്കുള്ള പ്രയാണമാരംഭിക്കും. ജനാധിപത്യം കുഡ്മളപ്രായത്തിൽ മാത്രമിരിക്കുന്ന ഒരു രാജ്യത്തിൽ ഈ രണ്ടു ഘടങ്ങകളും പരസ്പരവിശ്വാസത്തോടും പരസ്പരാശ്രയത്വത്തിലും സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ് എല്ലാററിലും പ്രധാനമായ കാര്യം.

സാമൂഹ്യവികസനപരിപാടിയുടെ പ്രവർത്തനത്തിൽ നാം ഇതേവരെ അതിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെയും ജനങ്ങളെയുംപററി മാത്രമേ ശ്രദ്ധിച്ചിട്ടുള്ളു എന്ന സത്യം സമ്മതിക്കേണ്ടതുണ്ട്. മധ്യത്തിലെ കണ്ണിയായ ജനപ്രതിനിധികളെ അവരുടെ പാട്ടിനു വിട്ടിരിക്കയായിരുന്നു. പരിപാടിയുടെദൗർബ്ബല്യത്തിന്റെ പ്രധാനകാരണങ്ങളിലൊന്നു് അതാണ്; അറിഞ്ഞുകൊണ്ടു ചെയ്തതല്ലെങ്കിലും. ഇനി അതു സർവ്വപ്രധാനമായി കണക്കിലെടുത്തുകൊണ്ടു വേണ്ടതു ചെയ്യേണ്ടതാണ്. ജനാധിപത്യത്തിലേക്കുള്ള വളർച്ചയാണ് ലക്ഷ്യമെന്നുള്ളപക്ഷം, അസാധാരണമാംവിധം അവികസിതമായ ഒരു ജനസമൂഹത്തിന് അസാധാരണ പ്രാപ്തിയോടുകൂടിയ ഒരു ഭരണകൂടമെന്നതു് പൊരുത്തപ്പെടാത്ത ആശയമാണ് എന്നു നാം മനസ്സിലാക്കണം. ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ പരിശീലനകാര്യത്തിൽമാത്രം ശ്രദ്ധിക്കയും അനുദ്യോഗസ്ഥജനപ്രതിനിധികളുടെ കാര്യത്തിൽ വല്ലതും ചെയ്യുവെങ്കിൽത്തന്നെ അതു് ഒരു വഴിപാട്ടരീതിയിൽ ആവുകയും ചെയ്യതിൽവച്ച് കുറേ ദോഷം നാം ഇപ്പോൾത്തന്നെ സംഭവിപ്പിച്ചുകാണണം. പക്ഷേ, ചികിത്സിച്ചാൽ മാററാൻവയ്യാത്തതു

പോലെ ആഴത്തിൽ മുറിവേർപ്പെട്ടിട്ടില്ല. നാം ഉണന്നു പരിഹാരം ചെയ്യേണ്ടിയിരിക്കുന്നു.

മൗണ്ടു് ആബുസമ്മേളനത്തിലേക്കയച്ച സന്ദേശത്തിൽ പ്രധാനമന്ത്രി പറയുകയുണ്ടായി, സാമൂഹ്യവികസപരിപാടി ഒരു സുപ്രധാനഘട്ടത്തിലെത്തിയിരിക്കുന്നുവെന്നു്. ഈ ആശയത്തെത്തന്നെ കുറച്ചൊന്നു വികസിപ്പിച്ചുകൊണ്ടു ഞാൻ പറഞ്ഞു, ഈ പരിപാടി പ്രായപൂത്തിയാകുന്നതിൻെറ പരിവത്തനദശയിലൂടെ കടന്നുപോകയാണെന്നു്; സുപ്രധാനമായ ഈ പരിവത്തനകാലഘട്ടത്തിൽ നാം ചെലുത്തുന്ന ശ്രദ്ധയേയും നൽകുന്ന പരിചരണത്തേയും ആശ്രയിച്ചിരിക്കും അതിൻെറ ഭാവി, എന്നും. ഗവണ്മെൻറിൻെറ ഇന്നത്തെ കഴിവും പ്രവത്തനരീതിയും പരിഗണിച്ചാൽ ഗവണ്മെൻറിനു് ഈ വിഷയത്തിൽ ചെയ്യാവുന്നതിൻെറ പരമാവധി ചെയ്തുകഴിഞ്ഞിരിക്കയാണു്. 1952 ഒക്ടോബർ 2-ാംതീയതി നാം സമാരംഭിച്ച 'ആദ്യത്തെ ഔദ്യോഗികമുന്നണി'—നമുക്കു് നമ്മോടുതന്നെ നീതികാണിക്കുക—വളരെ വിജയകരമായിത്തന്നെ പ്രവത്തിച്ചു. അതിൻെറ കഴിവിനെപ്പററി നമുക്കു് അമിതവിശ്വാസം പുലത്താതിരിക്കുക. അതിനു താങ്ങാവുന്നതെന്നു നമുക്കറിയാവുന്നതിൽ കവിഞ്ഞ ക്ലേശങ്ങൾക്കു വിധേയമാക്കിയിട്ടു് അതിനെ ഹൃദ്രോഗബാധയിൽപ്പെടുത്താതെ കാക്കുക.

ഒരു രണ്ടാംമുന്നണിയുടെ സൃഷ്ടി അനിവാര്യമായ ആവശ്യമാണു്. എന്തെന്നാൽ പരിപാടിയിൽ ഏകാഗ്രതയോടെ പ്രവത്തിച്ചു പരിക്ഷീണരായവക്കു കുറെ ഒരാശ്വാസം നല്കേണ്ടതുണ്ടു്. ആക്കുവേണ്ടി പരിപാടി വിഭാവനചെയ്യപ്പെട്ടുവോ ആ ജനങ്ങൾക്കുടെ അതിൽ പങ്കാളികളാകുകയും വേണം. ചുവട്ടിലെ തലത്തിൽ പ്രവൃത്തിയെടുക്കുന്ന സക്കാരുദ്യോഗസ്ഥൻ സ്വയം തൻെറ പ്രവത്തനത്തിലെ മാന്യത പുലത്തിക്കൊണ്ടുപോകാൻ സഹായകമായ നിയമസഭാസംരക്ഷണത്തിൽനിന്നു് അധികം അകലത്തിലാണു് പണിയെടുക്കുന്നതു്. അവരും ഗ്രാമമണ്ഡലിലെ ശക്തികേന്ദ്രങ്ങളും തമ്മിൽ അവിശുദ്ധകൂട്ടുകെട്ടിലേർപ്പെട്ടുപോകത്തക്ക പരിതഃസ്ഥിതി പരിപാടിയിൽ സംഭവിക്കാതെ നമുക്കു കരുതുക. ഇപ്പോൾത്തന്നെ കനംതൂങ്ങുന്ന നിയമങ്ങളുടേയും ഭരണപരമായ നട

പടികളുടേയും ഭാരത്തിനടിയിൽക്കിടന്നു ഞെരുങ്ങുന്നവൎക്ക് അല്പമൊരാശ്വാസമേകാൻ പരിപാടി സഹായകമാകണം. 'കാട്ടിലെ നിയമം' കൂടുതൽ പ്രബലമാകാൻ നാം മനസ്സറിയാതെ സഹായിക്കുന്ന സ്ഥിതി വരരുത്. നാം വിമോചനത്തിനുവേണ്ടി പണിയെടുക്കാത്തപക്ഷം ഒടുവിൽ ഫലത്തിൽ ബന്ധനത്തിനു സഹായിക്കയായിരിക്കും ചെയ്യുന്നത്. പക്ഷേ, അതു് കറതീൎന്ന ഏകാധിപത്യത്തിന്റെ മാൎഗ്ഗമാണു്. ഒടുവിൽ അതിൽനിന്നു രക്ഷപെടാൻ നമുക്കാൎക്കും കഴിയാതെയുംവരും. ചക്രവാളത്തിൽ ഇപ്പോൾത്തന്നെ പ്രത്യക്ഷപ്പെട്ടിട്ടുള്ള അടയാളങ്ങൾ വായിച്ചു മനസ്സിലാക്കാൻ നമുക്കു കഴിയണം. പാതിരാനേരത്തു കേൾക്കുന്ന ആദ്യത്തെ അസാധാരണശബ്ദത്തിന്റെ മുഴക്കത്തോടെതന്നെ ജാഗ്രതയായിരിക്കാനും പെട്ടെന്നു പ്രവൎത്തനത്തിലേൎപ്പെടാനുമുള്ള കഴിവിലാണു് ഒരു ജനതയുടെ വിവേകവും പ്രാപ്തിയും നിലകൊള്ളുന്നതു്. നമ്മളിൽ കാതുള്ളവർ അകലെനിന്നുയരുന്ന മൎമ്മരശബ്ദങ്ങൾ ശ്രദ്ധിച്ചു ജാഗ്രതയായി വൎത്തിച്ചുകൊള്ളണം.

## ജനാധിപത്യം പ്രവൎത്തനത്തിൽ

അമേരിക്കൻ ഐക്യനാടുകളിലെ ഒരു പൗരനോടു് അയാൾ ആരെന്നു ചോദിച്ചാൽ, വെടിതീരുന്നതുപോലെ അയാളുത്തരം പറയും, താൻ ഒരു അമേരിക്കക്കാരനാണെന്നു്. അമേരിക്കയിലെ ഏതു സംസ്ഥാനമാണു തന്റേതെന്നു് അയാൾ ഒരുവേള പറയാൻ മുതിൎന്നാൽത്തന്നെയും അതു പുനരാലോചനയുടെ ഫലമായിട്ടായിരിക്കും. നേരേമറിച്ചു് ഒരു ഇന്ത്യക്കാരൻ സ്വയം പരിചയപ്പെടുത്താൻ താല്പൎയ്യപ്പെടുന്നതു് താൻ ഒരു ബംഗാളിയോ മദ്രാസിയോ പഞ്ചാബിയോ മഹാരാഷ്ട്രക്കാരനോ ആണെന്നായിരിക്കും. അവനു് താൻ ഒരു ഇന്ത്യക്കാരനാണെന്നതു പുനരാലോചനയിലേ ഓൎമ്മയിൽ വരൂ; അതു് അവന്റെ മുഖ്യാഭിമാനവിഷയമല്ല. അമേരിക്കക്കാർ ഒരു പൊതുഭാഷ സംസാരിക്കുന്നുവെന്നതും വിദ്യാഭ്യാസത്തിനും തൊഴിലിനുമുള്ള അവസരങ്ങൾ ഹിതംപോലെ തിരഞ്ഞെടുക്കത്തക്കവിധത്തിൽ വിപുലമായ വികസനം

അമേരിക്കയിലുണ്ടായിട്ടുണ്ടെന്നുള്ളതും, ഭൂമിശാസ്ത്രപരമായ അതിരുകളേയും വർഗ്ഗപരമായ വ്യത്യാസങ്ങളേയും ഉല്ലംഘിച്ചുകൊണ്ടുള്ള ഒരു പൊതുവായ പൗരബോധം വളർത്തുന്നതിനു സഹായകമായിട്ടുണ്ട്. നേരേമറിച്ച് ഇന്ത്യയാകട്ടെ, ഇവിടെ നിലവിലുള്ള ഭാഷകളുടേയും സംസ്കാരങ്ങളുടേയും ഭൂമിശാസ്ത്രത്തിന്റേയും കാലാവസ്ഥയുടേയും വർഗ്ഗങ്ങളുടേയും വൈവിധ്യത്തിൽ അഭിമാനംകൊള്ളുന്നു.

ഈ രാജ്യത്തിലേക്കുണ്ടായിട്ടുള്ള അനവധി ആക്രമണങ്ങളേയും നുഴഞ്ഞുകയററങ്ങളേയും .അതിജീവിച്ചുകൊണ്ട് ഇവിടുത്തെ ഐക്യത്തെയും സംഘടിതമായ ഭദ്രതയെയും നിലനിർത്തുന്ന അടിയൊഴുക്കായി പ്രവർത്തിച്ചിരുന്ന ഇന്ത്യയുടെ മഹത്തായ പാരമ്പര്യം ഇന്ന് അപകടത്തെ അഭിമുഖീകരിക്കയാണ്. അതിന്റെ കാരണം കുറെയൊക്കെ, ഇന്ത്യ അതിന്റെ ഗ്രാമീണശാലീനതയിൽനിന്നും വ്യാവസായികയുഗത്തിന്റെ സംഘർഷങ്ങളിലേക്കും സങ്കീർണ്ണതകളിലേക്കും അതിവേഗം നീങ്ങിക്കൊണ്ടിരിക്കുന്നു എന്നതാണ്. നമ്മുടെ രാജ്യത്തിൽ അടുത്തു കഴിഞ്ഞ നൂററാണ്ടുകളിൽ ജനസംഖ്യയും ഭൂമിയുടെ വിസ്തീർണ്ണവും തമ്മിലുള്ള അനുപാതത്തിൽ വളർന്നുകൊണ്ടിരുന്ന വലിയ അന്തരംകൊണ്ട് നമ്മുടെ നില കണക്കില്ലാതെ വഷളായിട്ടുണ്ടെന്നുള്ളതും ഭാഗികമായി ഇതിനു കാരണമാണ്. ഞെട്ടിക്കുന്ന തോതിൽ ജനസംഖ്യ വളർന്നതോടെ ജീവിതത്തിന്റെ ശാലീനതയെന്നതു് ഇങ്ങിനിവരാതെ പൊയ്പ്പോകയും 'രാമരാജ്യ'മെന്നതു് ഒരു യക്ഷികഥയായി മാറുകയും ചെയ്തിരിക്കുന്നു. ആധുനികകാലത്തിന്റെ നിലവാരത്തിനനുസരിച്ചു ജനങ്ങളെ പരിരക്ഷിച്ചുപോകാൻ ഭൂമിക്കു കെല്പില്ലെന്നുവന്നിരിക്കയാൽ ഇന്ത്യയിലാവശ്യമായിട്ടുള്ളതു് ദ്രുതഗതിയിലുള്ള വ്യവസായവികസനമാണ്. ഈ മണ്ഡലത്തിൽ വൻതോതിൽ വികസനമുണ്ടായെങ്കിൽ മാത്രമേ ഒരു സാമാന്യമായ ജീവിതത്തോതു പുലർത്തിക്കൊണ്ടുപോകാനും നമ്മുടെ അവിദഗ്ദ്ധരും വിദഗ്ദ്ധരുമായ വമ്പിച്ച ജനസഞ്ചയത്തിനു തൊഴിൽ നൽകാനും കഴിയൂ. ഈ വികസനം സാധ്യമാകണമെങ്കിൽ ഉൽപാദനോപാധികളും പ്രഥമപടിയായി മുടക്കാനുള്ള മൂലധനവും നമ്മുടെ നാട്ടിൽ ആവശ്യംകഴിഞ്ഞു വരുന്ന

മിച്ചത്തിൽനിന്നെടുത്തിട്ടോ വിദേശത്തുനിന്നു ദീർഘകാലം കൊണ്ടു കൊടുത്തുതീക്കത്തക്ക വ്യവസ്ഥയിൽ വായ്പവാങ്ങിയിട്ടോ ഉണ്ടാക്കണം. നമ്മുടെ സാമ്പത്തികനിലയുടെ ഇന്നത്തെ അവസ്ഥയിലും ജനസംഖ്യാവർദ്ധനവിൻെറ തോതുവച്ചു നോക്കുമ്പോഴും ഇവിടെ മിച്ചമുണ്ടാക്കുകയെന്നതു പ്രായോഗികമായ കാര്യമല്ല. ദീർഘകാലത്തെ അവധിയിൽ വമ്പിച്ച തോതിൽ വിദേശീയമൂലധനം ആകർഷിക്കുന്നതും അത്ര എളുപ്പമുള്ള കാര്യമല്ല. എന്തെന്നാൽ, മുഖ്യമായി അവികസിതരാജ്യങ്ങളിലെ ജനങ്ങളുടെ മുതുകത്തു സവാരിചെയ്തു് വ്യാവസായികവികസനത്തിലൂടെ വളച്ച്പ്രാപിച്ച രാജ്യങ്ങൾ ഇന്നു് അവരുടെ പാഠം പഠിച്ചിട്ടില്ല. അവികസിതരാജ്യങ്ങളിലെ ഏകാധിപത്യപ്രവണതയ്ക്കുള്ള മറുമരുന്നു് കൂടുതൽ കൂടുതലായുള്ള സൈനികസഹായം നൽകുന്നതിലോ ആ രാജ്യങ്ങളിൽ ശീതയുദ്ധാന്തരീക്ഷം പുലർത്തുന്നതിലോ അല്ല സ്ഥിതിചെയ്യുന്നതെന്നും, ഉൽകൃഷ്ടമായ സാങ്കേതികവിജ്ഞാനവും വർദ്ധമാനമായ തോതിലുള്ള സാമ്പത്തികസഹായവും നൽകുകയാണു് ശരിയായ പരിഹാരമെന്നും അവർ ഇനിയും മനസ്സിലാക്കിയിട്ടില്ല. അങ്ങനെമാത്രമേ ദ്രുതഗതിയിലുള്ള വ്യവസായവികസനസാധ്യതകളും, അതിനോടു ബന്ധപ്പെട്ട തൊഴിലാളികൾക്കും ഭൂമിയിന്മേലുള്ള പരാന്നഭോജിതാല്പര്യത്തോടെ കഴിഞ്ഞുകൂടുന്ന ഇടത്തരം ബുദ്ധിജീവികൾക്കും (അവരെ അവരുടെ ഇന്നത്തെ സാഹചര്യങ്ങളിൽനിന്നു രക്ഷപ്പെടുത്തിയേ മതിയാകൂ) വലിയ തോതിൽ തൊഴിൽ നല്കാനുള്ള സൗകര്യങ്ങളും ഉണ്ടാകൂ. കൊടുങ്കാററുമാതിരിയുള്ള ഒരു വിപ്ലവത്തെ ഇങ്ങനെയല്ലാതെ ഒഴിവാക്കാൻ കഴിവുണ്ടാകയില്ലെന്നു്, വൻതോതിലുള്ള തങ്ങളുടെ ആയുധസംഭാരങ്ങളുടെയും ചില വിഭവങ്ങളുടെമേലുള്ള കുത്തകാവകാശങ്ങളുടെയും അടിസ്ഥാനത്തിലുള്ള സുരക്ഷിതത്വബോധമെന്ന മിഥ്യയെ കെട്ടിപ്പുണർന്നുകൊണ്ടിരിക്കുന്നവരുടെ തലയിലേക്കു് ഇനിയും കിഴിഞ്ഞിറങ്ങേണ്ടതായിട്ടാണിരിക്കുന്നതു്.

ഏകാധിപത്യരാജ്യങ്ങളിൽ—അവ രണ്ടു ഭിന്നധ്രുവകോടികളിൽ നിൽക്കുന്നവയായാലും തരക്കേടില്ല, രണ്ടിൻെറയും മദ്ധ്യത്തിലുള്ള പല മാതൃകകളിൽ ഒന്നായാലും തരക്കേടില്ല—

അധികാരത്തിലിരിക്കുന്ന ഗവണ്മെന്റിന് ബലംപ്രയോഗിച്ചു വയറു വരിഞ്ഞു മുറുക്കിക്കാം. അവിടെ ജനങ്ങളുടെ വായ്കൾ മൂടിക്കെട്ടിയിരിക്കയാണ്. ഉപരിതലത്തിൽ ചെറിയൊരു കല്ലോലത്തിന്റെ ലക്ഷണമെങ്ങാൻ കണ്ടാൽ ഉടൻ പ്രവൎത്തനമാരംഭിക്കാൻതക്കവിധം തോക്കും കുന്തവും സജ്ജമാക്കി നിൎത്തിയിരിക്കയാണവിടെ. അത്തരം ഗവണ്മെന്റുകൾക്കു മിച്ചം വളൎത്തിയെടുക്കാൻ കഴിയും. കഴിഞ്ഞ മുപ്പതുവൎഷങ്ങൾക്കിടയിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിലായി അത്തരം ഗവണ്മെന്റുകൾ ഇതു നടപ്പിൽവരുത്തിക്കാണിച്ചിട്ടുണ്ട്; ഇന്നും കാണിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. ഇതു ചുരുങ്ങിയ കാലംകൊണ്ടു നടപ്പിൽവരുത്തുന്ന പ്രക്രിയയിൽ അനവധി ജീവിതങ്ങൾ ഹോമിക്കപ്പെടേണ്ടിവരും; നാളെയ്ക്കുവേണ്ടിയുള്ള ഈ നിൎമ്മാണപ്രക്രിയയെ അതിജീവിക്കുന്ന വളരെപ്പേൎക്ക് നീണ്ടകാലത്തെ ക്ലേശാനുഭവങ്ങളും ഞെരുക്കവും. അതുമല്ല, വ്യക്തികളുടെയും പൊതുവിൽ സമൂഹത്തിന്റെയും ആത്മാവിനു തകൎച്ച തട്ടിയിട്ടുള്ള അത്തരം രാജ്യങ്ങളിൽ ഭാവിയിൽ എന്തു സംഭവിക്കാൻപോകുന്നു എന്നതു കണ്ടുതന്നെ അറിയേണ്ട കാൎയ്യമാണ്. അക്രമവും വെറുപ്പും 'മാൎഗ്ഗ'മായി സ്വീകരിച്ചുകൊണ്ട് സ്നേഹവും നല്ല അയൽക്കാരത്വവുമെന്ന 'ലക്ഷ്യ'ത്തിലെത്തിച്ചേരാൻ കഴിയുമോ എന്നതിനെപ്പററി ഒന്നും ഉറപ്പിച്ചു പറഞ്ഞുകൂടാ; ഈ നവീനപ്രവണതകളൊക്കെ അത്ര ഇളംപ്രായത്തിലുള്ളവയാണ്. മനുഷ്യചരിത്രത്തെ ഒരു വഴികാട്ടിയായി അംഗീകരിക്കാമെന്നുണ്ടെങ്കിൽ—തത്വജ്ഞാനത്തിന് എന്തെങ്കിലും അൎത്ഥമോ വിലയോ ഉണ്ടെങ്കിൽ—ഇരുട്ടിനു പ്രകാശവികിരണംചെയ്യാൻ സാധ്യമല്ലെന്നും വെറുപ്പിനു സ്നേഹത്തെ ഉദ്ദീപിപ്പിക്കാൻ കഴികയില്ലെന്നും ഉറപ്പായിത്തന്നെ വിശ്വസിക്കാവുന്നതാണ്. പ്രകാശത്തിനുമാത്രമേ പ്രകാശത്തെ പ്രസരിപ്പിക്കാൻ കഴിയൂ; സ്നേഹത്തിനുമാത്രമേ സ്നേഹത്തെ ഉദ്ദീപിപ്പിക്കാൻ കഴിയൂ. ജനാധിപത്യത്തിലൂടെ സോഷ്യലിസം എന്ന ലക്ഷ്യത്തിലെത്തണമെന്ന് ഇന്ത്യ തീരുമാനിച്ചിരിക്കയാണ്. മറെറാരു മാൎഗ്ഗം സ്വീകരിച്ചിരുന്നുവെങ്കിൽ, ഇന്ത്യ എന്തിനൊക്കെവേണ്ടി

നിലകൊണ്ടിരുന്നുവോ അവയോടെല്ലാം വിശ്വാസലംഘനം ചെയ്യലാകുമായിരുന്നു, അതിൻെറ ഫലം.

അടുത്തകാലത്തു് അവസാനിച്ച ഒരു വലിയ സംഘട്ടനത്തിൻെറ കുഴപ്പങ്ങളെത്തുടൎന്നു് ഇന്ത്യ സ്വാതന്ത്ര്യപ്രാപ്തികൈ മോഹിക്കയും, ആ കുഴഞ്ഞുമറിഞ്ഞുകിടന്ന ലോകത്തിലേക്കു തന്നെ ചെന്നു നിപതിക്കയുംചെയ്തു. സ്വഭാവംകൊണ്ടും പാരമ്പൎയ്യംകൊണ്ടും ഇന്ത്യക്കാർ വിശ്വാസികളാണു്. മഹാത്മാഗാന്ധി ആളുകൾക്കു സന്ദേഹലേശംകൂടാതെ വിശ്വസിക്കാവുന്ന ഒരു മാതൃകയായിരുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സുദീൎഘസമരത്തിൽ അദ്ദേഹത്തിൻെറകൂടെ കൂടിയവൎക്കു് മഹാത്മജിയിൽനിന്നുതന്നെ നേരിട്ടു ജ്ഞാനസ്നാനം ലഭിച്ചു; ആ ഗുരുവിൻെറ ഹിതാനുസരണമുള്ള പരിവൎത്തനങ്ങൾ അവരിൽ സംഭവിക്കയുംചെയ്തു. ജനങ്ങളുടെ വലിയ ഭൂരിഭാഗവും മഹാത്മജി ആരംഭിച്ച പ്രസ്ഥാനത്തിൽ അദ്ദേഹത്തിൻെറകൂടെ നില്ക്കുകതന്നെചെയ്തു. എന്നാൽ അവരിൽ അന്തർലീനമായിരുന്ന 'ചോദ്യംചെയ്യാനുള്ള കഴിവിൻെറ' അംശത്തിനു വികസിക്കാൻ അവസരമുണ്ടായിരുന്നില്ല; സ്വാതന്ത്ര്യം, സാഹോദര്യം, സമത്വം എന്നിവയെ സംബന്ധിച്ചു മഹാത്മജി രാഷ്ട്രത്തിൻെറ മുമ്പാകെ അവതരിപ്പിച്ച പുതിയ കാഴ്ചപ്പാടിനേപ്പററി ജനങ്ങൾക്കു ബോധനം നല്കാനുള്ള സംഘടിതസമ്പ്രദായം രൂപപ്പെടുത്താൻ സമയമോ അവസരങ്ങളോ ഉണ്ടായിരുന്നില്ലതാനും.

സ്വാതന്ത്ര്യം കൈവന്നപ്പോൾ, പിൻവാങ്ങിപ്പോകുന്ന വിദേശീയാധികാരികളുടെ പക്കൽനിന്നും അധികാരം ഏററുവാങ്ങുന്ന ചുമതല, മഹാത്മജിയുടെ കൂടെനിന്നു സമരംചെയ്ത ഏതാനുംപേരുടേതായിത്തീൎന്നതു് സ്വാഭാവികവും അനിവാൎയ്യവുമായിരുന്നു. ഭരണഘടനമൂലം ഉടലെടുത്ത പാർലമെൻറും സംസ്ഥാനനിയമസഭകളും മിക്കവാറും അവർ തനിച്ചു കൈകാൎയ്യംചെയ്യേണ്ടിവന്നു. ഭരണഘടന നടപ്പിലായിട്ടു് ഏതാണ്ടു് പത്തു സംവത്സരങ്ങളായി. ഇന്ത്യയിലെ വളൎന്നുവരുന്ന ജനാധിപത്യവ്യവസ്ഥിതി—അതിനു ചില കുറവുകളൊക്കെയുണ്ടെന്നുള്ള കാൎയ്യം വ്യക്തമാണെങ്കിലും—അനുമോദനാൎഹമായ നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ടു്. എങ്കിലും നമുക്കു ലഭി

ച്ചിട്ടുള്ള സ്വാതന്ത്ര്യത്തിൽ അന്തർഭവിച്ചിരിക്കുന്നതെന്തെന്നതി നെപ്പററിയുള്ള പൂർണ്ണമായ ബോധോദയം തലസ്ഥാനനഗരി കളുടെ സീമകളെ അതിക്രമിച്ചു നമ്മുടെ നാട്ടിൻപുറങ്ങളിലേ ക്ക് ഇനിയും എത്തിച്ചേരേണ്ടതായിട്ടാണിരിക്കുന്നത്. നിയമ സഭകളുടെ ദൃഷ്ടിപഥത്തിൽനിന്ന് അകലെ വർത്തിക്കുന്നവരും ജനഹിതങ്ങൾക്ക് അതീതരായി പ്രവർത്തിക്കുന്നവരുമായ ഉദ്യോഗസ്ഥന്മാരാണ് ഇന്നും നാട്ടിൻപുറത്തു സർവ്വാധിപത്യം നടത്തുന്നത്. ഇതു വർത്തമാനകാലത്തിന്റതന്നെയും അപകട കരമായ പ്രവണതയാണ്; ഭാവിയുടെ കാര്യം പറയാനുമില്ല.

താഴത്തെ തലങ്ങളിൽനിന്ന് ഉയന്നുവരുന്നവരും ജന ങ്ങളുടെ ഇരമ്പിമറിയുന്ന ആത്മാവിനെ പ്രതിനിധീകരിക്കുന്ന വരുമായ ജനപ്രതിനിധികളുടെ നിത്യനൂതനമായി പുനരു ജ്ജീവനം നേടിക്കൊണ്ടിരിക്കുന്ന ആഘാതത്തിൽനിന്നും ഊ ർജ്ജം ലഭിച്ചുകൊണ്ടിരുന്നാലേ ജനാധിപത്യം ഒരു യാഥാർത്ഥ്യ മായി നിലനില്ക്കുകയും വളരുകയും ചെയ്യൂ. കഴിഞ്ഞകാലത്ത് ഇതു സാദ്ധ്യമായിരുന്നു; കാരണം, വിദേശഭരണാധികാരി കൾക്കെതിരായ ഒരു സമരം ചുവട്ടിലെ തലങ്ങളിൽ ഇരമ്പി പ്പൊങ്ങുന്നുണ്ടായിരുന്നു; സമരത്തിൽ അവർ വഹിച്ചിരുന്ന പങ്കിന്റെ തോതുവച്ചോ, വിവാദത്തിനതീതമായ മററു മാന ദണ്ഡങ്ങൾ വച്ചോ ആളുകളുടെ പ്രാതിനിധ്യസ്വഭാവത്തെ വിലയിരുത്താനും കഴിയുമായിരുന്നു. വിദേശഭരണം രംഗത്തു നിന്നു പിന്മാറുകയും കാലത്തിന്റെ അളവുകോൽ വച്ചുനോ ക്കുമ്പോൾ കഴിഞ്ഞ തലമുറയിലെ നേതൃത്വത്തെ ക്ഷയോന്മുഖ ഘടകങ്ങളായി കരുതപ്പെട്ടുതുടങ്ങുകയും ചെയ്തിരിക്കുന്ന ഇന്ന ത്തെ കാലഘട്ടത്തിൽ മുൻചൊന്ന മാനദണ്ഡങ്ങളൊന്നും നിലവിലില്ല. ജനങ്ങൾക്ക് അവരുടെ ഭാവിനേതാക്കളെ വിവേകത്തോടെ തിരഞ്ഞെടുക്കേണ്ടതിലേക്കുള്ള പുതിയ മാന ദണ്ഡങ്ങൾ നിർണ്ണയിക്കേണ്ടതു് ഒഴിച്ചുകൂടാത്ത ആവശ്യമായി രിക്കുന്നു. അടുത്തതായി, ജനങ്ങളുടെ വിഭവശക്തിയിൽനി ന്ന് എങ്ങനെ മിച്ചംവരുത്താൻ കഴിയുമെന്നും അവയെ ജന ങ്ങൾക്കു പരമാവധി പ്രയോജനപ്പെട്ടമാറു് എങ്ങനെ ഉപ യോഗപ്പെടുത്താമെന്നും ഉള്ള കാര്യം പരിഗണനയ്ക്കെടുക്കു മ്പോൾ 'പ്രാതിനിധ്യമില്ലെങ്കിൽ നികുതിയുമില്ല' എന്നതാണ്

ഈ ഘടകത്തെ ഏതാണ്ടൊരു പ്രതികാരബുദ്ധിയോടെ ഭരിക്കുന്ന തത്വം, എന്നു കാണാറാകും. ജനങ്ങൾക്കു സ്വന്തം വിധിയെ ഭരിക്കയും നിയന്ത്രിക്കയുംചെയ്യാൻതക്ക വളർച്ച കൈവരുന്നില്ലെങ്കിൽ അവരിലെ ഉത്തമാംശത്തെ ആവിഷ്കരിക്കാൻ ഗവണ്മെൻറിനു കഴിവുണ്ടാകയില്ല. എന്നുതന്നെയുമല്ല, ജനങ്ങളുടെ ചെലവിൽ ജനങ്ങൾക്കുവേണ്ടി ഗവണ്മെന്റു സജ്ജമാക്കുന്ന സൗകര്യങ്ങളെ അവർ ദുരുപയോഗപ്പെടുത്താതെ കാക്കുകതന്നെ ദുഷ്കരമായിത്തീരുന്നു.

ഈ കുഴപ്പത്തിൽനിന്നൊരു രക്ഷാമാർഗ്ഗം എന്ന നിലയിലാണ് 1952 ആരംഭത്തിൽ സാമൂഹ്യവികസനപരിപാടി രംഗപ്രവേശംചെയ്തതു്. രാഷ്ട്രത്തിനു് ഈ പരിപാടി ദാനം ചെയ്ത പ്രധാനമന്ത്രിയുടെ വാക്കുകളിൽ പറഞ്ഞാൽ, ഇന്ത്യയിലെ ജനങ്ങളെ 'സ്വയം നിർമ്മിക്കയും അങ്ങനെ ഇന്ത്യയെ നിർമ്മിക്കയും' ചെയ്യുന്നവരായി പരിവർത്തനംചെയ്യാൻ ഉന്നിക്കൊണ്ടുള്ളതാണ് ഈ പ്രസ്ഥാനം. ഒരുപററം ഉദ്യോഗസ്ഥന്മാർ നമ്മുടെ ഗ്രാമങ്ങളിലെ ജനസഹസ്രങ്ങൾക്കു സാധനങ്ങളായും പണമായും ചെറിയ കാരുണ്യകണികകൾ വിതരണം ചെയ്യുന്ന സമ്പ്രദായത്തിലാണ് പരിപാടി ആരംഭിച്ചതു്; അങ്ങനെയേ നിവൃത്തിയുണ്ടായിരുന്നുള്ളു. എന്നാൽ ഏഴു കൊല്ലത്തെ ക്രമമായ വളർച്ചയ്ക്കുശേഷം—ഉയർച്ചകളും താഴ്ചകളും, പ്രതീക്ഷകളും ഭയങ്ങളും, പ്രവർത്തനങ്ങളും നിയന്ത്രണങ്ങളും ഒക്കെ നിറഞ്ഞ ഏഴു കൊല്ലം—പരിപാടി ഇതാ ഒടുവിൽ ഒരു പുതിയ പ്രസ്ഥാനത്തിൻെറ രൂപം കൈക്കൊണ്ടിരിക്കുന്നു. പ്രസ്ഥാനം സുപ്രധാനമായ ഒരു വഴിത്തിരിവിലെത്തിയിരിക്കയാണ്. നിയമപ്രാബല്യമുള്ള ഒരു ജനകീയപ്രസ്ഥാനം ചുവടററംമുതൽ മേല്പോട്ടു രൂപംപ്രാപിക്കയാണ്. ഗവണ്മെൻറുഘടകത്തെ സഹപ്രവർത്തനത്തിനുള്ള സഖാവായി അംഗീകരിച്ചുകൊണ്ടു് എല്ലാ തലങ്ങളിലൂടെ സ്വാത്മാവിഷ്കരണം നടത്താൻ അതു് ഉദ്യമിക്കയാണ്. എല്ലാ സംസ്ഥാനങ്ങളിലുംതന്നെ പരിപാടിയിൽ ജനാധിപത്യസമ്പ്രദായം നടപ്പിലാക്കിത്തുടങ്ങുകയും അധികാരങ്ങൾ ബ്ലോക്ക്–പഞ്ചായത്തുസമിതികൾക്കും, ജില്ലാ–പഞ്ചായത്തു പരിഷത്തുകൾക്കും കൈകാര്യംചെയ്യത്തക്കവിധം കൈമാററം ചെയ്തുതുട

ങ്ങുകയും കഴിഞ്ഞിരിക്കുന്നു. ചില സംസ്ഥാനങ്ങളിൽ ഈ പരിവർത്തനം വളരെ ദ്രുതഗതിയിൽ നടപ്പാക്കുന്നു; ചിലേടത്തു് കുറേക്കൂടെ കരുതലോടെയും സാവധാനത്തിലുമാണു് പുരോഗതി. എന്നാൽ പ്രസ്ഥാനം സാർവ്വത്രികമായി പ്രചരിക്കയും സ്ഥിരമായി നിലവിൽവരുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു.

അധികാരദാനം, അധികാരമേററുവാങ്ങൽ, ജനാധിപത്യം നടപ്പാക്കൽ എന്നിവ മൂന്നും പ്രസ്ഥാനത്തിൻെറ രംഗത്തു നടന്നുകൊണ്ടിരിക്കയാണു്; ഈ പരിപാടി വളരെവേഗത്തിൽ ഹിമഗിരിയിലെ ഉരുൾപൊട്ടലിൻെറ കരുത്തും ഗതിവേഗവും നേടും. എന്തെന്നാൽ ഇതുകൊണ്ടു മൂകരായിരുന്നവക്കു് നൂററാണ്ടുകളായി നഷ്ടപ്പെട്ടിരുന്ന അവരുടെ ശബ്ദം വീണ്ടുകിട്ടാതിരിക്കയില്ല. മനസ്സിനു പാകതയില്ലാത്തിടത്തു ശബ്ദമുണ്ടായിരിക്കുന്നതു് ജനാധിപത്യത്തിനു വിപത്താണു്. ഇത്തരമൊരു രാക്ഷസീയശക്തിയെ കെട്ടഴിച്ചുവിടുന്നതിനു മുൻപു് ആ പ്രവൃത്തിയിൽ അന്തർഭവിച്ചിരിക്കുന്ന അപകടങ്ങളെപ്പററിയും ഒരു പുതിയ ഉൽഗ്രഥനത്തിനുള്ള മാർഗ്ഗങ്ങളെപ്പററിയും വിവേകമുള്ള ഒരു ഗവണ്മെൻറു് ഒരു ആത്മപരിശോധനയ്ക്കു മുതിരുന്നതു് കേവലം ന്യായം മാത്രമാണു്.

നമ്മുടേതുപോലെയുള്ള ഒരു അവികസിതരാജ്യത്തിനു് ജനാധിപത്യം ഒരു സുഖഭോഗവസ്തുവാണെന്നു് നാട്ടിലെ ഒരു പ്രത്യേക ചിന്താഗതിക്കാർ പ്രഖ്യാപിക്കുന്നു; അവർ പറയുന്നതു് നമ്മുടെ ചുററുമുള്ള പല രാജ്യങ്ങളിലും രൂപംപ്രാപിച്ചുവരുന്ന രീതിയിലുള്ള 'നിയന്ത്രിതജനാധിപത്യ'മാണു് നമുക്കു പററിയതെന്നാണു്. ഈ സിദ്ധാന്തത്തിൻെറ പ്രയോക്താക്കൾ പിന്തിരിപ്പൻ–സമുദായവാദി–ജന്മി–മുതലാളി–പ്രാദേശികവാദികൾ മാത്രമല്ല, തീ തീനികളായ തീവ്രപുരോഗമനവാദികളും ഇതേ അഭിപ്രായം പ്രകടിപ്പിക്കുന്നു എന്നതു വിചിത്രമായ ഒരു പ്രതിഭാസമായിരിക്കുന്നു. നമ്മുടെ രാജ്യത്തിലെ രണ്ടു വിഭാഗക്കാരുടെ ചിന്താഗതിയുടെ അംഗീകൃത സ്വഭാവം ഏതാണ്ടിങ്ങനെയായിരിക്കെ മൂന്നാമതൊരു കൂട്ടർ 'കക്ഷിരഹിതജനാധിപത്യ'മെന്നു് അവർ നാമകരണം ചെയ്യുന്ന മറ്റൊരു തത്വത്തിനുവേണ്ടി തുല്യശബ്ദത്തിൽ ഒച്ച

പ്പാട്ടുണ്ടാക്കുന്നു. അവരുടെ തത്വസംഹിതയെപ്പററിയുള്ള വ്യക്തമായ രേഖകളുടെ അഭാവത്തിൽ നമുക്കു മനസ്സിലാക്കാൻ കഴിയുന്നതു് തിരഞ്ഞെടുപ്പുകളില്ലാത്ത ഒരു സങ്കല്പസ്വർഗ്ഗമാണു് അവർ വിഭാവനചെയ്യുന്നതെന്നാണു്; പൗരാണികകാലത്തെന്നപോലെ ഗ്രാമീണർ സ്വയംപൂർണ്ണതയുടെ സംതൃപ്തിമഹിമാവിൽ കഴിഞ്ഞുകൂട്ടുക. അവർ അവരുടെ ചെറിയ പരമാധികാരജനപദങ്ങളിലെ നേതാക്കന്മാരെ തിരഞ്ഞെടുക്കുന്നതു് നേതാക്കന്മാരുടെ നാമം നിർദ്ദേശിച്ചു് കൈപൊക്കിയുള്ള വോട്ടെടുപ്പിൽ ഏകാഭിപ്രായമായോ ഭൂരിപക്ഷാഭിപ്രായപ്രകാരമോ അംഗീകരിക്കപ്പെടുന്നതിൻെറ അടിസ്ഥാനത്തിലായിരിക്കും. പാർലമെൻറും നിയമസഭകളും പൂർണ്ണമായി ഉപേക്ഷിക്കപ്പെടുമെന്നുവേണം സാഹചര്യങ്ങളിൽനിന്നു് ഊഹിക്കാൻ. അഥവാ അവ ഉണ്ടായിരുന്നാൽത്തന്നെയും ചുവട്ടിലെ തലത്തിലുള്ള റിപ്പബ്ലിക്കുകൾമുഖാന്തരം നേരിട്ടല്ലാതെയുള്ള തിരഞ്ഞെടുപ്പിലൂടെ—ഏകകണ്ഠമായോ ഏതാണ്ടു് അതിനടുത്ത നിലയിലോ വോട്ടു കിട്ടിയിരിക്കണമെന്നു നമുക്കൂഹിക്കുക—വരുന്ന പ്രതിനിധികളായിരിക്കും അവിടെയുണ്ടായിരിക്കുക.

'നിയന്ത്രിതജനാധിപത്യ'ത്തെപ്പററി നമുക്കു ലഭിച്ചിട്ടുള്ള അറിവു് ആ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗത്തിൽ ചരിക്കാനുള്ള ചിന്തയിൽനിന്നുതന്നെ നമ്മെ പിന്തിരിപ്പിക്കാൻ പോന്നവിധം അഗാധമാണു്. ഇന്ത്യയ്ക്കു നിലനില്ക്കുവാൻ അർഹതയുണ്ടെങ്കിൽ അതു് കലർപ്പില്ലാത്ത ജനാധിപത്യത്തിൽ അധിഷ്ഠിതമായ ജനങ്ങളുടേതായ ഒരു ഭരണം കെട്ടിപ്പടുക്കാനുള്ള കഴിവിൽ മാത്രമാണു്. അത്തരമൊരു ജനാധിപത്യത്തിൽ മനുഷ്യനു് 'ജീവിക്കാനുള്ള അവകാശ'വും 'ഉപജീവനത്തിനുവേണ്ടി തൊഴിൽ ചെയ്യാനുള്ള അവകാശ'വും 'പ്രയത്നഫലം അനുഭവിക്കാനുള്ള അവകാശ'വും ഉണ്ടായിരിക്കണം. പ്രശ്നം വളരെ വ്യക്തമാണു്. 'നിയന്ത്രിതജനാധിപത്യ'ത്തിൽ ഇതു സാദ്ധ്യമല്ല.

കരുതലില്ലാതിരിക്കുമ്പോൾ നമ്മെ കുഴപ്പത്തിലാക്കാൻ പാകത്തിൽ പ്രത്യക്ഷത്തിൽ അപകടരഹിതമായ ലക്ഷണങ്ങളോടുകൂടിയതാണു് മറെറ ചിത്രം. അതുകൊണ്ടു് അതിനെ

നമുക്ക് അല്പംകൂടെ അപഗ്രഥിക്കുക. ലോകം ഒരു പയർമണിപോലെ ചുരുങ്ങിപ്പോയിരിക്കുന്ന ഈ സ്പുട്നിക്ക്യുഗത്തിൽ—ജീവിതം പ്രവിശാലപ്രപഞ്ചകടാഹത്തിലേക്കു കുതിക്കാൻ വെമ്പൽകൊള്ളുന്ന ഈ കാലഘട്ടത്തിൽ—സ്വയം പൂർണ്ണമായ ഒരു ഗ്രാമപരമാധികാരജനപദമെന്നതു് ഒരു പ്രാദേശികപ്രതിഭാസമെന്ന നിലയിൽപ്പോലും മിഥ്യയായിരിക്കും. വിശാലചക്രവാളങ്ങളുടെ കാര്യമോ പോകട്ടെ, വെറും സാധാരണ ആവശ്യങ്ങളായ റെയിൽവെ, കമ്പിത്തപാൽ, ടെലഫോൺ, റേഡിയോബന്ധം എന്നിവയുടെ കാര്യത്തിൽ പോലും, സ്വയംപൂർണ്ണമായ ഗ്രാമറിപ്പബ്ലിക്കുകളെന്നതു് പരമാവധി വന്നാൽ സ്വപ്നമായി ശേഷിക്കാനേ സാധ്യമാകു എന്നു് ഉല്പാദനപ്രക്രിയയിലും മാർഗ്ഗത്തിലും സംഭവിച്ചിട്ടുള്ള വിപ്ലവത്തിൻെറ ചരിത്രം വ്യക്തമാക്കുന്നു.

ചൂടും തണുപ്പും, വെളിച്ചവും ഇരുട്ടും, സിദ്ധനും പിശാചും—ഇവയെല്ലാം ചേരുന്നതാണു് ജീവിതം; ജീവിതത്തിൻെറ അനവസാനപ്രയാണത്തിനു് എല്ലാം ആവശ്യവുമാണു്. ഒരേ രൂപത്തിൽ ചിന്തിക്കയും വിശ്വസിക്കയും പ്രവർത്തിക്കയും ചെയ്യുന്ന ദൈവഭയമുള്ള ആളുകൾ മാത്രം നിവസിക്കുന്ന സ്വയംപൂർണ്ണമായ ഒരു ഗ്രാമറിപ്പബ്ലിക്ക്—അതു് ജനിക്കുന്നതിനുമുമ്പു മരിച്ചുകഴിയും. അത്തരമൊരു നിഷ്പ്രയോജനപിണ്ഡത്തിൽനിന്നു് ജീവസ്ഫുരണമുണ്ടാകാൻ സാദ്ധ്യമല്ല. നിരന്തരവും ആരോഗ്യകരവുമായ സംഘട്ടനത്തിലേർപ്പെട്ടിരിക്കുന്ന ആദർശങ്ങളുടെയും ആശയങ്ങളുടെയും വൈവിദ്ധ്യം ജനാധിപത്യത്തിൻെറ നിലനില്പിനാവശ്യമാണു്. മരിച്ചവർമാത്രമേ മത്സരത്തിൽനിന്നു മാറിനിൽക്കൂ. ഒപ്പത്തിനെത്തുകയോ കടന്നുകയറുകയോ ചെയ്യാനുള്ള കരുതലോടുകൂടിയ മത്സരമാണു് ജീവിതത്തിനു സ്വാദു നല്കുന്നതു്. ഒരു ജീവനുള്ള സമൂഹം സിദ്ധൻമുതൽ പിശാചുവരെ സകലതിനേയും—അതിനിടയിലുള്ള സകല കൊഴാമറിച്ചിലുകളോടുംകൂടെ—ഉൾക്കൊള്ളാൻ തയാറായിരിക്കണം. വ്യക്തിയുടേതാകട്ടെ സമൂഹത്തിൻേറതാകട്ടെ—ജീവിക്കാനുള്ള സമരത്തിൽ, അയോഗ്യമായ നടപടികൾ കടന്നുകൂടുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന ഒരന്തരീക്ഷം നിലനിർത്തുന്നതു മാത്രമാണു് ആവശ്യ

മായ കരുതൽ. നമ്മുടെ ജനാധിപത്യം ജീവനുള്ള ജനങ്ങളു ടേതായിരിക്കയും നിരന്തരമായ വളർച്ചയ്ക്കു പ്രാപ്തമായിരിക്ക യും ചെയ്യണമെങ്കിൽ അതിന്നു ഭൂമിയിൽ ആഴത്തിലിറങ്ങിയി ട്ടുള്ള വേരുണ്ടായിരിക്കണം; അതിൻെറ തായിത്തടിക്കും ശിഖ രങ്ങൾക്കും ഇലകൾക്കും സ്വാതന്ത്ര്യമായ വായുവും വെള്ളവും സൂര്യപ്രകാശവും ലഭിക്കണം. ഇതെങ്ങനെ സാദ്ധ്യമാക്കാം എന്നതാണു് ഇപ്പോഴത്തെ സുപ്രധാന പ്രശ്നം.

ഗ്രാമതലത്തിൽ പഞ്ചായത്തായിരിക്കണം അടിസ്ഥാന സ്ഥാപനം എന്ന കാര്യത്തിൽ നാം അഭിപ്രായൈക്യത്തി ലെത്തി. പഞ്ചായത്തംഗങ്ങൾ പ്രായപൂർത്തിവോട്ടവകാശ ത്തിൻെറ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടും. തെര ഞ്ഞെടുപ്പു് രഹസ്യവോട്ടനുസരിച്ചോ പരസ്യവോട്ടനുസരി ച്ചോ നടത്താം. ഏതെങ്കിലും ഒരു മാതൃകയേയോ മറെറാന്നി നേയോ മുറുകെപ്പിടിക്കുമെന്നർത്ഥമില്ല. എന്നാൽ ആണ്ടിൽ ഒന്നോ രണ്ടോ പ്രാവശ്യമുണ്ടാകുന്ന പ്രത്യേക അവസരങ്ങളി ലല്ലാതെ പഞ്ചായത്തുകാർ ഗ്രാമത്തെ ഒട്ടാകെ പ്രതിനിധീക രിക്കുന്നില്ല എന്നു നമുക്കറിയാം. നാം ഉന്നുന്ന രീതിയിലാണെ ങ്കിൽ ജനാധിപത്യം ഒരു പെരുമാററസംഹിതയേക്കാളേറെ എല്ലാ പൗരന്മാരുടെയും ജീവിതസമ്പ്രദായമായി മാറണം. ഈശ്വരാർപ്പണംചെയ്തു ജീവിക്കുന്നവൻെറ ജ്ഞാനയുക്തമാ യ സ്വാതന്ത്ര്യത്തിലെന്നപോലെതന്നെ വിദ്രോഹവൃത്തിയിൽ വിഹരിക്കുന്ന ദുഷ്ടൻെറയും സ്വാതന്ത്ര്യത്തിൽ പ്രവർത്തിക്കുന്നതു് ഒരേ ആത്മപ്രതിബോധമാണെന്ന അടിസ്ഥാനവസ്തുതയെയും അതു വിസ്മരിച്ചുകൂടാ. അതിൻെറ പ്രകടനത്തേയും പ്രവർത്തന ത്തേയും നമുക്കു് എങ്ങനെ സഹായിക്കാം? ഇനി മറുവശത്തു മറെറാന്നാലോചിക്കേണ്ടതുണ്ടു്. ഗ്രാമത്തിലെ ജാതി, മതം, വർഗ്ഗം, ഭൂവുടമ തുടങ്ങിയ നിക്ഷിപ്തതാല്പര്യങ്ങൾ അവിടെ പര സ്പരം മത്സരിക്കുന്നതും പരസ്പരം ചൂഷണോദ്യുക്തമായി പ്രവ ർത്തിക്കുന്നതുമായ പ്രവണതയ്ക്കു വശപ്പെടാതെ എന്തു കരുതലാ ണു് നാം എടുക്കുക? യോഗ്യവും സത്യസന്ധവുമായ രീതിയി ലുള്ള മത്സരം, ജീവിതത്തെ ചലനാത്മകവും കരുത്തുററതുമാ ക്കാൻ ഒഴിച്ചുകൂടാത്ത ഉപാധിയാണെന്നതു നാം അംഗീകരി ക്കുന്നു. ഇപ്പോഴത്തെ പ്രവണതകൾ പലപ്പോഴും ആത്മഹത്യാ

പരങ്ങളാണെന്നും നാം സമ്മതിക്കുന്നു. മത്സരത്തിനുള്ള മനുഷ്യൻെറ ജന്മവാസനയ്ക്കു നാം മറെറന്തു പ്രകടനോപാധി ഏപ്പാട്ടചെയ്യണം; എങ്ങനെ അതിനെ സമൂഹത്തിൻെറ സേവനത്തിനുപയുക്തമാക്കാൻ കഴിയും? ശൂന്യതയ്ക്കു മരണത്തിലല്ലാതെ സ്ഥാനമില്ലാത്തതുകൊണ്ടു് പ്രകടനപ്രവണതയാൽ പിടയുന്ന ജീവിതത്തിലെ നിരവധി വേദനകൾക്കു് ഒരു നിമ്മാണാത്മകമായ പ്രകടനോപാധി നാം ഏപ്പെടുത്തേണ്ടിയിരിക്കുന്നു.

ഈ വിപാടനോപാധിക്കുവേണ്ടി, മത്സരിച്ചുകൊണ്ടിരിക്കുന്നതെങ്കിലും പരസ്പരം സഹായകവുമായ പ്രവത്തനഘടകങ്ങൾ ഗ്രാമങ്ങളിൽ ഉണ്ടാക്കുകയെന്നതാണു് സാമൂഹ്യവികസനപരിപാടിയിൽ വിഭാവനചെയ്തിട്ടുള്ളതു്. ഉദാഹരണമായി, സാമൂഹ്യവികസനപരിപാടിയിൽ, അസോസ്യേററു സംഘടനകൾ എന്നു വിളിക്കപ്പെടാവുന്ന ഇത്തരം അനേകം പ്രവത്തനഘടകങ്ങൾ ഉണ്ടാക്കാം. മഹിളാമണ്ഡലം, ബാലമണ്ഡലം, യുവക്മണ്ഡലം, ദാസ്ത്കർമണ്ഡലം (യഥാക്രമം സ്ത്രീകൾക്കും കുട്ടികൾക്കും യുവജനങ്ങൾക്കും തൊഴിലാളികൾക്കുമുള്ള ക്ലബ്ബുകളാണിവ.) എന്നിങ്ങനെ പലതരം അസോസ്യേററു സംഘടനകൾ ഉണ്ടാക്കാവുന്നതാണു്. ഇവയ്ക്കു പുറമെ ഓരോ പ്രത്യേക കായ്യത്തിനുവേണ്ടിയോ ഒന്നിലധികം കാര്യങ്ങളുദ്ദേശിച്ചോ അനേകതരം സംഘടനകൾ, നിലവിലുള്ള സാഹചര്യങ്ങൾക്കനുസരണമായി ഉണ്ടാക്കാവുന്നതാണു്. ഗ്രാമത്തിലെ എല്ലാ പ്രവത്തനങ്ങളും—ഭരണം, ഗ്രാമാസൂത്രണം എന്നിവതുടങ്ങി നാടകം, സംഗീതം, കായികമത്സരങ്ങൾ ആദിയായ പുനന്നിമ്മാണപരമായ പ്രവത്തനങ്ങളും, കവിത, ഭജന, കീത്തനാലാപം തുടങ്ങിയ സാഹിത്യപരമായ കാര്യങ്ങളും എല്ലാം—ഈ സ്ഥാപനങ്ങൾ മുഖാന്തരം നടത്താവുന്നതാണു്. ഗ്രാമത്തിലെ അടിസ്ഥാനപരമായ സ്ഥാപനം പഞ്ചായത്താകട്ടെ എന്നു സമ്മതിച്ചതു് നമ്മുടെ സംസ്കാരത്തിലും പാരമ്പര്യത്തിലും വേരോടിയിട്ടുള്ള സ്ഥാപനമാണു് അതെന്നുള്ളതുകൊണ്ടാണു്. അടിസ്ഥാനപരമായി വേണ്ട മറെറാരു സ്ഥാപനം ഗ്രാമസഹകരണസംഘമാണു്. സംഘടനാപരവും സാങ്കേതികവും സാമ്പത്തികവുമായ

മണ്ഡലങ്ങളിൽ നേതൃത്വംനല്കിക്കൊണ്ടു് വികസിച്ചുവരുന്ന ആധുനികശാസ്ത്രീയവിജ്ഞാനത്തിനനുഗുണമായി ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ വളർത്തിയെടുക്കാൻതക്കവിധം ഗ്രാമ സഹകരണസംഘത്തെ സംവിധാനംചെയ്യാവുന്നതാണു്. ഈ സഹകരണസ്ഥാപനങ്ങൾക്കുതന്നെ അതിനോടു ബന്ധപ്പെട്ട ഉപഘടകങ്ങളോ പ്രത്യേക യൂണിയനുകളോ ഉണ്ടാക്കാം—നെയ്ത്തുകാരുടേയും കരകൗശലപ്പണിക്കാരുടേയും ഗതാഗതവ്യവസായക്കാരുടേയും ഗൃഹനിർമ്മാണത്തൊഴിലാളികളുടേയും ഇഷ്ടികനിർമ്മാതാക്കളുടേയും സഹകരണകൃഷിക്കാരുടേയുമൊക്കെ പ്രത്യേക സംഘങ്ങൾ.

ഗ്രാമപ്പഞ്ചായത്തുകൾക്കു് ഗ്രാമവികസനസംബന്ധമായ പല പ്രവൃത്തികൾക്കായി ഉപസമിതികളുണ്ടാകണം—പൊതുജനാരോഗ്യം, ശുചീകരണം, ഗ്രാമഭരണം തുടങ്ങിയ വിവിധ കാര്യങ്ങൾക്കു്. ഈ ഉപസമിതികളിലേക്കു് അസോസ്യേററ് സംഘടനകളിൽനിന്നു ധാരാളം അംഗങ്ങളെ എടുക്കണം. ഉപസമിതികളുടെ മുഖ്യച്ചുമതല, അവരുടെ യോഗ്യതയുടേയും വാസനയുടേയും അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ഒന്നോ രണ്ടോ അംഗങ്ങളെയായിരിക്കും ഏല്പിക്കുക. അങ്ങനെ സംയുക്തവും വ്യക്തിപരവുമായ ഉത്തരവാദിത്വത്തോടുകൂടിയ ഒരു ക്യാബിനററിന്റെ സമ്പ്രദായത്തിലായിരിക്കും ഗ്രാമപ്പഞ്ചായത്തിന്റെ പ്രവർത്തനം. ഗ്രാമത്തിലെ പ്രായപൂർത്തിയായ ആളുകളുടെ യോഗം പാർലമെന്റിന്റെ സ്ഥാനവും, പ്രവർത്തന ഉപസമിതികൾ നമ്മുടെ പാർലമെൻറിലും സംസ്ഥാനനിയമസഭകളിലും കൂടുതൽ കൂടുതലായി പ്രവർത്തനത്തിൽവന്നു് സ്റ്റാൻഡിംഗ്കമ്മിററികളുടേയോ കൺസൾട്ടേറ്റീവ്കമ്മിററികളുടേയോ സ്ഥാനവും വഹിക്കും. തെരഞ്ഞെടുപ്പിനെ നേരിടുന്നതിൽ ഏതും വിശ്വാസമില്ലാത്തവരെങ്കിലും ഗ്രാമവികസനപരിപാടിയിലും ഗ്രാമീണജനാധിപത്യത്തിലും തങ്ങൾക്കും സാരമായ സംഭാവന നല്കാനുണ്ടെന്നു വിചാരിക്കുന്ന ഗ്രാമീണജനതയ്ക്കു് അവരുടെ അഭിപ്രായങ്ങളുടെ സജീവപ്രകടനത്തിനുള്ള രംഗമാണു് സഹകരണസ്ഥാപനങ്ങളും അവയോടു ബന്ധപ്പെട്ട ഉപസ്ഥാപനങ്ങളും.

ബ്ലോക്കടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്കു് ഒരു

ബ്ലോക്കുപഞ്ചായത്തുസമിതിയും സഹകരണസ്ഥാപനങ്ങൾക്ക് ഒരു ബ്ലോക്കുസൂപ്പർവൈസറി യൂണിയനുമാണു വിഭാവന ചെയ്യപ്പെടുന്നതു്. ഇവയ്ക്കു് ജില്ലാടിസ്ഥാനത്തിൽ ഉപരിഘടകങ്ങളുമുണ്ടായിരിക്കും. ബ്ലോക്കുപഞ്ചായത്തുസമിതികൾക്കും ജില്ലാപരിഷത്തുകൾക്കും ഇതേ മാതൃകയിൽ ഉപസമിതികൾ ഉണ്ടാക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണു്. ഗ്രാമാടിസ്ഥാനത്തിലുള്ള പ്രവർത്തന ഉപസമിതികൾക്കു് അതേതരം ഉപരിഘടകങ്ങൾ ബ്ലോക്കടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും രൂപീകരിക്കാവുന്നതാണു്. ശരിയായ കാലമാകുമ്പോൾ ജില്ലാടിസ്ഥാനത്തിലുള്ള ഈ സ്ഥാപനങ്ങൾക്കു് സംസ്ഥാനാടിസ്ഥാനത്തിലുള്ള ഉപരിസഭകൾ ഉണ്ടാക്കാവുന്നതും സംസ്ഥാനാടിസ്ഥാനത്തിലുള്ള ഉപരിസഭകൾക്കു് രാഷ്ട്രാടിസ്ഥാനത്തിലുള്ള ഒരു ഫെഡറേഷൻ രൂപീകരിക്കാവുന്നതുമാണു്. ഇങ്ങനെ വിഭാവനചെയ്യപ്പെടുന്ന വിവിധ സ്ഥാപനങ്ങൾ രൂപംപ്രാപിച്ചുകഴിയുമ്പോൾ പൊതുവിൽ കാണാകുന്ന ചിത്രം എങ്ങനെയിരിക്കും? ഈ വിവിധ സ്ഥാപനങ്ങളും അവയുടെ ഉപസമിതികളും ഗ്രാമാടിസ്ഥാനത്തിലും ബ്ലോക്കടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും രാഷ്ട്രാടിസ്ഥാനത്തിലും രൂപീകരിച്ചു് പരസ്പരസഹകരണത്തോടെ ഫലപ്രദമായി പ്രവർത്തിക്കുന്ന അവസ്ഥ കൈവരുത്തുന്നതിനു് അനേകവർഷങ്ങൾ—ഒരുവേള പത്തോ അധികമോ സംവത്സരങ്ങൾതന്നെ—വേണ്ടിവന്നേക്കാം. ജനങ്ങളും അവരുടെ സ്ഥാപനങ്ങളും വിവേകം സമ്പാദിക്കുന്നതു് ഭരണപരമായ ഉത്തരവുകളിലോ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പരിശീലനത്തിലോ നിന്നല്ല. ഭരണപരമായ നടപടികൾക്കും വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അദ്ധ്യയനത്തിനും നിശ്ചയമായും അതിൻേറതായ പ്രാധാന്യമുണ്ടു്. എന്നാൽ പരിപക്വമായ ചിന്തയും ഗ്രഹണപാടവവും പ്രവൃത്തികൗശലവും ഉൾക്കൊള്ളുന്ന വിവേകം സംഭാവനചെയ്യാൻ പരീക്ഷണങ്ങളിലൂടെയും പരാജയങ്ങളിലൂടെയും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ലഭിക്കുന്ന വൈവിധ്യമിയന്നതും കരുത്തുററതുമായ അനുഭവങ്ങൾക്കല്ലാതെ കഴികയില്ല.

ഇന്ത്യയിലെ നാട്ടിൻപുറത്തെ ജനസംഖ്യ ഒരു മഹാ അതികായനാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾ മുഖാന്തരമുള്ള ഏർപ്പാട്ടുകൾ—അവ എത്രതന്നെ വിപുലമായിരുന്നാലും എത്രയധികം ഭാവനാശാലിത്വത്തോടെ സംവിധാനംചെയ്തതായിരുന്നാലും—ഇത്രയധികം ആളുകൾക്കു് അടിസ്ഥാനപരമായ പരിശീലനം നൽകാൻ പര്യാപ്തമാകയില്ല. പരിശീലനം നൽകുന്ന പ്രക്രിയയ്ക്കിടയിൽ സ്വയം മുട്ടത്തു മരവിച്ചുപോകാത്ത തരത്തിലുള്ള ധാരാളം പരിശീലകന്മാരുടെ സേവനം—ഈ പരിശീലനകേന്ദ്രം തുടർച്ചയായി നടത്തിക്കൊണ്ടിരിക്കേണ്ട ആവശ്യത്തിലേക്കു്—സമ്പാദിക്കേണ്ട പ്രശ്നം വേറേ കിടക്കുന്നു. അത്തരം പരിശീലകരെ സുലഭമായിക്കിട്ടാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ജനങ്ങൾ സ്വയം പരിശീലനം നേടുക എന്ന ആശയം പരിശോധിച്ചുനോക്കുകയാണു് സാമൂഹ്യവികസനപരിപാടിയിൽ. ഈ മാർഗ്ഗത്തിലുള്ള ആദ്യത്തെ പരീക്ഷണപരിശ്രമം നടത്തിയതു് കാർഷികവിഷയത്തിൽ പ്രവർത്തിക്കുന്ന ഗ്രാമസഹായകക്യാമ്പുകൾ സംഘടിപ്പിച്ചിട്ടാണു്. ഓരോ ഗ്രാമത്തിലുമുള്ള പുരോഗമനാശയക്കാരായ കൃഷകരെ ഇതരഗ്രാമങ്ങളിലെ തത്തുല്യരായ ആളുകളുമായി കൂടിക്കലന്നു് ഇടപഴകി ഗ്രാമസേവാസംഘങ്ങളായി—ഓരോ ക്യാമ്പിലും അൻപതുപേർ വീതം—പ്രവർത്തിക്കാൻ ഏർപ്പാടുചെയ്തു. ക്യാമ്പുകളിൽ പരിശീലനം നൽകപ്പെട്ടു. പരിശീലനക്കാർ അവരവരുടെ അനുഭവങ്ങൾ പരസ്പരം കൈമാറിയും, ഉദ്യോഗസ്ഥന്മാരുമായും വിദഗ്ദ്ധന്മാരുമായും ചർച്ചകൾ നടത്തിയും, ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാർ അവിടെ നടത്തിക്കാണിച്ച മാതൃകാപ്രകടനങ്ങൾ കണ്ടും, പരസ്പരം പരിശീലിപ്പിച്ചു. ഈ മാതൃകയിൽ ഏതാണ്ടു് പത്തു ലക്ഷംപേർക്കു പരിശീലനം നൽകിയിട്ടുണ്ടു്. ഈ ക്യാമ്പുകൾ പ്രതീക്ഷിച്ചതിനെക്കാളൊക്കെ വളരെയധികം വിജയിച്ചു. പുരോഗമനമിച്ഛിക്കുന്ന ഗ്രാമീണർക്കു് പൊതുജനാരോഗ്യം, സ്ത്രീകളുടെയും ശിശുക്കളുടെയും ക്ഷേമപ്രവർത്തനം തുടങ്ങിയ എല്ലാ വികസനപ്രവർത്തനങ്ങളിലും ഇതേ മാതൃകയിൽ പരിശീലനം നൽകണമെന്നാണു് ഇപ്പോൾ ഉദ്ദേശിച്ചിട്ടുള്ളതു്. ഇങ്ങനെ പരിശീലിതരായ ഗ്രാമസഹായകർ അവരവരുടെ

ഗ്രാമങ്ങളിലെ പ്രവത്തന ഉപസമിതികളുടെ കേന്ദ്രബീജങ്ങളായിരിക്കും. തങ്ങൾ നേടിയിട്ടുള്ള അറിവും അനുഭവസമ്പത്തും അയൽക്കാക്ക് പകന്നുകൊടുക്കുന്ന വിഷയത്തിൽ അവർ പരസ്പരം മത്സരിക്കും. ഇതിൽ ഏററവും വിജയകരമായി പ്രവത്തിക്കുന്നതായി കാണപ്പെടുന്നവർ ബ്ലോക്കടിസ്ഥാനത്തിലുള്ള ഉയന്നതരം ക്യാമ്പുകളിൽ പ്രവത്തിക്കാനും അവക്ക് പ്രത്യേകതാല്പയ്യമുള്ള വിഷയങ്ങളിൽ പഠനപയ്യടനങ്ങൾ നടത്താനും തിരഞ്ഞെടുക്കപ്പെട്ടും. ഈ പ്രക്രിയ ജില്ലാ-സംസ്ഥാന-രാഷ്ട്രതലംവരെ ഉയന്നുപോകയും ചെയ്യും. പദ്ധതി പുരോഗമിക്കുമ്പോൾ ഉയന്ന ഇനം ഗ്രാമസഹായകക്ക് സ്ഥാപനങ്ങളിൽത്തന്നെയുള്ള ഹ്രസ്വകാലപരിശീലനം നൽകേണ്ടതു് ആവശ്യമായി വരും. ഇത്തരം പരിശീലനം സംസ്ഥാനാടിസ്ഥാനത്തിലോ രാഷ്ട്രാടിസ്ഥാനത്തിലോ തത്തൽസാങ്കേതികസ്ഥാപനങ്ങളിൽ നൽകപ്പെടാവുന്നതുമാണു്.

ഈ പ്രക്രിയ പൂത്തിയാകുമ്പോൾ, വികസനപ്രവത്തനങ്ങളുടെ ആസൂത്രണത്തെയും നിവ്വഹണത്തെയും സംബന്ധിച്ചിടത്തോളം എല്ലാ ചുമതലയുമുള്ള—നിയമപ്രാബല്യമുള്ള—ഭരണഘടകം പ്രാഥമികതലത്തിൽ ഗ്രാമപ്പഞ്ചായത്തായിരിക്കുമെന്ന കായ്യം വ്യക്തമാണു്. ഗ്രാമജീവിതത്തിലെ സാമ്പത്തികപ്രവത്തനത്തിനുള്ള ഉത്തരവാദിത്വം ഗ്രാമസഹകരണസ്ഥാപനത്തിനായിരിക്കും. ചിന്തയിലും പ്രവൃത്തിയിലും യുവചൈതന്യവും ഊജ്ജസ്വലതയും പ്രസരണംചെയ്തുകൊണ്ടു് ഗ്രാമവിദ്യാലയങ്ങളുമുണ്ടായിരിക്കും. ഇതിനുപുറമേ, ഗ്രാമതലത്തിൽ ഈ അടിസ്ഥാനസ്ഥാപനങ്ങൾക്കു താങ്ങായിട്ടും ആവശ്യമുള്ള സ്ഥലങ്ങളിൽ അവയെ ശരിയായിട്ടു നയിക്കാൻ സഹായിച്ചുകൊണ്ടും ഉള്ള അനവധി ഉപസഭകളും ഉണ്ടായിരിക്കും. ബ്ലോക്ക്-ജില്ലാ-സംസ്ഥാന-രാഷ്ട്രാടിസ്ഥാനത്തിൽ ഈ ഉപസഭകളുടെ ഉപരിഘടകങ്ങളുമുണ്ടായിരിക്കുന്നതാണു്. ആത്മനാശകവും പരസ്പരോന്മൂലനക്ഷമവുമായ പ്രവണതകളെ ഉണത്തിവിട്ടുകൊണ്ടു് രാഷ്ട്രത്തിൻെറ സത്തയെ കാന്നുതിന്നുന്ന കക്ഷിരാഷ്ട്രീയത്തിൻെറ ആപത്തു്, ഈ പുതിയ പശ്ചാത്തലത്തിൽ വളരെ അഗണ്യമാംവിധം ചെറിയ തോതിൽ മാത്രമേ ഗ്രാമതലത്തിൽ ഉണ്ടായിരിക്കൂ. എന്തു

കൊണ്ടെന്നാൽ, വെറും വാഗ്ദാനങ്ങളും ആഹ്വാനങ്ങളും കുററാരോപണങ്ങളും മുഴക്കിയിട്ട് ജനപ്രതിനിധികൾക്ക് ജനങ്ങളിൽനിന്ന് ഒഴിഞ്ഞുമാറിനിൽക്കാൻ കഴിവില്ലാത്ത തരത്തിൽ, ഭരണവും പ്രവൃത്തിരംഗങ്ങളും ജനങ്ങളോട് അത്ര അടുത്ത ബന്ധത്തിലാണ് ഗ്രാമതലത്തിൽ കഴിഞ്ഞുകൂടുന്നതു്. ഉപസമിതികളും സ്വയം വളർച്ചനേടി പ്രവത്തനത്തിലേർപ്പെടുകയും, തങ്ങളുടെ പ്രത്യേകവിഷയങ്ങളെ സംബന്ധിച്ചിടത്തോളം അടിസ്ഥാനസ്ഥാപനങ്ങളിൽ സ്വാധീനവും സമ്മർദ്ദവും ചെലുത്തുകയും ചെയ്യും; ഇന്നത്തെ ആത്മഹത്യാപരമായ ഞെക്കലും ഞെരുക്കലുമൊക്കെ ഒഴിവാക്കപ്പെടും.

പ്രവത്തകഘടകങ്ങളുടെ നിരന്തരമായ സംയുക്തപ്രവർത്തനം വദ്ധമാനമായ തോതിൽ വിവിധതലങ്ങളിൽ നിലവിലിരിക്കുന്ന ചിത്രമാണ് ഈ വിധത്തിൽ രൂപംപ്രാപിച്ചുവരുന്നതു്. അങ്ങനെ വണ്ണങ്ങളിലും ആവശ്യങ്ങളിലും വൈവിദ്ധ്യമുള്ള ആ കുടുംബം ക്രമേണ വികസിച്ചുവികസിച്ച് ഗ്രാമത്തേയും ബ്ലോക്കിനേയും ജില്ലയേയും സംസ്ഥാനത്തേയും രാഷ്ട്രത്തേയും ആകെ ആശ്ലേഷിക്കും. ഭൂതകാലത്തിൻെറ അവശേഷങ്ങളിലും വത്തമാനകാലത്തിന്റെ കുഴപ്പങ്ങളിലുംനിന്ന് ഒരു പുതിയ സംസ്കാരം രൂപംപ്രാപിച്ചുവരും. ജലകണങ്ങൾ വലിയ തുള്ളികളാകും, നീരൊഴുക്കുകളാകും, അരുവികളാകും, ആറുകളാകും, ഒടുവിൽ മഹത്തായ ഇന്ത്യൻസമുദ്രത്തോടു സംഗമിക്കും. നമുക്കു നിലനിൽക്കാൻ മറെറാരു മാഗ്ഗമുണ്ടോ?

## VII
## വിശാലചക്രവാളം

# കോട്ടയോ കൊത്തളമോ?

പയ്യൻെറ കാര്യത്തിൽ അമ്മയേക്കാൾ താല്പര്യം അമ്മായി കാണിക്കുന്നുവെങ്കിൽ അവിടെ എന്തോ പന്തികേടുണ്ട് എന്നു് ഒരു ചൊല്ലു് ബംഗാളിൽ പ്രചാരത്തിലുണ്ടു്.

വിദേശഭരണാധികാരികളോടുള്ള സമരത്തിൽ നമ്മുടെ നേതാക്കന്മാരും ജനങ്ങളും കഴിഞ്ഞ അമ്പതുവർഷക്കാലം ഒരുമിച്ചുനിന്നു പ്രവർത്തിച്ചു. രാജ്യം പുരോഗമിക്കണമെങ്കിൽ അതു ജനങ്ങളുടെ വകയായിത്തീരണം എന്നു് അവർ പ്രഖ്യാപിച്ചു. ഗാന്ധിജി ഈ സിദ്ധാന്തത്തെ ഒന്നുകൂടെ വിശദമാക്കി. 'സ്വരാജ്'' ഓരോ ഇന്ത്യക്കാരൻേറയും ജന്മാവകാശമാണെന്നും സ്റ്റേററിൻെറ അധികാരവികേന്ദ്രീകരണവും ഭരണത്തിനു ജനകീയസ്വഭാവം നൽകലുമാണ് 'സ്വരാജ്'' എന്നതുകൊണ്ടർത്ഥമാക്കുന്നതെന്നും അങ്ങനെ ക്രമേണയുള്ള പരസ്പരസമന്വയത്തോടൊപ്പം പ്രതിരോധം, വിദേശബന്ധം തുടങ്ങിയ വിശാലവിഷയങ്ങളിലൊഴികെ സ്റ്റേറ്റിന്റെ നേരിട്ടുള്ള അധികാരം അപ്രത്യക്ഷമാകണമെന്നും അദ്ദേഹം പറഞ്ഞു.

പാർലമെൻറും സംസ്ഥാനനിയമസഭകളും ഉറപ്പുചെയ്യുന്ന ഇന്ത്യൻ ഭരണഘടന 1950 ജനുവരി 16-ാംതീയതി നടപ്പിൽവന്നതോടെ ജനങ്ങളോടു പ്രതിജ്ഞചെയ്തിരുന്ന 'സ്വരാജി'ലേക്കുള്ള ആദ്യത്തെ കാൽവയ്പായി. ആദ്യത്തെ ചുവടുവയ്പുമുതൽ അവസാനത്തേതുവരെയുള്ള ദൂരം ഏതാണ്ടു് 2000 മൈൽ വരും. അധികാരകേന്ദ്രങ്ങളായ പട്ടണങ്ങളുടേയും ഇന്നും അർദ്ധപ്പട്ടിണിയിലും അജ്ഞതയിലും കഴിഞ്ഞുകൂടുന്ന ഗ്രാമങ്ങളുടേയും ഇടയ്ക്കു് വലിയ ഒരു വിടവുണ്ടു്. ഈ വലിയ വിടവു നികരുന്നതുവരെ 'സ്വരാജ്'' എന്ന ആശയം ഒരു ചാപിള്ളയായിരിക്കും. ഈ വിടവടയ്ക്കാൻ ശ്രമിക്കുന്നതിനുപകരം, സ്വാതന്ത്ര്യം സിദ്ധിച്ചതിനുശേഷമുള്ള ഈ

പന്ത്രണ്ടുസംവത്സരങ്ങൾക്കിടയിൽ നാം ചെയ്തതു് പ്രാദേശികസ്വയംഭരണത്തിൻെറ അന്തരാളഘട്ടസ്ഥാപനങ്ങൾ മിക്കതും നശിപ്പിക്കയാണു്. നൂററാണ്ടുകളായിട്ട വ്യക്തിതാല്പര്യങ്ങൾ കൊടികുത്തിവാഴുന്ന നമ്മുടെ നാട്ടിൽ, വളർത്തിക്കൊണ്ടുവരുവാൻ നാം പ്രതിജ്ഞയെടുത്തിട്ടുള്ള ജനാധിപത്യത്തിനു്, അത്തരം സ്ഥാപനങ്ങൾ ഒരു ഉറച്ച അടിത്തറയാകുമായിരുന്നു.

പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾ കക്ഷിമത്സരത്തിൻെറയും അപ്രാപ്തിയുടെയും ദുർഭരണത്തിൻെറയും അപകർഷത്തിൻെറയും ആസ്ഥാനങ്ങളായി പരിണമിച്ചതുകൊണ്ടാണു് അവയെ ഇല്ലായ്മചെയ്തതെന്നാണു് നമ്മുടെ വാദം. വിഭാഗം, ജില്ലാ, ഉപവിഭാഗം, താലൂക്കു്, ഗ്രാമം എന്നിങ്ങനെ വിവിധതലങ്ങളിൽ വിന്യസിക്കപ്പെട്ട സക്കാരുദ്യോഗസ്ഥന്മാരിലൂടെ രാജ്യത്തിലെ ഭരണകാര്യം നടത്തുന്നതാണു് കൂടുതൽ സുഗമമായിട്ടുള്ളതെന്ന മിഥ്യാബോധം നാം കൈക്കൊള്ളുകയും തല്പരകക്ഷികൾ നമ്മുടെ ഈ ചിന്താഗതിയെ പ്രോത്സാഹിപ്പിക്കയും ചെയ്തു. ഇങ്ങനെ ജനാധിപത്യത്തിന്റെ മേൽ മരണവിധി പ്രസ്താവിക്കുന്ന കർമ്മത്തിൽ പങ്കുവഹിക്കുമ്പോൾ, ജനാധിപത്യമെന്നതു് ഏററവും താണതലത്തിൽനിന്നു ക്രമമായി വളന്നു് മേല്പോട്ടു് എല്ലാ തലങ്ങളിലുംകൂടെ വ്യാപിച്ചു് വികസിക്കാതെ പാർലമെൻറിലും ജനാധിപത്യമുണ്ടാകാൻ സാധ്യമല്ലെന്ന വാസ്തവത്തിൻെറനേരെ നാം കണ്ണടച്ചുകളഞ്ഞു. ഒരു ജനപദമെന്ന നിലയിൽ നാം അവകാശപ്പെടുന്ന പരമാധികാരം, ആക്രമണംകൊണ്ടു നമ്മെ അടക്കി ഭരിച്ചിരുന്ന ഒരു വിദേശശക്തിയിൽനിന്നു നാം നേടിയെടുത്തതാണെന്ന കാര്യം നാം വിസ്മരിച്ചുപോയി. ഇതും പ്രാതിനിദ്ധ്യാടിസ്ഥാനത്തിലുള്ള ഒരു ഭരണക്രമവും തമ്മിൽ ദക്ഷിണോത്തരധ്രുവങ്ങൾ തമ്മിലുള്ളതിനേക്കാൾ കൂടുതൽ അകലമുണ്ടു്. നാം അവകാശപ്പെടുന്നതരം പകാത കൈവന്ന ഒരു ജനത, ഒരു പരമാധികാരജനത ചുവട്ടിലെ തലങ്ങളിൽ സംഭാവനചെയ്യേണ്ട ഒന്നാണു് ജനാധിപത്യത്തിലെ പരമാധികാരം, എന്ന വസ്തുത ഇപ്പോഴും മനസ്സിലാക്കാത്തതു വിസ്മയകരമായിരിക്കുന്നു.

നമ്മുടെ ഭരണഘടന, അതിൻെറ നയനിർണ്ണയതത്വങ്ങ

ളിലൂടെ നമ്മുടെ ജനങ്ങളിൽ സ്വാതന്ത്ര്യവും പരമാധികാരവും നിക്ഷേപിച്ചിരിക്കുന്നു എന്നു വാദിക്കപ്പെട്ടാം. ഭരണഘടനയിലൂടെ ലഭിക്കുന്ന അവകാശങ്ങളെപ്പറ്റി നമ്മുടെ ജനങ്ങളുടെ ബഹുഭൂരിപക്ഷവും ബോധവാന്മാരാണോ എന്നതിനെപ്പററി ഒരു നിമിഷനേരത്തേക്കു നാം സ്വയം ചോദിക്കുക. ഈ അവകാശങ്ങളെ നമ്മുടെയിടയിലെ കൗശലക്കാരായ 'ന്യൂനപക്ഷ'മോ ഗവണ്മെൻറുദ്യോഗസ്ഥന്മാരോ ചവുട്ടിമെതിക്കാൻ ഒരുമ്പെടുന്നപക്ഷം ഭരണഘടനാജന്യമായ തങ്ങളുടെ അവകാശങ്ങൾ കോടതിമുഖാന്തരം സ്ഥാപിച്ചെടുക്കാനുള്ള സൗകര്യങ്ങളോ സാഹചര്യങ്ങളോ വ്യക്തിപരമായോ കൂട്ടായോ അവക്കിന്നുണ്ടോ? അതിൻെറ മറുപടി തെളിയിക്കുന്നതെന്താണ്?

ബലവന്ത്റായ്പഠനസമിതി ശുപാർശചെയ്തിട്ടുള്ള ജനാധിപത്യവികേന്ദ്രീകരണപരിപാടി, ജനാധിപത്യത്തെ ജനങ്ങളുടെ അടുത്തേക്കു വികസിപ്പിക്കുന്നതിൽ മുമ്പോട്ടുള്ള ഒരു കാൽവയ്പാണ്. ദേശീയവികസനകൗൺസിൽ ഈ ശുപാർശയെ ഉത്സാഹപൂർവ്വം സ്വാഗതംചെയ്തു. ആന്ധ്രസംസ്ഥാനവും രാജസ്ഥാനും ഈ പരിപാടി സംസ്ഥാനവ്യാപകമായ തോതിൽ നടപ്പിൽവരുത്തിക്കഴിഞ്ഞു. ആറോ ഏഴോ സംസ്ഥാനങ്ങൾകൂടെ ഉടനെ നടപ്പിൽവരുത്തുന്നു. ബാക്കിയുള്ള സംസ്ഥാനങ്ങളിലും പരിപാടിയുടെ പഠനം പുരോഗമിച്ചുകൊണ്ടിരിക്കയാണ്. ഇങ്ങനെയൊക്കെയിരിക്കിലും ഒരു ഭാഗത്തുനിന്നു നേതാക്കന്മാരെന്നു വിശ്വസിക്കപ്പെടുന്ന ചിലരുടെയും മറുഭാഗത്തു ചില പടംപൊഴിഞ്ഞ ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെയും എതിർപ്പ് ഈ പ്രസ്ഥാനത്തിനുനേരെ ഉയന്നിട്ടുണ്ട്; നാം സാവകാശത്തിലേ മുമ്പോട്ടു നീങ്ങിക്കൂടുവെന്നും ഉത്തരവാദിത്വങ്ങൾക്കു ഭരപ്പെടുത്തുന്നതിനുമുമ്പ് ജനങ്ങളെ സ്വന്തംകാര്യം നോക്കിനടത്താൻ പരിശീലിപ്പിക്കേണ്ടതുണ്ട് എന്നുമാണ് അവരുടെ ഉപദേശം. പൊതുജനങ്ങളുടെ ഓർമ്മശക്തിക്കു ദൈർഘ്യം കുറവാണ്. അല്ലെങ്കിൽ, ഈ വാദകോലാഹലമുയരുമ്പോൾ, ഇന്ത്യയിലെ വിദേശഭരണാധികാരികൾ നമുക്കും നമ്മുടെ നേതാക്കന്മാക്കുമെതിരായി ഇതേ വാദം ഉന്നയിച്ചിരുന്നതു് അവരുടെ സ്മരണയിൽ ഉണ

രേണ്ടതാണ്. ജനങ്ങളുടെ ഭരണമെന്നതു് ഏതാണ്ടു് നീന്തൽ പോലെയാണെന്നകാര്യം ഓർമ്മിക്കപ്പെടാറില്ല; വെള്ളത്തിലല്ലാതെ—ചുവട്ടിൽ കാലെത്താത്തത്ര ആഴത്തിലുള്ള വെള്ളത്തിൽ പൊങ്ങിക്കിടന്നുകൊണ്ടു മുമ്പോട്ടുനീങ്ങാൻ ശ്രമിച്ചിട്ടല്ലാതെ—നീന്തൽ പഠിക്കാൻ കഴികയില്ല എന്ന പരമാർത്ഥം. ഇങ്ങനെയല്ലാതെ ആരും ഒരിക്കലും നീന്തൽ പഠിച്ചിട്ടില്ല. പരീക്ഷണങ്ങളുടെയും പരാജയങ്ങളുടെയും പ്രക്രിയകളിൽക്കൂടെയല്ലാതെ ആരും ഭരണപരിചയം നേടിയിട്ടുമില്ല.

അതുകൊണ്ടു് ജനാധിപത്യവികസനത്തിനെതിരായി ഉയർത്തപ്പെടുന്ന ശബ്ദം, പഴഞ്ചൊല്ലിലെ അമ്മാവിയുടെ ശബ്ദമാണ്. അമ്മ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അവൾ കൗശലക്കാരിയായ അമ്മാവിയുടെ കുരുക്കുകളിൽപ്പെടാതെ മകനെ സൂക്ഷിക്കണം. അവൾ അങ്ങനെ ചെയ്യുന്നപക്ഷം, ഇന്ത്യയിലെ ഇന്നത്തെ കുഴപ്പങ്ങളുടെ ഏറിയപങ്കും, ഭരണകൂടം ജനങ്ങളിൽനിന്നു വളരെ അകലെയായിരിക്കയാലും വളരെ അപൂർവ്വം കാര്യങ്ങളിൽമാത്രം മുഴവൻശ്രദ്ധയും കേന്ദ്രീകരിക്കുന്നതുകൊണ്ടും അകലത്തിൽനിന്നുള്ള കടിഞ്ഞാൺപിടിത്തം വേണ്ടിടത്തോളം ഫലപ്രദമോ ജനാധിപത്യപരമോ ആക്കാൻ കഴിയാത്തതുകൊണ്ടു സംഭവിക്കുന്നതാണ് എന്നു് ഇന്നു നാം പ്രതീക്ഷിക്കുന്നതിനേക്കാളൊക്കെ വേഗം അപ്പോൾ നമുക്കു ബോദ്ധ്യമാകും. അപ്പോൾ കാണാറാകും രാഷ്ട്രീയകക്ഷികളിലും മററു കേന്ദ്രങ്ങളിലുമൊക്കെ ഇന്നു കാണുന്ന അസ്വസ്ഥത ഒരൊററഘടകത്തിൻെറ—അതായതു് ഗവണ്മെൻറിന്റെ—കുററംകൊണ്ടുണ്ടാകുന്നതാണെന്നും; ഗവണ്മെൻറിൻെറ ഇന്നത്തെ പ്രവർത്തനസമ്പ്രദായത്തിൽ, മാതൃഭൂമിയുടെ പുനർനിർമ്മാണമെന്ന അടിസ്ഥാനപരമായ ജോലിയിൽ തങ്ങളുടെ പങ്കുവഹിക്കാൻ വെമ്പുന്നവരായി രാഷ്ട്രീയകക്ഷികളിലും പുറത്തുമുള്ള പതിനായിരക്കണക്കിനു ജനങ്ങളുടെ ഊർജ്ജസ്വലമായ ചിന്താശക്തിക്കും കയ്യൂക്കിനും നിർമ്മാണാത്മകമായ പ്രകടനസൗകര്യം നൽകുന്നില്ല. ഗ്രാമീണസമ്പദ്‌വ്യവസ്ഥ ഇവിടെ മുഖ്യഘടകമാകയാലും ഇന്ത്യയുടെ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പ്രത്യേകതകളാലും ഇവിടത്തെ ജനാധിപത്യസമ്പ്രദായം മറ്റുള്ള സ്ഥലങ്ങളിലേതിൽനിന്നു

വ്യത്യസ്തമായിരുന്നേ മതിയാകൂ. ഇന്നു പാർലമെൻററിനാലും സംസ്ഥാനനിയമസഭകളാലും നിയന്ത്രിക്കപ്പെടുന്ന ഗവണ്മെൻറു് ക്രമേണ സാക്ഷാൽ യജമാനന്മാരായ സാമാന്യജനങ്ങളുടെ അടുത്തു ചെന്നെത്തുമാറു് നമ്മുടെ ഭരണഘടനയിൽ ക്രമേണ പുരോഗമനാത്മകമായ ഭേദഗതികൾ വരുത്തിക്കൊണ്ടിരിക്കണം.

അങ്ങനെ ഭാവിയിൽ കേന്ദ്രഗവണ്മെൻറും, സംസ്ഥാനഗവണ്മെൻറും, ജില്ലാഗവണ്മെൻറും, ബ്ലോക്കുഗവണ്മെൻറും, വില്ലേജ്ഗവണ്മെൻറും, ഉണ്ടായിരിക്കും. ഗ്രാമാന്തരകാര്യങ്ങൾ ഉപരിഘടകങ്ങളുടെ ചുമതലയിൽ വിട്ടുകൊണ്ടു് സ്വന്തം പ്രവർത്തനപരിധിയിൽപ്പെടുന്ന കാര്യങ്ങളുടെ ഭരണത്തിനുള്ള പരമാവധി അധികാരം നടത്തുന്ന ഈ വില്ലേജ്ഗവണ്മെൻറായിരിക്കും നമ്മുടെ പരമാധികാരജനാധിപത്യത്തിലെ അടിസ്ഥാനഘടകം. സ്വന്തം മണ്ഡലത്തിലെ അധികാരങ്ങൾ കൈയേല്ക്കുകയും അന്യഘടകങ്ങളെക്കൂടെ ബന്ധിക്കുന്ന പ്രശ്നങ്ങൾ കൈകാര്യംചെയ്യാൻ ഉപരിഘടകത്തിനു വിട്ടുകൊടുക്കുകയും ചെയ്യുന്ന പ്രക്രിയ, ചുവടററത്തുനിന്നു മുകളറ്റംവരെ നടപ്പിലാകണം. ഒടുവിൽ പാർലമെൻററിന്റെ ജോലി മുഖ്യമായി ദേശീയനയസംയോജനവും പ്രതിരോധവും വിദേശബന്ധവും മാത്രമായി പരിണമിക്കണം.

ചുരുക്കിപ്പറഞ്ഞാൽ പ്രാതിനിധ്യത്തിലൂടെയുള്ള പരമാധികാരം ഇനിയും വളർന്നുവരേണ്ടിയിരിക്കുന്നു. ഉയർന്ന സ്ഥാപനങ്ങളുടെ കാരുണ്യംകൊണ്ടു ലഭിക്കുന്ന സ്വയംഭരണമായിട്ടല്ല, ഭരണഘടനയാൽ ദത്തംചെയ്യപ്പെട്ടിരിക്കുന്ന അവകാശിക്കു ലഭിക്കുന്ന പ്രാദേശികസ്വയംഭരണമായിട്ടുതന്നെ, ജനാധിപത്യം മുകളിൽനിന്നു ചുവട്ടിൽ കുടുംബതലംവരെ വ്യാപിക്കാതെ ഇതു സാധ്യമായിവരികയില്ല. ഈ പരിണാമത്തിലേക്കു നയിക്കുന്ന പരീക്ഷണവും പരാജയവും ഇടകലർന്ന പ്രക്രിയയാണു് ജനാധിപത്യപരമാധികാരത്തിലേക്കുള്ള പരിശീലനം. ഇതിനെ ഒഴിച്ചുകൂടാൻ കഴികയില്ല. ഈ പ്രക്രിയയുടെ അനിവാര്യതയേയും അടിയന്തിരസ്വഭാവത്തെയും പററി തക്കമുയർത്തുന്ന ശബ്ദം കരകൗശലക്കാരായ ന്യൂനപക്ഷത്തിൻേറതും ഗവണ്മെൻറിനുള്ളിലുള്ള അവരുടെ സുഹൃത്തുക്ക

ളുടേതുമാണു്. ചുററും നോക്കിയാൽ നമുക്കു കാണാം, ജനാധിപത്യത്തിൻെറ പേരിൽ പ്രവത്തിച്ചിരുന്നവർ 'ചുവരിലെ ലിഖിതം' യഥാകാലം വായിക്കാൻ പ്രാപ്തരാകാതെപോയതിനാൽ സുഖാനുഭോഗങ്ങളും അലസതയും ആധിപത്യം നേടുകയും, സ്വേച്ഛാധിപത്യം ജനാധിപത്യത്തെ ഞെരിച്ചുകൊല്ലുകയുംചെയ്ത ഉദാഹരണങ്ങൾ. നാം വിവേകമുള്ള ജനതയെന്നവകാശപ്പെടുന്നു; അങ്ങനെ അവകാശപ്പെടണമെങ്കിൽ അന്യരുടെ തെറ്റുകളിൽനിന്നു പാഠം പഠിക്കാൻ നമുക്കു കഴിവുണ്ടാകണം. നമുക്കു് ഉണരുക.

## വിശാലചക്രവാളം

1947 ആഗസ്റ്റ് 15. അണക്കെട്ടു തുറന്നുവിട്ടു. ജലപ്രവാഹം നമ്മെയൊന്നാകെ മുമ്പോട്ടൊഴുക്കി. വെള്ളം ഇറക്കമിട്ടപ്പോൾ നാം തലതിരിഞ്ഞു മാന്ദ്യംഭവിച്ചു് എന്തുവേണ്ടൂ എന്നറിയാത്ത അവസ്ഥയിലാണു്. സ്വയംഭരണമെന്നതു് ഒരു തീത്ഥയാത്രയുടെ ആരംഭംമാത്രമാണെന്നും പൂത്തീകരണമല്ലെന്നും നമുക്കു മനസ്സിലാകുന്നു. സ്വാതന്ത്ര്യമാണു് ലക്ഷ്യം. മനുഷ്യൻ മാത്രമാണു് അതിനവകാശി. സ്വാതന്ത്ര്യം ഓരോരുത്തനും സ്വന്തമായി നേടേണ്ടതാണു്. അതിനെ നിരന്തരമായി ശുശ്രൂഷിക്കയും വളത്തുകയും ചെയ്തുകൊണ്ടിരിക്കണം.

നമ്മുടെ ഉദ്ദേശങ്ങൾ നല്ലവയായിരുന്നു. പക്ഷേ, പ്രവൃത്തിയിൽ നാം പിന്നിലായിപ്പോയി. നാം ബാപ്പുവിൻെറ പേരിൽ ആണയിട്ടു. പക്ഷേ, അദ്ദേഹത്തിൻെറ ഹൃദയം പ്രകാശമില്ലാത്തിടത്തു്, വായുവില്ലാത്തിടത്തു്, വിദൂരതയിൽ, ദൂനമാകുകയായിരുന്നു. നാം പ്രാത്ഥിച്ചു. നാം എടുത്തുചാടി. പഴയ ആശയം പുതിയ രൂപത്തിൽ പുനരവതാരംചെയ്തു. നാം അതിനു് 'സാമൂഹ്യവികസനം' എന്നു പേർ നല്കി. നാം ജനലക്ഷങ്ങളോടൊപ്പം ക്ലേശലില്ലാതെ മുമ്പോട്ടു നീങ്ങി. പ്രകാശത്തിലൂടെയും ഇരുളിലൂടെയും നാം ഈ ഉപഭൂഖണ്ഡത്തിൽ അടിവച്ചടിവച്ചു നീങ്ങി. നാം ചിരിച്ചു, നാം പാടി, നാം കരഞ്ഞു.

ആദ്യം ഗവണ്മെൻറിൻെറ ഒരു പരിപാടിയായി പ്രാരംഭിച്ച അതു് ഇപ്പോൾ ഒരു പ്രസ്ഥാനത്തിൻെറ നിറവും

സത്തയും സമ്പാദിച്ചിരിക്കുന്നു. നാം കാൽതട്ടി വീണിട്ടുണ്ട്, ശ്വാസഗതി നിലച്ചു നിന്നുപോയിട്ടുണ്ട്, തട്ടിപ്പിടഞ്ഞെണീറ്റിട്ടുണ്ട്—വീണ്ടും മുമ്പോട്ടു നീങ്ങുകയാണ്. കുറവുകളും അപാകതകളും പലതും പററിപ്പോയിട്ടുണ്ട്; പലതും ഭാവിയിൽ അനുഭവപ്പെടാനിരിക്കുന്നുമുണ്ട്. ഏതു പ്രസ്ഥാനത്തിലാണ് ഇതൊക്കെ അനുഭവപ്പെട്ടിട്ടില്ലാത്തതു്? അത്തരം അനുഭവങ്ങളിലൂടെയെല്ലാം കടന്നുപോകാൻ ഞങ്ങൾ നിശ്ചയിച്ചിരിക്കയാണ്. നാം അതു ചെയ്തേ മതിയാകൂ.

ഗതാഗതസൗകര്യങ്ങൾ വികസിക്കുന്നു; വിമോചനസൈന്യം വിപുലമാകുന്നു. നാം നമുക്കു പരിചിതമായ ചക്രവാളത്തിലെത്തി. അതാ, അപ്പുറത്തു കൂടുതൽ വിശാലമായ ചക്രവാളങ്ങൾ. വിവിധ രാജ്യങ്ങളിൽനിന്ന്, വിവിധ മണ്ഡലങ്ങളിൽനിന്നുള്ള വേദനപ്പെടുന്ന സമാനാത്മാക്കളെ നാം കണ്ടുമുട്ടുന്നു. നാം അവരെയെല്ലാം അഭിവാദ്യംചെയ്യണം. നാം പ്രപഞ്ചകടാഹത്തിന്റെ ചലനമാർഗ്ഗത്തിൽ ചെന്നുകപ്പെട്ടിരിക്കയാണ്; നാം സ്ഥലാതീതമായ, കാലാതീതമായ, ഒരന്തരീക്ഷത്തിലാണ്. നാം എല്ലാവർക്കുംവേണ്ടി പറയുകയും പ്രവർത്തിക്കയും ചെയ്യുന്നു.

ബാപ്പുവിൻെറ ജന്മദിനമായ 1952 ഒക്ടോബർ 2-ാംതീയതി ഒരു ചെറുനീരൊഴുക്കായി ജന്മമെടുത്ത പ്രസ്ഥാനം ഇന്നിതാ ഇരമ്പിപ്പായുന്ന ഒരു മഹാപ്രവാഹമായി രൂപംപ്രാപിച്ചിരിക്കുന്നു. കപ്പലിൻെറ പായ്കൾ നിവർത്തു. പുറകിലെ കര കാഴ്ചയിൽനിന്നു മറഞ്ഞു. കണ്ണിനെത്താവുന്നത്ര ദൂരംവരെ, മനസ്സിനു ഭാവനചെയ്യാവുന്ന അളവുവരെ, ചുററും വിശാലമായ സാഗരപ്പരപ്പ്. നാം ചെവികൾ കൂർപ്പിക്കുന്നു; മാംസപേശികൾ ഇറുകി മുറുകുന്നു. നാം സഹയാത്രികരെ കണ്ടുമുട്ടുന്നു. അവർ സഹനാവികരാണെന്നു നാം കാണുന്നു. അറിയപ്പെടാത്തിടത്തുനിന്നുള്ള നീലജലം കപ്പലിൻെറ മുൻഭാഗത്തു തട്ടി മുറിഞ്ഞുവീണുകൊണ്ടിരിക്കുന്നു. അവ മൃദുമർമ്മരത്തിൽ മൊഴിയുന്നു, "ഭയപ്പെടേണ്ട, അകലെക്കാണുന്നതു് നവലോകമാണ്, ഗുരുവാണ് ചുക്കാൻപിടിക്കുന്നതു്."

# VIII
## ഉപസംഹാരം

ഇതേവരെ അറിയപ്പെട്ടിട്ടുള്ള വിവരങ്ങൾവച്ചുകൊണ്ടു നോക്കിയാൽ, ലോകത്തിന്റെ ഒരു ഭാഗത്തുംതന്നെ, ഗവണ്മെന്റ് ആരംഭിച്ച ഒരു പരിപാടി, കൊല്ലംതോറും—എല്ലാ ഘട്ടത്തിലും, എല്ലാ അംശത്തിലും—ഇത്ര സനിഷ്കൃഷ്മമായ പരിശോധനയ്ക്കു വിധേയമാക്കപ്പെട്ടിട്ടുള്ള ഉദാഹരണമില്ല. ഔദ്യോഗികവും അനൗദ്യോഗികവുമായ ഘടകങ്ങൾ ഇക്കാര്യത്തിൽ പ്രത്യേകംപ്രത്യേകമായും സംയുക്തമായും സഹകരിച്ചിട്ടുണ്ടു്. ദേശീയ ഏജൻസികളിൽ പരിമിതപ്പെട്ടിരുന്നുമില്ല, ഈ പരിശോധന. വൈദേശികവും അന്താരാഷ്ട്രീയവുമായ സ്ഥാപനങ്ങളും ഇതിൽ തുല്യമായ ഉത്സാഹപ്രകർഷത്തോടെ സഹകരിച്ചിട്ടുണ്ടു്. ഇന്ത്യയിലെ മറ്റൊരു പരിപാടിയും നമ്മുടെ നാട്ടിലെ ഇത്രയധികം ജനങ്ങളുടെ ജീവിതത്തെ ഇത്ര കാര്യമായി ബാധിച്ചിട്ടില്ല. സ്വാഭാവികമായിത്തന്നെ, സ്വതന്ത്രവും നിരങ്കുശവുമായി പ്രവർത്തിക്കുന്ന നമ്മുടെ പത്രലോകത്തിൻെറയും വിമർശനത്തിനും വിലയിരുത്തലിനും വിധേയമായി, പരിപാടി പൊതുജനശ്രദ്ധയിൽ കൂടുതൽ കൂടുതൽ തെളിഞ്ഞുവരുകയും ചെയ്യുന്നു.

പരിപാടി ജന്മമെടുത്തകാലംമുതൽ ഏതാണ്ടു നിരന്തരമായിത്തന്നെ ഇങ്ങനെയുള്ള വിമർശനങ്ങളും വിലയിരുത്തലുകളും ഒരു തുടർച്ചയായ ദൃക്സാക്ഷിവിവരണംപോലെ അങ്ങനെ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. പരിപാടിയുടെ വിപുലീകരണത്തിൻെറ തോതനുസരിച്ച് ഈ ദൃക്സാക്ഷിവിവരണത്തിനും ആഴവും പരപ്പും വർദ്ധിച്ചുവരുകയാണു്. ഈ ദൃക്സാക്ഷിവിവരണത്തിനു നന്ദിപറയണം; എന്തുകൊണ്ടെന്നാൽ, പരിപാടിയുടെ പ്രവർത്തകർ അതുമൂലം നിരന്തരമായ ജാഗ്രതയോടെ വർത്തിക്കുന്നു. ഈ ദൃക്സാക്ഷിവിവരണങ്ങളിൽനിന്നു ലഭിക്കുന്ന അറിവിൻെറ അടിസ്ഥാനത്തിൽ മാസാമാസം അപ്രത്യക്ഷമായ അളവിലും വർഷംതോറും പ്രത്യക്ഷ

മായ തോതിലും പരിപാടിയിൽ ഓരോ അംശത്തിനും നല്കേണ്ട മുൻഗണനന, പ്രാധാന്യം, പൊതുവിലുള്ള നിയന്ത്രണം, എന്നിങ്ങനെയുള്ള കാര്യങ്ങളിൽ തുടർച്ചയായി വ്യത്യാസം വരുത്തിക്കൊണ്ടിരിക്കുന്നുണ്ട്.

രാജ്യവ്യാപകമായ പരിപാടികൾ ചുരുങ്ങിയ ഏഴുകൊല്ലക്കാലംകൊണ്ട് വീക്ഷണം, താരതമ്യേനയുള്ള പ്രാധാന്യപരിഗണന, പൊതുസ്വഭാവം എന്നിതിലെല്ലാം സാരമായ വ്യത്യാസം വരുത്തിയിട്ടുണ്ട്. വേണ്ടത്ര ...സിതമല്ലാത്ത ഈ ഉപഭൂഖണ്ഡത്തിൽ ഗവ... ...ായ ഒരു പരിപാടിക്ക് ഇത്ര വേഗത്തിൽ ... ...ചാൽ ഉഴവാനും അതിനെ ഒരു ജനകീയ... ...ി മാററാനും കഴിഞ്ഞതിൻെറ മുഖ്യ... ...ടെ പ്രതികരണമറിയാനും അതനുസരിച്ച് ... ആവശ്യമായ മാററങ്ങൾ വരുത്താനും ...കാണിച്ചതും വിമർശകർ ഊർജ്ജസ്വലമായും ...മമതയോടുകൂടിയും അഭിപ്രായപ്രകടനം നടത്താനും മുതിർന്നതാണ്.

ഈ പുസ്തകത്തിൻെറ ഉള്ളടക്കം, പരിപാടിയെച്ചൊല്ലിയുള്ള വിവാദത്തിനു കൂടുതൽ ഊർജ്ജിതം നല്കുകയും ഉപരിവിമർശനത്തിനാവശ്യമായ വിഭവങ്ങൾ ഒരുക്കിത്തരുകയും ചെയ്യുന്നുണ്ടെങ്കിൽ ഇതു് പരിപാടിക്കു കാര്യമായ ഒരു സംഭാവനയായിരിക്കും.

★

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M330 Acc. No. 11795

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 50 Ps. per day will be charged

M330
DEY-S

11795

ഡേ. എസ്. കെ
സാമൂഹ്യവികസനം

KOTTAYAM PUBLIC LIBRARY

Call No M330 Acc. No 11795

Author ലേ: എസ്. കെ

Title സാമൂഹ്യവികസനം